ഏ. ആർ. രാജരാജവർമ്മ

# സാഹിത്യസാഹ്യം

(മലയാളം: ഗദ്യരചന)

2013
സായാഹ്ന ഫൗണ്ടേഷൻ
തിരുവനന്തപുരം

**Sahityasahyam**
Malayalam Composition
by **A. R. Rajaraja Varma**
First published: 1911

EPUB/PDF version published: 2013

These electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage.

The electronic versions were generated from sources available at WikiSources, futher marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2012. ePub version was generated by TeX4ht from the same LaTeX sources. The base font used was traditional variant of Rachana, contributed by Rachana Akshara Vedi. The font used for Latin script and oldstyle numerals was TeX Gyre Pagella developed by GUST, the Polish TeX Users Group.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: http://www.sayahna.org

# ഉള്ളടക്കം


ഉള്ളടക്കം .......... iii

അവതാരിക .......... v

മുഖവുര .......... xi

എ.ആർ. രാജരാജവർമ്മ .......... xv

1 പീഠിക .......... 1

2 ആഖ്യാനം .......... 7

3 വർണ്ണനം .......... 21

4 വിവരണം .......... 39

5 ഉപപാദനം .......... 57

6 ശബ്ദശുദ്ധി .......... 69

7 വാക്യശുദ്ധി .......... 95

8 രീതി .......... 125

9 ശൈലികൾ .......... 163

10 ഔചിത്യം . . . 183

11 പരിശിഷ്ടം ഒന്ന്: ചിഹ്നനം . . . 187

12 പരിശിഷ്ടം രണ്ട്: A Glossary of Equivalents . . . 189

13 പരിശിഷ്ടം മൂന്ന്: ഉപന്യാസവിഷയങ്ങൾ . . . 193

# അവതാരിക

മലയാളഭാഷയ്ക്ക് ഐകരൂപ്യമില്ലെന്നു പറയുന്നതിന്ന് ഐകരൂപ്യത്തിനുള്ള കാരണങ്ങൾ തേടിപ്പിടിക്കുവാൻ ശ്രമിച്ചിട്ടില്ലെന്നേ അർത്ഥമുള്ളൂ. വ്യാകരണാദി ഗ്രന്ഥങ്ങളെക്കൊണ്ടു നിജപ്പെടുത്തിയ ഭാഷാനിയമങ്ങളെ അനുസരിക്കുവാൻ വേണ്ട ഐകമത്യം ഭാഷാഭിമാനികൾക്കുണ്ടെങ്കിൽ ഭാഷയ്ക്കും ഐകരൂപ്യം അനായാസേന സിദ്ധിക്കുന്നതാണ്. തെക്കൻഭാഷ, വടക്കൻഭാഷ, നാട്ടുഭാഷ ഇത്യാദി സ്ഥൂലവിഭാഗങ്ങളെ നിസ്സാരമാക്കി 'വായ്മൊഴി', 'വരമൊഴി' എന്നു സ്വാഭാവികമായി ഭാഷയ്ക്കുള്ള രണ്ടു പിരിവുകളെ പരിശോധിച്ചു നടപ്പിനും യുക്തിക്കും യോജിക്കുന്ന മട്ടിൽ വകതിരിച്ച് 'വരമൊഴി' നിയമങ്ങളെ വ്യവസ്ഥപ്പെടുത്തുകയാണ് സാഹിത്യശാസ്ത്രഗ്രന്ഥത്തിന്റെ പരമപ്രയോജനം.

അവ്യവസ്ഥിതങ്ങളായിക്കിടക്കുന്ന ഭാഷാനിയമങ്ങൾ ഒളിഞ്ഞും തെളിഞ്ഞും ഉണ്ടാകാം. സാഹിത്യശാസ്ത്രകാരൻ പ്രത്യക്ഷനിയമങ്ങളെ വിട്ടുകളഞ്ഞാലും ഭാഷയുടെ ഉൽഗതിക്കു നീക്കുപോക്കൊന്നും വരുന്നതല്ല. ഭാഷാനിയമലംഘനനത്തിന്നു രാജശിക്ഷയില്ലെങ്കിലും അപ്രകാരമുള്ള നിയമവിരോധം കൊണ്ടു സ്വാർത്ഥപരമായ ലാഭമൊന്നും ഉണ്ടാകാനില്ലാത്തതിനാൽ അറിഞ്ഞുകൊണ്ടാരും അതുചെയ്യുന്നതല്ല. എന്നാൽ ഒളിഞ്ഞുകിടക്കുന്ന നിയമങ്ങളെ വെളിപ്പെടുത്തിക്കൊടുക്കാതിരുന്നാൽ അറിഞ്ഞുകൂടാതെ വരുന്ന തെറ്റുകൾ നിമിത്തം ഭാഷയുടെ ശ്രേയസ്സിനു ഹാനി വന്നു കൂടുന്നു. അങ്ങനെയുള്ള ദോഷം മലയാളഭാഷയ്ക്കു വരാതെ സൂക്ഷിപ്പാനും, വന്നുപോയിട്ടുള്ളതിനെ ചൂണ്ടിക്കാണിച്ചു നിവാരണം ചെയ്യുവാനുമായിട്ടാകുന്നു കേരളപാണിനീയാദി വ്യാകരണഗ്രന്ഥങ്ങളും ഭാഷാഭൂഷണാദി സാഹിത്യഗ്രന്ഥങ്ങളും പുറപ്പെട്ടിട്ടുള്ളത്.

കേരളപാണിനീയം ശബ്ദനിയമങ്ങളെ വ്യവസ്ഥാപിച്ചു. പദ്യകൃതികളെ നിയമനംചെയ്തുകൊണ്ടു ഭാഷാഭൂഷണം പിന്തുടർന്നു. ഗദ്യപദ്യോഭയമയമായ സാഹിതിയിൽ ഗദ്യപ്രബന്ധങ്ങളും ഗദ്യമിശ്രിഹങ്ങളായ പദ്യകൃതികളും മാത്രമേ യാതൊരു നിബന്ധനകൾക്കും കീഴടങ്ങാതെ കളിച്ചിരുന്നുള്ളൂ. പ്രകൃതഗ്രന്ഥമായ സാഹിത്യസാഹ്യംകൊണ്ടു ഗദ്യകൃതികൾക്കും ഗതിയുണ്ടായി. ഗദ്യപദ്യങ്ങളുടെ സ്വരൂപം അറിയുന്നതോടുകൂടി മിശ്രകൃതികളുടെ സ്വരൂപവും അറിയാറായി.

'ഗൂഢഭാവാസ്പദത്വേന യദനാദേയവദ് ഭവേൽ സാരസ്വതാമൃതം സർവേ
കവയസ്തന്ന ജാനതേ'.

അന്തർവാഹിനിയായ സരസ്വതീനദിയുടെ ജലം ഹംസാദികൾക്കൊഴികെ മറ്റുള്ള ജലപക്ഷികൾക്ക് ആസ്വദിപ്പാൻ സാധിക്കാത്തതുപോലെ നിഗൂഢമായിക്കിടക്കുന്ന സാഹിത്യസാരം വിദ്വാന്മാരിൽത്തന്നെ എല്ലാവരും അറിയുന്നില്ല. അതുവഴിപോലെ അറിഞ്ഞിട്ടുള്ളവർ അവരുടെ അറിവിനെ വെളിപ്പെടുത്തുകയാകുന്നു സാഹിതിക്കുള്ള വലിയൊരു സഹായം. മലയാളഭാഷയിൽ പ്രത്യേകിച്ചും ഈ സാഹിത്യസാഹ്യം അധികാരിഭേദം കൂടാതെ അത്യന്തം ഉപകരിക്കുന്നതുമാകുന്നു.

സംസ്കൃതത്തിൽ പദ്യകാവ്യം പ്രധാനവും ഗദ്യകാവ്യം അപ്രശസ്തവും ആയതുകൊണ്ട് രസാത്മകത്വമെന്ന കാവ്യസാമാന്യലക്ഷണം ഗദ്യപദ്യങ്ങളിൽ ഒരുപോലെ വ്യാപിക്കുന്നുണ്ടെന്നുവരികിലും മലയാളഗദ്യത്തെ സംസ്കൃതരീതിക്കനുസരിച്ചു വകതിരിക്കുന്നതു ദുസ്സാധവും അനാവശ്യവുമാകുന്നു. ചരിത്രം, ആഖ്യായിക, വാങ്മുഖം, ശാസ്ത്രം ഇത്യാദി വിഷയഭേദേന ദിനംപ്രതി വർദ്ധിച്ചുവരുന്ന മലയാളഗദ്യകൃതികൾക്ക് ആയുസ്സറ്റ സംസ്കൃതത്തിൽ എതിരു കാണ്മാൻ പ്രയാസമത്രേ. ഇംഗ്ലീഷിൽ ആ വക ഗദ്യഭേദങ്ങൾ സുലഭവുമാണ്. അങ്ങനെയിരിക്കെ പഴയതൊക്കെ പഥ്യമെന്നു ഭ്രമിച്ച് സംസ്കൃതരീതിയെ സംസ്കരിക്കയില്ലെന്നു മർക്കടമുഷ്ടി പിടിച്ചിട്ട് യാതൊരു പ്രയോജനവും കാണുന്നില്ല. പരിഷ്കൃതസമ്പ്രദായത്തിൽ മലയാളഗദ്യവിഭാഗം ആംഗ്ലേയരീതിയോട് ഏറ്റവും യോജിച്ചാണിരിക്കുന്നത്. അങ്ങനെ വിഭജിക്കുന്നതുകൊണ്ടു ഗദ്യപ്രബന്ധങ്ങളിൽ കാവ്യത്വം നശിക്കയുമില്ല. നൂതന വിഭാജകധർമ്മത്തിന്നു ബലം പോരാതാകുകയുമില്ല നേരേമറിച്ചു കേരളഭാഷയിൽ ആവക വകതിരിവിന്നു തന്മയത്വം കൂടുകയും ചെയ്യും. ഭാഷാഭൂഷണത്തിൽ സംസ്കൃതപക്ഷപാതിയായിരുന്ന ഗ്രന്ഥകാരൻ തന്നെ സാഹിത്യസാഹ്യത്തിൽ ആംഗലഭാഷാപക്ഷം പിടിച്ചു പുറപ്പെട്ടുകാണുമ്പോൾ ആ മഹാനു മലയാളഭാഷയിൽ മാത്രമേ പക്ഷപാതമുള്ളുവെന്നു തെളിയുന്നുണ്ട്.

സാഹിത്യത്തിന്റെ പുറമേയുള്ള വേഷം പ്രമാണിച്ച് ഗദ്യം, പദ്യം, മിശ്രം എന്നു മൂന്നായിട്ടും, ഉദ്ദേശ്യത്തിന്റെ സ്വഭാവമനുസരിച്ച് ഉപദേശം, വിനോദം എന്നു രണ്ടായിട്ടും, രൂപം പ്രമാണിച്ച് ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം എന്നു നാലായിട്ടും വിഭാഗിച്ച് സാഹിതിയുടെ സ്വരൂപം ആദിയിൽ കാണിച്ചുതരുന്നു. പിന്നീട് അതുപ്രവഹിക്കുന്ന നിഗൂഢമാർഗ്ഗങ്ങളിൽ ലളിതപദവിന്യാസത്തോടുകൂടി സഞ്ചരിച്ച് അതിന്റെ കൈവഴികൾ ഗ്രന്ഥകാരൻ പ്രത്യക്ഷപ്പെടുത്തി അവയുടെ വളവുകളും പിരിവുകളും സരസങ്ങളായ ഉദാഹരണങ്ങളെക്കൊണ്ടു വെളിവാക്കിത്തരുന്നു. വിവരണം എന്ന ഭാഗത്തിൽ പ്രത്യേകിച്ചും മനസ്സുവെക്കേണ്ടതായ സംഗതികളെ ആസൂത്രണം, വിഷയവിശകലനം ഇത്യാദി സംജ്ഞകൾ കൊടുത്ത് അവയുടെ സമ്പ്രദായങ്ങളെ ഉപപാദിച്ചിരിക്കുന്നതും; സ്വമതസ്ഥാപനത്തോടുകൂടി ചെയ്യുന്ന വിമർശനത്തെ ഉപപാദനത്തിൽ ചേർത്ത് അതിന്റെ ശാഖകളായ ഖണ്ഡനമണ്ഡനങ്ങളെ രചിക്കുന്നതിൽ സൂക്ഷിക്കേണ്ടുന്ന സ്വപ്രത്യയസ്ഥൈര്യാദികളെ ഉപദേശരൂപേണ കാണിച്ചിരിക്കുന്നതും വിദ്യാർത്ഥികൾക്കെന്നല്ല മലയാളഭാഷയുടെ

താൽക്കാലികസ്ഥിതിക്ക് പണ്ഡിതന്മാർക്കുകൂടി അത്യാവശ്യമാകുന്നു. പൂർവ്വഭാഗത്തിൽ ആഖ്യാനാദി ചതുരംഗങ്ങളുടെ സ്വരൂപനിർണ്ണയം പൂർത്തിയാക്കിക്കൊണ്ട് കൃതിപ്രണയനം എന്ന ഉത്തരഭാഗത്തിലേക്കു വായനക്കാരെ അനായാസേന പ്രവേശിപ്പിക്കുന്നു.

കൃതികൾ ഉണ്ടാക്കുവാൻ വേണ്ട ഉപകരണങ്ങൾ ശേഖരിച്ചുതരുന്ന ഘട്ടത്തേക്കാൾ ഉപകരണങ്ങൾ കൂട്ടിയിണക്കി ഏതുമാതിരിയിലാണ് കൃതികൾ ഉണ്ടാക്കേണ്ടതെന്നു കാണിക്കുന്ന ഘട്ടമാകുന്നു സാഹിത്യശാസ്ത്രത്തിൽ പ്രധാനമായി നിൽക്കുന്നത്. സംഗീതരസികന്മാരും, സംഗീതശാസ്ത്രജ്ഞന്മാരും പാട്ടിന്നു വാസനയുള്ളവരോ പാടുവാൻ ശീലമുള്ളവരോ ആയിരിക്കണമെന്ന നിയമമില്ലെങ്കിലും വാസനയും ശാസ്ത്രജ്ഞാനവും കൂടാതെ 'ഭാഗവതർ' ശബ്ദം കൊണ്ടുമാത്രം ഒരുവൻ ഗായകശ്രേഷ്ഠനാകുന്നതല്ല; അതുപോലെതന്നെ 'ശാസ്ത്രി'കളൊക്കെ ശാസ്ത്രജ്ഞന്മാരാകുന്നതുമല്ല; സാഹിത്യശാസ്ത്രവൈദഗ്ധ്യമില്ലാതെ ഗദ്യകാരനെന്ന പേരിന്ന് അർഹത സിദ്ധിക്കുന്നതുമല്ല.

ഉത്തമഗദ്യനിർമ്മാണത്തിന്നുള്ള മാർഗ്ഗങ്ങളെയാണ് ഈ ഉത്തരഭാഗംകൊണ്ടു കാണിച്ചിട്ടുള്ളത്. പൂർവ്വഭാഗത്തിൽ ഗദ്യസാഹിത്യത്തിന്റെ രൂപം കൊടുത്തുകഴിഞ്ഞിട്ടുണ്ടെങ്കിലും ഉത്തരഭാഗത്തിലെ മിനുക്കുപണികഴിഞ്ഞ് നിറം കാച്ചിയതിനുശേഷമേ അത് ഉപയോഗയോഗ്യമായിത്തീരുന്നുള്ളൂ. ഗദ്യനിർമ്മാണത്തിന്നു വേണ്ട കരുക്കളും കൃതിപ്രണയനത്തിന്നു വേണ്ട ഉപദേശങ്ങളും കിട്ടുക കഴിഞ്ഞാൽ വാസനയും തഴക്കവും ഉണ്ടെങ്കിൽ ഉത്തമഗദ്യകാരന്റെ സ്ഥാനം സുലഭമായിത്തീരുന്നതാണ്. ഒറ്റൊറ്റയായി അനേകം അംഗങ്ങൾ ചേർന്നു തറവാടുകളും, തറവാടുകളുടെ യോഗത്തിൽനിന്നു സമുദായവും, സമുദായങ്ങൾ ഏകോപിച്ചു രാജ്യങ്ങളും, രാജ്യങ്ങളുടെ സമ്മേളനത്തിൽനിന്നു സാമ്രാജ്യവും ഉണ്ടാകുന്നു. അതുപ്രകാരം വാക്കുകൾ ചേർന്നു വാചകങ്ങളും, വാചകങ്ങൾ ചേർന്നു ഖണ്ഡികകളും, ഖണ്ഡികകൾ സ്വരൂപിച്ച് അദ്ധ്യായങ്ങളും അദ്ധ്യായങ്ങൾ യോജിച്ച് ഗ്രന്ഥവും ഉത്ഭവിക്കുന്നു. കുടുംബഭരണത്തിന്നു പ്രാപ്തിയില്ലാത്തവർ സാമ്രാജ്യഭരണത്തിനു അത്രയും കൂടി ശക്തന്മാരാകുന്നില്ല. ഗൃഹച്ഛിദ്രം കൂടാതെകഴിയുന്നതിന്നു കുടുംബത്തിലുള്ള അംഗങ്ങളുടെ പ്രകൃതിഭേദങ്ങളും, ഗുണദോഷങ്ങളും, ആവശ്യങ്ങളും അറിഞ്ഞിരിക്കേണ്ടതുപോലെ സാഹിത്യസാമ്രാജ്യഭരണത്തിനും അതിലുള്ള അംഗോപാംഗങ്ങളെക്കുറിച്ചു പലതും അറിഞ്ഞിരിക്കേണ്ടതുണ്ട്. കുടുംബഭരണത്തിന്നും സാമ്രാജ്യഭരണത്തിന്നും തമ്മിൽ തോതിലല്ലാത്ത തരത്തിൽ വ്യത്യാസമൊന്നും ഇല്ല. വാക്യനിർമ്മാണത്തിന്നും ഗ്രന്ഥനിർമ്മാണത്തിന്നും തമ്മിലുള്ള വ്യത്യാസം ഇപ്രകാരം തന്നെയാകുന്നു. സാമ്രാജ്യഭരണകർത്താക്കന്മാർ നീതിന്യായങ്ങളെ ശരിപ്പെടുത്തുന്നതിൽ സമുദായങ്ങൾക്കും രാജ്യങ്ങൾക്കും പ്രാധാന്യം കൊടുക്കുന്നതുപോലെ സാഹിത്യനിയമനിർമ്മാതാവ് വാക്യാദികളിലാണ് അധികം ശ്രദ്ധവയ്ക്കുന്നത്. വാക്യാംഗങ്ങളായ ശബ്ദങ്ങളെ വൈയാകരണന്മാർക്കു വിട്ടുകൊടുക്കുന്നു. എന്നാൽ വാക്യാംഗങ്ങളെ വ്യാകരണകർത്താക്കന്മാർക്കു തീരെ വിട്ടുകൊടുക്കുന്നതുകൊണ്ടു ചിലപ്പോൾ ഭാഷയുടെ ഗതിക്കു തടസ്ഥം വന്നേക്കാവുന്നതിനാൽ സാഹിത്യകാരൻ വ്യാകരണത്തിൽ പെടാത്തതും അഥവാ വ്യാകരണവിലക്ഷണങ്ങളും ആയ ചില പദപ്രയോഗനിയമങ്ങളെ ചുരുക്കത്തിൽ വ്യവസ്ഥാപിച്ചതിനുശേഷം കൃതിവിഭാഗത്തിൽ മദ്ധ്യസ്ഥാനം വഹിക്കുന്ന 'പ്രസംഗ'ത്തെ അടിസ്ഥാനമാക്കി വാക്യാദികളുടെ

നിയമനിർമ്മാണത്തിൽ ചുഴിഞ്ഞുപ്രവേശിക്കുന്നു.

മലയാളഭാഷയിൽ പദപ്രയോഗനിയമം ഇതുവരെ വ്യവസ്ഥാപിക്കപ്പെട്ടിട്ടില്ലാത്തതിനാൽ സർവ്വസമ്മതമായ ഒരു സമ്പ്രദായം കൽപ്പിക്കുന്നതു ദുസ്സാധമാകുന്നു. എന്നാൽ ഗ്രന്ഥത്തിൽ അടിതൊട്ടു മുടിയോളം ഒരിടത്തെങ്കിലും ഗ്രന്ഥകാരൻ ഭാഷാപക്ഷപാതിയാണെന്നല്ലാതെ ദേശപക്ഷപാതിയാണെന്നു കാണുന്നതല്ല 'പ്രചാരലുപ്തം', 'ഗ്രാമശൈലി', 'ദേശ്യം', മുതലായ പ്രയോഗവൈകല്യങ്ങൾ കാലക്രമം കൊണ്ടല്ലാതെ ഭാഷയെ വിട്ടുപിരിയുമെന്നു വിശ്വസിച്ചുകൂടാ. നൂതനശബ്ദസൃഷ്ടി വേണ്ടിവരുന്ന ദിക്കുകളിൽ 'പ്രചാരലുപ്ത'ങ്ങളിൽ ചിലതു സ്വീകരിക്കുന്നത് ഉചിതമായിരിക്കും. സാമാന്യപദങ്ങൾ ഇല്ലാതെവരുന്ന സ്ഥലങ്ങളിൽ ദേശ്യങ്ങളിൽ നല്ലതുനോക്കി തിരഞ്ഞെടുക്കേണ്ടിയും വന്നേക്കാം. പഴഞ്ചൊല്ലുകൾ ശൈലികളാകുന്നതുപോലെ ചില അലങ്കാരങ്ങളും ന്യായങ്ങളും ശൈലികളായിത്തീരുന്നുണ്ട്. അവ സ്വീകാര്യയോഗ്യങ്ങളെന്നും വന്നേക്കാം. ഇതു സംബന്ധമായി വരുന്ന അഭിപ്രായഭേദങ്ങൾ ശാസ്ത്രഗ്രന്ഥങ്ങളുടെ സഹായം കൊണ്ടു ചുരുങ്ങുന്നതല്ലാതെ കാലംകൊണ്ടുകൂടി ഏതു ഭാഷയിലും തീരെ നശിക്കുന്നതല്ല.

ശബ്ദശുദ്ധി, വാക്യശുദ്ധി, സന്ദർഭശുദ്ധി എന്നിങ്ങനെ മൂന്നു ശുദ്ധികളെക്കൊണ്ടാകുന്നു ഗദ്യകൃതികൾ പ്രകാശിപ്പിക്കുന്നതെന്നു കാണിച്ചിട്ട് ഗ്രന്ഥകാരൻ ഗദ്യരീതികളുടെ ഭേദങ്ങളെ ഉപപാദിച്ച് ഉദാഹരണങ്ങളെക്കൊണ്ട് അവയെ വിശദീകരിക്കുന്നു. രീതികൾക്കുള്ള വൈപരീത്യമാകുന്നു ഗദ്യകൃതികളുടെ ആസ്വാദനഭേദത്തിനുള്ള ബീജം. ഭാഷയുടെ ഐകരൂപ്യവും ഗദ്യരീതിയുടെ വൈപരീത്യവും വിരുദ്ധങ്ങളാണെന്ന് ആരെങ്കിലും വിചാരിക്കുന്നുണ്ടെങ്കിൽ ആയതു ഭ്രമാത്മകമാകുന്നു. ശാസ്ത്രസിദ്ധാന്തങ്ങളെ അനുസരിച്ചു ഗദ്യകൃതികളെ രചിക്കുന്നതായാൽ രീതിഭേദം ഭാഷയ്ക്കു പോഷകമായിട്ടേ തീരൂ. ഭാഷയുടെ ഐകരൂപ്യം ശാസ്ത്രസിദ്ധാന്തങ്ങളുടെ അനുസരണത്തിൽ നിന്നാണ് ഉണ്ടാകുന്നത്. ഗദ്യരീതികളുടെ വൈപരീത്യം ഭംഗ്യന്തരേണ വാക്യങ്ങളെ ചേർത്തു കോർക്കുന്നതിലാണ് പ്രതിഷ്ഠിതമായിരിക്കുന്നത്. ഇതു രണ്ടും തമ്മിൽ ഇണങ്ങുന്നതല്ലാതെ ഒരിക്കലും പിണങ്ങുന്നതല്ല.

അർത്ഥത്തിന്ന് ഏറക്കുറവുകൂടാതെ പരിശുദ്ധപദങ്ങൾ തിരഞ്ഞെടുത്ത് വാക്യങ്ങളിൽ ക്രമപ്പെടുത്തി ഖണ്ഡികകളായി വേർതിരിച്ച് ആശയങ്ങളെ വിശദമാക്കുകയും ആകപ്പാടെ ഔചിത്യം വരുത്തുകയുമാകുന്നു ഗദ്യകാരന്റെ ചുമതല. ഈ കൃത്യം നിർവ്വഹിക്കുന്നതിൽ ക്ലേശിച്ചിട്ടുള്ളവർക്ക് ഒരു സ്വർഗ്ഗദ്വാരമാകുന്നു ഈ സാഹിത്യസാഹ്യമെന്ന വിശിഷ്ടഗ്രന്ഥം. അനാഥനിലയിൽ കിടന്നിരുന്ന കേരളഭാഷാഭൂമിയിൽ കടന്നു കൊള്ളയിട്ട് നാനാവിധം ചെയ്യുന്ന ചില ലുബ്ധന്മാർക്ക് സാഹിത്യസാമ്രാജ്യം കണ്ടെഴുതി കരംകെട്ടിയതിൽ സങ്കടമുണ്ടായേക്കാം. എന്നാൽ ഭാഷാസാമ്രാജ്യത്തിൽ ഏകച്ഛത്രാധിപതിയായി വാഴുന്ന രാജരാജനവർകളുടെ ശാസനയിൽ വളം ചേർത്തു വിളവിറക്കി കള പറിക്കേണ്ടുന്ന മാർഗ്ഗങ്ങളെ നിയമിച്ചിട്ടുള്ളതല്ലാതെ ജമ മാറിപ്പതിച്ചിട്ടില്ലെന്നു ഭാഷാഭിമാനികൾ ഓർക്കേണ്ടതാണ്.

പ്രൌഢമായ ഈ ഗ്രന്ഥത്തിനു യോജിക്കുന്ന ഒരവതാരിക എഴുതുവാൻ ത്രാണിയുള്ളവനാണെന്ന അഭിമാനം എനിക്കശേഷമില്ല. ഭാഷായോഷയുടെ ഈ ഭാഗ്യോദയത്തിൽ

യഥാശക്തി പങ്കുകൊള്ളുന്നതിനുള്ള ചാരിതാർത്ഥ്യം വിട്ടുകളവാൻ മനസ്സുവരാത്തതിനാലും, മിത്രവാക്യത്തെ അനാദരിപ്പാൻ ധൈര്യമില്ലാത്തതിനാലും ഇപ്രകാരം ഒന്നു കെട്ടിച്ചമച്ചുവെന്നേയുള്ളു. അവതാരികയുടെ പ്രയോജനം ഗ്രന്ഥത്തിന്റെ സ്വരൂപം വർണ്ണിച്ചു വായനക്കാർക്ക് ഉത്ക്കണ്ഠയെ ജനിപ്പിക്കുകയാണെങ്കിൽ അതിന്നുപകരം ഞാനിവിടെ ചെയ്തിട്ടുള്ളത് സാഹിത്യസാഹ്യം വായിച്ചപ്പോഴുണ്ടായ സന്തോഷാതിരേകത്തിന്റെ ഫലമായ വാക്കിന്റെ ക്ഷാമത്തെ വെളിപ്പെടുത്തുക മാത്രമാണ്. ഇപ്രകാരം ഒരു സന്തോഷത്തിന്നുള്ള കാരണം എന്താണെന്നറിവാൻ ആരെങ്കിലും ആഗ്രഹിക്കുന്നുവെങ്കിൽ അതുതന്നെയാണ് ഈ അവതാരികയുടെ പരമോദ്ദേശ്യം.

അപ്പൻ തമ്പുരാൻ
കുമാരമന്ദിരം
22–7–1911

# മുഖവുര

മനോരഥത്തിലേറി സഞ്ചരിക്കുമ്പോൾ ചെയ്യാറുള്ള പ്രവൃത്തികളെ പ്രവൃത്തികളായി ഗണിക്കാമെങ്കിൽ ‘സാഹിത്യസാഹ്യം’ എഴുതിത്തീർന്നിട്ട് ഇപ്പോൾ ഒൻപതുകൊല്ലം കഴിഞ്ഞിരിക്കുന്നു. വിഷയസ്വഭാവംകൊണ്ട് ഈ ഗ്രന്ഥം ഭാഷാഭൂഷണത്തിന്റെ ഒരു പരിശിഷ്ടസ്ഥാനം വഹിക്കുന്നതേയുള്ളൂ. ഭൂഷണത്തിൽ പദ്യസാഹിത്യങ്ങൾക്കെന്നപോലെ സാഹ്യത്തിൽ ഗദ്യസാഹിത്യങ്ങൾക്കു പ്രാധാന്യം കല്പിക്കപ്പെട്ടിരിക്കുന്നു; രണ്ടുംകൂടി ച്ചേർന്നാൽ വിഷയത്തിനു ഒരുവിധം പൂർത്തിവരുന്നതായി വിചാരിക്കാം. ഭാഷാഭൂഷണംപോലെതന്നെ സാഹിത്യസാഹ്യവും ക്ലാസ്നോട്ടുകളിൽ ഉത്ഭവിച്ച് പുസ്തകരൂപേണ പരിണമിച്ചതാകുന്നു. മാതൃഭാഷാഭിമാനം എത്രതന്നെ പ്രബലമായിരുന്നാലും മനസ്സിലും വചസ്സിലും അതു വ്യാപരിക്കുന്നതിന്റെ ശതാംശം പോലും വാസ്തവമായ പ്രവൃത്തിയിൽ വരുന്നില്ലെന്നുള്ള പരമാർത്ഥം സലജ്ജം സമ്മതിക്കേണ്ടിയിരിക്കുന്നു.

കലാശാലകളിലും പാഠശാലകളിലും ഇതേവരെ നടന്നുകൊണ്ടിരുന്ന പാഠക്രമങ്ങളെ ഈയിടെ പരിഷ്കരിച്ചു പുതുപ്പിച്ചതിൽ നാട്ടുഭാഷകളേ സംബന്ധിച്ചിടത്തോളം വാക്യരചനയ്ക്കു പൂർവ്വാധികമായ ഒരു പ്രാധാന്യം കൽപ്പിക്കപ്പെടുകയാൽ ആ വിഷയത്തിൽ പുസ്തകങ്ങൾക്ക് ആവശ്യം നേരിട്ടിരിക്കുന്നു. അതിൽ സർവ്വകലാശാലക്കാർ നടത്തുന്ന പരീക്ഷകളുടെ ഉപയോഗം ഉദ്ദേശിച്ചാണ് ഈ സാഹിത്യസാഹ്യം ചമച്ചിട്ടുള്ളത്. എന്നാൽ അതുകൾക്കു കീഴുള്ള ‘ഏട്ടുകെട്ടുന്ന’ പരീക്ഷയ്ക്കു പഠിക്കുന്ന വിദ്യാർത്ഥികളേയും സാഹിത്യസാഹ്യം സഹായിക്കയില്ലെന്നില്ല; പൂർവ്വഭാഗവും, ഉത്തരഭാഗത്തിൽ വ്യാകരണവിധികളേയും ശൈലികളേയും പറ്റി പ്രസ്താവിക്കുന്ന വകുപ്പുകളും എല്ലാവക വിദ്യാർത്ഥികൾക്കും ഒന്നുപോലെ ഉപകരിക്കുമെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. പ്രകൃതഗ്രന്ഥം ഉദ്ദിഷ്ടഫലസിദ്ധിക്ക് എത്രത്തോളം ഉതകുന്നു എന്നു കണ്ടതിനുമേൽ താണതരം ക്ലാസ്സുകളുടെ ഉപയോഗത്തിലേക്കും യോജിച്ച പാഠപുസ്തകങ്ങൾ എഴുതാമെന്നു വിചാരമുണ്ട്.

നാട്ടുഭാഷകളിൽ വാക്യരചനയ്ക്കു പ്രാധാന്യം കൊടുത്തതോടുകൂടി വിദ്യാഭ്യാസാധികാരികൾ അതിനു വില ഇടിക്കയും കൂടി ചെയ്തുവെന്നു ചിലർ വിചാരിക്കുന്നതായി കാണുന്നു. ഇംഗ്ലീഷു പഠിക്കുന്ന വിദ്യാർത്ഥികൾക്കു വിഷയമെല്ലാം ആ ഭാഷയിൽനിന്നു സുലഭമാ

യി കിട്ടും! മാതൃഭാഷയൊ; നിത്യപരിചയത്താൽ സ്വാധീനപ്പെട്ടതാണ്; സ്വഭാഷയിൽ പ്രസംഗമെഴുതുന്നതിനു പിന്നെന്തു പ്രയാസം? ഇങ്ങനെയാണ് ഈ വിചാരക്കാരുടെ യുക്തി. എന്നാൽ ഭാഷ ഏതായാലും എഴുതി ഫലിപ്പിക്കുന്നത് അഭ്യാസമാത്രസാദ്ധ്യമാകുന്നു. വീണ മുതലായ വാദ്യങ്ങളിൽ സംഗീതകല അഭ്യസിച്ചിട്ടുള്ളവർക്ക് കണ്ഠംകൊണ്ട് ഒരുപാട്ടുപാടി ശരിപ്പെടുത്തുന്നതു സാധകം കൂടാതെ സാധിക്കുമെങ്കിൽ, അന്യഭാഷയിൽ ഗ്രഹിച്ചിട്ടുള്ള സംഗതികളെ വിദ്യാർത്ഥികൾക്കും വിശേഷാഭ്യാസം കൂടാതെ സ്വഭാഷയിൽ പ്രയോഗിക്കാൻ കഴിയും. ഈ തത്വത്തിൽ ശ്രദ്ധവെക്കായ്കയാൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്തിട്ടുള്ള ചില മലയാളികളുടെ ഭാഷാപോഷണസംരംഭം അസ്ഥാനത്തിലാകുന്നെന്നു പലപ്പോഴും ഭാഷാഭിമാനികൾക്കു ശോചിക്കേണ്ടിവരാറുണ്ട്.

ഇത്രയും ഗൌരവമേറിയ ഒരു വിഷയത്തിന്റെ സത്തെടുത്ത് അരച്ചുരുട്ടി ഗുളികകളാക്കി ഒരു ചെറിയ പുസ്തകത്തിനുള്ളിൽ അടച്ച് വിദ്യാർത്ഥികൾക്കു കബളീകരിക്കത്തക്കവിധം തയ്യാർ ചെയ്യാമെന്ന് ഈ ഗ്രന്ഥകർത്താവിനു ഒരിക്കലും വിചാരമില്ല. അങ്ങനെ ഒരു ആത്മസംഭാവന ഇജ്ജനത്തെ ഒരിക്കലും ബാധിക്കുന്നതുമല്ല. ദോഷങ്ങളെ പ്രതിപാദിക്കുന്ന ഘട്ടങ്ങളിൽ ചിലെടത്തു വാചകം കുറെ ബലപ്പെടുകയും അതിലേക്ക് ഉത്തരവാദി വിഷയഗൌരവം വിദ്യാർത്ഥികൾക്കു വെളിപ്പെടുത്തിക്കൊടുക്കാനുള്ള ശ്രദ്ധാധിക്യം മാത്രമാകുന്നു. മലയാളത്തിന്റെ തൽക്കാലസ്ഥിതി നോക്കുമ്പോൾ ആ ഭാഷയിലെ സാഹിത്യകലയ്ക്കു നിയമങ്ങൾ ചെയ്‌വാൻ പുറപ്പെടുന്നതും ഒട്ടും എളുതല്ല. ഇംഗ്ലീഷിൽ idiom എന്നു പറയുന്നതും ഇപ്പുസ്തകത്തിൽ 'ശൈലി' എന്നു പേർ കൊടുത്തിട്ടുള്ളതും ആയ പ്രയോഗവൈലക്ഷണ്യം പലതും നമ്മുടെ ഭാഷയ്ക്കുള്ളത് ഇതേവരെ സർവ്വസംപ്രതിപന്നമായിക്കഴിഞ്ഞിട്ടില്ല. ഒരു കൂട്ടർ ഗ്രാമ്യങ്ങളെന്നു തള്ളിക്കളയുന്ന ശൈലികളെ മറ്റുചിലർ അവഗാഹിത്വം എന്ന ഗുണം പ്രമാണിച്ച് ആദരിക്കുന്നു. സംസ്കൃതപണ്ഡിതന്മാർക്ക് ഭാഷാരീതി സംസ്കൃതസമ്പ്രദായത്തിനു വിരുദ്ധമായാൽ രസിക്കുന്നില്ല; ബി. ഏ. ക്കാർ ബുദ്ധിപൂർവ്വമല്ലെങ്കിലും ഭാഷാരീതിയെ ഇംഗ്ലീഷ്മട്ടിലേക്കു നയിക്കുന്നു. രുചിഭേദം ഏതു സംഗതിയിലും ധാരാളം തന്നെ. ഈ സ്ഥിതിക്ക് സർവ്വസമ്മതം ലഭിച്ചിട്ടുള്ള പ്രാമാണികന്മാർക്കുപോലും ഇന്നത് ഇന്നവിധം വേണം, ഇന്നവിധം അരുത് എന്നൊരു വിധി കല്പിക്കുന്നത് ഈ ഘട്ടത്തിൽ അസാദ്ധ്യം പോലിരിക്കുന്നു. അതിനാൽ ഇംഗ്ലീഷ് സാഹിത്യശാസ്ത്രകാരന്മാർ ചെയ്തിട്ടുള്ള വ്യവസ്ഥകളിൽ സ്വഭാഷയ്ക്കു യോജിക്കുന്നിടത്തോളം ഭാഗം അതേവിധം പകർത്തുകയും ആ ഛായപിടിച്ചു മറ്റു ചിലത് യഥാമതി കൂട്ടിച്ചേർക്കയും മാത്രമേ ഞാൻ ഇപ്പുസ്തകത്തിൽ ചെയ്തിട്ടുള്ളു.

സാഹിത്യകലയിൽ വിദ്യാർത്ഥികളെ സഹായിക്കുന്നത് വാസ്തവത്തിൽ ലക്ഷണങ്ങളേക്കാൾ അധികം ലക്ഷ്യമായിരിക്കുമെന്നുള്ള വിചാരത്തിൻ പേരിൽ ഉദാഹരണങ്ങളെ ഈ ഗ്രന്ഥത്തിൽ ദുർഭിക്ഷം കൂടാതെ ചേർത്തിട്ടുണ്ട്. കണക്കുനോക്കുന്നതായാൽ പുസ്തകത്തിന്റെ മൂന്നിലൊരു പങ്ക് മറ്റു ഗ്രന്ഥങ്ങളിൽനിന്നുദ്ധരിച്ചിട്ടുള്ള പംക്തികളായിരിക്കും. ഭാഷയ്ക്കു പൂർവ്വസ്വത്തായി ഗദ്യഗ്രന്ഥങ്ങൾ പറയത്തക്കവിധം ഒന്നുമില്ലാത്തതിനാൽ ദൃഷ്ടാന്തമായി ഉദ്ധരിച്ചിട്ടുള്ള ഭാഗം മിക്കതും ജീവൽഗ്രന്ഥകാരന്മാരുടെ കൃതികളിൽ നിന്നാകുന്നു. അതിലേക്ക് ഓരോരുത്തരോടും അനുവാദം ചോദിക്കാൻ എനിക്കു സാ

ധിച്ചിട്ടില്ല. ആ വീഴ്ച അവരവർ മാതൃഭാഷാസ്നേഹം പ്രമാണിച്ചു ക്ഷമിക്കുമെന്നു വിശ്വസിക്കുന്നു. ഗുണത്തിനോ ദോഷത്തിനോ ഉദാഹരണങ്ങളെ ഉദ്ധരിക്കുന്നതിൽ പക്ഷപാതമോ പൌരോഭാഗ്യമോ എന്നെ വ്യാമോഹിപ്പിച്ചിട്ടില്ലെന്നു ഞാൻ ഗ്രന്ഥകാരന്മാരെ പ്രത്യേകം അറിയിച്ചുകൊള്ളുന്നു. ഭാഷയിൽ ഗദ്യരീതി നാൾക്കുനാൾ അഭിവൃദ്ധിയെ പ്രാപിച്ചുകൊണ്ടിരിക്കുന്നതിനാൽ ഒരാളുടെ തന്നെ ഇന്നത്തെ കൃതിക്ക് ഇന്നലത്തേതിൽ അധികം ഉൽക്കർഷം പ്രായേണ കാണുന്നുണ്ട്. അതിനാൽ ഗുണദോഷകല്പനകാലം എന്ന ഉപാധിയെമാത്രം ആശ്രയിക്കുന്നതേയുള്ളു എന്നു സമാധാനപ്പെടുകയും ചെയ്യാം.

പ്രൂഫ് നോക്കുന്നതോടുകൂടി പ്രതിപാദ്യവസ്തുതന്നെ സദയം പരിശോധിച്ചു പ്രൌഢമായ ഒരു അവതാരികയും ചേർത്ത് പ്രകൃതപുസ്തകം ഈ വിധം അച്ചടിപ്പിച്ചുതന്ന വകയ്ക്കു കൊച്ചിയിൽ 11–ആം കൂർ രാമവർമ്മ അപ്പൻതമ്പുരാൻ തിരുമനസ്സിലെ പേരിൽ ഞാൻ അത്യന്തം കൃതജ്ഞനായിരിക്കുന്നു. പദങ്ങളിലൊ, വാചകങ്ങളിലൊ, ശൈലികളിലൊ ദേശവ്യത്യാസങ്ങളാലുണ്ടാകുന്ന ന്യൂനതകളെ പ്രത്യേകിച്ചും ശ്രദ്ധിച്ചു പരിഹരിക്കണമെന്നുള്ള പ്രാർത്ഥനയോടുകൂടിയാണ് കൈയെഴുത്തുകോപ്പി ഞാൻ അവിടുത്തെ സന്നിധിയിൽ സമർപ്പിച്ചത്. ഈ കൃത്യം നിർവ്വഹിക്കുന്നതിനു അഭിജനം, ആഭിജാത്യം, അഭിയുക്തത, അഭിയോഗം മുതലായ സകല സാമഗ്രികളും തികഞ്ഞ വേറെ ഒരു പ്രസാധകനെ കിട്ടുന്നതുമല്ല. തത്താദൃശനായ പ്രസാധകന്റെ മേൽനോട്ടത്തോടുകൂടി വെളിയിൽ പുറപ്പെടുന്ന, ഒരു പുസ്തകത്തെപ്പറ്റി തൽക്കർത്താവിന് ഔത്സുകപ്പെടുന്നതിനു ലേശം അവകാശമില്ലെന്നുള്ള സമാധാനത്തോടുകൂടി സാഹിത്യസാഹ്യത്തെ മഹാജനസമക്ഷം അർപ്പിച്ചിരിക്കുന്നു.

ഏ. ആർ. രാജരാജവർമ്മ<br>മാവേലിക്കര<br>1911 മെയ് 16

# എ.ആർ. രാജരാജവർമ്മ

മലയാള ഭാഷയുടെ വ്യാകരണം ചിട്ടപ്പെടുത്തുന്നതിൽ പ്രധാന പങ്കുവഹിച്ച വ്യക്തിയാണ് കേരള പാണിനി എന്ന് അറിയപ്പെട്ടിരുന്ന എ.ആർ. രാജരാജവർമ്മ (ജീവിതകാലം: 1863 ഫെബ്രുവരി 20 – 1918 ജൂൺ 18, മുഴുവൻ പേര്: അനന്തപുരത്തു രാജരാജവർമ്മ രാജരാജവർമ്മ). ചങ്ങനാശ്ശേരിയിലായിരുന്നു അദ്ദേഹം ജനിച്ചത്. വൈയാകരണകാരൻ എന്നതിനു പുറമേ, നിരൂപകൻ, കവി, ഉപന്യാസകാരൻ, സർവ്വകലാശാലാ അദ്ധ്യാപകൻ, വിദ്യാഭ്യാസപരിഷ്കർത്താവ് എന്നീ നിലകളിലും പ്രശസ്തനായി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ മലയാളഭാഷയുടെ വ്യാകരണം, ഛന്ദശാസ്ത്രം, അലങ്കാരാദിവ്യവസ്ഥകൾ എന്നിവയ്ക്ക് അദ്ദേഹം നിയതമായ രൂപരേഖകളുണ്ടാക്കി. സംസ്കൃതഭാഷാശാസ്ത്രജ്ഞനായ പാണിനി, അഷ്ടാദ്ധ്യായി ഉൾപ്പെടുന്ന പാണിനീസൂക്തങ്ങളിലൂടെ സംസ്കൃതവ്യാകരണത്തിനു ശാസ്ത്രീയമായ ചട്ടക്കൂടുകൾ നിർവ്വചിച്ചതിനു സമാനമായി കേരളപാണിനീയം എന്ന മലയാളവ്യാകരണ ഗ്രന്ഥം ഏ.ആർ. രാജരാജവർമ്മയുടെതായിട്ടുണ്ട്. മലയാളവ്യാകരണം ശാസ്ത്രീയമായി ചിട്ടപ്പെടുത്തുന്നതിൽ ഏ.ആറിന്റെ സംഭാവനകൾ കണക്കിലെടുത്ത് അദ്ദേഹത്തെ കേരളപാണിനി എന്നും അഭിനവപാണിനി എന്നും വിശേഷിപ്പിച്ചുപോരുന്നു.

## ജീവിതരേഖ

ചങ്ങനാശ്ശേരിയിലെ ലക്ഷ്മീപുരം കോവിലകത്താണ് 1863 ഫെബ്രുവരി 20-ന് (1038 കുംഭം 9ന്) എ.ആർ. രാജരാജവർമ്മ ജനിച്ചത് പിതാവ് കിടങ്ങൂർ ഓണന്തുരുത്തി പാറ്റിയാൽ ഇല്ലത്ത് വാസുദേവൻ നമ്പൂതിരി, മാതാവ് ഭരണി തിരുനാൾ തമ്പുരാട്ടി. അമ്മ, കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെ മാതൃസഹോദരിയായിരുന്നു. ലക്ഷ്മീപുരം കൊട്ടാരം അക്കാലത്ത് സമ്പന്നമായിരുന്നെങ്കിലും അന്തച്ഛിദ്രത്താൽ അശാന്തമായിരുന്നു. തന്മൂലം അതിലെ ഒരു ശാഖ മൂത്തകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ ആദ്യം കാർത്തികപ്പള്ളിയിലേയ്ക്കും പിന്നീട് ഹരിപ്പാട്ട് അനന്തപുരം കൊട്ടാരത്തിലേയ്ക്കും താമസം മാറ്റി. ഈ കൊട്ടാരം മഹാരാജാവിന്റെ സഹായത്തോടെ മൂത്തകോയിത്തമ്പുരാൻ തന്നെ പണി കഴി

പ്പിച്ചതായിരുന്നു. അനന്തപുരത്ത് താമസമാക്കിയ താവഴിയിലാണ് രാജരാജവർമ്മ ഉൾപ്പെടുന്നത്. 'എ.ആർ.' എന്ന നാമാക്ഷരിയിലെ 'എ' അനന്തപുരം കൊട്ടാരത്തേയാണ് സൂചിപ്പിക്കുന്നത്. അദ്ദേഹത്തിന്റെ ഓമനപ്പേർ കൊച്ചപ്പൻ എന്നായിരുന്നു. ക്ലേശകര മായ ജീവിതമായിരുന്നു ഹരിപ്പാട്ട്.

## വിദ്യാഭ്യാസം

പ്രഥമഗുരു ചുനക്കര വാര്യർ ആയിരുന്നു. ചുനക്കര ശങ്കരവാര്യരും ഗുരുവായിരുന്നു. പന്ത്രണ്ട് വയസ്സായപ്പോഴേക്കും കണക്കും കൂട്ടിവായനയും പഠിച്ചു. ആയില്യം തിരുനാൾ മഹാ രാജാവിനാൽ നാട്ടു കടത്തപ്പെട്ട കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഹരിപ്പാട്ടു താ മസമാക്കിയപ്പോൾ അദ്ദേഹത്തിന്റെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കീഴിൽ വിദ്യാഭ്യാസം ആരംഭിച്ചു. നാലഞ്ചുകൊല്ലം നീണ്ടു നിന്ന ഈ കാലയളവിൽ അദ്ദേഹം മാനവേദചമ്പു, നൈഷധം മുതലായ കാവ്യങ്ങളിലും ശാകുന്തളം, മാലതീമാധവം തുടങ്ങിയ നാടകങ്ങളിലും കുവലയാനന്ദം, രസഗംഗാധരം എന്നീ അലങ്കാരഗ്രന്ഥങ്ങളിലും വ്യാകര ണത്തിൽ സിദ്ധാന്തകൌമുദിയിലും പാണ്ഡിത്യം നേടി.

1881-ൽ വലിയകോയിത്തമ്പുരാൻ തിരുവനന്തപുരത്തേക്ക് മടങ്ങിയപ്പോൾ കൊച്ചപ്പനും കൂടെ പോയി. അവിടെ സർക്കാർ ഇംഗ്ലീഷ് മീഡിയം ഹൈസ്കൂളിൽ നാലാം ക്ലാസ്സിൽ ചേരുകയും ചെയ്തു. ഹൈസ്കൂൾ വിദ്യാഭ്യാസകാലത്ത് സാഹിത്യവാസനയാൽ അദ്ദേഹം പരക്കെ അറിയപ്പെടുവാൻ തുടങ്ങിയിരുന്നു. ഇക്കാലത്ത് രാജകൊട്ടാരത്തിൽ വിശാഖംതി രുനാളിന്റെ മകനോടൊത്ത് ട്യൂട്ടർമാരുടെ കീഴിൽ പഠിക്കാൻ അനുവാദം കിട്ടി. വിശാഖം തിരുനാൾ അദ്ദേഹത്തെ രാജരാജൻ എന്ന് വിളിച്ചു. ഇരുപതാമത്തെ വയസ്സിൽ അദ്ദേ ഹം മട്രിക്കുലേഷൻ പാസ്സായി. അമ്മ മരണമടഞ്ഞതിനാൽ ഒരുവർഷം വിദ്യാഭ്യാസം മുടങ്ങിയെങ്കിലും അടുത്തവർഷം കോളേജിൽ ചേർന്നു. എഫ്.എ. പരീക്ഷയും രസതന്ത്രം ഐച്ഛികമായെടുത്ത് ബി.എ. പരീക്ഷയും വിജയിച്ചു.

## ഔദ്യോഗികജീവിതം

ശ്രീമൂലം തിരുനാൾ മഹാരാജാവ് 1890-ൽ എ.ആറിനെ സംസ്കൃത പാഠശാലയിൽ ഇൻസ്പെ ക്ടറായി നിയമിച്ചു. എ.ആർ. ഈ കാലയളവിൽ നിഷ്കൃഷ്ടമായ പാഠ്യപദ്ധതിയും പാശ്ചാ ത്യരീതിയിലുള്ള ശിക്ഷാക്രമവും നടപ്പാക്കി. ജോലിക്കിടയിൽ സംസ്കൃതത്തിൽ എം.എ. എഴുതിയെടുത്തു.

1894-ൽ സംസ്കൃത മഹാപാഠശാലയിലെ പ്രിൻസിപ്പലായി നിയമിതനായി. അഞ്ചു വർഷത്തിനുശേഷം അദ്ദേഹം തിരുവനന്തപുരം മഹാരാജാസ് കോളേജിലെ നാട്ടുഭാഷാ സൂപ്രണ്ടായി. അദ്ദേഹം കോളേജുകളിൽ ഭാഷാസംബന്ധമായി ക്ലാസ്സുകൾ എടുക്കാനായി തയ്യാറാക്കിയ കുറിപ്പുകളിൽ നിന്നാണ് ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം തുടങ്ങിയ കൃതികൾ മലയാളത്തിന് ലഭിച്ചത്. 13 വർഷത്തിനുശേഷം അദ്ദേഹത്തിന് സംസ്കൃത-ദ്രാവിഡ ഭാഷകളുടെ പ്രൊഫസ്സറായി സ്ഥാനക്കയറ്റം ലഭിച്ചു.

## കുടുംബം

ബിരുദമെടുക്കുന്നതിന്ന് മൂന്നുമാസം മുമ്പ് രാജരാജവർമ്മ വിവാഹിതനായി. മൂത്ത കോയിത്തമ്പുരാന്റെ മൂന്നാമത്തെ പുത്രിയും മാവേലിക്കര എം. ഉദയവർമ്മരാജായുടെ കനിഷ്ഠ സഹോദരിയുമായ മഹാപ്രഭതമ്പുരാട്ടിയായിരുന്നു വധു. മൂന്ന് ആണും അഞ്ച് പെണ്ണുമായി ഈ ദമ്പതികൾക്ക് എട്ടു സന്താനങ്ങൾ പിറന്നു. മക്കളിൽ മാവേലിക്കര ഭാഗീരഥി അമ്മത്തമ്പുരാനും, എം രാഘവവർമ്മരാജയും പ്രശസ്തരാണ്.

## അവസാനകാലം

തിരുവനന്തപുരം മഹാരാജാസ് കോളേജിൽ പ്രൊഫസറായിരിക്കുന്ന കാലത്ത്, സാധാരണ ജലദോഷപ്പനിയായി ആരംഭിച്ച അസുഖം സന്നിപാതജ്വരമായി മൂർച്ഛിച്ചതിനെത്തുടർന്ന് 1093 മിഥുനം 4-ന് (1918 ജൂൺ 18-ന്) മാവേലിക്കര ശാരദാലയത്തിൽ വെച്ച് 56-ആം വയസ്സിൽ എ.ആർ. രാജരാജവർമ്മ മരണമടഞ്ഞു.

രാജരാജവർമ്മയുടെ ജീവിതത്തിലെ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ച് അദ്ദേഹത്തിന്റെ മക്കളായ ഭാഗീരഥിഅമ്മത്തമ്പുരാനും എം. രാഘവവർമ്മയും ചേർന്ന് 'രാജരാജവർമ്മ' എന്ന പുസ്തകം പുറത്തിറക്കിയിട്ടുണ്ട്. മൂന്നുഭാഗങ്ങളിലായി സാമാന്യം വിസ്തരിച്ചെഴുതിയ ഈ ജീവചരിത്രഗ്രന്ഥത്തിൽനിന്നും അദ്ദേഹത്തിന്റെ കൃതികളെക്കുറിച്ച് ഒരേകദേശരൂപവും ലഭിയ്ക്കും. ഔദ്യോഗികജീവിതവും വിദ്യാഭ്യാസപരിഷ്കാരങ്ങളും

സംസ്കൃതകോളേജിലായിരുന്ന കാലത്ത് അവിടെ സംസ്കൃതത്തിന്നു പുറമെ ഭൂമിശാസ്ത്രം, ഗണിത ശാസ്ത്രം തുടങ്ങിയ ഇതര വിഷയങ്ങൾ സിലബസിൽ ഉൾപ്പെടുത്തുക, എല്ലാ ദരിദ്രവിദ്യാർത്ഥികൾക്കും വിദ്യാർത്ഥിവേതനം അനുവദിക്കുക, അദ്ധ്യാപകർക്ക് ഇംഗ്ലീഷ് ഭാഷയിൽ പരിചയം ഉണ്ടാക്കുക, കൃത്യവും ആസൂത്രിതവുമായ സമയവിവരപ്പട്ടികകൾ വെച്ച് അദ്ധ്യാപനം ചിട്ടപ്പെടുത്തുക എന്നിങ്ങനെ നിരവധി പരിഷ്കാരങ്ങൾ രാജരാജവർമ്മ ഏർപ്പെടുത്തി. സിലബസ് പരിഷ്കരണം നടപ്പിലാക്കാൻ ആവശ്യമായ പാഠ്യപുസ്തകങ്ങളും അദ്ദേഹം അക്കാലത്ത് വിരചിച്ചു. അഞ്ചുകൊല്ലത്തെ സേവനത്തിനുശേഷം പ്രിൻസിപ്പൽ സ്ഥാനം ഗണപതിശാസ്ത്രികളെ ഏൽപിച്ച് മഹാരാജാസ് കോളേജിലേയ്ക്ക് പോയെങ്കിലും മരിക്കുന്നതുവരെ സംസ്കൃതകോളേജിന്റെ കാര്യത്തിൽ നിതാന്തശ്രദ്ധ പുലർത്തുവാനും കഴിയുന്ന സഹായങ്ങൾ അപ്പപ്പോൾ ചെയ്തുകൊടുക്കുവാനും അദ്ദേഹം നിഷ്കർഷിച്ചുപോന്നു.

മഹാരാജാസ് കോളേജിൽ നാട്ടുഭാഷാസൂപ്രണ്ടും പിന്നീട് പ്രൊഫസറുമായി ജോലിനോക്കിയിരുന്ന കാലത്ത് കോളേജിലെ നാട്ടുഭാഷാധ്യാപകരുടെ ശോചനീയാവസ്ഥയ്ക്ക് അറുതി വരുത്തുവാൻ രാജരാജവർമ്മ ചെയ്ത യത്നങ്ങൾ എടുത്തുപറയത്തക്കതാണ്. ഇതര വകുപ്പു മേധാവികളായ വിദേശികളുടെ ഗ്രേഡും ശമ്പളവും മലയാളം, സംസ്കൃതം തുടങ്ങിയ ഭാഷാവിഭാഗങ്ങളിലെ മേധാവികൾക്കുകൂടി വകവെപ്പിച്ചെടുക്കാൻ ഏ.ആറിനു കഴിഞ്ഞു.

കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി, സാഹിത്യസാഹ്യം തുടങ്ങിയവ അന്ന് ക്ലാസ്സിലെ ആവശ്യത്തിനു പാകത്തിൽ തയ്യാറാക്കിയ ഗ്രന്ഥങ്ങളാണ്. മാതുലനായ

“വലിയകോയിത്തമ്പുരാന്റെ” വിയോഗം കൊണ്ടും സ്വപുത്രന്റെ അകാലമൃത്യുകൊണ്ടും മറ്റും അനുഭവിക്കേണ്ടിവന്ന തീവ്രദുഃഖം സഹനീയമായത് ഇതുപോലുള്ള ഗ്രന്ഥങ്ങളുടെ നിർമ്മിതിയിൽ മുഴുകിയതു കൊണ്ടാണെന്ന് ഏ.ആർ. തന്നെ രേഖപ്പെടുത്തിയിട്ടുണ്ട്.

പാണ്ഡിത്യം കൊണ്ടായാലും ഭാഷാസ്വാധീനം കൊണ്ടായാലും കേരളപാണിനിക്ക് സംസ്കൃതവും മലയാളവും തമ്മിൽ ഭേദമുണ്ടായിരുന്നില്ല. കാവ്യങ്ങളും വ്യാകരണഗ്രന്ഥങ്ങളുമായി ഇദ്ദേഹത്തിന്റെ ഇരുപത്തിരണ്ടു കൃതികൾ സംസ്കൃതത്തിലുണ്ട്; മലയാളത്തിൽ ഇരുപത്തൊന്നും. ഗ്രന്ഥരചനയ്ക്കുപുറമെ തന്റേതായ ഒരു പാരമ്പര്യം മലയാളസാഹിത്യത്തിൽ വേരുപിടിപ്പിക്കുവാനും ഏ.ആറിനു കഴിഞ്ഞു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ നേതൃത്വത്തിൽ തഴച്ചുവന്ന നിയോക്ലാസ്സിക് പ്രവണതയ്ക്ക് തക്ക സമയത്തു കടിഞ്ഞാണിടാനും, ഭാഷാസഹിതിയെ നിർണായകമായ ഒരു ദശാസന്ധിയിൽ നേർവഴിക്കു തിരിച്ചുവിടാനും ശക്തിയും വിവേകവും കാണിച്ചു എന്നത് അദ്ദേഹത്തിന്റെ സാഹിത്യബോധത്തിന്ന് അവകാശപ്പെടാവുന്ന ഒരു വലിയ നേട്ടമാണ്. മുൻതലമുറയുടെയും പിൻതലമുറയുടെയും കാലാഭിരുചികളോട് സുദൃഢമായി ഇണങ്ങിനിൽക്കാൻ തക്കവണ്ണം തരംഗവൈവിധ്യമാർന്ന സംവേദനശേഷിയുടെ ഉടമയായിരുന്നു രാജരാജവർമ്മ. വൈയാകരണന്മാർ തദ്ധിതമൂഢന്മാരായ ശുഷ്കപണ്ഡിതന്മാരാണെന്ന ജനബോധം, പുതുമക്കാർ പറയുമ്പോലെ, തിരുത്തിക്കുറിക്കുകമാത്രമല്ല, താനൊരു ഗതിപ്രതിഷ്ഠാപകൻ (trend setter) ആണെന്ന് തെളിയിക്കുകകൂടി ചെയ്തു അദ്ദേഹം.

## കൃതികൾ

സ്വന്തം ഉദ്യോഗമായ ഭാഷാ അദ്ധ്യയനത്തിന് പ്രയുക്തമായ പാഠപുസ്തകങ്ങളുടെ അഭാവമാണ് കേരളപാണിനിയെ ഒരു മഹദ്ഗ്രന്ഥകാരനാക്കി മാറ്റിയത് എന്നു പറയാം. എന്നാൽ പിൽക്കാലത്ത് ഒരു ഭാഷയുടെ തന്നെ ചട്ടക്കൂടുകൾ ഉറപ്പിച്ചുനിർത്താൻ പോന്ന അസ്ഥിവാരക്കല്ലുകളായി അദ്ദേഹത്തിന്റെ പുസ്തകങ്ങൾ മാറി.

ഇതുവരെ കണ്ടെടുക്കപ്പെട്ടതായി 33 മലയാളകൃതികൾ, 66 ലേഖനങ്ങളും അവതാരികകളും, 15 സംസ്കൃതരചനകൾ എന്നിങ്ങനെ അദ്ദേഹത്തിന്റെ കൃതികളെ കണക്കാക്കാം. ഇവയെല്ലാം വ്യത്യസ്തങ്ങളായ അദ്ദേഹത്തിന്റെ രചനാവൈഭവത്തെ എടുത്തുകാണിക്കുന്നവയുമാണ്.

രാജരാജവർമ്മയുടെ വക അമൂല്യപാരിതോഷികങ്ങളായി മലയാളത്തിനു ലഭിച്ചവയാണ് ‘കേരളപാണിനീയം’ (മലയാളഭാഷാവ്യാകരണം), ഭാഷാഭൂഷണം (അലങ്കാരാദി കാവ്യനിർണ്ണയപദ്ധതി), വൃത്തമഞ്ജരി (മലയാളകവിതയുടെ ഛന്ദശ്ശാസ്ത്രപദ്ധതി) എന്നിവ. ഇന്നും ഈ കൃതികളാണ് പ്രസ്തുത വിഷയങ്ങളിൽ മലയാളത്തിലെ ആധികാരിക അവലംബങ്ങൾ. സാഹിത്യസാഹ്യം (ഗദ്യരചനാപാഠം), ലഘുപാണിനീയം, മണിദീപിക (സംസ്കൃതവ്യാകരണം), മധ്യമവ്യാകരണം (പ്രാരംഭമലയാളവ്യാകരണം) എന്നിവയാണ് അദ്ദേഹം രചിച്ച ഭാഷാപഠനസഹായികൾ.

തർജ്ജമസാഹിത്യത്തിൽ ഒരു പുതിയ വഴി തുറന്നു വിട്ടവയാണ് അദ്ദേഹത്തിന്റെ സ്വപ്ന വാസവദത്തം, മാളവികാഗ്നിമിത്രം, ചാരുദത്തൻ, ഭാഷാകുമാരസംഭവം, മേഘദൂത് തുടങ്ങിയവ.

നളചരിതം ആട്ടക്കഥയുടെ വ്യാഖ്യാനമായ കാന്താരതാരകം, നളിനിയുടെ അവതാരിക, പ്രാസവാദത്തിലെ യുക്തിയുക്തമായ പ്രസ്താവങ്ങൾ എന്നിവ മലയാളസാഹിത്യചരിത്രത്തിൽ അദ്ദേഹത്തിനൊരു യുഗപുരുഷന്റെ പ്രഭാവം നേടിക്കൊടുത്തു.

കാല്പനികമലയാളസാഹിത്യചരിത്രത്തിലെ വർണ്ണാഭമായ ഒരേടാണ് മലയവിലാസം. മദ്ധ്യകാലഘട്ടത്തിനുശേഷമുള്ള മൗലികമായ സംസ്കൃതകൃതികളിൽ ആംഗലസാമ്രാജ്യത്തിന് സമുന്നതപദവി തന്നെയുണ്ടെന്ന് പണ്ഡിതന്മാരും സമ്മതിച്ചു തന്നിട്ടുണ്ട്.

# 1

## പീഠിക

ഭാഷ കൊണ്ട് ആശയങ്ങളെ വെളിവായി പ്രകാശിപ്പിക്കുന്ന കലയ്ക്ക് സാഹിത്യവിദ്യ എന്നു പേർ. 'വായ്മൊഴി', എന്നും 'വരമൊഴി' എന്നും ഭാഷയ്ക്കുള്ള രണ്ടു പിരിവ് വ്യാകരണത്തിൽ പറഞ്ഞിട്ടുള്ളതിനാൽ വരമൊഴി എല്ലാം സാഹിത്യത്തിൽ അടങ്ങുന്നു. സാധാരണ നിത്യവൃത്തിയിലെ ആവശ്യങ്ങളിൽ ഒഴികെയുള്ള ഭാഷയുടെ വിനിയോഗമെല്ലാം തന്നെ സാഹിത്യത്തിൽ ഉൾപ്പെട്ടതായി വിചാരിക്കാം. സഭായോഗങ്ങളിലും മറ്റും ചെയ്യുന്ന പ്രസംഗം, കോടതികളിൽ വക്കീലന്മാർ ചെയ്യുന്ന ഉപന്യാസം, ക്ലാസ്സുകളിൽ പ്രൊഫസറന്മാർ ചെയ്യുന്ന വ്യാഖ്യാനം ഇതെല്ലാം വരമൊഴിയല്ലെങ്കിലും സാഹിത്യത്തിൽ അന്തർഭവിക്കുന്നു; നേരേമറിച്ച് വർത്തമാനക്കത്തുകൾ, കണക്കുകൾ, വരിയോലകൾ മുതലായവ വരമൊഴികളാണെങ്കിലും സാഹിത്യമെന്നു ഗണിക്കപ്പെടാറില്ല. സാഹിത്യം എന്ന ശബ്ദം വ്യാപകമായ അർത്ഥത്തിൽ സർവ്വവിധമായ ലിഖിതഭാഷയേയും ക്രോഡീകരിക്കുന്നു. വ്യാപ്യമായ അർത്ഥത്തിലാകട്ടെ ആ ശബ്ദം കൊണ്ടു വിജ്ഞാനപ്രദങ്ങളും വിനോദകരങ്ങളുമായ ഗ്രന്ഥങ്ങളെ മാത്രമേ ഗ്രഹിക്കാറുള്ളു.

ആദികാലങ്ങളിൽ പ്രധാനഗ്രന്ഥങ്ങളെല്ലാം കീർത്തനം, കിളിപ്പാട്ട്, തുള്ളൽപ്പാട്ട്, ശ്ലോകം മുതലായ വൃത്തനിബന്ധനയുള്ള കൃതികളായിരുന്നതിനാൽ 'സാഹിത്യം' എന്നു കേൾക്കുമ്പോൾ ആവക കൃതികളാണ് നമ്മുടെ ബുദ്ധിയിൽ ആദ്യമായി ആരോഹണം ചെയ്യുന്നത് എന്നുവന്നേക്കാം. ഈ ഭ്രമത്തിന് നാം ഇട കൊടുക്കരുത്. സരസമായ ഒരു കൃതി പദ്യരൂപമായാലും ഗദ്യരൂപമായാലും സാഹിത്യം തന്നെ. ഇതിന്മണ്ണം ഉപമാരൂപകാദ്യലങ്കാരങ്ങൾ, പ്രസാദമാധുര്യാദിഗുണങ്ങൾ, വ്യംഗചമൽക്കാരങ്ങൾ ഇത്യാദികളും പദ്യത്തെ എന്നപോലെ ഗദ്യത്തേയും പ്രകാശിപ്പിക്കുന്നവയാകുന്നു. ഗദ്യം, പദ്യം, എന്ന് സാഹിത്യത്തിന്റെ രണ്ടു വിഭാഗങ്ങളാകുന്നു. അക്ഷരങ്ങൾക്കോ മാത്രകൾക്കോ രണ്ടിനുമോ ഒരുമാതിരി നിബന്ധനയുള്ളതു പദ്യം; ഇല്ലാത്തതു ഗദ്യം. അലങ്കാരാദിചമൽക്കാരങ്ങളെല്ലാം രണ്ടിനും ഒരുപോലെത്തന്നെ വരാം. വിഷയസ്വഭാവമാണ് അതുകളുടെ നിയാമകം. പ്രബന്ധത്തിന്റെ രൂപഭേദമല്ല. ചമൽക്കാരപ്രധാനമായ കൃതിക്കു കാവ്യം എന്നുപേർ പറ

യാറുണ്ട്; ഇവിടെയും ഗദ്യപദ്യഭേദം കാണിക്കാറില്ല. ‘ഇന്ദുലേഖ’ മുതലായ ഗദ്യകൃതികൾ കാവ്യങ്ങളാണ്. ‘സഹസ്രയോഗം’ ‘കാലദീപം’ മുതലായ പദ്യകൃതികൾ കാവ്യങ്ങളല്ല.

സ്വരൂപത്തെ അടിസ്ഥാനമാക്കി വിഭജിക്കുന്നതായാൽ സാഹിത്യത്തിന്ന് അല്ലെങ്കിൽ കൃതികൾക്ക് പദ്യം ഗദ്യം മിശ്രം എന്നു മൂന്നു വിഭാഗങ്ങൾ ചെയ്യാം; കിളിപ്പാട്ട്, വള്ളപ്പാട്ട്, തുള്ളൽപ്പാട്ട്, കീർത്തനം, പാനം, പദ്യം, മഹാകാവ്യം, ഖണ്ഡകാവ്യങ്ങൾ മുതലായതെല്ലാം പദ്യകൃതികൾ; ചമ്പുവും നാടകവും മിശ്രകൃതികൾ; ശേഷമെല്ലാം ഗദ്യകൃതികൾ. സരസവിഷയങ്ങളെപ്പറ്റി കവിതയുണ്ടാക്കുന്നതിലാണു പദ്യത്തിന്റെ പ്രധാനമായ ഉപയോഗം. മുൻപ്രസ്താവിച്ച ‘കാലദീപം’ മുതലായ ഗ്രന്ഥങ്ങൾ ഓർമ്മവെയ്ക്കുവാനുള്ള സൌകര്യത്തിനുവേണ്ടി പദ്യങ്ങളായി ചമച്ചിരിക്കുന്നു. വിഷയവിഭാഗപ്പട്ടിക, അകാരാദിക്രമത്തിനു സൂചി മുതലായ സൌകര്യങ്ങളോടുകൂടി അച്ചടിച്ചിട്ടുള്ള പുസ്തകങ്ങളില്ലാതിരുന്നതിനാൽ പഴയ കാലങ്ങളിൽ ശാസ്ത്രഗ്രന്ഥങ്ങളെ വിദ്യാർത്ഥികൾ ഉരുവിട്ടു ഹൃദിസ്ഥമാക്കിയിരുന്നു. പദ്യങ്ങളിലെ വൃത്തബന്ധം ഉരുവിടുന്നതിന് ഒരു വലിയ സഹായവുമായിരുന്നു.

ഇച്ചൊന്ന രണ്ടു പ്രയോജനവും കൂടാതെയും ശ്ലോകമുണ്ടാക്കുന്നവർ നമ്മുടെ ഇടയിൽ ധാരാളമുണ്ട്. ഒരു ഭാഷയുടെ പ്രാബല്യം നിശ്ചയിക്കുന്നത് അതിലുള്ള ഗദ്യകൃതികളുടെ എണ്ണവും വണ്ണവും നോക്കിയിട്ടാണ് എന്ന് അഭിയുക്തന്മാർ പറയാറുണ്ട്. അതു നേരേമറിച്ചായിരുന്നുവെങ്കിൽ മലയാളഭാഷയോളം പ്രാബല്യമേറിയ മറ്റൊരു ഭാഷയുമില്ലെന്നു നമുക്ക് അഭിമാനിക്കാമായിരുന്നു. സ്വല്പം വൈദ്യവും ജ്യോത്സ്യവും ഇല്ലാത്ത ആളുകളില്ലെന്ന് ഒരു ചൊല്ലുണ്ട്; മലയാളികളുടെ അപ്പോഴത്തെ പദ്യരചനാഭ്രമം ഓർക്കുമ്പോൾ ആ കൂട്ടത്തിൽ കവിതയെക്കൂടി ചേർക്കാമെന്നു തോന്നുന്നു. വർത്തമാനപ്പത്രങ്ങളിലും മാസികകളിലും പലവിധം പദ്യകൃതികൾ വായിച്ചിട്ട് വിദ്യാർത്ഥികൾക്കു പഠിത്തം പൂർത്തിയാകും മുമ്പു തന്നെ കവിതാകൌതുകം കടന്നുകൂടുന്നു. നാലുപാദം ചേർത്താൽ ശ്ലോകമായി; ഓരോ പാദത്തിലും രണ്ടാമത്തെ അക്ഷരം ഒന്നുപോലെ വരുത്താൻ കഴിഞ്ഞാലോ അവൻ മഹാകവി തന്നെ. വിഷയം ആരു വകവയ്ക്കുന്നു? അതെത്രയും നിസ്സാരമാകുന്നുവോ, അത്രയും കവിക്കു മാഹാത്മ്യമാണ്. മാസികകളുടെ വിഷയസൂചി പരിശോധിക്കുന്നതായാൽ കഴുത, കുതിര, കാകൻ, മണ്ണാങ്കട്ട മുതലായതു മുമ്പിട്ടു കാണാം. കാളിദാസൻ, ഷെല്ലി മുതലായ മഹാകവികൾക്ക് അചേതനമായ മേഘത്തെ വർണ്ണിക്കാമെങ്കിൽ നമ്മുടെ കവികൾക്കു ചേതനമായ കാകനേയും മറ്റും പുകഴ്ത്തരുതോ? സംസ്കൃതപുരാണങ്ങൾ, ഇംഗ്ലീഷ് നാടകങ്ങൾ, തമിഴ്നാടകങ്ങൾ ഇതെല്ലാം തർജ്ജമചെയ്തു കഴിഞ്ഞു. ഇനി ഏതു ഭാഷയിലാണു പരിഭാഷപ്പെടുത്തത്തക്ക പദ്യഗ്രന്ഥങ്ങളുള്ളതെന്നാണ് ആലോചന.

അന്യഭാഷകളിൽ ഉത്തമഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള മഹാകവികളുടെ കൃതികളെ ഭാഷാന്തരം ചെയ്യുന്ന മഹാത്മാക്കളുടെ അഭിനന്ദനീയമായ വ്യവസായത്തെ അപവദിക്കണമെന്നോ, ശ്ലോകകാവ്യങ്ങളുടെ നാനാപ്രകാരങ്ങളായ ഉപയോഗങ്ങളെ അപലപിക്കണമെന്നോ അല്ല ഇത്രയും പ്രസ്താവിച്ചതിന്റെ ഉദ്ദേശ്യം. പദ്യത്തിലധികം ഗദ്യത്തിനാണ് മലയാളത്തിൽ ആവശ്യം നേരിട്ടിട്ടുള്ളതെന്ന വാസ്തവത്തെ ബലപ്പെടുത്തിക്കാണിക്കാൻ വേണ്ടി മാത്രം ഇത്രയും പ്രസ്താവിച്ചതാണ്; പദ്യനിർമ്മാണത്തിൽ ചെയ്തുവരുന്ന ശ്രമത്തിൽ പകു

തിയെങ്കിലും ഗദ്യനിർമ്മാണത്തിലായിരുന്നുവെങ്കിൽ മലയാളഭാഷയ്ക്ക് അതില്പരം ഒരു ശ്രേയസ്സ വരാനില്ലെന്നുള്ള എന്റെ താഴ്മയായ അഭിപ്രായം വെളിപ്പെടുത്തണമെന്ന മാത്രമേ വിവക്ഷിതമുള്ളൂ. മറ്റു സംഗതികളിലെന്നപോലെ സാഹിത്യത്തിലും ആവശ്യവും ആഡംബരവും വേറെ ആണ്. നിത്യം ആഹാരം ചെയ്യണമെന്നത് ഒരു ആവശ്യമാകുന്നു. അതിനു സദ്യയുടെ വട്ടങ്ങൾ വേണമെന്നത് ആഡംബരം. ദേഹത്തിന്റെ നഗ്നത മറയ്ക്കാൻ വസ്ത്രം കൂടിയേ തീരൂ; അതിനു കസവുകരയും കുറിയും വേണമെന്നില്ല. നിത്യോപയോഗത്തിനു വേണ്ടതിലധികം വിഭവമുള്ളവരല്ലാതെ ആഡംബരത്തിനു മോഹിക്കരുത്. തക്കതായ വിഭവമുള്ളവർക്കുപോലും ആഡംബരപ്രിയത്വം ആശാസ്യമല്ല. നിത്യപരിശീലനം കൊണ്ട് ആഡംബരങ്ങൾക്ക് ആസ്വാദ്യത കുറയുന്നു. ആസ്വാദ്യത്വം കുറഞ്ഞ് ആഡംബരം ആവശ്യത്തിന്റെ നിലയിലായിപ്പോയാൽ പിന്നത്തെ അവസ്ഥ ശോചനീയം തന്നെ. ഭോഗങ്ങൾ അനുഭവിച്ചു വിരക്തി വന്നുപോയാൽ മനസ്സിനു ഒന്നുകൊണ്ടും രസിക്കാൻ സാധിക്കാത്ത ഒരു കഷ്ടസ്ഥിതി വന്നുകൂടും.

വൃത്തബന്ധാദി നിബന്ധനകൾ ഇരുന്നാലും ഒരുവിധം നോക്കുമ്പോൾ എഴുതി ഫലിപ്പിക്കാൻ ഉള്ള എളുപ്പം ഗദ്യത്തിലധികം പദ്യത്തിലാകുന്നു. പദ്യത്തിന്റെ കെട്ടുപാടുതന്നെ അതിനൊരു രക്ഷയാകുന്നു. ക്ഷുദ്രങ്ങളായ ചില ദോഷങ്ങളൊന്നും അതിൽ തെളിയുകയില്ല. വ്യാകരണനിയമങ്ങൾക്കു തന്നെ അതിൽ ശൈഥില്യമനുവദിച്ചിട്ടുണ്ട്. പദങ്ങളെ ക്രമം തെറ്റി പ്രയോഗിക്കാം, ദൂരാന്വയം വകവയ്ക്കേണ്ടതില്ല, ഘടകപദങ്ങളെ പ്രയോഗിക്കാതെ വിടാം, പദ്യത്തിൽ മാത്രം ഉപയോഗിക്കാവുന്ന ചില പദങ്ങൾ തന്നെയുണ്ട്, അലങ്കാരങ്ങൾ അണിയിച്ച് ആഹാര്യ(കൃത്രിമ) ശോഭയുണ്ടാക്കാം. ഈവക സൌകര്യങ്ങൾക്കു പുറമെ കവിയശസ്സും ആശാസ്യമാണല്ലോ. എന്നാൽ 'കവി' എന്ന വിരുതുപോലെതന്നെ 'ഗ്രന്ഥകർത്താ' എന്ന പേരും വിലയുള്ളതാണെന്ന് ആലോചിക്കേണ്ടതാകുന്നു. ഈ അഭിപ്രായത്തിൽ പൂർവ്വികന്മാരും യോജിച്ചുകാണുന്നു. 'ഗദ്യം കവീനാം നികഷം വദന്തി' – ഗദ്യമെഴുതി ഫലിപ്പിക്കുന്നതിലാണ് കവിയുടെ സാമർത്ഥ്യം തെളിയുന്നത്. ഇവിടെ കവിശബ്ദം പ്രയോഗിച്ചിരിക്കയാൽ കാവ്യരൂപമായ ഗദ്യമെഴുതുന്നവനേയും കവി എന്നു തന്നെ വിളിച്ചിരുന്നു എന്നു സ്പഷ്ടമാകുന്നു.

ഏതു രൂപത്തിലായാലും സാഹിത്യം വാസനാസാദ്ധ്യമാകുന്നു. വാസനയുള്ളവന്റെ കൃതിക്കുള്ള ആസ്വാദ്യത ഒന്നു വേറെത്തന്നെ. എങ്കിലും വാസന പദ്യകൃതിയിലാണ് അത്യാവശ്യം; വാസനയില്ലാത്തവൻ എഴുതിക്കൂട്ടുന്ന ശ്ലോകങ്ങളെയാണ് 'നാൽക്കാലികൾ' എന്നുപറഞ്ഞു പരിഹസിക്കുന്നത്. ഐന്ദ്രജാലികനെപ്പോലെ ഇല്ലാത്തതിനെ ഉണ്ടാക്കുകയും ഉള്ളതിനെ ഇല്ലായ്മ ചെയ്യുകയും ആണത്രെ കവിധർമ്മം. ഗദ്യകാരനാകട്ടെ ഉള്ള വാസ്തവം വെളിപ്പെടുത്തിയാൽ മതിയാകും.

> "നിയതികൃതനിയമരഹിതാം ഹ്ലാദൈകമയീമനന്യപരതന്ത്രാം
> നവരസരുചിരാം നിർമ്മിതിമാദധതി ഭാരതീ കവേർജയതി"

എന്ന് ആലങ്കാരികന്മാർ ഘോഷിക്കുന്ന ബ്രഹ്മസൃഷ്ടി വിലക്ഷണമായ വിചിത്രസൃഷ്ടി ചെ

യ്യേണ്ടുന്ന ഭാരം കവിക്കേ ഉള്ളു. ഈവിധം തൽക്കാലസ്ഥിതിയുടെ വാസ്തവം പര്യാലോചിക്കുമ്പോൾ മലയാളി മടിയനാണെന്നു പണ്ടേതന്നെ ഉള്ള പഴി കവിതാസംരംഭംകൊണ്ടു ബലപ്പെടുത്താതെ ഭാഷാഭിമാനികൾ ആവശ്യവും ഉപയോഗവും ഉള്ള ഗദ്യഗ്രന്ഥങ്ങളെഴുതി വിജ്ഞാനാഭിവൃദ്ധിക്കു ശ്രമിക്കേണ്ടതാണെന്നു ഓർമ്മപ്പെടുത്തേണ്ടിയിരിക്കുന്നു.

മലയാളത്തിൽ പദ്യരീതിയെല്ലാം സംസ്കൃതമനുസരിച്ചാകുന്നു. പ്രഭാതത്തിൽ താമരപ്പൂ വിടരും, ആമ്പൽ കൂമ്പും; അന്തിക്ക് നേരെമറിച്ച് ആമ്പൽപ്പൂ വിടരും, താമരപ്പൂ കൂമ്പും; അതിനാൽ സൂര്യൻ കമലിനീവല്ലഭനും, ചന്ദ്രനും കുമുദിനീവല്ലഭനുമാകുന്നു. വേഴാമ്പൽ വർഷജലം മാത്രമേ കുടിക്കയുള്ളു; അതിനാൽ അത് മേഘത്തോട് ജലം യാചിക്കുന്നു. മേഘം നദീസമുദ്രാദിജലാശയങ്ങളിൽനിന്നും ജലം എടുത്തു വർഷിക്കുന്നു. വർഷജലബിന്ദുക്കൾ മുത്തുച്ചിപ്പിയിൽ പതിച്ചാൽ കാലവിശേഷംകൊണ്ടു മുത്തായി ചമയും. സ്ഥലത്തിലുള്ള ജന്തുക്കളെല്ലാം സമുദ്രത്തിലുണ്ട്. ചമ്പകപ്പൂവിൽ മാത്രം വണ്ടു ചെല്ലുകയില്ല. അശോകത്തിനു സ്ത്രീകളുടെ പാദസ്പർശം വളമാണ്. യശസ്സിന്നു വെളുപ്പും സൌരഭ്യവുമുണ്ട്. ദുര്യശസ്സ് കറുപ്പും ദുർഗന്ധവുമുള്ളതാണ്. വിരഹം ഒരഗ്നിയാകുന്നു; വിരഹിക്കു ചന്ദ്രചന്ദനാദികളിൽ ഉഷ്ണപ്രീതിയുണ്ടാകും. ചന്ദനവൃക്ഷത്തിൽ സർവ്വദാ കൃഷ്ണസർപ്പം ചുറ്റിയിരിക്കും. ഉദയാസ്തമയങ്ങൾക്ക് ഓരോ പർവ്വതമുണ്ട്; അതുകൾ സമുദ്രത്തിലും ആകാം. ഈവക സംസ്കൃതകവികളുടെ സങ്കേതങ്ങളെല്ലാം ഭാഷയിലും സ്വീകരിക്കപ്പെട്ടിരിക്കുന്നു. ഗദ്യരീതിക്കാകട്ടെ സംസ്കൃതാശയം വേണ്ട. സംസ്കൃതത്തിനു തന്നെ ശരിയായ ഒരു ഗദ്യരീതി ഏർപ്പെട്ടിട്ടില്ല. ചമ്പൂപ്രബന്ധങ്ങളിൽ കാണുന്ന ഒരുവക ഗദ്യം ആ പേരിനുതന്നെ അർഹമല്ല. വളച്ചുകെട്ടി വലിച്ചുനീട്ടി വലിയ വലിയ സമാസങ്ങൾ കൊണ്ടു നിറച്ച് അവസാനിക്കാത്ത വിശേഷണങ്ങളും ചേർത്ത് പെരുമ്പാമ്പ് ഇഴയുന്നതുപോലെയുള്ള മട്ടിൽ എഴുതിക്കൂട്ടുന്ന പദജാലത്തെയാണ് കവികൾ പ്രാധാന്യേന ഗദ്യം എന്നു വ്യവഹരിക്കുന്നത്. ശാസ്ത്രകാരന്മാരുടെ ഗദ്യമാകട്ടെ ഇതിനു വിപരീതം "പർവതോവഹ്നിമാൻ/ ധൂമവത്വാൽ/ യഥാ മഹാനസെ/ തഥാചായം/ തസ്മാത്തഥാ" പർവ്വതത്തിൽ അഗ്നിയുണ്ട്; ധൂമമുള്ളതിനാൽ. അടുക്കളയിലെപ്പോലെ. അതുപോലിവിടെയും. അതിനാലങ്ങനെ ഈമാതിരി മുറിവാക്യങ്ങളാണ് താർക്കികന്മാർക്കും മറ്റും പ്രിയം. വാദങ്ങളിൽ പൂർവ്വപക്ഷവും സിദ്ധാന്തവും തിരിച്ചറിവാൻ പ്രയാസം. വാക്യങ്ങളുടെ അന്യോന്യസംബന്ധം കുറിപ്പാൻ ഘടകങ്ങളെ ഉപയോഗിക്കയില്ല. യുക്തിപ്രതിപാദനങ്ങളിൽ കാര്യകാരണങ്ങൾ ചേർത്ത് ചങ്ങലപോലെ നീട്ടിക്കൊണ്ടു പോകുന്നിടത്ത് മദ്ധ്യേ പല കണ്ണികളും വിട്ടുകളയും. ശാസ്ത്രകാരന്മാരിൽ പ്രാചീനർ ഏർപ്പെടുത്തിയിരുന്ന സരളരീതിയെ ഈ നവീനർ പരിഷ്കരിക്കുന്നതിനു പകരം ഉടച്ചു നാശമാക്കുകയാണു ചെയ്തത്. താർക്കികന്മാർ ദീർഘവാക്യങ്ങളെ ഉപയോഗിക്കാറില്ലെന്നില്ല; എന്നാൽ അവർ വാക്യം നീട്ടുന്നത് സമാസം ചെയ്തു പദങ്ങളെ നീട്ടുന്നതിലാകുന്നു. ഇക്കാലത്തെ ലോകവ്യവഹാരങ്ങൾക്ക് ഉപയോഗികളായ വിഷയങ്ങളും സംസ്കൃതത്തിൽ ചുരുങ്ങും. അതിനാൽ ഗദ്യഗ്രന്ഥകാരന്മാർക്കു ശബ്ദസമ്പാദനം ഒന്നിനുവേണ്ടി മാത്രമല്ലാതെ രീതിവിഷയാദികളുടെ ആവശ്യത്തിലേക്കായി സംസ്കൃതത്തെ ആശ്രയിക്കേണ്ടതില്ല; താനുണ്ണാത്തവരോ വരം കൊടുക്കുന്നത്?

ഗദ്യഗ്രന്ഥകരണത്തിൽ ഇംഗ്ലീഷാണു നമ്മെ സഹായിക്കുന്നത്. ദേശം തോറും വേറെ

വേറെ ഭാഷകൾ സംസാരിക്കുന്ന ഇന്ത്യക്കാർക്ക് ഒരു പൊതുഭാഷ എന്നു പറയുന്നതിനു ഇംഗ്ലീഷ് ഒന്നേ ഉള്ളു. അതു രാജഭാഷയാണെന്നു മാത്രമല്ല, ലോകമൊട്ടുക്കു പ്രചാരമുള്ളതും ഇഹലോകപ്രയോജനങ്ങൾക്കു സംസ്കൃതത്തേക്കാൾ ഉപകരിക്കുന്നതും ആകുന്നു. ഉപരിവിദ്യാഭ്യാസം ആ ഭാഷയിലാണ്; അതിൽ മാത്രമേ സാധിക്കയുള്ളു. അതിനാൽ 'ഭാഷാഭൂഷണം' സംസ്കൃതാലങ്കാരികന്മാരുടെ സിദ്ധാന്തങ്ങളനുസരിച്ച് ഉണ്ടാക്കിയതുപോലെ ഈ 'സാഹിത്യസാഹ്യം' ആംഗലാലങ്കാരികന്മാരുടെ അഭിപ്രായങ്ങളെ അടിസ്ഥാനപ്പെടുത്തി നിർമ്മിക്കുന്നു. ഭാഷാഭൂഷണത്തിൽ പ്രതിപാദിച്ചിട്ടുള്ള പ്രധാനാലങ്കാരങ്ങൾ, വ്യംഗ്യമര്യാദ, ഗുണദോഷങ്ങൾ ഇതെല്ലാം ഗദ്യകൃതികളിലും ഉപയോഗമുള്ളവതന്നെ. ആവക സംഗതികളെ ഇവിടെ പ്രത്യേകിച്ചെടുക്കുന്നില്ല.

ഗദ്യം, പദ്യം, മിശ്രം എന്നു സാഹിത്യത്തിന്നു മൂന്നു വിഭാഗം പറഞ്ഞത് അതിന്റെ പുറമേയുള്ള വേഷം പ്രമാണിച്ചാകുന്നു. പ്രയോജനം അല്ലെങ്കിൽ ഉദ്ദേശ്യം അടിസ്ഥാനമാക്കി വിഭജിക്കുന്നതാകയാൽ കൃതികളെ ശാസ്ത്രം എന്നും കാവ്യം എന്നും രണ്ടുവകയായി തരം തിരിക്കാം. ഒരു ഗ്രന്ഥകാരൻ ഗ്രന്ഥം നിർമ്മിക്കുന്നതു പ്രധാനമായി ഒരുദ്ദേശം കരുതീട്ടാണല്ലോ; ആ ഉദ്ദേശത്തിന്റെ സ്വഭാവമനുസരിച്ചും ഗ്രന്ഥങ്ങളെ വിഭജിക്കാം. ഉദ്ദേശം പ്രാധാന്യേന രണ്ടുവിധം: (1) ഉപദേശം (2) വിനോദം. രാമാദികളെപ്പോലെ വർത്തിക്കണം, രാവണാദികളെപ്പോലെ അരുത് എന്നു ഗുണദോഷിക്ക മാത്രമല്ല ഇവിടെ ഉപദേശംകൊണ്ടു വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. പ്രകൃതിയുടെ രഹസ്യങ്ങളെ വെളിപ്പെടുത്തുക, ലോകവ്യവഹാരങ്ങളെ വർണ്ണിക്കുക, കാര്യങ്ങൾ മനസ്സിലാക്കുക എന്നു വേണ്ട ഏതുപ്രകാരത്തിലും ജ്ഞാനാഭിവൃദ്ധി ചെയ്യുന്നതൊക്കെ ഉപദേശത്തിലുൾപ്പെടുന്നു. അതിനാൽ ഭാഗവതം,ജ്ഞാനപ്പാന, കാലദീപം, സഹസ്രയോഗം, വിജ്ഞാനമഞ്ജരി, ഭാഷാഭൂഷണം, ഭൂവിവരണസിദ്ധാന്തം, വ്യവസ്ഥിതിയും ബോധവും, പൌരകൃത്യം മുതലായ കൃതികളെല്ലാം ശാസ്ത്രം എന്ന വിഭാഗത്തിൽ ചേർന്നവയാണ്. ഈവക ഗ്രന്ഥങ്ങൾ അതാതുവിഷയങ്ങളിൽ വായനക്കാർക്ക് അറിവു സമ്പാദിച്ചുകൊടുക്കണമെന്ന മുഖ്യോദ്ദേശത്തിന്മേൽ രചിക്കപ്പെട്ടവയാകുന്നു. ഈശ്വരസൃഷ്ടിയിൽ ചേതനങ്ങളായും അചേതനങ്ങളായും പലവിധത്തിലുള്ള വസ്തുക്കളുടെ സ്വരൂപവും സ്വഭാവവും പ്രവൃത്തിയും മറ്റും ചമൽക്കാരത്തോടുകൂടി വർണ്ണിച്ചു തന്മയത്വം വരുത്തീട്ടും, വാക്കിൽ ഫലിതം പ്രയോഗിച്ചും കാവ്യരസംകൊണ്ടു വായനക്കാരെ രസിപ്പിക്കണമെന്നുള്ള മുഖ്യപ്രയോജനമുദ്ദേശിച്ചും ഉണ്ടാക്കുന്ന കൃതികൾ, വിനോദപ്രധാനങ്ങളാകയാൽ കാവ്യം എന്ന രണ്ടാം ഇനത്തിലുൾപ്പെടുന്നു. അതിനാൽ നളചരിതം മുതലായ ആട്ടക്കഥകൾ, ശാകുന്തളം, ഉത്തരരാമചരിതം മുതലായ നാടകങ്ങൾ; ശ്രീകൃഷ്ണചരിതം മുതലായ മഹാകാവ്യങ്ങൾ, മയൂരസന്ദേശം, അന്യാപദേശശതകം മുതലായ ഖണ്ഡകാവ്യങ്ങൾ, ഇന്ദുലേഖ, മാർത്താണ്ഡവർമ്മ മുതലായ ആഖ്യായികകൾ (നോവലുകൾ); മുതലനായാട്ട്, ഞാൻ ധ്വരയായത് മുതലായ ചെറുകഥകൾ; ജൂബിലിമഹോത്സവം, കാശിയാത്ര മുതലായ വൃത്താന്തങ്ങൾ ഇതെല്ലാം കാവ്യം എന്ന ഇനത്തിന്റെ വകഭേദങ്ങൾ. ഹൃദയാകർഷകമായ കൃതി കാവ്യം; ബുദ്ധിവികാസകരമായതു ശാസ്ത്രം; കവിക്കു മനോധർമ്മം പ്രയോഗിക്കുന്നതിനു കാവ്യത്തിലേ വകയുള്ളു; പദ്യവും കാവ്യത്തിലേ ശോഭിക്കുകയുള്ളു. ശാസ്ത്രത്തിൽ ഗ്രന്ഥകാരൻ വസ്തുക്ക

ളെ യഥാസ്ഥിതമായ മട്ടിൽ സരളമായ ഗദ്യം കൊണ്ടു പ്രതിപാദിക്കണം.

എന്നാൽ ശാസ്ത്രഗ്രന്ഥങ്ങളിൽ ഒട്ടുമേ കാവ്യരസം പാടില്ലെന്നോ കാവ്യഗ്രന്ഥങ്ങളിൽ തത്വോപദേശം ചെയ്തുകൂടെന്നോ ഇല്ല. കാവ്യശാസ്ത്രഭേദം പ്രധാനോദ്ദേശ്യം പ്രമാണിച്ചു ചെയ്തിട്ടുള്ളതെന്നേ ഉള്ളൂ. ഉപദേശം മാത്രമായിട്ടോ ഒരു കൃതി ഉണ്ടാക്കുന്നതുതന്നെ അസാദ്ധ്യമാകുന്നു. എന്നുമാത്രമല്ല, കേവലം ഉപദേശരൂപമായ ഗ്രന്ഥം അതിന്റെ ശുഷ്കതയാൽ ഒരുവനും രസിക്കയില്ല; നേരേമറിച്ച് വിനോദം മാത്രമായാൽ പഞ്ചസാര മാത്രമായി ത്തീർന്നാലെന്നതുപോലെ എളുപ്പത്തിൽ ചെടിച്ചുപോകും. പ്രായേണ ഗ്രന്ഥകാരന്മാർ ഉപദേശങ്ങളെ കാവ്യരസം കൊണ്ടു മധുരീകരിക്കുകയാണു ചെയ്യാറുള്ളത്. വർണ്ണനകളൊക്കെ ഉപേക്ഷിച്ചിട്ട് വെറും സംഗതികൾ മാത്രം പ്രസ്താവിക്കുന്നതിനാൽ 'പ്രാചീനാര്യാവർത്തം' വായിക്കുന്നതിൽ വിദ്യാർത്ഥികൾ അസ്വരസം നടിക്കുന്നു. 'അന്യാപദേശശതകം' ആകട്ടെ മേഘം, സമുദ്രം, വൃക്ഷം മുതലായ അചേതനവസ്തുക്കളിൽ ചേതനധർമ്മാരോപണം ചെയ്യുന്ന കവിതയാകയാൽ അതിലെ ഉപദേശങ്ങൾ സരസങ്ങളായിരിക്കുന്നു. ഒരു സംസ്കൃതകവി ഇസ്സംഗതി വർണ്ണിച്ചിരിക്കുന്നതു നോക്കുക:

> "യദ്വേദാൽ പ്രഭുസമ്മിതാദധിഗതം ശബ്ദപ്രധാനാച്ചിരം
> യച്ചാർത്ഥപ്രവണാൽ പുരാണവചനാദിഷ്ടം സുഹൃത്സമ്മിതാൽ
> കാന്താസമ്മിതയാ യയാ സരസതാമാപാദ്യ കാവ്യശ്രിയാ
> കർത്തവ്യേ കുതുകീ ബുധോ വിരചിതസ്തസ്യൈസ്പൃഹാം കർമ്മഹേ"

വേദം ഇന്നതു ചെയ്യണം, ഇന്നതു ചെയ്യരുതെന്നു പ്രഭുവിനെപ്പോലെ നമ്മെ ശാസിക്കുന്നു; പുരാണം സുഹൃത്തിനെപ്പോലെ മദ്ധ്യസ്ഥന്റെ നിലയിൽ ഹിതമുപദേശിക്കുന്നു. കാവ്യമാകട്ടെ, കാന്തയെപ്പോലെ നമ്മെ സ്വാധീനപ്പെടുത്തി കൃത്യങ്ങളിൽ പ്രവർത്തിപ്പിക്കുന്നു.

ഇനി ജാതിഭേദം എന്ന് മറ്റൊരു ഉപാധിയിൽ കൃതികളെ തരം തിരിക്കാം. ഇത് ഏതു വക കൃതിയാണ്? ഇതിന്റെ പ്രകൃതമെന്ത്? കഥയോ? വർണ്ണനമോ? വിവരണമോ? സമർത്ഥനമോ? എന്നു നാം ചോദിക്കാറുണ്ടല്ലോ. അതിനാൽ രൂപം പ്രമാണിച്ച് ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം എന്നു സാഹിത്യത്തിനു നാലു വിഭാഗം കല്പിക്കാം. ഇതും ഗ്രന്ഥങ്ങളിൽ കലർന്നിട്ടേ കാണുകയുള്ളൂ. ഈ നാലു വകയിൽ ഒന്നു മാത്രമായിട്ട് ഒരു കൃതി ഉണ്ടാക്കേണ്ടുന്ന ആവശ്യം അപൂർവ്വമാണ്. മരവേല, കല്ലുവേല, ഇരുമ്പുവേല ഇതെല്ലാം ഗൃഹനിർമ്മാണത്തിനു ആവശ്യപ്പെടുന്നതുപോലെ മേൽപ്പറഞ്ഞ നാലുതരവും ഗ്രന്ഥനിർമ്മാണത്തിന് ആവശ്യപ്പെടുന്നു. ഓരോന്നിന്റെ ഏറ്റക്കുറവുകൾ ആവശ്യത്തിന്റെ സ്വഭാവം പോലെ എന്നേ ഉള്ളൂ. ഗൃഹം പണിയാൻ ആഗ്രഹിക്കുന്നവർ എല്ലാ പണികളുടേയും സ്വഭാവം അറിഞ്ഞിരിക്കേണ്ടുന്നപോലെ ഗ്രന്ഥം ഉണ്ടാക്കുവാൻ അഭ്യസിക്കുന്നവർ വാചകമെഴുതുന്നതിന്റെ വകഭേദങ്ങളെല്ലാം പ്രത്യേകിച്ചു ഗ്രഹിച്ചിരിക്കേണ്ടതാകുന്നു. ഓരോന്നിന്റെ സ്വഭാവമറിഞ്ഞവന് അതാതുകളെ യഥാസ്ഥാനം വിനിയോഗിക്കുന്നതു സുഖമായിരിക്കും.

# 2

## ആഖ്യാനം

ഒരു സംഗതി നടന്നതായി പ്രസ്താവിക്കുന്നതിനു പൊതുവെ ചെയ്ത പേരാകുന്നു 'ആഖ്യാനം' എന്നത്. കഥാകഥനം ആണ് ആഖ്യാനത്തിന്റെ സ്വഭാവം. ചെറുപ്പകാലങ്ങളിൽ നമ്മെ ഉറക്കുന്നതിനുവേണ്ടി അമ്മമാർ പറയുന്ന കഥകൾക്കും നാടകങ്ങളിലും ആഖ്യായികകളിലും മഹാകവികൾ കെട്ടിച്ചേർക്കുന്ന കഥകൾക്കും മദ്ധ്യേ പലതരത്തിലും കഥകളുണ്ട്.

1. അതിബാല്യത്തിൽ ശിശുക്കൾക്കു കേട്ടു രസിക്കാനുള്ള ധാത്രീകഥകൾ;
2. കൌമാരാവസ്ഥയിൽ കുട്ടികൾക്കു വായിച്ചു രസിക്കേണ്ടുന്ന യക്ഷിക്കഥകൾ;
3. പ്രൌഢന്മാർക്ക് ആലോചിച്ചു രസിക്കത്തക്ക ആഖ്യായികകളും നാടകങ്ങളും, പക്ഷിമൃഗാദി തിര്യക്ജന്തുക്കളിൽ മനുഷ്യധർമ്മമാരോപിച്ച് അവയെ പാത്രങ്ങളാക്കി കെട്ടിച്ചമയ്ക്കുന്ന കഥകൾക്ക് നീതികഥകൾ എന്നു പറയുന്നു.

കഥ പറഞ്ഞു രസിപ്പിക്കുന്നതോടുകൂടി കുട്ടികൾക്കു സദാചാരോപദേശം ചെയ്യണമെന്നുള്ള ഉദ്ദേശത്തിൻപേരിൽ രചിക്കുന്നതാകയാൽ നീതികഥകൾക്കെല്ലാം ഒരു സാരം, അല്ലെങ്കിൽ സദുപദേശം ഉണ്ടായിരിക്കണം. ചാണക്യസൂത്രം, ഹിതോപദേശം, ഈസോപ്പു കഥകൾ ഇത്യാദികൾ നീതികഥകളാകുന്നു. ഭാരതം, പാണ്ഡവന്മാരുടെ കഥ; അതിൽ പ്രസംഗവശാൽ എഴുതിയിട്ടുള്ള നളൻ ശകുന്തള മുതലായവരുടെ കഥകൾക്ക് ഉപാഖ്യാനം എന്നു പേർ പറയാറുണ്ട്. ഒരു പ്രധാനകഥയിൽ അംഗമായിട്ടു നിൽക്കുന്ന കഥ ഉപകഥ. ഉപാഖ്യാനങ്ങളിൽ മിക്കതും പുരാണങ്ങളിലെ ഉപകഥകളാകുന്നു. റിപ്പോർട്ട് അല്ലെങ്കിൽ അന്വാഖ്യാനം, പത്രങ്ങളിലെ സ്ഥലചെയ്തികൾ, ദേശവൃത്താന്തങ്ങൾ ഇത്യാദികളും ആഖ്യാനത്തിന്റെ വകഭേദങ്ങൾ തന്നെ.

## ഉദാഹരണങ്ങൾ:

### ധാത്രീകഥ

ഒരു മണ്ണാങ്കട്ടയും ഒരു കരിയിലയും കൂടി കാശിക്കു പുറപ്പെട്ടു. കുറച്ചുവഴി ചെന്നപ്പോൾ ഒരു കാറ്റു വന്നു. അപ്പോൾ മണ്ണാങ്കട്ട കരിയിലയുടെ മീതെ ഇരുന്നു കൂട്ടുകാരനെ രക്ഷിച്ചു. പിന്നെയും അവർ യാത്ര തുടർന്നപ്പോൾ ഒരു മഴ വന്നു. ഇത്തവണ കരിയില മണ്ണാങ്കട്ടയെ മൂടിയിരുന്ന് അതിനെ രക്ഷിച്ചു. പിന്നെയും അവർ കുറെക്കൂടി വഴിപോയപ്പോൾ ഒരു കാറ്റും മഴയും കൂടി വന്നു. മണ്ണാങ്കട്ട അലിഞ്ഞുപോയി. കരിയിലയങ്ങു പറന്നുംപോയി. ഇങ്ങനെ ഒരു കഥ.

### പോലീസുകാരൻ ജയിച്ചു

വാതുപിടിച്ചാൽ തോൽപ്പിക്കാൻ അസാദ്ധ്യമായ ഒരു പോലീസുകാരനുണ്ടായിരുന്നു. അവനെ കൊല്ലത്തുനിന്നും കോട്ടയത്തേക്കു മാറ്റിയപ്പോൾ കൊല്ലം ഇൻസ്പെക്ടർ കോട്ടയത്തെ ഇൻസ്പെക്ടർക്ക് ആ പോലീസുകാരൻ ബഹുസമർത്ഥനാണെന്നും വാതുവെച്ചാൽ അവനെ ജയിക്കുവാൻ ആർക്കും തന്നെ പ്രയാസമാണെന്നും എഴുതി അയച്ചിരുന്നു. ഒരുദിവസം അവൻ കോട്ടയം ഇൻസ്പെക്ടരെ കാണാൻ ചെന്നപ്പോൾ അദ്ദേഹം അയാളോട് 'എന്താ ഇവിടെ വന്നതില്പിന്നെ വാതിൽ ഒന്നും ജയിച്ചില്ലേ' എന്നു ചോദിച്ചു. 'ജയിപ്പാനൊന്നും പ്രയാസമില്ല. പക്ഷെ, വേണ്ടെന്നുവച്ചു മിണ്ടാതിരുന്നതാണ്' എന്ന് അവൻ ഉത്തരം പറഞ്ഞു. 'ആകട്ടെ എന്നോടു വല്ലതും വാതുവെച്ചു നേടാൻ കഴിയുമോ?' എന്ന് ഇൻസ്പെക്ടർ ചോദിച്ചു. 'കഴിയും' എന്നു പോലീസുകാരൻ മറുപടിയും പറഞ്ഞു. രണ്ടു റുപ്പിക വീതം വാതു നിശ്ചയിച്ച് ഇൻസ്പെക്ടരുടെ തോളിൽനിന്നു രണ്ടംഗുലം താഴെ 'ഒരു കറുത്ത കല ഉണ്ട്' എന്നു പോലീസുകാരനും 'ഇല്ലെ'ന്ന് ഇൻസ്പെക്ടരും വാദിച്ചു. ഉടൻ തന്നെ പോലീസുകാരനോടു ജയിക്കണം എന്ന വാശിയിന്മേൽ ഇൻസ്പെക്ടർ ഉടുപ്പഴിച്ചു ശരീരം കാണിച്ചു. പറഞ്ഞതുപോലെ കല കാണാത്തതിനാൽ ആ വാതിൽ പോലീസുകാരനു ജയം കിട്ടിയില്ലെങ്കിലും അതിനേക്കാൾ വലുതായ ഒരു വീരവാദത്തിൽ അപ്പോൾത്തന്നെ അയാൾക്കു ജയം കിട്ടി. എന്തെന്നാൽ 'താൻ ഇൻസ്പെക്ടരെ ഒന്നാമതായി കാണുന്ന ദിവസം എല്ലാവരുടേയും മുമ്പിൽവെച്ച് അദ്ദേഹത്തിനെക്കൊണ്ട് അദ്ദേഹത്തിന്റെ ഉടുപ്പഴിപ്പിക്കാം' എന്നു പന്ത്രണ്ടു രൂപ കരാറിന്മേൽ അയാളുടെ ചങ്ങാതിമാരോടു മുമ്പുതന്നെ അയാൾ ഒരു വാതു നിശ്ചയിച്ചിരുന്നു. അതിൽ ജയിച്ചതുകൊണ്ട് ചങ്ങാതിമാരോടു പന്ത്രണ്ടു രൂപാ വാങ്ങിച്ച് അതിൽ രണ്ടുരൂപാ ഇൻസ്പെക്ടർക്കു കൊടുത്തു. ബാക്കി പത്തുരൂപ ചേപ്പിൽ ഇട്ടുകൊണ്ടു പോകുകയും ചെയ്തു.

— വിനോദമാലിക

### തേനനും കുഞ്ഞനും

മലബാർ ജില്ലയിൽ കടത്തനാട് എന്ന ദിക്കിൽ 'തച്ചോളി'ത്തറവാട്ടിൽ 18 വയസ്സു പ്രായമുള്ള 'തേനൻ' എന്നൊരാളുണ്ടായിരുന്നു. അയാളുടെ ബാല്യകാലത്തിൽത്തന്നെ ആ തറവാട്ടുവക അധികാരങ്ങൾ എല്ലാം അരിയാരിക്കോവിലകത്തെ തമ്പുരാൻ അടക്കിയിരുന്നു.

അക്കാലത്ത് ഒരു മനുഷ്യന്റെ ശ്രേയസ്സ് അയാളുടെ യുദ്ധസാമർത്ഥ്യത്തെ അവലംബിച്ചിരുന്നതുകൊണ്ട് തേനൻനായർ തുളുനാട്ടിൽച്ചെന്ന് ആയുധാഭ്യാസം പൂർത്തിവരുത്തണമെന്നു നിശ്ചയിച്ചു. താൻ നാട്ടിലില്ലാത്തപ്പോൾ തന്റെ അനുജനായ കുഞ്ഞനെ ശത്രുക്കൾ നിഗ്രഹിച്ചേക്കുമെന്നുള്ള ഭയംകൊണ്ട് അവനെ പുറത്തുവിടരുതെന്നു കാരണവരോടും ഉടപ്പിറന്നവളോടും പ്രത്യേകം പറഞ്ഞു; കുഞ്ഞനു, ക്ഷാമം കൊണ്ടുള്ള വിലക്കുടുതലും മറ്റും നോക്കാതെ, ശരിയായി ഭക്ഷണാദികൾ കൊടുത്തു രക്ഷിക്കുന്നതിനു സഹോദരിയോട് ഏർപ്പാടും ചെയ്തു.

തേനൻ നായർ വാളും പരിചയും എടുത്തുകൊണ്ടു വീട്ടിൽനിന്നു പുറപ്പെട്ടു. അടുത്തുള്ള തന്റെ ഭാര്യവീട്ടിലും ചെന്ന് കുഞ്ഞനെപ്പറ്റി പ്രത്യേകം അന്വേഷിക്കുന്നതിന്നു ചട്ടംകെട്ടി, അയാൾ തുളുനാട്ടിലെത്തി. തുളുനാടൻവിദ്യ പഠിച്ചുതുടങ്ങി. ഈ കാര്യങ്ങൾ എല്ലാം മുൻപറഞ്ഞ തമ്പുരാൻ അറിഞ്ഞു. തമ്പുരാനു കുഞ്ഞനെ കാണണമെന്നു തോന്നി. കുഞ്ഞനെ കോവിലകത്തേക്കു കൊണ്ടുചെല്ലുന്നതിനായി നാലു നായന്മാരെ അയച്ചു. തേനൻ ഇല്ലാത്തപ്പോൾ കുഞ്ഞനെ ശരിയായി രക്ഷിക്കുന്നതിന് ആരുമില്ലല്ലോ എന്നു വിചാരിച്ചിട്ടായിരിക്കാം തമ്പുരാനു പെട്ടെന്ന് ഇത്ര വാത്സല്യം തോന്നിയത്. ഈ കാലത്ത് തമ്പുരാൻ തച്ചോള്ളിവീട്ടുകാരോടു പ്രത്യേകം സ്നേഹം ഭാവിച്ചുവന്നിരുന്നു. തേനന്റെ ഉടപ്പിറന്നവളെ സംബന്ധം ചെയ്താൽ കൊള്ളാമെന്നും തമ്പുരാൻ കുറച്ചുമുമ്പ് കാരണവരെ അറിയിച്ചിട്ടുണ്ടായിരുന്നു. പ്രധാന നായർ തറവാടുകളിലൊന്നിലും തമ്പുരാക്കന്മാരെക്കൊണ്ടോ, നമ്പൂതിരിമാരെക്കൊണ്ടോ സംബന്ധം ചെയ്യിക്കുക അക്കാലത്തു പതിവുണ്ടായിരുന്നില്ല. തങ്ങളുടെ ശക്തി ക്ഷയിച്ചുപോയതിനാലാണു തമ്പുരാന് ഇപ്രകാരം ഒരഭിപ്രായം പുറപ്പെടുവിക്കാൻ തന്നെ ധൈര്യമുണ്ടായതെന്നു മനസ്സിലായപ്പോൾ വയസ്സൻ വളരെ വ്യസനിച്ചു; എങ്കിലും തങ്ങളുടെ തൽക്കാലസ്ഥിക്കു തമ്പുരാനെ ദേഷ്യപ്പെടുത്തരുതല്ലോ എന്നുവിചാരിച്ച്, 'തേനൻ വന്നിട്ട് ആലോചിക്കാം' എന്നു പറഞ്ഞയച്ചു. കാര്യം ഇങ്ങനെയൊക്കെ ഇരുന്നതുകൊണ്ട് കുഞ്ഞനെ കൊണ്ടുചെല്ലാനായി നായന്മാർ വന്നപ്പോൾ കാരണവർ യാതൊരു ചതിയുമുണ്ടാകുമെന്നു സംശയിച്ചില്ല. ബാലനായ കുഞ്ഞനെ വധിക്കത്തക്കവണ്ണം നീചത്വം തമ്പുരാനുണ്ടായിരിക്കയില്ലെന്നായിരുന്നു വയസ്സന്റെ വിശ്വാസം. കുഞ്ഞനോടു കോവിലകത്തു പോയി വരാൻ പറഞ്ഞു. കുഞ്ഞൻ വാളും പരിചയും എടുക്കാൻ ഭാവിച്ചപ്പോൾ 'കോവിലകത്തു പോകുമ്പോൾ ആയുധം വേണ്ട' എന്നു കാരണവർ പറഞ്ഞു. ബാലൻ നായന്മാരുടെ കൂടെ കോവിലകത്തേക്കു പുറപ്പെട്ടു; കുഞ്ഞൻ എത്തിയ ഉടനെ തമ്പുരാൻ വളരെ സന്തോഷം ഭാവിച്ചു. വീട്ടുകാര്യങ്ങളെല്ലാം ചോദിച്ചിട്ടു താൻ പുതുതായി ഒരു കല്ലറ പണികഴിപ്പിച്ചിട്ടുണ്ടെന്നും അതു ചെന്നു നോക്കണമെന്നും തമ്പുരാൻ പറഞ്ഞു. കുഞ്ഞൻ കല്ലറയ്ക്കകത്തു കടന്ന ഉടനെ വാതിൽ അടച്ചു കളഞ്ഞു. തന്റെ സ്ഥിതി മനസ്സിലായ ഉടനെ ആ കുട്ടിക്ക് വലുതായ വ്യസനം ഉണ്ടായി. വളരെ നേരം കിടന്നിട്ടും ഭക്ഷണം കൊടുക്കുന്നതിനുപോലും ആരെയും കണ്ടില്ല. ഇങ്ങനെ രണ്ടുദിവസം കഴിഞ്ഞു. മൂന്നാം ദിവസം അവശനായിക്കിടന്നു വ്യസനിക്കുമ്പോൾ ഒരു കാലൊച്ച കേട്ടു. തന്റെ ജ്യേഷ്ഠത്തിയമ്മയാണെന്നു കുഞ്ഞനു എങ്ങനെയോ തോന്നി. "ആരാണത് എന്റെ ഏട്ടത്തിയമ്മയല്ലേ?" എന്നു ചോദിച്ചു. വാസ്തവത്തിൽ അത് തേനന്റെ ഭാര്യയായ

ചീരുക്കുട്ടിയമ്മതന്നെ ആയിരുന്നു. ആ സ്ത്രീ കോവിലകത്തെ കുളത്തിൽ കുളിക്കാൻ പോകുമ്പോഴാണ് കുഞ്ഞന്റെ ശബ്ദം കേട്ടത്.

ചീരു: അതു കുഞ്ഞനല്ലേ? ഇത് ആരു ചതിച്ച ചതിയാണെന്റെ കുട്ടീ!

കുഞ്ഞൻ: 'തമ്പുരാൻ ചതിച്ചത്. വെള്ളംപോലും കുടിക്കാതെ രണ്ടുദിവസമായി ഞാനിവിടെ കിടക്കുന്നു. എന്റെ അവസാനം അടുത്തു. വരാനുള്ളതിനെ തടുക്കാൻ കഴിയില്ലല്ലോ. വീട്ടിലാരോടും ഇപ്പോൾ പറയേണ്ട. താമസിയാതെ എല്ലാവരും അറിയും. ഏട്ടൻ വന്നിട്ടു ചോദിച്ചുകൊള്ളും.

ചീരു: ഒരു നിവൃത്തിയുണ്ടെങ്കിൽ ഇന്നു നിന്നെ ഇവിടുന്നു കൊണ്ടുപോകും. എന്റെ കുട്ടീ, നിനക്ക് ഇങ്ങനെ വന്നല്ലോ.

ജ്യേഷ്ഠത്തിയമ്മ ഒന്നു മുങ്ങീട്ടു തോർത്താതെതന്നെ കാവിൽഭഗവതിയായ പരദേവതയുടെ സന്നിധാനത്തിലെത്തി ഇങ്ങനെ പ്രാർത്ഥിച്ചു: 'തറവാടു രക്ഷിച്ചു പോരുന്ന പൊന്നമ്മേ! ഞാൻ കാവൂട്ടും പാട്ടും കഴിച്ച് അമ്പലത്തിന്റെ മണ്ണോടു നീക്കി പൊന്നോടും ഇടീക്കാം ഇന്നു പതിനെട്ടാം നാഴികയ്ക്കകം തച്ചോള്ളിത്തേനൻ ഇവിടെ എത്തണമേ.' തന്റെ ഭവനത്തിൽ എത്തി ആരോടും ഒന്നും മിണ്ടാതെ അറ തുറന്ന് ഈറനോടെ തറയിൽ കമഴ്ന്നുകിടന്നു. തേനൻ ദൂരത്തിലായതുകൊണ്ട് അയാളെ ആളയച്ചുവരുത്തുന്നതിനുമുമ്പ് കുഞ്ഞൻ മരിച്ചുപോകുമെന്നു വിചാരിച്ചിട്ടായിരിക്കാം ചീരുക്കുട്ടിയമ്മ ഭഗവതിയുടെ സഹായം മാത്രം ആശ്രയിച്ചിരുന്നത്. എങ്കിലും ദൈവസഹായത്തിൽ പൂർണ്ണവിശ്വാസം ഇല്ലായിരുന്നെങ്കിൽ ആളയയ്ക്കാതിരിയ്ക്കില്ലായിരുന്നു.

തേനൻ നായർ ആ ദിവസം രാത്രി തുളുനാട്ടിൽ അയാൾ താമസിക്കുന്ന വീട്ടിൽ ഊണും കഴിഞ്ഞു കിടന്ന് ഒന്നു മയങ്ങിയപ്പോൾ ആരോ മുമ്പിൽ വന്നു നിൽക്കുന്നതായി തോന്നി; 'നീ വേഗത്തിൽ പോകണം; ഇന്നു പോയില്ലെങ്കിൽ തമ്പുരാൻ കുഞ്ഞനെ കൊല്ലും.' ഇതു കേട്ടപ്പോൾ തേനൻ ഞെട്ടിയുണർന്ന് വെറും സ്വപ്നമാണെന്നു വിചാരിച്ച് വീണ്ടും കണ്ണടച്ചു. ഉറക്കം തുടങ്ങിയ ഉടനെ നല്ലതായി നാലടി കൊണ്ടു. ഉടനെ വാളും പരിചയുമെടുത്ത് ആരോടും യാത്രയും പറയാതെ പാഞ്ഞുതുടങ്ങി. കൊടുങ്കാറ്റത്തു പഞ്ഞി പറക്കുന്നതുപോലെ തേനൻ പതിനഞ്ചുനാഴികകൊണ്ട് തൊണ്ണൂറുനാഴിക വഴി കടന്ന് രാത്രി പതിനെട്ടാം നാഴികയ്ക്ക് കാവിൽ പുളിക്കൽപ്പടിയിലെത്തി വിളിച്ചു. ചീരുക്കുട്ടിയമ്മ ശബ്ദം കേട്ടു എങ്കിലും സ്ഥാനത്തിൽനിന്ന് എഴുന്നേറ്റില്ല. തേനൻ പടിവാതിൽ കയറിച്ചാടി ഭാര്യ കിടക്കുന്ന മുറിയുടെ വാതുക്കൽ എത്തി വിളിച്ചു. കുഞ്ഞന്റെ വർത്തമാനം കേട്ടയുടനെ തേനൻ കോവിലകത്തേക്കു നടന്ന് കല്ലറവാതുക്കൽ എത്തി. കാലൊച്ച കേട്ട ഉടനെ കുഞ്ഞൻ 'അതെന്റെ ഏട്ടനല്ലെ?' എന്നു ചോദിച്ചു. 'ഞാനാണ്, ഞാനാണ്, എന്റെ ഉണ്ണീ! വാതുക്കൽ നിന്നു മാറി ഒരു മൂല പറ്റി നിന്നോ' എന്നു പറഞ്ഞിട്ട് തേനൻ ഏഴടി പിന്നോക്കംവച്ച് പിന്നെ മൂന്നടി മുമ്പോട്ടുപോയിട്ട് കല്ലറവാതുക്കൽ ഒരു ചവിട്ടുകൊടുത്തു. വാതിൽ പൊളിഞ്ഞുവീണു. തേനൻ അകത്തുകടന്ന് കുഞ്ഞനെ എടുത്തു തന്റെ ദേഹത്തോടണച്ചു. തന്റെ കൂടെ ഓടി എത്തിയ ഒരു സഹോദരനോടുകൂടെ അനുജനെ ഉടനേ കാവിൽ പുളിക്കലേക്ക് അയ

ച്ചു. 'എനിക്കു തമ്പുരാനെ ഒന്നു നോക്കണം' എന്നുപറഞ്ഞുകൊണ്ട് തേനൻ അകത്തേക്കു കയറി. തടുത്ത കാവൽക്കാരെയെല്ലാം തോൽപ്പിച്ചു. പള്ളിയറവാതിൽ ചവിട്ടിപ്പൊളിച്ചു.

തമ്പുരാൻ: അതാരാണു?

തേനൻ: തച്ചോളളിത്തേനൻ.

'എടാ കാലാ' നീ ഇവിടെ എങ്ങനെ എത്തി?' എന്നും പറഞ്ഞുകൊണ്ട് തമ്പുരാൻ അടുത്തിരുന്ന വാളും പരിചയും എടുത്തുകൊണ്ട് പുറത്തുചാടി. എന്നാൽ തമ്പുരാന്റെ സാമർത്ഥ്യമൊന്നും തേനനോടു പറ്റിയില്ല. യുദ്ധത്തിനിടയ്ക്കു് തേനൻ അനായാസേന തമ്പുരാനെ തട്ടി താഴെ വീഴ്ത്തി. വീഴുന്ന വഴിക്ക് ഒരു വെട്ടും കൊടുത്തു. തമ്പുരാൻ കഴുത്തറ്റു ഭൂമിയിൽ വീണു. അതിൽപ്പിന്നെ തച്ചോളളിത്തറവാട്ടിന്റെ ശക്തി വേഗത്തിൽ വർദ്ധിച്ചു.

— തച്ചോളളിക്കഥ

## ഉപാഖ്യാനം: നളോപാഖ്യാനം

പണ്ട് നിഷധരാജ്യത്തു വീരസേനപുത്രനായിട്ട് നളൻ എന്നൊരു രാജാവുണ്ടായി. അദ്ദേഹം വീര്യത്തിലെന്നപോലെ രൂപസൌന്ദര്യത്തിലും അദ്വിതീയനായിത്തീർന്നു. അക്കാലത്ത് വിദർഭരാജ്യത്തിന്റെ അധിപതിയായ ഭീമരാജാവിന് ദമൻ എന്ന മഹർഷിയുടെ വരപ്രസാദത്താൽ ലഭിച്ച ദമൻ, ദാന്തൻ, ദമനൻ, ദമയന്തി എന്ന പുത്രരിൽ ദമയന്തി എന്ന പുത്രി, നളൻ പുരുഷരിൽ എന്നപോലെ സ്ത്രീകളിൽ രൂപലാവണ്യംകൊണ്ടു ലോകപ്രസിദ്ധയായി ചമഞ്ഞു. ദമയന്തീനളന്മാർക്ക് അന്യോന്യഗുണശ്രവണത്താൽ ബാല്യത്തിൽത്തന്നെ പാരോക്ഷാനുരാഗമുളവായി. അഭിലാഷവിപ്രലംഭദശയിൽ നളൻ വിരഹാസഹനായിട്ട് ഒരു ദിവസം ഉദ്യാനത്തിൽ വിജനവാസം ചെയ്യുമ്പോൾ ക്രീഡാതടാകത്തിന്റെ കരയിൽ ക്രീഡിക്കുന്ന സുവർണ്ണഹംസങ്ങളെക്കണ്ട് കൌതുകം തോന്നിയിട്ട് അതിൽ ഒന്നിനെ ഉറങ്ങുന്ന സമയം കടന്നുപിടിച്ചു; അരയന്നം ഉടൻ ഉണർന്നു വിലപിച്ചപ്പോൾ വിടുകയും ചെയ്തു. രാജാവിന്റെ ദയാശീലം കണ്ട് ഹംസം താൻ ഒരു പ്രത്യുപകാരമായി ദമയന്തിയോടു ദൂതു പറയാം എന്ന് ഏറ്റ് ഉടൻ കുണ്ഡിനപുരിയിൽ ചെന്ന് ദമയന്തിയുടെ അടുക്കൽ നളനെ വർണ്ണിച്ച്, അവൾ മനസ്സുകൊണ്ടു നളനെ വരിക്കുന്ന വിവരം മടങ്ങിവന്നു പറയുകയും ചെയ്തു.

താമസിയാതെ കന്യകയുടെ യൌവനാരംഭം കണ്ട് ഭീമരാജാവ് ദമയന്തിക്കു സ്വയംവരം നിശ്ചയിച്ച്, രാജാക്കന്മാരെ ക്ഷണിക്കാൻ ദൂതമാരെ അയച്ചു. ഈ ഘട്ടത്തിൽ പർവ്വതമുനിയോടുകൂടി ശ്രീനാരദൻ സ്വർഗ്ഗത്തു ചെന്നപ്പോൾ പ്രസംഗവശാൽ പ്രസ്താവിച്ച ദമയന്തിയുടെ അസാധാരണഗുണഗണങ്ങളെ കേട്ടു കൌതുകം പൂണ്ട് ഇന്ദ്രാഗ്നിയമവരുണന്മാരാകുന്ന ദിക്പാലകരും സ്വയംവരത്തിനായി പുറപ്പെട്ടു. അവർ വഴിയിൽവച്ചു നളനെ കണ്ടെത്തി, ദമയന്തീകാമുകനായ ആ രാജാവിനെത്തന്നെ ദമയന്തിയുടെ അടുക്കൽ ദൂതിനയച്ചു. അർത്ഥികളുടെ സ്വഭാവം അറിയുംമുമ്പേ വാഗ്ദാനം ചെയ്തുപോകയാൽ ധർമ്മപാശാബദ്ധനായ നളൻ ഇന്ദ്രാദികളുടെ പ്രതാപത്താൽ അദൃശ്യമൂർത്തിയായിട്ട് യാതൊരു പ്രതിബന്ധവും കൂടാതെ കന്യാന്തഃപുരത്തിൽ പ്രവേശിച്ച് അവളോട് ഇന്ദ്രാദികളുടെ

പ്രാർത്ഥനയെ അറിയിച്ചു. തന്റെ വരനായ നളൻ അന്യന്റെ ദൂതനായി വന്നതിനാൽ ദമയന്തി വ്യസനിക്കയും നളൻ അവളുടെ ചോദ്യങ്ങൾക്കെല്ലാത്തിനും സമാധാനം പറയുകയും ചെയ്തു. ഒടുവിൽ ദമയന്തി, എന്നാൽ "ഇന്ദ്രാദികളും സ്വയംവരസമയത്തിൽ വരട്ടെ; അവരുടെ സമക്ഷം തന്നെ ഞാൻ അങ്ങയെ വരിച്ചുകൊള്ളാം" എന്ന് ഒരു തീരുമാനം പറഞ്ഞു. ഈ വിവരമെല്ലാം നളൻ മടങ്ങിവന്ന് ഇന്ദ്രാദികളെ ഗ്രഹിപ്പിക്കുകയും ചെയ്തു.

അനന്തരം നാനാദേശാധിപതികളായ രാജാക്കന്മാരാൽ അലംകൃതമായ സ്വയംവരമണ്ഡപത്തിൽ പ്രവേശിച്ച ദമയന്തി, ചൂണ്ടിക്കാണിക്കപ്പെട്ട ഓരോരോ രാജാക്കന്മാരേയും ഉപേക്ഷിച്ച്, നളസമീപത്തിൽ എത്തിയപ്പോൾ അവിടെ നളന്റെ ആകൃതിയിൽ അഞ്ചുപേർ ഇരിക്കുന്നതുകണ്ടു കുഴങ്ങിവശായി. ഇതികർത്തവ്യതാമൂഢയായ ദമയന്തി ദേവന്മാരെ മനസ്സുകൊണ്ടു ശരണം പ്രാപിച്ചു. താൻ ഹൃദയം കൊണ്ടു വരിച്ചുപോയ വരനെ കാണിച്ചുതരാൻ പ്രാർഥിച്ചതനുസരിച്ച് അവർ തങ്ങളുടെ ദേഹചിഹ്നങ്ങളെ പ്രകാശിപ്പിച്ചു; ദമയന്തി നളനെ തിരിച്ചറിഞ്ഞു മാലയിട്ടു വരിക്കയും ചെയ്തു. ദേവന്മാർ പ്രസാദിച്ചു നളന് ഓരോരുത്തരും ഈരണ്ടുവരം വീതം കൊടുത്ത് അന്തർദ്ധാനം ചെയ്തു. ഇതെല്ലാം കണ്ടു വിസ്മയിച്ച് രാജാക്കന്മാർ കലഹിക്കാതെ പിരിയുകയും ചെയ്തു. നളൻ വിവാഹം കഴിഞ്ഞു സ്വരാജ്യത്തു ചെന്നു ദമയന്തിയുമൊരുമിച്ചു ചിരപ്രാർത്ഥിതങ്ങളായ സുഖങ്ങളെ യഥേഷ്ടം അനുഭവിച്ചു സുഖിച്ചുവാണു. അനേകം യാഗാദികർമ്മങ്ങളും ചെയ്ത് ദമയന്തിയുമൊരുമിച്ചു വാഴുമ്പോൾ നളന് ഇന്ദ്രസേനൻ എന്നൊരു പുത്രനും ഇന്ദ്രസേനാ എന്നൊരു പുത്രിയും ഉളവായി.

ഇന്ദ്രാദികൾ സ്വയംവരം കഴിഞ്ഞു സ്വർഗ്ഗത്തേക്കു മടങ്ങുമ്പോൾ വഴിമദ്ധ്യേ ദ്വാപരനോടുകൂടി കലി വരുന്നതുകണ്ടു. എവിടേക്കായി പുറപ്പെട്ടുവെന്നു ദേവന്മാർ ചോദിച്ചതിനു കലി, 'സ്വയംവരത്തിൽ ദമയന്തിയെ വരിക്കാൻ' എന്നുത്തരം പറഞ്ഞപ്പോൾ, ദേവന്മാർ നടന്ന വിവരമെല്ലാം പറഞ്ഞ് ധാർമ്മികനായ നളനെ ദ്രോഹിപ്പാൻ വിചാരിക്കുന്നവർക്ക് അധഃപതനം വരുമെന്നു കലിയെ വിലക്കീട്ടു പോകുകയും ചെയ്തു. കലി കോപം സഹിക്കാതെ ദ്വാപരനുമായി ആലോചിച്ച് നളനെ ദമയന്തിയുടെ അടുക്കൽനിന്നു പിരിക്കണമെന്നു സത്യവും ചെയ്തു. നിഷധരാജ്യത്തിലേക്കു പുറപ്പെട്ടു. പന്ത്രണ്ടുവർഷം അവിടെ കാത്തിരുന്നതിനുശേഷം അവസരം നോക്കി കലി നളനെ ആവേശിച്ചു. അനന്തരം നളന്റെ അനുജനായ പുഷ്കരൻ കലിപ്രേരിതനായിട്ട് നളനെ ചൂതുപൊരുതാൻ വന്നു വിളിച്ചു. ദ്യൂതത്തിൽ വൃഷഭവേഷനായ കലിയായിരുന്നു പുഷ്കരനു പണയമായിട്ട്; ദ്വാപരൻ അക്ഷങ്ങളിലും അധിവാസം ചെയ്തു. നളൻ തന്റെ നാടും നഗരവുമെല്ലാം മുറയ്ക്കു പണയംവച്ചു തോറ്റുകൊണ്ടുവന്നു. ഈ വിധം അഞ്ചാറുമാസം അവർക്ക് ദ്യൂതം നടന്നു. വിവരമറിഞ്ഞു മന്ത്രിമാരും നഗരവാസികളും ബന്ധുക്കളുമെല്ലാവരും രണ്ടുപ്രാവശ്യം ഉപദേശം ചെയ്യാൻ വന്നിട്ടും നളൻ ഒന്നും കൂട്ടാക്കാതെ ചൂതുകളി തന്നെ തുടർന്ന് സർവ്വസ്വവും നശിപ്പിച്ച് ഏകവസ്ത്രശേഷനായിട്ടു കലാശിച്ചു.

ഇതിനിടയിൽ ദമയന്തി നളന്റെ പരാജയം കണ്ടു കരുതലോടുകൂടി പുത്രനേയും പുത്രിയേയും വാർഷ്ണേയനെന്ന നളസാരഥിയെ ഏൽപ്പിച്ച് കുണ്ഡിനപുരത്തിലേക്കയച്ചു. വാർഷ്ണേ

യൻ അവരെ അവിടെ കൊണ്ടുചെന്നുവിട്ടിട്ട് വ്യസനിച്ചു നടന്ന്, ഒടുവിൽ അയോദ്ധ്യാപതിയായ ഋതുപർണ്ണരാജാവിന്റെ സൂതനായി വാഴുകയും ചെയ്തു.

സർവ്വസ്വവും തട്ടിപ്പറിച്ചിട്ട്, ഇനി ഭൈമിയല്ലാതെ തനിക്കു പണയത്തിനെന്തുണ്ടെന്ന് പുഷ്കരൻ പരിഹാസമായി ചോദിച്ചപ്പോൾ നളൻ വ്യസനാക്രാന്തനായിട്ട് ദേഹത്തിലുണ്ടായിരുന്ന ആഭരണങ്ങളും അഴിച്ചുകൊടുത്തിട്ട് ഏകവസ്ത്രനായി കാട്ടിലേക്കു പുറപ്പെട്ടു. പതിവ്രതയായ ദമയന്തിയും ഭർത്താവിനെ പിന്തുടർന്നു. വഴിയിൽവെച്ച് ദുഷ്ടനായ കലി കപടം ചെയ്ത് നളന്റെ വസ്ത്രവും കൂടി അപഹരിച്ചു. ഒരേ വസ്ത്രംകൊണ്ടു രണ്ടുപേരും ദേഹം മറച്ച് രാത്രിയിൽ ഒരു വനമണ്ഡപത്തിൽ ചെന്നു കിടന്നു. ഭൈമി തളർച്ചകൊണ്ടുറങ്ങി. നളൻ വിചാരമഗ്നയായിട്ടാലോചന തുടങ്ങി: 'കൂടെ കൊണ്ടുനടന്നാൽ ഇവൾ വലയും; പിരിഞ്ഞുപോയാൽ പിതൃഗൃഹത്തിലോ മറ്റോ പോയി രക്ഷപ്പെട്ടു എന്നുവരാം; ധർമ്മരക്ഷിതയായ ഇവൾക്കു വഴിയിൽ അപായം ഒന്നും വരാനും ഇടയില്ല.' ഇങ്ങനെ ഉറച്ച് ആദിത്യാദിദേവന്മാരോട് അവളെ രക്ഷിക്കാൻ പ്രാർത്ഥിച്ചിട്ട് വസ്ത്രം മുറിച്ചുകൊണ്ടു വിട്ടുപോകുകയും ചെയ്തു.

ദമയന്തി ഉണർന്നുനോക്കുമ്പോൾ നളനെ കാണ്മാനില്ല. ആ വൻ കാട്ടിൽ അവൾ വിലപിച്ചുകൊണ്ടും ഭർത്താവിനെ ആവേശിച്ച ഭൂതത്തെ ശപിച്ചുകൊണ്ടും തേടിനടന്നു. അപ്പോൾ ഒരു പെരുമ്പാമ്പ് കാലിൽ പിടിയും കൂടി. എന്നിട്ടും അവൾ നളനെത്തന്നെ വിളിച്ചുകരഞ്ഞു. അതുകേട്ട് ഒരു കാട്ടാളൻ വന്നു കണ്ട് പാമ്പിനെക്കൊന്ന് അവളെ രക്ഷപ്പെടുത്തി. എന്നാൽ അവൻ അവളിൽ ബലാൽക്കാരമായി അധർമ്മം പ്രവർത്തിക്കാൻ ആരംഭിച്ചപ്പോൾ അവനെ അവൾക്കു ശപിക്കേണ്ടതായും വന്നുകൂടി. "നളനൊഴികെ ഒരു പുരുഷനെ ഞാൻ മനസ്സുകൊണ്ടുപോലും സ്പർശിച്ചിട്ടില്ലെങ്കിൽ ഇവൻ മരിച്ചുവീഴട്ടെ' എന്ന് ആ പതിവ്രത പറകയും ആ ദുഷ്ടൻ ശവമായി വീഴുകയും ഒന്നിച്ചുകഴിഞ്ഞു. ഈവക പലേ അനർത്ഥങ്ങളും സംഭവിച്ചു; എങ്കിലും ചാരിത്രരക്ഷിതയായ അവൾ അപായം ഒന്നും കൂടാതെ ഒരു ധാർമ്മികനായ സാർത്ഥവാഹന്റെ സഹായത്തോടുകൂടി ചേദിരാജ്യത്തു ചെന്നെത്തി. അവിടെ നഗരവീഥിയിൽ കച്ചവടക്കാരുടെ ഇടയിൽക്കൂടി സഞ്ചരിച്ച ദമയന്തിയെ അങ്ങാടിപ്പിള്ളർ ചുറ്റിക്കൂടി പരിഹസിക്കുകയും ശല്യപ്പെടുത്തുകയും ചെയ്യുന്നത്, ആ രാജ്യത്തെ രാജാവായ സുബാഹുവിന്റെ മാതാവ് മാളികയിൽനിന്നു നോക്കിക്കണ്ടിട്ട് അവളെ ആളയച്ചുവരുത്തി സൈരന്ധ്രിയുടെ നിലയിൽ സ്വപുത്രിയായ സുനന്ദയുടെ സഖിയാക്കി താമസിപ്പിച്ചു. രാജമാതാവിനോട് ഭൈമി സംഗതികളെല്ലാം സാമാന്യരീത്യാ അല്ലാതെ താൻ ഭീമപുത്രിയെന്നും, നളമഹിഷിയെന്നും കുറിപ്പെടുത്തിപ്പറയുകയുണ്ടായില്ല.

നളനാകട്ടെ, ഭൈമിയേയും ഉപേക്ഷിച്ചു കാട്ടിൽ ചുറ്റിനടക്കുമ്പോൾ കാട്ടുതീയുടെ നടുക്കുനിന്നും ഒരാൾ തന്റെ പേരുവിളിച്ചു നിലവിളിക്കുന്നതു കേട്ട് അടുത്തുചെന്ന് വിളിച്ചതു കാർക്കോടകനായ നാഗരാജാവാണെന്നറിഞ്ഞ് അവനെ കാട്ടുതീയിൽനിന്നും രക്ഷപ്പെടുത്തി. കൃതജ്ഞനായ കാർക്കോടകൻ നളനെ കടിക്കയാണു ചെയ്തത്. സർപ്പദ്മ്ശത്താൽ നളൻ വിരൂപനായിത്തീർന്നു. നാഗരാജൻ പിന്നീടു തന്റെ ദംശം നളനെ ആവേശിച്ചിരിക്കുന്ന ദുഷ്ടഭൂതത്തെ ബാധിക്കാനാണെന്നും, വൈരൂപ്യം തൽക്കാലം ജനങ്ങൾ

കണ്ടറിയാതിരിപ്പാൻ ഉപകരിക്കുമെന്നും, തന്നെ സ്മരിച്ചുംകൊണ്ട് താൻ കൊടുത്ത വസ്ത്ര യുഗ്മത്തിൽ ഒന്നുടുത്താൽ സ്വന്തരൂപം വീണ്ടും പ്രാപിക്കാമെന്നും നളനെ ആശ്വസിപ്പിച്ച്, വരങ്ങളും കൊടുത്ത്, ബാഹുകസംജ്ഞനായ സൂതനെന്നു പറഞ്ഞ് ഋതുപർണ്ണനെ പോയി സേവിച്ചാൽ അക്ഷഹൃദയവിദ്യ അറിയാനും അതുനിമിത്തം ദ്യൂതാവേശം നീങ്ങി ദമയന്തീസംഗമം ലഭിക്കാനും ഇടയാകുമെന്ന് ഉപദേശിക്കയും ചെയ്തിട്ട് അന്തർദ്ധാനം ചെയ്തു. അതുംപ്രകാരം നളൻ കോസലത്തിലെത്തി ഋതുപർണ്ണസൂതനായി വാഴുകയും ചെയ്തു.

ഇങ്ങനെ ദമയന്തിയും നളനും വേഷം മാറി ചേദിപുരിയിലും കോസലത്തിലും വസിക്കുമ്പോൾ നളന്റെ രാജ്യഭ്രംശം കേട്ട് ഭീമരാജാവ് ഭൈമീനളന്മാരെ തിരയാനായി അയച്ച ബ്രാഹ്മണരിൽ സുദേവനെന്നു പേരായ ഒരുവൻ ചേദിപുരിയിൽ ഭൈമിയെ കണ്ടെത്തി. പിന്നീട് സൈരന്ധ്രി തന്റെ സ്വസൃപുത്രിയായ ഭൈമിയാണെന്നറിഞ്ഞ് അനുശോചിച്ച രാജമാതാവിന്റെ അനുമതിയോടുകൂടി ദമയന്തി രഥമേറി കുണ്ഡിനത്തിൽ പിതൃസമീപത്തിൽ ചെന്നു താമസിച്ചു. അവിടെനിന്നു സകലദിക്കുകളിലും നളനെ അന്വേഷിക്കാൻ ബ്രാഹ്മണരെ നിയോഗിച്ചു. ഇങ്ങനെ അന്വേഷണം നടത്തിയതിൽ പർണ്ണാദൻ എന്നൊരു ബ്രാഹ്മണൻ മുഖേന നളൻ ഋതുപർണ്ണസാരഥിയായി താമസിക്കുന്നതായി ഒരു തുമ്പുകിട്ടി.

ഈവിധം അങ്കുരിച്ച പ്രത്യാശയോടെ ഭൈമി അച്ഛനെ വിവരമറിയിക്കാതെ സുദേവൻ എന്ന ബ്രാഹ്മണനെ വരുത്തി മാതൃസന്നിധിയിൽവെച്ച് ഇപ്രകാരം സന്ദേശിച്ചു: "അങ്ങ് ഒരു വഴിയാത്രക്കാരന്റെ നിലയിൽ അയോദ്ധ്യയിൽ ചെന്ന് നളൻ ജീവിച്ചിരിക്കുന്നോ ഇല്ലയോ എന്ന് അറിഞ്ഞില്ല; ദമയന്തിക്കു പുനർവ്വിവാഹം നടക്കുന്നു; നാളെയാണ് സ്വയംവരം; അതിലേക്കു രാജാക്കന്മാരെല്ലാം പോകുന്നു" എന്നു പറയണം. സുദേവൻ അതുപ്രകാരം ആചരിക്കുകയും ചെയ്തു.

പണ്ടുതന്നെ ഭൈമീകാമുകനായിരുന്ന ഋതുപർണ്ണൻ ഉടൻതന്നെ ബാഹുകനെക്കൊണ്ടു തേർതെളിപ്പിച്ച് നിർദ്ദിഷ്ടസമയത്തിനു മുമ്പു കുണ്ഡിനത്തിലെത്തി. വഴിയിൽവെച്ച് നളന്റെ അശ്വഹൃദയവിദ്യാപ്രയോഗം കണ്ടു സന്തോഷിച്ച് അയോദ്ധ്യാപതി സൂതന് അക്ഷഹൃദയം ഉപദേശിക്കയുണ്ടായി. ഇതോടുകൂടി കലിബാധ ഒഴിഞ്ഞു എങ്കിലും നളൻ വേഷഭേദം ചെയ്യാതെതന്നെ തേർ തെളിച്ചുകൊണ്ടുപോയി.

അയോദ്ധ്യാധിപതി വന്നിരിക്കുന്ന വിവരം കേട്ട് ഭീമരാജാവു ചെന്നെതിരേറ്റ് അതിഥിയെ സൽക്കരിച്ചു. എന്നാൽ സ്വയംവരത്തിന്റെ വട്ടം ഒന്നും കാണാഞ്ഞു ഭഗ്നാശനായ ഋതുപർണ്ണനോട് ഇത്ര ദൂരത്തുനിന്നും ഇത്ര ബദ്ധപ്പെട്ടു വന്നതിന്റെ കാരണം ഭീമരാജാവു ചോദിച്ചതിന്, സൌഹാർദ്ദം കൊണ്ടു സന്ദർശിപ്പാൻ വന്നതേയുള്ളു എന്നല്ലാതെ ഉത്തരമൊന്നുമില്ലായിരുന്നു. ഭൈമിയാകട്ടെ, പരിചിതമായ നളന്റെ രഥഘോഷം കേട്ട് ഭർത്താവിന്റെ ആഗമനം കാത്തുകൊണ്ടുനിന്നു. രഥം അടുത്തുവന്നപ്പോൾ അഭിജ്ഞാതന്മാരായ ഋതുപർണ്ണനും വാർഷ്ണേയനും കൂടാതെ വിരൂപനായ ബാഹുകൻ മാത്രമേ അതിലുള്ളു. ഭൈമി നിരാശപ്പെട്ട് ഒരുവേള സ്വസാരഥിയായിരുന്ന വാർഷ്ണേയനേയും നളൻ അശ്വഹൃദയം അഭ്യസിപ്പിച്ചിരിക്കുമോ എന്നും മറ്റും പല ആലോചനകളും തുടങ്ങി. ഏതായാലും ബാ

ഹുകനെ ഒന്നു പരീക്ഷിക്കണമെന്നുറച്ച് കേശിനി എന്നൊരു ദൂതിയെ അവന്റെ അടുക്കൽ അയച്ച്, പർണ്ണാദൻ പറഞ്ഞത് വാസ്തവമാണെന്നും മനസ്സിലാക്കി; അതിനു പുറമേ അവൻ ചെയ്ത പാകവിദ്യ പരിശോധിച്ച്, പുത്രനേയും പുത്രിയേയും അടുക്കൽ അയച്ചുനോക്കി; അവൻ മർദ്ദിച്ചാൽ പുഷ്പങ്ങൾ വാടുന്നില്ലെന്നു കണ്ടറിഞ്ഞു; എന്നുവേണ്ട സകലപരീക്ഷകളും കഴിച്ചു; ഒടുവിൽ ഭൈമി അമ്മയുടെ അനുമതികയോടുകൂടെ ബാഹുകനെ ആളയച്ചു വരുത്തി സ്വയമേവ ചോദ്യങ്ങൾചെയ്തു നളന്റെ വാസ്തവം വെളിപ്പെടുത്തി. അനന്തരം ബാഷ്പാകുലയായ ഭൈമി തന്റെ പ്രവൃത്തിയുടെ ഉദ്ദേശ്യമെല്ലാം നളനെ ബോധ്യപ്പെടുത്തി, പാതിവ്രത്യനിഷ്ഠയെപ്പറ്റി ലോകസാക്ഷികളായ ദേവന്മാരെക്കൊണ്ട് ആണയിട്ടപ്പോൾ വായുഭഗവാൻ,

"രാജൻ! ശീലനിധി: സ്ഥിതോ ദമയന്ത്യാസ്സരക്ഷിതഃ
സാക്ഷിണോ രക്ഷിണോശ്ചാസ്യ വയം ത്രീൻ പരിവത്സരാൻ"

എന്ന അശരീരിവാക്കുകൊണ്ട് അവളുടെ വാക്കിനെ സ്ഥിരപ്പെടുത്തി. ആകാശത്തിൽ പുഷ്പവൃഷ്ടി മുതലായതുണ്ടായി. സന്തുഷ്ടനായ നളൻ കാർക്കോടകനെ സ്മരിച്ചുകൊണ്ട് തദ്ദത്തമായ വസ്ത്രം ധരിച്ചു സ്വന്തരൂപം പ്രാപിച്ചിട്ടു തപസ്വിനിയായ ഭൈമിയെ ആലിംഗനം ചെയ്തു.

പിറ്റേന്നാൾ രാവിലെ ദമ്പതിമാർ പുത്രന്മാരോടുകൂടി ഭീമരാജാവിനെ ചെന്നു കണ്ടു. വിവരമറിഞ്ഞ് പൌരന്മാർ ഉത്സവം കൊണ്ടാടി. ഋതുപർണ്ണൻ അശ്വഹൃദയം കൈക്കൊണ്ടു സന്തുഷ്ടനായി സങ്കേതം പ്രാപിച്ചു. നളൻ ചൂതുകൊണ്ടുതന്നെ പുഷ്കരനെ ജയിച്ച് പൂർവ്വാധികപ്രൌഢിയോടുകൂടി നാടുവാണു സുഖിച്ചു.

ഒരു സംഭവം നടന്നതായി വിവരിക്കയാണല്ലോ കഥയുടെ സ്വരൂപം. സംഭവങ്ങളിൽ പ്രധാനമായ ഒരു സംഗതിയും, അതിനോടു ചേർന്ന പല സംഗതികളും ഉണ്ടായിരിക്കും. അതിൽ പ്രധാന സംഗതിക്ക് കഥയുടെ മർമ്മം എന്നു പേർ ചെയ്യാം. കാളിദാസന്റെ ശാകുന്തളം നോക്കുക. അതിൽ ശകുന്തള മോതിരം കളഞ്ഞുപോയ സംഗതിയാണ് മർമ്മം. പ്രകൃതിശാസ്ത്രത്തിൽ 'ഗുരുത്വകേന്ദ്രം' എന്നുപറയുന്ന ബിന്ദുവിന്റെ സ്ഥാനമാകുന്നു കഥയിൽ മർമ്മത്തിനുള്ളത്. മറ്റു സംഗതികളെല്ലാം ആ ഒരു സംഗതിയെ ആശ്രയിച്ചുനിൽക്കുന്നു. കഥയ്ക്കു നാമകരണം ചെയ്യുന്നതിൽ പലപ്പോഴും മർമ്മം ഉപകരിക്കും. കാളിദാസൻ താൻ നിർമ്മിച്ച ശകുന്തളയുടെ കഥയ്ക്ക് 'അഭിജ്ഞാനശാകുന്തളം' എന്നു പേർ കൊടുത്തിരിക്കുന്നു. അതു മോതിരം കളഞ്ഞ കഥയാണല്ലോ.

ഒരു കഥ പറകയോ എഴുതുകയോ ചെയ്യുമ്പോൾ കഥാപുരുഷന്മാർ അല്ലെങ്കിൽ പാത്രങ്ങൾ ചെയ്ത സകല പ്രവൃത്തികളും വിവരിക്കുന്നതു സാദ്ധ്യമല്ല; അങ്ങനെ ചെയ്തിട്ടാവശ്യമില്ല; ഏതെല്ലാം പ്രധാനസംഗതികളെയാണ് എടുത്തുകാണിക്കേണ്ടതെന്നുള്ളതിനെ ഒരു നിയമം ചെയ്യാൻ കഴിയുന്നതല്ല. ചിത്രകാരൻ ഒരു മനുഷ്യന്റെ ചിത്രമെഴുതുമ്പോൾ അവന്റെ സർവ്വാംഗവും അതിൽ കുറിക്കാറില്ലല്ലോ; അതുപോലെയാണ് കഥയിലും. ഏതു ഭാഗം

കാണിച്ചാൽ മറ്റു ഭാഗങ്ങൾ കാഴ്ചക്കാർക്ക് ഊഹിക്കാൻ കഴിയുമെന്നു ചിത്രകാരൻ നിശ്ചയിക്കുംപോലെ ഗ്രന്ഥകാരനും കഥയുടെ ഇന്ന അംശങ്ങൾ വിവരിച്ചാൽ ശേഷമുള്ളവ വായനക്കാർ പൂർത്തിയാക്കിക്കൊള്ളുമെന്നു നിർണ്ണയിക്കേണ്ടതാകുന്നു. സാധാരണക്കാരുടെ നോട്ടത്തിൽ തുച്ഛമെന്നു തോന്നുന്ന ചില്ലറസംഗതികൾ ചിലപ്പോൾ കഥകളിൽ പ്രധാനങ്ങളായിത്തീർന്നേക്കും. ഉത്തരരാമചരിതത്തിൽ ചിത്രദർശനഘട്ടത്തിൽ രാമൻ ജൃംഭകാസ്ത്രങ്ങളെ ആജ്ഞാപിക്കുന്നതും, ഗംഗയോടും ഭൂമിയോടും പ്രാർത്ഥിക്കുന്നതും മറ്റും തൽക്കാലം വായനക്കാർക്കു സാരമില്ലാത്തതായി തോന്നുന്നു; പിന്നീട് ഉപസംഹാരത്തിലാണ് അതുകളുടെ പ്രാധാന്യം വെളിപ്പെടുന്നത്. ഈ വിധം തുച്ഛസംഗതികളെ വലുതാക്കി ഫലിപ്പിക്കുന്നതിലാണ് കഥാകർത്താക്കളുടെ ചാതുര്യവും.

കഥകളിൽ ആവശ്യമ്പോലെ അവതാരിക ചേർക്കാം. ഏതുകാലത്തും ഏതു സ്ഥലത്തും ഏത് ആളുകളെപ്പറ്റിയുമാണ് കഥയെന്നു വായനക്കാരെ ഗ്രഹിപ്പിക്കുന്നതാണ് ഇതിന്റെ ഉപയോഗം. ചരിത്രകഥകളിലും പുരാണകഥകളിലും മറ്റും അവതാരികയ്ക്കാവശ്യം കാണും. ആഖ്യായികകളും നാടകങ്ങളും അവതാരിക കൂടാതെ ഇടയ്ക്കുവച്ചു തുടങ്ങുന്നതു നന്നായിരിക്കും. അങ്ങനെ ചെയ്താൽ അനുഭവർസത്തിനു ബലം കൂടും; 'മധുരാപുരി എന്നൊരു പട്ടണം' മധുരേശൻ എന്നൊരു രാജാവ്' ഇത്യാദി പഴയ രീതിയിൽ ആരംഭിക്കുന്നതു പറഞ്ഞുകേൾപ്പിക്കേണ്ടുന്ന കഥകൾക്കേ ആവശ്യമുള്ളു. കഥയിലെ സംഗതികൾ നടന്നുകൊണ്ടിരിക്കുന്നതിനെത്തന്നെ വായനക്കാരെ കൂട്ടിക്കൊണ്ടുചെന്നു കാണിക്കുക എന്ന ഭാവത്തിലാണ് ആഖ്യായികാകാരന്മാരും നാടകകർത്താക്കളും കഥയുടെ മദ്ധ്യത്തിലാരംഭിക്കുന്നത്. ഈവക ഗ്രന്ഥങ്ങളിലടങ്ങിയ കഥയ്ക്ക് ഇതിവൃത്തം എന്നു പേർ പറയുന്നു. പുരാണങ്ങളിലെ ഉപകഥകളും നീതികഥകളും മറ്റും പോലെ നാടകാദികളിലെ ഇതിവൃത്തം ലഘുവായിരിക്കയില്ല. സാധാരണ കഥകൾ കഥിക്കുന്നതിന്റെ ക്രമം അതാതു സംഗതികൾ നടന്ന കാലമനുസരിച്ചാണു. കാലത്തിന്റെ ക്രമം പിടിച്ചു കഥ കഥിക്കുന്നതായാൽ വളരെ സൌകര്യവും കാണും. എന്നാൽ അനുഭവരസത്തെ പ്രധാനമായി വിചാരിക്കുന്ന ആഖ്യായികാകാരന്മാർ കാലക്രമം പലപ്പോഴും തെറ്റിക്കും. ആദ്യം മുതൽ അവസാനം വരെ വായനക്കാർക്കു കൌതുകം ക്ഷയിച്ചുപോകാതെ ഒന്നുപോലെ നിലനില്പാന്വേണ്ടി ചെയ്യുന്ന ഒരു ഉപായമാണിത്. കഥയുടെ മർമ്മം അവസാനത്തിലേ വെളിപ്പെടാവൂ; അല്ലെങ്കിൽ ജിജ്ഞാസ നശിച്ചുപോകും. പല പാത്രങ്ങളേയും പല സംഗതികളേയും കെട്ടിച്ചമച്ച് അതുകളോടു നമ്മെ പരിചയപ്പെടുത്തി അതുകളിൽ നമുക്കു രാഗദ്വേഷങ്ങൾ ജനിപ്പിച്ച് അതുകളെ നാം പ്രത്യക്ഷത്തിൽ കാണുന്നതുപോലെ ഒരനുഭവം വരുത്തിക്കഴിയുമ്പോൾ നമുക്കു പ്രിയപ്പെട്ട പാത്രങ്ങൾക്കു ശ്രേയസ്സു വരണമെന്നും, ദുഷ്ടപാത്രങ്ങളുടെ ദുഷ്പ്രവൃത്തികൾ ഫലിക്കാതെ പോകണമെന്നും, നമുക്കു തന്നെത്താൻ അറിയാതെ ഒരു പ്രാർത്ഥന ജനിക്കുന്നതിനാൽ കഥയുടെ പരിണാമം എന്തെന്നറിയാനുള്ള പരിഭ്രമം അസഹ്യമായിത്തീരുന്നു. ഗ്രന്ഥകാരൻ ആ പരിണാമത്തെ കൌശലത്തിൽ നീക്കിനീക്കി കൊണ്ടുപോകുന്തോറും കൌതുകം നമുക്കു വർദ്ധിക്കയാണു ചെയ്യുന്നത്. പരിണാമം വെളിപ്പെട്ടുകഴിഞ്ഞാൽ പിന്നീടുള്ള ഭാഗമൊന്നും വിസ്തരിക്കരുത്.; അതെല്ലാം വായനക്കാർ സ്വയം ഊഹിച്ചുകൊള്ളും. ഇങ്ങനെ അവസാനംവരെ ജിജ്ഞാസ ശമി

പ്പിക്കാതെ സൂക്ഷിക്കുന്ന കഥാഗുണത്തിനു പരിണാമഗുപ്തി എന്നു പേർ ചെയ്യാം.

കഥകളിൽ സംഭാഷണം പലേടത്തും ആവശ്യപ്പെടും. ആഖ്യായികകളിൽ ചില അദ്ധ്യായങ്ങൾ സംഭാഷണരൂപങ്ങളായി കാണും; നാടകങ്ങൾ മുഴുവൻ തന്നെ സംഭാഷണങ്ങളാകുന്നു. നാടകകവി തിരശ്ശീലയിലിരുന്നുകൊണ്ട് തന്റെ പാത്രങ്ങളെ സംഭാഷണം ചെയ്യിച്ച് രംഗസ്ഥന്മാരെ കാര്യം ഗ്രഹിപ്പിക്കയല്ലാതെ ഒരിക്കലും താൻ നേരിട്ടു സംസാരിക്കയില്ല. സംഭാഷണങ്ങൾകൊണ്ടുമാത്രം ഒരു കഥ പൂർത്തിയാക്കുന്നതിനുള്ള ശ്രമമാണ് നാടകങ്ങളുടെ ദുഷ്കരത്വത്തിനു കാരണം. അതുകൊണ്ടുതന്നെ 'നാടകാന്തം കവിത്വം' എന്ന ചൊല്ലിനും ഇടയായി. ആട്ടക്കഥകളുടെ നില കവിപ്രോക്തകഥകഥകളുടെയും നാടകങ്ങളുടെയും മദ്ധ്യേയാണ്. കഥകളിയുണ്ടാക്കുന്നവർ കാവ്യത്തിൽ എന്നപോലെ കവിവാക്യത്തിൽത്തന്നെ ശ്ലോകങ്ങളാൽ കഥ കഥിച്ചുകൊണ്ടു മദ്ധ്യേമദ്ധ്യേ ഗാനരൂപങ്ങളായ സംഭാഷണങ്ങളെ പ്രവേശിപ്പിക്കുന്നതേയുള്ളൂ. കഥ 'ശ്ലോകത്തിൽ കഴിക്കുന്നതുകൊണ്ട്' കഥകളി ഉണ്ടാക്കുന്നത് ഏറ്റവും എളുതായിത്തീർന്നു. നാടകത്തിന്റെ ഇതിവൃത്തത്തിനുള്ള ബീജബിന്ദുപതാകാദിസന്ധിപഞ്ചകവും കഥകളിക്കാർ വകവച്ചിട്ടില്ല. വല്ല പുരാണകഥാഭാഗവും എടുത്ത് ഒരു സ്വയംവരം എന്നോ, ഒരു വധം എന്നോ, ഒരു വിജയം എന്നോ പേരിട്ട് കത്തി, താടി, കരി മുതലായ വേഷങ്ങൾക്കും ഏർപ്പാടു ചെയ്താൽ ഒരു ആട്ടക്കഥ തീർന്നു. നളചരിതം, ദക്ഷയാഗം മുതലായ ഏതാനും പ്രബന്ധങ്ങളൊഴികെ മിക്ക കൃതികളിലും കാവ്യരസം ചുരുങ്ങും.

സംഭാഷണം രണ്ടുവിധത്തിലാകാം: 'എൻ' 'നിൻ' എന്ന ഉത്തമമദ്ധ്യസർവ്വനാമങ്ങളെ ഉപയോഗിച്ച് നേരെ സംസാരിക്കുന്നതു സാക്ഷാൽ സംഭാഷണം; മറ്റൊരുവൻ റിപ്പോർട്ടു ചെയ്യുന്ന മട്ടിൽ വക്താവിന്റെ വാക്യത്തെ ഉദ്ധരിക്കാതെ വിവരിക്കുന്നത് അന്വാഖ്യാനസംഭാഷണം.

ഉദാഹരണം, സാക്ഷാൽ സംഭാഷണത്തിന്:

ശൂർപ്പണഖ: (രാമനോട്) ഞാൻ രാക്ഷസേശ്വരനായ രാവണന്റെ അനുജത്തിയാകുന്നു; എന്നെ അങ്ങു ഭാര്യയായി സ്വീകരിക്കണം.

രാമൻ: എനിക്കു ഭാര്യ ഒരുമിച്ചുതന്നെയുണ്ടല്ലോ; എന്റെ അനുജനായ ലക്ഷ്മണനോട് അപേക്ഷിക്കതന്നെ.

ശൂർപ്പണഖ: (ലക്ഷ്മണന്റെ അടുക്കൽ ചെന്ന്) അല്ലയോ ലക്ഷ്മണാ, അങ്ങേ ഞാൻ വരിക്കുന്നു.

ലക്ഷ്മണൻ: എന്റെ ജ്യേഷ്ഠനെ ആദ്യം നീ വരിക്കയാൽ എനിക്കു നിന്നെ സ്വീകരിപ്പതിന്നു ന്യായമില്ല.

ഇതുതന്നെ അന്വാഖ്യാനസംഭാഷണമായിട്ട്:

താൻ രാക്ഷസേശ്വരനായ രാവണന്റെ അനുജത്തിയാണെന്നും തന്നെ ഭാര്യയായി സ്വീകരിക്കണമെന്നും ശൂർപ്പണഖ രാമനോടു പ്രാർത്ഥിച്ചതിൽ തനിക്കു ഭാര്യയുള്ളതിനാൽ അവളെ സ്വീകരിപ്പാൻ സാധിക്കാത്തതുകൊണ്ടു തന്റെ അനുജൻ ലക്ഷ്മണനോട് അപേക്ഷി

ക്കാൻ ആജ്ഞാപിച്ച പ്രകാരം അവൾ ലക്ഷ്മണനെ വരിക്കവേ അവനും തന്റെ ജ്യേഷ്ഠനെ ആദ്യമായി വരിക്കയാൽ തനിക്ക് അവളെ സ്വീകരിക്കുന്നതിനു ന്യായമില്ലെന്ന് ഉപേക്ഷിച്ചു.

ഇതിൽ 'താൻ' എന്ന സർവ്വനാമത്തിന്റെ ഉപയോഗം സൂക്ഷിച്ചു മനസ്സിലാക്കേണ്ടതാകുന്നു. ചെറിയ സംഭാഷണങ്ങളെ മാത്രമേ അന്വാഖ്യാനം ചെയ്യാൻ സാധിക്കയുള്ളു. ദീർഘസംഭാഷണങ്ങളെല്ലാം സാക്ഷാൽ സംഭാഷണങ്ങളായിത്തന്നെ ഇരിക്കണം. അന്വാഖ്യാനം വളച്ചുകെട്ടാകയാൽ അപൂർവ്വമായിട്ടേ ഉപയോഗിക്കാവൂ; അതിനു സ്പഷ്ടതയും ബലവും കുറയും. കവിവാക്യമായി കഥിക്കുന്ന കഥകളിൽത്തന്നെയും ചില അംശങ്ങൾ പാത്രങ്ങളുടെ സാക്ഷാൽ സംഭാഷണരൂപേണ ബന്ധിക്കുന്നതു പുഷ്ടികരമായിരിക്കും. നാടകങ്ങളിൽ രംഗപ്രയോഗാനർഹങ്ങളായ പല സംഗതികളും കഥാബാഹ്യങ്ങളായ പാത്രങ്ങളെ പ്രവേശിപ്പിച്ച് അവരെക്കൊണ്ടു സംസാരിപ്പിക്കാറുണ്ട്. ഉത്തരരാമചരിതത്തിൽ ലവനും ചന്ദ്രകേതുവും തമ്മിലുള്ള യുദ്ധത്തെ വിദ്യാധരമിഥുനത്തിന്റെ സംഭാഷണംകൊണ്ടു വിവരിക്കുന്നതു നോക്കുക.

ഇതിവൃത്തം വാസ്തവവും കല്പിതവുമാവാം. ചരിത്രം, ജീവചരിത്രം, പുരാണം മുതലായതിൽനിന്ന് എടുക്കുന്ന കഥകൾ വാസ്തവത്തിൽ നടന്ന കഥകളാണല്ലോ. ഇന്ദുലേഖ, കൃഷ്ണാർജ്ജുനവിജയം, മാലതീമാധവം മുതലായതിലെ ഇതിവൃത്തം അതാതു കവികൾ കെട്ടിച്ചമച്ചതാകുന്നു. നീതികഥകൾ എല്ലാം കല്പിതങ്ങൾ തന്നെ. നാടകം, ആട്ടക്കഥ, ആഖ്യായിക ഇതുകളിൽ കഥാപുരുഷന്മാരും സംഗതികളും പുരാണചരിത്രാദികളിൽനിന്ന് ഉദ്ധൃതങ്ങളായിരുന്നാലും അവയിൽ കല്പിതാംശം ഏറിയിരിക്കും. ഭാരതത്തിലെ ശകുന്തളോപാഖ്യാനവും കാളിദാസരുടെ അഭിജ്ഞാനശാകുന്തളവും നോക്കുക. മോതിരത്തിന്റെ സംഗതിതന്നെ പുരാണത്തിലില്ല; എന്നാൽ നാടകത്തിന്റെ സ്വാരസ്യമെല്ലാം മോതിരം കളഞ്ഞതിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതിനുമണ്ണം മാർത്താണ്ഡവർമ്മയിലെ പല പാത്രങ്ങളും സ്ഥലകാലങ്ങളും സംഭവങ്ങളും തിരുവിതാംകൂർചരിത്രത്തിലുള്ളവയാണെങ്കിലും കഥാമർമ്മമായ സംഗതി കൃത്രിമമാകുന്നു. നാടകത്തിലും ആഖ്യായികയിലും (കാവ്യത്തിലും) ഉചിതങ്ങളായ പാത്രങ്ങളെ ബന്ധിച്ച് തൻമുഖേന ലോകസ്വഭാവം വർണ്ണിക്കുന്നതിലാണ് കവിക്കു സംരംഭം. വാസ്തവത്തിൽ നടന്ന സംഗതി ഗ്രഹിക്കുന്നതിന് പുരാണങ്ങളും ചരിത്രങ്ങളുമുണ്ടല്ലോ.

## അഭ്യാസം

1. ഏതെങ്കിലും ഒരു നാടകവും ആഖ്യായികയും വായിച്ച് അതുകളിലെ കഥാവസ്തു സംഗ്രഹിച്ചെഴുതി മർമ്മഭൂതമായ കഥാഭാഗമിന്നതെന്നു നിർദ്ദേശിക്ക.
2. മറുദേശത്തു താമസിക്കുന്ന ഒരു ബന്ധുവിന്റെ ഗൃഹത്തിൽ കല്യാണത്തിനുപോയ സംഗതി അന്വാഖ്യാനത്തിന്റെ മട്ടിൽ എഴുതുക.
3. നിങ്ങൾ കേട്ടിട്ടുള്ള ഒരു വിക്രമാദിത്യന്റെ കഥ ചുരുക്കിപ്പറക.

4. ചെകുത്താന്റെയോ യക്ഷിയുടേയോ കഥ കഥിക്ക.
   (എ) ഒരേഷണിക്കാരനു പറ്റിയ അബദ്ധം.
   (ബി) ദുസ്സംസർഗ്ഗത്താൽ ഒരു ബാലനു നേരിട്ട ആപത്ത്.
   (സി) മുള്ളിൽ പിടിച്ചാലും മുറുകെ പിടിക്കണം.
   (ഡി) താഴത്തിറങ്ങിയേ സമ്മാനമുള്ളു.
5. മേൽച്ചൊന്ന സംഗതികളെ ഓരോ കഥകൊണ്ടുദാഹരിക്ക.
6. വഞ്ചനയ്ക്കു പോകുന്നവൻ ഒടുവിൽ അകപ്പെടുമെന്നു സാരം വരുന്ന ഒരു നീതികഥ നിർമ്മിക്കുക.
7. ഒരു ദേവാലയത്തിൽ അടുത്തുകഴിഞ്ഞ ഒരു ഉത്സവാഘോഷത്തെപ്പറ്റി വിപരീതാഭിപ്രായക്കാരായ രണ്ടു വിദ്യാർത്ഥികളുടെ സംഭാഷണം എഴുതുക.

# 3

## വർണ്ണനം

ലൌകികം എന്നും, ശാസ്ത്രീയമെന്നും വർണ്ണനം രണ്ടുവിധമുണ്ട്. വർണ്ണനത്തിന്റെ ഉദ്ദേശമനുസരിച്ചുള്ള വിഭാഗമാണിത്. ഹിമാലയപർവ്വതത്തെ കുമാരസംഭവത്തിലും ഭൂമിശാസ്ത്രത്തിലും വർണ്ണിച്ചിട്ടുണ്ട്. രണ്ടിനും തമ്മിലുള്ള അന്തരമാണ് ഈ വിഭാഗത്തിനു കാരണം. ശാസ്ത്രീയവർണ്ണനം, അറിവിനുവേണ്ടി ചെയ്യുന്നതും ലൌകികവർണ്ണനം, വിനോദത്തിനുവേണ്ടി ചെയ്യുന്നതും ആകുന്നു. ഭൂമിശാസ്ത്രകാരൻ പ്രതിപാദിക്കുന്നതു ഹിമാലയത്തിന്റെ കിടപ്പ്, അതിർത്തികൾ, നീളം, വീതി, ഉയർച്ച ഇത്യാദികളാകുന്നു; കവിയുടെ ദൃഷ്ടിയാകട്ടെ, അതിലുള്ള നാനാവിധ രമണീയവസ്തുക്കളിലാണ് പതിക്കുന്നത്. വിഷയവിവേചനത്തിനുവേണ്ടി ലൌകികവർണ്ണനത്തിന് വർണ്ണന എന്നും, ശാസ്ത്രീയവർണ്ണനത്തിന് നിരൂപണം എന്നും രണ്ടിനും പൊതുവെ വർണ്ണനം എന്നും ഇവിടെ നാമവ്യവസ്ഥ ചെയ്തിരിക്കുന്നു. നിരൂപണത്തിൽ സൂക്ഷ്മതയും സ്ഫുടതയും മാത്രമേ ആലോചിപ്പാനുള്ളു. വർണ്ണനയെപ്പറ്റിയാണ് ഇവിടെ സ്വല്പം പ്രസ്താവിക്കാനുള്ളത്.

ചിത്രകാരൻ ചായങ്ങളെക്കൊണ്ടു ചെയ്യുന്ന പ്രവൃത്തിതന്നെയാണ് വർണ്ണനയിൽ ഗ്രന്ഥകാരൻ വാക്കുകളെക്കൊണ്ടു ചെയ്യുന്നത്. അപ്രത്യക്ഷമായ ഒരു വസ്തുവിനെ പ്രത്യക്ഷപ്പെടുത്തിക്കൊടുക്കുന്നതിനാണ് രണ്ടുപേരുടെയും പരിശ്രമം. ചിത്രമെഴുത്തിൽ ചില സൌകര്യങ്ങൾക്കു കൂടുതലുണ്ടെങ്കിൽ മറ്റു ചില സൌകര്യങ്ങൾക്കു കുറവുമുണ്ട്. രൂപമുള്ള മൂർത്തപദാർത്ഥങ്ങളെ ചിത്രകാരന് അധികം സ്ഫുടതയോടെ കുറിച്ചുകാണിക്കാൻ കഴിയും; ഗ്രന്ഥകാരന് മൂർത്തവസ്തുക്കളെപ്പോലെത്തന്നെ അമൂർത്തവസ്തുക്കളേയും വർണ്ണിക്കാം. ചിത്രത്തിൽ ചലനസ്തോഭങ്ങളെക്കൊണ്ട് ഊഹിപ്പാനേ നിവൃത്തിയുള്ളു; വർണ്ണനയിൽ ചലനവസ്തുവെന്നും സ്ഥിരവസ്തുവെന്നുമുള്ള ഭേദമേ ഇല്ല. ചിത്രത്തിന്റെ വിഷയം പരിമിതമായിരിക്കെ വർണ്ണനയുടെ വിഷയം വ്യാപകമാകുന്നു.

സ്ഥലം, കാലം, പുരുഷൻ, അവസ്ഥ, പ്രവൃത്തി ഇത്യാദികളെല്ലാം വർണ്ണനയ്ക്കു വിഷയമാകുന്നു.

"നഗരാർണ്ണവശൈലത്തു ചന്ദ്രാർക്കോദയവർണ്ണനൈഃ
ഉദ്യാനസലിലക്രീഡാ മധുപാനരതോത്സവൈഃ
വിപ്രലംഭൈർവിവാഹൈശ്ച കുമാരോദയവർണ്ണനൈഃ
മന്ത്രദ്യൂതപ്രയാണാജി നായകാഭ്യുദയൈരപി"

എന്ന് കാവ്യത്തിൽ വർണ്ണനീയങ്ങളായ വസ്തുക്കളെ ദണ്ഡി പരിഗണിച്ചിരിക്കുന്നു. കാവ്യത്തിൽ ഇതുകളേയും ഇതുപോലെയുള്ള എണ്ണങ്ങളേയും വർണ്ണിക്കണമെന്നാണ് ദണ്ഡി അഭിപ്രായപ്പെടുന്നത്. ഇപ്പറഞ്ഞതെല്ലാം വർണ്ണിക്കണമെന്നോ ഇതിനു പുറമെ ഒന്നും വർണ്ണിക്കേണ്ടാ എന്നോ ആ ഗ്രന്ഥകാരനു വിവക്ഷയില്ല. കാളിദാസാദി പ്രാചീനമഹാകവികളുടെ സമ്പ്രദായം നോക്കി അദ്ദേഹം കാവ്യകർത്താക്കൾക്ക് ഒരു മാർഗ്ഗപ്രദർശനം ചെയ്തതേ ഉള്ളു. ദണ്ഡി ചെയ്ത ഉപദേശത്തിന്റെ തത്വം ഗ്രഹിക്കാഞ്ഞിട്ടോ, ലക്ഷണങ്ങൾക്കു പൂർത്തിവരുത്തി മൂർദ്ധാഭിഷിക്തദൃഷ്ടാന്തഭൂതമായ ഒരു കാവ്യം ചമയ്ക്കാമെന്നുള്ള കൌതുകം കൊണ്ടോ ഭാരവിപ്രഭൃതികളായ അർവാചീനകവികൾ നഗരാദിവർണ്ണനകൾക്കു വേണ്ടതിലധികം പ്രാധാന്യം കൊടുത്തു. ഭാരവി ഉണ്ടാക്കിയ കാവ്യത്തിന്റെ പേർ കിരാതാർജ്ജുനീയമെന്നാണ്. ഇതിലെ ഇതിവൃത്തം കിരാതവേഷത്തിൽ വന്ന ശ്രീപരമേശ്വരനെ യുദ്ധം ചെയ്തു പ്രസാദിപ്പിച്ച് അർജ്ജുനൻ പാശുപതാസ്ത്രം വാങ്ങിയ ഭാരതകഥയാകുന്നു. ഇതിൽ 'ഉദ്യാനസലിലക്രീഡാ മധുപാനരതോത്സവാദികളെ വർണ്ണിക്കുന്നതിനു യാതൊരു പ്രസക്തിയുമില്ല. ഒരു പ്രസക്തിയുമില്ലാത്തതിനെ ഉണ്ടാക്കി വർണ്ണിക്കുന്നതല്ലയോ കവിക്കു മെച്ചം. അതിനാൽ ഭാരവി, അർജ്ജുനനെ മോഹിപ്പിക്കാൻ വന്ന ദേവസ്ത്രീകളെ പിടിച്ചു സലിലക്രീഡാദിവർണ്ണനകളെല്ലാം നിർവ്വഹിച്ചു. ഇതിന്റെ അനൌചിത്യം എടുത്തുകാണിക്കേണ്ടതുണ്ടോ? കഥാശരീരത്തിൽ ദേവസ്ത്രീകളുടെ വരവ് എത്രയോ തുച്ഛമായ ഒരംഗമാകുന്നു. ഇന്ദ്രൻ സ്ഥാനഭ്രംശം ശങ്കിച്ച് ഒരു രാജകാര്യം സാധിക്കാൻ പറഞ്ഞയച്ചവർ ജലക്രീഡയും മറ്റും ചെയ്തു കളിച്ചുനടക്കുകയാണോ വേണ്ടത്? ഒരു താമരപ്പൂവിനെ വർണ്ണിക്കാൻ വേണ്ടി ആരെങ്കിലും കുളം കുഴിച്ചതും താമര നട്ടതും മറ്റും വർണ്ണിക്കുമോ? എന്നാൽ ഭാരവി സർഗ്ഗങ്ങളൊക്കെ ചെറുതാക്കി അനാവശ്യവർണ്ണനകളെ 'മരുന്നിനു വേണ്ടി' എല്ലാം 'എണ്ണം കേൾപ്പിച്ചതേ ഉള്ളു. ഭാരവിയെ കണ്ടു ഭ്രമിച്ചു പ്രവർത്തിച്ചവരായ മാഘമംഖാദികളാകട്ടെ സ്വകാവ്യങ്ങളെ അനാവശ്യവർണ്ണനകളെക്കൊണ്ടു നിറച്ചു. രൈവതകം എന്ന കുന്ന് മാഘന്റെ വർണ്ണനയിൽ മഹാമേരുവിനും ഉപരിയായി. ശിശുപാലനെ കൃഷ്ണൻ വധിച്ചത് ആ കുന്നിന്റെമേൽവെച്ചായിരുന്നെങ്കിലും സമാധാനമുണ്ടായിരുന്നു. 'തലയിരിക്കുമ്പോൾ വാലാടുകയില്ല' എന്ന പഴഞ്ചൊല്ല് ഇവർ കേട്ടിട്ടേ ഇല്ലെന്നു തോന്നിപ്പോകും. കല്യാണം ഘോഷിച്ച് താലി കെട്ടാൻ മറന്നുപോയി എന്നുള്ള പരിഹാസം പോലെ ഇവർ വർണ്ണനകളുടെ ലഹളയിൽ കഥാവസ്തു വിട്ടുകളയുന്നു. ഇങ്ങനെ സംസ്കൃതത്തിലെ അർവ്വാചീനകവികളെല്ലാം കഥയില്ലാത്തവരായിത്തീർന്നു എന്നു പറയേണ്ടിവന്നിരിക്കുന്നു. ഗദ്യകാരന്മാരുടെ യോഗ്യത ഇതിലും കഷ്ടം. കാദംബരിയിലെ കഥാവസ്തു ഇന്നതെന്നു മാസ്സിലാക്കുന്നതിനു സാമാന്യത്തിലധികം ക്ഷമയുള്ളവർക്കേ സാധിക്കയുള്ളു. ആ ഗ്രന്ഥത്തിന്റെ ആരംഭത്തിലുള്ള ശുഷ്കശാൽമലീവൃക്ഷത്തിന്റെ (ഉണങ്ങിയ ഇലവിന്റെ) വർണ്ണനയുടെ നീളവും കോലാഹലവും ഒരു കല്പവൃക്ഷത്തെപ്പറ്റി ആയിരുന്നാൽപ്പോലും

വായനക്കാരെ മുഷിപ്പിക്കും. ഉണങ്ങിക്കരിഞ്ഞ ഇലവുമരത്തിൽ വല്ലതുമുണ്ടോ? ഇല്ലെങ്കിലുണ്ടാക്കുക തന്നെ. ഉപമ എന്നും വിരോധാഭാസം എന്നും രണ്ടലങ്കാരമുണ്ടല്ലോ? ഇല്ലാത്ത ഔപംയവും വിരോധവും ഉണ്ടാക്കിത്തീർക്കാൻ ശ്ലേഷമുണ്ട്; പിന്നെന്തിനാണു പഞ്ഞം? ശാൽമലീവൃക്ഷം പാണ്ഡവസേനപോലിരിക്കുന്നു, കാന്താമുഖം പോലിരിക്കുന്നു; ആനയെപ്പോലെ, പൂനയെപ്പോലെ എന്നെല്ലാം കെട്ടിച്ചമയ്ക്കുക തന്നെ. ശുഷ്കമായി ഇല മിക്കതും കൊഴിഞ്ഞു ശാഖകളില്ലാതെ ഇരിക്കയാൽ 'വൃദ്ധവാനരാലുംഗലംപോലെ ശോഭിക്കുന്ന ഇലവുമരം' എന്നോ മറ്റോ വർണ്ണിച്ചിരുന്നെങ്കിലും മതിയായിരുന്നു. ഏകശബ്ദവാച്യത്വംകൊണ്ടു മാത്രം രണ്ടു വസ്തുക്കൾക്കു തമ്മിൽ സാദൃശ്യമോ വിരോധമോ ഉണ്ടെന്നു നടിക്കുന്നത് കേവലം ബാലിശത്വമല്ലയോ? 'കാന്താമുഖം കാനനം പോലെ ശോഭിക്കുന്നു', എന്തുകൊണ്ടെന്നാൽ രണ്ടും പത്രാവലീവിലസിതമത്രേ. 'പത്രാവലി' എന്ന പദത്തിന് ഇലക്കൂട്ടമെന്നും, പത്തിക്കീറ്റ് എന്നു പറയുന്ന കറി എന്നും രണ്ടർത്ഥമുള്ളതിൽ ഓരോന്ന് ഓരോ ദിക്കിൽ ഉപയോഗിച്ച് ഏകത്വം സമ്പാദിച്ചുകൊള്ളുന്നു. ഇതാണ് ശ്ലേഷോപമയുടെ പോക്ക്. ഈ വഴി പോയാൽ ലോകത്തിൽ സാമ്യമില്ലാത്ത രണ്ടു വസ്തുക്കളില്ലെന്നുതന്നെ പറയരുതോ?

ഇപ്രകാരം ശ്ലേഷം പൂശി പ്രഥമദൃഷ്ടിയിൽ ചെമ്പു തെളിയാതെ മിനുക്കീട്ടുള്ള അർത്ഥാലങ്കാരങ്ങൾ ധരിച്ചു പ്രാസയമകാദി ശബ്ദാലങ്കാരങ്ങൾ കിലുക്കിക്കൊണ്ടാണ് അർവാചീനസംസ്കൃതകവികളുടെ രസനാരംഗത്തിൽ കവിതാകാമിനി കളിയാടുന്നത്. പണ്ടത്തെ അകൃത്രിമമായ സൌന്ദര്യവും ഗാംഭീര്യവും എല്ലാം പോയി, കൃത്രിമമായ പല്ലും തലമുടിയും വെച്ച് പൊടിയിട്ട് മുഖം മിനുക്കി വരുന്ന വൃദ്ധവേശ്യയുടെ അവസ്ഥയാണു കാണുന്നത്. ഈ കൃത്രിമത[1]യും വേഷാഡംബരവും കണ്ടാണ് പാശ്ചാത്യന്മാർ നാട്ടുകാരുടെ 'കവിതാപ്രസ്ഥാനം ദുഷിച്ചുപോയി' എന്നു പറയുന്നത്. എന്നാൽ ഈ ദോഷാരോപണവും സർവ്വാത്മനാ വാസ്തവമാണെന്ന് ഒരിക്കലും സമ്മതിക്കാവുന്നതല്ല. ഭാരതീയർ പാശ്ചാത്യരേക്കാൾ തുലോം അധികം സാഹിത്യരഹസ്യങ്ങളെ ചർച്ച ചെയ്തിട്ടുള്ളവരാണ്. ധ്വനിലോചനാദിഗ്രന്ഥങ്ങൾ[2] സാഹിത്യശാസ്ത്രമർമ്മങ്ങളെ പ്രകാശിപ്പിക്കുന്നില്ലെങ്കിൽ മറ്റേതു നാട്ടുകാരുടെ ഗ്രന്ഥസമുച്ചയത്തിൽനിന്നുമാണ് അങ്ങനെ ഒരു ഗ്രന്ഥത്തിന്റെ പേർ എടുത്തു ദൃഷ്ടാന്തപ്പെടുത്താവുന്നത്? ആലങ്കാരികന്മാർ ഗാഢമായി വിമർശം ചെയ്ത് കവികളുടെ ഈവക ദോഷങ്ങളെ എല്ലാം വേണ്ടും വണ്ണം വെളിപ്പെടുത്തീട്ടുണ്ട്. അവരുടെ ദൃഷ്ട്യാ എല്ലാ ദോഷങ്ങളും നീങ്ങീട്ട് ഒരു ശ്ലോകം പോലുമുണ്ടോ എന്നു സംശയം തന്നെ. 'പാണിപീഡനവിധേരനന്തരം' പാർവ്വതീ പരമേശ്വരന്മാർ നടത്തിയ പ്രവൃത്തികളെ വർണ്ണിച്ചവകയ്ക്കു കുമാരസംഭവത്തിന്റെ എട്ടാം സർഗ്ഗം മുഴുവനും ദുഷ്ടമെന്ന് അവർ കാളിദാസരെക്കൂടി ഖണ്ഡിക്കാതെ വിട്ടിട്ടില്ല. അതിനാൽ മാഘാദികവികൾ അറിയാതെ ദോഷം ചെയ്തു എന്ന് ഒരിക്കലും വരുന്നതല്ല.

[1] കൃത്രിമം എന്നുപയോഗിക്കയാണ് ഭാഷയിൽ നല്ലതു. സംസ്കൃതവൈയാകരണന്മാരെ ഭയന്നാണ് 'കൃത്രിമത' എന്ന മുറയ്ക്കു പ്രയോഗിച്ചത്.

[2] ആനന്ദവർദ്ധനന്റെ ധ്വന്യാലോകവും അഭിനവഗുപ്തന്റെ ലോചനമെന്ന വ്യാഖ്യാനവും.

വാസ്തവം നോക്കുമ്പോൾ കവികളും അവരുടെ കൃതികളെ വിമർശം ചെയ്ത ആലങ്കാരികന്മാരും ഒന്നുപോലെ അതിർകവിഞ്ഞു പ്രവർത്തിച്ചു എന്നുവേണം വിചാരിപ്പാൻ. കാവ്യകർത്താക്കൾ കൃത്രിമാഡംബരം ഭ്രമിച്ച് നിസ്സാരങ്ങളെ സാരമാക്കിത്തുടങ്ങി; അലങ്കാരശാസ്ത്രകാരന്മാർ അവരുടെ പങ്കിനു 'തൊട്ടതും വെച്ചതുമെല്ലാം കുറ്റം' എന്നു സർവ്വത്ര ദോഷകല്പനചെയ്യാനുമാരഭിച്ചു. ഒരു തെറ്റും കൂടാതെ ഒരു ശ്ലോകം തീരുകയില്ലെങ്കിൽ എന്തിനു കഷ്ടപ്പെടുന്നു? പ്രാസവും ശ്ലേഷവും ചേർത്തു മിനുക്കിയാൽ പോരേ എന്നായി കവികൾക്ക് ആശാഭംഗത്താലുള്ള നില. എന്നാൽ പ്രാസവും ശ്ലേഷവും കേവലം വിലയില്ലാത്തതെന്നു ശപഥം ചെയ്യാൻ ഈ ഗ്രന്ഥകാരനും ഒരുക്കമില്ല. താഴെ കൊടുത്തിരിക്കുന്ന ശ്ലോകം നോക്കുക:

മഹീപതേ! ഭാഗവതോപമാനം
മഹാപുരാണം ഭവനം മദീയം
നോക്കുന്നവർക്കൊക്കെ വിരക്തിയുണ്ടാ-
മർത്ഥങ്ങളില്ലെന്നൊരു ഭേദമുണ്ട്.[1]

ഇതിലെ ഉപമയും വ്യതിരേകവും എത്ര രമണീയമായിരിക്കുന്നു! ഇതിലെ ഉപമയ്ക്കും 'പത്രാവതീവിലസിത' മാകയാൽ കാമിനീമുഖം കാനനതുല്യമാണെന്നുള്ള ഉപമയ്ക്കും ഉള്ള ഭേദം സൂക്ഷിച്ചറിയേണ്ടതാണ്. രണ്ടിലും ശ്ലേഷംകൊണ്ടുള്ള ബലാൽക്കാരം തുല്യമാണെങ്കിലും ഒന്ന് ഹൃദയംഗമവും മറ്റത് ഉദ്വേഗജനകവും ആയിരിക്കുന്നു. അതിലേക്ക് കാരണം എന്ത്? ദരിദ്രനായ കവി ഗതിയില്ലാഞ്ഞിട്ട്, തന്റെ ഗൃഹത്തിനു ജീർണ്ണോദ്ധാരണം ചെയ്തുകൊടുപ്പാൻ പ്രഭുവിനോടു പ്രാർത്ഥിക്കുന്നതിൽ ഗൃഹത്തിനു ഭാഗവതസാദൃശ്യം, പ്രകരണാദികളുടെ ബലത്താൽ ഗൃഹം കാണികൾക്കു വിരക്തിപ്രദമാണെങ്കിലും തനിക്ക് അതിൽ പ്രതിപത്തിക്കും ഗൌരവബുദ്ധിക്കും കുറവില്ലെന്നു ധ്വനിപ്പിക്കുന്നതിൽ പര്യവസാനിക്കുന്നു. ഇവിടെ അലങ്കാരം സർവ്വപ്രധാനമായ വ്യംഗ്യത്തിന്റെ സാധകമെന്നേയുള്ളു. അതിന്റെ സാധമാണ് ശ്ലേഷം; ഇങ്ങനെ ശ്ലേഷം അത്യന്തം തിരോഹിതമാണ്. വ്യംഗ്യരസത്തിൽ മുങ്ങിപ്പോയ മനസ്സ് അതിലേക്ക് ഇറങ്ങുന്നതിനു സോപാനമായിരുന്ന ശ്ലേഷത്തെ പിന്നീട് ഓർമ്മിക്കുന്നതേ ഇല്ല. മറ്റേ ഉദാഹരണത്തിലോ "കാന്താമുഖം കാനനവദ്വിഭാതി" എന്ന് ഒരു സമസ്യയെ പൂരിപ്പിച്ചു എന്നൊരു മെച്ചമേ കവിക്കുള്ളു. അതിൽ വല്ല ചമൽക്കാരവും ഉണ്ടെന്നു കൽപ്പിക്കേണമെങ്കിൽ അതു ശ്ലേഷം ഒന്നുതന്നെ. ഇങ്ങനെ ബാലിശമായ ശ്ലേഷം പ്രധാനമായി പ്രതിഭാസിക്കുന്നതുതന്നെയാണ് അതിലുള്ള വൈരസ്യം. സ്വർണ്ണമാലയുടെ കണ്ണികൾ കൂട്ടി വിളക്കുന്നതിനായി പിച്ചള ഉപ

[1] രാജാവേ! എന്റെ ഗൃഹത്തെ ഭാഗവതത്തോട് ഉപമിക്കാം. കാരണം, ഭാഗവതം മഹാപുരാണമാണ്. – സർഗ്ഗപ്രതിസർഗ്ഗാദിലക്ഷണങ്ങളോടുകൂടിയ മഹാപുരാണം. എന്റെ വീടും മഹാപുരാണമാണ് – വളരെ പഴക്കമുള്ളതാണ് – അതുപോലെ ഭാഗവതം വായിക്കുന്നവർക്ക് പ്രാപഞ്ചികജീവിതത്തിൽ വിരക്തി – വൈരാഗ്യം ഉണ്ടാകും. എന്റെ വീടു കാണുന്നവർക്കും വിരക്തി – വെറുപ്പ് ഉണ്ടാകും. ഇങ്ങനെ സാദൃശ്യമുണ്ടെങ്കിലും ഒരു കാര്യത്തിൽ വ്യത്യാസമുണ്ട്. ഭാഗവതത്തിൽ അർത്ഥം ധാരാളമുണ്ട് – എന്റെ ഗൃഹത്തിലാകട്ടെ, അർത്ഥം – ധനം ഒട്ടും ഇല്ല.

യോഗിക്കുന്നതിനും, പിച്ചളകൊണ്ടുതന്നെ മാല തീർപ്പിക്കുന്നതിനും തമ്മിലുള്ള ഭേദം ഇവിടെയുണ്ട്.

മനോധർമ്മം, കല്പനാശക്തി, ഉല്ലേഖനം, സ്വഭാവസമീക്ഷണം ഇത്യാദ്യംശങ്ങളിലും മാഘാദികൾ ഇന്ന് അദ്വിതീയന്മാർ തന്നെയാണ്. ശിശുപാലവധാദികാവ്യങ്ങളിലെ ശ്ലോകങ്ങൾ ഓരോന്നും മുക്തകങ്ങൾ (ഒറ്റശ്ലോകങ്ങൾ) ആയി എടുത്തുനോക്കുന്നതായാൽ നൂറ്റിന തൊണ്ണൂറും നാനാപ്രകാരങ്ങളായ സ്വാരസ്യങ്ങളെക്കൊണ്ടു പ്രകാശിക്കുന്നവ ആയിരിക്കും. വശ്യവാക്ത്വവും (പദങ്ങളുടെ ധാരാളത) വ്യാകരണനൈപുണ്യവും ശാസ്ത്രപരിചയവും മറ്റും പ്രകാശിപ്പിക്കാൻവേണ്ടി ചിലേടത്തു പ്രകൃതിയെ ലംഘിച്ചു വർണ്ണനകൾ ചെയ്യാനും, അതിശയോക്തിയും അത്യുക്തിയും കടത്തി പ്രയോഗിച്ചു സത്യാസത്യഭേദം ഇല്ലായ്മചെയ്യാനും പുറപ്പെട്ടിരുന്നില്ലെങ്കിൽ 'ഉത്തമകവികൾ' എന്ന മാഘാദികളുടെ കീർത്തിയിൽ ഒരുവനും വിസംവദിക്കയില്ലായിരുന്നു. പ്രകൃതിയേയും പരമാർത്ഥത്തേയും ഉല്ലംഘിക്കുന്നിടത്തോളം അംശത്തിൽ ഇവരുടെ വാസന ദൂഷിച്ചുപോയി എന്നു സമ്മതിക്കാതെ നിർവ്വാഹമില്ല. ശേഷം അംശങ്ങളിൽ ഇവർ ഉത്തമന്മാർതന്നെ. ആകയാൽ ഏഴാം ശതവർഷത്തിനിപ്പുറം സംസ്കൃതകവികളുടെ ഇടയിൽ ഒരു ദുർവ്വാസന വ്യാപിച്ചിട്ടുണ്ടെന്നുള്ള സംഗതി ഇവിടെ ഇത്രയും വിസ്തരിക്കേണ്ടിവന്നു.

ഔചിത്യം എന്നത് സാഹിത്യത്തിൽ സർവ്വത്ര സർവ്വാത്മനാ ദീക്ഷിക്കേണ്ടതാണെങ്കിലും വർണ്ണകളിൽ വിശേഷിച്ചും അതിനെ സംരക്ഷിക്കേണ്ടതുണ്ട്. ഒരു സംഗതി വർണ്ണിക്കുമ്പോൾ ഏതു ദേശത്ത്, ഏതുകാലത്ത്, ഏതുവിധം ആചാരമുള്ള ഏതു നാട്ടുകാരുടെ ഇടയിലാണ് അതുനടന്നത് എന്നുള്ളത് ഗ്രന്ഥകർത്താവിന് സർവ്വദാ ഓർമ്മ വേണം. ഇല്ലാത്തപക്ഷം അവർ താന്താങ്ങളുടെ ദേശകാലസമുദായാചാരങ്ങളെത്തന്നെ കഥാപുരുഷന്മാരിൽ ആരോപിച്ചുപോകും. ഇങ്ങനെ ദേശാദികളെ തെറ്റി പ്രയോഗിക്കുന്നതിന് കാലലംഘനം, ദേശലംഘനം, സമുദായാചാരലംഘനം ഇത്യാദി സംജ്ഞകൾ ചെയ്യാം. കാലലംഘനവും സമുദായാചാരലംഘനവും കവികൾ അറിഞ്ഞും അറിയാതേയും ധാരാളം ചെയ്യാറുണ്ട്. ഭാഷാകവികളിൽ കുഞ്ചൻ നമ്പ്യാർ ഒരുവിധം ലംഘനവും ഗണിക്കാത്ത ആളാകുന്നു. അദ്ദേഹത്തിന്റെ കഥാപുരുഷന്മാരെല്ലാം മലയാളികളാണ്; അവരുടെ നടപടികളും അവർ സഞ്ചരിക്കുന്ന സ്ഥലങ്ങളും എല്ലാം മലയാളത്തിലുള്ളവ തന്നെ. നളചരിതത്തിൽ ഹംസം കുണ്ഡിനപുരത്തേക്കു പോകുന്ന വഴിയിൽ കാണുന്ന ഗ്രാമങ്ങളുടെ വർണ്ണനയും ഘോഷയാത്രയിൽ ദുര്യോധനന്റെ പടയാളികൾ സന്നാഹം ചെയ്യുന്നതിനെ വർണിക്കുന്നതും മറ്റും നോക്കുക. കാലാദിലംഘനം ദോഷമാണെങ്കിലും നമ്പ്യാരെപ്പോലെയുള്ള മഹാകവികളുടെ വാക്കിൽ അത് മറ്റൊരുപ്രകാരേണഗുണമായിട്ടും തീരാറുണ്ട്. വായനക്കാർ നിത്യം സഞ്ചരിക്കുന്ന പ്രദേശങ്ങളേയും അവരുടെ ഇടയിലുള്ള സാമുദായികവ്യവഹാരങ്ങളേയും അടിസ്ഥാനപ്പെടുത്തി ചെയ്യുന്ന വർണ്ണനപോലെ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത എണ്ണങ്ങളുടെ വർണ്ണന അനുഭവരസത്തെ ഉളവാക്കുകയില്ലല്ലോ. ഈവക വർണ്ണനകൾ ചരിത്രകാരന്മാർക്ക് കവിയുടെ കാലത്തുള്ള ആചാരാദികളെ നിർണ്ണയിക്കുന്നതിനും ഉപകരിക്കുന്നു.

സംസ്കൃതകവികളെ ആശ്രയിച്ച് ഭാഷാകവികൾ വേറെയും ഔചിത്യഭംഗങ്ങൾ ചെയ്യാറുണ്ട്. ചന്ദ്രകാന്തക്കല്ലും സൂര്യകാന്തക്കല്ലുംകൊണ്ട് ഗീർവ്വാണകവികൾ ധാരാളം പെരുമാറാറുണ്ടെങ്കിലും ആവക രത്നങ്ങൾ ആധുനികന്മാർക്കു ലഭിച്ചിട്ടില്ല. യക്ഷകിന്നരഗന്ധർവ്വാദികൾ ഇക്കാലത്തുള്ള പൂങ്കാവനങ്ങളിൽ വന്നു പാടിക്കളിച്ചു രമിക്കാറില്ല. ചക്രവാകികൾ അന്തിനേരം ഭർത്താക്കന്മാരോടു പിരിയുന്നത് ആരും കാണുമാറില്ല. ഇക്കാലത്തു സുന്ദരിമാർ കപോലങ്ങളിൽ പത്രാവലി എഴുതുകയും, അളകങ്ങൾ ശരിപ്പെടുത്തിവയ്ക്കുകയും, അധരത്തിലും ചരണങ്ങളിലും ചെഞ്ചാറു തേച്ചു മിനുക്കുകയും, കർണ്ണങ്ങളിൽ അവതംസപുഷ്പം വെയ്ക്കുകയും മറ്റും ചെയ്യാറില്ല. വേഷഭൂഷാദികൾക്കെല്ലാം നിത്യമെന്നപോലെ മാറ്റംവന്നുകൊണ്ടിരിക്കുന്നു. രാജാക്കന്മാരെ വന്ദികൾ സ്തുതിക്കയും, ശത്രുരാജാക്കന്മാർ കാട്ടിൽപ്പോയി ഒളിച്ചുതാമസിക്കയും മറ്റും പഴയകാലത്തെ നടപടികളാകുന്നു. രാത്രിവർണ്ണനത്തിൽ അഭിസാരികമാരുടെ സഞ്ചാരം വർണ്ണിക്കുക, ഒരംഗവും വിടാതെ നായികമാരുടെ കേശാദിപാദം വർണ്ണനചെയ്യുക ഇത്യാദികളൊന്നും ഇക്കാലത്തെ വായനക്കാർക്കു രുചിക്കയില്ലെന്നും ഓർക്കേണ്ടതാകുന്നു.

## ഉദാഹരണങ്ങൾ

### ഒരു കടുവായുടെ കിടപ്പ്

ഉന്നതമായ ശരവണത്തിന്റെ അന്തരാളത്തിൽ കുറഞ്ഞൊന്നു മറഞ്ഞ് മേചകരേഖാകിർമ്മീരിതമായ ചർമ്മകഞ്ചുകത്തോടുകൂടി സമാധിയിൽ സ്വപ്നദർശി എന്നപോലെ ചിലപ്പോൾ ഊർദ്ധ്വതുഷാരശേഖരിതങ്ങളായ* ശിഖരിശൃംഗങ്ങളിലേക്കു ദൃഷ്ടികളെ ഉന്മീലിപ്പിക്കുകയും അനന്തരം അപ്പോഴും ദീപ്തമായിരുന്ന ദിനകരപ്രകാശത്താൽ അവയെ അർദ്ധമുകുളിതകളാക്കുകയും ചെയ്തുകൊണ്ട് ഒരു ശാർദ്ദൂലം സ്വൈര്യമായി ശയിച്ചു. അത് അന്തരാന്തരാ പർവ്വതദന്തുരിതങ്ങളായി വ്യോമകടാഹത്തിന്റെ ജാജ്ജ്വല്യമാനങ്ങളായ വർണ്ണങ്ങളോടുകൂടി ലയിച്ചു സമ്മിളിതങ്ങളാറ്യി അകലെ അധോഭാഗത്തിലുള്ള സ്പൃഹണീയശാദ്വലങ്ങളായ കടകതടങ്ങളിലേക്കു നോക്കിക്കൊണ്ടിരുന്നു. അതിന്റെ വിചാരം എന്തായിരുന്നെന്നോ? ചിലപ്പോൾ മേല്പോട്ടുനോക്കിയും, ചിലപ്പോൾ കീഴ്പോട്ടു ദൃഷ്ടി പതിച്ചും രൂപാന്തരത്തിൽ താൻ സമൃദ്ധമായ കാശ്മീരദേശത്തിന്റെ രാജാവായി തന്റെ ആജ്ഞാവശംവദന്മാരായ സാമന്തന്മാരോടും തന്റെ കടാക്ഷാനുഗ്രഹ പ്രതീക്ഷിണികളായി പരസ്പരസ്പർദ്ധിനിമാരായ സീമന്തിനിമാരോടും കൂടി സാമ്രാജ്യശ്രീയെ വഹിച്ചിരുന്ന കാലത്തെ സ്മരിക്കയായിരുന്നോ? അഥവാ വാസ്തവത്തിൽ ആ വ്യാഘ്രരാജൻ കേവലം ഒരു വന്യമൃഗമേ ആയിരുന്നുള്ളോ? മുമ്പിൽ ഉദ്ധതനായിരുന്ന പ്രഭുവിന്റെ നഷ്ടമായ ജീവൻ അല്ലായിരിക്കുമോ? ഇപ്പോൾ യഥാർത്ഥമായി അത് തന്റെ അധികാരത്തെ വിവദിക്കുന്നതിനു യാതൊരു പ്രതിപത്തിയുമില്ലാതെ ആ വനഭൂമിയുടെ നായകനായിരുന്നു. അതു സ്വശക്തിയെ പൂർണ്ണമായി അറിഞ്ഞു എന്നുള്ളത് പരിതോവിക്ഷിപ്തയായി ദൃപ്തയായുള്ള ദൃഷ്ടിയാൽ സ്പഷ്ടീഭവിച്ചു.

— അക്ബർ

## വസ്തുവർണ്ണന (ധ്രുവദീപ്തി)

ഭൂഗോളത്തിന്റെ ഉത്തരദക്ഷിണധ്രുവങ്ങളിലും അയൽരാജ്യങ്ങളിലും ഉള്ള വായുമണ്ഡലത്തിൽ സാധാരണകണ്ടുവരുന്ന ഒരുമാതിരി പ്രഭാപൂരത്തിനാകുന്ന സാധാരണ ധ്രുവദീപ്തി എന്നു പറയുന്നത്. അവസ്ഥാന്തരം പോലെ ഈ പ്രകാശത്തിനു പലപേരുകളും പറയാറുണ്ട്. ദക്ഷിണഗോളാർദ്ധത്തിലെ ദക്ഷിണദേശങ്ങളിലെക്കാൾ ഉത്തരാർദ്ധഗോളത്തിലെ ഉത്തരദേശങ്ങളിൽ ഈ പ്രഭയ്ക്കു ദൃഢതയും തീക്ഷ്ണതയും കൂടുന്നതുകൊണ്ട് 'ഉത്തരദീപ്തി' എന്നും ചില സമയം അതു കൊടിക്കൂറയുടെ ആകൃതിയിൽ കാണപ്പെടുന്നതുകൊണ്ട് 'ദീപ്തിപതാക' എന്നും അതിനെ വിളിച്ചുവരാറുണ്ട്. ഈ ദീപ്തിവിശേഷത്തിന്റെ ആകൃതി പലവിധത്തിലുണ്ട്; ചില സമയങ്ങളിൽ അന്തിപ്രകാശത്തോടുകൂടിയ അനേകായിരം ഉൽക്കകൾ ഏകോപിച്ച് അർദ്ധചന്ദ്രാകാരേണ ചക്രവാളത്തിൽ വന്നുവീഴുന്നതുപോലെയും, ചിലപ്പോൾ അച്ചുതണ്ടിൽനിന്നു പുറപ്പെടുന്ന അരങ്ങളുടെ മാതിരിയിൽ ഭ്രൂവലയത്തിൽനിന്നു ലക്ഷോപലക്ഷം ബാണങ്ങൾ കൊളുത്തിവിട്ടാലത്തെപ്പോലെയും, ചില കാലത്ത് ഉൽക്കകളും ബാണങ്ങളും ഇടതൂർന്നു കലർന്നപോലെയും, അപൂർവ്വം ചിലപ്പോൾ ദേഹത്തിൽനിന്നു ചിന്നിച്ചിതറുന്ന രശ്മികളോടുകൂടിയ സർപ്പത്തിന്റെ ആകൃതിയിൽ വളഞ്ഞും പുളഞ്ഞും മറ്റു പല പ്രകാരത്തിലും ഭംഗ്യന്തരേണ കാണാവുന്നതാണ്. അതിന്റെ നിറം സാധാരണ അരുണോദയവർണ്ണത്തോടു തുല്യമാകുന്നു. എന്നാൽ അതിനും സമയഭേദം പോലെ അല്പാല്പം വ്യത്യാസം കാണുന്നുണ്ട്. ധ്രുവദീപ്തി പ്രകാശിച്ചുതുടങ്ങുമ്പോൾ വടക്കു ഭാഗത്തുള്ള ഒരു നേരിയ മേഘമൂടലിൽനിന്നു പുറപ്പെടുന്നതുപോലെയാണു തോന്നുക. മേഘത്തിന്റെ മേലതിരു അല്പം വെളുത്തും കീഴതിരു കനത്തും കറുത്തും ഇരിക്കും. ഉപരിഭാഗത്തിൽക്കൂടിയാണ് രശ്മിക്കൂട്ടങ്ങൾ പൊട്ടിപ്പുറപ്പെടുന്നത്. രശ്മികൾക്ക് ഒരു വിറയലും ചിലപ്പോൾ അടുത്തുള്ള വായുമണ്ഡലത്തിൽ പട്ടുശീലകൾ തമ്മിൽ ഉരസ്സുമ്പോൾ ഉണ്ടാകുന്ന ശബ്ദംപോലൊരു ശബ്ദവുമുണ്ടായിരിക്കും. സാധാരണ ആറേഴു നാഴിക രാച്ചെല്ലുമ്പോൾ പ്രകാശിക്കുവാൻ തുടങ്ങി ഒന്നുരണ്ടു യാമങ്ങളോ ചിലപ്പോൾ രാവു മുഴുവനുമോ ഈ ദീപ്തി നിലനിൽക്കാറുണ്ട്.

— ആർ. വി.; ഗദ്യമാലിക

## യൌവനാരംഭം

പലവടിവും വന്നു ചമഞ്ഞു തലമുടിയും വന്നു തികഞ്ഞു
മുലയിണയും മാറു കവിഞ്ഞു മലർശരനും മെല്ലെയണഞ്ഞു
ശിശുത കഴിഞ്ഞു വശത വഴിഞ്ഞു മറവുമൊഴിഞ്ഞു മനമതഴിഞ്ഞു
കിളിമൊഴി താനൊന്നു പകർന്നു കളി പുതുമയ്ക്കാശ വളർന്നു
കളിവചനപ്രൌഢി മുതിർന്നു നളനൃപതേ കാമമുയർന്നു
മിഴികൾ വിടർന്നു വഴിയിലമർന്നു അഴകുകലർന്നു കഴലിണ ചേർന്നു
പ്രിയസഖിമാരോടുമിണങ്ങീ പ്രിയതമനെച്ചിന്തതുടങ്ങീ
പ്രിയമധുരം വാക്കിലിണങ്ങീ പ്രിയമിദമെന്നോർത്തു വണങ്ങീ
കഥകൾ തുടങ്ങീ കപടമടങ്ങീ കളികൾ തുടങ്ങീ കമനി വിളങ്ങീ

പല ചരിതം കേട്ടു രസിച്ചും പല കുതുകം വന്നു ഭവിച്ചും
പല പദവും കേട്ടു രസിച്ചും പല ഗുണവും ചേർന്നു വസിച്ചും
മദനനുദിച്ചു മദമതിളച്ചു മനസി രസിച്ചു അവിടെ മറച്ചു.

## ഗൃഹിണീകലഹം

നായർ വിശന്നു വലഞ്ഞു വരുമ്പോൾ
കായക്കഞ്ഞിക്കരിയിട്ടില്ല;
ആയതു കേട്ടു കലമ്പിച്ചെന്ന-
ങ്ങായുധമുടനെ കാട്ടിലെറിഞ്ഞു.
ചുട്ടുതിളയ്ക്കും വെള്ളമശേഷം
കുട്ടികൾ തന്നുടെ തലയിലൊഴിച്ചു;
കെട്ടിയ പെണ്ണിനെ മടികൂടാതെ
കിട്ടിയവടികൊണ്ടൊന്നു പിടച്ചു;
ഉരുളികൾ കിണ്ടികളൊക്കെയുടച്ചു;
ഉരലു വലിച്ചു കിണറ്റിൽ മറിച്ചു;
ചിരവയെടുത്തഥ തീയിലെരിച്ചു;
അരകല്ലങ്ങു കുളത്തിലെറിഞ്ഞു;
അതുകൊണ്ടരിശം തീരാഞ്ഞിട്ടവ-
നപ്പുര ചുറ്റും പാഞ്ഞുനടന്നു.

— നളചരിതം തുള്ളൽ

## നായാട്ട്

വാതവേഗങ്ങളാം മാനും കലകളും
മാത്ത്ഗയൂഥവും സിംഹഗണങ്ങളും
വള്ളിപ്പുലികൾ വരിയൻ പുലികളും
പുള്ളിപ്പുലികൾ കരിമ്പുലിക്കൂട്ടവും
വള്ളിക്കുടിലകത്തുള്ളിൽ കടന്നങ്ങു
തുള്ളിക്കളിക്കുന്ന പുള്ളിമാൻപേടയ്ക്കു
കൊള്ളിക്കുമാറുള്ള ബാണം പ്രയോഗിച്ചു
കൊല്ലുന്ന കാട്ടാളജാതിയെക്കാൺകയാൽ
ഉള്ളിൽ ഭയം പൂണ്ടു മണ്ടും മൃഗങ്ങളെ-
ത്തായത്തിലെത്തിപ്പിടിച്ചു കടുക്കെന്നു
വായിലാക്കിക്കൊണ്ടു പാഞ്ഞുപോകും കടു-
വായും പുലികളും ചെന്നു വലകളിൽ

ചാടിക്കടന്നുഴന്നീടുന്ന നേരത്തു
പാടെ മുറിപ്പാനൊരുമ്പെട്ടുറച്ചുടൻ
ഓടിവന്നീടുന്ന വേടൻ കണകൊണ്ടു
പാടനം ചെയ്തു വധിക്കും പ്രകാരവും
പേടിച്ചൊളിക്കുന്ന ചെമ്പുലിക്കൂട്ടങ്ങ-
ളോടെ കലമ്പുവാനായ് വന്നടുത്തിട്ടും
എട്ടടിമാനിനെപ്പെട്ടെന്നു കുന്തത്തി-
ലിട്ടു കളിപ്പിച്ച കാട്ടാളവീരന്റെ
ചട്ടറ്റ വിക്രമം കണ്ടു പുകഴ്ത്തുന്ന
കാട്ടാളരാജനും കൂട്ടരുമൊക്കവേ
വേട്ടയ്ക്കു കോപ്പുകൾ കൂട്ടിപ്പുറപ്പെട്ടു
കാട്ടിൽ പരന്നതും കണ്ടു വൃകോദരൻ.

— കല്യാണസൌഗന്ധികം

### ഒരു വായനശാല

വക്കീലന്മാർ ഇരുന്നു വായിക്കാറുള്ള ക്ലബ്ബ് തേടിപ്പുറപ്പെട്ട താശ്ശൻമേനവൻ ചെന്നുകയറിയ മഠം മുമ്പത്തേതിലും വളരെ ജീർണ്ണിച്ചിരുന്നു. കിഴക്കുവശം മുമ്പ് ഒരു ചുവരുണ്ടായിരുന്നത് ഇടിഞ്ഞുവീണ സ്ഥിതിയിൽ കിടക്കുന്നു. കാറ്റിന്റേയും മഴയുടേയും അസഹ്യത തടുക്കാൻ ആ ചുവരുണ്ടായിരുന്ന സ്ഥലത്ത് ഒരു ഓലപ്പായ് കെട്ടിത്തൂക്കിയിരുന്നു. ആ തൂക്കിയ പായ് പൊന്തിച്ചുവേണം അകത്തുകടപ്പാൻ. താശ്ശൻ മേനവൻ പായ് പൊന്തിച്ച് അകത്തേക്കു തലയിട്ടു നോക്കിയപ്പോൾ മുമ്പു താനും പല വഴിപോക്കരും ഉണ്ണാനിരുന്നിരുന്ന മുറിയിൽ എട്ടുപത്തു വക്കീലന്മാർ ഘനത്തോടെ വർത്തമാനക്കടലാസുകളേയും പുസ്തകങ്ങളേയും വായിക്കുന്നതു കണ്ടു. മുമ്പ് താശ്ശൻമേനവൻ താമസിച്ചിരുന്ന കാലത്ത് ഈ മുറിയിൽ ഇപ്പോൾ കാണുംപോലെയുള്ള വെളിച്ചമുണ്ടായിരുന്നില്ല. ഇത് ഈ മുറിക്കു വലിയ ജാലകങ്ങൾ പിന്നീടുണ്ടാക്കിച്ചതുകൊണ്ടാണെന്നു ശങ്കിക്കരുത്. മേൽപ്പുര കെട്ടാൻ സമയപ്രകാരം വരിപ്പണം കിട്ടാത്തതുകൊണ്ട് പുരയുടെ ഓല അവിടവിടെ ദ്രവിച്ചു നശിച്ചുണ്ടായ ദ്വാരങ്ങളിൽക്കൂടി സൂര്യരശ്മി ധാരാളമായി അകത്തുപ്രവേശിച്ചുണ്ടായ വെളിച്ചമാണു കാണപ്പെട്ടത്. വൃത്താകൃതിയിലുള്ള ഈ രശ്മികളിൽ ചിലത് അവിടെയിരിക്കുന്ന ചില യോഗ്യന്മാരുടെ കഷണ്ടിമണ്ടയിൽ തട്ടുന്നതിനെ അവർ വേഷ്ടിയാലും തുവർത്തുമുണ്ടിനാലും തൽക്കാലം ആച്ഛാദനംചെയ്തുകൊണ്ട് ഗാംഭീര്യത്തിന് ഒട്ടും കുറവില്ലാതെ വായിക്കുന്നുണ്ട്. ഈ അറയുടെ നടുവിൽ ഒരു മേശ ഇട്ടിട്ടുള്ളതിന് മൂന്നു കാലുകളേ ഉള്ളൂ. ബാക്കിയുള്ള ഭാഗം കല്ലുകളും മരക്കഷണങ്ങളും മേൽക്കുമേൽ നിരത്തിവെച്ചാണ് ഉറപ്പിച്ചിരിക്കുന്നത്. മേനവൻ അന്വേഷിച്ചുപോയ വക്കീൽ ശാമുമേനവൻ അവർകൾ ഇരിക്കുന്നത് ഒരു പഴയ കതകുപലകമേൽ ആയിരുന്നു. ആ പലക ഉറപ്പിച്ചിരിക്കുന്നത് പണ്ടത്തെ ക്ലബ്ഹൌസുകാരൻ പട്ടർ കെട്ടിച്ചിരുന്ന അടുപ്പുകല്ലുകൾ പൊളിച്ച് അതിന്മേലായിരുന്നു. പ്രസിദ്ധനായ വക്കീൽ

കർപ്പൂരയ്യനും അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ ഇരിപ്പ് ശാമുമേനവനെക്കാളും ഭേദമായിരുന്നു. 'ഈസിച്ചെയർ' എന്നു പറയുന്ന ഒരു ചാരുകസാലയുടെ ഒരംശം എന്നുവച്ചാൽ വളരെ കുറച്ചേ ബാക്കിയുള്ളു; കൈകളും കാലുകളും വയ്ക്കുന്ന രണ്ടു തണ്ടുകളും അതിന്റെ കുറ്റികളും ചാരുന്ന ഭാഗം പകുതിയും പൊളിഞ്ഞുപോയിരുന്നു. ചാരിക്കിടക്കുന്ന ഭാഗത്ത് ബാക്കിയുള്ള ഇരുപ്പിൽ ചൂരൽ മുഴുവനും പോയ്പ്പോയിരുന്നു. കഷ്ടിച്ച് ഇരിക്കാനുള്ള സ്ഥലത്തുമാത്രമേ ചൂരൽ ഉള്ളൂ; കാൽ നാലും ഉണ്ട്. എന്നാൽ അതിൽ ഒന്നിന് ഇളക്കമോ കേടോ ഉണ്ടെന്നു കർപ്പൂരയ്യർ വായിക്കുന്നതിനിടയിൽ ബദ്ധപ്പെട്ടു കൂടെക്കൂടെ നോക്കുന്നതു കണ്ടു നിശ്ചയിക്കാം. വായിക്കുന്നതിൽ ഒന്നു രണ്ടാൾ മുറിയുടെ നടുവിലിട്ടിരിക്കുന്ന മേശയുടെ വക്കിൽ സന്ധിച്ചിരുന്നു. ഒരാൾ മൂന്നു കാലുകൾ മാത്രമുള്ള ഒരു ചെറിയ കസാലമേലിരുന്നു വീഴാതിരിപ്പാൻ ഇടത്തേ കൈകൊണ്ട് ഒരു ചെറിയ ജനലിന്റെ അഴി മുറുകെ പിടിച്ചിരുന്നു. മറ്റൊരു യോഗ്യൻ; ക്ലബ്ബുകാരൻ പട്ടരു പോട്ടെയെന്ന് ഇട്ടുപോയിരുന്ന അരിപ്പെട്ടിയിന്മേലും, വേറൊരാൾ അടുക്കളയുടെ മുറിമണ്ണിന്മേലും ഇരുന്നു ബദ്ധപ്പെട്ടു വായിക്കുന്നുണ്ട്. ഇപ്രകാരമുള്ള ക്ലബ്ബിൽ താശ്ശൻ മേനവൻ പ്രവേശിച്ച് തന്റെ വക്കീലിനോട് ഒരു നക്കൽ കുറിക്കാൻ ആവശ്യപ്പെട്ടതിൽ കടലാസില്ലാതെ മദ്രാസ് ലാ ജർണലിൽ ആദ്യത്തെ ഒഴിവുള്ള കടലാസും അയൽമഠത്തിൽ ചോറ്റുകച്ചവടക്കാരന്റെ കുറ്റിപ്പേനയും ഒരു ചിരട്ടക്കഷണത്തിൽ മഷിയും താശ്ശന്മേനവൻ തന്നെ തയ്യാറാക്കിക്കൊടുക്കേണ്ടി വന്നു.

— ശാരദ

## വൈത്തിപ്പട്ടർ

പൂഞ്ചോലക്കര ഇടത്തിലെ ആശ്രിതനും തെക്കഞ്ചരക്കുവ്യാപാരക്കാരനുമായിരുന്ന വൈത്തിപ്പട്ടർ കാഴ്ചയിൽ വളരെ വിരൂപനായിരുന്നു. ദേഹം കറുത്ത മഷിയുടെ വർണ്ണം; പിൻകുടുമ നരച്ച് എലിവാൽപോലെ അല്പം ഞുങ്ങിക്കിടക്കുന്നു. മുഖം അതിവിരൂപം തന്നെ. വസൂരിക്കല നിറഞ്ഞിരുന്ന മുഖത്തിൽ വാർദ്ധക്യത്താൽ പല്ലുകൊഴിഞ്ഞുപോയതു നീക്കി രണ്ടുനാലെണ്ണം മാത്രം വായിൽ ഒതുങ്ങാത്തവിധം നീണ്ടു വൈത്തിപ്പട്ടർക്കും കാണുന്നവർക്കും ഒരുപോലെ സങ്കടം ജനിപ്പിച്ചു മ്ലേച്ഛമായ സ്ഥിതിയിൽ നിൽക്കുന്നുണ്ട്. കണ്ണുകൾ സ്വഭാവേന അകത്തോട്ടു വലിഞ്ഞ് അശേഷം പ്രകാശമില്ലാതെ ഇരുന്നുവെങ്കിലും ഇടയ്ക്കിടെ മിഴികൾക്കു സർപ്പദൃഷ്ടിപോലെ ഒരു വിഷമചേഷ്ടയുണ്ടായിരുന്നു. വല്ല സാധനത്തേയും സൂക്ഷ്മമായി നോക്കുമ്പോഴും ശ്രുഷ്കാന്തിയോടെ വല്ലതും സംസാരിക്കുമ്പോഴും മനസ്സുകൊണ്ടു വല്ലതും ആലോചിക്കുമ്പോഴും വ്യസനമോ സന്തോഷമോ ആശ്ചര്യമോ ഉണ്ടാകുമ്പോഴും ഉള്ളിൽ വലിഞ്ഞു കുണ്ടിൽക്കിടക്കുന്ന ഈ കണ്ണുകൾ മുന്നോട്ടു തുറിച്ചുവന്നു വലുതായി മിഴികൾ രണ്ടും നാസികയുടെ രണ്ടു ഭാഗത്തും തൊട്ടുംകൊണ്ടു നിശ്ചലമായും അധോമുഖമായും നിൽക്കും. പ്രകൃതിയിൽ ലേശം ജീവനില്ലാത്ത വൈത്തിപ്പട്ടരുടെ ഈ കണ്ണുകൾക്ക് ഇങ്ങനെ ഒരു വികൃതി ഉണ്ടായിരുന്നു. ഈ സർപ്പദൃഷ്ടി ഉണ്ടാകുന്ന സമയങ്ങളിൽ അയാളുടെ മുഖം അത്യന്തം രൂക്ഷമായും ഇരിക്കും. മുഖം നോക്കിയാൽ ആർക്കും ഭയം തോന്നും; ഒരു സർപ്പം ഫണമുയർത്തി ക്രോധത്തോടെ കടിക്കാൻ ഭാവിക്കുന്നതുപോലെ തോന്നും. എന്നാൽ ഈ കണ്ണുകളുടെ വികൃതചേഷ്ട ക്രോധത്തിൽ മാത്രമല്ല ഉണ്ടാകുന്നത്.

സന്തോഷത്തിലും സന്താപത്തിലും എന്നുവേണ്ട, മനസ്സിന്റെ സാധാരണഗതിക്കു ലേശമെങ്കിലും ഭേദം വന്നാൽ സർപ്പദൃഷ്ടിയും ഉണ്ടായി. അതുകൊണ്ട് അധികസമയവും ഇയ്യാളുടെ ദൃഷ്ടികൾ സർപ്പദൃഷ്ടിയിൽത്തന്നെയാണു നിൽക്കുന്നത്. ശരീരം കൃശമായി ഉൾവലിഞ്ഞ് കത്തിക്കരിഞ്ഞ ഒരു വിറകിൻകൊള്ളിപോലെ ഇരുന്നു. ആകപ്പാടെ പട്ടരുടെ ആകൃതി ഒരു പിശാചിന്റെ ആകൃതിതന്നെ എന്നുപറയാം.

— ശാരദ

സ്വഭാവവർണ്ണനയ്ക്ക് ഇന്ദുലേഖയിലെ സൂരിനമ്പൂരി, കേശവൻനമ്പൂരി മുതലായവരെ നോക്കുക.

## ഒരു നക്രനിഗ്രഹം

നേരം പ്രകാശമായി. നക്ഷത്രങ്ങളുടെ വെളിച്ചം കൊണ്ടുമാത്രം കുറേശ്ശെ കണ്ടിരുന്ന കെട്ടിടങ്ങളും മറ്റും അധികമധികമായ കാഴ്ചയിൽ വന്നു തുടങ്ങി. ഒരുനാഴിക വഴി ദൂരം കായൽ-വക്കുവരെ തോക്കും താങ്ങി മുറുകി നടന്നതുനിമിത്തം ചൂടുപിടിച്ചു വിയർത്ത ശരീരത്തിന്മേൽ കുപ്പായത്തിനുള്ളിൽക്കൂടി കടന്നു തടവുന്ന കുളിർകാറ്റും, നാലുപുറവും നേത്രാനന്ദകരങ്ങളായ കാഴ്ചകളും, തിരമാലകളുടെ മുകളിൽക്കൂടി പൊങ്ങിയും താണും കൊണ്ടു പായുന്ന വഞ്ചിയിൽ ഊഞ്ഞാലാടിക്കൊണ്ടുള്ള ഇരുപ്പും, കണ്ടൻകോരൻ കൂട്ടരുടെ വഞ്ചിപ്പാട്ടും, അരുണോദയസമയവും എല്ലാംകൂടി ചേർന്നപ്പോൾ ഞങ്ങളുടെ മനസ്സിലുദിച്ച ഒരു പ്രത്യേക ആനന്ദവും ആഹ്ലാദവും ഇന്നപ്രകാരമായിരുന്നു എന്നു പറവാൻ പ്രയാസം. വെണ്ടുരുത്തിയുടേയും എറണാകുളത്തിന്റേയും മദ്ധ്യത്തിൽക്കൂടി തെക്കോട്ടേക്കു പോയിക്കൊണ്ടിരുന്ന വഞ്ചി പുഴയിൽനിന്നു കിഴക്കോട്ടു തിരിയുന്ന ഒരു ചെറിയ തോട്ടിലേക്കു കടന്നു. അപ്പോൾ ആകാശത്തിന്റെ പൂർവദ്വാരം തുറന്ന് ഞങ്ങൾക്കഭിമുഖനായി പ്രവേശിച്ച സൂര്യൻ തന്റെ കനകരശ്മിപ്രവാഹത്താൽ ലോകം മുഴുവനും പെട്ടെന്നൊന്നു കുളിർപ്പിച്ചു. മേലേക്കുമേലേ കട്ടകട്ടയായി മുറിഞ്ഞുപിടിച്ചുനിൽക്കുന്ന അഞ്ചോ ആറോ കാലുകളിന്മേൽ കിടക്കുന്ന ഒരു പഴയ മരപ്പാലത്തിന്റെ കണ്ണിൽക്കൂടി കടന്ന് ആ തോട്ടിന്റെ കിഴക്കേ അറ്റത്ത്, കാച്ചുതുടങ്ങിയതും തുടങ്ങാറായതുമായി മദിച്ചുനിൽക്കുന്ന അനവധി തെങ്ങിൻതൈകളാൽ സാമാന്യം നാലുപുറവും ഇടതിങ്ങി ചുറ്റപ്പെട്ടതും, സ്വർണ്ണപച്ചവർണ്ണമായ ഇലകൾ ഇടതൂർന്നു വളർന്നുകൂടിയ കണ്ടൽച്ചെടികളാൽ മൂടപ്പെട്ടതുമായ വെള്ളത്തിൽ അവിടവിടെ വലിയ പച്ചക്കല്ലുകൾ പതിച്ചപോലെ കിടക്കുന്ന ചിലതുരുത്തുകളാൽ മദ്ധ്യഭാഗങ്ങൾ അലങ്കരിക്കപ്പെട്ടതും ആയ ഒരു തുറന്ന കായലിലേക്കു ഞങ്ങൾ പ്രവേശിച്ചിട്ട്, ആ തുരുത്തുകളിലെ കണ്ടൽച്ചെടികളുടെ ഇടയിൽനിന്ന് തപോവിഘ്നം വന്ന അനവധി വൃദ്ധക്കൊക്കുകൾ കൂട്ടംകൂട്ടമായി 'ക്രോ ക്രോ' എന്ന് ഞങ്ങളെ ശപിച്ചുകൊണ്ട് മേല്പോട്ടുയർന്നു തലയ്ക്കുമീതെ കശപിശയായി പറക്കത്തക്കവണ്ണം അവയുടെ സമീപത്തുകൂടി വഞ്ചിവലിച്ചുകയറി. ആ കായലിന്റെ മറുകരയിലുള്ള മറ്റൊരു തോട്ടുമുഖത്തു ഞങ്ങൾ എത്തി. ആ തോട്ടിന്റെ രണ്ടരുകിലും കൈകൊണ്ട് എത്തിപ്പറിക്കാവുന്നതും കൊതി തോന്നിക്കുന്നതും ആയി സ്വർണ്ണകുംഭങ്ങളെപ്പോലുള്ള അനവധി ഫലഭാരങ്ങളെ കുലകുലയായി വഹിച്ചുംകൊണ്ട് ആകാശദേശത്തിൽ പരസ്പരം കരഗ്രഹണം ചെയ്ത് സൂര്യരശ്മിയെ തടഞ്ഞുനിൽക്കുകനിമിത്തം തോട്ടിന്ന് ഒരു നടപ്പുരകെട്ടി അലങ്കരിച്ചപോലെയും നിൽക്കുന്ന

തെങ്ങിൻതൈകളുടെ ഇടയിൽക്കൂടി ആ തോട്ടിന്റെ മറുതല പിടിച്ചു. അവിടെ തോട്ടിലേക്കു മുഖമായി കെട്ടിയിട്ടുള്ള ഒരു ചെറിയ ഓലമേഞ്ഞപുരയിൽ ഭസ്മംനനച്ചു കെട്ടുകെട്ടായി കുറിയിട്ട് സ്വാമിയാന്മാരെപ്പോലെയിരിക്കുന്ന അഞ്ചാറുകുപ്പികളെ കണ്ടപ്പോൾ കണ്ടൻകോരൻ കൂട്ടർക്കു തല തരിച്ചു. അവർ പോയി അല്പം 'വെള്ളം' കുടിച്ചുവന്നു. ഉത്സാഹം ഒന്നുകൂടി വർദ്ധിച്ചു. മേല്പ്രകാരം ചില കായലും പുഴയും തോടും കടന്ന് ഏകദേശം പത്തുമണിയായപ്പോഴേക്ക് ഞങ്ങൾ ഒരു ദിക്കിലെത്തി. അവിടെ അതിവിശാലമായ വേറൊരു കായൽ. നടുക്ക് കണ്ടൽച്ചെടികളാൽ വേലി കെട്ടപ്പെട്ട വൃത്താകാരമായ ഒരു തുരുത്ത്. കരയ്ക്കു നാലുപുറവും സ്വർണ്ണക്കതിരുകളോടുകൂടിയ നെല്ലു വിളഞ്ഞുനിന്നുകൊണ്ട്, പരവതാനിവിരിച്ചതുപോലെ കിടക്കുന്ന പാടങ്ങൾ. ഞങ്ങൾ ഉദ്ദേശിച്ചു പുറപ്പെട്ടിട്ടുള്ള സ്ഥലം ഇതാണ്. ഈ കായലിൽ മുതലകൾ ഉപ്പിലിട്ടതുപോലെയാണ് കിടപ്പ്. വിശേഷിച്ച്, അതിന്നടുത്ത കരകളിൽ പാർക്കുന്ന ചോവന്മാരുടേയും മാപ്പിളമാരുടേയും വക അസംഖ്യം താറാവ്, കോഴി, പന്നി, ആട്, മാട് ഇവകൾക്കു പുറമേ അവരിൽ അനേകംപേരുടെ കുട്ടികളേയും പ്രത്യേകിച്ച് നമ്മുടെ കണ്ടൻകോരന്റെ എഴുപതുവയസ്സായ തള്ളയേയും പിടിച്ചുകൊണ്ടുപോയി തിന്നതുനിമിത്തം ആ പ്രദേശക്കാർക്കു മുഴുവനും വലിയ ഭയം ജനിപ്പിച്ചതുകൊണ്ട് ആ മുതലകൾക്കെല്ലാം തലവനായി വാഴുന്ന 'ഭീമച്ചൻ' എന്നു പേരായ ഒരു വലിയ മുതലയും ആ കായലിൽത്തന്നെയാണു കിടപ്പ്. അവന്റെ അക്രമത്തെപ്പറ്റിയുള്ള കഥകൾ അറിയാത്തവർ അവന്റെ അധികാരത്തിനകത്തു പാർക്കുന്നവരിൽ ആരും തന്നെയില്ല. ഞങ്ങളുടെ അന്നത്തെ അവസ്ഥ നക്രസംഹാരത്തിനു പുറപ്പെട്ട ചക്രപാണിയുടെ അവസ്ഥ തന്നെ. കാലേക്കൂട്ടി കണ്ടൻകോരൻ മുഖാന്തിരം അവിടെ ഏതാനും വാലന്മാരേയും മാപ്പിളമാരേയും വഞ്ചി, വല, ചാട്ടുളി, കുന്തം മുതലായ സാമഗ്രികളോടുകൂടി ശട്ടംകെട്ടീട്ടുണ്ടായിരുന്നു. കായലിന്റെ തെക്കുവശത്തുള്ള കരവിട്ട് ഏകദേശം പത്തുപതിനഞ്ചു വാര വെള്ളത്തിലേക്കു തള്ളിനിന്നിരുന്നതും വെള്ളംവിട്ടു മേൽപ്പോട്ടേക്കു വളഞ്ഞുപിരിഞ്ഞു 'കൊക്രിക്കോയി' എന്നു നിൽക്കുന്ന വേരുകളോടുകൂടിയതുമായ കണ്ടലിന്റെ സമീപത്തുണ്ടായിരുന്ന ഒരു 'കയ' മാണ്, ഭീമച്ചന്റെ സാധാരണവാസസ്ഥലം.

'അവളെപ്പേടിച്ചാരും നേർവഴിനടപ്പീല
ഭുവനവാസീജനം ഭുവനേശ്വരാ! പോറ്റീ!'

എന്നു താടകയെ ഉദ്ദേശിച്ച് പണ്ടു വിശ്വാമിത്രൻ പറഞ്ഞതുപോലെ ആ കയത്തിന്റെ സമീപത്തുകൂടെ എന്നുവേണ്ട, കായലിന്റെ തെക്കുവശത്തു കൂടിത്തന്നെ ഭീമച്ചനെ പേടിച്ചു വഞ്ചിക്കാർ സഞ്ചരിക്കാറില്ല. ഭീമച്ചൻ പകൽ മുഴുവൻ സാമാന്യം തന്റെ കയത്തിൽത്തന്നെയാണ് ഇരിപ്പ്. പക്ഷേ, ഇടയ്ക്കിടയ്ക്കു കാറ്റുകൊള്ളുവാനോ പുറത്തുനടക്കുന്ന വർത്തമാനങ്ങൾ അറിവാനോ എന്നറിഞ്ഞുകൂടാ, മൂപ്പർ വെള്ളത്തിനുമീതെ കുറേശ്ശെ തല പൊക്കാറുണ്ടത്രെ. രാത്രിയായാലാണ് കരയ്ക്കുകയറി രാജഭോഗം പിരിപ്പാനുള്ള എഴുത്ത്. ഭീമച്ചനെ കുടുക്കുവാൻ ഞങ്ങൾ കാലേക്കൂട്ടി തീർച്ചയാക്കിയിരുന്ന പ്ലാൻപ്രകാരം കയത്തിന്റെ കിഴക്കും പടിഞ്ഞാറും ഓരോ കാലവലയിട്ട് വലയുടെ തലക്കയറുകൾ ജാഗ്രത

യായി പിടിച്ചു വേണ്ടാപ്പോലെ പ്രവർത്തിക്കുവാൻ നാലുതലയ്ക്കലും കൂടി നാലു വലിയ വഞ്ചികളിൽ വഞ്ചിയൊന്നിനു മുമ്മൂന്നാളുകൾ വീതം ഇങ്ങനെ ഈരണ്ടുപേർ കയറുപിടിപ്പാനും ഓരോരുത്തൻ വഞ്ചിതുഴഞ്ഞു വേണ്ടപോലെ നടത്തുവാനുമായി പന്ത്രണ്ടുപേരും, ആ നാലു വഞ്ചികളിലും വേറെയും അഞ്ചാറു വഞ്ചികളിലുംകൂടി ചാട്ടുളി മുതലായ ആയുധങ്ങളോടുകൂടി പത്തുമുപ്പതുപേരും എല്ലാം കൂടി ആ കയം വളഞ്ഞു. തെക്കേ കരയോടു ചേർന്ന ഭാഗം മാത്രം ഒഴിച്ചുവിട്ടു. കിഴക്കും പടിഞ്ഞാറും രണ്ടുവലകളും വടക്കുഭാഗത്തു നിരത്തിപ്പിടിച്ചു വഞ്ചികളും അതിൽ കിഴക്കേത്തലയ്ക്ക് ഒരു വഞ്ചിയിൽ ഞാനും പടിഞ്ഞാറേത്തലയ്ക്കൽ ഒരു വഞ്ചിയിൽ മിസ്റ്റർ മേനോനും വേണ്ട ഒരുക്കത്തോടുകൂടി നിന്നിരുന്നു. പടിഞ്ഞാറെ വല പതുക്കെപ്പതുക്കെ വലിച്ചു കിഴക്കേതിനോടടുപ്പിക്കാൻ ശ്രമം തുടങ്ങി. വരട്ടെ; അതാ കറുത്ത പാറക്കല്ലുപോലൊരു വസ്തു മുമ്പിൽ ഏകദേശം മുപ്പതുവാര അകലെ വെള്ളത്തിന്മീതെ പൊങ്ങി. ഠെ, ഠൊ! ഞങ്ങൾ രണ്ടാളുകളുടേയും തോക്കിന്റെ വലത്തേക്കുഴലുകൾ ഒപ്പമൊഴിഞ്ഞു. മൂക്കിൽപ്പല്ലന്റെ മൂക്കിൽനിന്ന് ഒരു കഷണം മേല്പോട്ടു തെറിച്ചു വെള്ളത്തിൽ വീണു. സംശയമില്ല, ഒരു മിന്നിട്ടു കഴിയുമ്പോഴേക്കു കിഴക്കേ വല പിടിച്ചിട്ടുള്ളവരുടെ കൈയിൽ നിന്നും വലയക്കയറുകൾ വലിഞ്ഞുതുടങ്ങി. അവർ കയറുകളെ വെട്ടിപ്പിടിച്ചുകൊണ്ട് പടിഞ്ഞാട്ടേക്കു വലിച്ചുതുടങ്ങി. വലയും വഞ്ചിയും വഞ്ചിക്കാരുമെല്ലാം ഒന്നായി കിഴക്കോട്ടേക്കുതന്നെ. പടിഞ്ഞാറേവല കിഴക്കേതിനോടു ക്രമേണ ആടുപ്പിച്ചു. രണ്ടു വലകളും നല്ലവണ്ണം അടുത്തതിന്റെ ശേഷം അതിനുള്ളിൽ കള്ളനെ കുടുക്കി ഭേദ്യം ചെയ്യാമെന്നായിരുന്നു ഞങ്ങളുടെ വിചാരം. വലകൾ ഏകദേശം പത്തുവാര അടുത്തു. വലിയ പല്ലുകളോടുകൂടിയ ഒരു ഊക്കൻ അറക്കവാൾ മേല്പോട്ടു പൊങ്ങി ആഞ്ഞുവളഞ്ഞു വെള്ളത്തിൽ ഒരുപിടപിടച്ചു. 'വലി', 'വലി', 'പിടിച്ചോ', 'പിടിച്ചോ' എന്നും 'അയ്യോ', 'അയ്യോ' എന്നും ഉറക്കെ അഞ്ചാറു ശബ്ദങ്ങൾ ഒന്നിച്ചുകേട്ടതും, കിഴക്കേ വലക്കയറുകളുടെ പിടി വിട്ടുപോയതും അവരുടെ വഞ്ചി നടത്തുന്ന രണ്ടുപേരുടേയും പങ്കായം തെറിച്ചതും, രണ്ടു വഞ്ചികളും വെള്ളത്തിൽ മറിഞ്ഞതും ഒപ്പം കഴിഞ്ഞു. മറ്റുള്ളവർ വേഗം ചെന്ന് വഞ്ചികൾ പിടിച്ചു മലർത്തി വെള്ളത്തിൽ വീണവരെ എടുത്തു കേറ്റി; വലകൾ അടുപ്പിക്കാൻ തുടങ്ങിയതോടുകൂടി മുൻഭാഗത്തേക്കു കടന്നുചെന്ന് മൂന്നുനാലു വഞ്ചിയിലുണ്ടായിരുന്നവർ അതാ 'അതാ കൊടുക്കു' എന്ന് കള്ളൻ വാലിട്ടു പിടച്ചു വലയുടെ പുറത്തു ചാടിയപ്പോൾ നിലവിളി കൂട്ടുന്നതിനിടയ്ക്ക് 'ഇതും കൊണ്ടുപോ സമ്മാനം' എന്നു വഞ്ചിയിൽ നിന്നേടത്തു നിന്നുകൊണ്ട് ഒരു ചാട്ടം ചാടിയ കണ്ടൻകോരന്റെ കൈയിലുണ്ടായിരുന്ന ചാട്ടുളി വെള്ളത്തിനുള്ളിലേക്ക് ഊക്കോടുകൂടി പ്രവേശിച്ചു; ഉളിയേറു കൊണ്ടയുടനെ വെള്ളത്തിന്റെ മേൽപ്പോട്ടേയ്ക്കൊന്നു പൊങ്ങി. രണ്ടാമതും ഉള്ളിലേക്കുതന്നെ ആ വലിയ ജന്തു താണപ്പോൾ ഉണ്ടായിരുന്ന ചുഴിയിൽപ്പെട്ട് കണ്ടൻകോരന്റെ വഞ്ചി മറിയാഞ്ഞതു ഭാഗ്യം. രണ്ടുണ്ടയും ഒരുളിയും ഭീമച്ചന് സമ്പാദ്യം. ഉളിയിൽ കെട്ടിയ ചരടിന്റെ മറുതല കണ്ടൻകോരന്റെ കൈയ്ക്കൽ. കണ്ടൻകോരനേയും വഞ്ചിയേയും വലിച്ചുകൊണ്ട് ഭീമച്ചൻ നേരെ കിഴക്കോട്ടേക്കുതന്നെ. കടിഞ്ഞാൺ വെട്ടിപ്പിടിച്ചുകൊണ്ട് ഒരു കുതിരവണ്ടിയിലിരുന്നു പോകുംപോലെ ചരടുപിടിച്ചു വെട്ടിക്കൊണ്ട്, കണ്ടൻകോരൻ വഞ്ചിയിലിരുന്നു സവാരി. 'പിടിച്ചോ', 'വിടണ്ട, വിടണ്ട' എന്നു പറഞ്ഞുകൊണ്ട് രണ്ടുമൂന്നു വഞ്ചികൾ കണ്ടൻകോരന്റെ സഹായത്തിനടു

ത്തു. അഞ്ചെട്ടുപേർ ചരടിൽ പിടികൂടി വലിച്ചുതുടങ്ങി. അവരെയെല്ലാം ഇഴുത്തുകൊണ്ട് മുതല പിന്നേയും കിഴക്കോട്ടുതന്നെ. ഞങ്ങളെല്ലാവരും പിന്നാലെ. മുതല വാലുകൊണ്ടു വെള്ളത്തിൽ 'ഭ്ളീം'. ഉളിയുടെ ചരട് 'റ്റൂം'. കണ്ടൻകോരനും വേറെ രണ്ടുമൂന്നുപേരും വഞ്ചിയിൽ 'ബ്ലീം'. സാധാരണയായിട്ട് പകൽ തന്റെ കയത്തിനു സമീപസ്ഥലങ്ങൾ വിട്ട് ഭീമച്ചൻ സഞ്ചരിക്കാറില്ലാത്തതുകൊണ്ടും രണ്ടുമൂന്നു മുറിവുകൾ ഏറ്റിട്ടുള്ളതിനാൽ അധികനേരം ഉപ്പുവെള്ളത്തിനുള്ളിൽ കിടന്നുപൊറുക്കുവാൻ നിവൃത്തിയില്ലാത്തതുകൊണ്ടും ഞങ്ങൾ നിന്നിരുന്ന ദിക്കിനടുത്ത് എവിടെയെങ്കിലും അവൻ ഇനിയും പുറത്തേക്കു തല കാണിക്കാതിരിക്കയില്ലെന്ന് ഞങ്ങൾക്കു നല്ല നിശ്ചയമുണ്ടായിരുന്നു. മുതല കിഴക്കോട്ടു പോയ വഴിയിൽ ഞങ്ങൾ നിന്ന ദിക്കിൽനിന്ന് ഏകദേശം ആറുവാര അകലെയായി ഒരു കറുത്ത തല പിന്നെയും പൊങ്ങി. മൂന്നുനാലു വഞ്ചിക്കാർ ഒരു വലയുംകൊണ്ട് അതിന്റെ മുമ്പിൽ കടന്നുനിന്നു വല വീശി. കണ്ടൻകോരനും മറ്റുള്ളവരും വഞ്ചികളിൽ ആയുധപാണികളായി മുതല പൊങ്ങിയ ദിക്കിൽനിന്നു കരയിലേക്കുള്ള വഴിയിൽ അവിടവിടെ നിരന്നുനിന്നു. ആ പൊങ്ങിയ തലയ്ക്ക് ഒരുണ്ട കൊട്ടുപ്പാൻ തരമുണ്ടോ എന്നു നോക്കുവൻ വേണ്ടി മിസ്റ്റർ മേനോൻ മുമ്പിലേക്കു കടന്നുചെന്നു. ഞാൻ മുൻപ്രസ്താവിച്ച കണ്ടലിന്റെ മുകളിൽ കയറിനിന്നു. ഞാൻ നോക്കിക്കൊണ്ടിരിക്കെ കരയ്ക്കു വിളഞ്ഞു നിൽക്കുന്ന നെല്ലിന്റെ ഉള്ളിലിരുന്നുംകൊണ്ട് മിസ്റ്റർ മേനോൻ തോക്കുനീട്ടി. പൊങ്ങിയ തല മുങ്ങി. മുമ്പിൽ കൊണ്ടുപോയിട്ടു വല പടിഞ്ഞാട്ടേക്കു വലിച്ചുവലിച്ച് അടുപ്പിച്ചുതുടങ്ങി. എല്ലാവരും തകൃതിയായി തിരഞ്ഞുതുടങ്ങി. ഞാൻ കണ്ടലിന്റെ മുകളിൽ ഇരുന്നുകൊണ്ട് നാലുപുറവും നോക്കിക്കൊണ്ടിരുന്നു. സൂര്യൻ ആകാശത്തിന്റെ മദ്ധ്യപ്രദേശത്തിലേക്കു കേറിത്തുടങ്ങി. കായലിലെ വെള്ളം വെള്ളിത്തകിടുപരത്തിയതുപോലെ പ്രകാശിച്ചു. വെയിലിന്റെ ചൂട് അസഹ്യമായിരുന്നുവെങ്കിലും ഭീമച്ചനെ പിടിപ്പാനുള്ള രസം കൊണ്ട് അത് ഒരു അസഹ്യതയായി തോന്നിയില്ല. നാലുപുറവും മദ്ധ്യാഹ്നസൂര്യപ്രഭയിൽ തിളങ്ങിക്കൊണ്ടിരുന്ന കായലും കണ്ടലും വയലുകളും തെങ്ങുകളും എല്ലാം കൂടി കലർന്ന ആ മനോഹരക്കാഴ്ച നോക്കിക്കൊണ്ടു കുറച്ചുനേരം ആ കണ്ടലിന്റെ മുകളിൽ ഞാൻ നിന്നുപോയി. അപ്പോഴേക്കും അതാ 'അതാ കണ്ടലിന്റെ ചോട്ടിൽ' എന്ന് ആരോ പറയുന്നതുകേട്ട് കീഴ്പോട്ടേക്കു നോക്കിയപ്പോൾ മൂക്കു മുറിഞ്ഞു ചോരയൊലിക്കുന്ന ഭീമച്ചന്റെ തല. ഒരുണ്ട കൊട്ടുപ്പാൻ ഒന്നാന്തരം ലാക്ക്. ശരി; ഒന്നുകൊട്ടുത്തു. നെറുകയിൽത്തന്നെ. കഥ കഴിഞ്ഞിരിക്കണം. രണ്ടുമൂന്നു വഞ്ചിക്കാർ കണ്ടലിന്റെ ചോട്ടിലെത്തി കഴുക്കോലുകൾകൊണ്ട് അടി വരണ്ടിനോക്കി. വാലിട്ടു പിടച്ചുകൊണ്ട് അതിശീഘ്രമായി ഒരു ജന്തു പടിഞ്ഞാട്ടേക്കു നീന്തിപ്പോകുന്നു.

ഭീമച്ചന് പ്രാണവേദന കൊണ്ടു. ഞാൻ കണ്ടലിൽനിന്നു വഞ്ചിയിലിറങ്ങി. അപ്പോഴേക്ക് മിസ്റ്റർ മേനോനും എത്തി. ഞങ്ങൾ എല്ലാവരും കൂടി ഭീമച്ചന്റെ പിന്നാലെ മുറുകെപ്പിടിച്ചു. ഭീമച്ചന്റെ പ്രാണപരാക്രമത്തോടുകൂടിയുള്ള പോക്കും അവനെ പിന്തുടർന്നുകൊണ്ട് കണ്ടൻകോരൻ കൂട്ടരുടെ കൂക്കുവിളിയും ഇടയ്ക്കിടെ കള്ളൻ പുറത്തു തല പൊക്കുമ്പോഴേക്കും തോക്കുകളിൽനിന്നു പുറപ്പെടുന്ന ഠെ! ഠെ! ശബ്ദവും എല്ലാം കൂടി ഒരു വലിയ കോലാഹലം. മേല്പ്രകാരം തുരുത്തിനെ ഒരു പ്രദക്ഷിണം. ആ പ്രദക്ഷിണത്തിൽ രണ്ടാ

മതും തെക്കഭാഗത്ത് എത്തിയപ്പോൾ കയത്തിന്റെ കിഴക്കേപ്പുറത്തു വെച്ചിട്ടുണ്ടായിരുന്ന വല കണ്ടിട്ടാണെന്നുതോന്നും ഭീമച്ചൻ വടക്കോട്ടു തുരുത്തിലേക്കു തിരിഞ്ഞു. തുരുത്തിന്റെ അരുകിലുള്ള രണ്ടു കണ്ടലിന്റെ ഇടുക്കിൽ തലയുംവെച്ചു കിടപ്പായി. നേരെ തെക്കഭാഗത്തു നിന്ന് തലയ്ക്കു ഉന്നംനോക്കി ഞാൻ രണ്ടു കുഴലും ഒപ്പം ഒഴിച്ചു വെള്ളത്തിൽ വാലിട്ടൊരു പിട. ധിമുതൈ! എന്നൊരു കുട്ടിക്കരണം കണ്ടലിന്റെ ഇടയിൽക്കൂടി മറിഞ്ഞു തുരുത്തിന്റെ ഉള്ളിലേക്ക് 'ധീം' എന്നൊരു ചാട്ടം. ഞങ്ങളെല്ലാവരും ആയുധപാണികളായി തുരുത്തി നുള്ളിൽ കടന്നു. അവിടെ മുട്ടുവരെ ചേറുള്ള ഒരുസ്ഥലത്തുകൂടെ ഭീമച്ചൻ ഇഴഞ്ഞുപിടഞ്ഞു കൊണ്ട് ഓട്ടം. പിന്നാലെ കൂക്കുവിളിച്ചുകൊണ്ട് ഓടുന്ന സൈന്യങ്ങളിൽ കണ്ടൻകോരൻ ഉളികൊണ്ടൊരേറ്. നീലാണ്ടൻ കുന്തംവെച്ചൊരു കുത്ത്. ശങ്കു കോടാലികൊണ്ടൊരു കൊത്ത്. ഭീമച്ചന്റെ ഊക്കു ശമിച്ചു; ചേറ്റിൽ പതിഞ്ഞു കിടപ്പായി. മുക്കാലും കഴിഞ്ഞു. കാൽ പ്രാണൻ ബാക്കി. മുഴുവനാക്കുവാൻ ചെകിട്ടാണിക്ക് എന്റെ ഒരുണ്ട - അസ്തു. അളന്നുനോക്കിയപ്പോൾ മൂക്കുമുതൽ വാലിന്റെ അറ്റംവരെ നീളം പതിനാറടി നാലര ഇഞ്ച്. മദ്ധ്യത്തിലെ വണ്ണം എട്ടടി മൂന്നര ഇഞ്ച്.

— കഥാരത്നമാല ഒന്നാം ഭാഗം

## ശംകുമാരാരുടെ നായാട്ട്

ഞങ്ങൾ അഞ്ചുപേർകൂടി മച്ചാട്ടുമലയിൽ ഒരു നായാട്ടിനുപോയി. പുറപ്പെട്ടപ്പോൾ ഞങ്ങളുടെകൂടെ ശംകുമാരാരും ഉണ്ടായിരുന്നു. അദ്ദേഹം ഇതിനുമുമ്പിൽ നായാട്ടിനുപോയിട്ടില്ലെന്നുതന്നെയല്ല, വെടി ശീലിച്ചിട്ടുമില്ല. എങ്കിലും നായാട്ടിന്റെ രസത്തെക്കുറിച്ചു ഞങ്ങൾ കൂടെക്കൂടെ പറയുന്നതുകേട്ട് അദ്ദേഹം അതിന്റെ സമ്പ്രദായം അറിവാൻ പുറപ്പെട്ടതാണ്. ഞാൻ തോക്കെടുത്തു പുറത്തിറങ്ങിയപ്പോൾ അദ്ദേഹം കൂടി ചാടിപ്പുറപ്പെട്ടു. ഞങ്ങൾ താമസിച്ചിരുന്ന സ്ഥലത്തുനിന്നും ഒരു വിളിപ്പാടുപോയാൽ കാടായി. അതിന്റെ ചള്ളയിൽ രണ്ടുമൂന്നുനാഴിക അകലെ മുയലിനെ ധാരാളമായി കാണാമെന്നു വഴിക്കൊരാൾ പറകയാൽ അതിനെ അന്വേഷിച്ചുതുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ രണ്ടു മുയലിനെ ഒന്നിച്ചുകണ്ടു. അങ്ങോട്ടു കാണുന്നതിനുമുമ്പ് അവ ഞങ്ങളെ കാണുകയാൽ കുതിച്ചുചാടി പായുമ്പോളാണ് ഞാൻ അവയെ കണ്ടത്. അതുകൊണ്ടു വെടിവെപ്പാൻ തരമായില്ല. എങ്കിലും ആ മുയലുകൾ പോയവഴിയേ ഞങ്ങൾ പുറപ്പെട്ടു. അങ്ങനെ കുറച്ചുപോയപ്പോൾ ഇടതൂർന്നു നിൽക്കുന്ന ഒരു കുറുങ്കാട്ടിന്റെ ഉള്ളിൽ ഒരു അനക്കം കേട്ടു. ഉൾക്കാട്ടിൽ പോകണമെന്ന് ആദ്യം വിചാരിച്ചിട്ടില്ലാത്തതിനാൽ തോക്കിന്റെ രണ്ടു കുഴലിലും അരുമ്പുതോട്ടയാണ് നിറച്ചിരുന്നത്. മുയലിന്റെ പിന്നാലെ പുറപ്പെട്ടു കാട്ടിനുള്ളിൽ പോയപ്പോഴും തൽക്കാലമുണ്ടായ ഉത്സാഹത്താൽ ഈ കഥ മറന്നുപോയി. കുറുങ്കാട്ടിൽ അനക്കം കേട്ടപ്പോൾ മുമ്പിൽ ഓടിപ്പോകുന്ന മുയലുകളാണെന്നു തീർച്ചയാക്കി. അകന്നുനിന്നു സൂക്ഷിച്ചു നോക്കിയപ്പോൾ ഇടയിൽക്കൂടി ഒരു ജന്തുവിന്റെ ഒരു ഭാഗം അല്പം കണ്ടു. ഉടനെ വെടിവെച്ചു. വെടിയുടെ പ്രതിധ്വനി ശമിച്ചപ്പോൾ കാട്ടിനുള്ളിൽനിന്നും തോലോരം കലശലായിക്കേട്ടു. ഉടനെ ആ ചെറുവൃക്ഷങ്ങളെ വളഞ്ഞ് അതുകളുടെ ഇടയിൽക്കൂടി കറുത്തുകൂർത്ത രോമമായ ഒരു മുഖവും അതിന്റെ പിന്നാലെ കരിമ്പടക്കെട്ടുപോലെ ഒരു ശരീരവും പുറത്തുചാടി. "കരടി, കരടി,

മാരാരേ, ഓടിക്കോളൂ!" എന്നു ഞാൻ നിലവിളിച്ചുകഴിഞ്ഞപ്പോഴേക്കും ശംകുമാരാര് "അയ്യോ!" എന്നു മുറയിട്ട് ഒരു പുലയൻ തീണ്ടാപ്പാടു ദൂരത്തായി.

ഞങ്ങൾ നിന്നിരുന്നതിന്റെ പിൻഭാഗം കുറെ ദൂരത്തോളം വെളിഭൂമിയായിരുന്നതിനാൽ ഓടുന്നതിനു സൌകര്യമുണ്ടായിരുന്നു. എങ്കിലും ഓട്ടത്തിൽ ജാംബവാന്റെ കൂട്ടരെ തോൽപ്പിക്കാമെന്നുള്ള വിഡ്ഢിത്തം എനിക്കുണ്ടായിരുന്നില്ല. അപ്പോൾ എനിക്കു കണംകാലല്ലാതെ മറ്റൊരവലംബനവുമുണ്ടായിരുന്നില്ല. പല്ലിളിച്ചുകൊണ്ടു കരടി പുറത്തു ചാടിയപ്പോൾ ഒഴിയാത്ത കുഴലിലും അരുമ്പുതോട്ടതന്നെയാണ് എന്നുള്ള ജ്ഞാനമുണ്ടായി. ഉടനെ തോക്കു ചുവട്ടിലിട്ട് ഞാനും മാരാരുടെ പിന്നാലെ പാച്ചിൽ തുടങ്ങി; കുറച്ചു ചെന്നപ്പോൾ കാലുതെറ്റി ഉരുണ്ടടിച്ചു വീണു. 'ഇപ്പോളെന്റെ കഥ കഴിഞ്ഞു; കരടി തലമണ്ട കടിച്ചുടയ്ക്കുന്നതിന്റെ സുഖവും ഇപ്പോളറിയാറാകും' എന്നുവിചാരിച്ചു പരിഭ്രമിച്ച് എഴുന്നേൽക്കുമ്പോഴേക്കും പിന്നിൽ നിന്ന് ഒരു വെടി കേട്ടു. 'ഏ! കരടി ഇങ്ങോട്ടു വെടിവെയ്ക്കുകയായോ കഥ' എന്ന് ആശ്ചര്യപ്പെട്ടു തിരിഞ്ഞുനോക്കിയപ്പോൾ കണ്ട കാഴ്ച മറ്റൊരവസരത്തിലായിരുന്നാൽ ഏവനും ചിരിച്ചുപോകും.

ഞാൻ പാച്ചിൽ തുടങ്ങുന്നതിനു മുമ്പിൽ തോക്കു ചുവട്ടിലിട്ടു എന്നു പറഞ്ഞുവല്ലോ. കരടി തോക്കിന്റെ സമീപത്തെത്തിയപ്പോൾ അതിനെ സൂക്ഷിച്ചുനോക്കിക്കൊണ്ട് അവൻ കുറച്ചുനേരം അവിടെ നിന്നു; വെള്ളക്കാരന്റെ വിദ്യ ഒന്നു മനസ്സിലാക്കണമെന്നു വിചാരിച്ചിട്ടോ എന്നറിഞ്ഞില്ല; എങ്കിലും അപകടമായ ഒരു സ്ഥിതിയിൽനിന്നാണ് നോക്കിയത്. പിൻകാലിൽ ഒന്നു തോക്കിന്റെ വില്ലിന്മേൽ തൊടുത്തിവെച്ചിരുന്ന കാഞ്ചി വീണതിനാൽ വെടി പൊട്ടിപ്പോയി. കരടി ഒന്നു ഞെട്ടി എന്നു തന്നെയല്ല, ഒരു ചില്ല് മൂക്കത്തുകൊള്ളുകയും ചെയ്തു. അവന്റെ അപ്പോഴത്തെ നാട്യം കാണേണ്ടതാണ്. പല്ലിളിച്ചു താൻ തന്നെ വിഡ്ഢിയായി എന്നു ഭാവിച്ച് ഒരു പച്ചച്ചിരി ചിരിച്ചു. ഇങ്ങനെയാണ് അനാവശ്യമായ കാര്യങ്ങളിൽ കൊണ്ടു തല കാട്ടിയാൽ. തോക്കിന്റെ ഗുണദോഷം നോക്കി അറിഞ്ഞിട്ടു തനിക്കെന്താണു കാര്യം? അതു ഞങ്ങളുടെ അവകാശമല്ലേ? തനിക്കു വെടികൊണ്ടു ചാവാനല്ലേയുള്ളൂ അവകാശം? "തങ്ങൾക്കു ഫലമില്ലാതുള്ളതു പ്രവർത്തിച്ചാൽ ഭംഗമേ വരൂ എന്നു സർവ്വരും ബോധിക്കണം" എന്നു കുറുക്കൻ പണ്ടു സിംഹത്തിനോടു പറഞ്ഞതു താൻ കേട്ടിട്ടില്ലേ?

അവന്റെ വിഡ്ഢിയായ ഭാവം നോക്കിക്കൊണ്ട് ഞാൻ ഒരു നിമിഷം നിന്നുപോയി. എന്റെ വിചാരം അവനു മനസ്സിലായി എന്നു തോന്നുന്നു. അവൻ മുഖത്തെ ചോര ഒന്നു തുടച്ച് ദംഷ്ട്രങ്ങൾ പുറത്തുകാണിച്ച് പിന്നെയും എന്റെ നേരെ ഓടി. ദൈവാനുകൂല്യം കൊണ്ടു ഞാൻ അപ്പോൾ നിന്നിരുന്നതിന്റെ സമീപത്തിൽ വണ്ണം കുറഞ്ഞു പൊക്കമുള്ള ഒരു മരം ഉണ്ടായിരുന്നു. ധൃതിപ്പെട്ടു ഞാൻ പൊത്തിപ്പിടിച്ച് അതിന്മേൽ കയറി. വണ്ണം കുറഞ്ഞ മരത്തിന്മേൽ കരടിക്കു കയറാൻ വയ്യാ എന്നു ഞാൻ കേട്ടിട്ടുണ്ടെങ്കിലും തൽക്കാലം എനിക്കു സമാധാനം നന്നേ കുറവായിരുന്നു. ആദ്യത്തെ കവളിയിൽ ഇരുന്നു കൈകൊണ്ടു കൊമ്പിന്മേൽ മുറുക്കിപ്പിടിച്ചു മറ്റേ കൈയിൽ നായാട്ടുകത്തിയുമായി വശമായി. അപ്പോഴേക്കു കരടി ചുവട്ടിലെത്തി മരത്തിന്മേൽ കയറാനുള്ള ശ്രമമായി. മരത്തിന് ഒരു കവുങ്ങിനോളമേ വണ്ണ

മുണ്ടായിരുന്നൊള്ളൂ. പഠിച്ച പണിയൊക്കെ നോക്കീട്ടും അല്പമെങ്കിലും കയറുവാൻ അവനു സാധിച്ചില്ല. തന്റെ ശ്രമം വ്യർത്ഥമാണെന്നു കണ്ടപ്പോൾ അവൻ പതുക്കെപ്പോയി സമീപ ത്തുണ്ടായിരുന്ന ഒരു പാറമേൽ ചെന്നു കിടപ്പായി.

എന്റെ അപ്പോഴത്തെ സ്ഥിതി വളരെ അസൂയപ്പെടത്തക്കതായിരുന്നില്ല. കാലും തൊണ്ട യും ഒരുപോലെ വിറച്ചുകൊണ്ടിരുന്നു. ആ മരത്തിന്റെ കവളിയിൽ ഇടുങ്ങി ഇരുന്നിട്ട് പൃഷ്ഠം മരം പോലെ ആയി. ശൌര്യത്തോടുകൂടി കത്തി കൈയിൽ പിടിച്ചിട്ടുണ്ടായിരുന്നുവെ ങ്കിലും പ്രാണൻ വായിലായിരുന്നു. ആദിത്യൻ അസ്തമിക്കാൻ ഒന്നരനാഴികയിലധികം ഉണ്ടായിരുന്നില്ലതാനും. ആർക്കെങ്കിലും അപ്പോൾ ഞാനുമായി സ്ഥലമാറ്റംചെയ്യാൻ സമ്മതമുണ്ടായിരുന്നെങ്കിൽ എന്റെ സ്ഥാനം ഒഴിച്ചുകൊടുപ്പാൻ ഞാൻ തയ്യാറായിരുന്നു. ശംകുമാരാരു ചെന്നു വർത്തമാനം പറയുമ്പോൾ വെടിക്കാരിൽ ചിലർ പുറപ്പെട്ടുവരും എന്നൊരു സമാധാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കരടി പാറയിന്മേൽ കിടന്നുറക്കവു മായി. ഞാൻ ഒന്നും അറിഞ്ഞില്ലേ, വേണമെങ്കിൽ ഇറങ്ങിപ്പൊയ്ക്കൊള്ളൂ എന്നായിരുന്നു അവന്റെ നാട്യം. പെരുങ്കള്ളൻ. അവന്റെ കള്ളം എനിക്കു മനസ്സിലായില്ലെന്നാണ് അവൻ വിചാരിച്ചത്. ഞാൻ അല്പം ഒന്നനങ്ങിയാൽ ആ ഉറങ്ങുന്ന കരടി കണ്ണു കുറേ മിഴിച്ച് ഓട്ടക്കണ്ണിട്ട് ഒന്നു നോക്കും. ഞാൻ ഇവിടെ ഇരുന്നു ചത്താലും വേണ്ടില്ലെടോ, നിനക്കെന്നെ തൊടാൻ കഴികയില്ല.

ഇങ്ങനെ ഏകദേശം അരമുക്കാൽ നാഴിക കഴിഞ്ഞപ്പോൾ അല്പം ദൂരത്തായിട്ട് ഒരനക്കം കേട്ടു. നോക്കിയപ്പോൾ കൂട്ടർ നാലഞ്ചുപേർ തോക്കെല്ലാം വലിയ വില്ലിന്മേൽ കയറ്റി അങ്ങോട്ടും ഇങ്ങോട്ടും സൂക്ഷിച്ചുനോക്കി പതുക്കെപ്പതുക്കെ വരുന്നതുകണ്ടു. അവരുടെ മുഖഭാവം കൊണ്ട് എന്റെ കഥ കഴിഞ്ഞു എന്നായിരുന്നു അവരുടെ ബോദ്ധ്യമെന്ന് എനിക്കു നല്ലവണ്ണം മനസ്സിലായി. കരടി എവിടെയാണെന്നറിയാതെ അവർ പെട്ടെന്നു വന്നു കയറിയാൽ വല്ല അപകടവും പിണഞ്ഞെങ്കിലോ എന്നു വിചാരിച്ചു ഞാൻ അവരുടെ നേരെ നോക്കി ഒരു മുണ്ടു വീശിത്തുടങ്ങി. കുറച്ചുകഴിഞ്ഞപ്പോൾ അവർ എന്നെ കണ്ടു. 'ഇതാ മേനോൻ' എന്ന് എല്ലാവരും നിലവിളിച്ചു. ഉടനെ ഒച്ച പുറപ്പെടുവിക്കരുതെന്ന് അവരെ ആംഗ്യംകൊണ്ടു മനസ്സിലാക്കി കരടി കിടക്കുന്നിടത്തേക്കു ചൂണ്ടിക്കാണിച്ചു. ഇതൊക്കെ കണ്ടപ്പോൾ നല്ല പന്തിയല്ലെന്നു കരടിക്കും മനസ്സിലായി. അവൻ പതുക്കെ എഴുന്നേറ്റു നാലുപുറവും നോക്കിത്തുടങ്ങി. അപ്പോഴേക്കു നമ്മുടെ ചങ്ങാതിമാർ അടുത്തെ ത്തി. എനിക്കു പരിഭ്രമവും കലശലായി. ഇതാ അവർ കരടിയെ കണ്ടു. "ഠെ, ഠെ, ഠെ, ഠെ!" നാലു വെടി ഒരുമിച്ചുതന്നെ പൊട്ടി. കരടി രണ്ടു ചാട്ടവും പ്രാണവേദനയോടുകൂടി ഒരു നിലവിളിയും കഴിച്ച് തടി മുറിച്ചിട്ടപോലെ ഭൂമിയിൽ വീണു. ഞാൻ ഒരു വിധത്തിൽ മരത്തിന്മേൽനിന്നിറങ്ങി. കുറേനേരം അന്യോന്യം വിവരങ്ങളെല്ലാം പറഞ്ഞു. ശംകുമാ രാരുടെ പരിഭ്രമവും കരച്ചിലും അദ്ദേഹം പറഞ്ഞ വിവരങ്ങളുമെല്ലാം അവർ പറഞ്ഞുകേട്ട് ഞാനും അവരും നന്നേ ചിരിച്ചു. ഇനിമേൽ താൻ കാട്ടിൽ കയറുകയില്ലെന്ന് അദ്ദേഹം സത്യവും ചെയ്തു. ചത്തുകിടക്കുന്ന കരടിയെ നോക്കിയതിൽ അവനു രണ്ട് വെടി കൊണ്ടി ട്ടുണ്ട്. ഒന്നു മുതുകിലും മറ്റത് എടക്കഴുത്തിലുമായിരുന്നു. ശേഷം നാളെയാവാം എന്നുവെച്ച് ഞങ്ങൾ സന്ധ്യയോടുകൂടി മടങ്ങി.

— കഥാരത്നമാല രണ്ടാം ഭാഗം

## അഭ്യാസം

1. പുനലൂരിൽ നിന്നു ചെങ്കോട്ടയ്ക്കു തീവണ്ടിയിൽ പോകുമ്പോൾ ഇരുപുറവും കാണുന്ന കാഴ്ചകളെ വർണ്ണിക്കുക.
2. വേമ്പനാട്ടു കായലിൽക്കൂടി യാത്രചെയ്യുമ്പോൾ ഒരു ഇടിയും മഴയും ഉണ്ടായതായി വിചാരിച്ചു വർണ്ണിക്കുക.
3. ‘അല്പന് അർദ്ധരാജ്യം കിട്ടിയാൽ അർദ്ധരാത്രി കുടപിടിക്കും.’ ഈ പഴഞ്ചൊല്ലിനു വർണ്ണനാരൂപമായ ഒരു വ്യാഖ്യാനമെഴുതുക.

(എ) ഒരു വെള്ളപ്പൊക്കം.

(ബി) ഒരരുവിയിൽ കുളിക്കാൻ പോയത്.

(സി) നൃഗമോക്ഷം പുരാണകഥ.

(ഡി) ഒരു ദീപക്കാഴ്ച.

(ഇ) ഒരു പട്ടണത്തിൽ സാംക്രമികരോഗം വ്യാപിച്ചത്.

(എഫ്) ഒരു സവാരിയിൽ വഴിപിഴച്ചത്.

(ജി) ഒരാന പിണങ്ങിയ കോലാഹലം – ഇതുകളെ വർണിക്കുക.

# 4
## വിവരണം

ഒരു വസ്തുവിന്റേയോ, സംഭവത്തിന്റേയോ, ഏർപ്പാടിന്റേയോ മറ്റോ സ്വരൂപം, സ്വഭാവം, പ്രയോജനം മുതലായതു വിശദപ്പെടുത്തിക്കാണിക്കയാകുന്നു വിവരണം. മുറുക്കിവെച്ചിരിക്കുന്ന ഉരുക്കുവെശ അഴിയുന്ന വേഗത്തെ, പല്ലുകൾകൊണ്ടു തമ്മിൽ ചേരുന്ന ചക്രങ്ങളുടെ ചലനത്താൽ ക്രമപ്പെടുത്തി നേരം കാണിക്കുന്നതിന് ഒരു കൂട്ടിൽ അടച്ചിട്ടുള്ള യന്ത്രമാണ് നാഴികമണി. എന്നു പറഞ്ഞാൽ അത് ഒരു വസ്തുവിന്റെ വിവരമാണ്. സൂര്യചന്ദ്രന്മാർ തങ്ങളുടെ സഞ്ചാരവൃത്തങ്ങൾക്കുള്ള സമ്പാതത്തിൽ വരുമ്പോൾ ഭൂസ്ഥന്മാരുടെ ദൃഷ്ട്യാ മൂന്നു ഗോളങ്ങളിൽ ഒന്നു മറ്റൊന്നുകൊണ്ടു മറഞ്ഞുപോകുന്ന സംഭവത്തിന് ഗ്രഹണമെന്നു പേർ എന്ന് സംഭവത്തിനുദാഹരണം. ചതുരംഗക്കളി എന്നാൽ 64 ചതുരശ്രഖണ്ഡങ്ങളുള്ള ഒരു കളത്തിൽ ചതുരംഗസൈന്യങ്ങൾ നിരത്തി രഥാദിയായ ഓരോ അംഗത്തിനും കൽപ്പിക്കപ്പെട്ടിട്ടുള്ള ഗതിക്രമമനുസരിച്ച് ഇരുകക്ഷികൾ ചെയ്യുന്ന യുദ്ധഭാവനയാകുന്നു എന്നൊരു ഏർപ്പാടിനെ വിവരിക്കാം. ലാഘവത്തിനുവേണ്ടി ഉദാഹരണം മൂന്നും ഇവിടെ ഒറ്റവാക്യംകൊണ്ടു ചെയ്തു എന്നേയുള്ളു. ഇത് ഒരു വകുപ്പുകൊണ്ടോ അദ്ധ്യായംകൊണ്ടോ ഗ്രന്ഥംകൊണ്ടോ ചെയ്യാവുന്നതാകുന്നു. ഒരു വസ്തുവിനെ (പ്രായേണ) ഒറ്റവാക്യംകൊണ്ടു വിവരിക്കുന്നതിന് 'ലക്ഷണം' എന്നു പേർ. ക്ഷേത്രഗണിതത്തിൽ ബിന്ദു, രേഖ, ത്രികോണം മുതലായതിന്റെ വിവരണവാക്യങ്ങൾ ലക്ഷണങ്ങളാകുന്നു. നിഷ്കർഷിച്ചും വിസ്തരിച്ചും ചെയ്യുന്ന ലക്ഷണത്തെ 'നിർവ്വചനം' എന്നു വ്യവഹരിക്കാറുണ്ട്. മുൻ പ്രസ്താവിച്ച ചതുരംഗക്കളിക്ക് ഒരു നിഘണ്ടുവിൽ കൊടുക്കുന്ന വിവരണം അതിന്റെ നിർവ്വചനമാണെന്നു പറയാം. ജ്യോതിശ്ശാസ്ത്രത്തിൽ ഗ്രഹണത്തെപ്പറ്റിയുള്ള അദ്ധ്യായത്തിന് 'ഗ്രഹണനിരൂപണം' എന്നു നാമകരണം ചെയ്യുന്നത് ഉചിതമായിരിക്കും. ഭൂമിയെപ്പറ്റി വിവരിക്കുന്ന ഗ്രന്ഥത്തിനു ഭൂവിവരണം എന്നു പേർ ധാരാളം കാണും.

മുമ്പ് രണ്ടാമിനത്തിൽ ശാസ്ത്രീയവർണ്ണനം അല്ലെങ്കിൽ നിരൂപണം എന്നുപറഞ്ഞ വിഭാഗത്തിനും വിവരണത്തിനും തമ്മിൽ വാസ്തവത്തിൽ വലിയ ഭേദമൊന്നുമില്ല. അതിനാലാണ് 'ഗ്രഹണനിരൂപണം' എന്നു നിരൂപണത്തെ ഈ മൂന്നാമിനത്തിലും എടുത്തത്.

ഗൌരവമേറിയ വിഷയത്തെപ്പറ്റിയേ നിരൂപണപദം പ്രയോഗിക്കാറുള്ളൊ. 'ചതുരംഗനിരൂപണം' എന്നു് ആരും പറയാറില്ല. വിവരണം എന സാമാന്യപദം ഏതു വിഷയത്തിലും ഉപയോഗിക്കാം. ചതുരംഗവിവരണം, ഭ്രൂവിവരണം എന്നു രണ്ടും ചേരും. എന്നുമാത്രമല്ല, നിരൂപണത്തിൽ മേലിൽ നാലാം ഇനമായി പ്രസ്താവിക്കാൻ പോകുന്ന ഉപപാദനത്തിന്റെ അംശവും കലർന്നിരിക്കണം. ഇവിടെ കൃതികൾക്കു് ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം എന്നു നാലു പ്രധാനങ്ങളായ ഇനങ്ങൾ കല്പിച്ചതു് സൌകര്യത്തിനുവേണ്ടി ചെയ്തതല്ലാതെ തർക്കശാസ്ത്രസമ്മതമായ ഒരു വിഭാഗമല്ലെന്നു് ആദ്യമേ പ്രസ്താവിച്ചിട്ടുള്ളതു് ഒരിക്കൽക്കൂടി ശിഷ്യന്മാരെ ഓർമ്മിപ്പിച്ചുകൊള്ളുന്നു.

ഒരു സംഗതിക്കു സമാധാനം പറയുന്നതും വിവരണം തന്നെ. ആറുമാസം പകലേറുന്നതിനും ആറു മാസം രാവേറുന്നതിനും കാരണം എന്തു്? ഈ ചോദ്യത്തിന്റെ ഉത്തരം ഒരു വിവരണമായിരിക്കും. ഒരു ഗ്രന്ഥത്തിന്റെ ഗുണദോഷങ്ങളെ നിരൂപിക്കുന്ന വിവരണത്തിനു് വിമർശമെന്നുപേർ. ഗ്രന്ഥകാരനെ പിൻതാങ്ങി അനുകൂലമായി ചെയ്യുന്ന വിമർശനം മണ്ഡനം; ഗ്രന്ഥത്തെ ആക്ഷേപിച്ചു പ്രതികൂലമായി ചെയ്യുന്നതു ഖണ്ഡനം എന്നു വിമർശത്തിനു് രണ്ടു് ഉൾപ്പിരിവുകൾ. സംഗ്രഹരൂപമായ അർത്ഥത്തെ വിസ്തരിച്ചു വിശദപ്പെടുത്തുന്നതു് വ്യാഖ്യാനം; മറിച്ചു് വിസ്തൃതമായ അർത്ഥത്തെ ചുരുക്കുന്നതു് സംഗ്രഹം. വ്യാഖ്യാനം പലവിധമുണ്ടു്; മൂലത്തെ പദംപ്രതി വിവരിച്ചു് ഉപപത്തി കാണിക്കുന്നതു് അനുഗതവ്യാഖ്യാനം; സമഷ്ടിയായിട്ടു് അർത്ഥം വിവരിക്കുന്നതു് ടികാ; അങ്ങുമിങ്ങും ദുർഘടപദങ്ങളെ മാത്രം വ്യാഖ്യാനിക്കുന്നതു് ടിപ്പണം; ഖണ്ഡനവും മണ്ഡനവും ചേർത്തു സ്വാതന്ത്ര്യം പ്രകാശിപ്പിക്കുന്ന വ്യാഖ്യാനം ഭാഷ്യം. പദ്യത്തിന്റെ അർത്ഥം ഏറ്റക്കുറവുകൾ കൂടാതെ ഗദ്യത്തിലാക്കുന്ന സമ്പ്രദായത്തിനു് പരാവർത്തനം എന്നു പേർ ചെയ്യാം. ഇംഗ്ലീഷിൽ ഈ സമ്പ്രദായത്തിനു വളരെ പ്രചാരമുണ്ടു്. സാഹിത്യാഭ്യാസത്തിനു് ഇതു വളരെ ഉപകരിക്കുന്നതുമാണു്. ഭാഷയിൽ കുഞ്ചൻനമ്പ്യാർ ഈ സമ്പ്രദായം ഉപയോഗിച്ചിട്ടുണ്ടു്. അദ്ദേഹം പല തുള്ളക്കഥകളിലും മൂലശ്ലോകമെഴുതി ഈരടികളെക്കൊണ്ടു പരാവർത്തനം ചെയ്തിട്ടുണ്ടു്.

### ഉദാഹരണം:

#### മൂലം:

"ചീയതേ ബാലിശസ്യാപി സൽക്ഷേത്രപതിതാ കൃഷിഃ
ന ശാലേ സ്തംബകരിതാവപ്തുർഗുണമപേക്ഷതേ"

#### പരാവർത്തനം:

"വളമേറിന കണ്ടത്തിൽ വിതച്ചാൽ
വിളവൊരു പത്തിനു സംശയമില്ല,
വളമില്ലാത്ത പറമ്പിൽ വിതച്ചാൽ

അളവേ വിത്തും കിട്ടുകയില്ല,
കണ്ടത്തിന്റെ ഗുണംകൊണ്ടേ വിള-
വുണ്ടാവുള്ളു വിതച്ചതിലധികം.
കൊണ്ടിഹ ചെന്നു വിതയ്ക്കുന്നവനെ-
ക്കൊണ്ടൊരു കാര്യം വരുവാനില്ല!
നല്ല കൃഷിക്കാരൻ താൻ വിത്തൊരു
കല്ലിൽ വിതച്ചാൽ കരികേയുള്ളു,
നല്ലൊരു വയലിലതുഴുതുവിതച്ചാൽ
നെല്ലൊരു നാഴിക്കൊരുപറ വിളയും."

— സ്യമന്തകം

വിവരണം എന്ന ഇനത്തിൽ എന്തെല്ലാം ഉൾപ്പെടുത്തണമെന്ന് ഇത്രയും 'വിവരണം' കൊണ്ടു സ്പഷ്ടമാകുമല്ലോ. ഇനി പൊതുവെ ഇതിൽ എന്തെല്ലാം ഭാഗങ്ങളാണ് സൂക്ഷിക്കാനുള്ളതെന്നു പര്യാലോചിക്കാം. ഒരു വിഷയത്തെ വായനക്കാർക്കോ ശ്രോതാക്കൾക്കോ വിശദപ്പെടുത്തിക്കൊടുക്കുകയാണല്ലോ വിവരണംകൊണ്ടു ചെയ്യേണ്ടതു്. വിഷയത്തിന്റെ അങ്ങുമിങ്ങുമുള്ള ഓരോ അംശം തോന്നിയതുപോലെ എടുത്തു് വാലുംതലയുമില്ലാതെ പ്രസ്താവിച്ചാൽ ഉദ്ദേശ്യം ഫലിക്കയില്ല; പ്രസ്താവിക്കേണ്ട സംഗതി എല്ലാം പ്രസ്താവിച്ചില്ലെന്നും വരും; അതിനാൽ വിവരണത്തിനു് ആദ്യമായി ചെയ്യേണ്ടുന്നതു് ഒരു പ്ലാൻ അല്ലെങ്കിൽ 'ആസൂത്രണം' തയ്യാറാക്കുകയാകുന്നു. വിഷയത്തിൽ വിവരിക്കേണ്ട അംശങ്ങൾ ഏതെല്ലാമെന്നു് ആലോചിച്ചു നിശ്ചയിച്ചു കുറിച്ചുവയ്ക്കുക. ഈ ക്രിയയ്ക്കു 'വിഷയവിശകലനം' എന്നു പേർ ചെയ്യാം. വിശകലനം ചെയ്തു സംഗ്രഹിച്ച കുറിപ്പു (നോട്ടു)കളെ തരം തിരിച്ച് ക്രമപ്പെടുത്തി എഴുതിയാൽ അതു് ആസൂത്രണം (പ്ലാൻ) ആയി, കുറിപ്പുകളിൽ ഓരോന്നിലും അടങ്ങിയിരിക്കുന്ന സംഗതി ഓരോ വാക്യംകൊണ്ടു സംഗ്രഹിച്ചാൽ അതിനു് "സൂത്രവാക്യം" എന്നു പേരിടാം. പിന്നീട് ഓരോ സൂത്രവാക്യത്തേയും ഓരോ വകുപ്പാക്കി നീട്ടേണ്ടതേ ഉള്ളു.

മുൻ കാണിച്ച ചതുരംഗക്കളിയെത്തന്നെ ഒരു ദൃഷ്ടാന്തത്തിനു് ഇവിടെ എടുത്തുവിവരിക്കാം: ആദ്യമായി വിഷയവിശകലനം – കളിക്കാരുടെ എണ്ണം, കളം, കരുക്കൾ, ഓരോന്നിന്റേയും കാലുകൾ, നിരത്തുന്ന സമ്പ്രദായം, നിയമങ്ങൾ, വെട്ടുന്ന മട്ടു്, അവസാനം ഈ വ്യാഖ്യേയാംശങ്ങളെ ഇനി തരംതിരിക്കണം. വിഷയസ്വഭാവത്താൽ ഇതിനു് ഇവിടെ ഏറെ വകയില്ല. പിന്നെ ക്രമപ്പെടുത്തുകയാണു വേണ്ടതു്. ഏതു ക്രമം വായനക്കാർക്കു ഗ്രഹിപ്പാൻ എളുപ്പമെന്നു തോന്നുന്നുവോ ആ ക്രമം എടുക്കണം. എല്ലാ വിഷയങ്ങൾക്കും ആധാരഭൂതങ്ങളായ പ്രധാനാംശങ്ങൾ ഇന്നതിന്നതെന്നു നോക്കിയാലുടനെ തോന്നും. അതുകളെ ആദ്യം എടുക്കണം. മിക്ക വിഷയങ്ങളിലും വ്യാഖ്യേയാംശങ്ങൾക്കു് പ്രസ്പരാപേക്ഷ കാണും; ഒന്നിനെ വിവരിക്കുമ്പോൾ മറ്റൊന്നുകൂടി അറിഞ്ഞിരുന്നാലേ കാര്യം മനസ്സിലാകയുള്ളു എന്നുവരും. അതിനാൽ ഏതംശത്തിനു വേറെയുള്ള അംശങ്ങളുടെ അറിവു വേണ

മെന്നുള്ള നിർബ്ബന്ധം കുറഞ്ഞുകാണുന്നുവോ അതു മുമ്പിൽ എടുക്കണം. പരാപേക്ഷ കൂടുന്ന മുറയ്ക്ക് വ്യാഖ്യേയാംശങ്ങളെ അടുക്കുക; ഇങ്ങനെ ചെയ്യുമ്പോൾ, പ്രകൃതവിഷയത്തിൽ:

1. കളിക്കാരുടെ എണ്ണം
2. കളം
3. കരുക്കൾ
4. നിരത്തുക
5. കാലുകൾ
6. വെട്ടുന്ന മട്ട്
7. നിയമങ്ങൾ
8. അവസാനം

എന്നു ക്രമപ്പെടുത്തിയ പട്ടിക ആസൂത്രണമായി. ഇനി സൂത്രവാക്യങ്ങൾ ഉണ്ടാക്കുക തന്നെ.

1. ചതുരംഗം രണ്ടുപേർ തങ്ങളിൽ ചെയ്യുന്ന കളിയാകുന്നു.
2. ചതുരംഗക്കളത്തിന് ഒരു വലിയ സമചതുരശ്രം വരച്ച് അതിനെ സമാന്തരരേഖകൾകൊണ്ട് 64 ഖണ്ഡങ്ങളാക്കി മുറിക്കണം.
3. ആന, കുതിര, തേര്, കാലാൾ എന്ന നാലു സേനാംഗങ്ങൾ; ദേവൻ, മന്ത്രി എന്നിവകളാണ് ചതുരംഗത്തിലെ കരുക്കൾ.
4. മദ്ധ്യത്തിൽ നിൽക്കുന്ന ദേവന്റേയും മന്ത്രിയുടേയും വശങ്ങളിലായി മുറയ്ക്ക് ആന, കുതിര, തേരുകൾ; ഈ എട്ടിന്റേയും മുമ്പിൽ ഓരോ കലാൾ; ഇങ്ങനെ മുതൽക്കള്ളിയിൽ കുരുക്കളെ വിലങ്ങത്തിൽ (കുറുക്കെ) നിരത്തണം.
5. നെടുകെയും കുറുകെയും രണ്ടും കലർന്നും പലവിധം കരുക്കളെ നീക്കുന്നതിനു ചെയ്തിട്ടുള്ള വ്യവസ്ഥയെ ആണ് കരുക്കളുടെ കാലുകൾ എന്നു പറയുന്നത്.
6. ഒരു പക്ഷത്തിലുള്ള കരുവിനെ മറ്റു പക്ഷത്തിലെ കരു കാലുംപ്രകാരം അതിന്റെ സ്ഥാനം ആക്രമിച്ചു കളത്തിനു പുറത്തു തള്ളുമ്പോൾ തള്ളപ്പെട്ട കരുവിനെ മറ്റെ കരു വെട്ടി എന്നു പറയുന്നു.
7. ദേവനെ വെട്ടിയാൽ കളി അവസാനിച്ചു എന്നുള്ള ഒരു തത്വമാണ് ചതുരംഗത്തിലെ നിയമങ്ങൾക്കെല്ലാം ആസ്പദം.
8. ചതുരംഗത്തിൽ ഒരു കക്ഷിക്കു ജയവും മറ്റൊരു കക്ഷിക്കു പരാജയവും വേണമെന്നു നിർബ്ബന്ധമില്ല.

ഇനി ഈ എട്ടു സൂത്രവാക്യങ്ങളെയും വിസ്തരിച്ച് എട്ടു വകുപ്പുകളാക്കാം. അതാതുകളിലുള്ള വ്യാഖ്യേയാംശത്തിന്റെ സ്വഭാവവും പ്രാധാന്യവും അനുസരിച്ചു കീഴ്വകുപ്പുകളും ചേർക്കാം.

ഉദാഹരണത്തിന് കാലുകൾ എന്ന അഞ്ചാം വകുപ്പിൽ ഇംഗ്ലീഷ്സമ്പ്രദായത്തിനു നാട്ടുസമ്പ്രദായത്തിൽനിന്നുള്ള ഭേദത്തെപ്പറ്റി ഒരു കീഴ്വകുപ്പും, അവസാനം എന്ന ഒടുവിലത്തെ വകുപ്പിൽ 1) അടിയറവ്, 2) ഈടറവ്, 3) സമം എന്ന മൂന്നു കീഴ്വകുപ്പുകളും കൂട്ടിച്ചേർക്കാം.

പ്രസംഗമെഴുതുമ്പോൾ ചില്ലറവിവരങ്ങളെ വകവയ്ക്കാതെ വിടുകയാണു നല്ലതു്. അതുകളെക്കുടെ എഴുതുന്നപക്ഷം അതുകൾക്കു പ്രാധാന്യം കൊടുപ്പാതിരിപ്പാൻ സൂക്ഷിക്കേണ്ടിവരും. പ്രകൃതത്തിൽ കരുക്കളെപ്പറ്റിയോ കാലുകളെപ്പറ്റിയോ ഉള്ള വകുപ്പിൽ കരുക്കളുടെ ബലക്ഷയങ്ങളേയും മന്ത്രിക്കോപ്പു മുതലായ വ്യൂഹങ്ങളേയും വിവരിക്കാം.

മേല്പറഞ്ഞ ഉപദേശങ്ങളനുസരിച്ചു ചതുരംഗത്തിന്റെ വിവരണമായി ഒരു പ്രസംഗം താഴെ ചേർക്കുന്നു:

## ചതുരംഗക്കളി

1. ചതുരംഗം രണ്ടുപേർ തങ്ങളിൽ ചെയ്യുന്ന ഒരു കളിയാകുന്നു. സമബലന്മാരായ രണ്ടു രാജാക്കന്മാർ തങ്ങളിൽ ധർമ്മയുദ്ധം ചെയ്യുന്നു എന്നാണ് ഈ കളിയുടെ ഭാവന. അതിനാൽ കക്ഷികൾ രണ്ടേ വരാനിടയുള്ളു. എങ്കിലും ഇരുകക്ഷികൾക്കും പോരു പറഞ്ഞുകൊടുക്കുന്നതിലേക്ക് എത്രപേരും ചേരുന്നതിനു വിരോധമില്ല. ചതുരംഗം ഒരു ശാസ്ത്രീയവിനോദമാകയാൽ അതിൽ സാമർത്ഥ്യമുള്ള രണ്ടുപേർക്ക് ദൂരദേശത്തിലിരുന്നുകൊണ്ടും കളി നടത്താൻ കഴിയും. യൂറോപ്പിലും അമേരിക്കയിലും എന്നപോലെ അത്ര ദൂരദേശങ്ങളിൽ താമസിക്കുന്നവരും, തമ്മിൽ കാണുകപോലും ചെയ്തിട്ടില്ലാത്തവരുമായ ചതുരംഗവീരന്മാർ എഴുത്തുമൂഖേന കളി നടത്തിയതായി കേട്ടിട്ടുണ്ടു്.
2. ചതുരംഗത്തിന് ഒരു വലിയ സമചതുരശ്രം വരച്ച് അതിനെ സമാന്തരരേഖകൾകൊണ്ടു് 64 സമഖണ്ഡങ്ങളായി മുറിക്കണം. ഇതിലേക്ക് പലകയിലോ കടലാസിലോ തറയിലോ സൌകര്യംപോലെ 9 നെടിയ നേർവരകൾ ഇടുന്നതിനു വലത്തോട്ടു വരയ്ക്കുക. വരകൾക്കു തമ്മിൽ അകലം ഒന്നുപോലെ ഇരിക്കണം. പിന്നീട് ഈ 9 വരകളുടേയും ഇടത്തെ അഗ്രങ്ങളെക്കൂട്ടി സമകോണം വരത്തക്കവണ്ണം കീഴുമേലായി ഒരു രേഖ വരയ്ക്കുക. അതിന്റെ വലതുഭാഗത്തായി മുമ്പിൽ ഇടംവലമായി വരച്ച വരകളുടെ അകലത്തിൽത്തന്നെ വേറെ ഒരു വര. ഇങ്ങനെ കീഴ്മേലായി 9 രേഖകൾ ഉണ്ടാക്കുക. ഇടംവലമുള്ള രേഖകൾക്കു നീളം അധികമെങ്കിൽ തുടച്ചുകളയുക. പോരെങ്കിൽ കൂട്ടുക. ഇങ്ങനെ ആകുമ്പോൾ 64 സമഖണ്ഡങ്ങൾ കിട്ടും. ആദ്യമേ ഒരു വലിയ ചതുരശ്രം വരച്ച് അതിനെ അർദ്ധിച്ചു കൊണ്ടുവന്നും കളം വരയ്ക്കാം.
3. ആന, കുതിര, തേരു്, കാലാൾ എന്നു നാലു സേനാംഗങ്ങൾ; ദേവൻ, മന്ത്രി എന്നിവകളാണ് ചതുരംഗത്തിലെ കരുക്കൾ. രാജാവിനെയാണു ദേവൻ എന്നു പറയുന്നതു്. രാജാവിന് ഒരു മന്ത്രിയും ആന, കുതിര, ഇവ രണ്ടും കാലാൾ 8-ഉം ഉണ്ടു്. ഇതു രണ്ടു കക്ഷിക്കും ഒരുപോലെതന്നെ. തിരിച്ചറിയാൻവേണ്ടി നിറമോ ആകൃതിയോ

ഭേദിച്ചിരിക്കും. ഒരു കക്ഷി ചെറുകരു എന്നും മറ്റത് വൻകരു എന്നുമാണ് സാധാരണയിൽ വ്യവഹാരം.

4. മദ്ധ്യത്തിൽ നിൽക്കുന്ന ദേവന്റേയും മന്ത്രിയുടേയും വശങ്ങളിലായി മുറയ്ക്ക് ഓരോ ആന, കുതിര, തേരുകൾ ഈ ഏഴിന്റേയും മുമ്പിൽ ഓരോ കാലാൾ; ഇങ്ങനെ മുതൽക്കള്ളിയിൽ കരുക്കളെ കുറുക്കെ നിരത്തണം. അപ്പോൾ ആദ്യത്തെ കളിയുടെ 4-ആം ഖണ്ഡത്തിൽ ദേവൻ, 5-ആം ഖണ്ഡത്തിൽ മന്ത്രി, 1-ലും 8-ലും തേരുകൾ, 2-ലും 7-ലും കുതിരകൾ, 3-ലും 6-ലും ആനകൾ എന്ന് ഒന്നാംകള്ളി മുഴുവനും നിറയും. രണ്ടാം കള്ളിയിൽ നിരപ്പെ കാലാളുകൾ. ഇതുപോലെ മറുവശത്തും. ഇവിടെ ഒന്ന് രണ്ട് മുതലായ ലക്കങ്ങൾ ഇടത്തുനിന്ന് വലത്തോട്ട് ആരംഭിക്കണം. ഭൂപടത്തിൽ എന്നപോലെ മുൻവശം വടക്ക് എന്നുള്ള സങ്കേതത്തോട്ടുകൂടിയാണ് സംഖ്യകൾ പറഞ്ഞത്. കിഴക്കോട്ടോ തെക്കോട്ടോ നോക്കി ഇരുന്നു കളിക്കയാണെങ്കിൽ ദേവനും മന്ത്രിക്കും സ്ഥാനഭേദം വേണമെന്നൊരു പക്ഷമുണ്ട്. 'വടകിഴ അരശില്ല' എന്നൊരു നിയമം ധരിച്ചിരുന്നാൽ ദേവനേയും മന്ത്രിയേയും നിറുത്തുന്നതിൽ സംശയത്തിനിടയാവുകയില്ല.

5. നെടുകേയും കുറുകേയും രണ്ടും കലർന്നും പലവിധം കരുക്കളെ നീക്കുന്നതിനു ചെയ്തിട്ടുള്ള വ്യവസ്ഥയെ ആണ് കരുക്കളുടെ കാലുകൾ എന്നു പറയുന്നത്. ദേവൻ, മന്ത്രി, ആന, കുതിര, തേര്, കാലാൾ ഈ ആറെണ്ണത്തിനും നീങ്ങുന്ന കാൽ വെവ്വേറെ ആകുന്നു. ദേവൻ ഏണിച്ചോ കോണിച്ചോ അടുത്ത ഖണ്ഡത്തിൽ നീങ്ങും; മന്ത്രി കോണിച്ച് അടുത്ത ഖണ്ഡത്തിൽ മാത്രം; ആന കോണിച്ച 3-ആം ഖണ്ഡത്തിൽ; കുതിരയും നീങ്ങുന്നതു 3-ആം ഖണ്ഡത്തിൽത്തന്നെ. എന്നാൽ അതിൽ ഒന്ന് ഏണിച്ചും രണ്ട് കോണിച്ചും അല്ലെങ്കിൽ രണ്ട് കോണിച്ചും ഒന്ന് ഏണിച്ചും ആയിരിക്കണം. തേരിനു നെടുനീളെ (ഏണിച്ച്) ഏതു ഖണ്ഡത്തിലും സഞ്ചരിക്കാം. മദ്ധ്യേ വേറെ കരുക്കൾ ഇരുന്നാൽ അതിനെ കവച്ച ചാടുക മാത്രം പാടില്ല. ആന, കുതിരകൾക്കു കവച്ചുചാടാനും വിരോധമില്ല. കാലാൾ അടുത്ത മുൻഖണ്ഡത്തിലേക്കു നീങ്ങും. ഇതിനുമാത്രം പുറകോട്ടു ഗതിയില്ല.

6. ഒരു പക്ഷത്തിലുള്ള കരുവിനെ മറുപക്ഷത്തിലെ കരു തനിക്കുള്ള കാലുംപ്രകാരം അതിന്റെ സ്ഥാനം ആക്രമിച്ച കളത്തിനു പുറത്തു തള്ളുമ്പോൾ തള്ളപ്പെട്ട കരുവിനെ മറ്റേ കരു വെട്ടി എന്നു പറയുന്നു. കരുക്കൾ അതാതിനുള്ള കാലുംപ്രകാരം നീങ്ങുന്നു. അപ്പോൾ ശത്രുപക്ഷത്തിലെ കരു ഇരിക്കുന്ന ഖണ്ഡത്തിൽ തനിക്കു കാലു വന്നാൽ അതിനെ വെട്ടി ആ ഖണ്ഡത്തിൽ തനിക്കു കയറി ഇരിക്കാം. ഒരു ഖണ്ഡത്തിൽ രണ്ടു കരുക്കൾ ഇരുന്നുകൂടാ. ഏതു കരുവിനും ശത്രുവിന്റെ കരുക്കളെ വെട്ടി അതിന്റെ സ്ഥാനം ആക്രമിക്കാം. സ്വപക്ഷത്തിലെ കരു ഇരിക്കുന്ന ഖണ്ഡത്തിൽ കാലു വന്നാലും കയറിക്കൂടാ.

7. എല്ലാ കരുക്കളും തന്റെ കാലുംപ്രകാരമാണ് വെട്ടുന്നത്. എന്നാൽ ആൾക്കു മാത്രം ഭേദം ഉണ്ട്. ഇതിന് വെട്ടുന്നതിൽ മാത്രം മന്ത്രിക്കു പറഞ്ഞ കാലാണ്. ഇതിനു

മുൻപോട്ടല്ലാതെ പുറകോട്ടു ഗതിയില്ലെന്നും ഒരു വിശേഷം പറഞ്ഞുവല്ലോ. കാലാൾ മുമ്പോട്ടു നീങ്ങി 8-ആം കള്ളിയിൽ ചെന്നാൽ അതു മന്തിരിയായി ചമയും. മന്ത്രിസ്ഥാനം കിട്ടിയാൽ പിന്നെ പുറകോട്ടു നീങ്ങാം. ശത്രുവിനെ കൂട്ടാക്കാതെ ശത്രുവിന്റെ സ്ഥാനം ആക്രമിച്ചു രക്ഷപ്പെട്ടു വരുന്ന വീരന് മന്ത്രിസ്ഥാനം കൊടുക്കേണ്ടാത്തു ൺയ്യാആയ്യാമ്മാആണാള്ളോ. ഇങ്ങനെ ഏതു കാലാൾക്കും മന്ത്രിയാവാം.

8. 'ദേവനെ വെട്ടിയാൽ കളി അവസാനിച്ചു' എന്നുള്ള ഒരു തത്വമാണ് ചതുരംഗത്തിലെ നിയമങ്ങൾക്കെല്ലാം ആസ്പദം. യുദ്ധം രാജാവിനു വേണ്ടീ ആആക്കായ്യാആൾ ഡേവനെ വെട്ടാൻ ഇടകൊടുക്കാതെ സൂക്ഷിക്കണം. ദേവൻ ഒരു ശത്രുവിന്റെ കാലിൽ അകപ്പെട്ടാൽ അതിനെ അവിടെനിന്നു മാറ്റിയതിനു മേലേ മറ്റൊരു കളി പാടുള്ളു. ഇരുകക്ഷികളും തവണ ഇട്ടാണു കളിക്കുന്നത്. ഒരു കക്ഷി തന്റെ ഒരു കരു നീക്കിയാൽ അവനു പിന്നീട് എതിർകക്ഷി കളിച്ചതിനുശേഷമേ കളിക്ക് അവകാശമുള്ളു. അപ്പോൾ വൻകരുവിൽ ഒന്നിന്റെ കാൽ ദേവനിൽ തട്ടിയാൽ ചെറുകരുക്കാരന് ദേവനെ നീക്കുക മാത്രമാണ് അടുത്ത കളി. ധർമ്മയുദ്ധമാകയാൽ ദേവനെ വെട്ടാൻ ഭാവിക്കുന്നു എന്നുള്ള വിവരം വിളിച്ചു പറകയും പതിവുണ്ട്. ഇതിനു പൊതുവെ 'അരശ്ശു പറക' എന്നു പേർ. ഓരോ കരു ചെയ്യുന്ന അരശിനും പ്രത്യേകിച്ചു പേരുകൾ ഉണ്ട്. തേരുകൊണ്ടുള്ളത് വെച്ചരശ്ശ്; കുതിരയെക്കൊണ്ടുള്ളത് ഇഷ്ടരശ്ശ്; ആനയെക്കൊണ്ടുള്ളത് പോട്ടരശ്ശ്; മന്ത്രിയെക്കൊണ്ടുള്ളത് കുത്തിയരശ്ശ്; ആളെക്കൊണ്ട് ഉന്തിയരശ്ശ്; അപ്പോൾ വെച്ചരശ്ശു പറക എന്നുവെച്ചാൽ 'നിങ്ങളുടെ ദേവൻ എന്റെ തേർക്കാലിൽ വന്നിരിക്കുന്നു, മാറിക്കൊള്ളണം' എന്ന് അറിവുകൊടുക്കുക ആകുന്നു. ഇതുപോലെ മറ്റരശ്ശുകൾക്കും ഇങ്ങനെ ദേവനെ രക്ഷിച്ചുകൊണ്ടുവരുമ്പോൾ ഒരു കക്ഷിയിലെ ദേവന് ശത്രുവിന്റെ കാലുകൾ ഇല്ലാത്ത ഒരു ഖണ്ഡത്തിൽ നീങ്ങാൻ സാധിക്കാതെവന്നാൽ ആ കക്ഷി തോറ്റു. ദേവനു നീങ്ങാൻ അടിയില്ലാതെ വരികയാൽ ഇതിന് 'അടിയറവ്' എന്നു പേർ.

9. എന്നാൽ ചതുരംഗത്തിൽ ഒരു കക്ഷിക്കു ജയവും, മറുകക്ഷിക്കു പരാജയവും വേണമെന്നു നിർബ്ബന്ധമില്ല. രണ്ടു ഭാഗത്തിലുള്ള കരുക്കൾ യുദ്ധം ചെയ്തു ഓരോന്നായി ഒടുങ്ങി ദേവൻ മാത്രം ശേഷിച്ചു എന്നുവരാം; അല്ലെങ്കിൽ ഒരു കക്ഷിക്ക് ഏതാനും കരുക്കൾ കൂടി ശേഷിച്ചാലും അതുകളെക്കൊണ്ട് ശത്രുദേവനെ അടിയറുക്കാൻ സാധിക്കയില്ല എന്നു വരാം. ഇങ്ങനെ അവസാനിക്കുന്ന കളി സമം. ഏതരശ്ശു പറയുമ്പോൾ ദേവനു നീങ്ങാൻ അടിയില്ലെന്നു വരുന്നുവോ ആ അരശിൽ അടിയറവ് എന്നു വ്യവഹാരം. ഒരു കക്ഷിയിലെ ദേവന് തൽക്കാലം നേരെ അരശൊന്നും തട്ടീട്ടില്ല; എന്നാൽ ചുറ്റും ശത്രുക്കളുടെ കാലാകയാൽ നീങ്ങാൻ അടിയില്ല; മറ്റു കരുക്കളെല്ലാം വെട്ടിപ്പോകുകയും ചെയ്തു. കളി തുടരാൻ നിർവ്വാഹമില്ല. ഇങ്ങനേയും കളി അവസാനിക്കാറുണ്ട്. ഇതിന് 'ഈടറവ്' എന്നു പേർ. മറുകക്ഷിക്ക്, ഈടറവു വരുത്തുന്നത് കളിക്കാരനു പിടിപ്പുകേടായി വിചാരിക്കപ്പെടുന്നു.കീഴ്വഴപ്പുകൾ അനേകം വേണ്ടിവരുന്ന പക്ഷം ഒരു വ്യാഖ്യേയാംശം കഴിഞ്ഞു് അടുത്തതിൽ

പ്രവേശിക്കുമ്പോൾ വകുപ്പു മാറി എന്ന് ആ ഭാഗം വിളിച്ചുപറയുന്നതു കൊള്ളാം. അങ്ങനെ ചെയ്താൽ വായിക്കുന്നവർക്കു ഗ്രഹിപ്പാൻ സൌകര്യം അധികം കാണും. എന്നാൽ ഇതു ഗൌരവമേറിയതും കുഴപ്പങ്ങൾക്കു വകയുള്ളതുമായ വിഷയങ്ങളെ വിവരിക്കുന്ന ഗ്രന്ഥങ്ങളിലേ ആവശ്യപ്പെടുകയുള്ളു. ക്ഷുദ്രവിഷയങ്ങളെപ്പറ്റി എഴുതുന്ന പ്രസംഗങ്ങളിൽ ഈവക എല്ലാം വൃഥാഡംബരമായി തോന്നിപ്പോകും. ആർഭാടത്തോടുകൂടിയുള്ള ഉപക്രമോപസംഹാരങ്ങളും ഗ്രന്ഥങ്ങൾക്കു മതി. ഗഹനങ്ങളായ വിഷയങ്ങളെ വിവരിക്കുമ്പോൾ ദൃഷ്ടാന്തങ്ങളെ നിബന്ധിക്കുന്നതു നന്നായിരിക്കും; എന്നാൽ ദൃഷ്ടാന്തപരാമർശത്തിന്റെ പ്രയോജനം അനുഭവദാർഢ്യസമ്പാദനമാകയാൽ വായനക്കാർക്കു നിത്യപരിചിതമായ സംഗതി ആയിരിക്കണം ദൃഷ്ടാന്തം. ദാർഷ്ടാന്തികത്തെക്കാൾ ദൃഷ്ടാന്തം ദുരൂഹമായിരുന്നാൽ "ടീകാടൂകാമപേക്ഷതേ" എന്ന് പറഞ്ഞ മട്ടിൽ പരിഹാസകാരണമായിരിക്കും. വിവരിക്കുന്ന വസ്തുവിന്റെ സ്വരൂപം കുറിച്ചുകാണിച്ചുകൊണ്ടു വിവരണം ചെയ്യുന്നത് പലപ്പോഴും വലിയ ഉപകാരമായിരിക്കും. ഈ ആവശ്യങ്ങൾക്കായി കുറിക്കുന്ന സ്വരൂപങ്ങൾക്ക് ചിത്രം എന്നു പറയത്തക്ക യോഗ്യത ഇല്ലാത്തതിനാൽ പരിലേഖം എന്നു പേർ ചെയ്യാം. പത്തു വാക്യങ്ങൾ കൊണ്ടു വിവരിച്ചാലും വിശദമാകാത്ത സംഗതി ഒരു പരിലേഖംകൊണ്ടു പലപ്പോഴും സ്പഷ്ടമാകും. മുൻചെയ്ത ചതുരംഗ വിവരണത്തിൽത്തന്നെ കരു നിരത്തുന്ന മട്ട് അതിനെപ്പറ്റിയുള്ള വകുപ്പ് വായിച്ചു ഗ്രഹിക്കുന്നതിൽ എളുപ്പമായി താഴെ കാണിക്കുന്ന പരിലേഖം നോക്കിയാൽ മനസ്സിലാക്കാം:

## ഉദാഹരണങ്ങൾ:

### മാമാങ്കം

മലയാളത്തിൽ ടിപ്പുസുൽത്താന്റെ ആക്രമണത്തിനു മുമ്പുവരെ തിരുനാവാ മണൽപ്പുറത്തു വെച്ച് ചിങ്ങവ്യാഴകാലങ്ങളിൽ ആഘോഷിച്ചുവന്നിരുന്ന ഒരു മഹോത്സവമാണ് 'മാമാങ്കം' അല്ലെങ്കിൽ 'മാമകം. മാഘമാസത്തിലെ മകംനക്ഷത്രം ഇതിലെ പ്രധാനദിവസമാകയാൽ 'മാഘമകം' എന്നതു ചുരുങ്ങി 'മാമകം' എന്നു പേർ സിദ്ധിച്ചു. മാഘമാസത്തിലെ മകം സാധാരണ വെളുത്തവാവു സംബന്ധിച്ചു മാത്രമേ വരികയുള്ളു.

വർഷകാലം കഴിഞ്ഞു് ഭാരതപ്പുഴയിലെ കലക്കമൊഴിഞ്ഞു് മണൽത്തിട്ടകൾ തെളിഞ്ഞു് മകരത്തിലെ മരംകോച്ചുന്ന മഞ്ഞിന്റെ ശക്തിക്ഷയിച്ച് കൊയ്ത്തുകഴിഞ്ഞിട്ട് അറകളും നിറഞ്ഞു് സ്വതേ തന്നെ പ്രകൃതിദേവി തെളിഞ്ഞിട്ടുള്ള മലയാളത്തിലെങ്ങും ചക്ക, മാങ്ങ മുതലായ ഫലസസ്യാദികൾ നിറഞ്ഞു് പകൽ അനതിതീവ്രങ്ങളായ സൂര്യകിരണങ്ങളാൽ പ്രകാശമാനങ്ങളായ ദിഗ്ഭാഗങ്ങളെക്കൂടിയും, ഭാരതപ്പുഴയിലെ സ്ഫടികനിർമ്മലങ്ങളായ തിരമാലകളിൽ തട്ടി സ്വച്ഛന്ദമായി വീശുന്ന മന്ദമാരുതനാൽ പരമാനന്ദപ്രദമായും, പ്രദോഷം മുതൽ പ്രഭാതം വരെ ക്രമേണ പ്രശോഭിതനായ ചന്ദ്രന്റെ 'കൌമുദീ' വിലാസങ്ങളാൽ പകലെന്നപോലെ തന്നെ ചുറ്റുമുള്ള പദാർത്ഥങ്ങളുടെ 'തത്വബോധിനികളായി

സകലജന 'മനോരമ' കളായ രാത്രികളോടുകൂടിയും ഇരിക്കുന്ന ഒരു കാലത്തിലാകയാൽ മലയാളത്തിൽ ഈവിധമുള്ള ഒരു മഹോത്സവം ആഘോഷിക്കുന്നതിന് ഇതിലധികം നന്നായിട്ടൊരു കാലം തിരഞ്ഞെടുപ്പാനസാദ്ധ്യമാണെന്ന് ഇന്നുള്ളവർക്കു സമ്മതമായിരിക്കകൊണ്ട് ഏതല്പപ്രവർത്തകന്മാരായ പൂർവ്വന്മാർ ഈവക വിഷയങ്ങളിൽ ചെയ്തിരുന്ന ദീർഘാലോചനകളുടേയും, അവരുടെ ഔചിത്യത്തോടും രസികത്വത്തോടും കൂടിയുള്ള മനോധർമ്മത്തിന്റേയും വൈചിത്ര്യവും മഹത്വവും എത്രമാത്രമുണ്ടായിരുന്നു എന്നു നന്നായി അനുമാനിക്കാവുന്നതാകുന്നു. ഇങ്ങനെയുള്ള ഒരു മഹോത്സവാഘോഷത്തിന്റെ ഉത്ഭവവും ചടങ്ങുകളും എന്തെല്ലാമായിരുന്നു എന്നു പ്രസ്താവിക്കാം.

പണ്ട് നമ്പൂരിമാർ ഗ്രാമാധിപത്യം മുഖേന ശിക്ഷരക്ഷാധികാരം വഹിച്ചുവന്നിരുന്ന കാലത്ത് ഭരണക്ലേശമൊഴിക്കാൻവേണ്ടി എല്ലാവരും കൂടി ആലോചിച്ച് പരദേശത്തുനിന്ന് രാജവംശ്യരിൽ ഒരാളെ ഇഷ്ടപ്രകാരം തിരഞ്ഞെടുത്തു കൊണ്ടുവന്ന് തങ്ങളുടെ സ്വാതന്ത്ര്യത്തിനും അധികാരത്തിനും ഭംഗം കൂടാത്തവിധം ഏർപ്പെടുത്തപ്പെട്ട നിശ്ചയങ്ങൾക്കു കീഴടക്കി രാജ്യഭാരം ചെയ്യുത്തക്കവണ്ണം അവരോധിക്കുക പതിവായിരുന്നു. അങ്ങനെ അവരോധിക്കപ്പെട്ട ഒരാളെ പന്തീരാണ്ടുചെല്ലുമ്പോൾ സ്ഥാനത്തുനിന്നും മാറ്റി വേറെ ഒരാളെ തിരഞ്ഞെടുത്തു വാഴിക്കും. ഇങ്ങനെ അവരോധിക്കുന്നതിന് നമ്പൂരിമാരും ഇതരജാതിക്കാരും ഒന്നിച്ചുചേരേണ്ടതിന് പലപ്രകാരേണ സൌകര്യമുള്ള ഒരു സ്ഥലം തിരുനാവാആണെന്നു തീർച്ചപ്പെടുത്തി. മാമാങ്കത്തിന്റെ ഉത്ഭവം ഈവിധമാകുന്നു.

ഇത് ഇരുപത്തെട്ടു ദിവസംകൊണ്ട് അവസാനിക്കുന്ന ഒരു മഹോത്സവമാണ്. അതിനിടയ്ക്ക് വളരെ ക്ഷേത്രങ്ങളിലെ ദേവന്മാരെ അവരുടെ അവസ്ഥപോലെയുള്ള ആഘോഷങ്ങളോടുകൂടി അവിടെ എഴുന്നെള്ളിച്ചു കൊണ്ടുവരും. മാമാങ്കം തുടങ്ങിയാൽ അവസാനിക്കുന്നതിനുമുമ്പിൽ മലയാളത്തിൽ ഓരോ വിഷയത്തിൽ യോഗ്യന്മാരായിട്ടുള്ളവരെല്ലാം യഥാസൌകര്യം അവിടെ ചെന്നുചേരേണ്ടതാണെന്നും അന്നുള്ള മഹാന്മാർക്കു പ്രത്യേക നിർബ്ബന്ധമുണ്ടായിരുന്നു. അവരിൽ ചിലരുടെ ആഗമനം അവശ്യം ഒഴിച്ചുകൂടാത്തതായിരിക്കത്തക്കവണ്ണം ചിലർക്കു ചില പ്രത്യേകാധികാരങ്ങളും ചുമത്തിയിരുന്നു. ഈ കൂട്ടത്തിൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാരുടേയും പൂഞ്ഞാറ്റിൽ തമ്പുരാക്കന്മാരുടെയും മറ്റും വംശമൂലമായ 'ഐരൂർ ചാക്കര' സ്വരൂപത്തിൽനിന്നു 'മാടം കേറിയ'തിനു ശേഷമേ മാമാങ്കത്തിന്നായി മണൽപ്പുറത്തു കെട്ടിയുണ്ടാക്കുന്ന ഭോജനശാലയിൽ ബ്രാഹ്മണർക്കു ഭക്ഷിക്കാൻ പാടുള്ളു. (മാടം എന്നാൽ രാജാക്കന്മാർക്ക് എഴുന്നള്ളിയിരിക്കാനുള്ള മഞ്ചം) എന്നൊരേർപ്പാടുണ്ടത്രെ. ഇതുകൊണ്ട് അവർക്കു പണ്ടേ തന്നെ വംശശുദ്ധിയും സദാചാരനിഷ്ഠയും ഉണ്ടായിരുന്നു എന്നൂഹിക്കാം. എങ്കിലും കൊടുങ്ങല്ലൂർ രാജാക്കന്മാരെ തങ്ങളുടെ പിതൃസ്ഥാനം നിമിത്തം സവിശേഷം ആദരിച്ചുവരുന്ന കോഴിക്കോട്ടുരാജാക്കന്മാർക്കു മാമാങ്കത്തിൽ പ്രാധാന്യം ലഭിച്ചതിനുശേഷമല്ലയോ ഈ ഏർപ്പാടുണ്ടായതെന്നു ശങ്കിപ്പാനവകാശമില്ലെന്നില്ല.

മാമാങ്കത്തിൽ പെരുമാക്കന്മാർ സ്ഥാനാരോഹണംചെയ്തു നിൽക്കുന്നതിന് 'നിലപാടു നിൽക്കുക' എന്നും ആ സ്ഥലത്തിന് 'നിലപാട്ടുതറ' എന്നും ഇന്നും പറഞ്ഞുവരുന്നതും,

അവിടം വളരെ വിശേഷമായ ഒരു സ്ഥലമാണെന്നു കാഴ്ചയിൽ പ്രത്യക്ഷമാകുന്നതുമാണ്. നിലപാടു നിൽക്കുന്നതിനു മുമ്പായി ആരെങ്കിലും വല്ല സങ്കടവുമുണ്ടെങ്കിൽ ആയതു് അപ്പോൾത്തന്നെ തീർക്കുകയോ അല്ലാത്തപക്ഷം ഇന്നസമയത്തിനകം തീർത്തുകൊള്ളാം എന്നു പ്രതിജ്ഞചെയ്കയോ ചെയ്തതിനുശേഷമേ നിലപാടേൽക്കാൻ പാടുള്ളു എന്നൊരു ദുഷ്കരമായ വീരവ്രതം കൂടിയുണ്ട്. ഇതിന്ന് അഭീഷ്ടദാനം എന്നു പേരാകുന്നു.

— ഗദ്യമാലികയിൽനിന്നും സംഗ്രഹിച്ചതു്

## ശബ്ദം

മനുഷ്യശരീരത്തിലുള്ള പലമാതിരി സ്നായുക്കളുടേയും മൂലസ്ഥാനം ജ്ഞാനത്തിന്റെ ഇരിപ്പിടമായ തലച്ചോറാകുന്നു. ഒരു വിരലിനോ മറ്റോ മുറിവേൽക്കുമ്പോൾ ജ്ഞാനപ്രവർത്തകങ്ങളായ ഞരമ്പുകൾ ഈ വിവരം തലച്ചോറിലെത്തിക്കുന്നു.

ഞരമ്പുകൾ ജ്ഞാനപ്രവർത്തകങ്ങളെന്നും കൃത്യനിർവ്വാഹങ്ങളെന്നും രണ്ടുവിധത്തിലുണ്ട്. ഇവയിൽ ജ്ഞാനപ്രവർത്തകങ്ങളുടെ അധികാരം ഇന്ദ്രിയമുഖേന ഉള്ള വികാരത്തെ തലച്ചോറിൽ ബോധിപ്പിച്ച് ജ്ഞാനത്തെ പ്രവർത്തിപ്പിക്കയാകുന്നു. കൃത്യനിർവ്വാഹങ്ങളുടെ പ്രവൃത്തി വികാരബോധാനന്തരം വേണ്ട കൃത്യം നിർവ്വഹിക്കുകയാകുന്നു.

ജ്ഞാനപ്രവർത്തകങ്ങളായ ഞരമ്പുകൾ അറുത്തുകളഞ്ഞാൽ വ്രണം എത്രതന്നെ സാരമുള്ളതായിരുന്നാലും ഒട്ടുംതന്നെ വേദന തോന്നുന്നതല്ല. ഞരമ്പുകൾ തലച്ചോറിന് അറിവുകൊടുക്കുന്നതു് ചലനരൂപേണ ആണെന്നു വിശ്വസിക്കാൻ തക്ക തെളിവുണ്ട്. എന്നാൽ ഈ ചലനം ഞരമ്പുകളുടെ ഒന്നായിട്ടുള്ള ഇളക്കമല്ല. അവയിലുള്ള അണുക്കളുടെ പ്രത്യേകം പ്രത്യേകമുള്ള ഒരു സ്പന്ദനം മാത്രമാകുന്നു.

ഇന്ദ്രിയങ്ങളോടു സംഘടിപ്പിച്ചിട്ടുള്ള സ്നായുക്കളുടെ സംബന്ധമുള്ള തലച്ചോറിന്റെ പല ഭാഗങ്ങളിലും ഈ സ്പന്ദനം നിമിത്തം ഇന്ദ്രിയഭേദേന വിവിധങ്ങളായ വികാരങ്ങളുണ്ടാകുന്നു. രസനേന്ദ്രിയത്തിൽനിന്നു പുറപ്പെടുന്ന ചലനം രസസ്വാദജ്ഞാനമുണ്ടാക്കുന്നു. ചക്ഷുരിന്ദ്രിയത്തിൽ നിന്നു പുറപ്പെടുന്നതു് രൂപജ്ഞാനത്തെ ഉണർത്തുന്നു.

നമ്മുടെ പ്രകൃതത്തിന് പ്രത്യേകവിഷയമായ കർണ്ണേന്ദ്രിയസ്നായു ചലനം ശബ്ദബോധത്തെ ജനിപ്പിക്കുന്നു. ഇടിവെട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം നമ്മുടെ ശ്രവണേന്ദ്രിയത്തിനു വിഷയമായി തീരുന്നതെങ്ങനെ? വെടിവെച്ചാൽ ഉണ്ട ലക്ഷ്യത്തിന്മേൽ ചെന്നു തറയ്ക്കുംപോലെ മേഘത്തിന്റെ സമീപമുള്ള വായുവിന്റെ അംശങ്ങൾ നമ്മുടെ ചെവിയിൽ വന്നു തറയ്ക്കുന്നുണ്ടോ?

മേഘത്തിനടുത്തുള്ള വായുവിനിളക്കം തട്ടുന്നുണ്ട് എന്നുള്ളതു തീർച്ച തന്നെ. പക്ഷേ, ആ വായു നമ്മുടെ ചെവിയിലെത്തുന്നില്ല. എന്നാൽ ശബ്ദത്തിന്റെ ഗതി ഇപ്രകാരമാകുന്നു.

ഭൂമണ്ഡലത്തിന്റേയും മേഘത്തിന്റേയും ഇടയിലുള്ള വായുവിനെ ഒരു പുസ്തകത്തിലുള്ള ഏടുകൾ എന്നപോലെ പല പടലങ്ങളായിട്ട് സങ്കൽപ്പിക്കുക. ഇടിവെട്ടുമ്പോൾ മേഘത്തിലുള്ള ചലനം അടുത്ത വായുപടലത്തെ ബോധിപ്പിക്കുന്നു. അതിന്റെ ചലനം അടുത്ത പടല

ത്തിനു കൊടുത്തു് അതു നിശ്ചലമായി നിൽക്കുന്നു. ഇങ്ങനെ ആ ചലനം പടലം പടലം തോറും സഞ്ചരിച്ച് തിരമാലപോലെ കർണ്ണരന്ധ്രത്തിൽ വന്നടിക്കുന്നു. ആയതല്ലാതെ വായുവിനു് ആകപ്പാടെയുള്ള ക്ഷോഭമാണെന്നു തെറ്റിദ്ധരിച്ചുപോകരുതു്. തിരകൾ മാലാകാരേണ തീരത്തിൽ വന്നടിക്കുന്നുണ്ടെങ്കിലും അതാതു തിരകളിലുള്ള വെള്ളം അതാതു ദിക്കുകളിൽത്തന്നെ ഇളകി അമരുന്നതുപോലെ അതാതു പടലങ്ങളിലുള്ള വായു അതാതു സ്ഥാനങ്ങളിൽത്തന്നെ ഒതുങ്ങുന്നതേയുള്ളു. ഈ പടലങ്ങൾക്കെന്നപോലെ അവയിലുള്ള അണുക്കൾക്കും ഒരു ആട്ടമുണ്ടു്.

വായവ്യങ്ങളായ അണുക്കളുടെ ഈ വിധമുള്ള ചലനം കർണ്ണരന്ധ്രത്തിൽ ആദ്യത്തെ ആവരണചർമ്മത്തിന്മേൽ തട്ടി അതിൽനിന്നു് അസ്ഥിമാലയിൽക്കൂടി രണ്ടാമത്തെ ആവരണചർമ്മത്തിൽ വ്യാപിക്കയും അതിനപ്പുറമുള്ള ജലസഞ്ചയത്തിൽക്കൂടി കർണ്ണേന്ദ്രിയസ്നായുവിൽ ചെല്ലുകയും ചെയ്യുന്നു. പിന്നെ ഈ സ്നായുമാർഗ്ഗേണ അണുസ്പന്ദനം തലച്ചോറിലെത്തുമ്പോൾ ഇന്ദ്രിയഗോചരമായ ചലനം ജ്ഞാനഗോചരമായിത്തീർന്നിട്ടു് ശബ്ദത്തിന്റെ ബോധമുണ്ടാകുന്നു.

— ഗദ്യമാലിക

### മഴ

ഒരു കണ്ണാടിപ്പാത്രത്തിൽ കുറെ വെള്ളം തിളയ്ക്കുന്നു എന്നിരിക്കട്ടെ. ആ പാത്രത്തിന്റെ വായ് മറ്റൊരു പാത്രംകൊണ്ടു മൂടിയിരിക്കുന്നു എന്നും വിചാരിക്കുക. കണ്ണാടികൊണ്ടുള്ള ജലപാത്രത്തിന്റെ പാർശ്വങ്ങളിൽക്കൂടെ ഉള്ളിലേക്കു നോക്കിയാൽ മൂടിയിരിക്കുന്ന പാത്രത്തിന്റെ അകവശം കാണാമെന്നുള്ളതു നിർവിവാദമാണല്ലൊ. ഈ ഭാഗം സൂക്ഷിച്ചു നോക്കുക. അതിന്മേൽ ജലാംശം കാണ്മാൻ ഉണ്ടായിരിക്കുകയില്ല. എന്നാൽ ആ മൂടിപ്പാത്രം എടുത്തു കുറച്ചു ദൂരെ മാറ്റിക്കൊണ്ടുപോയി നോക്കിയാൽ അനേകം ജലബിന്ദുക്കൾ അതിന്മേൽ പൊടിച്ചിരിക്കുന്നതായി കാണാം. തപ്തമായ കണ്ണാടിപ്പാത്രത്തിന്മേൽ ഇരുന്നപ്പോൾ മൂടിപ്പാത്രത്തിൽ ജലബിന്ദുക്കൾ കാണ്മാനില്ലായിരുന്നു എന്നും, അതിനെ ദൂരത്തു കൊണ്ടുവന്നപ്പോൾ കാണത്തക്കവണ്ണം ജലാണുക്കൾ ഉണ്ടായിരുന്നു എന്നും രണ്ടു സംഗതി ഇവിടെ പ്രത്യേകം ഓർമ്മിക്കണം.

ഇങ്ങനെ സംഭവിക്കുന്നതിനുള്ള കാരണമാകുന്നു ഇനി ചിന്തിക്കുന്നതു്. പാത്രം ഉഷ്ണമായിരിക്കുന്നതിനാൽ നീരാവി മേല്പോട്ടേക്കു് ഉയരുന്നുണ്ടു്. നീരാവി അദൃശ്യവസ്തുവാകയാൽ മേല്പോട്ടുയരുന്നതായി യാതൊരു വസ്തുവിനേയും നാം പാത്രത്തിൽ കാണുന്നില്ലെന്നേയുള്ളു. ഇങ്ങനെ ഉയരുന്ന നീരാവി മൂടിപ്പാത്രത്തിന്റെ അകവശത്തു ധാരാളം പറ്റിയിരിക്കണം. തപ്തമായ വസ്തുവിന്റെ സമീപത്തുനിന്നു ദൂരെ മാറ്റുന്ന സന്ദർഭത്തിൽ മൂടിപ്പാത്രവും അതിനുള്ളിൽ പറ്റിയിരിക്കുന്ന നീരാവിയും തണുത്തുതുടങ്ങുകയായി. അപ്പോൾ നീരാവിക്കു സംഭവിക്കേണ്ട രൂപാന്തരം പ്രത്യക്ഷമാണ്. ദൃശ്യമായ ജലം അദൃശ്യമായ നീരാവിയായി ഭവിച്ചതു് ഉഷ്ണതയുടെ പ്രവൃത്തിയിലായിരിക്കുകയാൽ ഉഷ്ണത നശിച്ചു മൂടിപ്പാത്രം തണുത്തുതുടങ്ങുമ്പോൾ അതിന്മേൽ പറ്റിയിരിക്കുന്ന നീരാവി ദൃശ്യമായ ജലമായി രൂപാന്തരം സംഭവിക്കണമെന്നു സങ്കല്പിക്കുന്നതിൽ യുക്തിഭംഗം ഒന്നും ഇല്ല. മൂടിപ്പാത്രം

തപ്തപാത്രത്തിൽനിന്നു ദൂരെ എടുത്തപ്പോൾ ജലാണുക്കളെ പൊടിപ്പിച്ചതിന്റെ കാരണം ഇതുമാത്രമാണ്.

ഇത്രയും മനസ്സിലായവരോട് മഴയുണ്ടാകുന്നത് എങ്ങനെയാണെന്നു പറഞ്ഞുകേൾപ്പിക്കാൻ പ്രയാസമില്ല. ഭൂമിയുടെ നാനാംശങ്ങളിലുള്ള എല്ലാ ജലാശയങ്ങളിൽനിന്നും (പ്രത്യേകം സമുദ്രങ്ങളിൽനിന്ന്) ആദൃശ്യമായ നീരാവി വാനത്തിലേക്ക് ഉയരണമെന്നുള്ളതു തീർച്ച തന്നെ. കണ്ണാടിപ്പാത്രത്തിൽനിന്നും നീരാവി ഉയരുന്നതുപോലെ എന്നു സങ്കൽപ്പിച്ചുകൊള്ളാം. ഇങ്ങനെ ഉയരുന്ന നീരാവിക്കൂട്ടത്തെ കാറ്റടിച്ചു നാനാഭാഗങ്ങളിലേക്കു കൊണ്ടുപോവുകയായി. ഈ ആവിക്കൂട്ടം കാറ്റിനാൽ നയിക്കപ്പെടുന്ന ചില മാർഗ്ഗങ്ങളിൽ വലിയ പർവ്വതങ്ങളോ ഉന്നതവൃക്ഷങ്ങളുള്ള വനാന്തരങ്ങളോ ഉള്ള പ്രദേശങ്ങൾ ഉണ്ടെന്നുവരാവുന്നതാണ്. കടൽനിരപ്പിൽനിന്നു മേല്പോട്ടു ചെല്ലുന്തോറും ശൈത്യം അധികമായി കാണുക സാധാരണയാകയാൽ പർവ്വതശൃംഗങ്ങളും മറ്റും വളരെ ശീതവസ്തുക്കളായിരിക്കുമെന്നു വിശേഷിച്ചു പറയാനില്ല. മൂടിപ്പാത്രത്തിന്റെ ചുവട് ശീതമായ അവസരത്തിൽ അദൃശ്യമായ നീരാവി ദൃശ്യമായ ജലമായി ഭവിച്ചു എന്നുള്ള സംഗതി ഇപ്പോൾ ഓർക്കണം. പർവ്വതശൃംഗങ്ങളിന്മേലോ മറ്റു ശീതസ്ഥാനങ്ങളിലോ വന്നു സ്പർശിക്കുമ്പോൾ ആവിക്കൂട്ടം പിന്നെയും ജലമായി ഭവിക്കുന്നു. പിന്നെ ഭൂമിയുടെ ആകർഷണശതിയാൽ ഈ ജലം കീഴ്പോട്ടേക്കു വരികയായി. ഇങ്ങനെ ഉണ്ടാകുന്ന ജലപാതത്തെയാകുന്നു മഴ എന്നു പറഞ്ഞുവരുന്നത്.

— ഭൂവിവരണസിദ്ധാന്തസംഗ്രഹം

## വ്യാഖ്യാനം

> "ആളയച്ചിട്ടുണ്ടെമ്മാനില്ല; ഇല്ലെമ്മാനില്ല,
> നീളെ നിന്നു വന്നു, -കളിയല്ല"

എമ്മാൻ = എന്നു പറവാൻ. 'എൻ' എന്ന ഖിലധാതുവിന്റെ പിൻവിനയെച്ചമാണ് 'എമ്മാൻ'. എന്നയാൾ = എന്നു പറഞ്ഞാൾ ഇത്യാദി രൂപങ്ങൾ നോക്കുക. 'ഉണ്മാൻ' എന്നതിനെ 'ഉമ്മാൻ' എന്നെഴുതാറുള്ളതുപോലെ 'എന്മാൻ' എന്നതും എഴുത്തിൽ 'എമ്മാൻ' എന്നായി. (ആളയച്ചിട്ടു) നളനെ അന്വേഷിപ്പാൻ ദൂതനെ അയച്ചതിൽ (ഉണ്ടെമ്മാനില്ല) അവൻ ഇന്നെടത്തുണ്ടെന്നു പറവാനില്ല. 'ഇല്ലെമ്മാനില്ല' മരിച്ചുപോയി എന്നും പറവാൻ പാടില്ല. നളനെപ്പറ്റി യാതൊരറിവും കിട്ടീട്ടില്ലെന്നർത്ഥം. 'ന ച സ ജ്ഞായതേ വീരോ നളോ ജീവതി വാ ന വാ' എന്ന മൂലത്തിന്റെ ശരിതർജ്ജമയാകുന്നു ഇത്.

— നളചരിതം

## ഭാഷ്യം

> "കലയും കമലയുമെപ്പോലെ നിന്റെ
> കലയ മാമപി നീയെപ്പോലെ"

കല എന്നും കമല എന്നും ദമയന്തിയുടെ രണ്ടു സഖിമാരാകുന്നു. കല എന്നൊരു സഖിയെ നൈഷധകാവ്യത്തിൽ ശ്രീഹർഷനും പറയുന്നുണ്ട്. കമല വാര്യരുടെ സൃഷ്ടി തന്നെ ആയിരിക്കണം. കലയ = വിചാരിച്ചാലും. നിന്റെ സഖികളായ കലാകമലകളെ നീ എങ്ങനെ വിചാരിക്കുമോ അതുപോലെ എന്നെയും വിചാരിച്ചാലും. ലജ്ജയും സങ്കോചവും വിട്ടു് എന്നോടുകൂടി രമിക്കു എന്നു താല്പര്യം. ഇവിടെ കലയേയും കമലയേയും എന്നായി ത്തീർന്നു എന്നു സമാധാനപ്പെടണം. അല്ലെങ്കിൽ നിന്റെ കലയും കമലയും ഏതുപോലെ (നിന്റെ ദൃഷ്ടിയിൽ) ഭവിക്കുന്നുവോ അതുപോലെ (ഇരിക്കുന്നവനായിട്ടു്) നീയെന്നെയും വിചാരിച്ചാലും എന്നദ്ധ്യാഹാരം ചെയ്തു് അന്വയം ശരിപ്പെടുത്തണം.

— നളചരിതം

## പരാവർത്തനത്തിനു്:

“സാമ്യമകന്നോരുദ്യാനം, എത്രയുമാഭിരാമ്യമിതിന്നുണ്ടതു നൂനം,
ഗ്രാമ്യം നന്ദനവനരംയം ചൈത്രരഥവും
കാമ്യം നിനയ്ക്കുന്നാകിൽ സാമ്യമല്ലിതു രണ്ടും”

ഇതു നിസ്തുലമായ ഉദ്യാനം ആകുന്നു. ഇതിനു നിശ്ചയമായിട്ടു് എത്രയും അഴകുണ്ടു്. ഈ ഉദ്യാനത്തിന്റെ സൌന്ദര്യം നോക്കുമ്പോൾ ഇന്ദ്രന്റെ നന്ദനോദ്യാനം, നാഗരികമല്ലാത്ത തെന്നു തോന്നിപ്പോകും. അതുപോലെ കുബേരന്റെ ചൈത്രരഥോദ്യാനവും ഭംഗിയില്ലാത്ത തെന്നു വരും. ഏതാണു് ഇവയിൽ ആഗ്രഹിക്കത്തക്കതു് എന്നു വിചാരിക്കുന്നതായാൽ ഈ നന്ദന ചൈത്രരഥങ്ങൾ രണ്ടും ഇതിനോടു സമപ്പെടുത്താവുന്നതല്ല.

## സംഗ്രഹത്തിനു്

### നിഷ്ഫലൈശ്വര്യം

“താൻ ഭുജിക്കാതെ വിത്തൌഘം വയ്പോൻ, വ്യർത്ഥൻ മൃതോപമൻ
ഫലം കണ്ടർത്ഥമാർജ്ജിച്ചുമേകാശ്ശുന്യൻ പിശാചനാം
കൊതിച്ചതാർജ്ജിച്ചും, കീർത്തിനേടാത്തോൻ ഭൂമിഭാരമാം
ചത്താൽ ശേഷിക്കുവാൻ, എന്തു കരുതുന്നു ജനാപ്രിയൻ
ദാനഭോഗങ്ങളില്ലാഞ്ഞാൽ വ്യർത്ഥമാമർത്ഥകോടിയും
അഭോക്താവായ് ഗുണിക്കേകാഢ്യനി നോവാം ധനത്തിനു്
നിസ്സ്വർക്കേകാഢ്യനം, സുസ്ത്രീ വേൾക്കാതെ ജരപൂണ്ടപോൽ
ഊരിൽ ഫലാഢ്യ കിംപാകം പോലെയാം ശ്രീ, ജനാപ്രിയേ
അധർമ്മാകരുണൻ, ക്ലേശിച്ചേറ്റം ദ്രവ്യം പരർക്കു പോം
കീർത്തിശ്രീമാനൊട്ടു നിസ്സ്വനായാൽ മേഘം മറഞ്ഞപോൽ”

— തിരുക്കുറൾ

## മൂഢവിശ്വാസം

ഈശ്വരനു ചേരാത്തവയായ ലക്ഷണങ്ങൾ ഈശ്വരനുണ്ടെന്നു വിശ്വസിക്കുന്നതിനേക്കാൾ നല്ലതു് ഈശ്വരനെക്കുറിച്ചു് ഒരു വിശ്വാസവും ഇല്ലാതിരിക്കുന്നതാണു്. എന്തെന്നാൽ ഈശ്വരനു ചേരാത്ത ലക്ഷണങ്ങളുണ്ടെന്നു വിശ്വസിക്കുന്നതു് ഈശ്വരനിന്ദയായി വരുന്നതുകൊണ്ടു് അതിൽ ഭേദം ഈശ്വരനെ ഒരു വിധത്തിലും വിശ്വസിക്കാതെതന്നെ ഇരിക്കുന്നതാണല്ലോ. പ്രാചീനകാലത്തിലെ ദിവ്യന്മാരായ ഗ്രന്ഥകർത്താക്കന്മാരിൽ ഒരാളായ പ്ലൂട്ടാർക്കു് വേറൊരു സംഗതിയെക്കുറിച്ചു പ്രസ്താവിച്ചിട്ടുള്ള അഭിപ്രായത്തിന്റെ സാരതത്വവും ഇതുതന്നെയാണു്. “തനിക്കു കുട്ടികൾ ജനിച്ച ഉടനെ അവരെ പിടിച്ചു വിഴുങ്ങുകപതിവായിരുന്ന പ്ലൂട്ടാർക്കു് എന്നൊരാൾ ഉണ്ടായിരുന്നു എന്നു് എല്ലാവരും പറയുന്നതിനേക്കാൾ പ്ലൂട്ടാർക്കു് എന്നൊരാൾ ഉണ്ടായിരുന്നേ ഇല്ലാ എന്നു പറയുന്നതാണു് എനിക്കു സമ്മതമായിട്ടുള്ളതു്.” എന്നാണു് അയാൾ പറഞ്ഞിട്ടുള്ളതു്. അതുകൊണ്ടു് ഈശ്വരനെക്കുറിച്ചുള്ള മൂഢവിശ്വാസത്തേക്കാൾ ഉത്തമമായിട്ടുള്ളതു് കേവലം നാസ്തികത്വം തന്നെയാണു്. എന്നുമാത്രവുമല്ല, മൂഢവിശ്വാസം നിരീശ്വരമതത്തേക്കാൾ ആപൽക്കരവുമാണു്. കേവലം നാസ്തികനായ ഒരാളെ ഈശ്വരവിശ്വാസമില്ലാതതന്നെ സദാചാരമാർഗ്ഗത്തിൽക്കൂടി നടത്തുന്നതിനു് ഏറെക്കുറെ കഴിയുന്നവയായി വിവേകബുദ്ധി, ശാസ്ത്രീയജ്നാനം, സ്വകീയജ്ഞാനം, പൊതുജനാഭിപ്രായം എന്നിങ്ങനെ ഉള്ളവയ്ക്കു ശക്തിയുണ്ടായിരിക്കുന്നതാണു്. എന്നാൽ മൂഢവിശ്വാസിയായ ഒരുവന്റെ മേൽ ഈവക യാതൊന്നിന്റെയും ശക്തി ഫലിക്കുന്നതല്ല. അയാളുടെ മനസ്സിൽ കടന്നുകൂടി ദൃഢമായി ഉറച്ചിരിക്കുന്ന മൂഢവിശ്വാസങ്ങൾക്കനുസരണമായി മാത്രമായിരിക്കും അയാളുടെ പ്രവൃത്തികൾ. അതുകൊണ്ടു് നിരീശ്വരമതത്തിന്റെ പ്രചാരം നിമിത്തം രാജ്യഭരണസംബന്ധമായ കാര്യങ്ങളിൽ വലിയ കുഴപ്പമൊന്നും ഉണ്ടായിട്ടുള്ളതായി അറിയുന്നില്ല. എന്തെന്നാൽ ഈശ്വരനിലോ, നിത്യജീവനിലോ വിശ്വസിച്ചു ഭക്തിഭരിതഹൃദയന്മാരായി ഇരുന്നുപോയതുകൊണ്ടു് മനുഷ്യായുസ്സിൽ വേണ്ടുന്ന ഐഹികങ്ങളായ സ്വകീയകാര്യങ്ങളിൽ വേണ്ടുവണ്ണം മനസ്സുവെച്ചു് അന്വേഷിക്കാൻ സാധിച്ചില്ലെന്നുള്ളതു് നാസ്തികന്മാർക്കു വരുന്നതല്ലല്ലോ. അതുകൊണ്ടു് അവരെക്കുറിച്ചു് അവർതന്നെ വേണ്ടതു പോലെ കരുതിക്കൊള്ളുന്നതാണു്. നിരീശ്വരമതത്തിനു് ഒരുവിധം പ്രചാരമുണ്ടായിരുന്ന കാലങ്ങളിൽ നാഗരികത്വവും പഠിപ്പും വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നതായി കാണുന്നു. റോമാചക്രവർത്തിയായിരുന്ന അഗസ്റ്റസ് കെയിസറിന്റെ ഭരണകാലം തന്നെ ഇതിനൊരു ദൃഷ്ടാന്തമാകുന്നു. എന്നാൽ മൂഢവിശ്വാസങ്ങളുടെ പ്രാബല്യംകൊണ്ടു് അനേകം രാജ്യങ്ങൾ വലിയ കുഴപ്പത്തിലകപ്പെട്ടു് ക്ഷയിച്ചുപോയിട്ടുണ്ടു്. ലോകത്തിലുള്ള നാനാവിധങ്ങളായ മറ്റെല്ലാ ശക്തികളേയും ബലാൽ കീഴമർത്തി ഒരു സ്വതന്ത്രനായ രാജാവിനെപ്പോലെ യഥേഷ്ടം നടത്താനുള്ള ശക്തി മൂഢവിശ്വാസത്തിനുണ്ടു്. മൂഢവിശ്വാസങ്ങൾ ഉത്ഭവിക്കുന്നതു് മൂഢന്മാരിൽ നിന്നാണെങ്കിലും കാലക്രമേണ വിവേകബുദ്ധിയുള്ളവരും ഇതിലേക്കു ചാഞ്ഞുപോകുന്നു. സാധാരണയായി ഓരോ കാര്യങ്ങൾ നടപ്പിൽ വരുന്നതു് അവയുടെ ഗുണദോഷങ്ങളെക്കുറിച്ചു ധാരാളമായി വാദപ്രതിവാദങ്ങൾ കഴിഞ്ഞതിനുശേഷം മാത്രമാണല്ലോ. എന്നാൽ പ്രസ്തുത മൂഢവിശ്വാസങ്ങൾ ആദ്യം നടപ്പിൽ വരികയും അവയെ സാധൂകരിക്കാനുള്ള കാരണങ്ങളേയും യുക്തി

കളേയും രണ്ടാമതായി ആലോചിച്ചുകൊണ്ടിരിക്കയുമാണ പതിവ്. മൂഢവിശ്വാസങ്ങളുടെ കാരണങ്ങൾ പലതുണ്ട്. കാണാനും കേൾക്കാനും മറ്റും വളരെ കൌതുകമുള്ളവയായ കർമ്മാചാരങ്ങൾ പുറമേയുള്ള നാട്യത്തിൽ മാത്രം പ്രധാനമായി സ്ഥിതിചെയ്യുന്ന ഈശ്വര ഭക്തി, പാരമ്പര്യവിശ്വാസങ്ങളെക്കുറിച്ച് സീമാതീതമായ വിശ്വാസം, പുരോഹിതന്മാരുടെ ലാഭത്തിനും മാനത്തിനുമായി അവരുടെ ഇടയിൽത്തന്നെയുള്ള കപടോപായങ്ങൾക്കും പരസ്പരസ്പർദ്ധകൾക്കും താന്തോന്നിത്തങ്ങൾക്കും അനാവശ്യനവീകരണങ്ങൾക്കും സംഗതിയാകുന്ന സ്വഭാവം, ദൈവികസംഗതികളെ മാനുഷസംഗതികൾക്കനുസരണമായി വിധിച്ച് അവാസ്തവങ്ങളായ അഭിപ്രായങ്ങൾക്കു മനസ്സിൽ അവകാശം കൊടുക്കുന്ന സ്വഭാവം, വിദ്യാഭ്യാസം അധോഗതിയെ പ്രാപിച്ചിരിക്കുന്നതോ രാജ്യത്തിനു പൊതുവെ ആപത്തു നേരിട്ടിരിക്കുന്നതോ ആയ കാലം എന്നിങ്ങനെയുള്ളവയെല്ലാം മൂഢവിശ്വാസം ഉണ്ടാവുകയോ വർദ്ധിപ്പിക്കുകയോ ചെയ്യുന്നതിനുള്ള കാരണങ്ങളാണ്. എന്നാൽ മൂഢവിശ്വാസങ്ങളുടെ മറ മാറ്റിയാൽ അവയ്ക്കു വാസ്തവത്തിലുള്ള വൈരൂപ്യം മുഴുവനും എല്ലാവർക്കും സ്പഷ്ടമായി കാണാവുന്നതാണ്. മുഖച്ഛായയാലും മറ്റും കുരങ്ങിന് മനുഷ്യരോടും ചില സാമ്യമുള്ളതുകൊണ്ട് അതിന്റെ വൈരൂപ്യം കുറച്ചുകൂടി അധികമാവുകയാണല്ലോ. അതുപോലെ മൂഢവിശ്വാസത്തിന് വാസ്തവമായ ഈശ്വരവിശ്വാസത്തോടു ചില സംഗതികളിൽ സ്വല്പമായിട്ടുള്ള ഐകരൂപ്യമുള്ളതുകൊണ്ടാണ് മൂഢവിശ്വാസം ഇത്രമാത്രം വെറുക്കത്തക്കതായിത്തീർന്നിരിക്കുന്നത്. നല്ല മാംസം ചീഞ്ഞു് അതിൽ നിന്നുണ്ടാകുന്ന കൃമികൾ എന്നപോലെ മൂഢവിശ്വാസങ്ങൾ ഏറ്റവും ശ്ലാഖ്യങ്ങളായ കർമ്മാചാരങ്ങൾ ദൂഷിച്ചുണ്ടായവയായതുകൊണ്ട് അവ കുറച്ചുകൂടി നിന്ദ്യങ്ങളായിരിക്കുന്നു. എന്നാൽ മൂഢവിശ്വാസങ്ങളെ പരിത്യജിക്കുന്നതിൽത്തന്നെ ചിലർ മറ്റു മൂഢവിശ്വാസങ്ങളെ പ്രദർശിപ്പിക്കുന്നു. ഇവർ മൂഢവിശ്വാസങ്ങളെ ഉപേക്ഷിക്കുക മാത്രമല്ല ചെയ്യുന്നത്. അവയ്ക്കു നേരെ വിപരീതമായും അവയിൽനിന്നു കഴിയുന്നതും അകലേയും മേലാൽ നിൽക്കണമെന്നു വിചാരിക്കുക കൂടി ചെയ്യുന്നു. മരുന്നു സേവിച്ചു വയറിളക്കുമ്പോൾ ചില സമയങ്ങളിൽ ശരീരത്തിലെ ദുഷ്ടുകൾ മാത്രമല്ല; ശരീരപോഷണത്തിന് അത്യാവശ്യകങ്ങളായ ചില സാധനങ്ങൾകൂടി ഇളകിപ്പോകുന്നതുപോലെ മൂഢവിശ്വാസങ്ങളെ പരിത്യജിക്കുന്നതിനോടുകൂടി ആവശ്യങ്ങളായ സദ്വിശ്വാസങ്ങളും പൊയ്പ്പോകാതെയിരിക്കാനായി പ്രത്യേകം കരുതലുണ്ടായിരിക്കേണ്ടതാണ് ; ഓരോ സഭകളിലോ സമുദായങ്ങളിലോ ഉള്ള സാധാരണന്മാരായ അംഗങ്ങൾ തന്നെ നവീകരണം ആരംഭിക്കുമ്പോൾ മേല്പറഞ്ഞ ദോഷം സംഭവിക്കാൻ വളരെ എളുപ്പമുള്ളതാകുന്നു.

—ബേക്കന്റെ പ്രസംഗം

## പാത്രനിരൂപണത്തിന് (ശാകുന്തളത്തിലെ വിദൂഷകൻ)

ഈ മാഢവ്യൻ ഒരു തീറ്റിപ്പണ്ടം തന്നെ. എങ്കിലും ‘ഇനി അധ്വാനമില്ലാതെ ഒരു കാര്യത്തിൽ സഹായിക്കണം’ എന്ന സ്വാമിയുടെ കല്പനയ്ക്ക് ‘മോദകം തിന്നാനോ?’ എന്നുത്തരം ചോദിക്കുന്നത് വാസ്തവത്തിൽ മുള്ളുപറയുക ആയിരിക്കും. രാജ്യകാര്യങ്ങളിൽ അയാൾക്കു പ്രവേശനമേയില്ല. അതുകൊണ്ടാണ് പറഞ്ഞൊത്തതിന്റെ ശേഷമെങ്കിലും സേനാപതി ധൈര്യമായിട്ട് ‘ഈ വിഡ്ഢ്യാൻ’ എന്നും, ‘അസംബന്ധം പുലമ്പുന്ന’ എന്നും മറ്റും മുഖത്തിനു

നേരെ അധിക്ഷേപിക്കുന്നതു്. (സേനാപതിയുടെ ഗൌരവത്തിനു് ഈ തിരുമുമ്പിൽസേവ സംസാരിച്ചതു് അത്ര ശരിയായുമില്ല) ഈ രസികൻ, രാജാവിന്റെ അന്തഃപുരമന്ത്രിയാണു്. ഈ വിടുവായനു് നേതൃാരോടു സാധാരണമായി എന്തും പറഞ്ഞു കേൾപ്പിക്കാം. അമ്മ തമ്പുരാനു് ഈ ബ്രാഹ്മണന്റെ പേരിൽ പുത്രനോടു തുല്യം വാത്സല്യമുണ്ടു്. എന്തിനു വളരെ പ്പറയുന്നു? ഈ വിദ്വാന്റെ ഫലിതങ്ങൾക്കു് രണ്ടു് അരങ്ങുകളിലേ കവി ഇടം കൊടുത്തിട്ടുള്ളു വല്ലോ എന്നു് സഭ്യന്മാർക്കു് ഇച്ഛാഭംഗമാണു് ഉളവാകുന്നതു്. ശകുന്തളയെ നിരാകരിക്കുന്ന അവസരത്തിൽ ഹംസപതികാഗൃഹത്തിലേക്കു് ഈ രസികനെ ശാസനയായി പറഞ്ഞ യച്ച കളഞ്ഞതു് കുറെ കഠിനമായോ എന്നു തോന്നിപ്പോകും. ഇയ്യാൾ ഇല്ലായിരുന്നുവെ ങ്കിൽ രാജ്യകാര്യവൈയഗ്ര്യത്താൽ ഉളവാകുന്ന മുഷിച്ചിൽ തീർത്തു് ആത്മാവിനെ നവീക രിക്കുന്നതു് ദുഷ്ഷന്തമഹാരാജാവിനു് ഇത്രയും സുഖകരമാകയില്ലായിരുന്നു.

— ശാകുന്തളം അവതാരിക

## അഭ്യാസം

1. താഴെ കൊടുത്തിരിക്കുന്ന വിഷയങ്ങളെ അതാതിന്റെ വിശകലനപ്രകാരം വിവരിച്ച് ഓരോ പ്രസംഗം എഴുതുക.

   (i) ക്ഷമ

   എ. ലക്ഷണം.

   ബി. ക്ഷമയാലുണ്ടാകുന്ന ഗുണങ്ങൾ.

   സി. അതില്ലാഞ്ഞാലുള്ള ദോഷങ്ങൾ.

   ഡി. അതിനെ വകവെയ്ക്കാതിരിപ്പാനുള്ള കാരണങ്ങൾ.

   ഇ. അതിനും സഹനശീലത്തിനുമുള്ള ഭേദം.

   എഫ്. ക്ഷമ മൂലം ശ്രേയസ്സു ലഭിച്ചതിനുദാഹരണമായിട്ടു് ചെറിയ ഒരു കഥ.

   (ii) അടക്കം

   എ. അടക്കമെന്നാലെന്തു്.

   ബി. അതിന്റെ ആവശ്യകത.

   സി. അതിന്റെ ഉപയോഗങ്ങൾ.

   ഡി. അതിനു് നമ്മുടെ വികാരങ്ങളോടും വിനോദങ്ങളോടുമുള്ള ബന്ധം.

   ഇ. അതിനു് വിരുദ്ധമായ ചിത്തവൃത്തി.

   എഫ്. അതിനെ പ്രശംസിച്ചിട്ടുള്ള ചില കവിവാക്യങ്ങളെ ഉദ്ധരിക്ക.

   (iii) ആത്മപരിശോധന

   എ. വ്യാഖ്യാനം.

ബി. അതു ചെയ്യാനുള്ള മാർഗ്ഗങ്ങൾ.

സി. ചെയ്താലുള്ള ശ്രേയസ്സുകൾ.

ഡി. ചെയ്യാഞ്ഞാലുള്ള ആപത്തുകൾ.

ഇ. ശീലിച്ചാലതു് എളുപ്പത്തിൽ സ്വാധീനപ്പെടുമെന്നു്.

(iv) യോഗബലം

എ. അവതാരിക – യോഗമെങ്ങനെ ബലമാകുമെന്നു് – യോഗബലം സർവ കാര്യങ്ങളിലും ആവശ്യമാണെന്നു് – വ്യവസ്ഥയാണു് യോഗബലത്തിന്റെ ജീവനെന്നു്.

ബി. ഉദാഹരണങ്ങൾ – സംഖ്യാബലം സാരമില്ലെന്നു്.

സി. ഉപയോഗം – രാജ്യകാര്യങ്ങളിൽ – വ്യവസായത്തിൽ – സമുദായോൽക്കർഷത്തിൽ.

ഡി. യോഗബലം ജന്തുക്കളിലും കാണുന്നു എന്നു് – തേനീച്ച, ഉറുമ്പു്, ചെന്നായ് ഇതുകളെ ഉദാഹരണത്തിനു് എടുക്കുക.

ഇ. ദുർവിനിയോഗങ്ങൾ – പ്രബലനായ രാജാവു് ദുർബലനായ രാജാവിനെ അടക്കുന്നു – കച്ചവടക്കാർ ചേർന്നു വില കൂട്ടുന്നു – വേലക്കാർ ചേർന്നു വേല മുടക്കം ചെയ്യുന്നു – കൂട്ടായ്മക്കവർച്ചകൾ.

എഫ്. ഉപസംഹാരം.

(v) ചിട്ടി

എ. ഒരു കരാർ,

ബി. മുന്നാളിന്റെ കടമകൾ,

സി. ചിറ്റാളരുടെ കടമകൾ,

ഡി. കാലസംഖ്യ,

ഇ. നിയമങ്ങൾ,

എഫ്. വകഭേദങ്ങൾ,

ജി. ഗുണദോഷങ്ങൾ.

2. താരതമ്യപ്പെടുത്തി വിചാരണ ചെയ്ക.

(i) മക്കത്തായവും മരുമക്കത്തായവും

(ii) വിദ്യാഭ്യാസത്തിൽ നവീനസമ്പ്രദായവും പ്രാചീനസമ്പ്രദായവും

(iii) പുഞ്ചകൃഷിയും നഞ്ചക്കൃഷിയും

(iv) ഗ്രാമവാസവും നഗരവാസവും

3. സംഗ്രഹത്തിനുദാഹരിച്ചിട്ടുള്ള (1) നിഷ്ഫലൈശ്വര്യം, മൂഢവിശ്വാസം എന്നീ വിഷയങ്ങളെ വിസ്തരിച്ച് പ്രസംഗങ്ങളെഴുതുക.
4. താഴെക്കാണുന്ന വിഷയങ്ങൾ ഓരോന്നിനും ആസൂത്രണം തയ്യാർ ചെയ്ക:
   (i) ദീപാളിപണ്ടിക
   (ii) തീവണ്ടി
   (iii) മഹാമനസ്കത
   (iv) മടിയൻ മല ചുമക്കും

# 5
## ഉപപാദനം

യുക്തി കാണിച്ച് ഒരു അഭിപ്രായം സ്ഥാപിക്കയാകുന്നു ഉപപാദനം. സർവ്വസമ്മതമായ ഒരു സംഗതി വിശദപ്പെടുത്തുന്നതു വിവരണം; അഭിപ്രായഭേദങ്ങൾക്കു വകയുള്ള ഒരു സംഗതിയിൽ സ്വാഭിപ്രായം സ്ഥാപിക്കുന്നതു് ഉപപാദനം എന്നു രണ്ടിനും തമ്മിൽ ഭേദം. യുക്തിപ്രദർശനം ഉപപാദനത്തിൽ പ്രധാനമായിരിക്കെ വിവരണത്തിൽ അതു് അപ്രധാനമാകുന്നു. വിവരണം കൂടാതെ ഉപപാദനം സുകരമല്ല. രണ്ടുപക്ഷമുള്ള സംഗതിയുടെ വിവരണംതന്നെ സ്വമതസ്ഥാപനത്തിനുള്ള യുക്തികളോടുകൂടി ചെയ്താൽ അതു് ഉപപാദനമായി. ഒരു ഉദാഹരണമെടുത്തുനോക്കാം: സ്ത്രീസ്വാതന്ത്ര്യം' എന്ന വിഷയത്തെക്കുറിച്ച് ഒരു പ്രസംഗം എഴുതുന്നതായാൽ അതിന്റെ ഗുണങ്ങളേയും ദോഷങ്ങലേയും നിഷ്പക്ഷപാതമായി എടുത്തുകാണിക്കുക മാത്രമേ ചെയ്യുന്നുള്ളുവെങ്കിൽ അതു് ഒരു വിവരണമായിരിക്കും; സാധകബാധകയുക്തികൾകൊണ്ടു് സ്ത്രീസ്വാതന്ത്ര്യം വേണ്ടാത്തോ വേണ്ടാത്തതോ എന്നു സ്ഥാപിക്കുകകൂടി ചെയ്യുന്നപക്ഷം അതിനെ ഉപപാദനം എന്നു പറയണം. ഗുണദോഷങ്ങളെ വിവരിക്കാതെ ഒരുവിധം നിർണ്ണയം ചെയ്യുന്നതു് അസാദ്ധ്യമാകയാൽ ഉപപാദനത്തിൽ വിവരണം അത്യാവശ്യമാണെന്നു സ്പഷ്ടമാകുന്നു. മുൻകാണിച്ച ചതുരംഗവിവരണം മുതലായ വിഷയങ്ങളിൽ വിവരണത്തിനും ഉപപാദനത്തിനും മഹത്തായ അന്തരമുണ്ടെന്നു കാൺക.

വിവരണം വിഷയത്തിലെ വ്യാഖേയാംശങ്ങളെ എല്ലാം ഒന്നുപോലെ വ്യാപിക്കുന്നു; ഉപപാദനത്തിൽ തർക്കമുള്ള അംശം മാത്രം വിസ്തരിച്ചാൽ മതിയാകും എന്നും ഒരു ഭേദം പറയാം.

വിമർശങ്ങൾ വിവരണം എന്ന ഇനത്തിൽ ചേരുന്നു എന്നും, അതിന്ന് ഖണ്ഡനം, മണ്ഡനം എന്നു രണ്ടു വകഭേദമുണ്ടെന്നും മുൻപ്രസ്താവിച്ചുവല്ലോ. എന്നാൽ ഖണ്ഡനവും മണ്ഡനവും പ്രായേണ സ്വപക്ഷസ്ഥാപനസംരംഭത്തോടുകൂടി ചെയ്യുന്നതാകയാൽ അതുകളെ ഉപപാദനത്തിൽ ചേർക്കുന്നതു കുറേക്കൂടി ഉചിതമായിരിക്കും. വിമർശനം നിഷ്പക്ഷപാതമായി

രിക്കേണ്ടതതാണ്; അപ്പോൾ അനുകൂലമെന്നും പ്രതികൂലമെന്നും പറവാനില്ലാത്തതിനാൽ ഉദാസീനമായിട്ടും വിമർശം ചെയ്യാം; അങ്ങനെയുള്ള വിമർശത്തിൽ പക്ഷഭേദമില്ലാത്തതിനാൽ അതിനെ വിവരണത്തിലുൾപ്പെടുത്തുന്നതിനു ന്യായമുണ്ടെന്നു കരുതിയാണ് ഖണ്ഡനമണ്ഡനങ്ങളെ മുമ്പു പ്രസ്താവിച്ചതു്.

ഉപപാദ്യമായ വിഷയത്തിന്റെ സ്വഭാവമനുസരിച്ച് ഉപപാദനത്തെ മൂന്നു വകയായി പിരിക്കാം: (1) ഒരു വസ്തുസ്ഥിതി (സംഗതി) ഉപപാദിക്കുന്നതു് വസ്തുവിവരണം, (2) ഒരു സിദ്ധാന്തത്തെപ്പറ്റിയുള്ളതു് സ്ഥാപനം; (3) ലോകവ്യവഹാരങ്ങളുടെ ഉപപാദനം വ്യവഹാരചർച്ച. പ്രായേണ വസ്തുവിചാരത്തിന് ചരിത്രങ്ങളിലെ സംഗതികളായിരിക്കും വിഷയം.

യുക്തിശാസ്ത്രം സംബന്ധിച്ചിരിക്കും സിദ്ധാന്തസ്ഥാപനം. സാമുദായികം വ്യവഹാരം, നീതിശാസ്ത്രം, രാജ്യതന്ത്രം ഇതുകൾ ഇടപെട്ട സംഗതികളാണ് വ്യവഹാരചർച്ചയ്ക്കു്,

1. വസ്തുവിചാരം: ഒരു വസ്തു അല്ലെങ്കിൽ സംഗതി ഒരു വിധമാണെന്നോ അല്ലെന്നോ സാധകബാധകങ്ങൾ കാണിച്ചു സ്ഥാപിക്കയാണ് വസ്തൂപപാദനത്തിൽ ചെയ്യേണ്ടുന്നതു്.അനുകൂലമായും പ്രതികൂലമായും ഉള്ള തെളിവുകളുടെ ബലാബലം പോലെയാണ് ഇതിൽ തീരുമാനം. ആ തീരുമാനം ഏതുവിധമായാലും വായനക്കാർക്ക് ഒരു ഹാനിയും വരാനില്ല; അതിനാൽ അവർ അതിൽ ഉദാസീനയായിരിക്കും. താഴെ ചേർക്കുന്ന ഉദാഹരണങ്ങൾ വസ്തൂപപാദനത്തിന്റെ സ്വഭാവം സ്പഷ്ടമാക്കും.

    (i) ബുദ്ധമതത്തേക്കൾ ജൈനമതം പ്രാചീനമാകുന്നു.
    (ii) കാളിദാസരുടെ കാലം ഏഴാം ശതാബ്ദത്തിനു മുമ്പാകുന്നു.
    (iii) കോയമ്പത്തൂർവഴിയാണ് കേരളത്തിൽ ആര്യന്മാർ പ്രവേശിച്ചതു്.
    (iv) ലിപിവിദ്യ പാണിനിയുടെ കാലത്തു നടപ്പായിരുന്നില്ല.

    ഒരു സംഗതി ഒരുവിധമാണെന്നോ അല്ലെന്നോ നിർണ്ണയിക്കുന്നതു് അതിലേക്കുള്ള തെളിവുകളുടെ ബലവും പ്രാമാണ്യവുമനുസരിച്ചാകുന്നു. അതിനാൽ വസ്തുവിചാരത്തിൽ തെളിവു ശേഖരിച്ചു ശരിപ്പെടുത്തുന്നതിൽ ശ്രദ്ധവെയ്ക്കണം.

2. സ്ഥാപനം: സ്ഥാപനം രണ്ടുവിധത്തിലാവാം (എ) ഒരു സിദ്ധാന്തം സ്ഥാപിക്കുക. (ബി) സ്ഥാപിതമായ സിദ്ധാന്തത്തിൽ അടങ്ങിയതാണ് ഒരു സംഗതിയെന്നു സമർത്ഥിക്കുക.

    ആദ്യത്തേതിനു സിദ്ധാന്തകരണമെന്നും രണ്ടാമത്തേതിനു യുക്തിപ്രദർശനമെന്നും പേർ ചെയ്യാം.

    (എ) സിദ്ധാന്തകരണം: പല സംഗതികൾകൊണ്ടു് ഒരു സംഗതി തെളിയുന്നതാണു വസ്തുവിചാരം. പല സംഗതികൾക്ക് ഉപപത്തി കാണിക്കാൻ വേണ്ടി ഒരു സംഗതി കല്പിക്കുന്നതാണു സിദ്ധാന്തകരണം. ഏഴാം വർഷശതകത്തിൽ നാടുവാണൊരു രാജാവിന്റെ സദസ്യനായിരുന്നു ഭവഭൂതി; ഭവഭൂതി കാളി

ദാസന്റെ ഗ്രന്ഥങ്ങൾ കണ്ടിട്ടുണ്ടെന്ന് അദ്ദേഹത്തിന്റെ കവിതകളിൽനിന്നു സ്പഷ്ടമാകുന്നു; ഇത്യാദികളായ സംഗതികൾ കാളിദാസൻ ഏഴാം വർഷ ശതകത്തിനു മുമ്പാണ് ജീവിച്ചിരുന്നതെന്ന സംഗതിയെ തെളിയിക്കുന്നു. അതിനാൽ അതു് ഒരു വസ്തുവിചാരത്തിന് ഉദാഹരണം. ആകാശത്തിലുള്ള ജ്യോതിസ്സുകളെല്ലാം ഒന്നുപോലെ ഉദിച്ചസ്തമിക്കുന്നു, ഗ്രഹങ്ങൾക്കുമാത്രം ഒരു പൂർവ്വഗതി കൂടിയുണ്ട്. ഇത്യാദി സംഗതികൾക്ക് ഉപപത്തി സമ്പാദി പ്പാനായി ഭൂമി കിഴക്കോട്ടുരുളുന്ന മട്ടിൽ ചലിക്കുന്നു എന്നു നാം ഒരു കല്പന ചെയ്യുന്നു. ഈമാതിരി കല്പനകൾക്കാണ് സിദ്ധാന്തം എന്നുപേർ. ഇതു സ്ഥാപിക്കുന്നതിൽ പല സംഗതികളുടെ ഉപപത്തിക്കുവേണ്ടി ഒരു സംഗ തി കൽപ്പിക്കുന്നതിനാൽ ഇതു സിദ്ധാന്തകരണത്തിന് ഉദാഹരണം. പല സംഗതികളെ യോജിപ്പിക്കാൻവേണ്ടി കല്പിക്കുന്ന ഒറ്റ സംഗതി മാത്രമേ പ്രകൃതത്തിലെ പല സംഗതികൾക്ക് ഉപപത്തി സമ്പാദിപ്പാൻ മതിയാവുക യുള്ളുവെന്നുണ്ടോ? വേറെ വല്ലതും ഒരു സംഗതി കല്പിച്ചാൽ ആ ഫലം ഉണ്ടാ വുകയില്ലേ എന്നുകൂടി ആലോചിപ്പാനുണ്ട്. പ്രകൃതോദാഹരണത്തിൽത്തന്നെ ഭൂമി കിഴക്കോട്ടു തിരിയുന്നു എന്നു കല്പിക്കുന്നതിനു പകരം ആകാശമണ്ഡലം പടിഞ്ഞാട്ടു തിരിയുന്നു എന്നു കല്പിച്ചാലും ഫലം തുല്യമാകുമല്ലോ. ഇങ്ങനെ സിദ്ധാന്തത്തിൽത്തന്നെ തർക്കം വരുമ്പോൾ ഗൌരവദോഷം കുറയുന്നതും യുക്തിബലം ഏറുന്നതുമായ കല്പനയെ സിദ്ധാന്തമായി സ്വീകരിക്കണം. മറ്റു കല്പനകളെ പൂർവ്വപക്ഷമായി ഉപേക്ഷിക്കണം. പ്രകൃതോദാഹരണത്തിൽ ആകാശമണ്ഡലം മുഴുവനും അതിൽ കാണുന്ന ജ്യോതിസ്സുകളെ ഒന്നിനേയും അനക്കാതെ ഒരേ വേഗത്തിൽ പടിഞ്ഞാട്ടു തിരിക്കുന്നതിൽ അധികം എളുപ്പം ഒറ്റയായ ഭൂമിയെ കിഴക്കോട്ടു ചലിപ്പിക്കുകയാകുന്നു എന്നു ഗൌരവതാരതം യം നോക്കി ഭൂചലനം സിദ്ധാന്തമായി സ്വീകരിക്കപ്പെട്ടിരിക്കുന്നു. എന്നാൽ ഭാരതീയരിൽ പല ജൌതിഷികളും ഭൂചലനവാദം പൂർവ്വപക്ഷമാണെന്നു പറഞ്ഞുതള്ളീട്ടു് ആകാശചലനം തന്നെ സിദ്ധാന്തം(ഉത്തരപക്ഷം) എന്നു വാദിച്ചിട്ടുള്ളവരുണ്ട്.

പൂർവ്വപക്ഷങ്ങളെയെല്ലാം കാരണസഹിതം നിരസിച്ച് ഉത്തരപക്ഷമായി ഒരു സംഗതിയെ സ്ഥാപിക്കുകയാകുന്നു സിദ്ധാന്തസ്ഥാപനത്തിൽ ചെയ്യേണ്ടു ന്നതു്. അതിലേക്ക് പൂർവ്വപക്ഷികളുടെ മതം ആദ്യമായി വിവരിച്ച് ഓരോന്നും മുറയ്ക്കു പ്രബലയുക്തികൊണ്ടു് ഖണ്ഡിക്കണം. ഇങ്ങനെ വിവരണം തന്നെ സിദ്ധാന്തസ്ഥാപനത്തിലും പ്രധാനമായി നിൽക്കയാൽ വിവരണത്തിനു പറഞ്ഞ പദ്ധതിതന്നെ ഇവിടെയും പദ്ധതി. മിക്ക ദിക്കിലും ഉപപാദനത്തിനു വിവരണത്തെക്കാൾ വിശേഷം സ്വമതസ്ഥാപനം എന്നുള്ള ഭാഗമൊന്നേ ഉള്ളു എന്നു മുമ്പുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ.

(ബി) യുക്തിപ്രദർശനം: ഭൂമി സൂര്യനെ ചുറ്റുന്നു എന്നും, ചന്ദ്രൻ ഭൂമിയെ ചുറ്റുന്ന ഉപഗ്രഹമാണെന്നുമുള്ള സിദ്ധാന്തത്തെ അടിസ്ഥാനമാക്കി ഗ്രഹണങ്ങൾക്ക്

ഉപപത്തി കാണിക്കുന്നതുപോലെയുള്ള സ്ഥാപനം യുക്തിപ്രദർശനം. ഇതിനെ വാസന എന്നൊരു സാങ്കേതികശബ്ദംകൊണ്ടു ശാസ്ത്രകാരന്മാർ വ്യവഹരിക്കുന്നു; ഗ്രഹണവാസന, വക്രഗതിവാസന, സ്ഫുടവാസന, ഇത്യാദി. ഇതുപോലെ സിദ്ധാന്തകരണത്തിന് വാദം എന്ന പേർ ഉപയോഗിക്കുന്നു. ഭൂചലനവാദം, ശരീരാത്മവാദം, അന്വിതാഭിധാനവാദം ഇത്യാദി.

3. വ്യവഹാരചർച്ച: വ്യവഹാരചർച്ച അല്ലെങ്കിൽ (വെറും) ചർച്ച എന്നതിന്റെ പോക്കു രണ്ടുവിധത്തിലായിരിക്കും. (എ) ഒരു കാര്യം ശരിയോ എന്നുള്ള ധർമ്മചിന്ത; (ബി) ഏതുകൊള്ളാം എന്നുള്ള കർത്തവ്യചിന്ത. വിധവാവിവാഹം, ജാതിവിഭാഗം, മാംസഭക്ഷണം, സ്ത്രീകൾക്കു വധദണ്ഡം - ഇത്യാദിവിഷയങ്ങൾ ധർമ്മചിന്തയ്ക്കും; ഏകാധിപത്യമോ അനേകാധിപത്യമോ നല്ലതു്, മലയാളികൾ മരുമക്കത്തായം വിട്ടു് മക്കത്തായം സ്വീകരിക്കണമോ, സ്ത്രീകൾക്കു പൌരാധികാരം കൊടുക്കാമോ; പള്ളിക്കൂടങ്ങൾക്കു് ഒരു വെക്കേഷനോ രണ്ടു വെക്കേഷനോ ഹിതം – ഇത്യാദികൾ കർത്തവ്യചിന്തയ്ക്കും ഉദാഹരണമാകുന്നു.

വിവരണത്തിനു കൊടുത്ത രചനാമാർഗ്ഗം തന്നെ പൊതുവെ ചർച്ചയ്ക്കും മതിയാകും. വിശേഷിച്ച് ചർച്ചയിൽ ദൃഷ്ടിവെക്കേണ്ടുന്ന ഭാഗങ്ങൾ; (1) വിവാദപദം ഇന്നതെന്നു വിവരണംകൊണ്ടു വിശദപ്പെടുത്തണം. (2) പ്രസക്താനുപ്രസക്ത്യാ വന്നുചേരുന്ന ആനുഷംഗികവിഷയങ്ങളിൽ പ്രവേശിച്ചു് ശാഖാചംക്രമണം ചെയ്യരുതു്. (3) സാധകബാധകയുക്തികളെ വേർതിരിച്ചു ക്രമപ്പെടുത്തി ബലാബലവിചാരം ചെയ്യണം. (4) ഉപസംഹാരത്തിൽ സിംഹാവലോകിതം കൊണ്ടു് പ്രതിപാദിതവിഷയത്തെ സമഷ്ട്യാ ആവർത്തിച്ചു നിഗമനം ചെയ്യണം.

ഖണ്ഡനമണ്ഡനങ്ങൾ എന്നു രണ്ടായി പിരിച്ചതും വിവരണം എന്ന ഇനത്തിൽ ചേർത്തതുമായ വിമർശം സ്വാഭിപ്രായസ്ഥാപനത്തോടുകൂടി ചെയ്യുന്നതായാൽ ഉപപാദനത്തിന്റെ വകഭേദമായും ഗണിക്കാമെന്നു പ്രസ്താവിച്ചല്ലോ. ഖണ്ഡനമണ്ഡനങ്ങൾ രചിക്കുന്നതിൽ ചില ഉപദേശങ്ങൾ പ്രത്യേകിച്ചു ചെയ്യേണ്ടതുണ്ടു്. അതാവിതു്:

(എ) സ്വപ്രത്യയസ്ഥൈര്യം: തന്റെ അഭിപ്രായം വിട്ടുപറയുന്നതിനു വിമർശകാരൻ മടിക്കരുതു്. “മൂഢഃ പരപ്രത്യയനേയബുദ്ധിഃ” എന്നല്ലേ അഭിയുക്തവചനം. തനിക്കു സ്വന്തമായി ഒരഭിപ്രായമില്ലാത്ത പുരുഷൻ തന്റേടമില്ലാത്തവനാകുന്നു. തനിക്കുള്ള അഭിപ്രായം വെളിപ്പെടുത്തുവാൻ മടിച്ചാൽ അതു ധൈര്യക്കുറവായി. സന്ദിഗ്ദ്ധപദപ്രയോഗംകൊണ്ടോ വക്രോക്തികൊണ്ടോ പൊതിഞ്ഞുപറയുന്നതിൽ ആത്മവഞ്ചനം സ്പഷ്ടമാണു്. അതുകൊണ്ടു് സ്വാഭിപ്രായം പറയുന്നപക്ഷം അതു സ്പഷ്ടവും നിഷ്കളങ്കവുമായിരിക്കണം. സ്വാഭിപ്രായപ്രകടനം എവിടെ ആപൽക്കരമെന്നു തോന്നുന്നുവോ അങ്ങനെയുള്ള വിഷയത്തെപ്പറ്റി വിമർശമേ ആരംഭിക്കരുതു്.

(ബി) ഔദ്ധത്യപരിഹാരം: താൻ സ്വമതം ഇളക്കാൻ പാടില്ലാത്തവിധം സ്ഥാപി

ച്ചുകളഞ്ഞു. അതിൽ എല്ലാവരും യോജിച്ചുകൊള്ളണം എന്നും മറ്റുമുള്ള ഒരു ഭാവന വന്നുപോകാതെ സൂക്ഷിക്കണം. സ്വപ്രത്യയസ്ഥൈര്യം കൊണ്ടുണ്ടാകാവുന്ന ദോഷങ്ങളെ പരിഹരിക്കാനാണിതു്. സ്വാഭിപ്രായം ഉള്ളതുപോലെ പറയണം. എന്നാൽ അങ്ങനെ ചെയ്യുന്നതിൽ വിനയപ്രദശനം മറന്നുപോകരുതു്. 'പ്രതിപക്ഷികളുടെ ആക്ഷേപം തെറിച്ചുപോയി', 'ഇതു മറുപക്ഷത്തിനു കണ്ഠേ കുഠാരം ആണ്' എന്നും മറ്റും വീരവാദം കൂടാതെതന്നെ ' പ്രതിപക്ഷികളുടെ ആക്ഷേപത്തിന് ഇതു സമാധാനമാകുമെന്നു വിശ്വസിക്കുന്നു,' 'ഇതു പ്രതിപക്ഷവാദത്തെ ദുർബ്ബലപ്പെടുത്തുന്നു' എന്നോ മറ്റോ പറഞ്ഞാലും ധാരാളം കാര്യം വരും. സംസ്കൃതഗ്രന്ഥകാരന്മാരിൽ പ്രാചീനർ "ഇദം ചിന്ത്യം" (ഇതു കുറെ ആലോചിപ്പാനുള്ളതാണ്) എന്നും മറ്റും വണക്കത്തോടുകൂടിയ കൂടിയ വാക്കുകളേ ഉപയോഗിച്ചിട്ടുള്ളൂ. നവീനന്മാരാണ് 'കണ്ഠേ കുഠാര'വും മറ്റും ഉപയോഗിച്ച് ലഹള കൂട്ടുന്നതു്.

(സി) പ്രതിപക്ഷബഹുമാനം: ഔദ്ധത്യമില്ലാതിരുന്നാൽ മാത്രം പോരാ. പ്രതിപക്ഷിയുടെ അഭിപ്രായത്തെ ബഹുമാനപുരസ്സരം 'അനുവദിക്ക'യും വേണം. പ്രതിപക്ഷി നിസ്സാരനാണെങ്കിൽ അവനോട് എതിർക്കുന്നതു് തനിക്കു ഗൌരവക്കുറവല്ലയോ? സമന്മാരോടു വേണം സംഘർഷം. സിംഹത്തിനു പ്രതിദ്വന്ദി ആനയാണ്; മാനല്ല.

> "ജേതാരം ലോകപാലാനാം സ്വമുഖൈരർച്ചിതേശ്വരം
> രാമസ്തുലിതകൈലാസമരാതിം ബഹ്വമന്യത"

(ദിക്പാലന്മാരെ ജയിച്ചവനും സ്വന്തം തലകളറുത്തിട്ട് ശിവനെ ആരാധിച്ചവനും കൈലാസം കൈയിലെടുത്ത് തൂക്കിനോക്കിയവനുമായ ശത്രുവിനെ (രാവണനെ) രാമൻ ബഹുമാനിച്ചു, — രഘുവംശം.) എന്ന് മഹാകവി ശ്രീരാമനെപ്പറ്റി പറഞ്ഞതു നോക്കുക. ശത്രുവിനെ ബഹുമാനിക്കുന്നിടത്തോളം ജയപക്ഷത്തിൽ തനിക്കാണ് ബഹുമാനം ഫലിക്കുന്നതു്.

(ഡി) സംരംഭത്യാഗം: സ്വപക്ഷസ്ഥാപനവ്യസനംകൊണ്ടു മതിമറന്നുപോകരുതു്. സ്വപക്ഷം ജയിച്ചാലും ശരി, കാര്യം കാര്യം പോലെയിരിക്കും; തത്ക്കാലത്തെ ആവേശംകൊണ്ട് സ്വപക്ഷവും താനും ഒന്നുതന്നെ എന്നു വിചാരിച്ചുപോകരുതു്. തക്ക യുക്തികൾ കാണിക്കുന്നിടത്തോളമേ തനിക്കു ഭാരമുള്ളൂ; അതുകളെ സ്വീകരിക്കുകയോ നിരസിക്കയോ ചെയ്യുന്നതു് വായനക്കാരുടെ ചുമതലയാണ്.

(ഇ) പുരുഷദ്വേഷവർജ്ജനം: പ്രതിപക്ഷിയുടെ പക്ഷത്തോടല്ലാതെ പ്രതിപക്ഷിയായ പുരുഷനോട് (ആളോട്) ദ്വേഷം വന്നുപോകരുതു്. സംരംഭം വരുമ്പോൾ ഉണ്ടാകുന്ന ദോഷമാണിതു്; സംരംഭം വജ്ജിച്ചാൽ ഇതും വർജ്ജിതമാകും.

(എഫ്) വിതണ്ഡാവൈമുഖ്യം: അതുമിതും പിടിച്ച് അറുതിവരാത്ത വിധത്തിൽ വാ

ദം നീട്ടുന്നതിന്ന് വിതണ്ഡാവാദം എന്നുപേർ. അതിൽ പ്രവേശിക്കാതെ സൂക്ഷിക്കണം. കക്ഷിപ്പിണക്കം മൂർച്ഛിക്കുമ്പോഴാണ് ഇതിനു പ്രസക്തി. വിതണ്ഡയ്ക്ക് പുറപ്പെടുന്നവൻ ആത്മാഭിമാനമില്ലാത്തവനാണെന്നു ജനങ്ങൾ വിചാരിക്കാനിടയുണ്ട്. 'ഇങ്ങോട്ടൊന്നു ചെകിട്ടത്തടിച്ചെങ്കിൽ അങ്ങോട്ടൊന്നു ചവുട്ടിയല്ലൊ" എന്നുള്ള സമാധാനം വീരോചിതമല്ല. "തർക്കോ പ്രതിഷ്ഠഃ" യുക്തി ഒരു നിലയില്ലാത്തതാണ്. താൻ ഒരു വഴിയേ ആക്രമിച്ചാൽ മറുകക്ഷി മറ്റൊരു വഴിയേ നമ്മെ ആക്രമിക്കും. യുദ്ധം അവസാനിക്കയുമില്ല. നേരിട്ടു പോർക്കളത്തിലിറങ്ങി ശത്രുവിന്റെ ആയുധം കൊണ്ടു മരിച്ചാലും മാനം തന്നെ. വല്ല മൂലയിലും കിടക്കുന്ന പ്രമാണവചനത്തേയും മറ്റും ശരണം പ്രാപിച്ചു രക്ഷപ്പെടാൻ തുനിഞ്ഞിട്ടും ആവശ്യമില്ല. നീലകണ്ഠദീക്ഷിതർ കലിവിഡംബനത്തിൽ പരിഹസിച്ചിട്ടുള്ള വാദദോഷങ്ങൾ നോക്കുക:

> "പേടിക്കൊല്ലാ ഗണിക്കൊല്ലാ വാദിവാക്യം ശ്രുവിക്കൊലാ
> സഭയിൽ ജയമിച്ഛിപ്പോർ പെട്ടെന്നുത്തരമേകണം!
> അലക്ഷ്യം ലൌജ്ജയില്ലായ്മയവജ്ഞയെതിരാളിയിൽ
> അട്ടഹാസം പ്രഭുസ്തോത്രം ജയോപായങ്ങളഞ്ചിവ!
> മധ്യസ്ഥൻ മൂർഖനെന്നാകിലുച്ചം ഘോഷിച്ചു തേറുക
> സിദ്ധാന്തിയെന്നു ചൊല്ലേണം വിദ്വാനെങ്കിലവൻ പുനഃ"
>
> — കലിവിഡംബനം

സാഹിത്യത്തിനു പലവിധം പ്രസ്ഥാനങ്ങളുള്ളതിൽ പ്രധാനമായുള്ളതെല്ലാം നാലിനങ്ങളിൽ ഒരുവിധം ഉൾപ്പെടുത്തിക്കാണിച്ചു. നാലാമതുള്ള വിഭാഗത്തിൽ ചിലേടത്തു വ്യാമിശ്രതയും വന്നിട്ടുണ്ട്. ഈ വിഭാഗം സൌകര്യത്തിനുവേണ്ടി മാത്രം ചെയ്തതേയുള്ളു. ഇതിലൊന്നുമാത്രമായിട്ട് ഒരു ഗ്രന്ഥവും കാണുകയില്ല. ആധിക്യം നോക്കിയാണ് ഇവിടെ കൃതികളെ തരംതിരിച്ചത്. ആഖ്യായികാദികളിൽ മറ്റിനങ്ങളേക്കാൾ ആഖ്യാനഭാഗം അധികപ്പെടുകയാൽ അതുകളെ ആ ഇനത്തിൽ ചേർത്തു എന്നേ ഉള്ളു. ഇതുപോലെ ശേഷമുള്ളതിലും.

ഗ്രന്ഥവും പ്രസംഗവും: ഈ ഭേദം കേവലം 'മാത്ര'യിലുള്ളതാകുന്നു. 'കൃതി' എന്ന പദം രണ്ടിനും തുല്യമായി പ്രയോഗിക്കാം. ഇനം ഏതായാലും ചെറിയ തോതിൽ ചെയ്യുന്ന കൃതി പ്രസംഗം; വലിയ തോതിൽ ചെയ്യുന്നതു ഗ്രന്ഥം. അരമനയ്ക്കും കുടിലിനും തമ്മിലുള്ള ഭേദം തന്നെ ഇവയ്ക്കും. രണ്ടിലും എണ്ണങ്ങളെല്ലാം വേണം, വലുപ്പം മാത്രം അവസ്ഥയ്ക്കു ചേർന്നിരിക്കും.

## ഉദാഹരണങ്ങൾ:

### അറം

കവികൾ കഥാപാത്രങ്ങളുടെ വാക്കായിട്ട് ഉത്തമപുരുഷസർവ്വനാമം ചേർത്തു ശാപരൂപമായി സംഗതി പറയുന്നതു മേലാൽ തനിക്കുതന്നെ ഫലിക്കുന്നതാണ് 'അറം' എന്നു

പറയുന്നതു്. താൻ വിവരിക്കുന്ന സംഗതികളിൽ തന്മയത്വം വരുത്തുകയാണല്ലോ കവിയുടെ വാക്ചാതുര്യത്തിനുള്ള പരമകാഷ്ഠ. അപ്പോൾ അത്രയ്ക്കു ശേഷിയുള്ള മഹാകവിയുടെ (വാക്കിനു) ശാപരൂപമായ അർത്ഥത്തിൽ വരുന്ന തന്മയത്വം തന്നെ അറം. ക്ഷുദ്രകവികൾക്കു് അറം വരുന്നതായി പറയാറുമില്ല. അറം വരിക എന്നുള്ള വിശ്വാസം കേവലം അടിസ്ഥാനമില്ലാത്തതെന്നു പറയാൻ പാടില്ല. വേദാന്തസിദ്ധാന്തപ്രകാരം ഈശ്വരനു് ജ്ഞാനശക്തി, ഇച്ഛാശക്തി, ക്രിയാശക്തി എന്നു് പ്രധാനമായി മൂന്നു ശക്തികൾ ഉണ്ടു്. അതിൽ ഇച്ഛാശക്തികൊണ്ടാണു് ഈശ്വരൻ പ്രപഞ്ചം സൃഷ്ടിക്കുന്നതു്, അല്ലാതെ കുശവൻ കളിമണ്ണുകൊണ്ടു് കടം തീർക്കുന്നതുപോലെ പഞ്ചഭൂതങ്ങളെക്കൊണ്ടു സ്ഥാവരജംഗമങ്ങളെ ചമയ്ക്കുന്നില്ല. 'ഇച്ഛാമാത്രം പ്രഭോഃ സൃഷ്ടിഃ' എന്നാണു പ്രമാണം. ഇച്ഛാശക്തിവിശിഷ്ടനായി പരമാത്മരൂപനായിരിക്കുന്ന ഈശ്വരന്റെ പ്രതിബിംബങ്ങൾ ആണു് മനുഷ്യരുടെ ജീവാത്മാക്കൾ. അതിനാൽ ജീവാത്മാക്കൾക്കും ഇച്ഛാദിശക്തിത്രയം ഉണ്ടു്. എന്നാൽ സാധാരണസ്ഥിതിയിൽ മങ്ങിയ കണ്ണാടിയിൽ സൂര്യകിരണങ്ങളുടെ പ്രതിബിംബം തെളിയാത്തതുപോലെ തമോഗുണമലിനമായ ജീവാത്മാവിൽ ഇച്ഛാദിശക്തികൾ പ്രകാശിക്കുന്നില്ല. തപോനിഷ്ഠ, സമാധി മുതലായതിനാൽ തമോഗുണാവരണം നീങ്ങിയാൽ അതുകൾ പ്രകാശിക്കയും ചെയ്യും. ഈവിധമാണു് മഹാത്മാക്കളായ മഹർഷിമാർ ശാപവും വരവും കൊടുക്കുന്നതു്. രസാസ്വാദനത്തിൽ പ്രവർത്തിച്ചിരിക്കുന്ന സഹൃദയനായ മഹാകവിയുടെ ഹൃദയത്തിനു് സമാധിയിലിരിക്കുന്ന ഒരു യോഗിയുടെ ചിത്തത്തിനുള്ള അവസ്ഥയുണ്ടെന്നാണു് ആലങ്കാരികസിദ്ധാന്തം. അതിനാൽ രസനിബന്ധനൈകതാനനായ കവിയുടെ വാക്കും ഋഷിവാക്യം പോലെ ഫലിക്കും. അതിൽ ശോകരസത്തിനു് ശൃംഗാരാദികളെക്കാൾ പ്രാബല്യമുള്ളതിനാൽ ശാപരൂപമായ വാക്കിനാണു് ഫലിക്കുന്നതിനു് അധികം എളുപ്പമെന്നേ ഉള്ളൂ.

— നളചരിതവ്യാഖ്യാനം – കാന്താരതാരകം

## ഭാഷയിൽ കർമ്മണിപ്രയോഗം കൃത്രിമമാകുന്നു

ഭാഷയ്ക്കു് സ്വന്തമായി കർമ്മണിപ്രയോഗമില്ല. ഇപ്പോൾ ഉപയോഗിച്ചുവരുന്നതു് സംസ്കൃതത്തിന്റെ ശരിതർജ്ജമയ്ക്കുവേണ്ടി ഇടക്കാലത്തിൽ കൃത്രിമമായി ഏർപ്പെടുത്തിയ ഒരു സമ്പ്രദായമാകുന്നു. ഇതിലേക്കു ലക്ഷ്യം ഒന്നാമതു് സംസ്കൃതാനഭിജ്ഞന്മാർ കർമ്മണിപ്രയോഗത്തെ ഒരിക്കലും ആദരിക്കുന്നില്ല. സംസാരിക്കുന്ന ഭാഷയിൽ കർത്തരിപ്രയോഗമേ കേൾക്കാറുള്ളൂ. പ്രാചീനഗ്രന്ഥങ്ങളിലെ എന്നുമാത്രമല്ല, എഴുത്തച്ഛൻ മുതൽ പേരുടെ കൃതികളിലും സംസ്കൃതസംബന്ധമില്ലാത്തിടത്തു് കർമ്മണിപ്രയോഗം ഇല്ലെന്നുതന്നെ എന്റെ അനുഭവം.

'രഘുവംശം കാളിദാസനാൽ ഉണ്ടാക്കപ്പെട്ടതാണു്' എന്നതിനു പകരം 'രഘുവംശം കാളിദാസനുണ്ടാക്കിയതാണെന്നു പറഞ്ഞാൽ ഒട്ടും പോരായ്കയില്ലെന്നു മാത്രമല്ല, ഈ രീതിയാണു് ഭാഷയ്ക്കു സ്വതഃസിദ്ധമായിട്ടുള്ളതെന്നുകൂടി തോന്നുന്നു. രണ്ടാമതു് സംസ്കൃതാദികളിലെപ്പോലെ ഭാഷയിൽ ഒരു ധാതുവിനു് കർമ്മണി പ്രയോഗിക്കുന്നതിനു് ചില പ്രത്യേകഭേദങ്ങളോ രൂപനിയമങ്ങളോ ഇല്ല. 'പെടുക' യെച്ചേർക്കുക, എന്നുള്ളതു് ഭാഷയിൽ നാമങ്ങളിൽ നിന്നും ക്രിയകളെ ഉണ്ടാക്കുന്നതിനുള്ള ഒരു ഉപായം എന്നേയുള്ളൂ.

അകപ്പെടുക, വെളിപ്പെടുക, ഉൾപ്പെടുക, പണിപ്പെടുക, തീർച്ചപ്പെടുക മുതലായ ധാതുക്കൾ ഇതിലേക്കു ദൃഷ്ടാന്തങ്ങളാകുന്നു. അതിനാൽ 'കിരാതേന മൃഗോ ഹന്യതേ' എന്നതിനു ശരിയായി 'കിരാതനാൽ മൃഗം കൊല്ലപ്പെടുന്നു' എന്ന ഭാഷാപ്രയോഗത്തിൽനിന്നും വാസ്തവത്തിൽ ജനിക്കുന്ന ബോധം ഇപ്രകാരമാകുന്നു. 'കിരാതനാൽ = കിരാതൻ ഹേതുവായിട്ട് മൃഗം (കർത്താവ്) കൊല്ലപ്പെട്ടു (= കൊല്ലലിനേ പെട്ടു = സഹിച്ചു)'. 'അകപ്പെടുക' എന്നതിന് 'അകത്തുപെടുക' എന്നും 'പിടിപെടുക' എന്നതിന് 'പിടിയിൽ പെടുക' എന്നും അർത്ഥം വരുന്നതുപോലെ 'പറയപ്പെടുക' എന്നതിന് 'പറകയിൽ (= പറച്ചിലിൽ) പെടുക' എന്നേ അർത്ഥമുള്ളു. ഈ വിധം ശാസ്ത്രീയമായ നിഷ്കർഷത്തോടുകൂടി ആലോചിച്ചാൽ ഭാഷയ്ക്കു കർമ്മണിപ്രയോഗം അകൃത്രിമമായ വിധത്തിലല്ലെന്ന് എളുപ്പത്തിൽ ബോധപ്പെടുന്നതാകുന്നു. വാസ്തവത്തിൽ അതുകൊണ്ട്, എന്റെ വാക്കാൽ അവർ ഭയപ്പെട്ടു എന്ന അകർമ്മകവാക്യത്തിൽ, 'വാക്കാൽ' എന്ന (ഹേത്വർത്ഥത്തിൽ) പ്രയോജിക വരുന്നപോലെതന്നെ. 'എന്നാൽ ഈ വാക്കു ചൊല്ലപ്പെട്ടു' (= ഞാൻ നിമിത്തം ഈ വാക്കു ചൊല്ലലിൽ പെട്ടു = പതിച്ചു) എന്ന സകർമ്മകവാക്യത്തിലും വരുന്നു എന്നു സ്പഷ്ടമായിരിക്കുന്നു.

— കേരളപാണിനീയം

## ഗ്രഹണം

പണ്ട് രാഹു എന്ന് ഒരു അസുരനുണ്ടായിരുന്നു എന്നും, പാലാഴിമഥനകാലത്തിൽ അവൻ ദേവന്മാരുടെ പംക്തിയിൽ കടന്നിരുന്നു വ്യാജമായി അമൃതു പാനം ചെയ്തപ്പോൾ ഇരുപുറവുമിരുന്ന സൂര്യചന്ദ്രന്മാരുടെ പ്രേരണയാൽ മഹാവിഷ്ണു അവന്റെ ശിരച്ഛേദം ചെയ്തു എന്നും അമൃതമഹിമാവിനാൽ അവന്റെ രണ്ടു ദേഹഖണ്ഡങ്ങളും അജരാമരതയെ പ്രാപിച്ചു എന്നും അവൻ വൈരിനിര്യാതനത്തിനായി സൂര്യചന്ദ്രന്മാരെ അപ്പൊഴപ്പോൾ ആക്രമിക്കുന്നതാണെന്നും പുരാണകഥകളിൽ നാം കേട്ടിട്ടുണ്ട്. ഇതിനെ അവലംബിച്ച് അതിശയോക്തിപ്രിയന്മാരായ കവികൾ രാഹു ചന്ദ്രനെ വിഴുങ്ങുന്നു എന്നും, ഛിന്നമായ കണ്ഠനാളത്തിന്റെ ദ്വാരത്തിൽക്കൂടി ചന്ദ്രൻ നിർഗ്ഗമിച്ചുകളയുന്നു എന്നും മറ്റും ചമൽക്കാരമായി വർണ്ണിക്കുന്നു. ചില പാമരന്മാർ ഈ കല്പനകളെ യഥാർത്ഥമെന്നു വിശ്വസിച്ചുവരുന്നുണ്ട്. ഗ്രാമങ്ങളിൽ എന്നുവേണ്ട പട്ടണങ്ങളിൽപ്പോലും ഗ്രഹണസമയങ്ങളിൽ മടലടിശബ്ദം നാം കേൾക്കാറുണ്ടല്ലോ. ഇങ്ങനെ ചെയ്യുന്നത് സൂര്യഭഗവാനേയോ ചന്ദ്രഭഗവാനേയോ രാഹുമഹാസുരന്റെ പിടിയിൽ നിന്നും വിടുവിക്കുന്നതിനാണത്രേ.

എന്നാൽ ഇതെല്ലാം കേവലം അന്ധവിശ്വാസത്തിന്റെ വിലാസമാകുന്നു എന്നുള്ളത് ഹിന്ദുക്കളുടെ ഗോളശാസ്ത്രത്തിൽ സ്വല്പമെങ്കിലും പ്രവേശം ലഭിച്ചിട്ടുള്ളവർക്കു ലേശം സംശയമില്ലാത്ത ഒരു സംഗതിയാകുന്നു. ഗ്രഹണത്തിനു രാഹുകേതുക്കളുടെ സംബന്ധം അത്യാവശ്യകം തന്നെ. എന്നാൽ ഇവരെ അസുരന്മാരാക്കിയിട്ട് ജൌതിഷിക്ക് ഒരു കാര്യവുമില്ല. തമോഗ്രഹങ്ങളെന്നാണ് ഇവയ്ക്കു ജ്യോതിശ്ശാസ്ത്രത്തിലെ വ്യപദേശം. സൂര്യാദികളായ മറ്റു ഗ്രഹങ്ങൾക്കെന്നപോലെ ഇവർക്കു വാസ്തവമായ ഒരു ബിംബമില്ല. സൂര്യചന്ദ്രന്മാർ സഞ്ചരിക്കുന്ന വൃത്തങ്ങൾ തങ്ങളിൽ യോജിക്കുന്ന സമ്പാതസ്ഥലങ്ങൾക്കാണ് ഈ പേരുകൾ. സമ്പാതരൂപങ്ങളാകയാൽ രാഹുകേതുക്കളെ പാതഗ്രഹങ്ങളെന്നും പറയാറുണ്ട്.

കക്ഷ്യാവൃത്തങ്ങൾ ആകാശഗോളത്തിന്റെ പൃഷ്ഠഭാഗത്തിൽ അന്യോന്യം അഞ്ചുഭാഗങ്ങൾ പരമാന്ത്രം വരുന്നമട്ടിൽ പിണഞ്ഞുകിടക്കുന്നതുകൊണ്ടു് അവയുടെ സമ്പാതങ്ങൾ നേരേ അഭിമുഖമായിട്ടേ വരാൻപാടുള്ളൂ. അതിനാലാണ് രാഹു നിൽക്കുന്നതിന്റെ ഏഴാമെടം കേതുവായിരിക്കണമെന്നു നിയമമുള്ളതു്.

സൂര്യചന്ദ്രന്മാർ ഈ രാഹുകേതുക്കളിൽ ഒന്നിനോടു് അടുത്തുനിന്നാലേ ഗ്രഹണം വരൂ എന്നു് എളുപ്പത്തിൽ ബോധപ്പെടും. സൂര്യനെ മറയ്ക്കുന്നതു ചന്ദ്രനും ചന്ദ്രനെ മറയ്ക്കുന്നതു ഭൂച്ഛായയും ആകുന്നു. രണ്ടു ഗ്രഹങ്ങളും അവരവരുടെ മാർഗ്ഗത്തിൽക്കൂടി ആകാശത്തിൽ സഞ്ചരിക്കുമ്പോൾ ഒന്നുകൊണ്ടു മറ്റേതു മറയണമെങ്കിൽ അവ രണ്ടും ഭൂമിയിൽനിന്നും ഒരേ രേഖയിൽ ആയിരിക്കേണ്ടാത്തു് ആവശ്യമാണല്ലോ. അതിലേക്കു കിഴക്കുപടി ഞ്ഞാറും തെക്കുവടക്കുമുള്ള അന്തരങ്ങൾ ഇല്ലാതെ വരണം. ഇതിൽ കറുത്തവാവുതോറും പൂർവ്വാപരാന്തം നശിക്കാറുമുണ്ടു്. അമാവാസ്യാവസാനത്തിൽ സൂര്യൻ പത്തുനാഴികയുദി ച്ചു പുലർന്നു നിൽക്കുകയാണെങ്കിൽ ചന്ദ്രനും അത്രതന്നെ ഉയർന്നു നിൽക്കും. എന്നാൽ കക്ഷ്യകൾക്കു തമ്മിൽ അഞ്ചു ഭാഗങ്ങളോളം (പ്രാവണ്യം) ചരിവുള്ളതിനാൽ ഗ്രഹങ്ങൾക്ക് ആ തുകയിൽ കവിയാത്തതായ ഒരു ദക്ഷിണോത്തരാന്തരം ഇരിക്കതന്നെ ചെയ്യും. വൃത്ത സമ്പാതങ്ങളിൽ രണ്ടിലൊന്നിൽ ഗ്രഹണം നിന്നാൽ മാത്രമേ ഈ അന്തരം നിശ്ശേഷം നശിക്കയുള്ളൂ. അതിനാൽ രാഹുകേതുക്കളോടടുത്തു് സൂര്യൻ നിൽക്കുമ്പോൾ വരുന്ന കറുത്തവാവുനാൾ സൂര്യഗ്രഹണമുണ്ടാകാനിടയുണ്ടെന്നു സ്പഷ്ടമാകുന്നു.

ഇങ്ങനെ സൂര്യചന്ദ്രന്മാർ ഭൂമിയിൽനിന്നു മുകളിലേക്ക് ഒരേ രേഖയിലായി നിൽക്കുമ്പോൾ താഴെ നിൽക്കുന്ന ചന്ദ്രന്റെ നിഷ്പ്രകാശമായ ബിംബത്താൽ ഉപരിസ്ഥിതമായ സൂര്യ ബിംബം മറച്ചുപോകുന്നു. ചന്ദ്രബിംബം സൂര്യന്റേതിനെക്കാൾ തുലോം ചെറുതും താഴ്ന്നതു മാകയാൽ ചന്ദ്രകൃതമായ സൂര്യാച്ഛാദനം ദേശഭേദം കൊണ്ടു ഭൂസ്ഥന്മാരിൽ ചിലർക്കു ദൃശ്യവും ചിലർക്ക് അദൃശ്യവുമായിത്തീരുന്നു. മേഘാവരണത്താൽ ഒരു സ്ഥലത്തു സൂര്യൻ അദൃശ്യനായിരിക്കുമ്പോൾത്തന്നെ മറ്റൊരു സ്ഥലത്തു ദൃശ്യനായിരിക്കുന്നതുപോലെയാണ് ഒരു ദിക്കിൽ ചന്ദ്രനാൽ തിരോഹിതനായ സൂര്യൻ മറ്റൊരു ദിക്കിൽ ഗ്രഹണം കൂടാതെ പൂർണ്ണമണ്ഡലനായി പ്രകാശിക്കുന്നതു്.

വെളുത്തവാവുന്നാൾ സൂര്യൻ അസ്തമിക്കുമ്പോൾ ചന്ദ്രൻ ഉദിക്കുന്നതിനാൽ അന്നു് ആ രണ്ടു ഗ്രഹങ്ങളും നേർക്കുനേർ എതിരായി നിൽക്കുന്നു എന്നും ഭൂമിയുടെ സ്ഥിതി അവ രുടെ മദ്ധ്യേ ആണെന്നും സ്പഷ്ടമാണല്ലോ. അതുകൊണ്ടു സൂര്യകൃതമായ ഭൂച്ഛായ ചന്ദ്രൻ രാഹുകേതുക്കളോടു് അടുത്തിരിക്കുന്ന പക്ഷം പൌർണ്ണമാസിയുടെ അവസാനത്തിൽ ഉഭയവിധമായ അന്തരത്തിന്റെ നാശത്താൽ ആ ചന്ദ്രന്റെ ബിംബത്തിൽ പതിക്കുന്നു.

ഗ്രഹണങ്ങളുടെ ഉത്ഭവം ഈവിധമാണെന്നുള്ളതിലേക്കു നമുക്കു പല ലക്ഷ്യങ്ങളുമുണ്ടു്. സൂര്യഗ്രഹണത്തിൽ ചന്ദ്രബിംബത്താൽ മറയ്ക്കപ്പെട്ട സൂര്യബിംബം തീരെ നിഷ്പ്രഭമായി രിക്കുന്നതുപോലെതന്നെ ചന്ദ്രഗ്രഹണത്തിൽ ഭൂച്ഛായയാൽ മറയ്ക്കപ്പെടുന്ന ചന്ദ്രബിംബം നിഷ്പ്രകാശമായിട്ടു് ഒരു ചെമ്പുതകിടു പതിച്ചതുപോലെ ആകാശത്തിൽ കാണപ്പെടുന്നുണ്ടു്. ഛാദകനായ ചന്ദ്രന്റെ അതിദൂരമുള്ള അധഃസ്ഥിതിയാലും ബിംബകാർശ്യത്താലും സൂര്യഗ്ര

ഹണം അപൂർവ്വമേ ഒരു ദേശത്തിൽ സംഭവിക്കുന്നുള്ളൂ. രാഹുകേതുയോഗവും പൂർവ്വാന്തവും ഗ്രഹണങ്ങൾക്ക് അപരിഹാര്യമായിരിക്കുന്നു.

— മലയാളം നാലാംപാഠം

### വാമനപണ്ഡിതന്റെ കാലം

ഏഴാം നൂറ്റാണ്ടിന്റെ ഒടുവിൽ കന്യാകുബ്ജരാജ്യം വാണിരുന്ന യശോവർമ്മരാജാവിന്റെ സദസ്യൻ എന്നു വിശ്വസിക്കപ്പെട്ടുവരുന്ന ഭവഭൂതിയുടെ ഉത്തരരാമചരിതം മുതലായ കൃതികളിൽനിന്നും ചില ശ്ലോകങ്ങളെ വാമനപണ്ഡിതൻ സ്വകൃതമായ കാവ്യാലങ്കാര സൂത്രത്തിൽ ഉദാഹരിച്ചതായി കാണുന്നുണ്ട്. ഒൻപതാംനൂറ്റാണ്ടിന്റെ അവസാനം കാശ്മീ രരാജ്യം പരിപാലിച്ചിരുന്ന അവന്തിവർമ്മരാജാവിന്റെ സമകാലീനനെന്ന് രാജതരംഗി ണിമൂലം വിചാരിക്കപ്പെട്ടുവരുന്ന ആനന്ദവർദ്ധനാചാര്യരുടെ ധ്വന്യാലോകം എന്ന ഗ്രന്ഥ ത്തിന്റെ വ്യാഖ്യാനത്തിൽ തൽക്കർത്താവായ അഭിനവഗുപ്താചാര്യൻ ഇപ്രകാരം പറഞ്ഞി രിക്കുന്നു: “വാമനാഭിപ്രേയ്രണായമാക്ഷേപഃ ഭാമഹാഭിപ്രായേണ തു സമാസോക്തി ഇത്യ മുമാശയം...”എന്ന വാചകത്തിലെ ആദ്യഭാഗംകൊണ്ട് ആനന്ദവർദ്ധനാചാര്യരേക്കാൾ മുമ്പാണ് വാമനപണ്ഡിതൻ ജീവിച്ചിരുന്നതെന്നു സൂചിക്കുന്നുണ്ട്. അതുകൊണ്ട് ഏഴാംനൂ റ്റാണ്ടിന്റെ ശേഷമായിട്ടും ഒൻപതാംനൂറ്റാണ്ടിന്റെ മുമ്പായിട്ടും എന്നുവെച്ചാൽ ഏകദേശം എട്ടാം നൂറ്റാണ്ടിൽ അദ്ദേഹം ജീവിച്ചിരുന്നതായി വിചാരിക്കണം.

> “മനോരഥഃ ശംഖദത്തഃ
> വാമനാദ്യശ്ച മന്ത്രിണഃ”

എന്നു രാജതരംഗിണിയിൽ പറഞ്ഞ പദ്യംകൊണ്ട് എട്ടാം നൂറ്റാണ്ടിൽ കാശ്മീരരാജാവാ യിരുന്ന ജയാപീഡന്റെ മന്ത്രിയായിട്ട് വാമനൻ എന്നൊരാളുണ്ടായിരുന്നു എന്നു തെളി യുന്നുണ്ട്. കാലസ്ഥിതി നോക്കുമ്പോൾ നമ്മുടെ വാമനപണ്ഡിതൻതന്നെ ആയിരിക്കാം അദ്ദേഹം എന്ന് ഊഹിക്കുന്നതിൽ വളരെ അബദ്ധമുണ്ടെന്നു തോന്നുന്നില്ല.

— കവികലാപം

## അഭ്യാസം

1. ഉപപാദിക്ക:
   (i) നായർസമുദായത്തിനു കെട്ടുകല്യാണമാവശ്യമില്ല.
   (ii) മക്കത്തായികൾക്കു വിധവാവിവാഹമാവശ്യമാകുന്നു.
   (iii) ബാലന്മാരെപ്പോലെ ബാലികമാരും വിദ്യാഭാസം ചെയ്യണം.
   (iv) ഇന്ത്യയുടെ അധോഗതിക്കു കാരണം ജാതിവിഭാഗമാകുന്നു.
2. വിചാരണ ചെയ്തു സ്വമതം സ്ഥാപിക്ക:

(i) കൈത്തൊഴിലോ കലാവിദ്യയോ നല്ലതു്?

(ii) സർക്കാരുദ്യോഗമോ കച്ചവടമോ സ്വീകാര്യതരം?

(iii) ഗദ്യം കൊണ്ടോ പദ്യം കൊണ്ടോ അധികം ഉപയോഗം?

(iv) സംസ്കൃതവിദ്യാഭ്യാസമോ ഇംഗ്ലീഷ് വിദ്യാഭ്യാസമോ വേണ്ടതു്?

3. യുക്തികൊണ്ടു സമർത്ഥിക്ക:

(i) പൂർവ്വകാലത്തെക്കാൾ ജ്ഞാനാഭിവൃദ്ധി ഇക്കാലത്താകുന്നു.

(ii) ബാല്യവിവാഹം സമുദായത്തിനു് ദോഷകരമാകുന്നു.

(iii) സ്ത്രീകൾക്കു രാജ്യകാര്യങ്ങളിൽ പ്രവേശം ആവശ്യകമല്ല.

(iv) വിരുന്നുണ്ടിടത്തു് ഇരന്നുണ്ണരുതു്.

4. സാധകബാധകങ്ങൾ കാണിച്ചു തീർച്ച ചെയ്ക:

(i) ഭാഷാശ്ലോകത്തിനു് ദ്വിതീയാക്ഷരപ്രാസം അപരിഹാര്യമാണോ?

(ii) മരുമക്കത്തായവിവാഹം രജിസ്റ്റർ ചെയ്യണമോ?

(iii) നാട്ടുകാർ യൂറോപ്യരുടെ വേഷം അനുകരിക്കണമോ?

(iv) നാട്ടുരാജ്യങ്ങളിലെ സർക്കാരെഴുത്തുകൾ നാട്ടുഭാഷകളിൽത്തന്നെ വേണമോ?

# 6

## ശബ്ദശുദ്ധി

### കൃതിപ്രണയനം

ഏതെല്ലാം വിധത്തിൽ കൃതികളുണ്ടാകാം എന്നാണിതുവരെ നിരൂപണം ചെയ്തതു്; ഇനി വിധമേതായാലും കൃതികളുണ്ടാക്കേണ്ടതെങ്ങനെ എന്നു വിചാരണ ചെയ്യാം. 1. പദങ്ങൾ ചേർന്നു വാക്യവും, 2. വാക്യങ്ങൾ ചേർന്നു വകുപ്പ്[1] അല്ലെങ്കിൽ ഖണ്ഡികയും, 3. വകുപ്പുകചേർന്നു് അദ്ധ്യായ (സർഗ്ഗ – അങ്ക)വും, 4. അദ്ധ്യായങ്ങൾ ചേർന്നു കാണ്ഡവും (ഭാഗം), 5. കാണ്ഡങ്ങൾ ചേർന്നു ഗ്രന്ഥവും ഉണ്ടാകുന്നു. ഇതുകളിൽ ഒറ്റപ്പദം ഒരു സംഗതിയേയും ബോധിപ്പിക്കാൻ മതിയാകാത്തതിനാൽ ഒരു കൃതിയാവുകയില്ല; ശേഷമെല്ലാം കൃതികളാകാം. ഒരു കുറിമാനത്തിനു് ഒറ്റ വാക്യം മതിയാകും. ഒറ്റ വകുപ്പിൽ ഒരു വർത്തമാനക്കത്തെഴുതാം. ഏതാനും ഖണ്ഡികകൾ മാത്രം ചേർന്നാലും ഒരു പ്രസംഗമാകും. കാവ്യനാടകാഖ്യായികാദികൾക്കു് അദ്ധ്യായ (സർഗ്ഗ – അങ്ക) വിഭാഗം കൂടി വേണം. രാമായണാദി മഹാഗ്രന്ഥങ്ങളിൽ അതിനുപരിയുള്ള കാണ്ഡ (പർവം – ഭാഗം) വിഭാഗവുമുണ്ടു്; ഇങ്ങനെ വാക്യം മുതൽ കാണ്ഡംവരെയുള്ള ഓരോ വിഭാഗംകൊണ്ടും കൃതികൾ ചമയ്ക്കാം; ചെറുതരം കൃതികളിൽ വിഭാഗങ്ങൾ കുറയും; വലിയതരം കൃതികളിൽ ഏറുമെന്നേയുള്ളൂ. എന്നാൽ സാധാരണ വ്യവഹാരങ്ങളിൽ ഒറ്റവാക്യമായ കുറിമാനവും ഒറ്റ ഖണ്ഡികയിലുള്ള കത്തുകൾ മുതലായതും കൃതികളുടെ കൂട്ടത്തിൽ ഗണിക്കപ്പെട്ടിട്ടില്ല. കൃതി എന്ന പദം അതിന്റെ വ്യാപകമായ അർത്ഥത്തിൽ എല്ലാത്തിനും ഉപയോഗിക്കാം എന്നേയുള്ളൂ.

[1] വകുപ്പ് എന്ന പദത്തിനു് ശട്ടപുസ്തകങ്ങളിൽ സാങ്കേതികമായ അർത്ഥത്തോടുകൂടി പ്രയോഗം നടപ്പായിപ്പോയതിനാലാണു് 'ഖണ്ഡിക' എന്നു പുതിയ പേർ ഏർപ്പെടുത്തേണ്ടിവന്നതു്. പദം, വാക്യം, അദ്ധ്യായം, ഗ്രന്ഥം എന്നും മറ്റുമുള്ള വിഭാഗമെല്ലാം സംസ്കൃതമായിരിക്കേ മദ്ധ്യേ ഇതൊന്നുമാത്രം ശുദ്ധദ്രാവിഡമാക്കേണ്ട എന്നും ഒരു സംഗതിയുണ്ടു്. ഇംഗ്ലീഷിലെ 'Section' എന്നതിനു ഭാഷയിൽ വകുപ്പ് എന്നും 'Paragraph' എന്നതിനു് 'ഖണ്ഡിക' എന്നും വേറെ വേറെ പേരുകൾ ഉപയോഗിക്കാമെന്നു് ഒരു സൌകര്യവും കിട്ടും. കീഴ്‌വകുപ്പ് എന്നതിനു് ഉപഖണ്ഡിക എന്നും പേർ പറയാം.

പദങ്ങൾ ചേർത്തു വാക്യം ഉണ്ടാക്കുന്ന ക്രമങ്ങൾ വ്യാകരണത്തിന്റെ വിഷയമാകുന്നു. സാഹിത്യശാസ്ത്രകാരന് അതിൽ പ്രവേശിക്കാൻ അവകാശമില്ല. എങ്കിലും രണ്ടു ശാസ്ത്രങ്ങളുടേയും ഉദ്ദേശ്യം വേറെ ആകയാൽ പദങ്ങളെപ്പറ്റി ചില സംഗതികൾ പ്രകൃതഗ്രന്ഥത്തിലും പ്രസ്താവിക്കേണ്ടതുണ്ട്. മേൽക്കാണിച്ച യുക്തിപ്രകാരം ഖണ്ഡികമുതലുള്ള കൃതികളെല്ലാം ഇവിടെ പ്രസ്താവയോഗ്യങ്ങളാകുന്നു. എന്നാൽ ജാതിവിഭാഗത്തിൽ ചെയ്തതുപോലെ വർത്തമാനക്കത്ത്, പ്രസംഗം മുതലായ വിഭാഗങ്ങളെ പ്രത്യേകമെടുത്തു വിവരിക്കേണ്ടിയ ആവശ്യമില്ല. ഇവയ്ക്കുള്ള ഭേദം വലുപ്പഭേദം മാത്രമാണെന്നു പറഞ്ഞിട്ടുണ്ടല്ലോ. പ്രസംഗം എഴുതുന്നതിനുള്ള വിധികൾ തന്നെയാണ് ഗ്രന്ഥമെഴുതാനും. അതിനാൽ ഏതെങ്കിലും ഒരുവിധം കൃതി ചമയ്ക്കാനുള്ള മാർഗ്ഗം ഉപദേശിച്ചാൽ ശേഷം ഉള്ളതിനും മാർഗ്ഗം ഉപദിഷ്ടമായി. ഇനി അങ്ങനെയൊരു നിദർശനമായിരിക്കത്തക്ക കൃതിവിഭാഗം ഏതെന്നാണു നോക്കേണ്ടത്. അതിലേക്കു പ്രസംഗം എന്നത് ഉചിതമായിരിക്കും. അതിന്റെ നില മുൻകാണിച്ച വിഭാഗപരമ്പരയിൽ മദ്ധ്യസ്ഥാനത്തിലാണല്ലൊ. ഒരു വർത്തമാനക്കത്താണ് ചമയ്ക്കേണ്ടതെങ്കിൽ പ്രസംഗത്തിന്റെ തോതു ചുരുക്കിക്കൊള്ളുക. ഒരു ഗ്രന്ഥമാണെങ്കിൽ കൂട്ടിക്കൊള്ളുക. അതിനാൽ പ്രസംഗം എഴുതാനുള്ള മാർഗ്ഗങ്ങളെയാണിവിടെ പ്രധാനമായി വിവരിക്കുന്നത്.

വിവരണത്തിൽ ചൊന്ന പദ്ധതിതന്നെ പൊതുവെ എല്ലാവക കൃതികൾ ചമയ്ക്കുന്നതിനും മതിയാകും. വിഷയവിശകലനം ചെയ്ത്, ആസൂത്രണം തയ്യാറാക്കി, സൂത്രവാക്യങ്ങളേർപ്പെടുത്തി, അവയിൽ ഓരോന്നും യഥായോഗ്യം വിസ്തരിക്കുക. ഇനി പ്രസ്താവിക്കാനുള്ളത് പദം, വാക്യം, ഖണ്ഡികയെന്നു കൃതി കെട്ടിച്ചമയ്ക്കാനുള്ള മൂന്നു സാധനങ്ങളിൽ ഓരോന്നിനേയും സംബന്ധിച്ച ചില നിബന്ധനകളാകുന്നു.

## പദം — ശബ്ദശുദ്ധി

### മിതവും പരിവാഹിയും:

"മിതം ച സാരം ച വചോ ഹി വാഗ്മിതാ" എന്ന് ഒരു മഹാകവി പറഞ്ഞിരിക്കുന്നു. കാര്യമായി കുറച്ചു പറകയാണ് വാഗ്മിയുടെ ലക്ഷണം. അല്പയത്നംകൊണ്ടു സാധിക്കാവുന്നതിൽ മഹാപ്രയത്നം എന്തിന്? ആവശ്യത്തിലധികം പദം പ്രയോഗിക്കുന്നത് വക്താവിന് ഘനക്ഷയവും ശ്രോതാവിന് (വാചായിതാവിന്) ഒരവജ്ഞയുമാകുന്നു. അതിനാൽ വാക്യങ്ങളിൽ ആവശ്യപ്പെട്ടതിലധികം പദങ്ങളുപയോഗിക്കരുത്. നിഷ്പ്രയോജനമായി പദസംഖ്യ വർദ്ധിപ്പിക്കാത്ത വാക്യം മിതം; ഇതിനു വിപരീതം പരിവാഹി — മിതത്വം പ്രായേണ വാക്യത്തിന് ഗുണവും, പരിവാഹിത്വം അല്ലെങ്കിൽ പരിവാഹം ദോഷവുമാകുന്നു.

() പൗനരുക്ത്യം, () വക്രത എന്നു പരിവാഹം രണ്ടുവിധത്തിലുണ്ട്. ചർവിതചർവണംപോലെ പറഞ്ഞതുതന്നെ പറക പൌനരുക്ത്യം; അതിൽ പര്യായപദങ്ങളെ ആവർത്തിക്കുന്നതു ശബ്ദപൌനരുക്ത്യം.

പ്രസിദ്ധനും കീർത്തിപ്പെട്ടവനുമായ സ്വാമിസമക്ഷം മുമ്പാകെ വിനയത്തോടും വണക്കത്തോടും കൂടി ബോധിപ്പിക്കുന്ന അപേക്ഷ ഹർജി.

ഇതിൽ മിക്ക പദങ്ങളും പുനരുക്തങ്ങളാകുന്നു. പ്രസിദ്ധൻ, കീർത്തികേട്ടവൻ എന്ന നാമവിശേഷണങ്ങൾ രണ്ടിനും അർത്ഥം ഒന്നുതന്നെ. അതുപോലെ വിനയത്തോടും, വണക്കത്തോടും; (2) സമക്ഷം, മുമ്പാകെ എന്ന രണ്ടുതരം ക്രിയാവിശേഷണങ്ങൾക്കും; അപേക്ഷ, ഹർജി എന്ന നാമങ്ങൾക്കും.

വേറെ ഉദാഹരണങ്ങൾ: (1) പഞ്ചപാണ്ഡവന്മാരഞ്ചുപേരും, (2) സപ്തർഷികൾ ഏഴുപേരും, (3) തിരിച്ചുമടങ്ങി, (4) പുനശ്ച വീണ്ടും അപേക്ഷിക്കുന്നു. (5) നാസികാചൂർണ്ണപ്പൊടി, (6) കറുത്ത കാർമേഘം.

() പറയാതെതന്നെ സിദ്ധിക്കുന്ന അർത്ഥത്തെ എടുത്തു പറയുന്നതു് അർത്ഥപൌനരുക്ത്യം; അവൻ മനസ്സുകൊണ്ടു വിചാരിച്ചു് ഒരു വാക്കു പറഞ്ഞു. മനസ്സുകൊണ്ടല്ലാതെ വിചാരിപ്പാനും വാക്കുകൊണ്ടല്ലാതെ പറയാനും കഴിയാത്തതിനാൽ ഈ പദം രണ്ടും പുനരുക്തം.

1. കണ്ണുകൊണ്ടു കണ്ടു. 2. വെള്ളം ദാഹിക്കുന്നു. 3. വയറു വിശക്കുന്നു.

ഇത്യാദികളെല്ലാം അർത്ഥപുനരുക്തത്തിനുദാഹരണം. ‘വാചം ബഭാഷേ’, ‘വാണീമഭാണീൽ’, ‘വാചമുവാച’ ഇത്യാദി പുനരുക്തപ്രയോഗങ്ങൾ ആട്ടക്കഥകളിൽ മിക്ക ശ്ലോകങ്ങളിലും കാണും. പറയിപ്പിക്ക, കാണിപ്പിക്ക, നേത്രദ്വയങ്ങൾ ഇത്യാദി അതാതുരൂപപ്രകാരമുള്ള അർത്ഥത്തിന്റെ വിവക്ഷകൂടാതെ പറയിക്ക, കാണിക്ക, നേത്രദ്വയം ഇത്യാദ്യർത്ഥത്തിൽ പ്രയോഗിക്കുന്നതു രൂപപൌനരുക്ത്യം എന്നു മൂന്നാമതു് ഒരുവിധം പൌനരുക്ത്യംകൂടി പരിഗണിക്കാം; എന്നാൽ ഇതു വ്യാകരണപ്രകാരം തെറ്റാകയാൽ ‘ച്യുതസംസ്കാരം’* മറ്റൊരു ദോഷത്തിൽ അകപ്പെടും.

(ബി) വക്രത: ശിരോവേഷ്ടനപ്രാണായാമം പോലെ വളച്ചുകെട്ടിപ്പറയുന്നതു വക്രത.

ഉദാഹരണം:

വക്രം

1. സൌന്ദര്യമുള്ളവൻ.
2. ഞാൻ പറഞ്ഞതായ കാര്യം
3. ചെയ്യാവുന്നതാകുന്നു.
4. ആഹാരം ഒരാണ്ടു 365 ദിവസവും ആവശ്യമുള്ളതാകുന്നു.
5. “യോഗിമാർ സതതം പൊത്തും
   തുഞ്ചത്തെത്തള്ളയാരഹോ
   നാഴിയിൽ പാതിയാടീല
   പലാകാശേന വാ ന വാ.”

അവക്രം

1. സുന്ദരൻ.
2. ഞാൻ പറഞ്ഞ കാര്യം.
3. ചെയ്യാം.
4. ആഹാരം നിത്യം ആവശ്യമുള്ളതാകുന്നു.
5. മൂക്കത്തെ അമ്മമാർ ഉരിയാടീല്ല,
6. ബഹുമാനം കൊണ്ടോ അല്ലയോ.

മിതത്വം ഗുണം, പരിവാഹം ദോഷം എന്നു പറഞ്ഞതു് സാർവ്വത്രികമായ ഒരു നിയമമല്ല; ചില സ്ഥലങ്ങളിൽ നേരേ മറിച്ച തന്നെയും വരാം. 'അതി സർവ്വത്ര വർജ്ജയേൽ' എന്ന ഉപദേശപ്രകാരം മിതത്വം അധികപ്പെട്ടാൽ അതു വലിയ ദോഷമാകും. പാണിനീസൂത്രം, കുറൽ, ബേക്കൺന്റെ പ്രസംഗങ്ങൾ ഇത്യാദികളിൽ അക്ഷരച്ചുരുക്കം ദോഷത്തിന്റെ നിലയിൽ ആയിപ്പോയിട്ടുണ്ട്. പദങ്ങളെ ചുരുക്കുന്നതിൽ ഏറെ ദൃഷ്ടിവെച്ചാൽ സ്ഫുടതയ്ക്കു കുറവുവരും എന്നൊരു ദോഷമുണ്ട്; അതിനാൽ അർത്ഥവ്യക്തിക്കു ഹാനിവരാതിരിക്കുന്നിടത്തോളമേ മിതത്വം ഗുണമാകയുള്ളു.

*ച്യുതസംസ്കാരം എന്ന ദോഷം ഭാഷാഭൂഷണത്തിൽ എടുത്തിട്ടുണ്ട്. ഇവിടെ എടുത്തിട്ടുള്ള ദോഷങ്ങളെല്ലാം ആ ഗ്രന്ഥത്തിൽ പറഞ്ഞിട്ടുള്ളവയിൽ ഉൾപ്പെടുന്നതുതന്നെ. ഭാഷാഭൂഷണത്തിൽ പരിഗണിച്ചിട്ടുള്ള ദോഷങ്ങളിൽ ഗദ്യത്തെ അധികമായി ബാധിക്കുന്നവ മാത്രം ഇവിടെ എടുക്കുകയാണു ചെയ്തിട്ടുള്ളത്.

### പരിവാഹം ദോഷമാകാത്ത സ്ഥലങ്ങൾ:

1. (എ) ഒട്ടുമേ അർത്ഥഭേദമില്ലാതെ രണ്ടു പര്യായപദം കാണുന്നതു് അപൂർവ്വമാകുന്നു. മുൻ കാണിച്ച ഉദാഹരണത്തിൽത്തന്നെ 'വിനയത്തോടും വണക്കത്തോടും' എന്ന പുനരുക്തം വലിയ ദോഷമാകുന്നതല്ല. വിനയത്തിൽ ഉൾപ്പെടാത്ത ചില അംശങ്ങൾ വണക്കത്തിൽ ഉണ്ടെന്നുവരാം. ഇതുപോലെ ഒരുവനെപ്പറ്റി 'ഇവൻ അടക്കവും ഒതുക്കവും ഉള്ള ആളാണ്' എന്നു പറയാറുണ്ട്. പ്രേമം, പ്രണയം, രാഗം എന്നു മൂന്നും സാധാരണയിൽ പര്യായങ്ങളായി ഗണിക്കപ്പെടാറുണ്ടെങ്കിലും 'പ്രേമം പരം പ്രണയമീട്ടറ്റ രാഗം . . .' (മാലതീമാധവം) ഇത്യാദി പ്രയോഗങ്ങളിൽ ഓരോന്നിനും അർത്ഥത്തിൽ ഈഷദീഷദ്വ്യത്യാസമുണ്ട്.

   (ബി) 'ഞാൻ എന്റെ കണ്ണുകൊണ്ടു കണ്ടതാണ്' എന്നും മറ്റും പ്രയോഗിക്കുന്നതു് ഒരു സംഗതിയെ ബലപ്പെടുത്താൻ വേണ്ടിയാകയാൽ ദോഷമല്ലെന്നു മാത്രമല്ല, മറിച്ച് ഗുണവുമുണ്ടായിരിക്കും. 'മധുരമായ വാക്കു പറഞ്ഞു' എന്നോ മറ്റോ വിശേഷണം ചേർക്കാനായി ഉപയോഗിക്കുന്നിടത്തും അർത്ഥപൌനരുക്തമില്ല; കഠിനമായ വിഷയത്തെ വിശദീകരിപ്പാൻ വേണ്ടി ചെയ്യുന്ന വിവരണങ്ങളിലും ഭംഗി മാറ്റിപ്പറയുന്നിടത്തും പൌനരുക്ത്യം ഗണിക്കേണ്ടതില്ല.

2. ഉപചാരം, ഔദ്ധത്യപരിഹാരം, ആത്മരക്ഷയ്ക്കുള്ള കരുതൽ, അലങ്കാരം മുതലായതിനുവേണ്ടി ചെയ്യുന്ന വളച്ചുകെട്ട് അലങ്കാരമായിരിക്കും. "ഏതൊരു രാജർഷിവംശമാണ് ഭവാനാൽ അലങ്കരിക്കപ്പെടുന്നതു്? ഏതു ദേശമാണ് ഭവാന്റെ അസന്നിധാനത്തിൽ ഉൽക്കണ്ഠിതജനകമാക്കിച്ചെയ്യപ്പെട്ടിരിക്കുന്നതു്? എന്തു സംഗതിവശാലാണ് സുകുമാരനായിരിക്കുന്ന ഭവാൻ ആത്മാവിനെ തപോവനസഞ്ചാരപരിശ്രമത്തിനു പാത്രമാക്കിച്ചെയ്യുന്നതു്?"

ശാകുന്തളത്തിൽ അനസൂയ രാജാവിനോടു ചോദിക്കുന്നതാണിതു്. "അങ്ങേടെ കുലമേതു്? എവിടെനിന്നു വരുന്നു?എന്തിനായിട്ട് ഇവിടങ്ങളിൽ സഞ്ചരിക്കുന്നു? " എന്നു നേരെ ചോദിക്കാതെ ഇത്രയും വളച്ചുകെട്ടിയതു് രാജാവിന്റെ പേരിലുള്ള ഗൌരവാതിശയത്തെ പ്രകാശിപ്പിക്കാനായാൽ ഇതു് ഉപചാരം പ്രമാണിച്ചുള്ള വക്രതയ്ക്കുദാഹരണം. ഖണ്ഡനങ്ങളിൽ 'ഈ സംഗതി തെറ്റാകുന്നു' എന്നു പറയേണ്ടിടത്തു് 'ഈ സംഗതിയിൽ കുറെ ആലോചിക്കേണ്ടതുണ്ട്' എന്നും മറ്റും സ്വരം താഴ്ത്തിപ്പറയുന്നതു് ഔദ്ധത്യപരിഹാരത്തിനുവേണ്ടിയുള്ള വക്രതയാകുന്നു. പ്രാചീനചരിത്രങ്ങളെ ലക്ഷ്യങ്ങൾകൊണ്ട് ഊഹിക്കുക, ഭാവികാര്യങ്ങളെ ഉല്ലേഖിക്കുക മുതലായതിൽ യുക്തികൾക്ക് എത്രതന്നെ പ്രാബല്യമിരുന്നാലും സ്വാഭിപ്രായങ്ങളെ ഖണ്ഡിതമായി പറയാതെ ചാഞ്ഞും ചരിഞ്ഞും നിൽക്കേണ്ടതായി വരും; ഇവിടെയും വക്രത ദോഷമാകുന്നതല്ല. ചമൽക്കാരത്തിനുവേണ്ടി ചെയ്യുന്ന വളച്ചുകെട്ട് പര്യായോക്തം എന്ന അലങ്കാരമാകുന്നു.

### പ്രചാരലുപ്തം:

വളർന്നുവരുന്ന ഒരു വൃക്ഷത്തിൽ വെള്ളില കൊഴിഞ്ഞു തളിരുകൾ വരും പോലെ ജീവൽഭാഷകളിൽ ചില പദങ്ങൾ ആരുമുപയോഗിക്കാതെ ക്ഷയിക്കയും അതുകളുടെ സ്ഥാനത്തിൽ പുതിയ പദങ്ങളേർപ്പെടുകയും ഉണ്ടാകാറുണ്ട്. എന്നാൽ വൃക്ഷത്തിലെ വെള്ളിലകൾ കൊഴിഞ്ഞുകഴിഞ്ഞാൽ അവയെ സൂക്ഷിക്കുന്നതിന് ആരും ശ്രദ്ധിക്കായ്കയാൽ അവ നശിച്ചുപോകുന്നു. ഭാഷയിലെ പദങ്ങളാകട്ടെ, അതാതു കാലത്തുണ്ടായിരുന്ന ഗ്രന്ഥകാരന്മാരുടെ കൃതികളിലും നിഘണ്ടുക്കളിലും രക്ഷപ്പെട്ടു കിടക്കുന്നു. അതിനാൽ അവയ്ക്കു നിശ്ശേഷമായ വിനാശം വരുന്നില്ല; അവയ്ക്കു നടപ്പ് അല്ലെങ്കിൽ പ്രചാരം ലുപ്തമായി എന്നേയുള്ളൂ. ഇങ്ങനെയുള്ള പദങ്ങൾക്കാണ് ഇവിടെ പ്രചാരലുപ്തം എന്ന പേരിട്ടതു്. കൃഷ്ണഗാഥ, കണ്ണശ്ശരാമായണം മുതലായ പഴയ ഗ്രന്ഥങ്ങളിൽ ധാരാളമായി പ്രയോഗിച്ചിട്ടുള്ള പലേ പദങ്ങളും ആധുനിക മലയാളത്തിൽ നടപ്പില്ലാത്തവയായി ചമഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള പദങ്ങളിൽ ചിലതു താഴെ ചേർക്കുന്നു.

അക്കി = അഗ്നി.

ഒപ്പ് = തുല്യത.

പട്ടാങ്ങ് = സത്യം.

നണ്ണുക = വിചാരിക്കുക.

ആനായർ = ഗോപാലന്മാർ.

ഒണ്ണുതലാർ = സുന്ദരിമാർ.

കുറൾ = വാമനൻ.

എകിറ് = പല്ല്, തേറ്റ.

ഇനിയ = മധുരമായ.

ഉറ്റം = ഉള്ള.

ഗുണമുടെ = ഗുണമുള്ള.

ആകം = അകം.

വേന്തർ = രാജാക്കന്മാർ.

വെന്നി = ജയം.

അനത്തും = മുഴുവനും.

എന്നുവേണ്ട ആധുനികമലയാളത്തിന്റെ പിതൃസ്ഥാനം വഹിക്കുന്ന സാക്ഷാൽ എഴുത്തച്ഛന്റെ തന്നെ ചില പ്രയോഗങ്ങൾ പ്രചാരലുപ്തങ്ങളായിപ്പോയിട്ടുണ്ട്. നിഷേധനാമാംഗം അല്ലെങ്കിൽ മറുപേരെച്ചം എന്നു വ്യാകരണത്തിൽ പറയുന്ന 'വരാത്ത' 'പോകാത്ത', 'ചെയ്യിട്ടില്ലാത്ത' ഇത്യാദിരൂപങ്ങളെ എഴുത്തച്ഛൻ 'വരാത ' 'പോകാത' ചെയ്യിട്ടില്ലാതെ' ഇത്യാദിയായി തകാരത്തിന് ദ്വിത്വം കൂടാതെയാണു പ്രയോഗിച്ചിട്ടുള്ളത്.

പ്രചാരലുപ്തങ്ങളായ പദങ്ങളെ പദ്യങ്ങളിൽ അപൂർവ്വമായി കവികൾ പ്രയോഗിച്ചുകാണുമെങ്കിലും ഗദ്യങ്ങളിൽ അതുകളെ ഒരിക്കലും പ്രയോഗിച്ചുകൂടാ. നാണയങ്ങൾക്കുള്ളതുപോലെ ആണ് പദത്തിനും വില. നടപ്പുള്ളിടത്തോളം കാലം അത് എവിടേയും ചെല്ലും; ഇല്ലാതായാൽ അലങ്കാരത്തിനേ കൊള്ളുകയുള്ളൂ. ഇതിനു പുറമേ പദ്യങ്ങളിൽ മാത്രം പ്രയോഗിക്കാറുള്ള ചില പദങ്ങളുണ്ട്. 'ചെഞ്ചെമ്മെ, പരിചൊടു . . . അളവിൽ, (അനുപ്രയോഗമായ) ഇടുക, ആർന്ന, ആളും, ഓർക്കിൽ, പാർത്താൽ, കേൾ, കേട്ടാലും, പൊയ്യല്ല' ഇത്യാദി. ഇതുകളേയും ഗദ്യഗ്രന്ഥകാരന്മാർ ഉപയോഗിക്കരുത്. ഇതുകൾക്കു വാക്യാലങ്കാരം എന്നു പേരിടാം.

## ദേശ്യവും പരകീയവും:

വ്യാകരണത്തിൽ ശബ്ദങ്ങളെ ആഭ്യന്തരം എന്നും ബാഹ്യം എന്നും രണ്ടായി പിരിച്ചിട്ട് ആഭ്യന്തരത്തിന് സ്വന്തം, സാധാരണ, ദേശ്യം എന്നു മൂന്നും; ബാഹ്യത്തിന് തത്ഭവം, തത്സമം എന്നു രണ്ടും ഉൾപ്പിരിവുകൾ പറഞ്ഞിട്ടുണ്ട്.

## ഉദാഹരണങ്ങൾ:

–പട്ടിക

സ്വന്തം:- വെള്ളം, അച്ഛൻ, പനി (ജ്വരം), മുണ്ട് = (വസ്ത്രം) നീരു ശോഫം, തോട, ഓമന, തൊണ്ണ

സാധാരണം:- മഴ (തമിഴ് – കർണ്ണാടകം), മാടം (ത. – കർണ്ണാ. തുളു), വടി (ത. കർണ്ണാ.തുളു), വാണി (ത., കർണ്ണാ., തുളു.), അട്ട (ത., കർണ്ണാ., തുളു.) നൽ (തമിഴ - കർണ്ണാ.), നോവുക (തമിഴ, കർണ്ണാ.), ഒരുങ്ങുക (ത., തെലുങ്കു), കവിടി (ത. – ക. – തുളു) കൊണ്ടൽ (തമിഴ), ഗഡ്ഡു (ക. – തുളു – തെലു.), ചിപ്പി (തമിഴ് – തെ – ക.) നെല്ല (തമി. – തുളു – ക)

ദേശ്യം:- അപ്പ – അപ്പു

–പട്ടിക

ഇവയിൽ ദേശ്യം എന്ന ഇനത്തിലുൾപ്പെട്ട പദങ്ങളെ കഴിയുന്നതും ഉപയോഗിക്കാതെ സൂക്ഷിക്കണം. ഗ്രന്ഥം ചമയ്ക്കുന്നതു് മലയാളികൾക്കു പൊതുവെ വായിക്കുന്നതിനാണല്ലോ. ഒരുദേശത്തുമാത്രം നടപ്പുള്ള പദങ്ങളെ ഉപയോഗിച്ചാൽ ശേഷമുള്ളവർക്കു് അതു രസിക്കയില്ല. എന്നാൽ ദേശ്യപദങ്ങളും മഹാകവിപ്രയോഗംകൊണ്ടു പ്രചാരം ലഭിച്ചു്, സർവ്വദേശസാധാരണങ്ങളായിത്തീരാറുണ്ടു്. 'നാടാടെ' എന്ന പദം വടക്കർ മാത്രം ഉപയോഗിച്ചുകൊണ്ടിരുന്നതു് ഇയ്യിടെ തെക്കരുടെ ഇടയിലും നടപ്പായിട്ടുള്ളതായി കാണുന്നു. ദേശ്യമല്ലെന്നു സർവ്വസമ്മതം വരുന്നതുവരെ വിദ്യാർത്ഥികൾ പ്രസംഗമെഴുതുമ്പോൾ ആവക പദങ്ങളെ കഴിയുന്നിടത്തോളം പരിഹരിക്കണം. ഭാഷാന്തരശബ്ദങ്ങളെയാണ് 'ബാഹ്യം' എന്ന ഇനത്തിൽ ചേർത്തിരിക്കുന്നതു്. എല്ലാ വീട്ടുകാർക്കും അയൽക്കാർവശം പണം വാങ്ങേണ്ടുന്ന ആവശ്യം നേരിടുന്നതുപോലെ എല്ലാ ഭാഷകൾക്കും പരിചിതഭാഷാന്തരങ്ങളിൽനിന്നു പദങ്ങൾ സ്വീകരിക്കേണ്ടിവരും. ഇതര ഭാഷയിൽനിന്നു ശബ്ദമെടുത്തു് അതിനു സ്വഭാഷയിലെ വ്യാകരണശട്ടങ്ങളനുസരിച്ചു് ഉച്ചാരണത്തിലും രൂപത്തിലും മാറ്റങ്ങൾ ചെയ്തു് ദത്ത്പുത്രനെപ്പോലെ തറവാട്ടിൽ ചേർത്തിട്ടുള്ള പദങ്ങൾക്കാണ് 'തത്ഭവം' എന്നുപേർ. യാതൊരു ഭേദവും ചെയ്യാതെ യഥാസ്ഥിതരീതിയിൽത്തന്നെ നിത്യനായ ഒരു അതിഥിയെപ്പോലെ സ്വഭാഷയിൽ പെരുമാറുന്ന ഭാഷാന്തരപദമാണ് തത്സമം. ഇങ്ങനെ രണ്ടു വകയിലുള്ള ബാഹ്യപദങ്ങളും ഉപയോഗാർഹങ്ങളാകുന്നു.

ഇതു കൂടാതെ മോടിക്കും അന്തസ്സിനും പ്രൌഢിക്കും ഗാംഭീര്യത്തിനും മറ്റുംവേണ്ടി ചിലർ പ്രസിദ്ധിയുള്ള മലയാളപദങ്ങളെ ഉപേക്ഷിച്ചു്, അതുകളുടെ സ്ഥാനത്തു് സംസ്കൃതപദങ്ങളെ ഉപയോഗിക്കാറുണ്ടു്. ഈവക പദങ്ങൾക്കാണ് പരകീയം എന്ന പേർ ചെയ്തതു്. പരകീയപദങ്ങളെ ഉപയോഗിക്കുന്നതു വളരെ കരുതി വേണം. അന്യഭാഷകളിൽനിന്നും പദം സ്വീകരിക്കുന്നതു് അയൽക്കാരോടു കടം വാങ്ങുന്നതിനു തുല്യമാണെന്നു പറഞ്ഞുവല്ലോ. അതിനാൽ ഭാഷാന്തരപദങ്ങളെ ആവശ്യംകൂടാതെ ഉപയോഗിച്ചാൽ ആഡംബരത്തിനുവേണ്ടി കടം വാങ്ങിയാലുള്ളതുപോലെ കെടുതലുണ്ടു്. എന്നാൽ തക്കതായ ആവശ്യം പ്രമാണിച്ചു കടം വാങ്ങുന്നതിൽ യാതൊരാക്ഷേപവുമില്ല. അങ്ങനെയുള്ള അവസരങ്ങളിൽ പ്രധാനപ്പെട്ടവ താഴെ കാണിക്കുന്നു:

(എ) സാമാന്യനിർദ്ദേശം: മരം എന്നതു് ഒരു ജാതി. അതിൽ മാവു്, പിലാവു്, തേക്കു്, ആഞ്ഞിലി മുതലായ അവാന്തരജാതികൾ ഉൾപ്പെടുന്നു. ഓരോ അവാന്തരജാതിയി

ലും പ്രത്യേകം പ്രത്യേകമുള്ള മാവു മുതലായവയുണ്ട്. ഇതുപോലെ ആന, കടുവാ, പുലി മുതലായവയെ 'നാൽക്കാലി' എന്ന ഒരു ജാതിയിൽ ചേർക്കാം. ഇങ്ങനെയുള്ള ജാതികല്പന ഭാഷയിൽ എല്ലായിടത്തും കാണുകയില്ല. പ്രാണികളിൽ മനുഷ്യനെ മാത്രം ഒഴിച്ചുള്ളവയെ ചേർത്തു പറവാൻ ഒരു ജാതി അല്ലെങ്കിൽ സാമാന്യശബ്ദം ഭാഷയിലില്ല. സംസ്കൃതത്തിൽ അതിലേക്ക് തിര്യക്ക് എന്നൊരു പദമുണ്ട്. ഇതുപോലെ മുട്ടവിരിഞ്ഞുണ്ടാകുന്ന പ്രാണികൾക്ക് 'അണ്ഡജം' എന്നും, നേരെ പ്രസവിച്ചുണ്ടാകുന്നവയ്ക്ക് 'ജരായുജം' എന്നും ഉള്ള ജാതിവിഭാഗം സംസ്കൃതത്തിൽ നിന്നെടുക്കേണ്ടിയിരിക്കുന്നു. ഇതിന്മണ്ണം തന്നെ മരം, ചെടി, പുല്ല്, വള്ളി മുതലായവയെ കൂട്ടിച്ചേർക്കുന്നതിന് 'ഉത്ഭിജം' എന്ന സംസ്കൃതപദം വേണ്ടിയിരിക്കുന്നു. അതിനാൽ സാമാന്യനിർദ്ദേശത്തിനുവേണ്ടി പരകീയപദം ഉപയോഗിക്കുന്നതിനു വിരോധമില്ല.

(ബി) രൂപനിഷ്പത്തിസൌകര്യം: മലയാളം ഒരു സ്വതന്ത്രഭാഷ അല്ലാത്തതിനാൽ നാമം, കൃതി, ഭേദകം എന്ന പ്രാധാന്യേന മൂന്നുവിധമുള്ള പദങ്ങൾക്കെല്ലാം കൃത്തദ്ധിതരൂപങ്ങളില്ല.

> നാമം – മടി
>
> തദ്വത്തദ്ധിതൻ – മടിയൻ
>
> ഭേദകം – വെൾ
>
> തന്മാത്രതദ്ധിതൻ – വെണ്മ
>
> കൃതി – അറി
>
> കൃതികൃത്ത് – അറിവ്
>
> കൃത്യരൂപം – അറിയേണ്ടും
>
> കാരകരൂപം – അറിവോൻ

ഇങ്ങനെ ഏതാനും ചില നാമകൃതിഭേദകങ്ങൾക്ക് അതാതു രൂപങ്ങൾ ഉണ്ടെങ്കിലും എല്ലാ ശബ്ദങ്ങൾക്കും ഒന്നുപോലെ ഈവക രൂപങ്ങൾ കാണുകയില്ല. എന്നാൽ മേൽ വിവരിക്കാൻപോകുന്ന പ്രയോഗഭംഗികളിലും മറ്റും ഒരേ ശബ്ദത്തെത്തന്നെ പല രൂപങ്ങളിലും ഉപയോഗിക്കേണ്ടതായിവരുന്നുണ്ട്. അതിനാൽ രൂപനിഷ്പത്തിസൌകര്യത്തിനുവേണ്ടി സംസ്കൃതപദങ്ങളെ ഉപയോഗിക്കാം.

എങ്ങനെ എന്നാൽ:

> വച് – വക്താ, വചനം, വാക്, വാക്യം, വാക്തൃത്വം, വാഗ്മി, വാഗ്മിതാ.
>
> ജ്ഞ – ജ്ഞാതാ, ജ്ഞാനം, ജ്ഞേയം, ജ്ഞാതൃത്വം.
>
> സ്ഥൂലം – സ്ഥൂലതരം, സ്ഥൂലതമം, സ്ഥൂലത, സ്ഥൌല്യം.
>
> രാജാ – രാജ്ഞി, രാജകീയം, രാജത്വം, രാജ്യം, രാജന്യൻ, നാജന്യകം, രാജ

കം.

മലം – മലിനം, മാലിന്യം.

സർവ്വം – സർവ്വത്ര, സാർവ്വത്രികം, സർവ്വദാ, സാർവ്വദികം.

(സി) പ്രൌഢി അല്ലെങ്കിൽ മോടി: ആറ്; അരുവി, മല, കാട്, കെട്ടിടം മുതലായ കാഴ്ചകൾക്ക് നേരെ ചെന്നു കാണുമ്പോൾ ഉള്ളതിലധികം ഒരു മോടി, പകിട്ട് അല്ലെങ്കിൽ പ്രകാശവിശേഷം അതുകളെ പടത്തിൽ നോക്കുമ്പോൾ നമുക്കു തോന്നാറുണ്ടല്ലോ; അതുപോലെതന്നെ കവിവാക്യത്തിൽ പ്രതിഫലിച്ചുകാണുമ്പോഴും അതുകൾക്ക് ആഹാര്യശോഭ അല്ലെങ്കിൽ വാസ്തവത്തിലധികമായ ഒരു ശോഭ തോന്നേണ്ടതുണ്ട്. ആഹാര്യം എന്ന പദത്തിനു കൃത്രിമം (കെട്ടിച്ചേർത്തുണ്ടാക്കുന്നത്) എന്നർത്ഥമാണ്. ആഹാര്യശോഭയെ ചിത്രകാരൻ ചായങ്ങൾകൊണ്ടും, ഉഴിച്ചിൽകൊണ്ടും ഉണ്ടാക്കുന്നതുപോലെ കവി പദങ്ങൾകൊണ്ടും, അതുകൾ കൂട്ടിച്ചേർക്കുന്നതിലുള്ള സാമർത്ഥ്യംകൊണ്ടും സാധിക്കേണ്ടതാകുന്നു. ഇതിലേക്ക് നാം നിത്യം ഗൃഹങ്ങളിൽ പെരുമാറി തേയ്മാനം വന്ന പദങ്ങൾ മതിയാവുകയില്ല. പുതിയ പദങ്ങളെ ഭാഷാന്തരങ്ങളിൽനിന്നു തൽക്കാലോപയോഗത്തിലേക്ക് ഇരവൽ വാങ്ങേണ്ടിവരും. അതിനാൽ അടിയന്തിരങ്ങൾ നടത്തുന്നതിന് അയൽവീട്ടിൽനിന്നു പാത്രങ്ങൾ വാങ്ങുംപോലെ ഈവക അവസരങ്ങളിൽ സംസ്കൃതത്തിൽനിന്നു പദങ്ങൾ എടുത്തുപയോഗിക്കാം.

ഉദാഹരണം:

സംസ്കൃതം – ഭാഷ

(i) ഝിലിഝങ്കാരനാദിതമായ കാന്താരമദ്ധ്യം – ചീവീടു ചിലയ്ക്കുന്ന ഒച്ചയുള്ള കൊടുങ്കാട്ടിന്റെ നടുവ്

(ii) ബിംബാധരചുംബനം – തൊണ്ടിപ്പഴം പോലുള്ള ചുണ്ടിൽ ഉമ്മവെയ്ക്കുക

(iii) കുമുദാമോദമേദുരമായ ശീതവാതം – ആമ്പലിന്റെ മണമുള്ള കുളിരുകാറ്റ്.

(iv) ബാലാതപോന്മീലിതമായ അരവിന്ദം പോലെ സുന്ദരം – ഇളം വെയിലത്തു വിടരുന്ന താമര പോലെ അഴകുള്ള.

(ഡി) ഗൌരവം അല്ലെങ്കിൽ അന്തസ്സ്: പരകീയപദപ്രയോഗത്തിന്റെ ആവശ്യകതയ്ക്കുള്ള യുക്തി മൂന്നാം ഇനത്തിനു ചൊന്നതുതന്നെയാണ് ഈ നാലാം ഇനത്തിനും പ്രൌഢിക്കും ഗൌരവത്തിനുമുള്ള താരതംയം പ്രമാണിച്ചുമാത്രം രണ്ടായിപ്പിരിച്ചതേയുള്ളൂ. ജാത്യാലുള്ള മേന്മയെ ഗണിക്ക മാത്രം ചെയ്യുന്നിടത്തു ഗൌരവം; ഇല്ലാത്ത മേന്മ ഉണ്ടാക്കിക്കൊടുക്കുന്നിടത്തു പ്രൌഢി എന്നു രണ്ടിനും ഭേദം. പുഴകൾ, ഊറ്റുകൾ, മലകൾ ഇത്യാദി ശബ്ദങ്ങൾ; ഗംഗാ, വർക്കലക്കടൽക്കരയ്ക്കുള്ള ഊറ്റ്, ഹിമവാൻ മുതലായവയെപ്പറ്റി പറയുമ്പോൾ ഉപയോഗിച്ചാൽ അതുകളുടെ ഗൌരവത്തിനു മതിയാവുകയില്ല. അതിനാൽ നദി, തീർത്ഥം, പർവ്വതം ഇത്യാദി സംസ്കൃതപദങ്ങൾ തന്നെ പ്രയോഗിക്കണം. ഇതുപോലെ രാജചിഹ

ങ്ങളായ ഛത്രചാമരങ്ങൾക്കും മറ്റും കുട, വിശറി ഇത്യാദി ഭാഷാപദവ്യവഹാരം ചെയ്താൽ അർത്ഥം തന്നെ സ്ഫുടമാവുകയില്ല. നിത്യം രാവിലെ അമ്പലത്തിൽ കുളിച്ചുതൊഴുതിട്ട് എന്നെ വന്നു കാണാറുണ്ടായിരുന്ന ഒരു സാധുമനുഷ്യനോട് ഒരു ദിവസം അയാൾ താമസിക്കാനുള്ള കാരണം ഞാൻ ചോദിച്ചതിൽ ആ ഭക്തൻ, അന്ന് ക്ഷേത്രത്തിൽ എന്തോ വിശേഷമുണ്ടായിരുന്നതിനാൽ തുമ്പിൽനിന്നു വരുന്ന വെള്ളം കിട്ടാൻ അമാന്തിച്ചുപോയതിനാലാണ് തനിക്കു കാലതാമസം വന്നതെന്നു ത്തരം പറകയുണ്ടായി. ഇയാൾക്കു ഭക്തിക്കു ലേശം കുറവുള്ള ആളല്ലെന്ന് എനിക്കു നല്ല ബോധമുണ്ടായിരുന്നിട്ടും 'തീർത്ഥം' എന്നു പറയാതെ 'തുമ്പിൽനിന്നു വരുന്ന വെള്ളം' എന്ന് കണ്ട സംഗതി വിളിച്ചുപറഞ്ഞപ്പോൾ ക്ഷണനേരത്തേക്ക് ഇയ്യാൾ ഭക്തവേഷധാരി മാത്രമായിരിക്കുമോ എന്നു ഞാൻ സംശയിച്ചുപോയി.

മലയാളത്തിൽ ഉപചാരവാക്കുകൾ ഉപയോഗിക്കുന്നതിൽ പല താരതമ്യങ്ങളും ഉണ്ട്. ചില സന്ദർഭങ്ങളിൽ സ്ഥാനമാനങ്ങളുടെ നില ഇന്നതെന്നു ഖണ്ഡിച്ചു പറ വാൻ സാധിക്കാതെവരും. ഈവക ദുർഘടങ്ങളും പരകീയപദപ്രയോഗംകൊണ്ടു പരിഹരിക്കാം. വീട്, ഇല്ല, മന, മഠം, കോയിക്കൽ, കോവിലകം, കൊട്ടാരം ഇതിലേതാണ് ഒരു പ്രകൃതത്തിൽ ഉപയോഗിക്കേണ്ടതെന്നു നിശ്ചയമില്ലാതെ വന്നാൽ അവിടെ ഒന്നും വേണ്ട, 'ഗൃഹം' എന്ന സംസ്കൃതപദം പ്രയോഗിച്ചാൽ ഒരാക്ഷേപത്തിനും വകയില്ല. ഇതുപോലെ 'ഉത്തരവ്' എന്നോ 'സമാധാനം' എന്നോ പരിച്ഛേദിക്കാതെ കഴിക്കുന്നതിന് 'ലെട്ടർ' എന്നോ 'പത്രിക' എന്നോ പറയാം. ദക്ഷിണ, കൂലി, ശമ്പളം എന്നൊന്നും വിവരപ്പെടുത്താതെ 'പ്രതിഫലം' എന്ന് ഉപയോഗിക്കാം.

(ഇ) നൂതനശബ്ദസൃഷ്ടി: പ്രകൃതിയുടെ രഹസ്യങ്ങളെ ആരാഞ്ഞറിഞ്ഞ് തദീയശക്തിക ളെ ജനോപകാരത്തിനായി ഉപയോഗിച്ചുകൊണ്ടു വരുന്ന ഇക്കാലത്തിൽ പുതിയ പുതിയ വസ്തുക്കൾ നിത്യമെന്നപോലെ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പുതിയ വസ്തുക്ക ളെ കുറിക്കുന്നതിനു പുതിയ ശബ്ദങ്ങളും വേണ്ടിവരുന്നു. അതിനാൽ നൂതനശബ്ദ ങ്ങളെ സൃഷ്ടിക്കേണ്ടുന്ന ആവശ്യം ആധുനികഭാഷകൾക്കെല്ലാം നേരിട്ടിട്ടുണ്ട്. പു തിയ സാധനങ്ങളെ നിർമ്മിക്കുന്നതു പാശ്ചാത്യവർഗ്ഗക്കാരാണ്. അവർ പ്രായേണ തങ്ങളുടെ മൂലഭാഷകളായ 'ലത്തീൻ', 'ഗ്രീക്ക്' എന്ന രണ്ടു ഭാഷകളിലെ ധാതുക്ക ളെക്കൊണ്ട് ആവശ്യപ്പെട്ട ശബ്ദങ്ങളെ സൃഷ്ടിക്കുന്നു. യൂറോപ്പിൽ ഗ്രീക്ക്, ലത്തീൻ ഭാഷകൾക്കുള്ള സ്ഥാനം ഇന്ത്യയിൽ സംസ്കൃതമാണ് വഹിക്കുന്നത്. അതിനാൽ പുതിയ സാധനങ്ങൾക്ക് ഉചിതമായി നാമകരണം ചെയ്യുന്നത് സംസ്കൃതംകൊണ്ടേ സാധിക്കയുള്ളു. എങ്ങനെയെന്നാൽ:

വൈദ്യുതി = Electricity

സ്വനഗ്രാഹിണി = Gramaphone

ഘർമ്മമാത്ര = Thermometre

ദൂരദർശിനി = Telescope

ഈ വിഷയത്തിൽ ഉദാഹരണങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടാവശ്യമില്ല. ഇംഗ്ലീഷിൽനിന്നു ശാസ്ത്രഗ്രന്ഥങ്ങളെ തർജ്ജമ ചെയ്യാൻ പുറപ്പെട്ടിട്ടുളവർക്കൊക്കെയും അനുഭവസിദ്ധമാകുന്നു, സാങ്കേതികശബ്ദങ്ങളെ ശേഖരിക്കുന്നതിനുള്ള മഹത്തായ ക്ലേശം. ഭാഷാഭിമാനികളായ പലേ ബി. എ. ക്കാർക്കും വേണ്ടി സാങ്കേതികശബ്ദസൃഷ്ടിഭാരം ഈ ഗ്രന്ഥകാരൻ നിർവ്വഹിച്ചിട്ടുണ്ട്. നൂതനസാങ്കേതികശബ്ദനാണിഭങ്ങളെ ആവശ്യംപോലെ അടിച്ചെടുക്കുന്നതിലേക്കു ഞാൻ ഒരു കമ്മട്ടം ചെറിയ തോതിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഈ ചുമതലയേറിയ ഭാരം വഹിക്കുന്നതിന് എന്നെ പ്രേരിപ്പിക്കുന്നത് അതാതു തർജ്ജമക്കാരെ സഹായിക്കാമെന്നുള്ള പരോപകാരശ്രദ്ധയും നൂതനശബ്ദസൃഷ്ടി ഒരുവൻതന്നെ ചെയ്യുന്നതായാൽ ആവകശബ്ദങ്ങൾക്ക് ഐകരൂപ്യം ഉണ്ടായിരിക്കാൻ സൌകര്യാതിശയമുണ്ടാകുമെന്നുള്ള വിചാരവുമാകുന്നു.

ഈ പ്രസ്താവത്തിൽ സാങ്കേതികശബ്ദസ്വീകാര്യത്തെപ്പറ്റി പ്രബലമായ ഒരു പക്ഷഭേദമുള്ളതിനെക്കുറിച്ചു സ്വല്പമെങ്കിലും പ്രസംഗിക്കാതിരിക്കുന്നതിനു മനസ്സു സമ്മതിക്കുന്നില്ല. സാങ്കേതികശബ്ദങ്ങളെ സൃഷ്ടിക്കുന്നതിന് ഏതായാലും സ്വന്തഭാഷയിലെ പ്രകൃതിപ്രത്യയങ്ങളെക്കൊണ്ടു സാധിക്കയില്ല; ആ സ്ഥിതിക്ക് എന്തിനും സംസ്കൃതത്തിന്റെ മാധ്യസ്ഥ്യത്തിനു പോകുന്നു? ഇംഗ്ലീഷിൽനിന്നുതന്നെ നേരേ എടുക്കരുതോ? അങ്ങനെ ചെയ്താൽ ആവകപ്പദങ്ങൾക്ക് ഇൻഡ്യയിലെന്നല്ല, ലോകമൊട്ടുക്കു പ്രചാരമുള്ളതിനാൽ സാർവ്വത്രികത്വം ലഭിക്കും എന്നൊരു ഗുണം കൂടിയുണ്ടല്ലോ; എന്നു മാത്രമല്ല മലയാളികളിലും ഇംഗ്ലീഷ് പരിജ്ഞാനമുള്ളവർക്ക് അതുകൾ പരിചയപ്പെട്ടവയാകയാൽ അതുകളുടെ അർത്ഥം ഗ്രഹിക്കേണ്ടുന്ന ശ്രമം കൂടാതെ കഴിയുകയും ചെയ്യും. ഇതാണ് പ്രകൃതപക്ഷക്കാരുടെ യുക്തി. ഇവരുടെ വാദം ന്യായാനുസൃതമാകയാൽ അതിനെ സ്വീകരിക്കാമായിരുന്നു. പക്ഷേ, ഉച്ചാരണവൈലക്ഷണ്യം പ്രതിബന്ധകമായിരിക്കുന്നു. F Z എന്ന വ്യഞ്ജനങ്ങളും 'HAT' ഇത്യാദിയിലെ A HOT ഇത്യാദിയിലെ O, എന്ന സ്വരങ്ങളും ഭാരതീയ ഭാഷകളിലില്ല. അവരുടെ ഉച്ചാരണത്തിനു വല്ല ചിഹ്നങ്ങളും അക്ഷരസമാമ്നായത്തിൽ ഏർപ്പെടുത്താമെന്നുവെച്ചാലും ആഖ്യാതം, വിഭക്തി മുതലായ രൂപങ്ങളുണ്ടാക്കുന്നതിൽ വലുതായ അസാംഗത്യം നേരിടുന്നു. എന്നു മാത്രമല്ല, രസതന്ത്രം (Chemistry) മുതലായ ശാസ്ത്രങ്ങളിൽ Sulphurous, Sulphite, Sulphuric, Sulphate ഇത്യാദി തദ്ധിതരൂപങ്ങളും ഇംഗ്ലീഷ്പ്രകാരം തന്നെ ചമയ്ക്കേണ്ടിവരുന്നു. പ്രകൃതികളെ മാത്രമല്ലാതെ പ്രത്യയങ്ങളെ ഭാഷാന്തരത്തിൽനിന്നെടുക്കുക ഒരു ഭാഷയിലും പതിവില്ല. ഇതിനും പുറമെ പാശ്ചാത്യർക്കു ഗ്രീക്ക് ലത്തീൻ ഭാഷകളിലുള്ളതുപോലെ പൌരസ്ത്യർക്കു സംസ്കൃതത്തിലുള്ള സ്വാഭിമാനം ഇതേവരെ ക്ഷയിച്ചിട്ടുമില്ല. അതിനാൽ ഇംഗ്ലീഷ് പരിജ്ഞാനം കുടിയിടകളിൽക്കൂടി കടന്നു സാധാരണമാകുന്നതുവരെ നാട്ടുഭാഷകളിൽ ഇംഗ്ലീഷ് സാങ്കേതികപദങ്ങളെ യഥാസ്ഥിതരീതിയിൽ എടുത്തുചേർക്കുന്നതു കുറെ അസാദ്ധ്യമായിട്ടാണു കാണുന്നത്.

ഇംഗ്ലീഷ് വാക്കുകളെ മാറ്റം കൂടാതെ ഭാഷയിൽ ചേർത്താൽ ഉദ്ദിഷ്ടസിദ്ധി എത്രത്തോളം ഉണ്ടാകും എന്നുള്ളതിലേക്കു നമുക്ക് 'ലാ' ഒരു ദൃഷ്ടാന്തമാകുന്നു. ആക്ട്, ഈരങ്കി, സമൻ മുതലായവ ഒരുവിധം തത്ഭവങ്ങളായിട്ടുണ്ടെങ്കിലും നാട്ടുകാര്യസ്ഥന്മാരുടെ 'റില്ലി' ആക്ടും മറ്റും ബി. എൽ. പാസ്സായ മലയാളികൾക്കുകൂടി അറിയാൻ സാധിക്കുകയില്ല.

വളരെക്കാലം മുൻസിഫ് ജോലി വഹിച്ച് നാട്ടുകാർക്കു ഇംഗ്ലീഷ് വാക്കുകളെ ഉച്ചരിക്കുന്നതിലുള്ള ക്ലേശത്തിന്റെ സ്വഭാവം നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ള ചന്തുമേനവൻ തന്റെ 'ശാരദ' എന്ന അഖ്യായികയിൽ നാട്ടുകാര്യസ്ഥന്മാരുടെ ഉച്ചാരണവൈലക്ഷണ്യങ്ങളെ പരിഹാസപൂർവ്വം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ശട്ടത്തിൽ ഇത്രയെങ്കിലും സാധിച്ചതുപോലെ മറ്റു വിഷയങ്ങളിൽ സാധിക്കുന്നത് അസംഭാവ്യവുമാണ്. നാട്ടിലെ നിയമങ്ങൾ അറിയാഞ്ഞാൽ കാര്യഹാനി വരുമെന്നു മാത്രമല്ല, ശിക്ഷകൂടി അനുഭവിപ്പാൻ ഇടയായേക്കും; അതിനാൽ എത്ര ക്ലേശം സഹിച്ചും ജനങ്ങൾ അത്യാവശ്യപ്പെട്ടിടത്തോളം ലീഗൽ ഫ്രേസിയോളജി പഠിക്കും. മറ്റു ശാസ്ത്രങ്ങളുടെ നില വേറെ ആണ്; അതുകൾ പഠിക്കുന്നതു കേവലം ജ്ഞാനാഭിവൃദ്ധിക്കുവേണ്ടി മാത്രമാകുന്നു. നിർബ്ബന്ധമില്ലായ്കയാൽ ഉച്ചാരണക്ലേശം സഹിക്കാൻ മിക്കവരും മടിക്കും. അതിനാൽ ഏതുവിധമെങ്കിലും സാങ്കേതികശബ്ദങ്ങൾക്ക് ഉച്ചാരണസൌകര്യം സമ്പാദിച്ചുകൊടുത്താലേ അവയ്ക്കു പ്രചാരം ലഭിക്കയുള്ളൂ. അതിലേക്കു തർജ്ജമ എന്നതുപോലെ തത്ഭവപ്രക്രിയ അനുസരിച്ചു സ്വഭാഷീകരണവും ഉപയോഗിക്കാവുന്നതാകുന്നു. ഇംഗ്ലീഷിനും നാട്ടുഭാഷകൾക്കും ഉച്ചാരണവിഷയത്തിൽ മഹത്തായ അന്തരം ഉള്ളതിനാൽ സംസ്കൃതപദങ്ങളെപ്പോലെ ഇംഗ്ലീഷ് വാക്കുകളെ തത്സമങ്ങളായി ഉപയോഗിക്കുന്നതു ദുർഘടമെന്നേയുള്ളൂ. പരകീയപദങ്ങളെ ഏതേതു സന്ദർഭങ്ങളിൽ ഉപയോഗിക്കാമെന്ന വിചാരണയിൽ വന്ന ഈ പ്രകൃതാനപ്രകൃതവിചാരം ഇവിടെ നിൽക്കട്ടെ. പ്രകൃതമായ പദങ്ങളുടെ ഗുണദോഷവിചാരത്തിൽത്തന്നെ പ്രവേശിക്കാം.

## ഗ്രാമ്യം

നാം വീട്ടിലിരിക്കുമ്പോഴും വെളിയിലിറങ്ങി നാലുപേർ കൂടുന്ന ദിക്കിൽ പോകുമ്പോഴും വേഷത്തിൽ ഭേദം ചെയ്യാറുണ്ടല്ലോ. സാധാരണയായി മലയാളികൾ ഗൃഹത്തിനകത്തു സഞ്ചരിക്കുന്നത് ഒറ്റമുണ്ടു ചുറ്റിക്കൊണ്ടായിരിക്കും. കുടിവന്നാൽ ഒരു തോർത്തുമുണ്ടുകൂടി കാണാം. വെളിയിലിറങ്ങുമ്പോഴാകട്ടെ കുപ്പായവും തൊപ്പിയും ധരിച്ചില്ലെങ്കിലും ഒരു മേൽമുണ്ടെങ്കിലും കൂടിയേ കഴിയൂ. അതുപോലെ മുഷിഞ്ഞും കീറിയും മറ്റുമുള്ള വസ്ത്രങ്ങൾ വീട്ടിലല്ലാതെ ഉപയോഗിക്കാറില്ല. ഇങ്ങനെ വേഷത്തിൽ ചെയ്യാറുള്ള ഭേദം ഭാഷയിലും വേണ്ടതാണ്. വീടുകളിലും വെടിപറയുമ്പോഴും ഉപയോഗിക്കുന്ന വാക്കുകൾക്കും വാചകങ്ങൾക്കും സഭയിൽ ഉപയോഗിക്കാൻ അന്തസ്സു പോരാ. ഈവിധം സഭാപ്രയോഗാനർഹങ്ങളായി ഗണിച്ചിട്ടുള്ള പദങ്ങൾക്കും വാക്യങ്ങൾക്കുമാണ് 'ഗ്രാമ്യം' എന്നു പേർ. ഗ്രാമ്യത്തിനു വിപരീതം 'സഭ്യം'.

മേൽ വിവരിച്ചപ്രകാരം എല്ലാ ഭാഷകളും വിശേഷിച്ചും ജീവൽഭാഷകൾ വിനിയോഗവിഷയത്തിൽ രണ്ടായി പിരിയുന്നു. (1) ഗ്രന്ഥാർഹഭാഷ, (2) സങ്കഥാർഹഭാഷ. ഗ്രാമ്യപ്രയോഗം ഗ്രന്ഥത്തിൽ പാടില്ല. സങ്കഥയിൽ ആവാം. നാടകാഖ്യായികകളിൽ പാത്രങ്ങളുടെ തന്മയത്വത്തിനുവേണ്ടി ഗ്രാമ്യപ്രയോഗം ചെയ്യുന്നതു പ്രത്യുത ഗുണവുമാകും. ഇനി ഉദാഹരിക്കാം.

### ഉദാഹരണം

സങ്കഥ ഗ്രന്ഥം

എവിടുന്നാ ഇപ്പം? – എവിടെനിന്നാണിപ്പോൾ വരുന്നത്?

വീട്ടീന്നുതന്നെ – വീട്ടിൽനിന്നുതന്നെ

വിശേഷിച്ചോ? – വിശേഷിച്ച കാര്യമെന്താണ്?

പഴേ ശനിയൻ തന്നെ – പഴയ ഉപദ്രവം തന്നെ

കക്ഷിപ്പിണക്കവും കോർട്ടും അല്ലേ? – കക്ഷിപ്പിണക്കത്തോലുള്ള കോർട്ടുവ്യവഹാരം തന്നെ അല്ലെ?

അല്ലാണ്ടു പിന്നെ? – അല്ലാതെ പിന്നെന്താണ്?

കോർട്ടിൽ വല്ല മയവുമുണ്ടോ? – കോർട്ടിൽ ജയമാർഗ്ഗം വല്ലതുമുണ്ടോ?

എല്ലാം കുന്തമായി – അതൊക്കെപ്പോയി

ഗ്രന്ഥങ്ങളിൽ വാക്കുകളും വാചകങ്ങളും കൊണ്ടു മാത്രം വേണം ആശയം വെളിപ്പെടുത്താൻ. സങ്കഥകളിൽ ആംഗ്യങ്ങളുടേയും സ്വരത്തിന്റേയും കൂടി സഹായമുണ്ട്. ഇതിനും പുറമെ - 'ശനിയൻ', 'വല്ല', 'മയവുമുണ്ടോ', 'കുന്തമായി' ഇത്യാദി പദങ്ങളും വാചകങ്ങളും ഗ്രന്ഥോപയോഗത്തിനു കൊള്ളരുത്. എല്ലാ ഭാഷകളിലും വാച്യമായ അക്ഷരാർത്ഥത്തിന് ഉപരിയായി ലക്ഷ്യമോ വ്യംഗ്യമോ ആയ അർത്ഥം വഹിക്കുന്ന ചില വാചകങ്ങളുണ്ട്. ഇതുകൾ വാച്യാർത്ഥത്തെ ഗണിക്കാത്തതുപോലെ ചിലെടത്തു വ്യാകരണവിധികളെക്കൂടെ ലംഘിച്ചുകാണും. ഇങ്ങനെയുള്ള വാചകങ്ങളെ അതാതു ഭാഷകളുടെ ശൈലി എന്നു പറയുന്നു. ആ കൂട്ടത്തിൽ മലയാളത്തിനും ചില വിലക്ഷണപ്രയോഗഭംഗികൾ അല്ലെങ്കിൽ ശൈലികൾ ഉണ്ട്.

ചില ഉദാഹരണങ്ങൾ കാണിക്കാം:

1. ചെണ്ട കൊട്ടിക്ക = വഞ്ചിക്ക.
2. ദീപാളി കുളിക്ക = പാപ്പരാകുക.
3. ശതകം ചൊല്ലിക്ക = കഷ്ടപ്പെടുത്തുക.
4. ശ്ലോകത്തിൽ കഴിക്ക = പ്രാധാന്യം കൊടുക്കാതെ ചുരുക്കുക.
5. സ്വർഗ്ഗത്തിൽ കട്ടുറുമ്പ് = ചില്ലറ ശല്യം ചെയ്യുന്നവൻ.
6. കയ്യാലെപ്പുറത്തെത്തേങ്ങ = ഏതു കക്ഷിയിൽ തിരിയുമെന്നു നിശ്ചയിക്കാൻ പാടില്ലാത്ത മദ്ധ്യസ്ഥൻ.
7. കായങ്കുളം വാൾ = രണ്ടു കക്ഷിയിലും ചേരുന്നവൻ.
8. ആലത്തൂർ കാക്ക = ആശിച്ച കാലം കളയുന്നവൻ.

വ്യാകരണവിധി ലംഘിക്കുന്നതിനുദാഹരണം:

1. എനിക്ക് ഒരു ശിഷ്യനെ കിട്ടീട്ടുണ്ട്
2. അവന് ഒരു കുരങ്ങിനെ വേണം. കർത്തൃവിഭക്തിക്കു കർമ്മവിഭക്തി
3. "എന്നും ചൊല്ലിക്ഖഗപതി പറന്നംബരേ പോയ് മറഞ്ഞാൻ"
4. "കണ്ടുംകൊണ്ടച്ചെറുപുഴകൾ തൻ തീരമാർഗ്ഗേണപോക."
5. കണ്ണനുണ്ണി കളികഴിഞ്ഞണ്ണനോടും കൂടി."
6. അവിടെനിന്നും അയച്ച എഴുത്ത്. – 'ഉം' വാക്യാലങ്കാരം.
7. "ശുശ്രൂഷചെയവാനും കാത്തുനിൽക്കു
ന്നെന്നാശു കൂപ്പീട്ടറിയിച്ച നന്ദി,
ഭ്രൂക്ഷേപമാകുന്നൊരനുജ്ഞ വാങ്ങി
പ്രവേശവും നൽകിയവൾക്കു വേഗാൽ" — 'ഉം' ഭിന്നക്രമം പ്രവേശം നൽകുകയും ചെയ്തു എന്നുവേണം.

മേൽ കാണിച്ച ശൈലികളെല്ലാം പുരാതനങ്ങളും സുപ്രസിദ്ധങ്ങളുമാകയാൽ അവയ്ക്കു ഗ്രാമ്യത്വദോഷമില്ലെന്നുതന്നെ പറയാം. എന്നാൽ ഈവക സംഗതികളിൽ തീരുമാനം ചെയ്യുന്നത് അത്ര എളുപ്പമല്ല. പ്രാമാണികന്മാർക്കു തന്നെ ഇവിടെ വിപ്രതിപത്തികളും പക്ഷഭേദങ്ങളും ഉണ്ടാകാനിടയുണ്ട്. ഈ മാതിരി ചോദ്യങ്ങളിൽ രുചിഭേദം അനുസരിച്ചും അഭിപ്രായഭേദം വരാം. അതിനാൽ സർവ്വസമ്മതങ്ങളായ ശൈലികളെ മാത്രമേ വിദ്യാർത്ഥികൾ ഉപയോഗിക്കാവൂ. അലങ്കാരശാസ്ത്രപ്രസിദ്ധങ്ങളായ ലക്ഷണം, വ്യഞ്ജനം എന്ന വൃത്തികളെക്കൊണ്ട് ഏതുകളുടെ അർത്ഥഭേദത്തിന് ഉപപത്തി കല്പിക്കാമോ അങ്ങനെയുള്ള ശൈലികളെല്ലാം ഗ്രാമ്യദോഷമില്ലാത്തവയാണെന്നുതന്നെ വിചാരിക്കാം. ലക്ഷ്യമോ വ്യംഗ്യമോ ആയ അർത്ഥം അസഭ്യമാണെങ്കിലേ അവയ്ക്കു ദോഷമുള്ളു.

ഇനി ഇന്ന പദത്തിന് ഇന്നയർത്ഥം എന്നു പൊതുവെ ഒരു സങ്കേതമുള്ളതുപോലെ ഇന്ന പദങ്ങൾ ചേർന്ന വാചകത്തിന് എന്നൊരു സങ്കേതം ചില സമുദായക്കാർ മാത്രം ചേർന്നു കല്പിച്ചിട്ടുണ്ടായതായി ചില ശൈലികളുണ്ട്. അവയിൽ മിക്കതും സഭ്യങ്ങളല്ലെന്നാണ് ഈ ഗ്രന്ഥകാരന്റെ അഭിപ്രായം. 'തട്ടിമൂളിക്കുക', 'വെച്ചടിക്കുക', 'കമ്പി നീട്ടുക' മുതലായ ശൈലികൾ സർവ്വസമ്മതം ലഭിക്കുന്നതുവരെ ഗ്രാമ്യശൈലികളുടെ കൂട്ടത്തിൽത്തന്നെ ഗണിക്കപ്പെടും.

'കഷ്ടം വെച്ചങ്ങു നിന്നു പിതൃപതിതനയൻ വായുജൻ കൈകുടഞ്ഞു
... ... ...
പെട്ടെന്നിങ്ങോട്ടു ഞാനും തവ കഴലിണ കണ്ടീടുവാൻ വെച്ചടിച്ചു'
എന്നു കുഞ്ചുക്കുട്ടൻ തമ്പുരാൻ അവർകളും,

'എന്തോ കഥിക്കുന്നിതു നീയിടഞ്ഞാലെന്താണ തേങ്ങാക്കുലയാണെ
നിക്കു്
നിലയ്ക്കാത്ത മോഹം നിനച്ചങ്ങിടഞ്ഞാലുലക്കേടെ മൂടാണെനിക്കെത്തു
ചേതം'

എന്നു വെണ്മണിമകനും പ്രയോഗിച്ചിട്ടുള്ളതു് കവിനിബദ്ധനീചപാത്രമായ വക്താവിന്റെ തന്മയത്വം വരുത്താൻ വേണ്ടിയാണെന്നു സമാധാനപ്പെടണം.

## ശൈലികൾ

### എ. സഭ്യങ്ങളായിട്ടുള്ളവ

അർദ്ധരാത്രിക്കു കുടപിടിക്കുക = അനാവശ്യമായി ആഡംബരം ചെയ്ക

അഴകിയ രാവണൻ = വേഷം കെട്ടി സൌന്ദര്യമുണ്ടാക്കുന്നവൻ

ആനച്ചന്തം= ആകെക്കൂടിയുള്ള ഒരഴക്

ഇരയിട്ടു മീൻ പിടിക്കുക = അധികലാഭമുദ്ദേശിച്ചു് സ്വല്പമായ ചെലവു ചെയ്ക

ഇരുട്ടുകൊണ്ടു് ഓട്ടയടയ്ക്ക = തൽക്കാലത്തേക്കു പ്രതിവിധി ചെയ്ക

ഇരുതലമൂരി = വിരുദ്ധകക്ഷികൾ രണ്ടിലും ചേരുന്നവൻ

ഇലയിട്ടു ചവിട്ടുക = അറിഞ്ഞുകൊണ്ടു തെറ്റു ചെയ്ക

ഉണ്ട ചോറ്റിൽ കല്ലിടുക = കൃതഘ്നത കാണിക്ക

ഏട്ടുകെട്ടി = പഠിത്തം മതിയാക്കുക, നിറുത്തുക

കടുവാക്കൂട്ടിൽ തലയിടുക = സാഹസം പ്രവർത്തിക്കുക

കഥ കഴിഞ്ഞു = അവസാനിക്ക, മരിക്ക

കതിരിന്മേൽ വളം വയ്ക്കുക = കാലം തെറ്റി പ്രവർത്തിക്കുക

കണ്ണിലുണ്ണി = പ്രിയപ്പെട്ട ആൾ

കച്ചകെട്ടിയിറങ്ങുക = തുനിയുക

കണ്ണിൽ മണ്ണിടുക = വഞ്ചിക്ക

കയ്യാലപ്പുറത്തെത്തേങ്ങ = ഇരുകക്ഷികളിൽ ഏതിൽ ചേരണമെന്നു സന്ദേഹിച്ചു കൊണ്ടിരിക്കുന്ന ആൾ

കലാശിക്ക = അവസാനിക്ക

കാലു പിടിക്ക = അഭിമാനം വിട്ടു സേവിക്ക

കായംകുളംവാൾ = ഇരുകക്ഷികളിലും തരം പോലെ ചേരുന്ന ആൾ

കാപ്പുകെട്ടുക = ഒരുങ്ങിയിരിക്ക

കുടത്തിലെ വിളക്ക് = ഘടദീപം, ഒതുങ്ങിയിരിക്കുന്ന ആൾ, പ്രസരിപ്പില്ലാത്ത ആൾ

ഗണപതിക്കു കുറിക്കുക = ആരംഭിക്കുക

ചായം തേയ്ക്കുക = തൽക്കാലശോഭയുണ്ടാക്കുക

ചെവിയിലോത്തു കഴിക്കുക = നുണപറക

തലതാഴ്ത്തുക = ഗർവ്വുശമിക്ക

തലയിലെഴുത്ത് = ഈശ്വരവിധി, ഭാഗ്യം

തലയിൽക്കെട്ടിവെയ്ക്ക = പിടിച്ചേൽപ്പിക്കുക

തിരപ്പുറപ്പാട് = ആഡംബരം

തെക്കോട്ടു പോക = മരിക്ക

ദീപാളികുളിക്കുക = ദുർവ്വ്യയംചെയ്തു ദരിദ്രനാകുക

ധനാശിപാടുക = അവസാനിക്ക

നളപാകം = അന്യൂനാതിരിക്തം

നാരദൻ = ഏഷണിക്കാരൻ

നക്ഷത്രമെണ്ണിക്കുക = ക്ലേശിക്കുക

പച്ചച്ചിരി ചിരിക്കുക = വിഡ്ഢിയാവുക

പൊടിപ്പും തൊങ്ങലും വെയ്ക്കുക = കൃത്രിമശോഭയുണ്ടാക്കുക, അതിശയോക്തി ചെയ്ക

പൊടിയിട്ടു വിളക്കുക = ഇല്ലാത്ത ഭംഗിയുണ്ടാക്കുക

ഭഗീരഥപ്രയത്നം = മഹാക്ലേശം

മർക്കടമുഷ്ടി പിടിക്കുക = ശാഠ്യം പിടിക്കുക

മറയെടുക്കുക = തുറന്നു സ്പഷ്ടമായ് പ്രവർത്തിക്കുക

രസച്ചരടു പൊട്ടുക = മദ്ധ്യേ നീരസം തോന്നുക

വെട്ടൊന്ന് മുറി രണ്ട് = വിട്ടുവീഴ്ചയില്ലായ്ക

വെടിപൊട്ടിക്ക = വാസ്തവമറിയാതെ പറക

വെള്ളത്തിലെഴുതിയത് = വ്യർത്ഥം

വേരു തോണ്ടുക = നിർമ്മൂലനം ചെയ്ക

വേലി തന്നെ വിളവു തിന്നുക = സ്വപക്ഷഹാനി വരുത്തുക

ശ്ലോകത്തിൽ കഴിക്ക = അതിയായി സംഗ്രഹിക്ക

സുഗ്രീവാജ്ഞ = നിർദ്ദാക്ഷിണ്യമായ വരുതി

## ബി. ഗ്രാമ്യങ്ങളായുള്ളവ

അറുത്ത കൈക്ക് ഉപ്പിടാതിരിക്ക = നിർദ്ദാക്ഷിണ്യമായിരിക്ക
ആർക്കാനും വേണ്ടി ഓക്കാനിക്ക = മനസ്സില്ലാതെ പ്രവർത്തിക്ക
ഉപ്പുകൂട്ടിത്തിന്നുക = കൃതജ്ഞത കാണിക്കുക
ഊഴിയം നടത്തുക = വല്ലവിധവും കാട്ടിക്കൂട്ടുക
ഒൻപതാമുത്സവം = കമ്പം, ബുദ്ധിക്കു സ്ഥിരമില്ലാത്തവൻ
കരണം മറിയുക = ബുദ്ധിമുട്ടുക
കടപ്പുറത്തിന്റെ താക്കോല് = ഭ്രാന്തൻ
കമ്പി നീട്ടുക = ഓടിക്കളക
കടിപിടി കൂട്ടുക = ശണ്ഠപിടിപ്പിക്ക
കമ്പം പൊട്ടിക്കുക = വല്ലതും വിളിച്ചുപറക
കിണ്ടം പിണയുക = അബദ്ധം പറ്റുക
കുളം കോരിക്കുക = നശിപ്പിക്കുക
കുഴിയിൽ ചാടിക്കുക = ചതിക്കുക
കുഴി തോണ്ടുക = ഗൂഢമായി ദ്രോഹിക്ക
കുരയ്ക്കുക = അർത്ഥമില്ലാതെ സംസാരിക്ക
കൊണ്ടുപിടിക്കുക = ഘോഷിക്കുക
ഗോപി തൊട്ടുവിക്ക = ചതിച്ച് അപഹരിക്ക
ചരടു മുറുക്കുക = ശണ്ഠ ബലപ്പെടുത്തുക
ചങ്ങിലി പാടിക്കുക = വശംവദനാക്കുക
ചിരട്ട എടുക്കുക = ദരിദ്രനാകുക
ചീട്ടുകീറുക = അവസാനിക്ക, മരിക്ക
ചെണ്ട കൊട്ടിക്കുക = പതിക്കുക
തലയിലെടുത്തു വെയ്ക്കുക = ലാളിക്കുക
തട്ടിമൂളിക്കുക = കൂസാതെ പ്രവർത്തിക്കുക
താളം ചവിട്ടുക = ക്ലേശിക്ക
തിണ്ടാടുക = കഷ്ടപ്പെടുക
തിരുമുമ്പിൽ തവണ = സേവ പിടിക്ക
നമസ്തേന്ന് = ആദ്യമായി, നടാടെ

നട്ടംതിരിക്കുക = കഷ്ടപ്പെടുത്തുക

നിന്റെ എട്ടല്ല എന്റെ പത്തു് = നിന്റെ വരുതി കേൾക്കേണ്ടവനല്ല ഞാൻ

പമ്പരം ചുറ്റിക്കുക = അതിയായി ക്ലേശിപ്പിക്ക

പമ്പ കടക്കുക = ഓടിക്കളക

പറ്റിച്ചുവിടുക = ചതിക്ക

പച്ചവെള്ളം ചവച്ചു കുടിക്കുക = അധികം സാധുവായിപ്പോകുക

പുറകിൽ കുഴി തോണ്ടുക = ഗൂഢമായി വഞ്ചിക്കുക

പുളിശ്ശേരി വയ്ക്കുക = നശിക്കുക

പൂച്ച പാൽ കുടിക്കുംവണ്ണം = ആരും അറിഞ്ഞില്ലെന്നു നടിക്ക

പൊടിപൂരം = വലിയ ആഘോഷം

മല മറിക്കുക = മടവേല ചെയ്ക

മുഖത്തു കരി തേക്കുക = ലജ്ജിപ്പിക്കുക

മൊന്തൻപഴം = വ്യഥാസ്ഥൂലം, കാര്യത്തിനു കൊള്ളാത്തയാൾ

വടക്കുപുറത്തു കിടക്കുക = ആശ്രയിച്ചു കാലം കഴിക്കുക

വാലു പിടിക്കുക = പിന്നാലെ പോക

വായിൽ മണ്ണിടുക = ഗതിയില്ലാതാക്കുക

വിരിശംപഴം = കാര്യത്തിനു കൊള്ളാത്തയാൾ

വെച്ച വെള്ളം വാങ്ങുക = പ്രയത്നം നിറുത്തിവയ്ക്കുക

ശതകം ചൊല്ലിക്കുക = കഷ്ടപ്പെടുത്തുക

ശിങ്കി കളിപ്പിക്കുക = വശം വദനാക്കുക

ശ്വാസം മുട്ടിക്കുക = ബുദ്ധിമുട്ടിക്കുക

ഹരഹര ചൊല്ലിക്കുക = ഖേദിപ്പിക്കുക

ഹരിശ്ചന്ദ്രനാകുക = സത്യനിഷ്ഠനടിക്കുക.

[*ഈ അടയാളം ഇട്ടവ സഭ്യങ്ങളായി തുടങ്ങിയിട്ടുണ്ടു്.]

ഈ പ്രസംഗത്തിൽ വിദ്യാർത്ഥികൾക്കൊരുപദേശം ചെയ്യേണ്ടതുണ്ടു്. നമ്മുടെ ഇടയിൽ പ്രമാണം തേടുന്ന സ്വഭാവം കുറെ കവിഞ്ഞുപോയിരിക്കുന്നു. ഏതു കുറ്റത്തിനും ഒരു പ്രമാണം കാണിച്ചാൽ സമാധാനമായി. ആ പ്രമാണവചനം ഒരു സംസ്കൃതശ്ലോകരൂപമായാലോ പിന്നെ സംശയിക്കാനില്ല. ഒരു കുട്ടിയോടു കള്ളം പറഞ്ഞതു ശരിയായില്ല എന്നുപദേശിച്ചാൽ അവൻ,

"സ്ത്രീഷു നർമ്മവിവാദേ ച വൃത്യർത്ഥേ പ്രാണസങ്കടേ,
ഗോബ്രാഹ്മണഹിതേ ചാപി നാനൃതം സ്യാജ്ജുഗുപ്സിതം"

എന്നു പ്രമാണം ചൊല്ലി ഉപദേശിക്കുന്നവനെ മടക്കാൻ നോക്കും. പ്രമാണവചനം ഏതു സദർഭത്തിൽ എന്തുദ്ദേശത്തിൻപേരിൽ ഏർപ്പെട്ടതാണെന്നുള്ള വിചാരം ലേശമില്ല. അതുപോലെതന്നെ ശ്ലോകമെഴുതുന്നവനോട് ശ്ലോകത്തിലെ ഒരു പ്രയോഗം ശരിയായോ എന്നു ചോദിച്ചാൽ അവൻ ഇന്ന കവി ഈവിധം പ്രയോഗിച്ചിട്ടുണ്ടെന്ന് ഒരു പ്രസിദ്ധകവിയുടെ പ്രയോഗം എടുത്ത് ഉദ്ധരിക്കും. സന്ദർഭം രണ്ടും യോജിക്കുന്നോ എന്നു നോക്കുക പതിവില്ല. പ്രയോഗങ്ങളുടെ സാധുത്വവും അസാധുത്വവും നിർണ്ണയിക്കുന്നത് മഹാകവിപ്രയോഗംകൊണ്ടെന്നുള്ളതിലേക്ക് ആർക്കും തർക്കമില്ല; വിശേഷപ്രയോഗങ്ങളെ നല്ല കൃതികൾ വായിക്കുമ്പോൾ ധരിച്ചുവെയ്ക്കുകയും വേണ്ടതുതന്നെ. എന്നാൽ അതുകളുടെ ശരിയായ അർത്ഥവും, അതുകളെ പ്രയോഗിക്കാനുള്ള അവസരവുംകൂടി ശ്രദ്ധിച്ചു ഗ്രഹിക്കണം. എന്നുമാത്രമല്ല, ചില സംഗതികൾ പ്രാമാണികന്മാർ ചെയ്താൽ ശരി, മോശക്കാർ ചെയ്താൽ തെറ്റ് എന്നും വരാം. 'എന്തും ചെയ്യാം മഹതാം' എന്നൊരു പ്രമാണമുണ്ടല്ലോ. അതിനാൽ കാളിദാസനോ വെണ്മണിയോ ഒരു വിലക്ഷണപ്രയോഗം ചെയ്തിരുന്നാൽ അതിനെ പ്രമാണമാക്കി ഒരു വിദ്യാർത്ഥിക്ക് അതിൻപ്രകാരം പ്രയോഗിക്കുന്നതിന് അധികാരമില്ലെന്നും ഓർക്കണം. ശ്രീകൃഷ്ണൻ രാസക്രീഡ ചെയ്യുന്നുവെന്നു പറഞ്ഞു് ഒരുവൻ ഇന്ന് വല്ല അസഭ്യപ്രവൃത്തിയും ചെയ്‌വാൻ പുറപ്പെടുന്നതായാൽ ശ്രീകൃഷ്ണൻ ചെയ്തതുപോലെതന്നെ കാളിയമർദ്ദനവും ഗോവർദ്ധനോദ്ധാരണവും കൂടി നിർവ്വഹിക്കാൻ അവന് ഒരുക്കം വേണം.

## നീചം:

എല്ലാ സമുദായങ്ങളിലും വിഭവം, സ്ഥാനമാനം, അവസ്ഥ മുതലായതിൽ ഉള്ള വ്യത്യാസം കൊണ്ട് ഉയർന്നവർ എന്നും താഴ്ന്നവർ എന്നും സംഘഭേദമുണ്ടല്ലോ. ഈ ഭേദം അതാതു സംഘക്കാർ ഉപയോഗിക്കുന്ന ഭാഷയിലും ഉണ്ട്. ചില പദങ്ങളും വാചകങ്ങളും എളിയോരുടെ ഇടയിൽ മാത്രം പ്രചാരമുള്ളവയായിട്ടുണ്ട്. ഇവയാണു നീചം എന്ന വിഭാഗത്തിലുൾപ്പെടുന്നത്.

നീചം – ഉത്തമം

എൻ – ഞാൻ

ദിവസി – ദിവസം

തോനേ – അധികം

ഉമ്മിണി ഇച്ചിരി ഇത്തിരി – അല്പം

അമ്മയിന്റെ – അമ്മയുടെ

എന്തിരു – എന്തൊരു

പറഞ്ഞേയ്തു – പറകയേ ചെയ്തു

നീചം – ഉത്തമം

ആനേനേം കൊണ്ടു – ആനയെക്കൊണ്ടു

വേലിയേനേം പൊളിച്ചു – വേലി പൊളിപ്പി ച്ചു

കൈതേനേം എടുപ്പിച്ചു – കൈതയെടുപ്പിച്ചു

തോന്നിയേനേം പറഞ്ഞു പോയി – തോന്നിയതും പറഞ്ഞുപോയി.

നീചഭാഷ നീചപാത്രങ്ങളെക്കൊണ്ടു പറയിച്ചാൽ ഗുണമായിരിക്കും. ഇങ്ങനെ ചെയ്യുന്നതിൽ നമ്പ്യാർക്കു വളരെ സാമർത്ഥ്യമുണ്ട്. എന്നാൽ ഈ പരിചയത്താൽ അദ്ദേഹം കവിവാക്യങ്ങളിലും ചിലേടത്തു നീചപ്രയോഗങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. പ്രൌഢിയേറിയ സംഗതികളിൽ നീചഭാഷ അത്യന്തം ദോഷമായിരിക്കും.

## അഭ്യാസം

താഴെ കാണുന്നവയിൽ ശബ്ദശുദ്ധി പരീക്ഷിക്കുക:

1. (എ) സൌന്ദര്യനിരൂപണം: കാണുന്ന ക്ഷണത്തിൽ ഒരു വസ്തു മനസ്സിനെ എങ്ങനെ മോഹിപ്പിക്കുന്നുവോ അതുപോലെതന്നെ എല്ലായ്പ്പോഴും എത്രനേരമെങ്കിലും നോക്കിയാലും മനസ്സിനു കണ്ടതു പോരെന്നുള്ള മോഹം ഉണ്ടാക്കിച്ചുകൊണ്ടേ ഇരിക്കണം.

— ഇന്ദുലേഖ

(ബി) ഒരു നാട്ടുകാര്യസ്ഥന്റെ കോപം: തനിക്ക് ആ ചെറുപ്പക്കാരന്റെ ചെകിട്ടത്തു രണ്ടു കൊടുക്കണമെന്ന് ആഗ്രഹം ഉണ്ടായിരുന്നു. പക്ഷേ, വയോധിക്യത്താൽ തന്റെ അപ്പോഴത്തെ ദൌർബ്ബല്യതയും ചെറുപ്പക്കാരന്റെ ദേഹമിടുക്കും മാത്രം ഓർത്തു ദേഷ്യത്തെ അടക്കിവയ്ക്കേണ്ടിവന്നു.

— ശാരദ

(സി) പ്രശ്നക്കാരനോടുള്ള ചോദ്യം: അത്രമാത്രം വിശേഷത കാണുന്നുണ്ട് പ്രശ്നവശാൽ ഇല്ലേ പണിക്കരേ?

— ശാരദ

(ഡി) പ്രശ്നഫലം: ലഗ്നത്തിൽ ശനിയും അഞ്ചിൽ ചൊവ്വയും വന്നതുകൊണ്ട് ഈ ലഗ്നത്തിനു പരാജയം. തോൽമ ഭവിക്കുമെന്നു മാത്രമല്ല, പക്ഷെ, അതുനിമിത്തം വല്ല ഉന്മാദമോ ചിത്തഭ്രമമോ കൂടി ഉണ്ടാവാൻ ഇടയുള്ളതായിട്ടാണു വിചാരിക്കേണ്ടത്.

— ശാരദ

(ഇ) ദൈവൈക്യം: പൂർവകാലത്ത് ഋഷികളും മുനികളും അനുസരിച്ചുവന്ന മതം നിങ്ങൾ കൈവിടുകയോ മാറ്റുകയോ ചെയ്യരുത്. ഏതു നാമധേയം ചൊല്ലി ആരാധിച്ചാലും ദൈവം ഏകനേയുള്ളു. നിങ്ങൾ അദ്ദേഹത്തിന്റെ പല ഗുണങ്ങളുമെടുത്ത് അവയുടെ ചിഹ്നങ്ങളായി ക്ഷേത്രങ്ങളുണ്ടാക്കി വെവ്വേറെ

പൂജിക്കുന്നു. അതുകൊണ്ടു വിരോധമില്ല. എന്നാൽ ഈശ്വരൻ ശൈലാഗ്രങ്ങളിലോ, ചലിച്ചുകൊണ്ടിരിക്കുന്ന വൃക്ഷശാഖകളിലോ മാത്രമല്ല അധിവസിക്കുന്നതു്. എന്നാൽ അദ്ദേഹം അവിടങ്ങളിലും മറ്റെല്ലാ ദിക്കുകളിലും സർവ്വവ്യാപിയാണു്.

— രാജകഥകൾ

2. (എ) കാര്യസ്ഥന്റെ മറുപടി: രാമൻ എന്നു പേരുവച്ചു് എഴുതിയ ആൾക്കു് അയക്കുന്ന മറുപടി: രാമന്റെ കത്തിനെ നാം ഇതിനാൽ നിഷേധിച്ചിരിക്കുന്നു. രാമന്റെ കത്തിൽ പറയുന്ന സകലസംഗതികളും വെവ്വേറെ വേവ്വേറെ ആയും എല്ലാം കൂടിയും ഇതിനാൽ നിഷേധിച്ചിരിക്കുന്നു. കല്യാണി എന്ന ഒരു സ്ത്രീ നമ്മുടെ എടത്തിൽ നിന്നു നാടുവിട്ടുപോയിട്ടില്ലെന്നു് ഇതിനാൽ നിഷേധിക്കുന്നു. രാമൻ ആ സ്ത്രീയുടെ ഭർത്താവല്ലെന്നു് ഇതിനാൽ നിഷേധിക്കുന്നു. ശാരദ എന്നുപേരായി ആ സ്ത്രീയിൽ രാമനു് ഒരു കുട്ടി ഉണ്ടായിട്ടില്ലെന്നു് ഇതിനാൽ നിഷേധിക്കുന്നു. ആ കുട്ടിക്കു് ഇടത്തിലെ സ്വത്തിന്മേൽ യാതൊരവകാശവും ഉണ്ടാവാൻപാടില്ലെന്നു് ഇതിനാൽ നിഷേധിക്കുന്നു. കാര്യം ഇങ്ങനെ ഇരിക്കേ രാമൻ നമ്മുടെ മേൽ വല്ല വ്യവഹാരവും കൊടുത്താൽ ആ വ്യവഹാരത്തിൽ രാമനുണ്ടാകുന്ന സകല ചിലവുകളും രാമൻ സഹിക്കേണ്ടതും നമുക്കുണ്ടാകുന്ന സകല ചിലവുകളും രാമൻ തരേണ്ടതും ആണെന്നു് ഇതിനാൽ അറിയിച്ചിരിക്കുന്നു.

— ശാരദ

(ബി) ആതിഥ്യസ്വീകാരം: രാജകുമാരി - എന്റെ ഹിതത്തിനു വിരുദ്ധമായും ബലാൽക്കാരമായും ഞാൻ വഹിക്കുന്ന ഈ സൽക്കാരത്തിനു ഞാൻ ആർക്കാണു കടപ്പെട്ടിരിക്കുന്നതു്.

— മഹാരാഷ്ട്രനായകൻ

(സി) വന്ദനം:

താമരസാക്ഷന്റെ മെത്തേടെ താഴത്തു
താങ്ങിക്കിടക്കുന്നവനെച്ചുമക്കുന്ന
വമ്പന്റെ കൊമ്പന്റെ കൊമ്പൊന്നൊടിച്ചോന്റെ
ജ്യേഷ്ഠനെപ്പേടിച്ചു നാട്ടീന്നു പോയോന്റെ
ചാട്ടിന്റെ കുട്ടിന്റെ കോട്ടം തിമർപ്പവ-
നണ്ണിക്കഴുത്തറത്തോരു പുരുഷനെ-
ന്നുള്ളിൽ തെളിവൊടു വന്നു തുണയ്ക്കണം.

— കല്യാണസൌഗന്ധികം തുള്ളൽ

3. ഈശ്വരസ്തുതി

മുട്ടാതെയെന്നുമൊരു പട്ടാട തന്നെ തവ
കിട്ടാത്തതോ പശുപതേ!

കേട്ടാലുമെന്തു ബത കാട്ടാനതന്റെ തുകിൽ
കെട്ടാനരയ്ക്കു കുതുകം
പിട്ടായൊരിക്കലൊരു കാട്ടാളവേഷമതു
കെട്ടാൻ തുനിഞ്ഞതു വശാൽ
മട്ടായതെന്നുമയി കാട്ടാനിതെന്തുകൊതി
പട്ടാങ്ങതാരുമറിയാ.

— ഭാഷാഭൂഷണം

4. (എ) ഒറ്റശ്ലോകം

മോറങ്ങേറെ വിയർക്കിണോ വിശറിണോ
വീശ്വാളണോ വീശണോ
ഏർന്നേരായി വിശക്ക്ണതില്ലയോ വൃഥാ
കുർത്തുക്ക്ണതെന്തേ ഭവാൻ
നാർണ്ണോന്നുണിനു ചോറണോഥ കറിണോ
കണ്യങ്ങ്ണോ കപ്പലണോ
നേരേ ചൊൽക മടിച്ചിടാതെ മുഴുവൻ
മാഴ്കാതെ നൽകീടുവേൻ.

— മലയാളമനോരമ

(ബി) നീചപാത്രങ്ങളുടെ സംഭാഷണം

ചിന്നു: എന്തരപ്പി കയ്യില്, അക്കൻ എങ്ങു പിയ്യീ?

കാർത്തി: അക്കനെ അങ്ങേതി അപ്പിക്കു കണ്ടൂട പോലും; അക്കൻ വരിണേ ഇല്ലെന്നു ചെല്ലി.

ചിന്നു: ആ തോറപ്പേടെ പാവവും പെനത്തിരട്ടിയുംകൊണ്ട് പോവുടാൻ പറ. അവളെ കണ്ടാലും പിന്നെ.

കർത്തി: പിന്നേ പിന്നേ എന്തരു ചൊല്ലിണത്. ഒരു പട്ടരെ കിട്ടിയപ്പം അങ്ങേതിക്കാരെ തന്തരിപ്പം ഒന്നും പിന്നെ - ങ്ങ്യേ ഏ.

ചിന്നു: മറയത്തുപാട്ട് ആ ചൂല്.

(സി) പുടവകൊട: എന്തരു പറയണതവിടെ എന്റെ കാളിയക്കോ! കൊട്ടും, കൊരവയും, പിള്ളേരും, പിരുക്കട്ടിയും, നാഗവതരും, ഭാവസൊരവും, വായനയും, വച്ചോരുക്കം, അങ്ങുന്നമ്മാരും, കൊച്ചമ്മമാരും, വീയേകളും, വടക്കരും, പിടാകക്കാരും, ബോലീസുകാരും, പെനസലിമാരും, ദൊരാമ്മമാരും, തമ്പുരാന്റെ രാച്യത്തു അങ്ങുതൊട്ടു അലവട്ടറവരേയുള്ള എല്ലാം കൂടി അക്രമേണവനങ്ങുന്നും, അഞ്ചെട്ടു വീമസേവകന്മാരും തീവെട്ടിപോലെ കോവിന്നൻകുട്ടി മേനവൻ കൊച്ചങ്ങുന്നും വായ്യോടങ്ങളും ഒറ ഒറേ വിളിയും അമ്പമ്പ! അവിടെ

ഒരു പാലാഴിവധനം! പ്രസവങ്ങളും മറ്റും ചെന്നപ്പം അവർക്കൊക്കെ ഒരു പൊളപ്പ്.

— കുറപ്പില്ലാക്കളരി

(ഡി) ചാന്നാന്മാരുടെ സംഭാഷണം:

പിച്ച വണ്ണൂട്ടല്ലൊ, പിച്ചയെ കൊണ്ണില്ലയോടാ?

ഒഴക്കൻ: ഏതു പിച്ചയെടാ മച്ചമ്പീ!

കൊപ്പിളൻ: നോക്കു തെരിയാതിണ്ണോ?

ഒഴക്കൻ: എക്കെ അപ്പിച്ചനാണെ എക്കെ അറിഞ്ചൂടേ.

പോറ്റിയൻ: മാനത്തെ മളയിക്കൂടി വണ്ണൂട്ടാരേ! നണ്ടൻ: പിച്ചയെ അറിഞ്ചെന്നവേണമോ? പിച്ച ചൊല്ലണതേ കേപ്പോം. - മാർത്താണ്ഡവർമ്മ

5. (എ) ഹിമവത്സാനുവിലെ സന്ധ്യാകാലം: അസ്തപർവ്വതനിതംബത്തെ അഭിമുഖീകരിച്ചു ലംബമാനമായ അംബുജബന്ധുബിംബത്തിൽനിന്നും അംബരമദ്ധ്യത്തിൽ വിസൃമരങ്ങളായി ബന്ധൂകബന്ധുരങ്ങളായ കിരണകന്ദളങ്ങൾ ബദരീനാഥക്ഷേത്രത്തിന്റേയും ഹിമാലയമഹാഗിരിയുടെ തുംഗങ്ങളായ ശൃംഗപരമ്പരകളുടേയും അദഭ്രശുഭ്രകളായ ഹിമസംഹതികളിൽ പ്രതിബിംബിച്ചു പ്രകാശിച്ചു. ദാക്ഷിണാത്യനായ ഒരു മന്ദമാരുതൻ സാനുപ്രദേശങ്ങളിൽ സമൃദ്ധങ്ങളായി വളർന്നിരിക്കുന്ന മഹീരുഹങ്ങളിൽ പ്രഭാതാൽപ്രഭൃതി വികസ്വരങ്ങളായി നിൽക്കുന്ന സുരഭിലതൃങ്ങളായ കുസുമങ്ങളുടെ പരിമളധോരണിയെ അധിത്യകകളിലേക്കു പ്രസരിപ്പിച്ചു. ഇപ്രകാരം യാതൊരു വ്യത്യാസവും പ്രതിബന്ധവുമില്ലാതെ സൂര്യരശ്മികൾ ഈ പർവ്വതോപരിഭാഗങ്ങളെ പരഃസഹസ്രം സംവത്സരം ശോഭിപ്പിക്കയും ഈ പുഷ്പങ്ങളുടെ സൌരഭ്യം ഗിരിശിഖരങ്ങളിലേക്ക് ഉൽഗമിക്കയും ചെയ്തുകൊണ്ടിരിക്കവേ ദൂരദേശങ്ങളിൽ ജനങ്ങൾ പരസ്പരം സ്പർദ്ധിച്ചു യുദ്ധങ്ങളിൽ പ്രവർത്തിക്കയും, ബുദ്ധിമാന്മാർ ഈ പ്രപഞ്ചം ഇപ്രകാരം ഇരിക്കുന്നതിന്റെ കാരണത്തേയും ഉദ്ദേശ്യത്തേയും അവധാരണം ചെയ്യുന്നതിനു നിഷ്പ്രയോജനമായി പ്രയത്നപ്പെടുകയും ചെയ്തുവരുന്നു.

(ബി) സ്ത്രീവർണ്ണനം: അവളുടെ ആകൃതി ഏറ്റം ദയനീയമായിരുന്നു. കോമളമായ തലമുടി മണ്ണും പൊടിയും പൊതിഞ്ഞു വിലക്ഷണമായും വെളുത്ത കൈകൾ മുള്ളുകൊണ്ടു കീറി ചോര ഒലിച്ചവയായും വസ്ത്രങ്ങൾ ഉഗ്രമായ കാറ്റേറ്റു കീറിപ്പറഞ്ഞു വള്ളപ്പായ്പോലെയോ കൊടിക്കൂറപോലെയോ ശിഥിലീകൃതങ്ങളായും ഇരുന്നിരുന്നു.

— രാജകഥകൾ

(സി) നായികാവർണ്ണനം: ഈ സ്ഥിതിയിൽ പാറുക്കുട്ടിയുടെ മുഖം ദിനാന്ത്യചിത്രഭാനുവിനെപ്പോലെ കോമളകാന്തിയോടുകൂടി വിലസി!

— മാർത്താണ്ഡവർമ്മ

6. (എ) കുശലപ്രശ്നോത്തരം

ഇല്ലിപ്പോൾ പതിവായി വല്ല കവിതാബന്ധത്തിലുത്സാഹ
മി-
ക്കൊല്ലം കുന്തമെനിക്കു നാടകസഭാകൈകാര്യകർത്തൃത്വവും
അല്ലിത്താർശരസാഹസക്കളരി! മറ്റെല്ലാം യഥാപൂർവമാ-
ണില്ലത്തും സുഖമെന്നതന്നെ പറയാമമ്മാത്തുമമ്മാതിരി.
— ശീവൊള്ളി

നരകവർണ്ണനം

കല്ലും മുള്ളും നിറഞ്ഞോരിടവഴിയിലിഴച്ചിട്ടുരുട്ടുന്നനേരം-
ത്തെല്ലും മുള്ളും നറുങ്ങിശ്ശിവശിവ! ശതകം പാടി ഞാൻ പാ
ടുപെട്ടു,
തെല്ലെന്നെക്കാത്തുകൊണ്ടീടുക മുദിതയമപ്പാതിമെയ്യേ! കനി
ഞ്ഞീ-
ശ്ശല്യം തീർക്കെന്നുറക്കെച്ചില നിലവിളി വാവിട്ടു ഞാൻ
തട്ടിവിട്ടു
— ശീവൊള്ളി

(ബി) ശങ്കുവാശാന്റെ ഉപദേശം: ചണ്ടയും കുട്ടവും നക്കയ്യം. അമ്മ കണ്ണിവൈയ്ക്കുന്ന തെന്തരിനെന്നു പിള്ളയ്ക്കു് അറിയാമല്ലോ. എന്റെ പിള്ളേ ഞാനൊന്നും പറയണില്ലാ. എക്കവനെ കണ്ണമ്പമൊണ്ടല്ലൊ എങ്ങുമില്ലാത്ത ത്തിരി ഒക്കെ വരും.
— മാർത്താണ്ഡവർമ്മ

(സി) ഒരു പ്രാർത്ഥന

മഞ്ഞായിടുന്ന മലതൻ മകളേ! കഴുത്തിൽ
നഞ്ഞാണ്ട മൂപ്പരെ മയക്കിയ കെട്ടിലമ്മേ!
ഇഞ്ഞാൻ നിനക്കടിമ, നിൻ മലർമേനിയെന്റെ
നെഞ്ഞാമരങ്ങിൽ വിളയാടി വിളങ്ങിടേണം.
പൂവമ്പനെന്ന തടിമാടനു വായ്ക്കുവോരുൾ-
പൂവമ്പകറ്റിയവനമ്പൊടു വേട്ട തായേ,
പൂവമ്പഴം തൊഴുത നിൻ തിരുമേനി കാണ്മാൻ
പൂവമ്പതിട്ടടിമലർക്കു വണങ്ങിടുന്നേൻ.
അമ്മേനിമേലരവമാണ്ടവനുള്ള നേത്യാ-
രമ്മേ! കുളുർപ്പനിമലപ്പെരുമാൾക്കിടാവേ!
ചെമ്മേ നിനക്കുടയ ചേവടി താണു കുപ്പം
നമ്മേയുമോർത്തിടുക നല്ലവളല്ലയോ നീ.

അമ്പഞ്ചെഴുന്നവനെ വെന്നൊരു തമ്പുരാന്റെ
കമ്പക്കളിക്കു കഴ നാട്ടിയ കുന്നിൽമാതേ!
ഇമ്പത്തൊടെന്നെയിതുനാൾവരെ നോക്കിടായ്‌വാ-
നെമ്പക്കലെന്തു പിഴയെന്നറിയിക്കുമോ നീ.

— ഒരു നേർച്ച

# 7

## വാക്യശുദ്ധി

### സ്വരൂപം:

തെങ്ങ്, കമുക് മുതലായതുപോലെ വൃക്ഷങ്ങളിൽ ചിലത് ഒറ്റത്തടിയായിട്ടും മാവ്, പിലാവ് മുതലായതുപോലെ മറ്റു ചിലത് ഒറ്റത്തടിയായിവന്ന് ശാഖോപശാഖകളായി പിരിഞ്ഞും, ആ വർഗ്ഗത്തിൽത്തന്നെ ചിലത് അടിമുതൽ പല കവരങ്ങളായിട്ടും കാണുന്നു. വാക്യങ്ങളുടെ സ്വരൂപവും ഇതുപോലെ മൂന്നുവിധത്തിലുണ്ട്. അംഗാംഗീഭാവമില്ലാതെ ഒറ്റയായി നീണ്ടുപോകുന്ന വാക്യം ചൂർണ്ണിക; പല അംഗവാക്യങ്ങളായി പിരിയുന്നതു സങ്കീർണ്ണകം; അംഗാംഗീഭാവം കൂടാതെ പ്രധാനമായിത്തന്നെ പല പിരിവുകളുള്ളതു മഹാവാക്യം. ഓരോന്നിനും ഉദാഹരണം:

1. പ്രഭാതത്തിൽ പക്ഷികൾ ഉണർന്നു പാടുന്നു
2. എണ്ണയ്ക്കു വെള്ളത്തേക്കാൾ കനം കുറയും – ചൂർണ്ണിക.
3. മഴ പെയ്താൽ വിളവു വർദ്ധിക്കും.
4. 'ജ്യേഷ്ഠനിരിക്കവെക്കുരുവംശത്തിൽ ശ്രേഷ്ഠൻ ഞാനെന്നവനുടെ ഭാവം'
   – സങ്കീർണ്ണകം
5. ഇക്കാലത്തു വിദ്യാഭ്യാസത്തിനു വളരെ അഭിവൃദ്ധിയുണ്ടു; എന്നാൽ മതവിശ്വാസത്തിന് അത്രയും കുറവുമുണ്ട്.
6. 'വിജ്ഞന്മാരഭിനന്ദിച്ചേ വിജ്ഞാനം സാധുവായ്‌വരൂ. നല്ല ശിക്ഷ കഴിച്ചോർക്കുമില്ല വിശ്വാസമാത്മനി.' – മഹാവാക്യം.

ഈ മൂന്നുവിധം വാക്യങ്ങൾക്കും അതാതുപയോഗമുണ്ട്. വാക്യരൂപേണ ആണല്ലൊ നമ്മുടെ ഹൃദയത്തിലിരിക്കുന്ന ആശയങ്ങൾ വെളിയിലേക്കു പുറപ്പെടുന്നത്. ആശയത്തിന്റെ സ്വഭാവം അനുസരിച്ചുവേണം, അതിനാൽ വാക്യത്തിന്റെ സ്വരൂപം. അതിലഘുവായ

ആശയത്തെ വെളിപ്പെടുത്തുന്നതിനു ചൂർണ്ണികയും വ്യാമിശ്രമായതിനു സങ്കീർണ്ണകവും നാനാമുഖമായി നീണ്ടുപോകുന്നതിനു മഹാവാക്യവും ഉചിതമായിരിക്കും. അതൊരു സാമാന്യനിയമം എന്നേ ഉള്ളൂ. വേറെയും ഇവയ്ക്കു പല വിനിയോഗങ്ങളുമുണ്ട്; അതെല്ലാം പരിചയംകൊണ്ടു ഗ്രഹിക്കേണ്ടതാകുന്നു. വിവരണങ്ങളുടെയും മറ്റും ഉപസംഹാരത്തിൽ ചൂർണ്ണിക വളരെ ശോഭിക്കും; വ്യാകുലമായി ചിതറിക്കിടക്കുന്ന സംഗതികളെ കൂട്ടിപ്പിടിച്ചു സംഗ്രഹിക്കുന്നതിന് സങ്കീർണ്ണകം ഉതകും; ലക്ഷണം ചെയ്യുന്നതിനും മറ്റും മഹാകാവ്യം നന്ന്.

## ബന്ധം:

ബന്ധം അല്ലെങ്കിൽ കെട്ടുപാടു പ്രമാണിച്ച് വാക്യം രണ്ടുവിധമുണ്ട്; ഗാഢമെന്നും ശിഥിലമെന്നും. ഇടയ്ക്കൊരിടത്തും നിലച്ചുപോകാതെ കടശിവരെ ആകാംക്ഷ തുടർന്നു നിക്കത്തക്കവിധമുള്ള ബന്ധം ഗാഢം; ഇതിനു വിപരീതമായി മദ്ധ്യേ പലേടത്തും അന്വയപൂർത്തി വരാവുന്നവിധം ഏച്ചുകെട്ടി വലിച്ചുനീട്ടിയിട്ടുള്ളതു ശിഥിലം. ഈ വകുപ്പിലെ ആദ്യത്തെ വാക്യം തന്നെ ശിഥിലബന്ധത്തിനുദാഹരണമാകുന്നു. 'വാക്യം രണ്ടുവിധമുണ്ട്.' എന്ന ദിക്കിൽ ആകാംക്ഷ ശമിക്കയാൽ വാക്യം നിന്നുപോകുന്നു. 'ഗാഢമെന്നും ശിഥിലമെന്നും' എന്നുള്ള ശേഷം ഭാഗം ഏച്ചുകെട്ടിയതാണെന്നു സ്പഷ്ടമാകുന്നു. 'ബന്ധം അല്ലെങ്കിൽ കെട്ടുപാടു പ്രമാണിച്ചു ഗാഢമെന്നും ശിഥിലമെന്നും വാക്യം രണ്ടുവിധമുണ്ട്' എന്നു മാറ്റിയാൽ അവസാനംവരെ ആകാംക്ഷ ശമിക്കാതെ നിന്നാൽ ബന്ധം ഗാഢമാകും. നിലച്ചുപോയ ആകാംക്ഷയെ കുത്തിപ്പൊക്കേണ്ടിവരുന്ന അവസ്ഥയ്ക്ക്, ഉത്ഥ്യാപ്യാകാംക്ഷ എന്നു സംസ്കൃതാലങ്കാരികന്മാർ ചെയ്തിട്ടുള്ള പേർ സ്വീകരിക്കുന്ന പക്ഷം ഉത്ഥ്യാപ്യാകാംക്ഷയുള്ള ബന്ധം ശിഥിലം, ഇല്ലാത്തതു ഗാഢം എന്നും ലക്ഷണം രേഖപ്പെടുത്താം. ബന്ധശൈഥില്യം അസ്വാരസ്യകാരണമാകുന്നു. ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കുമെന്നു പ്രസിദ്ധമാണല്ലോ.

മലയാളത്തിലെ വാക്യസ്വരൂപം നോക്കുമ്പോൾ ശിഥിലബന്ധത്തിന് ഏറെ വകയില്ല. 'മുറ്റുവിന' എന്നു വ്യാകരണത്തിൽ പറയുന്ന പ്രധാനക്രിയാപദം കൊണ്ടാണ് പ്രായേണ മലയാളത്തിൽ വാക്യാവസാനം; പ്രധാന ക്രിയാപദം കൊണ്ടാണ് ആകാംക്ഷാപൂർത്തിയും വരുന്നതു്. 'ഹനുമാൻ സീതയെക്കണ്ടു' എന്ന മട്ടിൽ വാക്യത്തിലെ പദക്രമം കർത്താ, കർമ്മം, ക്രിയാപദം എന്നാകയാൽ ക്രിയാപദം പ്രയോഗിച്ചതിനുമേൽ വിശേഷണങ്ങൾ ചേർപ്പാനേ അവകാശമില്ല. എന്നാൽ ഭാഷയിലും ബന്ധശൈഥില്യത്തിനു വേറെ മാർഗ്ഗങ്ങൾ ഉണ്ട്. വാക്യം നിറുത്താവുന്നിടത്തു നിറുത്താതെ 'ഉം' എന്ന സമുച്ചയനിപാതവും 'ഓ' എന്ന വികല്പനിപാതവും കൊണ്ടു നീട്ടിയാലും ശൈഥില്യപ്രതീതിക്കും കുറവില്ല. മലയാളത്തിൽ ക്രിയാസമുച്ചയം മറ്റു ഭാഷകളിലെപ്പോലെ അല്ല. എത്ര ക്രിയകളേയും കർത്തൃകർമ്മാദികാരകങ്ങളെല്ലാം വേറെ വേറെ ആയിരുന്നാലും കൂട്ടിച്ചേർക്കുന്നതിന് അതിൽ സൌകര്യവിശേഷമുണ്ട്. ക്രിയാസമുച്ചയത്തെപ്പറ്റി കേരളപാണിനീയത്തിൽ പറഞ്ഞിരിക്കുന്നതു നോക്കുക. ക്രിയാപദങ്ങളെ എല്ലാം നടുവിനയെച്ചരൂപത്തിലാക്കി 'ഉം' കൊണ്ട് കൂട്ടിച്ചേർത്ത് ഒടുവിൽ 'ചെയ്ക' , 'ഉണ്ടാകുക' മുതലായ സാമാന്യക്രിയകളെ

അനുപ്രയോഗിക്കുന്നതുകൊണ്ടു് അനേകം വാക്യങ്ങളെ ഒന്നുചേർത്തു് ഒരു മഹാകാവ്യമാക്കുന്നതിന് ഒട്ടും പ്രയാസമില്ല. മഹാഭാരതകഥ മുഴുവനും വേണമെങ്കിൽ ഒരു ഒറ്റ വാക്യത്തിനുള്ളിൽ തള്ളിക്കയറ്റാം.

ജ്യേഷ്ഠാനുജന്മാരായ പാണ്ഡുധൃതരാഷ്ട്രന്മാരുടെ പുത്രരായ പഞ്ചപാണ്ഡവരും ദുര്യോധനാദി നൂറ്റുപേരും ബാല്യത്തിൽത്തന്നെ കലഹിക്കയും, ദുഷ്ടനായ ദുര്യോധനൻ പാണ്ഡവരുടെ നല്ലനടത്തയിലും കീർത്തിയിലും അസൂയപ്പെടുകയും, ഒടുവിൽ രാജാവായ ധൃതരാഷ്ട്രർ ഇരുകൂട്ടർക്കും രാജ്യം വിഭജിച്ചുകൊടുത്തു വെവ്വേറെ താമസിപ്പിക്കയും, അതിലും അസഹനനായ ദുര്യോധനൻ തൃപ്തിപ്പെടാതെ പാണ്ഡവരെ അരക്കില്ലത്തിലിട്ടു കൊല്ലാൻ നോക്കി ഫലിക്കാതിരിക്കയും, പാണ്ഡവർ രക്ഷപ്പെട്ടു് പാഞ്ചാലീവിവാഹാനന്തരം രാജ്യഭാരം ലഭിച്ചു രാജസൂയം നടത്തുകയും, ദുര്യോധനൻ അവരുടെ രാജ്യശ്രീ പൊറുക്കാതെ കള്ളച്ചൂതിൽ അവരെ ജയിച്ചു കാട്ടിലേയ്ക്കയയ്ക്കുകയും. . . പരിണാമത്തിൽ പാണ്ഡവന്മാർ ഭാരതയുദ്ധത്തിൽ നൂറ്റുപേരെ എല്ലാം വധിച്ചു് രാജ്യം വാഴുകയും ഉണ്ടായി.

ഇതിൽ കലഹിക്ക, അസൂയപ്പെടുക മുതലായ ഏതു നടുവിനയെച്ചത്തേയും പൂർണ്ണക്രിയയാക്കി വാക്യം നിർത്താവുന്നതാകുന്നു. അങ്ങനെ ചെയ്യാത്തതുകൊണ്ടു് ഏച്ചുകെട്ടിയാലുള്ള അംഭംഗി മാത്രമല്ല, വേറെ ദോഷങ്ങളുമുണ്ടു്. വാക്യങ്ങൾക്കുള്ള പരസ്പരബന്ധം പലവിധമായിരിക്കും. ചിലേടത്തു് പൌർവ്വാപര്യം, മറ്റു ചിലേടത്തു് വിരോധം, അന്യത്ര കാര്യകാരണഭാവം ഇത്യാദി. ഓരോ സംബന്ധവും കാണിക്കുന്നതിനു വേറെ വേറെ ഘടകങ്ങളുമുണ്ടു് —എന്നിട്ടു് പൌർവ്വാപര്യം ദ്യോതിപ്പിക്കുന്നു; എന്നാൽ വിരോധം; അതിനാൽ കാര്യകാരണഭാവം ഇത്യാദി 'ഉം' എന്ന നിപാതംകൊണ്ടു വാക്യങ്ങളെ ചേർക്കുമ്പോൾ ഈ സംബന്ധഭേദങ്ങളെ വേർതിരിച്ചു കാണിക്കാൻ നിർവ്വാഹമില്ല. അനുക്രമംകൊണ്ടു പൌർവ്വാപര്യസംബന്ധം മാത്രം പ്രകാശിപ്പിക്കാം. അപ്പോൾ 'ഉം' കൊണ്ടു ചേർക്കുന്ന സമുച്ചയവാക്യത്തിനുള്ള അസ്വാരസ്യം, പഠിത്തമില്ലാത്തവർ, കഥാകഥനത്തിൽ 'എന്നിട്ടു്', 'എന്നിട്ടു്' എന്നു് ഓരോ വാക്യത്തിനും മദ്ധ്യേ ആവർത്തിക്കുമ്പോൾ തോന്നുന്ന വൈരസ്യത്തിനു തുല്യമാകുന്നു.

സമുച്ചയവാക്യത്തിന് ഇത്രത്തോളം ദോഷങ്ങളും അഭംഗിയും ഉണ്ടെന്നുവരികിലും കാര്യസംബന്ധമായ എഴുത്തുകുത്തുകളിൽ ഈ മാതിരി വാക്യങ്ങൾക്കു് എങ്ങനെയോ പ്രാധാന്യം ലഭിച്ചുകാണുന്നു. കോടതിക്കാർക്കും കച്ചേരിക്കാർക്കും ഇതിൽ വലിയ പക്ഷപാതമുണ്ടു്. ഒരു ഹർജിയോ ഉത്തരവോ എഴുതുന്നതു് ഒറ്റവാക്യത്തിലാകാഞ്ഞാൽ കാര്യത്തിനു ഗൌരവം കുറഞ്ഞുപോകുമെന്നാണു് അവർ വിചാരിക്കുന്നതെന്നു തോന്നുന്നു. ഈ മിഥ്യാഗൌരവത്തിനുവേണ്ടി വലിച്ചുനീട്ടുമ്പോൾ വാക്യത്തിന്റെ ചില ഭാഗങ്ങൾക്കു് അന്വയമില്ലാതെ പോയാലും അവർ വകവെയ്ക്കാറില്ല. എത്രത്തോളം വാക്യം നീട്ടാമോ അത്രത്തോളം എഴുത്തുകാരന്റെ കാര്യസ്ഥത വെളിപ്പെടുമെന്നാണു് അവരുടെ ഭാവം. കാര്യങ്ങളുടെ ഗൌരവലാഘവങ്ങളെപ്പറ്റി അഭിപ്രായം പറയാൻ നമുക്കവകാശമില്ല; എങ്കിലും അന്വയമില്ലാതെ വാക്യമെഴുതുന്നതിനു തങ്ങൾക്കു് അധികാരമുണ്ടെന്നു് അധികാരികൾ നടിച്ചാൽ എതിർവാദം പുറപ്പെടുവിക്കാതിരിക്കാൻ നമുക്കും ക്ഷമ വരുന്നില്ല. സംസ്കൃതഗദ്യകാരന്മാർ

ഓജസ്സിനുവേണ്ടി ദീർഘദീർഘസമാസങ്ങളെ കെട്ടിച്ചേർക്കുന്നതുപോലെയാണ് ഭാഷയിലെ വാചകമെഴുത്തുകാർ. കാര്യസ്ഥതയ്ക്കുവേണ്ടി വാക്യങ്ങളെ നിറുത്താവുന്ന ഘട്ടത്തിൽ നിറുത്താതെ നീട്ടുന്നത്. വിദ്യാർത്ഥികൾ ഈവക ആർഭാടങ്ങളിൽ ഭ്രമിക്കരുത്.

## സന്ധാനം:

ഒരു ചങ്ങലയിൽ കണ്ണികൾക്കുള്ള നിലയാണ് ഒരു ഖണ്ഡികയിൽ വാക്യങ്ങൾക്കുള്ളത്. കണ്ണികൾ തൊടുത്തുയോജിച്ചു നിൽക്കാഞ്ഞാൽ ചങ്ങല ദുർബലമായിപ്പോകുമ്പോലെ വാക്യങ്ങൾ അർത്ഥയോജിപ്പുകൊണ്ടു് കൂട്ടിവിളക്കിയ മട്ടിൽ ഘടിക്കാഞ്ഞാൽ വകുപ്പും ദുർബലമായിപ്പോകും. പദങ്ങളുടെ അവയവങ്ങളായ പ്രകൃതിപ്രത്യയാഗമങ്ങളെ സന്ധികൊണ്ടു യോജിപ്പിക്കാതെ പഠി -പ്പി- ക്ക- ഉന്നു എന്ന മട്ടിൽ ഉച്ചരിച്ചാൽ കാതിന് എത്ര ദുസ്സഹത തോന്നുമോ അത്രയും വാക്യങ്ങളെ സന്ധാനംകൊണ്ടു് അർത്ഥയോജന വരുത്താതെ പ്രയോഗിച്ചാൽ മനസ്സിനും തോന്നും. അതിനാൽ സന്ധാനം എന്നാൽ വാക്യങ്ങൾക്കു തങ്ങളിലുള്ള അർത്ഥയോജനയാകുന്നു. വാക്യത്തിൽ പദങ്ങൾക്കുള്ള പ്രസ്പരസംബന്ധം അന്വയം; വകുപ്പിൽ വാക്യങ്ങൾക്കുള്ളതു സന്ധാനം. ഇതുപോലെ ഗ്രന്ഥത്തിൽ ഖണ്ഡികകൾക്കും പരസ്പരസംബന്ധം ഉണ്ടായിരിക്കണം. അതിനു പ്രത്യേകിച്ചൊരു പേർ ചെയ്യിട്ടാവശ്യമില്ല. ഖണ്ഡികകളുടെ പരസ്പരസംബന്ധത്തിന് 'സന്ധാനം' എന്ന പേർ തന്നെ മതിയാകും. ആകപ്പാടെ 'സന്ധാനം' എന്നാൽ പൂർവ്വാപരസംബന്ധം എന്നു താല്പര്യം.

സന്ധാനം കാണിക്കുന്നതു ഘടകങ്ങളെക്കൊണ്ടും സർവ്വനാമങ്ങളെക്കൊണ്ടും ആകുന്നു. ഘടകങ്ങളുടെ അർത്ഥവിശേഷങ്ങളെപ്പറ്റി മുൻവകുപ്പിൽ പ്രസ്താവിച്ചിട്ടുള്ളതു നോക്കുക. താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങളിൽ സന്ധാനം ചെയ്യുന്ന ഘടകങ്ങളേയും സർവ്വനാമങ്ങളേയും അക്ഷരഭേദം ചെയ്തു കാണിച്ചിരിക്കുന്നു:

ക്ലൈവിന്റെ വരുതിയിൽ 200 ഇംഗ്ലീഷ് ഭടന്മാരും പാശ്ചാത്യരീതിയിൽ ശിക്ഷിതന്മാരായ 300 ശിപായിമാരും വിട്ടുകൊടുക്കപ്പെട്ടു. ഈ ചെറിയ പട്ടാളത്തിൽ ചേർന്നിരുന്ന എട്ട് ഉദ്യോഗസ്ഥന്മാരിൽ രണ്ടുപേർ മാത്രമേ ഒരു സമരാങ്കണത്തിൽ പ്രവേശിച്ചിട്ടുള്ളവരായിട്ടുണ്ടായിരുന്നുള്ളു. നാലുപേർ ക്ലൈവിന്റെ ഉത്സാഹശക്തികൊണ്ടു് തദനുയായികളായി പുറപ്പെട്ട കച്ചവടക്കാരായിരുന്നു. കാലം അപ്പോൾ വർഷർത്തുവായിരുന്നു. എന്നാൽ ക്ലൈവ് ഇടിയും മിന്നലും മാരിയും സഹിച്ചുകൊണ്ടു് ആർക്കാട്ടു കോട്ടവാതിലിൽ എത്തി പ്രാകാരരക്ഷകന്മാർ ഭയാന്ധന്മാരായിട്ടു കോട്ടയെ ഉപേക്ഷിക്കയും ക്ലൈവിന്റെ സൈന്യം അനായാസേന അകത്തു പ്രവേശിക്കയും ചെയ്തു.

എന്നാൽ ശത്രുക്കൾ ഉദാസീനന്മാരായിരിക്കയില്ലെന്നു ക്ലൈവിനു നല്ല ഉറപ്പുണ്ടായിരുന്നു. അയാൾ ഉടൻ തന്നെ ഭക്ഷ്യസാധനങ്ങൾ ശേഖരിക്കാനും, കോട്ട ബലപ്പെടുത്താനും, ഒരു ഉപരോധമുണ്ടാകുന്ന പക്ഷം തടുത്തുനിൽക്കാനും വേണ്ട ഒരുക്കങ്ങൾ ആരംഭിച്ചു. അപ്പോൾ പലായിതന്മാരായ പ്രാകാരരക്ഷികൾ ധൈര്യപ്പെട്ടു് അടുത്തദേശങ്ങളിൽനിന്നു മൂവായിരത്തോളം ഭടന്മാരെ ശേഖരിച്ചുകൊണ്ടു് പ്രബലന്മാരായി തിരിയെ വന്ന് ആ പട്ടണത്തിന്റെ സമീപത്തു കൂടാരം അടിച്ചു. അർദ്ധരാത്രിസമയം ക്ലൈവ് കോട്ടയ്ക്കുള്ളിൽനിന്ന് ഇറങ്ങി

ഝടിതിയായി ശത്രുസൈന്യത്തെ ആക്രമിച്ച് അനേകം ഭടന്മാരെ നിഗ്രഹിക്കയും, ശേഷിച്ചവരെ കാന്ദിശീകന്മാരാക്കി ഓടിക്കയും അക്ഷതമായ നിജസന്യത്തെ തിരിച്ചു കോട്ടയ്ക്കകത്തു കൊണ്ടുപോരുകയും ചെയ്തു.

ഈ സംഗതികളെല്ലാം ഫ്രഞ്ചുകാർ ഒരുമിച്ച് തൃച്ചിനാപ്പള്ളിയെ ഉപരോധിച്ചുകൊണ്ടു താമസിച്ചിരുന്ന ചന്ദാസാഹേബ്ബിന് ഉടൻ അറിവുകിട്ടി. അയാൾ തൽക്ഷണം നിജസന്യത്തിൽനിന്നു നാലായിരം യോധന്മാരെ ആർക്കാട്ടിലേക്ക് അയച്ചു. അവർ ഉടൻതന്നെ ക്ലൈവിനാൽ ഹതശേഷമായ സൈന്യത്തോടു സംഗമിച്ചു. ആ സൈന്യം പിന്നീട് വെല്ലൂരിൽ നിന്നുവന്ന രണ്ടായിരം ഭടന്മാരാലും പാണ്ടിച്ചേരിയിൽനിന്നു ഡ്യൂപ്ലേ അയച്ചുകൊടുത്ത നൂറ്റമ്പതു ഫ്രഞ്ചുയോധന്മാരാലും പോഷിപ്പിക്കപ്പെട്ടു. ഉദ്ദേശം പതിനായിരം ഭടന്മാരാൽ ഉപകല്പിതമായ ഈ മഹാസൈന്യം ചന്ദാസാഹേബ്ബിന്റെ പുത്രനായ രാജാസാഹേബ്ബിന്റെ വരുതിയിൽ യുദ്ധയാത്ര ആരംഭിച്ചു.

പരസ്പരബന്ധമില്ലാത്ത വാക്യസമൂഹം അസംബന്ധമായിരിക്കും. അതിനുദാഹരണം:

> "കായംകുളത്തല്ലോ കടുവായും പുലിയും പെറ്റു
> മൂടിക്കിടന്നോരു മുതുകൈയൻ പറന്നേ പോയി;
> ഗോപുരം നീങ്ങി രണ്ടീച്ച ചത്തു
> വയ്ക്കത്തൊരച്ചിക്കു മീശ വന്നു."

ഇത് കടന്നകൈക്കുള്ള അസംബന്ധമാണ്; വാക്യങ്ങൾ തങ്ങളിൽ യോജിക്കാതിരുന്നാൽ തോന്നുന്ന അസ്വാരസ്യത്തിന്റെ സ്വഭാവം കാണിക്കാൻ മാത്രം വേണ്ടി ഈ പംക്തികളെ ഉദ്ധരിച്ചുവെന്നേയുള്ളൂ.

## വൈചിത്ര്യം:

തിരുവനന്തപുരത്തുനിന്നു തിരുപ്പാണ്ടിവരെ ജലയാത്രയ്ക്കു മാർഗ്ഗമുണ്ട്. ഈ വഴി മുഴുവനും ഒരേ തോടും കരയ്ക്കുള്ള കാഴ്ചയെല്ലാം ഒരേവിധവും ആയിരുന്നാൽ യാത്രക്കാരുടെ കണ്ണിനു വളരെ മുഷിച്ചിലുണ്ടാകുമായിരുന്നു. നിത്യവും ഊണിനുള്ള വട്ടം ഒരേവിധവും കറികളുടെ സ്വാദ് ഒരേ മട്ടിലും ഇരുന്നാൽ ഊണിനു രസം തോന്നുകയില്ല. ഇതുപോലെ ഒരു ഖണ്ഡികയിലെ വാക്യങ്ങളുടെ ഗതി മാറി മാറി വരാഞ്ഞാൽ വായിക്കുന്നവർക്കു ദുസ്സഹത തോന്നും. അതിനാൽ വാക്യങ്ങളെ ഗ്രഥിക്കുന്നത് പല ഭംഗികളിൽ വേണം. ഇതാണ് വൈചിത്ര്യത്തിന്റെ സ്വഭാവം.

ഇംഗ്ലണ്ട് എന്നൊരു രാജ്യമുണ്ട്. അവിടത്തുകാർക്കു കൈത്തൊഴിലിലും കച്ചവടത്തിലും അനിതരസാധാരണമായ സാമർത്ഥ്യം ഉണ്ട്. അദ്ദേശത്തെ രാജാവിന് ഭൂമിയുടെ എല്ലാ ഖണ്ഡങ്ങളിലും രാജ്യമുണ്ട്. അവിടെ പാർലിമെന്റ് എന്നൊരു മഹാസഭയുണ്ട്. ഈ സഭയ്ക്കു സകല രാജ്യകാര്യങ്ങളേയും സ്വേച്ഛപോലെ നടത്താൻ അധികാരമുണ്ട്.

ഇങ്ങനെ ഒരു ഖണ്ഡിക എഴുതിയാൽ എത്ര മുഷിയും എന്നു പറയേണ്ടതില്ലല്ലോ. ഇനി വാക്യങ്ങളുടെ ശയ്യ മാറ്റിനോക്കാം:

ഇംഗ്ലണ്ട് എന്നൊരു രാജ്യമുണ്ട്. അവിടത്തുകാർ കൈത്തൊഴിലിലും കച്ചവടത്തിലും അനിതരസാധാരണമായ സാമർത്ഥ്യം സമ്പാദിച്ചവരാണ്. അദ്ദേശത്തെ രാജാവിനു (സ്വല്പമെങ്കിലും) രാജ്യം ലഭിക്കാതെ ഒരു ഭൂഖണ്ഡവുമില്ല. അവിടെ പാർലിമെന്റ് എന്നൊരു മഹാസഭയുണ്ട്. ഈ സഭ സകല രാജ്യകാര്യങ്ങളേയും സ്വേച്ഛപോലെ നടത്താനുള്ള അധികാരം വഹിക്കുന്നു.

ഇപ്പോൾ വാക്യങ്ങളുടെ രൂപം മാറി മാറി വരികയാൽ മുമ്പിൽ തോന്നിയ മുഷിച്ചിലിന് ഇടയില്ല. ഉണ്ട്, ഇല്ല, അല്ല, ആകുന്നു, ആണ്, അത്രെ, വേണം, ആക്കം, ആകട്ടെ, ആം, അരുത്, ചെയ്യുന്നു, ചെയ്തു, ചെയ്യും ഇത്യാദി ക്രിയാരൂപങ്ങളെ ഇടകലർന്നു പ്രയോഗിച്ചാൽ വൈചിത്ര്യം ഉണ്ടായിരിക്കും. കാര്യസ്ഥന്മാർ വാക്യങ്ങളെ എല്ലാം 'ആകുന്നു' എന്ന് ശ്രമപ്പെട്ടുകാണാറുണ്ട്. ഇതും സമുച്ചയവാക്യം നീട്ടുന്ന കൂട്ടത്തിൽ അനുകരണയോഗ്യമല്ലാത്ത അവരുടെ ഒരു ശയ്യ ആകുന്നു. 'ബി- പ്രമാണത്തിലെ ഈ വാചകംകൊണ്ട് ഇക്കേസിന്റെ സത്യാവസ്ഥ വ്യക്തമാകും' എന്നു പറഞ്ഞാൽ അവർക്കു തൃപ്തിയില്ല. 'വ്യക്തമാകുന്നതാകുന്നു' എന്നു വളച്ചുകെട്ടിയാലേ മതിയാകയുള്ളു.

വാക്യത്തിന്റെ ഗതി ഒന്നുപോലെ എകരൂപമായിരിക്കാതെ മാറി മാറി വരുന്നതിനുള്ള വൈചിത്ര്യത്തെപ്പറ്റിയാണ് ഇതുവരെ പ്രസ്താവിച്ചത്. ഇതിനു ശയ്യാവൈചിത്ര്യം എന്നു പേർ ചെയ്യാം. ഇനി വാക്യത്തിന്റെ ഗ്രഥനത്തിൽത്തന്നെ ചെയ്യാവുന്ന ഭംഗിവൈചിത്ര്യങ്ങളെ വിവരിക്കാം: ചൂർണ്ണിക, സങ്കീർണ്ണകം, മഹാവാക്യം എന്നു മൂന്നുവകയായും ഗാഢബന്ധം, ശ്ലഥബന്ധം എന്നു രണ്ടുവകയായും വിഭജിച്ചിട്ടുള്ള വാക്യങ്ങളെ ഇടകലർത്തി പ്രയോഗിക്കുന്നതുകൊണ്ട് ഒരു ഭംഗിവൈചിത്ര്യമുണ്ടാകാം. എന്നാൽ ഈ ഭംഗിവൈചിത്ര്യം ശയ്യാവൈചിത്ര്യത്തോളം പ്രധാനമല്ല. ചൂർണ്ണികാദികൾ അഞ്ചെട്ടെണ്ണം തുടർന്നു വന്നാലെ അസ്വാരസ്യം തോന്നുകയുള്ളു. ഒരു ഖണ്ഡിക മുഴുവനും ഗാഢബന്ധവാക്യമയമായാലും വൈചിത്ര്യഭാവത്തിന് പ്രതീതിയില്ലാതെവരും.

ഒരേ പദം ഒരേ അർത്ഥത്തിൽ ഒരേ വാക്യത്തിൽത്തന്നെ ഒന്നിലധികം പ്രാവശ്യം ആവർത്തിക്കരുത്. അങ്ങനെ ആവശ്യപ്പെടുന്നിടത്ത് പര്യായങ്ങളെ ഉപയോഗിച്ച് വൈചിത്ര്യം ഉണ്ടാക്കണം. എന്നാൽ ബലത്തിനും മറ്റും വേണ്ടി ഒരേ പദം ആവർത്തിക്കുന്നതു ഗുണമായിട്ടുമുണ്ട്. മുൻവാക്യത്തിൽത്തന്നെ 'ഒരേ' എന്ന വിശേഷണപദം മൂന്നുപ്രാവശ്യം ആവർത്തിച്ചതുകൊണ്ടു ബലം അധികപ്പെടുന്നതേ ഉള്ളു. ഇതുപോലെ 'വിദ്വാന്മാരുടെ വില വിദ്വാന്മാരേ അറിയൂ' ഇത്യാദികളും പദം മാറിക്കൂടാ. ഈവക സ്ഥലങ്ങളിൽ പര്യായമെന്നല്ല, സർവ്വനാമം പോലും ഉപയോഗിച്ചാൽ വാക്യത്തിനു ബലക്ഷയം വരും. എവിടെ രണ്ടു വസ്തുക്കൾക്ക് അത്യന്താഭേദം വിവക്ഷിക്കപ്പെട്ടിരിക്കുന്നു, അവിടെ പദഭേദം ചെയ്തുകൂടാ; അല്ലാത്തിടത്തെല്ലാം ചെയ്കയും വേണം എന്നു സാരം. വർണ്ണനകളിലും മറ്റും ഒരേ വസ്തുവിനെപ്പറ്റി പലതും പ്രസ്താവിക്കേണ്ടി വരും. അപ്പോൾ ആ വസ്തുവിനെ ആദ്യം അതിന്റെ പേരായ നാമപദംകൊണ്ടും, പിന്നീടു സർവ്വനാമംകൊണ്ടുമാണ് പറക പതി

വ്. എന്നാൽ സർവ്വനാമങ്ങളേയും കണക്കില്ലാതെ ആവർത്തിച്ചാൽ നീരസം തോന്നും. അതിനാൽ ഇടയ്ക്കിടക്കു പര്യായങ്ങളും സാമാന്യപദങ്ങളും കൂടി ഉപയോഗിച്ചു വൈചിത്ര്യം സമ്പാദിക്കണം. നാം നളചരിതം കഥ ആഖ്യാനം ചെയ്യുന്നു എന്നിരിക്കട്ടെ; അപ്പോൾ 'നളൻ' എന്നു തന്നെയോ 'അദ്ദേഹം' എന്നോ സർവ്വത്ര ആവർത്തിക്കാതെ 'നിഷധേശ്വരൻ' 'ആ മഹാരാജാവ്' 'ആ ജഗദേകസുന്ദരൻ' 'ഭൈമീകാമുകൻ' 'ഇന്ദ്രദൂതൻ' 'ദമയന്തീപതി' 'കിതവാഗ്രേസരൻ' 'ആ മഹാനുഭാവൻ' 'മഹാധന്യൻ' 'പുരുഷരത്നം' 'ബാഹുകൻ' 'ഋതുപർണ്ണസാരഥി' 'വൈരസേനി' ഇത്യാദി സന്ദർഭാനുസാരേണ പര്യായങ്ങളും വിരുതുപേരുകളും പ്രയോഗിച്ചു വൈചിത്ര്യം ഉണ്ടാക്കാം. ഇതുപോലെ വർണ്ണനകളിൽ ഒരേ ഗുണക്രിയകളെ ആവർത്തിക്കേണ്ടിവന്നാൽ പരാവർത്തനഭംഗികൊണ്ടു വാചകം മാറ്റണം. എങ്ങനെ എന്നാൽ: അനേകം വസ്തുക്കളെ നിഷ്ഫലങ്ങൾ എന്നു പറയേണ്ടിവന്നാൽ 'ഇതിനാലെന്തു ഫലം', 'ഇതു് ഒരിക്കലും സഫലമാകുന്നതല്ല', 'അജാഗളസ്തനത്തിന്റെ അവസ്ഥയാണിതിനു്', 'ഇതു് ഒരു കാര്യത്തിലേക്കും പ്രയോജകമല്ല' ഇത്യാദി വാചകഭേദങ്ങളെ ഉപയോഗിക്കണം.

അത്യന്താഭേദം വിവക്ഷിക്കപ്പെടുന്നിടത്തു പദം മാറിക്കൂടാ എന്നു പറഞ്ഞല്ലോ. അത്യന്താഭേദവിവക്ഷ വരുന്നതു് ഉദ്ദിഷ്ടപ്രതിനിർദ്ദേശത്തിലാണ്. അതിന്റെ സ്വഭാവം ഒരിക്കൽ എടുത്തതിനെത്തന്നെ വീണ്ടും എടുത്തുകാണിക്കുക ആകുന്നു. ഉദ്ദിഷ്ടനാമങ്ങളുടെ പ്രതിനിർദ്ദേശത്തെ മുമ്പുതന്നെ ഉദാഹരിച്ചു. ഭേദകങ്ങളേയും കൃതികളേയും കൂടി ഉദാഹരിക്കാം:

സൂര്യൻ രക്തവർണ്ണനായിട്ടുദിക്കുന്നു; രക്തവർണ്ണനായിത്തന്നെ അസ്തമിക്കയും ചെയ്യുന്നു. മഹത്തുക്കൾക്കു സമ്പത്തിലും വിപത്തിലും ഭാവഭേദമില്ല. 'അടിച്ചവഴിയേ പോയില്ലെങ്കിൽ പോയ വഴിയേ അടിച്ചുകൊൾക.'

## ബന്ധസാജാത്യം:

വിശേഷണം എന്ന വഴിക്കോ കർത്തൃകർമ്മാദി കാരകസംബന്ധമുറയ്ക്കോ ക്രിയാരൂപേണയോ ഒരേ നിലയിൽ നിൽക്കുന്ന വാക്യഭാഗങ്ങളെ വിധം മാറ്റാതെ ഒരേ മാതിരിയിൽത്തന്നെ ചമച്ചാൽ ബന്ധം സജാതീയമായി എന്നു പറയുന്നു. ബന്ധം സജാതീയമായിരിക്കുന്ന അവസ്ഥ ബന്ധസാജാത്യം. എങ്ങനെ എന്നാൽ,

1. 'ഒടിയാത്ത കമ്പിൽ പറിയാത്ത വള്ളി' വിശേഷണങ്ങൾക്കു സാജാത്യം
2. 'മാറാത്ത വ്യാധിക്കു് എത്താത്ത മരുന്നു്' '' "
3. 'പൂച്ചയ്ക്കു വിളയാട്ടു് എലിക്കു പ്രാണാവസ്ഥ' കാരകത്തിനു് സാജാത്യം
4. അരമനയിൽ രഹസ്യം അങ്ങാടിയിൽ പാട്ടു് '' ''
5. 'മുമ്പിൽ ചെന്നാൽ കുത്തും പുറകിൽ ചെന്നാൽ എറിയും' ക്രിയയ്ക്കു് സാജാത്യം.
6. 'അത്താഴം കഴിഞ്ഞാൽ അരക്കാതം നടക്കണം, മുത്താഴം കഴിഞ്ഞാൽ മുള്ളിലും കിടക്കണം' ക്രിയാദികൾക്കു് സാജാത്യം.

പഴഞ്ചൊല്ലുകളിലാണ് ബന്ധസാജാത്യമധികം കാണാറുള്ളത്. അതിനാൽ പഴഞ്ചൊല്ലുകളെത്തന്നെ ഉദാഹരിച്ചു. സജാതീയമായി പ്രതിനിർദ്ദേശിക്കുന്ന പദത്തിനു പ്രാസംകൊണ്ട് അക്ഷരസാമ്യം കൂടി ഇരുന്നാൽ സാജാത്യം അധികം പ്രകാശിക്കും; ഉദാഹരണങ്ങളിൽ അതും ഉണ്ടെന്നു സൂക്ഷിച്ചുനോക്കുക. ഒരുവിധം നോക്കുമ്പോൾ വൈചിത്ര്യത്തിനു വിപരീതമാണു ബന്ധസാജാത്യം; എന്നാൽ ബന്ധസാജാത്യം വാക്യവിഭാഗങ്ങളിലും, വൈചിത്ര്യം പൂർണ്ണവാക്യങ്ങളിലും വ്യവസ്ഥിതമാണെന്നു ഭേദം. രണ്ടു കൈകളിലും ഇടുന്ന വള ജോടി ചേർന്നിരിക്കണം; അതുപോലെയാണ് സാജാത്യത്തിന്റെ നില. ഒരേ ജാതി വള തന്നെ രണ്ടു മൂന്നു ജോടി ധരിച്ചാൽ ഉണ്ടാകുന്നതുപോലെയുള്ള വൈരസ്യമാണു മറ്റതിന്.

ബന്ധസാജാത്യംകൊണ്ടു പലേ പ്രയോജനങ്ങളും സിദ്ധിക്കുന്നു:

(എ) ഓർമ്മിക്കാനുള്ള സൌകര്യം; രണ്ടു വാക്യഭാഗങ്ങളുടേയും ബന്ധം എത്രത്തോളം തങ്ങളിൽ യോജിക്കുന്നുവോ അത്രത്തോളം ഓർമ്മിക്കാൻ എളുപ്പവും വർദ്ധിക്കും. ഉദാഹരണങ്ങളിൽ ആറാമത്തേതു നോക്കുക. ആ വാക്യം 'അത്താഴം കഴിഞ്ഞാൽ കുറേ നടക്കുന്നതുകൊള്ളാം, മുത്താഴത്തിനുശേഷം വിശ്രമിക്കുകയാണു വേണ്ടതു്' എന്നോ മറ്റോ സാജാത്യമില്ലാത്ത വിധത്തിലായാൽ വാക്യത്തിന്റെ ജാത്യം അസ്തമിക്കുന്നു. പഠിച്ച് ഓർമ്മയിൽ വെക്കുന്നതിനു വളരെ ശ്രമവും തോന്നും.

(ബി) ബലം അല്ലെങ്കിൽ ഊർജ്ജസ്സ്: ചില വാക്കുകൾ രാമബാണം പോലെ തൽക്ഷണം കർണ്ണരന്ധ്രത്തിലൂടെ അന്തഃകരണത്തിൽ പ്രവേശിക്കുന്നു. മറ്റു ചിലതു് എത്ര തന്നെ ആഞ്ഞു പ്രയോഗിച്ചാലും ഇരുമ്പുലക്കപോലെ ചതഞ്ഞുകിടക്കുന്നു. തീക്ഷ്ണവേഗമുള്ളതു് ഊർജ്ജസ്വലം, ഇല്ലാത്തതു കുണ്ഠം. ബന്ധസാജാത്യത്താൽ വാക്യത്തിന് ഊർജ്ജസ്സുണ്ടാകും.

## ഉദാഹരണം:

"ആശയെന്നതു മനുഷ്യർക്കു വിശേഷപ്പെട്ട ഒരു ചങ്ങലയാണ്; അതിന്റെ ബന്ധമേറ്റാൽ മണ്ടിയോടും; വിട്ടാൽ അനങ്ങാതെ നിൽക്കും. "ഇവിടെ ബന്ധം വിജാതീയമായിരുന്നെങ്കിൽ വിരോധപ്രതീതിക്കു ബലം വളരെ കുറയുമായിരുന്നു.

(സി) ഉല്ലേഖം, ദൃഷ്ടാന്തം മുതലായ പല അലങ്കാരങ്ങളേയും പ്രകാശിപ്പിക്കുന്നതു ബന്ധസാജാത്യമാകുന്നു. ഭാഷാഭൂഷണത്തിൽ അതുകൾക്കു കൊടുത്തിട്ടുള്ള ഉദാഹരണങ്ങൾ നോക്കുക; ബന്ധസാജാത്യം ഗുണമെന്നു മാത്രമല്ല, അതിന്റെ അഭാവം ചിലേടത്തു് പ്രത്യുത, പ്രക്രമഭംഗം മുതലായ ദോഷവുമുളവാക്കും.

## ഏകാഗ്രത:

വാക്യങ്ങൾക്ക് ഒരു മുന അല്ലെങ്കിൽ പായിന്റു മാത്രമേ ഉണ്ടായിരിക്കാവൂ. ഒരു സംഗതിക്ക് ഒരു വാക്യമെന്നല്ലാതെ പല സംഗതികൾ കലർത്തി വാക്യമെഴുതരുതു്. സംഗതി

മാറുമ്പോൾ വാക്യവും മാറിക്കൊളക. കാര്യസ്ഥന്മാരുടെ സമുച്ചയവാക്യങ്ങളിലാണ് ഏകാഗ്രതയില്ലാത്ത ദോഷം അധികമായിക്കാണുന്നത്. ഒരു കർത്താവുതന്നെ സ്ഥലകാലോദ്ദേശ്യങ്ങൾ മാറ്റാതെ ചെയ്യുന്ന ക്രിയകളെ ഒരു വാക്യത്തിൽ സമുച്ചയിച്ചാൽ ഏകാഗ്രതയ്ക്കു ഹാനി വരികയില്ല. എന്നാൽ മറിച്ച്, സ്ഥലകാലോദ്ദേശങ്ങൾ ഭേദിക്കുന്നിടത്തൊക്കെയും വാക്യം ഏകാഗ്രമല്ലാതെ വരുമെന്ന് അർത്ഥമാക്കുകയുമരുത്.

'അക്ബർ രാജ്യം ഭരിച്ച കാലത്ത് മുകിലാധിപത്യം പ്രബലപ്പെടുത്തുകയും ഹിന്ദുരാജസ്ത്രീകൾ മതാചാരങ്ങൾക്കു ദോഷം വരാതെ ചക്രവർത്തിയുടെ ഭാര്യമായിരിക്കയും, അയിൻ അക്ബറി എന്നൊരു ചരിത്രഗ്രന്ഥം ജനിക്കയും, മതവിഷയസഭകൾ നടക്കയും ചെയ്തു.'

ഈവക വാക്യത്തിൽ അടങ്ങിയ സംഗതികൾ പല സമയങ്ങളിലും പല സ്ഥലങ്ങളിലും നടന്നവയാകുന്നു. നടത്തിയ ആളുകൾക്കും അവരുടെ ഉദ്ദേശ്യങ്ങൾക്കും ഭേദമുണ്ട്. അക്ബറുടെ രാജ്യഭരണകാലത്താണെല്ലാം നടന്നതെന്ന് ഒരു സംബന്ധം മാത്രമേ ഉള്ളൂ. അക്കാലം ദീർഘവുമാണ്. അതിനാൽ ഓരോ സംഗതിയേയും ഓരോ വാക്യം കൊണ്ടു പറഞ്ഞാലേ ഏകാഗ്രത സിദ്ധിക്കയുള്ളൂ.

'എഴുത്തച്ഛൻ തമിഴിന്റെ പിടിയിൽനിന്നു വേർപെടുത്തി ഭാഷയെ ഗ്രന്ഥരചനയ്ക്കുപയോഗിക്കുകയും കുഞ്ചൻനമ്പ്യാർ അതിനുള്ള സഹജവിലാസങ്ങളെ വെളിപ്പെടുത്തുകയും ചമ്പുകാരന്മാർ അതിനെ സംസ്കൃതത്തിന്റെ ദാസിയാക്കുകയും ചെയ്തു.'

ഈ വാക്യം ഭാഷയുടെ ദശാവിശേഷങ്ങളെ സംഗ്രഹിക്കുന്നിടത്ത് ഉപയോഗിക്കയാണെങ്കിൽ സ്ഥലകാലങ്ങൾക്കു ഭേദമിരുന്നാലും ഏകാഗ്രമായിത്തന്നെ ഇരിക്കും.

ഒരു സംഗതിയെ സംബന്ധിച്ചുതന്നെ പല കോടികൾ (പായിന്റുകൾ) പ്രസ്താവിക്കേണ്ടിവരുന്നിടത്ത് സംഗതി മാറുന്നില്ലല്ലോ എന്നുള്ള ഭാവത്തിൽ, എല്ലാ കോടികളെയും ഒരേ സമുച്ചയവാക്യത്തിൽ ചേർക്കുന്നതായാൽ ഏകാഗ്രത ഇല്ലാതെവരുമെന്നു പറഞ്ഞുകൂടെങ്കിലും അങ്ങനെ ചെയ്യുന്നതിൽ വളരെ അഭംഗിയുണ്ട്. ഈ വിധം യുക്തി കൊണ്ടുപോയാൽ വകുപ്പ് (ഖണ്ഡിക) എന്ന വിഭാഗത്തിന് അവകാശമേ ഇല്ലെന്നു വരും. മുൻകാണിച്ച മഹാഭാരതസംഗ്രഹവാക്യത്തിലെപ്പോലെ ക്രിയകളെ മേൽക്കുമേൽ സമുച്ചയിച്ചാൽ ഖണ്ഡികയ്ക്കെന്നല്ല, അദ്ധ്യായമെന്ന് അതിനുപരിയുള്ള വിഭാഗത്തിനും വകയുണ്ടാകുന്നതു സംശയമാണ്. ഒരു വാക്യം തന്നെ ഗ്രന്ഥം എന്നുവരുമ്പോൾ വിഭാഗമൊന്നുമേ വേണ്ടെന്നാകും. ഒരുദാഹരണം കൂടി താഴെ ചേർക്കുന്നു:

'അറിയിപ്പു കിട്ടിയതിൽപ്പിന്നെ ഏഴുദിവസത്തിനകം ബങ്കി അയച്ച ആൾ ബങ്കിയെ ഏറ്റു കൊണ്ടുപോയില്ലെങ്കിൽ അതിനെ പിന്നീട് 21 ദിവസത്തേക്കു കൂടി ആ സ്റ്റേഷനിൽ വെച്ചിരിക്കുന്നതും ആ കാലത്തിനിടയ്ക്കു മേല്പറഞ്ഞ റേറ്റിനു ഡെമറേജുകൂലി ചുമത്തുന്നതും ആ കാലം കഴിഞ്ഞാൽ പിന്നെ ബങ്കിയെ ലേലത്തിൽ വിൽക്കുന്നതും വിറ്റീടായ തുകയിൽനിന്നും സർക്കാരിലേക്കു ചിലവാകുന്ന എല്ലാ ചിലവുകളേയും കുറയ്ക്കുന്നതും പോകെ ബാക്കി വല്ലതും ഉണ്ടായിരുന്നാൽ അതിനെ ബങ്കി അയച്ച ആൾ ഒരു കൊല്ലത്തിനകം അവകാശപ്പെടുന്നുവെങ്കിൽ അയാൾക്കു കൊടുക്കുന്നതിലേക്കായി അതിനെ അനാമത്തുവച്ചിരിക്കുന്നതും

ആ കാലാവധി കഴിഞ്ഞതിൽ പിന്നീടു ഗവർമ്മെന്റിലേക്കു മുതൽക്കൂട്ടുന്നതും ആകുന്നു.

ഈ മഹാവാക്യത്തെ താഴെ കാണിക്കും പ്രകാരം പരിശോധിക്കാം:

'അറിയിപ്പു കിട്ടിയതിൽ പിന്നെ ഏഴുദിവസത്തിനകം ബങ്കി അയച്ച ആൾ അതു് ഏറ്റു കൊണ്ടുപോയില്ലെങ്കിൽ പിന്നീടു് 21 ദിവസത്തേക്കുകൂടി അതു് ആ സ്റ്റേഷനിൽ വച്ചു സൂക്ഷിക്കേണ്ടതാകുന്നു. ആ കാലത്തിനിടയ്ക്കു മേല്പറഞ്ഞ റേറ്റിനു ഡെമറേജുകൂലിയും ചുമത്തപ്പെടും. ആ കാലാവധി കഴിഞ്ഞാൽ ബങ്കി ലേലത്തിൽ വിൽക്കപ്പെടും; വിറ്റീടായ തുകയിൽനിന്നും സർക്കാരിലേക്കു ചെല്ലാവുന്ന എല്ലാ ചിലവുകളും കുറച്ചതിന്റെ ശേഷം ബാക്കി വല്ലതും ഉണ്ടായിരുന്നാൽ അതു ബങ്കി അയച്ച ആൾ ഒരു കൊല്ലത്തിനകം അവകാശപ്പെട്ടാൽ അയാൾക്കു കൊടുക്കുന്നതിലേക്കായി അനാമത്തു വയ്ക്കുയും കാലാവധി കഴിഞ്ഞാൽ ഗവർമ്മെന്റിലേക്കു മുതൽക്കൂട്ടുകയും ചെയ്യേണ്ടതാകുന്നു.'

ഏകാഗ്രതയെപ്പറ്റി ദൂരത്തിലാലോചിക്കുമ്പോൾ മഹാകാവ്യങ്ങളുടെ ഘടന ഏതുവിധം വേണമെന്നു സംശയം ജനിക്കുന്നു. സ്വതന്ത്രവാക്യങ്ങളുടെ യോഗംകൊണ്ടാണല്ലോ മഹാവാക്യമുണ്ടാകുന്നതു്. സ്വതന്ത്രവാക്യങ്ങളെ എങ്ങനെ ഘടിപ്പിക്കാം? എന്തിനു ഘടിപ്പിക്കുന്നു? പരാപേക്ഷകൂടാതെ സ്വയമേ അർത്ഥപൂർത്തിയുള്ള വാക്യത്തെ ആണു് സ്വതന്ത്രവാക്യം എന്നു പ്രയുന്നതു്. ഈ സ്വാതന്ത്ര്യം അല്ലെങ്കിൽ പ്രാധാന്യം രണ്ടുവിധമാണു് – അന്വയപൂർത്തിക്കുവേണ്ടി മറ്റൊരു പദത്തിനു കീഴടങ്ങാത്ത വാക്യമെല്ലാം വ്യാകരണദൃഷ്ടാ സ്വതന്ത്രമാകുന്നു. വ്യാകരണദൃഷ്ട്യാ സ്വതന്ത്രമായാലും കാര്യകാരണഭാവാദിസംബന്ധങ്ങളാൽ ഉള്ള പരാപേക്ഷ ശമിക്കുന്നതുവരെ വാക്യം അർത്ഥദൃഷ്ടാ സ്വതന്ത്രമാവുകയില്ല. 'മഴ പെയ്തു; ഇനി ഉഷ്ണം ശമിക്കും' ഇതിലെ രണ്ടു വാക്യങ്ങളും വ്യാകരണപ്രകാരം സ്വതന്ത്രങ്ങളാണെങ്കിലും അർത്ഥപ്രകാരം കാര്യകാരണഭാവേന പരസ്പരാപേക്ഷയുള്ളവയാകയാൽ രണ്ടും ചേർന്നു് ഒരു മഹാവാക്യമാകുന്നതേ ഉള്ളൂ. 'മഴ പെയ്തതിനാൽ ഉഷ്ണം ശമിക്കും' എന്ന രൂപത്തിലാക്കിയാൽ വ്യാകരണപ്രകാരവും പൂർവ്വവാക്യം ഉത്തരവാക്യത്തിന്റെ അംഗമായിത്തീർന്നു് അപ്രധാനമാകും. വ്യാകരണദൃഷ്ട്യാ അംഗാംഗീഭാവമുള്ള വാക്യങ്ങളുടെ യോഗം സങ്കീർണ്ണകം; അർത്ഥദൃഷ്ട്യാ അംഗാംഗീഭാവമുള്ളതുകളുടെ യോഗം മഹാവാക്യം എന്നു രണ്ടിനും ഭേദം. അതിനാൽ അർത്ഥവശാൽ ഉള്ള പരസ്പരസംബന്ധം പ്രമാണിച്ചാണു് മഹാവാക്യത്തിൽ വാക്യങ്ങളെ ഘടിപ്പിക്കുന്നതു്; ഈ പരസ്പരസംബന്ധം ദ്യോതിപ്പിക്കുന്നതു് 'എന്നാൽ' 'എങ്കിലും' 'അപ്പോൾ' മുതലായ ഘടകങ്ങളുമാകുന്നു. എന്നാൽ അന്യോന്യസംബന്ധദ്യോതകത്തിനു ഘടകപദം പ്രയോഗിച്ചേ തീരൂ എന്നു നിർബ്ബന്ധമില്ല. ചില സംബന്ധം ദ്യോതിപ്പിക്കാൻ ഘടകങ്ങൾ ഏർപ്പെട്ടിട്ടുമില്ല.

മേൽ വിവരിച്ചപ്രകാരം ചൂർണ്ണികാരൂപമായോ സങ്കീർണ്ണകരൂപമായോ ഉള്ള വാക്യങ്ങൾക്കു് അർത്ഥവശാലുള്ള സംബന്ധം വളരെ അടുത്തിരുന്നാൽ അതുകളെച്ചേർത്തു് ഒരു മഹാവാക്യമാക്കണം; കുറെ അകന്നിരുന്നാൽ അതുകളെ സ്വതന്ത്രവാക്യങ്ങളാക്കി വിടണം; വളരെ ദൂരമായിപ്പോയാൽ അടുത്ത വകുപ്പിലേക്കു തന്നെ നീക്കിവയ്ക്കണം. ഏതായാലും ഒരു ഖണ്ഡിക മുഴുവനും നമുക്കു വാക്യങ്ങളെക്കൊണ്ടു നിറയ്ക്കരുതു്.

വാക്യങ്ങളുടെ അവസാനം, മദ്ധ്യേയുള്ള ചില്ലറ നിറുത്തലുകൾ ഇതെല്ലാം വായിക്കുമ്പോൾ സ്വരഭേദംകൊണ്ടു പ്രത്യക്ഷപ്പെടുന്നു. സ്വതന്ത്രവാക്യം നിറുത്തുമ്പോൾ ഉള്ള സ്വരമല്ല ഉപവാക്യം നിറുത്തുമ്പോൾ; ചില്ലറ നിറുത്തലുകൾക്ക് മൂന്നാമതൊരുവിധം സ്വരം വേണം. ഇതെല്ലാം നല്ല വായനക്കാർക്ക് അനായാസേന പരിചയപ്പെടുന്നതുമാണ്. എഴുതുമ്പോ ഴാകട്ടെ സ്വരംകൊണ്ടു സാധിക്കേണ്ട പ്രവൃത്തി ചിഹ്നംകൊണ്ടു സാധിക്കുന്നു. എന്നാൽ പണ്ട് നമ്മുടെ അറിവിൽപെട്ടിടത്തോളം രണ്ടു ചിഹ്നങ്ങളേ നടപ്പുണ്ടായിരുന്നുള്ളു; പരി പൂർണ്ണമായ വിരാമത്തിനു കീഴ്മേലായി രണ്ടു വര, അതിൽ താണതിന് ഒരു വര. ഇം ഗ്ലീഷ് വിദ്യാഭ്യാസത്തിനും അച്ചടിക്കും പ്രചാരം വന്നതോടുകൂടിയാണ് നാട്ടുകാർക്ക് ചിഹ്നനസമ്പ്രദായത്തിന്റെ ഉപയോഗം മനസ്സിലായിത്തുടങ്ങിയത്. ഭാരതീയലിപികാ രന്മാർ വിരാമചിഹ്നങ്ങളിൽ ശ്രദ്ധിക്കാതിരുന്നതിനു കാരണവും സ്പഷ്ടമാകുന്നു. വിജ്ഞാ നത്തിനും വിനോദത്തിനും വേണ്ടുന്ന കൃതികളെല്ലാം പദ്യരൂപത്തിലായിരുന്നു; പദ്യ ത്തിൽ സന്ധി അപരിഹാര്യമായതിനാൽ വിരാമങ്ങളെ സാർവ്വത്രികമായി ഉപയോ ഗിക്കാൻ നിർവ്വാഹവുമില്ല. ഊർദ്ധ്വാധമരേഖാരൂപങ്ങളായി രണ്ടു ചിഹ്നങ്ങൾ നടപ്പുണ്ടാ യിരുന്നതുകൂടിയും, പദ്യത്തിൽ വാക്യവിരാമത്തെ അല്ല, പൂർവ്വോത്തരാർദ്ധങ്ങളുടെ വി രാമത്തെയാണ് കാണിച്ചിരുന്നതെന്നു തോന്നുന്നു. വാക്യം അവസാനിച്ചാലും ഇല്ലെങ്കി ലും പൂർവ്വാർദ്ധത്തിന്റെ അവസാനത്തിൽ ഒരു വരയും ഉത്തരാർദ്ധത്തിന്റെ അവസാന ത്തിൽ രണ്ടുവരയും ഇടുക പതിവായിരുന്നു. പാദമധ്യത്തിൽ അവസാനിക്കുന്ന വാക്യ ങ്ങൾക്കാകട്ടെ യാതൊരു ചിഹ്നവും ഇല്ല. അപൂർവ്വമായി ചില ഗദ്യകൃതികളുണ്ടായി രുന്നതിൽ വിവരമില്ലാത്ത എഴുത്തുകാർ ഇച്ഛപോലെ ഭംഗിനോക്കി രണ്ടു ചിഹ്നങ്ങൾ ഉണ്ടായിരുന്നതിൽ ഒന്നിനെ ഉപയോഗിച്ചുവന്നു.

വാക്യവിരാമസൂചകങ്ങളായ ചിഹ്നങ്ങൾക്കു മാത്രമേ പൂർവ്വകാലത്തിൽ ദുർഭിക്ഷമുണ്ടായിരു ന്നുള്ളു; മറ്റു പലതിനും പൂർവ്വികന്മാർ ചിഹ്നമുപയോഗിച്ചിരുന്നു. ഇടയ്ക്ക് അക്ഷരങ്ങൾ വി ട്ടുപോയാൽ വിട്ട സ്ഥലത്തു വരിയുടെ മേൽ 'പുള്ളടി' എന്നു പേരായ 'V' ചിഹ്നമിട്ട് താ ഴെ ആവശ്യപ്പെട്ട അക്ഷരങ്ങളെ ചേർത്തുവന്നു. 'ഹംസപാദം' എന്നുപേരായ '+' ഈ ചി ഹ്നവും ഇതിലേക്കുതന്നെ ചിലർ ഉപയോഗിച്ചിരുന്നതായിക്കാണുന്നുണ്ട്. വെട്ടിക്കളയുന്ന തിനു ചിലർ അക്ഷരങ്ങളുടെ മേൽ പലവിധം വരകൾ വരച്ച് അതുകളുടെ ആകൃതിതന്നെ നശിപ്പിക്കയും, മറ്റു ചിലർ എടുത്തുകളയേണ്ടുന്ന ലിപിയെ ചുറ്റി ഒരു വളയം ഇടുകയും ചെ യ്തിരുന്നു. അദ്ധ്യായാദി മഹാഖണ്ഡങ്ങളുടെ അറുതി സൂചിപ്പിക്കുന്നതിനു കുണ്ഡലം എന്നു പേരായ 'ക' ചിഹ്നം കണ്ടിട്ടുണ്ട്. ഈ ചിഹ്നം പഴയ ആട്ടക്കഥാപുസ്തകത്തിൽ പലസ്ഥ ലങ്ങളിലും ഉപയോഗിച്ചു കാണുകയാൽ ഇതിന്റെ അർത്ഥമെന്തെന്ന് ഒരു യൂനിവേർസിറ്റി മലയാളപരീക്ഷകൻ പ്രശ്നപത്രത്തിൽ ചോദ്യം ചെയ്യാൻ ഇടയായിട്ടുണ്ട്. ഒരു പദം ഇരട്ടിച്ചു വായിക്കണം എന്നുകാണിക്കുന്നതിന് "സ്സ" ഇങ്ങനെ ഒരു ചിഹ്നം മലയാള അക്ഷരത്തിൽ എഴുതീട്ടുള്ളത് സംസ്കൃതനാടകങ്ങളിൽ കാണുന്നു.

അച്ചടി നടപ്പായതോടുകൂടി ഈ വക ചിഹ്നങ്ങളെല്ലാം ക്രമേണ ക്ഷയിക്കയും, അതുക ളുടെ സ്ഥാനം ഇംഗ്ലീഷിലെ ചിഹ്നങ്ങൾ വഹിക്കയും ചെയ്തു തുടങ്ങി. ഇംഗ്ലീഷിൽ ചി ഹ്നനവിദ്യയ്ക്കു വളരെ പ്രാബല്യം സിദ്ധിച്ചിട്ടുണ്ട്; വാക്യാരംഭത്തിലും വാക്യമദ്ധ്യത്തിലും

ഉപയോഗിക്കുന്നതിനു വേറെ തരം ലിപികൾ [Capital and Small letters വലിയക്ഷരവും ചെറിയക്ഷരവും] വെണമെന്നുള്ള നിർബന്ധത്താൽ ഇംഗ്ലീഷ് എഴുതുന്നവർക്ക് വാക്യാവസാനത്തിൽ, ശ്രദ്ധവെയ്ക്കാതിരിപ്പാൻ നിർവ്വാഹമില്ല. സന്ധിചേർത്തു സംഹിതയാക്കുന്ന ഏർപ്പാടില്ലാത്തതിനാൽ പദ്യങ്ങളുടെ മദ്ധ്യത്തിലും വിരാമചിഹ്നം കൂടിയേ തീരൂ. ഇംഗ്ലീഷിലെ വിരാമചിഹ്നങ്ങൾ അന്വയബോധത്തിനും സന്ദേഹനിവാരണത്തിനും മറ്റും വളരെ ഉപകരിക്കുന്നു. അതിനാൽ അങ്കുശം, ബിന്ദു മുതലായ ചിഹ്നങ്ങളെ യഥോചിതമായി അച്ചടിപുസ്തകങ്ങളിൽ ഉപയോഗിക്കണം. ഇംഗ്ലീഷ്ചിഹ്നങ്ങൾക്ക് മലയാളത്തിൽ പേരു കൊടുത്ത് അവയെ ഉപയോഗിക്കേണ്ടുന്നതിനുള്ള വിധികളേയും വ്യാകരണത്തിൽ വിവരിച്ചിട്ടുള്ളതുനോക്കുക. കേരളപാണിനീയത്തിൽ ചിഹ്നനം എന്ന് ഒരു പ്രത്യേകം *പ്രകരണം തന്നെ ഉണ്ട്. അതിൽ പറയുന്ന പന്ത്രണ്ടു ചിഹ്നങ്ങളിൽ അങ്കുശം, ബിന്ദു, ഉദ്ധരണി, വലയം, കാകു, വിക്ഷേപണി, രേഖ എന്ന ഏഴെണ്ണം മിക്ക മുദ്രാശാലകളിലും ഉപയോഗിക്കാറുണ്ട്. ശേഷമുള്ള അഞ്ചുംകൂടി താമസിയാതെ ഉപയോഗത്തിൽ വരുമെന്നു വിശ്വസിക്കുന്നു.

ആ പ്രകരണം ഒടുവിൽ പരിശേഷമായി ചേർത്തിട്ടുണ്ട്.

ഈ ഗ്രന്ഥകർത്താവ് പ്രസാധനം ചെയ്തിട്ടുള്ള നളചരിതം ആട്ടക്കഥയിലും ശാകുന്തളത്തിന്റെ പരിഷ്കരിച്ച പുതിയ പതിപ്പിലും ചിഹ്നനവിഷയത്തിൽ പലേ നിഷ്കർഷകളും ചെയ്തിട്ടുണ്ട്. ഈ രണ്ടു പുസ്തകങ്ങളിൽ ഉപയോഗിച്ചുനോക്കിയതുകൊണ്ട് കേരളപാണിനീയത്തിൽ എഴുതീട്ടുള്ള 12 ചിഹ്നങ്ങളും ഭാഷയിൽ ആവശ്യപ്പെട്ടവയാണെന്നും അതുകളെ ഉപയോഗിക്കുന്നതിനു പറയത്തക്ക അസൌകര്യമൊന്നുമില്ലെന്നും ബോധപ്പെട്ടിരിക്കുന്നു. പദ്യങ്ങളിൽ പൂർവ്വോത്തരവാക്യങ്ങൾ സന്ധികൊണ്ടു കൂടിച്ചേർന്നുപോയാൽ അർത്ഥബോധസൌകര്യത്തിനുവേണ്ടി പിരിച്ച് ചിഹ്നമിട്ടെഴുതുന്നതുകൊണ്ട് വായിക്കുന്നതിനു വലിയ അസൌകര്യമോ വൃത്തിബന്ധത്തിനു ശൈഥില്യപ്രതീതിയോ ഉണ്ടാകയില്ലെന്നു താഴെ കാണിക്കുന്ന ഉദാഹരണങ്ങൾ തെളിയിക്കും.

“വാസസ്സു രണ്ടുമതിധൂസരമായ്; വ്രതോപ-
വാസാലുണങ്ങീ മുഖം; ആകലിതൈകവേണീ;
വാസം തുടർന്നിവിടെയീവിധമെന്റെ വിപ്ര-
വാസവ്രതത്തെയിവൾ സ്വാധി വഹിച്ചിടുന്നു.’

— ഭാഷാശാകുന്തളം

‘ആരുമറിയരുതെന്നംഗജസങ്കടമെന്ന ധിയാ
ആരാമം പുക്കേ നിമം ഭൃഗവിഹംഗമസങ്കലിതം
ദൂരെ സുഖമെന്നായ്; അങ്ങോട്ടടൻ പുനരിങ്ങോട്ടടൻ
പാരം വലഞ്ഞേൻ, അപ്പോൾ സംഗതനായൊരു ഹംസവരൻ’

— നളചരിതം കഥകളി

രോധിനി (;), ഭിത്തിക (:), രേഖ (—) എന്ന ചിഹ്നങ്ങളെ ഉപയോഗിക്കാഞ്ഞാൽ മഹാവാക്യാംഗങ്ങളായ ഉപവാക്യങ്ങളെ വേർതിരിച്ചുകാണിപ്പാൻ മാർഗ്ഗമില്ല. പണ്ടുള്ളവർ ഗദ്യകൃതികളെ ഗണ്യങ്ങളായി വിചാരിക്കാതിരുന്നതിനാൽ ഇതിലേക്ക് ആവശ്യപ്പെട്ട ചിഹ്നങ്ങൾ ഏർപ്പെടാതെ പോയി എന്നേയുള്ളു. അതിനാൽ താഴെ കാണിക്കുംപ്രകാരം മഹാവാക്യങ്ങളെ ചിഹ്നങ്ങളെക്കൊണ്ടു പരിഷ്കരിച്ച് വേർതിരിച്ച് കാണത്തക്കവിധം അച്ചടിക്കേണ്ടതാകുന്നു:

തലയിലെഴുത്തുതന്നെ: ഈ വേട്ടക്കാരൻ രാജാവിന്റെ തോഴരായിരുന്നു മതിയായി. 'ഇതാ ഒരു മാൻ! അതാ ഒരു പന്നി! അതാ ഒരു കടുവാ!' എന്നിങ്ങനെ നട്ടുച്ചയ്ക്കുകൂടി തണൽ കുറഞ്ഞിരിക്കുന്ന കാട്ടുതോറും കടന്ന് ഓടിനടക്കുന്നു. ഇലകൾ വീണ് അഴുകി കവർപ്പുള്ളതും വെയിൽ കൊണ്ടു കാഞ്ഞതുമായ കാട്ടാറുകളിലെ വെള്ളമാണ് ദാഹിച്ചാൽ കുടിക്കാൻ. കാലനിയമം കൂടാതെ പ്രായേണ ചുട്ട മാംസം തന്നെ ആഹാരം. കുതിരയുടെ പിന്നാലെ ഓടി സന്ധികളെല്ലാം നുറുങ്ങിയിരിക്കുന്ന എനിക്കു രാത്രിയിലെങ്കിലും സ്വൈരമായി ഒന്നു കിടക്കാം. എന്നുവെച്ചാൽ അതും പറ്റില്ല. അഥവാ ഒന്നുകണ്ണടച്ചാൽ വെളുക്കുന്നതിനു വളരെ മുമ്പിൽത്തന്നെ ദാസീപുത്രന്മാർ കാട്ടാളന്മാർ കാടുവളയുന്ന ഘോഷംകൊണ്ട് ഉണർന്നുപോകുന്നു. ഇതുമാത്രംകൊണ്ടും ഗ്രഹപ്പിഴ തീർന്നില്ല. ഇപ്പോൾ കുനിന്മേൽ ഒരു കുരു കൂടി പുറപ്പെട്ടതുപോലെ ആയിരിക്കുന്നു. ഇന്നലെ ഞാൻ ഒരുമിച്ച് ഇല്ലാതിരുന്ന സമയം ഒരു മാനിന്റെ പിന്നാലെ കൂടി പുറപ്പെട്ട് ആശ്രമത്തിൽ ചെന്നു കയറി ശകുന്തള എന്നൊരു മഹർഷികന്യകയെ എന്റെ കഷ്ടകാലത്തിനു രാജാവുകണ്ടു, വശമായി. ഇപ്പോൾ നഗരത്തിലേക്കു പോകുന്ന കഥകൂടെ പ്രസംഗിക്കുന്നില്ല. ഇതുതന്നെ വിചാരിച്ചുകൊണ്ട് ഉറക്കമില്ലാതെ കിടന്ന് ഇതാ നേരവും വെളുത്തു. നിർവ്വാഹമില്ലല്ലോ. എന്തെങ്കിലുമാകട്ടെ, തോഴരെത്തന്നെ ചെന്നുകാണുക: (ചുറ്റി നടന്നു നോക്കീട്ട്) ഇതാ വില്ലുകളും കൈയിലെടുത്തു കാട്ടുപൂക്കൾ കെട്ടി മാലയും ഇട്ടുകൊണ്ടിരിക്കുന്ന പട്ടാണിച്ചികളുടെ കൂട്ടത്തോടുകൂടി തോഴർ ഇങ്ങോട്ടുതന്നെ വരുന്നു. ആകട്ടെ, അംഗഭംഗത്താൽ അശക്തത ഭാവിച്ച് നിൽക്കാം. അങ്ങനെ എങ്കിലും കുറേ വിശ്രമം കിട്ടിയെങ്കിലോ?

കിളിപ്പാട്ടു മുതലായ പദ്യഗ്രന്ഥങ്ങളെ പൂർവ്വികന്മാർ ഖണ്ഡികകളാക്കി പിരിച്ചെഴുതാതിരുന്നതിന്റേയും കാരണം ഗദ്യദാരിദ്ര്യമാകുന്നു. സംസ്കൃതവൃത്തത്തിലുള്ള ശ്ലോകങ്ങളെല്ലാം ഓരോ പൂർണ്ണസ്വതന്ത്രവാക്യമാണ്. ശ്ലോകത്തിന്റെ കെട്ടുപാടു ബലപ്പെടുത്തുന്നതും, അതിനെ ഒറ്റയായി തിരിച്ചുകാണിക്കുന്നതും ഈ ഏകവാക്യതാനിർബ്ബന്ധമാണ്. അതില്ലെങ്കിൽ ശ്ലോകത്തിനു പൂർത്തി തോന്നുകയില്ല. അപൂർവ്വമായി ചിലപ്പോൾ കവിതകൾ അനേകം ശ്ലോകങ്ങളെ ചേർത്ത് 'കുളക'മാക്കാറുണ്ടെങ്കിലും അവിടെയും ഒരുവിധം വാക്യവിശ്രാന്തി ഓരോ ശ്ലോകത്തിനും, കാണും. ശ്ലോകകൃതികൾ വർണ്ണനാബഹുലങ്ങളാകയാൽ അതുകളിൽ സർഗ്ഗം എന്ന വിഭാഗം തന്നെ ഖണ്ഡികയുടെ സ്ഥാനം വഹിക്കുന്നു. സർഗ്ഗമദ്ധ്യത്തിൽ ഖണ്ഡികാസ്ഥാനീയമായ വിഭാഗം അപൂർവ്വമായി ആവശ്യപ്പെട്ടാൽ വൃത്തഭേദം ചെയ്ത് ആ വിഭാഗത്തിന്റെ പ്രതീതി ഉണ്ടാക്കാം. രഘുവംശം 9-ആം സർഗ്ഗം നോക്കുക.

സർഗ്ഗബന്ധം കൂടാതെ ധാരണാസൌകര്യത്തിനുവേണ്ടി ശ്ലോകത്തിൽ എഴുതുന്ന ശാസ്ത്രീയഗ്രന്ഥങ്ങളിൽ പ്രായേണ അനുഷ്ടുപ്പ്, ആര്യാ എന്ന രണ്ടു വൃത്തങ്ങൾ മാത്രമേ ഉപയോഗിക്കമാറുള്ളൂ. അതിൽ ശ്ലോകാന്ത്യത്തിൽ വാക്യപൂർത്തി വേണമെന്നു നിർബ്ബന്ധവുമില്ല. അങ്ങനെയുള്ള കൃതികളിൽ വാക്യപൂർത്തി വരുന്നിടത്തു വരിമാറി ആരംഭിക്കണം. കിളിപ്പാട്ടു മുതലായ ഭാഷാവൃത്തങ്ങളുടേയും മട്ട് ഇച്ചൊന്നവിധമാകുന്നു. അതുകളിൽ ഈരടികളുടെ അവസാനത്തിൽ വാക്യം അവസാനിക്കണമെന്നു നിർബ്ബന്ധമില്ല. അതിനാൽ അതുകളിലും വിഷയം മാറുന്നിടത്തു വരിമാറി ഖണ്ഡികാവിഭാഗം ഏർപ്പെടുത്തുന്നതു കൊള്ളാം. സംസ്കൃതത്തിൽ ശ്ലോകം എന്നും ഇംഗ്ലീഷിൽ എന്നും പറയുന്ന വിഭാഗവും മിക്ക ദിക്കിലും യോജിപ്പിക്കാം. ഇത്രവരി ഒരു ശ്ലോകം അല്ലെങ്കിൽ എന്നു ക്ലിപ്തപ്പെടുത്താൻ മാത്രം സാധിക്കയില്ലെന്നേ ഉള്ളൂ. ഉദാഹരണത്തിന് പദ്യപാഠാവലി നാലാംഭാഗത്തിൽ 'ഏഷണിക്കാരന് പറ്റിയ ദോഷം' എന്ന പാഠം നോക്കുക.

## പരിമാണം:

വാക്യങ്ങൾക്ക് ഇത്ര നീളം വേണമെന്നൊരു കണക്കുമില്ല; മറ്റെല്ലാ വിഷയങ്ങളിലുമുള്ളതുപോലെ ഏറെ നീളുകയും ഏറെ കുറുകയും ചെയ്യാതെ മദ്ധ്യവൃത്തിയിൽ ഇരിക്കുന്നതു കൊള്ളാം. പദങ്ങൾ ചുരുങ്ങിയ വാക്യത്തിന് പിരിമുറുകിയ ചരടുപോലെ ബലം ഏറും. പഴഞ്ചൊല്ലുകൾ, കടങ്കഥകൾ, സൂത്രങ്ങൾ മുതലായതിൽ കാണുന്ന ദാർഢ്യാതിരേകത്തിന് ഇതാണു കാരണം. ദീർഘവാക്യങ്ങൾക്ക് ഒഴുക്കും, മോടിയും, ഉല്ലാസവും കൂടും. രണ്ടും ഇടകലർത്തി വൈചിത്ര്യം വരുത്തി പ്രയോഗിക്കുന്നതു നന്ന്. വാക്യം കുറുകുന്നതുകൊണ്ടും നീളുന്നതുകൊണ്ടും വേറെ പല പ്രയോജനങ്ങളും സാധിക്കാം:

> 'ദൈത്യാരി പൂർവ്വജനു ദൂത്യം സമേത്യ, നിജ-
> സാധ്യം വെടിഞ്ഞു നിഷധേന്ദ്രൻ,
> സേനയിഹ നിർത്തി, താനഥ നടന്നു,
> ദാന്തദമഭഗിനിയുടെ കാന്തിനദിയതിൽ മുഴുകി
> നീന്തുവതിനുഴറി മിഴി രണ്ടും
> ബഹളേ ജനേ, പഥിഷു സബലേഷു ഭൂപതിഷു
> ചപലേ മഹീസുരസമൂഹേ,
> പലരെയുമുരുമ്മി, പരിചൊടു നടന്നു;
> പെരിയ പരിചയമുടയ പരിഷയുടെ നടുവിലുട-
> നവിദിതനു കുതുകമവനാസീൽ
> ധന്യോഥ രക്ഷിജനകണാലലക്ഷ്യതനു
> കന്യാപുരത്തിനു കടന്നു;
> കണ്ണിനഴൽ തീർന്നു, കണ്ടു ദമയന്തീം
> താഞ്ച അഖനിരകൾ മുതൽ പൂഞ്ചികുരതതിയറുതി
> വാഞ്ഛയൊടു നികടഭുവി കണ്ടു

അമരേന്ദ്രദൂതനിവനപരാധമോർത്തു മന-
മുപരോധനേന വശമാക്കി;
മറവകലുവാനായ് മനസി കൊതിപൂണ്ടു;
അതിമധുരതരവപുഷമരുകിലുടനൊരു പുരുഷ-
മമൃതമൊഴി സഖികളൊടു കണ്ടു'

— നളചരിതം കഥകളി

ഈ ദണ്ഡകത്തിൽ വാക്യങ്ങളെ ചെറുതാക്കിയതുകൊണ്ട് നളന്റെ വഴിയിൽ നടന്ന പലവിധ സംഭവങ്ങൾ ഓർത്തിരിക്കാത്തവയും ഒന്നോടൊന്നു സംബന്ധമില്ലാത്തവയുമാണെന്നുള്ള പ്രതീതി ബലപ്പെടുന്നു.

ഇവിടെ അംഗിയായ രസം ശൃംഗാരം: ഭയാനകാദികളംഗങ്ങൾ. അതിൽ 'ക്ഷത്രയോഗ്യ യിവളാര്യമാം' എന്ന ഘട്ടത്തിൽ അങ്കുരിതമായ 'രതി' എന്ന ഭാവം 'ശകുന്തള – ഹൃദയമേ സ്വസ്ഥമായിരിക്കു നീ വിചാരിച്ചതിനെ...' എന്നു തുടങ്ങി 'തന്വിക്കെന്നിലൊഴിച്ചു ദൃഷ്ടി കളുറയ്ക്കുന്നീല മറ്റൊന്നിലും' ഇത്യന്തമുള്ള സന്ദർഭത്താൽ ഉൽബുദ്ധമായിട്ടു സ്ഥായിവ്യപദേ ശത്തിനു പാത്രമായിത്തീർന്നതിന്റെശേഷം 'അറിവേനഹമാർഷമാം പ്രഭാവം' എന്നതുമു തൽ കാമലേഖം എഴുതുന്നതുവരെയുള്ള പൂർവ്വാനുരാഗവിപ്രലംഭത്താൽ രൂഢമൂലമായ്,

1. 'ഒട്ടീ ഹന്ത കവിൾത്തടം' എന്ന ഗ്ലാനി;
2. 'അറിവേനഹമാർഷമാം പ്രഭാവം' എന്ന ശങ്കമാനത;
3. 'സ്മര! കുസുമശരൻ നീ...' എന്ന രാജകർത്തൃമായ അസൂയ;
4. 'അല്ലെങ്കിൽ താമസിയാതെ എന്റെ ഉദകക്രിയയും ചെയ്യേണ്ടിവരും' എന്ന നായി കാഗതമായ നിർവേദം;
5. 'എനിക്കെന്റെ പ്രിയയുടെ ദർശനമൊഴിച്ചു മറ്റെന്താണു ശരണ്യം' എന്ന നായ കന്റെ ഔത്സുക്യം. ഇത്യാദി സഞ്ചാരിഭാവങ്ങളാൽ അവിടവിടെ പരിപോഷി തമായ്, 'രാജാ – പ്രത്യക്ഷനായി വേഗത്തിൽ അടുത്തുചെന്ന്' എന്നാരംഭിച്ച് 'അവൾ മുഖം തിരിച്ചു പരിഹരിക്കുന്നു' എന്ന് അവസാനിക്കുന്ന ഗ്രന്ഥത്താൽ പ്രതിപാദിതമായ സംക്ഷിപ്തസംഭോഗശൃംഗാരദശയേയും, 'ചപലമായ മനസ്സേ! പ്രയാസം കൂടാതെ...' ഇത്യാദി ശകുന്തളയുടെ ആത്മഗതം മുതൽ, 'ഇല്ലൊട്ടും ശൂന്യമെന്നാകിലുമിവിടമുപേക്ഷിപ്പതിന്നിങ്ങൊരുക്കം' എന്ന രാജാവിന്റെ പരിദേ വനംവരെയുള്ള സന്ദർഭപ്രകാരം കാര്യപ്രവാസ വിപ്രലംഭാവസ്ഥയേയും ഒടുവിൽ ദുർവ്വാസശ്ശാപാവസരത്തിൽ ശാപവിപ്രലംഭകക്ഷ്യയേയും പ്രാപിച്ച് മദ്ധ്യേ കുറ ഞ്ഞൊരുകാലം നിശ്ശേഷം സമ്മീലിതമായെങ്കിലും, 'എന്താണെനിക്ക് ഈ ഗാനം കേട്ടിട്ട് ഇഷ്ടജനവിരഹമില്ലെങ്കിലും ഔത്സുക്യം തോന്നുന്നത്' എന്നും,

'അത്യാർത്തത്വം പൂണ്ടൊരെൻ ചിത്തമെന്നാൽ

സത്യാർത്ഥത്തെ പ്രത്യയിപ്പിച്ചിടുന്നോ?

എന്നും മറ്റുമുള്ള അവസരങ്ങളിൽ പൂർണഗ്രഹണകാലത്ത് രാഹുവദനോദരത്തിൽ മങ്ങിക്കാണുന്ന പനിമതിബിംബംപോലെ യഥാകഥഞ്ചിൽ അനുസന്ധേയമായിത്തന്നെ ഇരുന്നുംകൊണ്ട് പിന്നീട്ട മുദ്രാദർശനത്തിൽ പെട്ടെന്നു സംഭ്രമപ്രവാസം എന്ന വ്യപദേശമായ വിപ്രലംഭമായിട്ടു സമ്പൂർണ്ണദശയിൽ ആവിർഭവിച്ച്, അവസാനത്തിൽ സപുത്രയായ ശകുന്തളയുടെ സംഗമത്തിൽ വീണു സംഭോഗാത്മനാ പരിണമിച്ച് ചകചകായമാനമായിരിക്കുന്ന ഒരു അപൂർവ്വസരണിയിൽ അവതരിപ്പതും ചെയ്യുന്നു.

— ശാകുന്തളം അവതാരിക.

ശാകുന്തളത്തിൽ പ്രധാനമായ രസം ശൃംഗാരമാണെന്നു കാണിക്കുന്ന ഈ ഭാഗം ഒറ്റ വാക്യമാക്കിയതു് അടിമുടി ഒന്നുപോലെ വ്യാപിക്കുന്ന ശൃംഗാരരസത്തിന്റെ ഏകത്വപ്രത്യാത്തിന് ഉപകരിക്കുന്നു. ഇതുപോലെ വേറെയും പ്രയോജനങ്ങൾ സൂക്ഷിച്ചു നോക്കി അറിക.

## അഭ്യാസം

താഴെ കൊടുത്തിരിക്കുന്ന ഭാഗങ്ങളിൽ വാക്യശുദ്ധി പരീക്ഷിക്ക.

1. (എ) അപ്പോൾ മാവേലിക്കര രാജകുടുംബത്തിൽനിന്നും ഒരു യുവാവു് തിരുവനന്തപുരത്തു കൊട്ടാരത്തിൽ താമസിച്ചിരുന്നു. ഇദ്ദേഹം ദത്തെടുത്ത രാജകുമാരിയുടെ കുടുംബത്തിൽ ജനിച്ച ആളായിരുന്നു. അപ്പോൾ തിരുവിതാംകൂർ രാജകുടുംബത്തിൽ മഹാരാജാവല്ലാതെ വേറെ പുരുഷന്മാർ ഉണ്ടായിരുന്നില്ല. അതുകൊണ്ട് മഹാരാജാവും ജനങ്ങളും ഇദ്ദേഹത്തിനെ ഇളയ രാജാവായി ഗണിച്ചുവന്നു. മഹാരാജാവ് എല്ലാ കാര്യത്തിലും ഇദ്ദേഹത്തിന്റെ അഭിപ്രായം ചോദിക്കുക പതിവായിരുന്നു. വാസ്തവത്തിൽ കൊട്ടാരത്തിൽ നടന്നിട്ടുള്ള പല ദുരാലോചനകൾക്കും കാരണം ഇദ്ദേഹം ആയിരുന്നു. അതുകൊണ്ട് ഇദ്ദേഹത്തിനെ മാവേലിക്കരയോ ആലപ്പുഴയോ അയച്ചു താമസിപ്പിക്കണമെന്നു ദിവാൻ മഹാരാജാവിനോട് അപേക്ഷിച്ചു. മഹാരാജാവു് അതിനെ ഒട്ടും അനുവദിച്ചില്ല. എന്നുമാത്രമല്ല ഉമ്മിണിത്തമ്പി ആത്മരക്ഷയ്ക്കായി ദിവാനെ അവർ രക്ഷിക്കേണ്ടതാണെന്നു വിചാരിച്ച് ആരെങ്കിലും ദിവാനെ കൊല്ലുന്നെങ്കിൽ ബ്രിട്ടീഷ് ഗവർമ്മെന്റുകാർ തിരുവിതാംകൂർ ഗവർമ്മെന്റുകാരെ അവരുടെ ശത്രുക്കളായി ഗണിക്കുമെന്നു മഹാരാജാവിനെ അറിയിച്ചു. ബ്രിട്ടീഷ്ഗവർമ്മെന്റിന്റെ അഭിപ്രായപ്രകാരം റസിഡണ്ടു കൊട്ടാരത്തിൽ താമസിച്ചിരുന്ന ഇളയരാജാവിന് ഇളയരാജാവായിരിക്കുവാൻ എന്തവകാശമുണ്ടെന്നു വിചാരണചെയ്തു. അപ്പോൾ റാണിയുടേയും പല ഉദ്യോഗസ്ഥന്മാരുടേയും മൊഴികൾ അനുസരിച്ച് അദ്ദേഹത്തിന് ഇളയരാജാവായിരിക്കുന്നതിന് അവകാശമില്ലെന്നു റസിഡന്റു തീർച്ച ചെയ്തു.

— തിരുവിതാംകൂർ ചരിത്രകഥകൾ

(ബി) ഇൻഡ്യയിലെ രാജ്യപരിവർത്തനങ്ങളിൽ പ്രധാനാംശഭാഗികളായിരുന്ന യൂറോപ്യന്മാരിൽവെച്ച് ഡ്യൂപ്ലെ സന്ധിതന്ത്രങ്ങൾക്കും മന്ത്രാലോചനകൾക്കും അദ്വിതീയനായിരുന്നുവെങ്കിലും യുദ്ധവ്യാപാരങ്ങളെ സമരഭൂമിയിൽ സ്വയം പ്രവേശിച്ചു നടത്തുന്നതിന് അയാൾ അപര്യാപ്തനായിരുന്നു; ആയുധവിദ്യ അയാൾ ബാല്യത്തിൽ അഭ്യസിച്ചില്ല. അതിൽ അയാളുടെ ബുദ്ധിക്കു പ്രവേശം ഇല്ലായിരുന്നു. ശത്രുക്കൾ അയാളിൽ കാതര്യദോഷം ആരോപിച്ചു. എന്നാൽ അയാൾ ഉത്തരനെപ്പോലെ ഗേഹേ ശൂരനായിട്ടു വീട്ടിലിരുന്നു മേനി പറഞ്ഞതേയുള്ളൂ. യുദ്ധരംഗത്തിൽ അയാൾ വേഷം കെട്ടി പുറപ്പെടാഞ്ഞത് സൈന്യകോലാഹലവും വെടിയുടെ ശബ്ദവും കേട്ടാൽ അയാൾക്കു കാര്യാലോചനകളിൽ മനസ്സിരിക്കാതെ വരുന്നതിനാലായിരുന്നുവെന്ന് അയാൾ പറഞ്ഞുവന്നു. മന്ത്രിസഭയിൽ സ്വരമായിരുന്ന് ആലോചിച്ചു നിശ്ചയിച്ച യുദ്ധനടപടികളെ നടത്തുന്ന ജോലി അയാൾക്ക് അന്യന്മാരെ ഏൽപ്പിക്കയേ നിർവ്വാഹമുണ്ടായിരുന്നുള്ളൂ. ആൾക്കാരാകട്ടെ അയാളുടെ ഇംഗിതം പോലെ നടത്താറില്ലെന്ന് അയാൾക്ക് എന്നും ആവലാതിയുണ്ടായിരുന്നു. അയാളുടെ കീഴുദ്യോഗസ്ഥന്മാരിൽ പിടിപ്പുള്ളവരേ ഉണ്ടായിരുന്നില്ല. അവരിൽ മിക്കവരും പ്രായം ചെല്ലാത്ത ബാലന്മാരായിരുന്നു. അവരുടെ മൌഢ്യത്തേയും തെറ്റിനേയും കണ്ടു സാധാരണഭടന്മാർക്കു പോലും ഹാസ്യം തോന്നിയിരുന്നു.

ഇംഗ്ലീഷുകാർക്കു സർവ്വത്ര ജയവും ലഭിച്ചു. തൃച്ചിന്നാപ്പള്ളിയിലെ ഉപരോധകന്മാർ തന്നെ ഉപരോധിക്കപ്പെട്ടു സമാധാനത്തിനപേക്ഷിച്ചു. ചന്ദാസാഹേബിനെ മഹാരാഷ്ട്രന്മാർ ജീവഗ്രാഹം ഗ്രഹിച്ചു. മഹമ്മദാലിയുടെ ഉപദേശപ്രകാരം അവർ അയാളെ കൊലചെയ്കയും ചെയ്തു. എന്നാലും ഡ്യൂപ്ലേയുടെ ഉത്സാഹം ശമിച്ചില്ല. അയാളുടെ വിഭവസാമഗ്രി അക്ഷീണയായിരുന്നു. സ്വന്തനാട്ടുകാർ അയാൾക്കു മേലാൽ ഒത്താശകൾ വേണ്ടുവണ്ണം ചെയ്തുകൊടുത്തില്ല. ഒന്നിനും ഉപയോഗപ്പെടാത്ത തെണ്ടിപ്പിള്ളേരെ ആയിരുന്നു അയാൾക്കു അവർ ഭടന്മാരായി അയച്ചുകൊടുത്തിരുന്നത്. എന്നാലും അയാൾ അധൈര്യപ്പെട്ടില്ല. തന്ത്രങ്ങൾ ഉപയോഗിച്ചും കൈക്കൂലി കൊടുത്തും ഉടമ്പടികൾ ചെയ്തും സ്വന്തസമ്പാദ്യം ചെലവുചെയ്തും കഴിയുന്നിടത്തോളം കടം വാങ്ങിച്ചും ഡില്ലിയിൽനിന്നും പുത്തൻവിരുതുകൾ സമ്പാദിച്ചും മദ്രാസ്ഗവർമ്മെന്റിനു പുതിയ ശത്രുക്കളെ ഇളക്കിവിട്ടും ഇംഗ്ലീഷ് കമ്പനിക്കാരുടെ സുഹൃത്തുക്കളെത്തന്നെ ഏഷണികൂട്ടി ഛിദ്രിപ്പിച്ചും പല വിദ്യകളും അയാൾ ചെയ്തുനോക്കി; എന്നാൽ ഒന്നും ഫലപ്പെട്ടില്ല. മന്ദമായിട്ടെങ്കിലും അസ്ഖലിതമായി ബ്രിട്ടീഷുകാരുടെ ശക്തി ഉപര്യുപരി വർദ്ധിക്കുകയും ഫ്രഞ്ചുകാരുടെ ശക്തി ക്ഷയിക്കയും ചെയ്തുകൊണ്ടിരുന്നു.

— നാലാംപാഠം

2. (എ) ഇതിൽപ്പിന്നീട് ബുക്കർ തന്നെ അമേരിക്കയിൽ പല പ്രധാന സ്ഥലങ്ങ

ളിൽവെച്ചു യാചനാർത്ഥം പ്രസംഗങ്ങൾ നടത്തീട്ടുണ്ട്. ഈ കാലങ്ങളിൽ ഇയാൾ സ്വീകരിച്ചിരുന്ന പ്രമാണങ്ങൾ ഇവയായിരുന്നു. (1) ജനങ്ങളേയും സഭകളേയും നീഗ്രോജനങ്ങളുടെ ആവശ്യങ്ങളെ വ്യക്തമായും ശരിയായും ധരിപ്പിക്കുക. (2) പ്രസംഗങ്ങളുടെ ഫലത്തെപ്പറ്റി മനസ്സിനെ ക്ലേശിപ്പിക്കാതിരിക്കുക.

— ബുക്കർ

(ബി) ധനംകൊണ്ടു കുബേരനായിരുന്ന ബാബു ഗോവിന്ദസേന്റെ ആതിഥ്യത്തെ പരിഗ്രഹിച്ച് സ്വർല്ലോകത്തിലെ അമരാവതിയോടു തുല്യമായ അമരാവതി ബംഗ്ലാവിൽ മാധവൻ അതിസുഖത്തോടെ ഒരു പത്തുദിവസം താമസിച്ചു. അതിന്റെ ശേഷം പുറപ്പെടാനായി യാത്ര ചോദിച്ചു. താൻ യാത്രചോദിച്ചതിനു നാലുദിവസം മുമ്പ് ഗോവിന്ദസേന്റെ മകൻ കേശവചന്ദ്രസേൻ കല്പന അവസാനിച്ചതിനാൽ ബോംബെയിലേക്കു മടങ്ങിപ്പോയിരിക്കുന്നു. ബാബു ഗോപിനാഥബാനർജി കുട്ടുകച്ചവടത്തിലെ ഒരു ബ്രാഞ്ചുകച്ചവടസ്ഥലത്തേക്കും അന്നുതന്നെ പോയി. അദ്ദേഹത്തിന്റെ സ്ഥിരമായ താമസം ആ ബ്രാഞ്ചുകച്ചവടം നടക്കുന്ന സ്ഥലതായിരുന്നു. മാധവൻ മലബാറിലേക്കു തൽക്കാലം മടങ്ങുന്നില്ലെന്നും ബർമ്മ, കാശി, അലഹബാദ്, ആഗ്രാ, ഡൽഹി, ലാഹുർ മുതലായ സ്ഥലങ്ങളിൽ രണ്ടുമാസം താമസിച്ചതിനുശേഷമേ മടങ്ങുന്നുള്ളുവെന്നും പറഞ്ഞതിനാൽ കേശവചന്ദ്രസേനും ഗോപിനാഥബാനർജിയും മാധവനോട്ട് താൻ എപ്പോഴെങ്കിലും മടങ്ങിപ്പോകുന്നതിനുമുമ്പ് ഗോപിനാഥബാനർജി താമസിക്കുന്നേടത്തു രണ്ടു ദിവസവും, മടക്കത്തിൽ ബോംബെയിലെത്തിയാൽ കേശവചന്ദ്രസേന്റെ കൂടെ രണ്ടുദിവസവും താമസിച്ചിട്ടേ പോകയുള്ളു എന്നുള്ള വാഗ്ദത്തം വാങ്ങീട്ടാണ് അവർ പുറപ്പെട്ടുപോയത്. അവർ പോയി നാലുദിവസം കഴിഞ്ഞശേഷം മാധവനും യാത്ര പുറപ്പെട്ട് ഗോവിന്ദസേനെ അറിയിച്ചു. ഈ ബാബു ഗോവിന്ദസേൻ ധനത്തിൽത്തന്നെയല്ല മര്യാദ, വിനയം, ഔദാര്യം, ദയ ഇതുകളിലും ആരാലും ജയിക്കപ്പെട്ടവനല്ല.

— ഇന്ദുലേഖ

3. (എ) ഈ കാലത്തും ഇതിൽപ്പിന്നീടും ഇവന്നു പ്രധാനസഹായികളായിരുന്നവരും സകല സംഗതികളിലും ഇവനാൽ ഗുണദോഷവിവേചനം ആവശ്യപ്പെട്ടിരുന്നവരും ഒരു വെള്ളക്കാരനും ഒരു കറുത്ത മനുഷ്യനുമായിരുന്നു. ഇവരിൽനിന്നും ബുക്കറിനുണ്ടായ സഹായം വാചാമഗോചരമായിരുന്നു. ഇവരാകട്ടെ കാമ്പ്ബെൽ ധ്വരയും ആഡംസ് നാമധാരിയായ കറുത്തവനും ആയിരുന്നു.

കാമ്പ്ബെൽ ഒരു വ്യാപാരിയും സൌക്കാറും, ആഡംസ് ചപ്പാത്തുണ്ടാക്കുകയും കുതിരക്കോപ്പു ചെയ്കയും തകരവേല നടത്തുകയും ചെയ്യുന്നതിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിരുന്ന വ്യവസായിയുമായിരുന്നു. ആദ്യകാലം മുതൽക്ക് ഇവർ രണ്ടാളും ബുക്കറിന്റെ വിദ്യാഭ്യസനരീതികളെ ഗ്രഹിക്കുകയും അവനെ

പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ധനദാനത്തിലും ഗുണദോഷസഹകാരിത്വത്തിലും ഇവർ ബുക്കറിനെ അദ്യാപി സന്തോഷചിത്തനാക്കി ജോലിയിൽ പ്രവർത്തിപ്പിച്ചു.

— ബുക്കർ

(ബി) ഇനി മാസം, ഋതു, സംവത്സരം മുതലായവയുടെ കല്പനത്തിനുള്ള അവലംബം എന്താണെന്നാലോചിക്കാം. ഭൂതലവാസികളായ നമുക്കും നമ്മുടെ ചുറ്റുമുള്ള ഇതരസൃഷ്ടികൾക്കും ഓരോരിക്കൽ സംഭവിച്ചുവരുന്ന പ്രധാനമായിട്ടുള്ള ചില ബാഹ്യാവസ്ഥാഭേദങ്ങൾ ഇന്നിന്നവയാണെന്നും അവ ഇത്ര ഇത്ര സമയം കൂടുമ്പോൾ ഉണ്ടാകുന്നു എന്നും ഉള്ള കാര്യത്തിന്റെ സൂക്ഷ്മതത്വപരിശോധനയിൽനിന്നാകുന്നു ഋതുക്കൾ എന്നുള്ള ചില കാലാവയവങ്ങളെ കല്പിക്കാനിടവന്നിട്ടുള്ളതു് എങ്ങനെ എന്നാൽ ചിലപ്പോൾ കുറച്ചുകാലത്തേക്കു് നമുക്കു് അത്യുഷ്ണവും അതിന്റെ ശേഷം കുറച്ചുകാലത്തേക്കു് അതിവർഷംകൊണ്ടു ശൈത്യവും അതിന്നുശേഷം ഒരു ക്ലുപ്തകാലത്തോളം ശീതോഷ്ണങ്ങളുടെ സമാവസ്ഥയും തദനന്തരം കുറച്ചുകാലത്തേക്കു (വർഷമില്ലെങ്കിലും) കുറേശ്ശെ ശൈത്യവും പിന്നീടു് അതിശൈത്യപ്രദമായ മഞ്ഞുകാലവും അതുകഴിഞ്ഞു് വീണ്ടും ഒരു ശീതോഷ്ണസമസ്ഥിതിയും പതിവായി സംഭവിച്ചുവരുന്നുണ്ടെന്നുള്ള സംഗതി വളരെക്കാലത്തെ അനുഭവംകൊണ്ടു ദൃഢമായിത്തീർന്നതിനാൽ ആവക അവസ്ഥാഭേദങ്ങൾ സംഭവിക്കുന്ന കാലനിയമത്തെ ക്ലുപ്തപ്പെടുത്തുകയും, ആ കാലത്തിനു് 'ഋതുക്കൾ' എന്നു പേരു കൽപിക്കയും അതിന്നുശേഷം പിന്നെയും ആവക അവസ്ഥാഭേദങ്ങളുടെ പരിശോധനയിൽനിന്നു് അവയുടെ സൂക്ഷ്മമായ താരതമ്യജ്ഞാനം സിദ്ധിക്കയും, അതോടുകൂടി സാമാന്യമായി മേല്പറഞ്ഞ ആറുവിധമുള്ള അവസ്ഥാഭേദങ്ങൾക്കു വേണ്ടിവരുന്ന കാലത്തെ ഈരണ്ടാക്കി ഭാഗിപ്പാൻ ഇടവരികയും ചെയ്തതിനാൽ ആ ഓരോ ഭാഗങ്ങൾക്കും 'മാസം' എന്നുള്ള ഒരു പേരു കൽപ്പിക്കുകയും അതിന്നുശേഷം വ്യവഹാരസൌകര്യത്തിനുവേണ്ടി ആവക മാസങ്ങൾക്കും ഋതുക്കൾക്കും ഓരോ പ്രത്യേകനാമധേയങ്ങളെ കൽപിക്കുകയും ചെയ്തതായി വിചാരിപ്പാൻ ന്യായമുണ്ടു്. ഇങ്ങനെ പന്ത്രണ്ടുമാസങ്ങൾ അല്ലെങ്കിൽ ആറു് ഋതുക്കൾ കഴിയുമ്പോൾ ലോകാവസ്ഥ വീണ്ടും പൂർവ്വസ്ഥിതിയെ പ്രാപിക്കുന്നതിനാൽ അങ്ങനെയുള്ള ഒരവസ്ഥാപരിവർത്തനകാലത്തിനു് സംവത്സരമെന്നു പേരു കൽപ്പിക്കുകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ അനാദ്യന്തമായും അപരിച്ഛേദ്യമായും ഇരിക്കുന്ന കാലത്തെക്കുറിച്ചുള്ള വ്യവഹാരത്തിനു് നമുക്കാവശ്യമുള്ളതായ മാനസാധനങ്ങളുടെ ദാരിദ്ര്യം മിക്കതും തീർന്നു എന്നു കണ്ടിട്ടായിരിക്കാം ഇതിന്നുമേലുള്ള കാലപരിമാണങ്ങളെ എല്ലാം ഈ സംവത്സരങ്ങളുടെ ആവർത്തനംകൊണ്ടുതന്നെ കഴിച്ചുകൂട്ടിയാൽ മതിയെന്നു കല്പിച്ചതുപോലെ തോന്നത്തക്കവണ്ണം പൂർവ്വാചാര്യന്മാർ അവരുടെ കാലപരിമാണവിഷയത്തിലുള്ള പ്രയത്നത്തിനു് ഇവിടെവെച്ചു് ഏറ്റവും വലിയതായ ഒരു വിച്ഛിത്തി

വരുത്തിയിരിക്കുന്നതായി കാണപ്പെടുന്നു. — ഗദ്യമാലിക

4. (എ) രംഗനാഥൻ പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ ഒരു സംഗതി സംഭവിച്ചത് അദ്ദേഹത്തിന്റെ മേലാലത്തെ ജീവിതം ഏതു മാർഗ്ഗത്തിലായിരിക്കേണമെന്നുണ്ടായിരുന്നോ, ആ മാർഗ്ഗത്തിലേക്കായി അതിനെ തിരിച്ചുവിട്ട ഒരു സംഭവമായി വിചാരിക്കേണ്ടതാണ്. ആ സംഭവം എന്തെന്നാൽ രംഗനാഥന്റെ അച്ഛൻ ഗവർമ്മെന്റിൽനിന്നു കുറെ ഭൂമി ഏറ്റുവാങ്ങിയിട്ടുണ്ടായിരുന്നു. അതിലെ വിളവു ദോഷപ്പെട്ടുപോയതിനാൽ അതിന്റെ മേലുള്ള ഗവർമ്മെന്റു നികുതി അടയ്ക്കുന്നതിനു രംഗനാഥന്റെ അച്ഛനു നിവൃത്തിയില്ലാതെ ആയി. അതുകൊണ്ട് അക്കാലത്തെ നടപ്പനുസരിച്ച് അദ്ദേഹത്തെ സിവിൾ ജയിലിലാക്കി. ഇങ്ങനെ ജയിലിൽ കിടക്കുമ്പോൾ അദ്ദേഹത്തിന്റെ അച്ഛന്റെ സംവത്സരശ്രാദ്ധം കഴിക്കേണ്ടതായി വന്നു. എന്തു ചെയ്യണമെന്നറിയാതെ രംഗനാഥന്റെ അമ്മ കരഞ്ഞുതുടങ്ങി. അമ്മ കരയുന്നതു കണ്ടപ്പോൾ രംഗനാഥന്റെ മനസ്സ് വളരെ ഇളകിപ്പോയി. അമ്മയുടെ വ്യസനത്തിനു കാരണം എന്താണെന്നു ചോദിച്ചറിഞ്ഞ ഉടനെ, രംഗനാഥൻ തന്റെ അച്ഛനെ ജയിലിൽനിന്നു വിടുവിച്ചുകൊണ്ടുവരുന്നതിനായി ചിറ്റൂർക്കു പോകണമെന്നു തീർച്ചയാക്കി. ആ തീർച്ചപ്രകാരം താൻ ചിറ്റൂരിൽ ഡിസ്ട്രിക്ട് ജഡ്ജിയായ കാസ്സേമജർസായ്പിന്റെ ബംഗ്ലാവിൽ പോയി തന്റെ സങ്കടം ബോധിപ്പിച്ചു. തിര്യെ ഹാജരാക്കുന്നതിനു ജാമ്യക്കാരുണ്ടായാലല്ലാതെ രംഗനാഥന്റെ അച്ഛനെ വിട്ടയയ്ക്കാൻ പാടില്ലെന്ന് ആ ജഡ്ജിസായ്പു പറഞ്ഞു. അതിനു രംഗനാഥൻ തന്റെ അച്ഛന്റെ ജാമ്യക്കാരനായി തന്നെത്തന്നെയല്ലാതെ വേറെ ആരെയും ബോധിപ്പിക്കുന്നതിനില്ലെന്നും അതിനാൽ തന്റെ അച്ഛനുവേണ്ടി താൻ ജയിലിൽ ഇരുന്നുകൊള്ളാമെന്നും മറുപടി പറഞ്ഞു. പന്ത്രണ്ടു വയസ്സു പ്രായമുള്ള ഒരു കുട്ടിയിൽനിന്നും പുറപ്പെടുമെന്നു വിചാരിക്കാൻ പാടില്ലാത്തതായ ഈ മറുപടി കേട്ടിട്ട് ജഡ്ജിസായ്പിനു വളരെ അനുകമ്പ തോന്നി. അതിനാൽ ആ സായ്പ് ഉടനെതന്നെ രംഗനാഥന്റെ അച്ഛനെ തൽക്ഷണം ജയിലിൽനിന്നു വിട്ടയയ്ക്കുന്നതിനു കല്പനകൊടുക്കുകയും രംഗനാഥനോടു വീട്ടിലേക്കു പൊയ്ക്കൊള്ളുന്നതിനും പിറ്റേദിവസം രാവിലെ തന്നെ വന്നു കാണുന്നതിനും പറകയും ചെയ്തു. തന്റെ അച്ഛനെ വിട്ടയയ്ക്കുന്നതിനുള്ള കല്പന രംഗനാഥൻ തന്നെ കൊണ്ടുപോയി ജയിലധികാരികൾക്കു കൊടുക്കുകയും, തന്റെ അച്ഛനെ ജയിലിനിന്നു വിടീക്കയും, രാത്രി കുറെ ചെന്നപ്പോൾ അച്ഛനോടുകൂടി താൻ ഗൃഹത്തിലെത്തുകയും ചെയ്തു.

— ഇൻഡ്യയിലെ മഹാന്മാർ

(ബി) വാർദ്ധക്യം നമ്മുടെ സുഖാനുഭവങ്ങളെ കുറയ്ക്കുന്നതോടുകൂടി ജീവിച്ചിരിക്കാനുള്ള ആശയെ വർദ്ധിപ്പിക്കുന്നു. യൌവനകാലത്തിലെ ചോരത്തിളപ്പിനാൽ നാം വകവയ്ക്കാതിരുന്നിട്ടുള്ള ആപത്തുകളെല്ലാം വയസ്സായിത്തുടങ്ങുമ്പോൾ നമുക്കു ഭയത്തെ ജനിപ്പിക്കുന്നു. വയസ്സു കൂടുന്തോറും മനുഷ്യന്

അപായശങ്കകളും കരുതലുകളും വർദ്ധിച്ചുവരുന്നു. വൃദ്ധനാകുമ്പോഴേക്ക് മനുഷ്യന്റെ മനസ്സിൽ ഭയം ഒന്നുതന്നെ പ്രധാനവികാരമായിട്ടു തീരുന്നു. ഓരോരോ സംഭാവിതങ്ങളായ അപായങ്ങളെ പരിഹരിക്കാനും ഒഴിക്കാൻ വയ്യാത്ത ചരമകാലത്തെ കഴിയുന്നതും നീട്ടിവെക്കാനും ഉള്ള ഉപായങ്ങളെ ചിന്തിക്കുന്നതിൽ ആകുന്നു വൃദ്ധൻ തന്റെ ആയുശ്ശേഷത്തെ വിനിയോഗിക്കുന്നതു്.

വാസ്തവത്തിൽ ഈ ഉദ്ദേശത്തോടുകൂടിയുള്ള നമ്മുടെ വിചാരങ്ങളും പ്രവൃത്തികളും തീരെ അർത്ഥമില്ലാത്തവയാകുന്നു. ആയുസ്സിൽ ഉപഭോഗിക്കാനിരിക്കുന്ന ഭാഗത്തിന്റെ സ്വഭാവത്തെ ഉപഭോഗിച്ചുകഴിഞ്ഞ ഭാഗത്തിന്റെ ഗുണദോഷങ്ങളെക്കൊണ്ടു് ഊഹിക്കുന്നപക്ഷം ഭാവി ഏറ്റവും ഭയങ്കരമായിരിക്കും. ഇതേവരെ ഭുജിക്കപ്പെട്ട ഭോഗങ്ങളൊന്നും പാരമാർത്ഥികമായ സുഖത്തെ ഉണ്ടാക്കീട്ടില്ലെന്നു് അനുഭവം തീർച്ചപ്പെടുത്തുന്നു. ഭുക്തങ്ങളായ ഭോഗങ്ങളോളം ഇനി ഭോജ്യങ്ങളായവ പ്രബലപ്പെടുകയില്ലെന്നുള്ള ബോധവും നമുക്കു ജനിക്കുന്നു. എങ്കിലും ഈ അനുഭവവും ബോധവും ചെയ്യുന്ന ഉപദേശങ്ങളെല്ലാം വ്യർത്ഥം തന്നെ. ഇവ രണ്ടിനേക്കാളും പ്രബലമായ ആശ അതിദൂരത്തിൽ ഒരു ഗന്ധർവനഗരം ഉണ്ടാക്കി നമ്മെ അതിലേക്കു ക്ഷണിക്കുന്നു. ആശയുടെ ഈ പ്രലോഭനത്തിൽ അകപ്പെട്ടു് നാം ചൂതുകളിയിലെ തോൽവിക്കാരനെപ്പോലെ പരാജയം പ്രാപിക്കുന്തോറും അധികമധികം വീറോടുകൂടി പ്രവർത്തിക്കുന്നു. നമ്മുടെ വയസ്സിനോടൊന്നിച്ചു വളർന്നുവരുന്ന ഈ ജീവിതതൃഷ്ണയുടെ ഉത്ഭവം എന്തായിരിക്കും? എന്തുകൊണ്ടാണു്, ജീവിച്ചിരിക്കുന്നതുകൊണ്ടുള്ള ഉപയോഗം ചുരുങ്ങുന്ന കാലത്തിൽ നമുക്കു് ആ ജീവനിൽ അധികം സ്നേഹം വന്നുകൂടുന്നതു്. മനുഷ്യജാതി ക്ഷയിച്ചുപോകരുതെന്നുള്ള വിചാരത്തിന്മേൽ ഈശ്വരൻ നമ്മുടെ ഇന്ദ്രിയങ്ങൾക്കു വിഷയസുഖങ്ങളെ അനുഭവിപ്പാനുള്ള ശക്തി കുറയ്ക്കുന്തോറും ശരീരധാരണം ചെയ്യാനുള്ള ആഗ്രഹത്തെ വർദ്ധിപ്പിക്കയായിരിക്കുമോ? യൌവനത്തിലുള്ളതിലധികം ജീവിതസ്നേഹം വാർദ്ധക്യത്തിൽ വരുന്നില്ലെങ്കിൽ വൃദ്ധന്മാർക്കു ശരീരസംരക്ഷണം ദുസ്സാധമായിത്തീരുമായിരുന്നു. ജരാശിഥിലമായ ഭൂതപിണ്ഡത്തിൽ ഉണ്ടാകുന്ന പലതരം വ്യാധികളുടെ ദുസ്സഹതയും ഇന്ദ്രിയങ്ങളുടെ ശക്തിക്ഷയം നിമിത്തം വിഷയസുഖങ്ങളിൽ മേലാൽ താൻ അധികാരിയല്ലെന്നുള്ള ബോധവും, ജരഠനെ തന്റെ കഷ്ടതയ്ക്കു് അവസാനം വരുത്തേണ്ടാത്തീളേക്കു പ്രേരിപ്പിക്കുമായിരുന്നു. എന്നാൽ ഭാഗ്യവശാൽ മനുഷ്യനു മൃത്യുവിനെക്കുറിച്ചുള്ള അവജ്ഞ ദോഷകാരിണിയായി മാത്രം ഇരിക്കാവുന്ന കാലത്തിൽ അതു് അവനെ വിട്ടുമാറുകയും, ജീവിതത്തിന്റെ വാസ്തവമായ ഫലം ഇല്ലാതെയാകുന്തോറും അതിൽ ആരോപിതമായ ഗൌരവം ഉണ്ടാകയും ചെയ്യുന്നു.

— നാലാംപാഠം

5. (എ) വല്ലവിധത്തിലും താൻ കോട്ടയിൽ കടന്നുകൂടിയാൽ തന്റെ പുതിയ ചങ്ങാതിമാരായ മൊഗളന്മാരെ പാതിരപ്പാറാവുസമയത്തു കോട്ടയിലേക്കു കടത്താമെന്നും, പക്ഷെ, അതു തരമായില്ലെങ്കിൽ തരമുണ്ടാകുന്നതുവരെ കുറ്റിക്കാടുകളിൽ ഒളിച്ചിരിക്കേണമെന്നും, ഈ ദ്രോഹി അവരോടു ശട്ടം കെട്ടിയിരുന്നു. അർദ്ധരാത്രിയാകുന്നതിന് ഒരു മണിക്കൂർ മുമ്പെ നാനൂറു പേർ ഒരു കൂട്ടമായി നക്ഷത്രപംക്തികളുടെ മങ്ങലുള്ള വെളിച്ചത്തിന്റെ സഹായത്താൽ കുന്നിന്മേൽ പതുക്കെപ്പതുക്കെ കേറി കോട്ടയിൽനിന്നും ഏകദേശം ഇരുനൂറു വാര അകലത്തായി ഒരു വലിയ കുഴിയിൽ ഇറങ്ങിയിരുന്നു. ഈ കുഴിയുടെ വക്കുമുഴുവൻ വലിയ ഒരുമാതിരി പുല്ലു വളർന്നു കാടുപിടിച്ചു കിടന്നിരുന്നതുകൊണ്ട് അതിൽക്കേറി ഒളിച്ചിരുന്നവരായ ഇവരെ ആർക്കും കാണ്മാൻ വയ്യായിരുന്നു. മൊഗൾസൈന്യങ്ങൾ കോട്ടയിലേക്കു കടക്കേണമെന്നുദ്ദേശിച്ചിരുന്ന ഗോപുരത്തിൽ അർദ്ധരാത്രിസമയത്തു മൊഗൾ പക്ഷപാതിയായ മഹാരാഷ്ട്രന്റെ സഹോദരൻ കാവൽക്കാരനായി നിൽക്കേണമെന്നും മുമ്പേ തന്നെ നിശ്ചയിച്ചിരുന്നു.

— മെട്രിക്കുലേഷൻ ടെക്സ്റ്റ് 1092

(ബി) അക്ബർ പറഞ്ഞു: “കൊള്ളാം ഇതു പിന്നെയും പഴംകഥ തന്നെ. നിങ്ങൾ മാത്രമേ തത്വത്തെ ഗ്രഹിച്ചിട്ടുള്ളൂ. അതിനെ എല്ലാവരും എന്നു മാത്രമല്ല, ഞാൻ കൂടിയും ആദരിക്കണം. വണങ്ങാത്തവൻ പീഡിതനാകണം. ആകട്ടെ, എന്നാൽ ആ തത്വം നിങ്ങളുടെ കൈവശത്തിൽ ഇരിക്കണം, എന്ന് എന്താണ്?”

‘സുഗൃഹീതനാമാവായ ആ ദീർഘദർശിതന്നെ നമ്മൾക്ക് അതിനെ പ്രഖ്യാപനം ചെയ്തിട്ടുള്ളതുകൊണ്ടും’ എന്നിങ്ങനെ അബ്ദുൽക്കാതർ ആരംഭിച്ചപ്പോൾ അക്ബർ തടഞ്ഞുപറഞ്ഞു: ‘ഉണവാനായിട്ട് അദ്ദേഹം ഒരാളല്ലാതെ മറ്റാരും ഇല്ലാത്തതുകൊണ്ടും, അല്ലേ? കൊള്ളാം. എന്നാൽ പശ്ചിമദേശത്തിൽനിന്നും നിങ്ങളെപ്പോലെതന്നെ ധൈര്യവാന്മാരും മാന്യന്മാരുമായ പാതിരിമാർ വരുന്നുണ്ട്. അവർക്കും ഒരു ദീർഘദർശി ഉണ്ട്. അദ്ദേഹത്തിനെ അവർ ഈശ്വരനായി ബഹുമാനിക്കുന്നു എന്നാണ് ഞാൻ ഗ്രഹിച്ചിട്ടുള്ളത്. അത് എനിക്കു സ്പഷ്ടമായി മനസ്സിലാകുന്നില്ല. എന്നാൽ ഏതായാലും അവരുടെ മതം മഹമ്മദിന്റെ മതത്തേക്കാൾ പ്രാചീനമാണ്. പിന്നെ ഇതും അതും രണ്ടുംകൊണ്ടു തൃപ്തന്മാരാകാതെ മോസസ്സുതന്നെയാണു ദൈവം എന്നു വിശ്വസിക്കുന്ന ജൂതന്മാരുമുണ്ട്. പിന്നെ നമ്മുടെ ബ്രാഹ്മണരെക്കുറിച്ച് താൻ എന്തു പറയുന്നു? അവർക്കു തങ്ങൾക്കുതന്നെയും ദുർഗ്രഹങ്ങളാകത്തക്കവണ്ണം അത്ര ഗംഭീരങ്ങളും മോസസ്സ്, ക്രിസ്തു, മഹമ്മദ് ഇവരുടെ വേദങ്ങളെല്ലാം നവീനങ്ങളാകത്തക്കവണ്ണം അത്ര പ്രാചീനങ്ങളും അത്യന്തം പൂജ്യതയ്ക്ക് അർഹങ്ങളും ആയ പുരാതനഗ്രന്ഥങ്ങൾ ഉണ്ട്. ഇങ്ങനെ ഇരിക്കെ ഇവയുടെ എല്ലാം ഏതാനും മാത്രമല്ലാതെ സകലത്തിന്റെയും ശതാംശംപോലും ഗ്രഹിച്ചിട്ടില്ലാ

ത്തവനായി ഒരു കേവലമനുഷ്യനായ ഞാൻ ഇപ്രകാരം ഭിന്നഭിന്നങ്ങളായ മതങ്ങളിൽവെച്ച് സദസദ്വിഭാഗം ചെയ്തു. വാസ്തവമതം ഏതാണെന്നു നിശ്ചയിക്കുന്നത് എങ്ങനെയാണെന്നു പരമാർത്ഥമായി നിങ്ങളോടു ഞാൻ ചോദിക്കുന്നു.'

— അക്ബർ

6. (എ) ശിശു മാതാവിനോടു സകല സഹായവും ആവശ്യപ്പെടുന്ന മാതിരി, ആദ്യകാലത്തു നീഗ്രോജനങ്ങൾ സർവ്വസഹായങ്ങളും രാജ്യഭരണകർത്താക്കന്മാരിൽനിന്നും ഉണ്ടാകുമെന്നു വിചാരിച്ചു. ഇതു് അത്ര അപ്രകൃതമല്ലല്ലൊ. നികൃഷ്ടമായ ദാസ്യവൃത്തിയിൽനിന്നും ഇവർക്കു വിമോചനം ഉണ്ടാക്കിക്കൊടുത്ത ഗവർമ്മെന്റ് – രണ്ടു ശതാബ്ദകാലങ്ങളിൽ ഇവരുടെ പ്രയത്നത്തിന്റെ ആദായത്തെ അനുഭവിച്ചുവരുന്ന ഒരു ഇതരജനസമുദായം – ഇവർക്ക് വിദ്യാഭ്യാസത്തിനും, കാലക്ഷേപമാർഗ്ഗസമ്പാദനത്തിനും ആയി ചില ഏർപ്പാടുകൾ ചെയ്യേണ്ടതായിരുന്നു എന്നും, അതു ചെയ്യാതിരുന്നതു് അനുകമ്പയുടെ അഭാവലേശം ആണെന്നും, ഒരു ആവലാതി പറവാൻ നീഗ്രോജനങ്ങൾക്ക് കാരണമുണ്ട്.

(ബി) പണ്ഡിതന്മാർക്ക് സദ്വിഷയങ്ങളുടെ പര്യാലോചനയിൽ നേരം പോകുന്നു. പാമരന്മാർക്ക് കാമക്രോധാദിവികാരങ്ങളുടെ അനുധാവനത്തിൽ സമയം കഴിയുന്നു. രണ്ടുകൂട്ടർക്കും കാലത്തിനു ദൈർഘ്യപ്രതീതിയുണ്ട്. ഒരുവകക്കാർ സമയത്തെ വിനിയോഗിക്കാൻ ഒരു മാർഗ്ഗം കാണായ്കയാൽ അതിനെ ദീർഘമെന്നു വിചാരിച്ചുകൊള്ളുന്നു. മറ്റേ വകക്കാർ സമയത്തിൽ ഉള്ള ഓരോ നിമിഷത്തേയും ഉപയോഗിക്കയാൽ അതിന്റെ ദൈർഘ്യത്തെ അറിയുന്നു. ഏകന്മാർ സമയം തുലയുന്നില്ലല്ലോ എന്ന് അവസരപ്പെടുന്നു. അന്യന്മാർ അതിനെ മുഴുവനും ഉപഭോഗിക്കുന്നു. ഗ്രന്ഥകാലക്ഷേപം ചെയ്തു് അറിവു സമ്പാദിച്ചിട്ടുള്ള ഒരാളും വൃഥാകാലക്ഷേപത്തിൽ ആയുസ്സു പോക്കീട്ടുള്ള ഒരാളും വാർദ്ധക്യാവസ്ഥയിൽ തങ്ങളുടെ കഴിഞ്ഞുപോയ യൌവനകാലങ്ങളെക്കുറിച്ചു സ്മരിക്കുന്നതായാൽ രണ്ടുപേരുടെയും ഓർമ്മ എത്രയും വ്യത്യാസമുള്ളതായിരിക്കും. ഒരുത്തൻ സമ്പാദിച്ചിട്ടുള്ളതെല്ലാംകൂടി ഒരു വിശാലമായ മരുഭൂമിയാകുന്നു. മൊട്ടക്കുന്നുകളും വെറും തറകളും ശൂന്യങ്ങളായ മൈതാനങ്ങളും അല്ലാതെ ഒന്നും അതിൽ കാണുകയില്ല. മറ്റേവൻ തിരിഞ്ഞുനോക്കുമ്പോൾ അവന്റെ ദൃഷ്ടിയിൽപ്പെടുന്നതു രമണീയങ്ങളായ പൂങ്കാവനങ്ങളും കൃഷിയേറ്റപ്പെട്ട കണ്ടങ്ങളും നടുനനകളാൽ നിറയ്ക്കപ്പെട്ട തോട്ടങ്ങളും ആകുന്നു. അവന്റെ സമ്പാദ്യത്തിൽ ഒരു തുശിനികത്താൻപോലും പാഴ്ഭൂമി കാണുകയില്ല.

— നാലാംപാഠം

7. (എ) 'ഞാനും ഭാര്യയും പാരീസിൽ താമസിക്കുന്ന സമയം ഇപ്പോൾ പ്രസിദ്ധനായിത്തീർന്നിരിക്കുന്ന ചിത്രമെഴുത്തുകാരനായ നീഗ്രോജാതിയിൽ ടാന്നറിന്റെ

പരിചയം ഞങ്ങൾക്കുണ്ടായി. ഒരു കൊട്ടാരത്തിലേക്ക് ആ വിദ്വാന്റെ ഒരു ചിത്രത്തെ കാണ്മാനായി ഞങ്ങൾ പോവാൻ പോകുന്നു' എന്നു ചില അമേരിക്കക്കാരോടു പറഞ്ഞപ്പോൾ അവർ വിസ്മയത്തെ നടിച്ചു. 'എന്തു്! ഒരു രാജമന്ദിരത്തിൽ ഒരു നീഗ്രോവിന്റെ കൃതിയായ പടം മാന്യസ്ഥാനത്തു വെയ്ക്കപ്പെടുകയൊ, എന്തത്ഭുതം!' എന്നായിരുന്നു അവരുടെ വിചാരം. അവരുടെ ഈ ആശ്ചര്യം സഫലമായി പര്യവസാനിച്ചതു് അവർ ഛായാലേഖനത്തെ കണ്ടതിൽപ്പിന്നെയാണ്. ഇതിൽനിന്നും ഞാൻ അനുമാനിച്ചതു് ഇത്രതന്നെ: ഉത്തമമായ ഒരു പ്രവൃത്തി ആരുതന്നെ ചെയ്താലും അതു ജനസാമാന്യത്താൽ സമ്മതമായിത്തീരും. ഒരു നീഗ്രോസ്ത്രീ പാകംചെയ്യുന്നതിനോ, തട്ടം മെഴുക്കുന്നതിനോ, തയ്ക്കുന്നതിനോ, പുസ്തകമെഴുതുന്നതിനോ, ഭംഗിയായി ശീലിക്കയോ ഒരു നീഗ്രോപുരുഷൻ അശ്വപരിപാലനം ചെയ്യുന്നതിനോ സസ്യാദികളെ കൃഷിചെയ്യുന്നതിനോ, വെണ്ണ ഉണ്ടാക്കുന്നതിനോ, വീടു പണിയുന്നതിനോ, വൈദ്യനാകുന്നതിനോ, അന്യരെപ്പോലെയോ, അന്യരെ അതിശയിച്ചോ, അഭ്യസിക്കയോ ചെയ്താൽ അവർക്കു്, ആ സ്ത്രീപുരുഷന്മാർക്കു്, ജാതിവ്യത്യാസത്തിലോ വർണ്ണഭേദത്താലോ ന്യൂനത ഉണ്ടാകയില്ലെന്നു് എനിക്കു തീർച്ചയായി തോന്നിയിരിക്കുന്നു. എന്നാൽ അധിവാസയോഗ്യമായിരിക്കുന്ന ദേശത്തിൽ വസ്തുവിഷയത്തിലോ സദാചാരവിഷയത്തിലോ ഏതെങ്കിലും വർദ്ധനയെ വരുത്തുന്നതിനു താൻ ശക്തനായാൽ ഏതു മനുഷ്യനും ആ സ്ഥലത്തു കീർത്തിയും സമ്മതിയും പ്രയോജനവും ഉണ്ടാകുന്നതാണെന്നു് അവിതർക്കിതമാണ്.

— ബുക്കർ

(ബി) സർക്കാരുദ്യോഗം – കച്ചവടം – കൃഷി – ഗൃഹസ്ഥവൃത്തി – വിദ്യാപരിശ്രമം – കൈവേലപ്രവൃത്തികൾ – കൂലിപ്പണി – തീർത്ഥാടനം – പിച്ചയെടുക്കൽ മുതലായ യാതൊരു വ്യാപാരങ്ങളിലും ക്രമമായും ശരിയായും പ്രവേശിക്കാതേയും അധികകാലം കോടതികളിൽ വ്യവഹാരകാര്യങ്ങളിൽ പരിചയിച്ചു വ്യവഹാരത്തിൽ അത്യന്തം രസംപിടിച്ചു പൂർവ്വാർജ്ജിതമായി വല്ല സ്വത്തുക്കളും തനിക്കു് ഉണ്ടായിരുന്നുവെങ്കിൽ അതു വ്യവഹാരഭ്രാന്തിനാൽ നശിപ്പിച്ചു ദിവസവൃത്തിക്കു നല്ല ബുദ്ധിമുട്ടോടുകൂടി വല്ല കാര്യങ്ങളിലും മാദ്ധ്യസ്ഥം പറഞ്ഞും വ്യവഹാരങ്ങൾ നടത്തുന്നതിൽ വക്കീലന്മാരുടെ ഉപദേഷ്ടാവായും വല്ല മുറിവാചകങ്ങളും പഠിച്ചു ഹർജികൾ, ആധാരങ്ങൾ, തറവാട്ടുകരാറുകൾ മുതലായതു് എഴുതുന്നതിൽ ബഹുസമർത്ഥൻ എന്നു് അറിവില്ലാത്താളുകളെ ധരിപ്പിച്ചും ധനപുഷ്ടിയും ജനപുഷ്ടിയും ഉള്ള തറവാടുകളിൽ കടന്നുകൂടി കുടുംബച്ഛിദ്രം ഉണ്ടാക്കിയും നാട്ടിൽ വ്യവഹാരങ്ങൾ വർദ്ധിപ്പിച്ചും കാലക്ഷേപം ചെയ്യുന്ന ഒരു മനുഷ്യനു ഞാൻ 'നാട്ടുകാര്യസ്ഥൻ' എന്ന പേർ കൊടുക്കുന്നു. മേല്പറഞ്ഞ കരിപ്പാട്ടിൽ കുഞ്ഞൻമേനവൻ ഈവിധമുള്ള നാട്ടുകാര്യസ്ഥനാകുന്നു. ശീട്ടുകളിയിലും മറ്റും ചിലപ്പോൾ കിട്ടുന്നതുപോലെ

> ദുർവ്യവഹാരങ്ങളാൽ, തന്റെ ചെറുപ്പത്തിൽ ആദ്യകാലത്തിൽ സമ്പാദിച്ചിരുന്ന സ്വത്തും തനിക്കു തറവാട്ടിൽ കാരണവസ്ഥാനം കിട്ടിയശേഷം തറവാട്ടുവക അല്പമായി ഉണ്ടായിരുന്ന സ്വത്തും ഈ മനുഷ്യൻ ഒരുപോലെ നശിപ്പിച്ച് അഹോവൃത്തിക്കു വളരെ ബുദ്ധിമുട്ടി 'ഉഴലൂർ' ആയി നടക്കുന്ന കാലമാണ് ഈ കഥ നടന്ന കാലം. സൂക്ഷ്മത്തിൽ വളരെ വലച്ചിലിൽ ആയിരുന്ന തന്റെ ഇപ്പോഴത്തെ സ്ഥിതി എങ്കിലും ഒരു വെളുത്ത മുണ്ടും, തോർത്തുമുണ്ടും, ഒരു ചൂരൽവടിയും, പഴേ രണ്ടു ചെരിപ്പും, കാലപ്പഴക്കത്താൽ ആദ്യത്തെ ആകൃതിയും വർണ്ണവും ഏതാണ്ടു മാറി വശായ ഒരു പട്ടുകുടയും, കാര്യസ്ഥതയാൽ സഹജമെന്നതുപോലെ ആയിത്തീർന്നിരിക്കുന്ന തന്റെ ഗംഭീരഭാവവും ധാർഷ്ട്യാതിരേകമായ വാക്കുകളും കൂടാതെ കണ്ടൻമേനവനെ അദ്ദേഹത്തിന്റെ ഈ ദുഷ്കാലത്തിലും ആരും പുറത്തു കാണാറില്ല.
>
> — ശാരദ

## ഖണ്ഡിക (സന്ദർഭശുദ്ധി):

വിശകലിതമായ വിഷയത്തിന്റെ അംശങ്ങളെ പ്രതിപാദിക്കുന്ന ഗ്രന്ഥഭാഗങ്ങളാകുന്നു ഖണ്ഡികകൾ. ഖണ്ഡികകളിൽ പ്രധാനമായി നോക്കേണ്ടതു് ഏകാഗ്രതയും സന്ധാനവുമാകുന്നു. അതുകളുടെ സ്വഭാവം വാക്യത്തിനു പറഞ്ഞതുതന്നെ. ഒരു വിഷയാംശത്തെ പ്രസ്താവിക്കുന്ന ഖണ്ഡികയിൽ മറ്റൊരു വിഷയാംശത്തിന്റെ പ്രസ്താവം എടുക്കാതിരുന്നാൽ ഏകാഗ്രത സിദ്ധിക്കും. വിഷയാംശം ഒരു ഖണ്ഡികയിൽ അടങ്ങത്തക്കതിലധികം വിസ്താരമുള്ളതായിരുന്നാൽ ഉപഖണ്ഡികകൾക്കും ചേർക്കാം. ഖണ്ഡികകൾക്കു നമ്പരിടുന്നപക്ഷമേ ഉപഖണ്ഡികകൾക്കും ഖണ്ഡികകൾക്കും തമ്മിലുള്ള ഭേദം കാണിക്കാൻ മാർഗ്ഗമുള്ളൂ. ഖണ്ഡികകളുടെ പൂർവ്വോത്തരസംബന്ധം സൂക്ഷിച്ചാൽ സന്ധാനം ശരിയായിരിക്കും. ഇടയ്ക്കു പ്രസക്താനുപ്രസക്ത്യാദിന്നവിഷയങ്ങളെ പ്രവേശിപ്പിക്കേണ്ടിവന്നാൽ പ്രകരണം വിട്ടുന്നിടത്തും, തിരികെ നേർവ്വഴിയിൽ പ്രവേശിപ്പിക്കുന്നിടത്തും ആ സംഗതി വിളിച്ചുപറഞ്ഞും വായനക്കാരെ ഓർമ്മിപ്പിക്കുന്നതു് ഉചിതമായിരിക്കും.

## അഭ്യാസം

1. ഏകാഗ്രത പരിശോധിക്കു.

   ഒരു പ്രസംഗം

   'അല്ലയോ പ്രിയപ്പെട്ട സ്നേഹിതന്മാരെ! എനിക്കു നിങ്ങളോടു് ഏതെങ്കിലും സംസാരിക്കാനുള്ളതായിട്ടു് അറിവില്ല. എന്നാലും നിങ്ങളെ അഭിസംബോധനം ചെയ്‌വാൻ ഈ രമണീയമായ പ്രഭാതത്തിൽ നിങ്ങളുടെ വാദ്ധ്യാന്മാർ എന്നെ ക്ഷണിച്ചതിനെക്കുറിച്ചു ഞാൻ കൃതജ്ഞനായിരിക്കുന്നു. ഈ പ്രഭാതത്തിന്റെ രാമണീയകം എത്രമാത്രം വിസ്മയനീയമായിരിക്കുന്നു. രാത്രിയിലെ വിശ്രമം കഴിഞ്ഞുള്ള പുതുമയോടുകൂടെ ഞാൻ പള്ളിയിൽ ചെന്നു പ്രതിനവമായ ശുദ്ധവായുവിനെ ശ്വസിച്ചുംകൊണ്ടു ചുറ്റിനോക്കിയപ്പോൾ ഇത്രയും ചിത്രമായ ഈ പ്രപഞ്ചത്തിൽ കാലക്ഷേ

പം ചെയ്യുന്നതു് എന്ത്രയോ സ്പൃഹണീയമായ ഒരു ഭാഗ്യമാണെന്നു് എന്റെ മനസ്സിൽ മുമ്പു് ഒക്കെയും തോന്നിയിട്ടുള്ളതിൽ അധികമായിട്ടു് ഒരു ആഹ്ലാദം ഉദിച്ചു. ഈ പ്രപഞ്ചം, എന്റെ പ്രിയപ്പെട്ട കുട്ടികളെ! നമുക്കും നമ്മുടെ ഭ്രാതാക്കൾക്കും നമ്മുടെ സ്വസാക്കൾക്കും സുഖമായി ജീവിച്ചിരുന്നു് സ്വച്ഛന്ദമാകുംവണ്ണം ഭോഗങ്ങളെ അനുഭവിക്കാനായി സർവ്വശക്തനായ ഈശ്വരനാൽ നിർമ്മിക്കപ്പെട്ടു വേണ്ടതിൻവണ്ണം തയ്യാർ ചെയ്യപ്പെട്ടിട്ടുള്ളതാകുന്നു. ലോകങ്ങളെല്ലാവരും നമ്മുടെ ഭ്രാതാക്കളും നമ്മുടെ സ്വസാക്കളും തന്നെ; അവർ ഏതു ദൂരദേശത്തിലിരുന്നാലും ശരി, എത്ര വിശാലങ്ങളായ മഹാസമുദ്രങ്ങളുടെ മറുകരയിലായാലും ശരി, ഈ മഹാസമുദ്രങ്ങൾ വാസ്തവത്തിൽ പ്രപഞ്ചത്തെ വിയോജിപ്പിക്കുന്നതിലധികം യോജിപ്പിക്കയാണു ചെയ്യുന്നതു്. അവ പ്രപഞ്ചത്തെ ഏകീകരിക്കുന്നു. അവയുടെ തരംഗങ്ങളെ അലയ്ക്കുന്ന കാറ്റുകളും പ്രവാഹത്തെ പ്രേരിപ്പിക്കുന്ന ഒഴുക്കുകളും എല്ലാ വാണിഭത്തിന്റേയും മനുഷ്യന്റേയും ഗുണത്തിനുവേണ്ടി ഈശ്വരകല്പിതങ്ങളായ നിയമങ്ങളാൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. പിന്നീടു മനുഷ്യനൊ എന്റെ പ്രിയമേറിയ പൈതങ്ങളെ!

— നാലാംപാഠം

2. ഖണ്ഡികകളായിപ്പിരിച്ചെഴുതുക; സന്ധാനവും പരിശോധിക്ക.

നവനന്ദന്മാരുടെ കഥ

നവനന്ദന്മാർ ഒമ്പതുപേരും മൌര്യനും ക്രമമായി വളർന്നുവന്നു. മഹാരാജാവു പത്തു ചെറിയ കൊട്ടാരങ്ങൾ കെട്ടിച്ചു പത്തുകുട്ടികളേയും ഓരോരുത്തനെ ഓരോ കൊട്ടാരത്തിൽ വേണ്ട പരിജനസഹിതം പാർപ്പിച്ചു. അവരുടെ വിദ്യാഭ്യാസത്തിനു് ആവശ്യപ്പെട്ടിരുന്ന എല്ലാ ഏർപ്പാടുകളേയും നന്ദൻ ചെയ്തു. മൌര്യൻ ഈശ്വരപ്രസാദത്താൽ ജനിച്ചവനായിരുന്നതിനാൽ സകല ശാസ്ത്രങ്ങളേയും കലാവിദ്യകളേയും അനായാസേന അഭ്യസിച്ചു വിദ്യയിൽ അഭിവൃദ്ധിയെ പ്രാപിച്ചു. ശസ്ത്രാസ്ത്രശാസ്ത്രാദികളിലും സാഹജികബുദ്ധിശക്തിയിലും അപ്രതിമൻ ആയിരുന്ന മൌര്യൻ അയാളുടെ വിനയം കൊണ്ടു മഹാരാജാവിന്റേയും മാതാവിന്റേയും ജനപദത്തിന്റേയും ഹൃദയാനന്ദകൻ ആയിത്തീർന്നു. നവനന്ദന്മാർ മാതാവിന്റെ ഈശ്വരനിന്ദ ഹേതുവായിട്ടു ബുദ്ധിഹീനന്മാരായിരുന്നതുകൊണ്ടു വാദ്ധ്യാന്മാരുടെ ഉപന്യാസങ്ങൾ അവരിൽ പൊട്ടന്റെ കാതിൽ ശംഖുവിളിക്കുന്നതുപോലെ ആയിരുന്നു. വളരെ പ്രയാസപ്പെട്ടു കയ്യൊപ്പുവെയ്ക്കുന്നതിനുമാത്രം അവർ പഠിച്ചു. അതുതന്നെ വലുതായ വിദ്യയെന്നു വിചാരിച്ചു് അവർ സന്തോഷിച്ചുമിരുന്നു. നവനന്ദന്മാർക്കു 16 വയസ്സും മൌര്യന്നു് കൂടെ 5 മാസവും ആയി. മുരാപുത്രൻ അതിമതിമാനായിരുന്നതിനാൽ, നവനന്ദന്മാർക്കു പ്രായമായതുകണ്ടു് അവർക്കു രാജ്യാഭിഷേകം ചെയ്യുന്നതിനെപ്പറ്റി രാജാവു്, മന്ത്രി മുതലായവർ ആലോചിക്കേണ്ട സമയമായി എന്നു വിചാരിച്ചു് നന്ദന്റെ മന്ത്രാലോചനസഭയിൽ അന്നു നടക്കുന്ന വൃത്താന്തങ്ങളെ അറിഞ്ഞുപറയുന്നതിനായി വിശ്വസ്തന്മാരായ ചില ദൂതന്മാരെ നിയമിച്ചു. ദൂതന്മാരും അന്നു നടന്ന സംഗതികളെ ഒന്നൊഴിയാതെ ക്രമമായി മൌര്യനെ

തെര്യപ്പെടുത്തിക്കൊണ്ടിരുന്നു. അങ്ങനെ നടന്നുവന്ന കാലം ഒരു ദിവസം മഹാരാജാവ് അമാത്യപ്രവരനായ രാക്ഷസനെ വിളിച്ചുവരുത്തി ഇപ്രകാരം പറഞ്ഞു: 'ഹേ അമാത്യ! ഇന്ന് അതിഗൌരവമായ ഒരു കാര്യത്തെപ്പറ്റി ആലോചിക്കാനുണ്ട്. നാം ശൈശവത്തിൽ സകലവിധശാസ്ത്രങ്ങളെ അഭ്യസിക്കയും യൌവനത്തിൽ വൈഷയികസുഖങ്ങളെ അനുഭവിക്കയും ചെയ്തു. നമുക്കിപ്പോൾ വയസ്സ് അതിക്രമിച്ചിരിക്കുന്നു. വാർദ്ധക്യത്തിൽ രാജാക്കന്മാർ മുനിവൃത്തികളായിരിക്കണമെന്നു ശാസ്ത്രങ്ങൾ ഘോഷിക്കുന്നു. അതിനാൽ നാം പത്നികളോടുകൂടെ വനത്തിൽ പോയി തപസ്സുചെയ്യുന്നതിന് ആഗ്രഹിക്കുന്നു. എത്രയോ കഷ്ടപ്പെട്ടിട്ടാണ് നമുക്ക് ഒൻപതു പുത്രന്മാർ ഉണ്ടായത്. അവർക്കിപ്പോൾ വയഃപ്രാപ്തിയുമായിരിക്കുന്നു. കുമാരന്മാരിൽ ഒരുവനെ അതിനാൽ രാജാവായി അഭിഷേകം ചെയ്യേണ്ടതു് എത്രയും ആവശ്യകം. മന്ത്രി അപ്രകാരം സമ്മതിക്കയും അടുത്തനാളിൽത്തന്നെ നവനന്ദന്മാരെ വരുത്തി അവരിൽ ജ്യേഷ്ഠകുമാരനു പട്ടം കൊടുക്കണമെന്ന് അറിയിക്കയും ചെയ്തു. മഹാരാജാവും അതിന്ന് അനുവദിച്ചു. മൌര്യനാൽ നിയുക്തന്മാരായ ദൂതന്മാരിൽ ഒരുത്തൻ അന്നുതന്നെ ഈ സംഗതിയെ മൌര്യനെ തെര്യപ്പെടുത്തി. അതു കേട്ടപ്പോൾ അയാൾക്ക് അസാമാന്യമായ ദുഃഖം ഉണ്ടായി. 'ഹാ കഷ്ടം! എനിക്കു രാജ്യൈകദേശമാത്രപോലും തരുന്നതിന് ആലോചിക്കാതെ നവനന്ദന്മാരെ മാത്രം രാജ്യാവകാശികളാക്കുന്നതിന്ന് അവർ ശ്രമിക്കുന്നു. എന്താ ഞാനല്ലേ ജ്യേഷ്ഠപുത്രൻ? എന്നെ തള്ളിക്കളയുന്നതിനൊ അവർ ആലോചിക്കുന്നതു്? ഇരിക്കട്ടെ, മൌര്യന്റെ കൈയിൽ നല്ല വിദ്യയുണ്ട്. യഥാജാതന്മാരായ നവനന്ദന്മാരിൽ പരസ്പരക്ഷോഭം ജനിപ്പിച്ചു മന്ത്രിമാരുടെ ആലോചനകൾക്കു വിഘ്നം വരുത്തിക്കാം.' എന്നു മൌര്യൻ നിശ്ചയിച്ചുംകൊണ്ടു് ആ ക്ഷണത്തിൽ നവനന്ദന്മാരിൽ ഒരുത്തന്റെ കൊട്ടാരത്തിലേക്കു പോയി. മൌര്യൻ അതിബുദ്ധിശാലിയും അഞ്ചുമാസത്തിനു മൂത്തവനും ആയിരുന്നതിനാൽ നവനന്ദന്മാർക്ക് എല്ലാപേർക്കും അയാളുടെ പേരിൽ അതിസ്നേഹവും പരമവിശ്വാസവും ഉണ്ടായിരുന്നു. നവനന്ദന്മാരിൽ ഒരുത്തൻ മൌര്യൻ തന്റെ ഗൃഹത്തിൽ വരുന്നതു കണ്ട് സൽക്കാരപൂർവ്വം അകത്തു പ്രവേശിപ്പിച്ച് സോപചാരം ആസനത്തിൽ ഇരുത്തി ആഗമനപ്രയോജനത്തെ ചോദിച്ചപ്പോൾ മൌര്യൻ പറഞ്ഞു:' ഹേ രാജകുമാരാ! മറ്റ് എട്ടു സഹോദരന്മാരെ അപേക്ഷിച്ചു നിന്റെ പേരിൽ ഞാൻ അധികം പ്രീതിയുള്ളവനാണെന്നു നിനക്കേ അറിയാമല്ലോ. അതിനാലത്രേ ഞാൻ ഇവിടെ വന്നതു്. ഇന്നു രാജസഭയിൽ ചില സംഗതികൾ നടന്നതായി ഞാൻ കേട്ടു. നാളെ നിങ്ങൾ ഒൻപതുപേരേയും രാജസഭയിൽ വിളിച്ചുവരുത്തി നിങ്ങളിൽ ആർ ജ്യേഷ്ഠൻ എന്നു പറയുന്നുവോ അയാളെ ഈ രാജ്യത്തിലെ രാജാവായി അഭിഷേകം ചെയ്യണമെന്നു മഹാരാജാവ് ആലോചിച്ചിരിക്കുന്നു. നീ അഗ്രജനാണെന്നു പറയുന്നതായാൽ നിനക്കുതന്നെ ഈ സുമനോഹരമായ രാജ്യം ലഭിക്കും. അങ്ങനെ ആയാൽ അതു് എനിക്കു കിട്ടുന്നതിന് സമമാകുന്നു എന്നു വിചാരിച്ചാണു മുമ്പിൽക്കൂട്ടി ഇപ്രകാരം നിന്നെ തെര്യപ്പെടുത്തുന്നതു് ഈ വിവരം നിന്റെ സഹോദരന്മാർക്ക് ആർക്കും അറിഞ്ഞുകൂടാ. ഞാൻ

പറഞ്ഞതിനെ ഗൂഢമായി വെച്ചുകൊള്ളണം. അല്ലെങ്കിൽ ദോഷം നിനക്കെ.' കുമാരനായ നന്ദൻ അതുകേട്ട് സന്തോഷമായി അങ്ങനെതന്നെ എന്നുത്തരവും പറഞ്ഞു മൌര്യനെ അയച്ചു. രാജകുമാരനാകട്ടെ മഹാരാജാവ് എപ്പോഴാണ് എല്ലാപേരേയും വിളിക്കാൻ പോകുന്നു എന്നു കാത്തുകൊണ്ടിരുന്നു. മൌര്യൻ മേൽപ്പറഞ്ഞ പ്രകാരം ഗൂഢമായി ഓരോ രാജകുമാരന്മാരുടെ ഗൃഹങ്ങളിലും പോയി ഓരോരുത്തനോടും ഈ വൃത്താന്തത്തെ പരമരഹസ്യമായി പറകയും ഇതിനെ ഒട്ടുമേ വെളിക്കുവിടാതെ ഇരിക്കത്തക്കവണ്ണം ചട്ടംകെട്ടുകയും ചെയ്തു. പ്രഹൃഷ്ടചിത്തനായി സ്വഗൃഹത്തിലേക്കു പോയി. ഓരോ കുമാരന്മാരും മഹാരാജാവിന്റെ ദൂതനെ നോക്കിയിരുന്നു. പിറ്റെന്നാൾ ഏകദേശം പകൽ പത്തുമണിയായപ്പോൾ മഹാരാജാവും രാക്ഷസാദിയായ മന്ത്രിമാരും സഭാമണ്ഡപത്തിൽ വന്നിരിക്കുന്നതായും ഏതോ അവസരമായി കുമാരന്മാരെ വിളിച്ചുംകൊണ്ടുപോകുന്നതിലേക്കു കല്പന വന്നിരിക്കുന്നപ്രകാരവും നന്ദകുമാരന്മാരെ ചില സേവകന്മാർ വന്നറിയിച്ച് വിളിച്ചുകൊണ്ടുപോയി. മൌര്യന്റെ കാപട്യത്തെ അറിവാൻ അശക്തന്മാരായ നവനന്ദന്മാരിൽ ഓരോരുത്തനും 'മൌര്യനു തന്നിലാണധികം വിശ്വാസം ഉള്ളത്. അതിന്നാക്ഷേപമില്ല. അയാൾ പറഞ്ഞതുപോലെ എല്ലാം ശരിയായിരിക്കുന്നു. അരനാഴികയ്ക്കകം തനിക്കു രാജ്യം കിട്ടും.' എന്നിങ്ങനെ മനസ്സിൽ വിചാരിച്ചുംകൊണ്ടും സഭാമണ്ഡപത്തെ പ്രാപിച്ചു. മഹാരാജാവു കുമാരന്മാരെ സമീപത്തിൽ ഇരുത്തി അവരിൽ ഒരുവനെ മഹാരാജാവായി അഭിഷേകം ചെയ്യുന്നതിന് ഉദ്ദേശിച്ചിരിക്കുന്നു എന്നും ആ ഒരുവൻ എല്ലാപേരിലും വച്ചു ജ്യേഷ്ഠനായിരിക്കണമെന്നും, അതിനാൽ ജ്യേഷ്ഠൻ ആരെന്നു പറയണമെന്നും കല്പിച്ചപ്പോൾ, ഓരോ കുമാരനും അഗ്രജത്വത്തെ അവകാശം പറഞ്ഞുതുടങ്ങി. വക്രനാസൻ എന്ന മന്ത്രി നന്ദന്മാരുടെ വാക്കുകളെ കേട്ട് വേറെ ഏർപ്പാടുചെയ്യാലെ അവർ ഐകമത്യമായിരിക്കു എന്നു വിചാരിച്ച് 'നാളെ തീരുമാനിക്കാമെന്നും ഇന്ന് കുമാരന്മാരെ അയയ്ക്കണമെന്നും' രാജാവിനോടറിയിച്ചു. മന്ത്രി പറഞ്ഞതുപോലെ അവർ പിറ്റെന്നാൾ വന്നുചേരുന്നതിനു കല്പിച്ചയയ്ക്കപ്പെട്ടു. അവർ പോയ ഉടനെ വക്രനാസൻ രാജാവിനെ നോക്കി 'സ്വാമിൻ! കുമാരന്മാർ ഐകമത്യമായി ഇരിക്കേണ്ടതാവശ്യം. അതിന് ഈ ഉപായം കൊള്ളുകയില്ല. ഈ രാജ്യത്തെ ഒമ്പതായി വിഭജിച്ച് ആളൊന്നിനോരോഭാഗം കൊടുത്താൽ ഇവരിൽ ഐകമത്യം കാണും. അല്ലെങ്കിൽ ഇവർ സദാ പരസ്പരം കലശൽ ചെയ്തുകൊണ്ടിരിക്കും' എന്നറിയിച്ചു. വക്രനാസന്റെ വാക്ക് രാജാവിനു ബഹുന്യായമായി തോന്നിയതിനാൽ അപ്രകാരം ചെയ്‌വാൻ നിശ്ചയിച്ചു. ഈ സംഗതികളേയും പതിവുപോലെ ദൂതൻ മൌര്യനെ തെര്യപ്പെടുത്തി. മൌര്യനും മുമ്പിലത്തെപ്പോലെ നവനന്ദന്മാരിൽ ഒരുവന്റെ ഗൃഹത്തിൽ പോയി. അയാളെ കണ്ട ഉടനെ നന്ദൻ എണീറ്റ് 'ജ്യേഷ്ഠ! തങ്ങളുടെ വാക്ക് അനുസരിച്ച് ഇന്നേദിവസം ഞാൻ നടന്നു. ഇനി എങ്ങനെ വേണ്ടാത്തു' എന്നു ചോദിച്ചതിന് മൌര്യൻ 'ഇന്നുകാലത്തു നടന്നതുപോലെ നാളെയും വേണം. നാളെയാണു നിനക്കു വേണ്ട മുഖ്യമായ കാര്യമുള്ളത്. ഇന്നലെ പറഞ്ഞതുപോലെ ഇന്നും ഒരു രഹ

സ്യം ഞാൻ കേട്ടതിനെ പറയാം. ഞാൻ പറയുംപോലെ ചെയ്യുന്നതായിരുന്നാൽ നിനക്കും എനിക്കും ക്ഷേമം. നാളെ കാലത്തു് ഈ രാജ്യത്തെ ഒമ്പതു ഭാഗം ചെയ്തു് ആളൊന്നിന്് ഓരോ ഭാഗം കൊടുക്കാൻപോകുന്നപോലും. പ്രധാനനഗരമായ കുസുമപുരം ഇരിക്കുന്ന ഭാഗത്തെ നീ ചോദിക്കണം. ഇവിടെത്തന്നെ നല്ല നദികളും നിലങ്ങളും ഉള്ളതു്. മറ്റേ ഭാഗങ്ങളിൽ കാടധികം; ആദായവും കുറവു്. നിനക്കു് അതുവേണ്ട" എന്നു പറഞ്ഞു. 'അങ്ങനെതന്നെ' എന്നു പറഞ്ഞു നന്ദൻ മൌര്യനെ അയച്ചു. അയാളും ഇപ്രകാരം മറ്റെട്ടു കുമാരന്മാരെയും തെര്യപ്പെടുത്തീട്ടു സ്വഭവനത്തിൽ ചെന്നുചേർന്നു. പിറ്റേദിവസം കാലത്തു നവനന്ദന്മാർ രാജസഭയിൽ പോയി. മഗധരാജ്യത്തെ ഒമ്പതുസമമായി ഭാഗിച്ചു് ഓരോ കുമാരന്മാർക്കും ഓരോ ഭാഗം കൊടുക്കാൻ നിശ്ചയിച്ചിരിക്കുന്നതായി മഹാരാജാവു് അവരോടു കല്പിച്ചപ്പോൾ അവരിൽ ഓരോരുത്തനും എണീറ്റുനിന്നു കുസുമപുരപട്ടണം ഇരിക്കുന്ന ഭാഗം തന്നെ ഓരോരുത്തനും വേണമെന്നറിയിച്ചു. ഇങ്ങനെ ഈ ഉപായവും ഫലിച്ചില്ല. പിറ്റെന്നാൾ ആകട്ടെ എന്നു മഹാരാജാവു പറഞ്ഞു. പുത്രന്മാരെ അവരുടെ ഗൃഹങ്ങളിലേക്കു് അയച്ചിട്ടു് രാക്ഷസാമാത്യനോടു മേലിൽ വേണ്ട നടപടിയെപ്പറ്റി അഭിപ്രായം ചോദിച്ചപ്പോൾ അമാത്യൻ ഇപ്രകാരം അറിയിച്ചു. "സ്വാമിൻ, കുമാരന്മാർ ഇപ്രകാരം സിദ്ധാന്തം പറയുന്നതു് അവരുടെ സ്വബുദ്ധിയാണെന്നു വിചാരിക്കേണ്ട. ഇത്ര ആലോചന അവർക്കുണ്ടാകാൻ ഇടയില്ല. ഇതു മൌര്യന്റെ കൃത്രിമമാണു്. നാം ഇവിടെ ആലോചിക്കുന്ന സംഗതികളെ ആരോ മൌര്യനെ തെര്യപ്പെടുത്തിവരുന്നുണ്ടു്. മൌര്യനെപ്പറ്റി ഒന്നു നാം ആലോചിച്ചു് ഏർപ്പാടുചെയ്യാത്തതിനാലത്രെ അവൻ കുമാരന്മാരിൽ ഇപ്രകാരം ഭേദം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നതു്. അതിനാൽ അവനും വല്ലതും കൊടുക്കണം. അങ്ങനെ ചെയ്യുന്നതായിരുന്നാൽ കുമാരന്മാർക്കും ഹിതമായിരിക്കും. അതുകേട്ടു നന്ദമഹാരാജാവും അങ്ങനെ സമ്മതിച്ചു. മൌര്യന്നു് എന്തുകൊടുക്കാവു എന്നു് ആലോചിച്ചിട്ടു് രാജാവു് രാക്ഷസനോടു പറഞ്ഞു:

"ഹേ അമാത്യാ, ഇത്രനാളും നിങ്ങൾ മന്ത്രിയായിരുന്നല്ലൊ. ഇനി മൌര്യനെ മന്ത്രിയായി നിയമിക്കതന്നെ. ഇങ്ങനെ ചെയ്താൽ അവനും കുമാരന്മാരെ രക്ഷിക്കും" നന്ദന്മാരുടേയും രാജ്യത്തിന്റേയും ക്ഷേമത്തിനുവേണ്ട വ്യവസ്ഥകൾ ചെയ്യുന്നതിൽ അതിതല്പരനായിരുന്ന രാക്ഷസാമാത്യൻ മന്ത്രിസ്ഥാനം രാജിവെയ്ക്കുന്നതിന്് ഈഷദപി സംശയിച്ചില്ല. മഹാരാജാവും അടുത്തനാളിൽ മൌര്യനേയും അവനന്ദന്മാരേയും വരുത്തി ക്ഷത്രിയന്മാരായ ഒമ്പതു കുമാരന്മാർക്കും ഒരുമിച്ചു പട്ടാഭിഷേകം ചെയ്കയും മൌര്യനെ മന്ത്രിയാക്കുകയും ചെയ്തിട്ടു് ഭാര്യമാരോടുകൂടെ വനത്തിൽ തപസ്സിനായിപ്പോയി. രാക്ഷസൻ കുസുമപുരത്തിൽ സ്വഭവനത്തിൽ താമസിച്ചുവന്നു.

— മുദ്രാരാക്ഷസം

# 8

## രീതി

നൂലുകൊണ്ടു തുണി നെയ്യുമ്പോൾ എഴകൾ അകത്തിയും, അടുപ്പിച്ചും, ഒറ്റയായും, ഇരട്ടയായും, ചതുരത്തിലും, കോണിച്ചും മറ്റും ചേർക്കുന്നതുകൊണ്ടു തുണികൾക്കു തരഭേദം വരാറുണ്ടല്ലോ. അതുപോലെ പദങ്ങളെ ചേർക്കുന്നതിന്റെ മാതിരിഭേദംകൊണ്ടു കൃതികൾക്കും തരഭേദമുണ്ടാകും. ഇതിനെയാണ് രീതി എന്നു പറയുന്നത്. ശബ്ദരചനാശക്തിവിശേഷത്താൽ പ്രത്യക്ഷീഭവിക്കുന്ന വാഗ്ദേവിയുടെ വസ്ത്രാദിബാഹ്യവേഷസാമഗ്രി എന്നും, ഗ്രന്ഥകാരന്മാരുടെ രസനാഗ്രത്തിലും തൂലികാഗ്രത്തിലും നൃത്തം ചെയ്യുന്ന ആ ദേവിയുടെ ഗതിവിലാസം എന്നും മറ്റും രീതിയെ പലവിധത്തിൽ രൂപണം ചെയ്യാറുണ്ട്.

സംസ്കൃതാലങ്കാരികന്മാർ ദേശഭേദത്തെ അടിസ്ഥാനപ്പെടുത്തി രീതിക്കു വിഭാഗം ചെയ്തിരിക്കുന്നു. ദണ്ഡിയുടെ അഭിപ്രായത്തിൽ വൈദർഭി എന്നും ഗൌഡി എന്നും പ്രധാനമായി രീതിക്കു രണ്ടു വിഭാഗമാകുന്നു. അവ അങ്ങേ അറ്റവും ഇങ്ങേ അറ്റവും ആകയാൽ തങ്ങളിൽ വലിയ അന്തരമുണ്ട്. ഇതുകളുടെ മദ്ധ്യേ സൂക്ഷ്മാസൂക്ഷ്മവ്യത്യാസത്തോടുകൂടി പലതരം രീതികൾ വരാം. വിദർഭദേശക്കാർക്കും ഗൌഡദേശക്കാർക്കും പ്രിയമാകയാൽ അതാതു പേരുകൾ കല്പിക്കപ്പെട്ടു. വൈദർഭിക്ക് അന്തസ്സാരം പ്രധാനം; ഗൌഡിക്ക് അക്ഷരാഡംബരം. ചിലർ ഇതിനു രണ്ടിനും മദ്ധ്യേ , 'പാഞ്ചാലി' എന്നൊരു രീതി കൂടി കല്പിച്ചിട്ടുണ്ട്. മറ്റുചിലർ 'ലാടി' എന്ന് നാലാമത് ഒന്നും ചേർക്കാറുണ്ട്. ഏതായാലും അതാതുകൾക്കു പ്രചാരാധിക്യമുള്ള ദേശത്തിന്റെ പേരിൽനിന്നു വ്യുൽപ്പാദിപ്പിച്ചിട്ടുള്ള ഈ പദങ്ങൾ ഭാഷയ്ക്കു യോജിക്കയില്ല.

സർവ്വഥാ രീതിസാമ്യമുള്ള രണ്ടു കൃതികൾ കാണാൻ പ്രയാസം. ആൾ തിരിച്ച് അറിവാൻ പാടില്ലാത്തവിധം രണ്ടുമനുഷ്യർക്കു ഛായ ഒത്തുവരാറില്ലല്ലോ; അതുപോലെയാണിതിന്റെയും സ്ഥിതി. കൂടെപ്പിറന്നവർക്ക് എത്രത്തോളം ഛായ യോജിക്കുമോ അത്രത്തോളം സഹപാഠികളായ ഗ്രന്ഥകാരന്മാർക്കും രീതി യോജിക്കാം. രീതിക്ക് അസംഖ്യം ഗുണങ്ങളും ദോഷങ്ങളും പറയാറുണ്ട്; ഓരോ ഗുണത്തിനും എതിരായ ദോഷം കൂടി ഒന്നിച്ചുചേർത്തു

കാണിച്ചാൽ പരഭാഗംകൊണ്ടു രണ്ടിന്റേയും സ്വഭാവം അധികം വിശദമാകുമെന്നുള്ള വിചാരത്താൽ ഗുണദോഷങ്ങളെ ജോടിചേർത്തു വിവരിക്കുന്നു.

1. (എ) ലളിതവും കഠിനവും: ആലോചിച്ചു ക്ലേശിക്കാതെ വായിക്കുന്നതോടുകൂടിത്തന്നെ അർത്ഥം മനസ്സിലാകുന്ന രീതി ലളിതം. അതിനു വിപരീതം കഠിനം. ദുർഗ്രഹമായ വിഷയവും, വിവരിക്കുന്നതിന്റെ സമ്പ്രദായഭേദത്താൽ സുഗ്രഹമായിത്തീരാം. വിഷയത്തെ വേണ്ടും വണ്ണം വിശകലനം ചെയ്തു്, തരംതിരിച്ചു ക്രമപ്പെടുത്തി, ആവശ്യപ്പെടുന്നെടത്തെല്ലാം പൂർവ്വാപരസംബന്ധം കാണിച്ചു്, ദൃഷ്ടാന്തങ്ങളെക്കൊണ്ടു് അനുഭവപ്പെടുത്തുന്നതായാൽ കാഠിന്യം എവിടെയും പരിഹരിക്കാവുന്നതാകുന്നു. ഗ്രന്ഥകാരൻ എത്ര ക്ലേശം സഹിക്കുന്നുവൊ അത്രത്തോളം വായനക്കാരനു് ക്ലേശം കുറയും. ഉദാഹരണത്തിനു് 'വിഭക്തിവിഷയത്തിൽ മലയാളം സംസ്കൃതത്തോടു ലേശം യോജിക്കുന്നില്ല' എന്ന സംഗതി കേരളപാണിനീയത്തിലും മധ്യമവ്യാകരണത്തിന്റെ അവതാരികയിലും പ്രതിപാദിച്ചിരിക്കുന്നതു് ഒത്തുനോക്കുക.

   (ബി) അതിലളിതത്തെ കോമളം എന്നും, അതികഠിനത്തെ കർക്കശം എന്നും വ്യവഹരിക്കാം. സർവ്വസുഗമമായ വിഷയത്തെ ലളിതമായ മട്ടിൽ വർണ്ണിക്കുന്ന കൃതിയുടെ രീതി കോമളവും, ദുരൂഹമായ വിഷയത്തെ വേണ്ടിടത്തോളം വിസ്തരിക്കാതെ പ്രതിപാദിക്കുന്ന കൃതിയുടെ രീതി കർക്കശവുമായിരിക്കും. കോമളതയും കാർക്കശ്യവും പ്രതിപാദ്യവിഷയത്തെക്കൂടി സ്പർശിക്കുന്നു. ലാളിത്യത്തിലും കാഠിന്യത്തിലും വിഷയവിചാരം വേണ്ട.

2. സരസവും ശുഷ്കവും: വായിച്ചാൽ മുഷിയാത്തതു സരസം, മുഷിയുന്നതു ശുഷ്കം. വായനക്കാരന്റെ ഹൃദയത്തെ, ആകർഷിക്കത്തക്കവിധം പ്രതിപാദ്യവസ്തുവിനെ പ്രതിപാദിച്ചാൽ രീതി സരസമാകും. ഇല്ലെങ്കിൽ ശുഷ്കമായിപ്പോകും. വായനക്കാർക്കു് രസിക്കുന്നതേതു്, രസിക്കാത്തതേതു് എന്നുള്ളതു് ഗ്രന്ഥകാരൻ ആലോചിച്ചു നിശ്ചയിക്കണം. ഗ്രന്ഥകർത്താവിന്റെ നിലയിൽ വായിച്ചുനോക്കിയാൽ സ്വത്വവ്യാമോഹമില്ലാത്തവർക്കൊക്കെയും സ്വകൃതി സരസമോ ശുഷ്കമോ എന്നു നിർണ്ണയിക്കാൻ കഴിയും. ഒരു പ്രബന്ധം സരസമാകണമെങ്കിൽ അതിൽ പലവിധമായ ചമൽക്കാരമിരിക്കണം. ചമൽക്കാരം ചമയ്ക്കാനുള്ള മട്ടു് ഉപദേശിച്ചു ഗ്രഹിപ്പിക്കാവുന്നതുമല്ല. ഈയിടയിൽ മലയാളത്തിൽ തർജ്ജിമയായി ഉത്ഭവിച്ചിട്ടുള്ള പലേ പ്രബന്ധങ്ങളും ശുഷ്കനങ്ങളായിപ്പോയിട്ടുണ്ടു്. അതിലേക്കു കാരണം മൂലഗ്രന്ഥത്തിലെ വാക്ചാതുര്യമെല്ലാം വിട്ടു കേവലമായ അർത്ഥം മാത്രം ഭാഷപ്പെടുത്തീട്ടുള്ളതാണു്.

   ഒരു ലളിതമായ കൃതി ശുഷ്കമായി എന്നും കഠിനമായ കൃതി സരസമായി എന്നും വരാം. ഭഗവദ്ദൂതുനാടകത്തിന്റെ രീതി ലളിതമാണു്; എന്നാൽ അതിൽ സരസത യ്ക്കു കുറവുണ്ടു്. നളചരിതം കഥകളി കഠിനമാണു്; എങ്കിലും അതു് ഒരിടത്തും ശുഷ്കമല്ല. രീതിയുടെ സൽഗ്ഗുണദുർഗ്ഗുണങ്ങൾ വേറെ വേറെ ഉപാധികളെ ആശ്രയിച്ചു കൽപ്പിച്ചിട്ടുള്ളവയാകയാൽ മിക്ക പ്രബന്ധങ്ങളിലും ഇതുപോലെ ഒരംശത്തിൽ

ഗുണവും മറ്റൊന്നിൽ ദോഷവും കലർന്നുകാണും. എല്ലാം ഗുണമായിട്ടോ എല്ലാം ദോഷമായിട്ടോ തികഞ്ഞുവരുന്നത് അപൂർവ്വമാണ്.

3. സരളവും വക്രവും: നേർവ്വഴിക്കുപോകുന്നതു സരളം; വളച്ചുകെട്ടുന്നതു വക്രം. ചമൽക്കാരമില്ലെങ്കിൽ കൃതിക്കു ശുഷ്കതവരുമെന്നു പറഞ്ഞുവല്ലൊ, ചിലർ ഇല്ലാത്ത ചമൽക്കാരമുണ്ടാക്കാൻ വേണ്ടി നേർവഴിവിട്ടു വളച്ചുകെട്ടാനാരംഭിക്കും. ഈവകക്കാരുടെ രീതിയാണ് വക്രമായിത്തീരുന്നത്.

4. പ്രസന്നവും കലുഷവും: പ്രസാദം എന്നാൽ തെളിമ. ജലാശയം എത്ര അഗാധമായിരുന്നാലും അതിലെ ജലം തെളിഞ്ഞിരുന്നാൽ അടിവരെ കാണാൻ പ്രയാസമില്ല. അതുപോലെ ക്രമപ്പെടുത്തലിന്റെ മാഹാത്മ്യത്താൽ വിഷയം മുഴുവനും ഒരു നോട്ടത്തിൽ ഗ്രഹിക്കത്തക്കവിധം സ്പഷ്ടമായ രീതി പ്രസന്നം. വാലും തലയുമില്ലാത്ത വിഷയത്തെ വ്യാകുലപ്പെടുത്തി എഴുതുന്ന രീതി കലുഷം. ഒരു ചെറിയ കണ്ണാടിയിൽ വലുതായ ഒരു കാടു മുഴുവൻ പ്രതിഫലിക്കുന്നതുപോലെ പ്രസന്നമായ ഒറ്റവാക്യത്തിൽ മഹത്തായ വിഷയം സ്പഷ്ടമായി അടങ്ങും.

5. മധുരവും പരുഷവും: കാതിന് ഇമ്പമായുള്ളതു മധുരം; അല്ലാത്തതു പരുഷം. മോരും മുതിരയും പോലെ ചില പദങ്ങൾ എത്രതന്നെ ചേർത്താലും ചേരുകയില്ല; ചിലതു പാലും വെള്ളവും പോലെ തങ്ങളിൽ യോജിക്കും. ഇങ്ങനെ മാധുര്യവും പാരുഷ്യവും ശബ്ദത്തെ ആശ്രയിച്ച ഗുണങ്ങളാകുന്നു. അനുകൂലശ്രവണമുള്ള രീതി മധുരം; പ്രതികൂലശ്രവണമുള്ളതു പരുഷം. വെണ്മണിനമ്പൂരിമാരുടെ കൃതികൾ മാധുര്യത്തിനും, വയസ്കരമൂസ്സിന്റെ കൃതികൾ പാരുഷ്യത്തിനും പ്രായേണ ഉദാഹരണങ്ങളായിരിക്കും.

6. ഗംഭീരവും വ്യഥാസ്ഥൂലവും: പ്രഥമദൃഷ്ടിക്കു തോന്നുന്നതിലധികം അർത്ഥപുഷ്ടിയുള്ളതു ഗംഭീരം; അർത്ഥപുഷ്ടി കുറഞ്ഞും ആഡംബരം അധികപ്പെട്ടും ഉള്ളതു വ്യഥാസ്ഥൂലം. 'ആഴമുള്ളിടത്ത് ഓളം കുറയും' എന്ന പഴഞ്ചൊല്ലിൻപ്രകാരം ഗംഭീരമായ രീതിയിൽ ആഡംബരം കാണുകയില്ല. ഗംഭീരത പണ്ഡിതന്മാർക്കും വ്യഥാസ്ഥൂലത പാമരന്മാർക്കും രസിക്കും.

7. ശാലീനവും ദീപ്രവും: ശബ്ദത്തിന് പ്രാസാദികളും അർത്ഥത്തിന് ഉപമാദികളുമായി പല അലങ്കാരങ്ങളും നടപ്പുണ്ടല്ലോ. അതുകളെ ചുരുക്കി ഉപയോഗിക്കുന്ന രീതി ശാലീനം; കഴിയുന്നിടത്തൊക്കെ ചേർക്കുന്നതു ദീപ്രം. പ്രകൃത്യാ സൌന്ദര്യമുള്ള ശരീരത്തിന് ആഭരണം അണിയുന്നതിന്റെ ആവശ്യമില്ല; പ്രായേണ ബ്രഹ്മസൃഷ്ടിയിലുള്ള ന്യൂനതകളെ പരിഹരിക്കാൻ വേണ്ടിയാണ് വേഷം കെട്ടുന്നത്. ഈ അഭിപ്രായത്തിൻ പേരിൽ ശാലീനത ഗുണവും ദീപ്രത ദോഷവുമായിത്തീരുന്നു. അലങ്കാരപ്രയോഗം അധികപ്പെടുന്നതിനേക്കാൾ ചുരുങ്ങുന്നത് നന്നെന്നു താല്പര്യം. എഴുത്തച്ഛന്റെ രീതി ശാലീനവും ചെറുശ്ശേരിയുടേതു ദീപ്രവും ആണ്.

8. ഉജ്ജ്വലവും അലസവും: വൈചിത്ര്യംകൊണ്ടും ഫലിതംകൊണ്ടും ഉണ്ടാകുന്ന കാന്തിവിശേഷമാണ് ഉജ്ജ്വലത; തദഭാവം അലസത. വിവക്ഷിതമായ അർത്ഥം വാക്ചാ

തുര്യംകൊണ്ടാണ് പ്രകാശിക്കുന്നത്, അല്ലെങ്കിൽ മങ്ങിക്കിടക്കും. വിലയേറിയ രത്നവും വെളിച്ചം തട്ടാഞ്ഞാൽ മിന്നുകയില്ല. സരസശുഷ്കങ്ങൾക്കും ഉജ്ജ്വാലലസങ്ങൾക്കും തമ്മിൽ വലിയ അന്തരമില്ല. പ്രതിപാദ്യവസ്തുവിന്റെ നിസ്സാരങ്ങളായ ചില്ലറകളിൽ പ്രവേശിച്ചാൽ രീതി ശുഷ്കമായിത്തീരും; ഉക്തിവൈചിത്ര്യങ്ങളെക്കൊണ്ട്! എത്രതന്നെ ഉജ്ജ്വലത ഉണ്ടാക്കിയാലും അത് സരസമാകുന്നതു പ്രയാസം. ചവച്ചുതുപ്പിയ കരിമ്പുകഷണം പഞ്ചസാരവെള്ളത്തിൽ ഇട്ടാലും ചർവ്വണപൂർവ്വാവസ്ഥയിലെപ്പോലെ ആസ്വാദ്യമാവുകയില്ല. വേറെയും ഭേദമുണ്ട്. കൃഷ്ണഗാഥയിലെ വർണ്ണനകൾ സരസങ്ങളാണെങ്കിലും അലസങ്ങളാണ്. ഒരിടത്തു വർണ്ണിച്ച തോതിൽത്തന്നെയാണ് മറ്റൊരിടത്തും കവി വർണ്ണന ആരംഭിക്കുന്നത്; ഹേതുഫലോല്ലേഖകൾതന്നെ സർവ്വത്ര പ്രധാനം. രണ്ടുമൂന്നു വർണ്ണനകൾ വായിക്കുമ്പോൾ പുതുമ ഇല്ലാത്തതിനാൽ അലസത വെളിപ്പെടും. അതിനാൽ കൃഷ്ണഗാഥയിൽ ഏകദേശവ്യാപിയായി സരസതയും സർവ്വദേശവ്യാപിയായി അലസതയും ഉള്ളതായിപ്പറയേണ്ടിയിരിക്കുന്നു.

9. സൌമ്യവും ഉദ്ധതവും: ഗ്രന്ഥകാരൻ തന്റെ പാണ്ഡിത്യപ്രകടനത്തിനുവേണ്ടി ആടോപം കാണിക്കുന്നിടത്ത് ഔദ്ധത്യം; ഇല്ലാത്തിടത്തു സൌമ്യത. ഓജസ്സിനുവേണ്ടി നീണ്ട നീണ്ട സമാസങ്ങളും, ആവശ്യമില്ലാത്ത അപൂർവ്വഭാഷാന്തരപദങ്ങളും മറ്റും പ്രയോഗിക്കുന്നത് ഔദ്ധത്യമാകുന്നു.

10. ഊർജ്ജ്വസ്വലവും ദുർബ്ബലവും: വാക്കുകൾക്കും വാചകങ്ങൾക്കും നല്ല ഉണർച്ചയുള്ളത് ഊർജ്ജ്വസ്വലം; അതില്ലാത്തത് ദുർബലം. നിത്യൈകാര്യംകൊണ്ട് അലങ്കാരങ്ങളുടേയും മറ്റും പളപളപ്പു ക്ഷയിച്ചുപോകും; നവനവങ്ങളായ ഉല്ലേഖങ്ങൾകൊണ്ടു പുതപ്പിച്ചാൽ മാത്രമേ അതുകൾ തിളങ്ങുകയുള്ളൂ. പദപദ്മം, ഉൾപ്പൂവ് മുതലായ ആഭാസരൂപങ്ങൾ ദുർബലങ്ങളായിപ്പോയി. 'ഗുരുനാഥന്റെ പാദപദ്മരേണുക്കൾ മലിനമായ എന്റെ ഹൃദയദർപ്പണത്തെ മാർജ്ജനം ചെയ്യട്ടെ' , 'താപാധിക്യത്താൽ അവന്റെ ഉൾപ്പൂവ് വാടിപ്പോയി' ഇത്യാദ്യുല്ലേഖങ്ങളെക്കൊണ്ടു ജീവൻ കൊടുത്താൽ ഇതുകൾക്കും ഊർജ്ജ്വസ്വലത ഉണ്ടാകും.

11. പ്രൌഢവും ബാലിശവും: പ്രൌഢന്മാർക്കു രസിക്കാത്ത ഗൌരവമുള്ളതു പ്രൌഢം; ബാലോചിതമായതു ബാലിശം. വിഷയത്തിന്റെ നിസ്സാരഭാഗങ്ങളിൽ പ്രവേശിക്കാതേയും അലങ്കാരാദികളിൽ ക്ഷുദ്രങ്ങളായ ശ്ലേഷപ്രാസാദികളെ ഗണിക്കാതേയും, മിതങ്ങളും സാരങ്ങളും സഭ്യങ്ങളും ആയ പദങ്ങളെക്കൊണ്ട് അവശ്യവക്തവ്യമായ ഭാഗത്തെ മാത്രം അന്യൂനാനതിരിക്തമായ മട്ടിൽ സ്പഷ്ടതയ്ക്കു കുറവുവരാതെ പ്രതിപാദിക്കുന്ന ശബ്ദഗുമ്ഫനമാണ് പ്രൌഢത അല്ലെങ്കിൽ പ്രൌഢി. എഴുത്തച്ഛന്റെ രീതി പ്രായേണ പ്രൌഢമാണ്; കുഞ്ചൻ നമ്പ്യാരുടേതു പലേടത്തും ബാലിശമായിട്ടുണ്ട്. ഗൌരവമേറിയ വിഷയങ്ങളെ അല്ലാതെ പ്രൌഢരീതിയിൽ എഴുതാൻ സാധിക്കയില്ല. എന്നാൽ മഹാകവികൾക്കു ക്ഷുദ്രവിഷയവും പ്രൌഢമാക്കാൻ കഴിയും. മേഘസന്ദേശത്തിലെ വിഷയം എത്രയോ നിസ്സാരം; എങ്കിലും കാളിദാസന്റെ മുഖത്തുനിന്നു വന്നപ്പോൾ അതും പ്രൌഢമായി.

12. ധാരാവാഹിയും ക്ലിഷ്ടവും: നിരർഗ്ഗളമായ ധാടിയോടുകൂടെ ഗംഗാപ്രവാഹം പോലെ ത്സളത്സളായമാനമായിപ്പായുന്ന വാഗ്ധോരണി ധാരാവാഹി; വല്ല മൂലകളിലും കിടക്കുന്ന പദങ്ങളെ ബലാൽക്കാരേണ വലിച്ചിഴച്ചുകൂട്ടിച്ചേർക്കുന്നതു് ക്ലിഷ്ടം; വാസനയുള്ളവന്റെ വാക്കു് ധാരാവാഹിയും, ഇല്ലാത്തവന്റേതു ക്ലിഷ്ടവുമായിരിക്കും. വിഷയത്തിന്റെ പൂർണ്ണമായ ജ്ഞാനവും, ക്രമപ്പെടുത്താനുള്ള ശക്തിയും, അഭ്യാസബലവും ഉണ്ടായാൽ ക്ലിഷ്ടതകൂടാതെ കഴിക്കാം. ഒരുവന്റെ വാക്യരീതികൊണ്ടു് അവന്റെ സ്വഭാവം ഊഹിക്കാം എന്നു പറയാറുണ്ടു്. ഗ്രന്ഥകാരന്റെ മനസ്സിൽ ഉദിക്കുന്ന ആശയങ്ങളെ ആണല്ലോ അവൻ വാക്കുകളെക്കൊണ്ടു വെളിപ്പെടുത്തുന്നതു്; ആശയങ്ങൾ വിശദമായും പൂർവ്വാപരസംബന്ധം വിടാതെ ക്രമത്തിലും ആണ്ടദിക്കുന്നതെങ്കിൽ ആ ഗുണങ്ങൾ രീതിയിലും പ്രതിഫലിക്കും. ബിംബത്തിന്റെ സ്വഭാവം പ്രതിബിംബം കണ്ടാൽ നിശ്ചയിക്കാമല്ലോ.

13. അവഗാഹിയും മസൃണവും: വായിച്ചാലുടൻ മനസ്സിലിറങ്ങി അവിടെ പതിഞ്ഞുകിടക്കുന്നതു് അവഗാഹി; മനസ്സിൽ തട്ടാതെ ഒരു ചെവിയിൽക്കൂടി കയറി മറ്റേ ചെവിയിൽക്കൂടി വിട്ടുപോകുന്നതു് മസൃണം. പ്രകൃതിശാസ്ത്രത്തിൽ എല്ലാവസ്തുക്കൾക്കും ഗരിമകേന്ദ്രം എന്നൊരു സ്ഥാനം പറയുന്നുണ്ടു്. ഈ സ്ഥാനത്തിനു താങ്ങുകൊടുത്താൽ വസ്തുവിനു മുഴുവൻ താങ്ങു കൊടുത്ത ഫലം കിട്ടും. ഇതിനുമണ്ണം അംഗവിജ്ഞാനീയത്തിൽ മർമ്മം എന്നുപറയുന്ന ഭാഗത്തിൽ തൊട്ടാൽ മറ്റു ഭാഗങ്ങളിൽ ആഞ്ഞടിച്ച ഫലവുമുണ്ടാകും. ഇതുപോലെ സാഹിത്യകലയ്ക്കും ചില രഹസ്യങ്ങളുണ്ടു്; അതുകളിൽ സ്പർശിച്ചാൽ സ്വല്പമായ യത്നവും മഹത്തായ പ്രയോജനം ചെയ്യും. ഈവക രഹസ്യങ്ങളെ പ്രയോഗിച്ചാൽ രീതി അവഗാഹിയായിച്ചമയും. ഒരിക്കൽ വായിക്കുന്നതോടുകൂടി വിഷയത്തെ വായനക്കാരനു് അനുഭവപ്പെടുത്തിക്കൊടുക്കുന്ന രീതിധർമ്മമാണു് അവഗാഹിത്വം.

രീതിധർമ്മങ്ങളുടെ എണ്ണം ഇതിനുമേൽ വർദ്ധിപ്പിക്കാൻ വിചാരിക്കുന്നില്ല. ഇച്ചൊന്ന 13 എണ്ണത്തിൽ കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാവുന്നതാണു്. അതാതിനു ചേർന്ന ലക്ഷണത്തിലും കൂടുതൽ കുറവുകൾ ചെയ്യണമെന്നേ ഉള്ളൂ. അക്ഷരാർത്ഥം നോക്കുന്നതായാൽ രീതിപദം പദഗ്രഥനയുടെ പ്രകാരഭേദങ്ങളെ മാത്രമേ കുറിക്കുന്നുള്ളൂ. എന്നാൽ പദങ്ങളുടെ ധ്വനി മാത്രമല്ല ഗ്രന്ഥം; അതുകളുടെ അർത്ഥങ്ങളും അതുകൾ പ്രതിപാദിക്കുന്ന വിഷയവും കൂടി ഗ്രന്ഥശബ്ദാർത്ഥത്തിൽ ഉൾപ്പെടുന്നു. അതിനാൽ പദം, അർത്ഥം, വിഷയം ഈ മൂന്നിനേയും അടിസ്ഥാനപ്പെടുത്തിയാണു് ഇവിടെ രീതിധർമ്മങ്ങൾ കല്പിച്ചതു്. ലളിതസരസാദിവിഭാഗങ്ങൾ ചൊന്നതിൽ ഓരോന്നിൽ ഓരോന്നു് പ്രധാനമായിരിക്കും; ഇന്നതിൽ ഇന്നതു് എന്നുള്ളതു് അവിടവിടെത്തന്നെ മിക്കദിക്കിലും കാണിച്ചിട്ടുമുണ്ടു്.

ഇനി രീതിധർമ്മങ്ങളെ ഉദാഹരിക്കാം; എന്നാൽ അതിനു സ്വല്പം ഒരു മുഖവുര കൂടി വേണ്ടിയിരിക്കുന്നു. ഒരു ഗ്രന്ഥത്തിന്റെയോ ഗ്രന്ഥഭാഗത്തിന്റെയോ രീതി നിർണ്ണയിക്കുന്നതു ഛത്രിന്യായേന ആകുന്നു; എന്നുവെച്ചാൽ, ഒരു പതിനഞ്ചു വഴിയാത്രക്കാരിൽ പത്തുപേർ കുടപിടിച്ചിട്ടുണ്ടെങ്കിൽ കുടയില്ലാത്ത അഞ്ചുപേരെ വകവെയ്ക്കാതെ കുടക്കാർ പോകുന്നു

എന്നു നാം വ്യവഹരിക്കാറുള്ളതുപോലെ ഭൂയോഭാഗം പ്രമാണിച്ച് എന്നർത്ഥം. രീതി ഇന്നതെന്നു തെളിച്ചുപറയുന്നതു മിക്കദിക്കുകളിലും അത്ര എളുതല്ല. ഒരു രീതിയിലും ചേരാതെ സർവ്വസാധാരണമായിട്ടും ഒരു മട്ടുണ്ട്. സംഗീതത്തിൽ രാഗം നിശ്ചയിക്കുന്നതുപോലെയാണ് കൃതികളിൽ രീതി നിശ്ചയിക്കുന്നത്. ഒരു നിപുണനായ ഗായകന് രാഗം ഇന്നതെന്നു വെളിപ്പെടുത്താതെ ഒരു മണിക്കൂറുനേരം പാടാൻ കഴിയും; ഓരോ രാഗങ്ങൾക്കും പ്രത്യേകം ജീവനായുള്ള ഭാഗം തെളിയിക്കാതെ കരുതിയാൽ മതി. സ്വരങ്ങളുടെ ആരോഹാവരോഹക്രമം പല രാഗങ്ങൾക്കും ഒന്നുപോലെ കാണും; വേർതിരിയുന്ന ഘട്ടം ബലപ്പെടുത്തുകമാത്രം അരുത്. ഇതുപോലെ വ്യാവർത്തകധർമ്മം വെളിപ്പെടുത്താതിരുന്നാൽ രീതിയും തെളിയുകയില്ല. നാടകം, ആഖ്യായിക, മഹാവാക്യം മുതലായ കൃതികളിൽ പാത്രങ്ങളുടെ സ്വഭാവം അനുസരിച്ചു കവിതന്നെ ബുദ്ധിപൂർവ്വമായി രീതി മാറ്റാറുണ്ട്. ചില ഗ്രന്ഥാകാരന്മാർക്ക് അഭ്യാസബലക്കുറവുകൊണ്ട് ഒരു രീതിയും കൈവശപ്പെടായ്കയാൽ അവരുടെ ലേഖനങ്ങൾ ഓരോ സമയം ഓരോ രീതിയിലായിപ്പോയി എന്നുവരാം. കൈയെഴുത്തുപോലെത്തന്നെ ഗ്രന്ഥമെഴുത്തും പരിചയംകൊണ്ട് ഉറയ്ക്കേണ്ടതുണ്ട്. ഉറച്ചാലും രണ്ടുപേരുടെ വടിവ് ഒന്നുപോലിരിക്കാറില്ലാത്തതുപോലെ ഒരേ രീതിതന്നെ രണ്ടു ഗ്രന്ഥകാരന്മാർ എഴുതിയാൽ ഒന്നുപോലിരിക്കയില്ല. ഈ സ്ഥിതിയ്ക്ക്, ഒരു ഗ്രന്ഥത്തിന്റേയോ ഗ്രന്ഥകാരന്റേയോ രീതി ഇന്നതെന്നു വ്യവഹരിക്കുന്നതു സ്ഥൂലദൃഷ്ട്യാ മാത്രമാകുന്നു. രീതിയിൽ ഈവക ദുർഘടങ്ങൾ പലതുമുള്ളതിനാൽ അതിന്റെ വകഭേദങ്ങളെ ഉദാഹരിച്ചു ഫലിപ്പിക്കുന്നതു കേവലം അസാദ്ധ്യംപോലെ വന്നിരിക്കുന്നു. പോരാത്തതിന് ഗുണദോഷങ്ങളെ ജോടിചേർത്തെടുത്തു ലക്ഷണം ചെയ്കയാൽ ജോടിയിലുൾപ്പെട്ടവയുടെ ഉദാഹരണങ്ങൾക്കു വിഷയം ഒന്നായിരുന്നാൽ മാത്രമേ ഒത്തുനോക്കി ഭേദം ഗ്രഹിപ്പാൻ സൌകര്യം കാണുകയുള്ളൂ. അങ്ങനെ ചെയ്യുന്നതിന് ഒന്നാമതു മലയാളത്തിൽ ഗ്രന്ഥസാമഗ്രി പോരാ. രണ്ടാമത്, ഉള്ളിൽത്തന്നെ എല്ലാം വായിക്കുന്നതിന് എനിക്ക് സാധിച്ചിട്ടില്ല. എന്നാലും ജോടികളുടെ ഉദാഹരണങ്ങളിൽ മിക്കദിക്കിലും വിഷയത്തിന് ഒരു സാമ്യച്ഛായയെങ്കിലും വരുത്താൻ ശ്രമിച്ചിട്ടുണ്ട്. ആകെക്കൂടെ ഉദാഹരണം തിരഞ്ഞെടുക്കുന്നതിൽ ചെയ്തിട്ടുള്ള ക്ലേശം ആഗ്രഹിച്ചിടത്തോളം ഫലിച്ചിട്ടില്ലെന്നുള്ള സംഗതി വെളിവായി പ്രസ്താവിച്ചുംകൊണ്ടു രീതിധർമ്മങ്ങളെ മുറയ്ക്ക് ഉദാഹരിച്ചുകൊള്ളുന്നു:

## രീതിധർമ്മങ്ങൾക്കുദാഹരണം:

### ലളിതത്തിന്:

#### ധനം

ധനം എന്നുവെച്ചാൽ സ്വർണ്ണം വെള്ളി മുതലായ ലോഹങ്ങളോ അതുകളെക്കൊണ്ടുണ്ടാക്കിയ നാണ്യങ്ങളോ ആണെന്നാകുന്നു സാധാരണ ജനങ്ങൾ മനസ്സിലാക്കിയിട്ടുള്ളത്. ഒരുവനു ലക്ഷം ഉറുപ്പികയ്ക്കു മുതലുണ്ടെന്നും മറ്റൊരുവന് അഞ്ഞൂറു റുപ്പിക മുതലെടുപ്പുണ്ടെന്നും മറ്റും നാം പതിവായി പറഞ്ഞുവരുമ്പോൾ ജനങ്ങൾ ഇങ്ങനെ ധരിക്കുന്നതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. എങ്കിലും ഈ മതം അത്ര ശരിയായിട്ടുള്ളതാണെന്നു വിചാ

രിക്കാൻ പാടില്ല. സൂക്ഷ്മമായി വിചാരിക്കുമ്പോൾ ഒരു ധനവാനും ദരിദ്രനും തമ്മിൽ അനു ഭവത്തിൽ എന്താണു വ്യത്യാസം. ധനവാന് തന്റെ ഉപയോഗത്തിനും സുഖവൃത്തിക്കും വേണ്ട പദാർത്ഥങ്ങൾ സ്വാധീനമാണ്. ദരിദ്രന് തന്റെ നിത്യവൃത്തിക്കു വേണ്ടതിനുകൂടി വളരെ പ്രയാസമാണ്. എന്നിരിക്കുമ്പോൾ അവക പദാർത്ഥങ്ങളെയല്ലേ ധനമെന്നു പറയേണ്ടത്? ഭക്ഷിപ്പാനുള്ള സാധനങ്ങൾ, ഇരിപ്പാനുള്ള ഭവനം, ഉടുപ്പാനുള്ള വസ്ത്ര ങ്ങൾ മുതലായതുകളെയല്ലേ യഥാർത്ഥത്തിൽ ധനമെന്നു പറയേണ്ടത്? നാണ്യം, ആഭര ണം മുതലായവയെ ഉണ്ടാക്കുന്നതിനുള്ള സ്വർണ്ണാദിലോഹങ്ങൾ നമ്മുടെ സുഖവൃത്തിക്ക് ആവശ്യമുള്ളതാകകൊണ്ടു് അതുകളേയും ഈ കൂട്ടത്തിൽ ഗണിക്കാമെന്നല്ലാതെ അതു തന്നെയാണ് ധനമെന്നു വ്യവഹരിക്കുന്നത് അബദ്ധമായിരിക്കയില്ലേ? ഒരു രാജ്യത്തി ലെ നാണ്യങ്ങളോ, അതുകൾ ഉണ്ടാക്കുന്ന ലോഹങ്ങൾ തന്നെയോ ഇല്ലെന്നുവരികിലും അവിടെയുള്ള ജനങ്ങൾക്ക് ഒരുമാതിരിയിൽ കഴിഞ്ഞുകൂടാമെന്നു നമുക്കു വിചാരിക്കാം. എന്നാൽ ഭക്ഷണസാധനം, വാസസ്ഥലം മുതലായതില്ലെങ്കിൽ അവർക്ക് ഒരുപ്രകാര ത്തിലും കഴിഞ്ഞുകൂടുവാൻ പാടുള്ളതല്ലല്ലൊ. പവൻ, ഉറുപ്പിക മുതലായ നാണ്യങ്ങൾ കൈയിലുള്ളവനു തന്റെ ഉപയോഗത്തിനുവേണ്ട സകലതും സ്വാധീനമാണെന്ന് എല്ലാ പേർക്കും അനുഭവമായിരിക്കേ ആ നാണ്യങ്ങളെ ധനമെന്നുപറയുവാൻ പാടില്ലെന്നു വ്യവഹരിക്കുന്നതു ശരിയല്ലെന്ന് ആക്ഷേപിച്ചേക്കാം. ഇതിനു സമാധാനം എന്തെന്നാൽ ഉറുപ്പിക മുതലായ നാണ്യങ്ങൾ ഉപയുക്തസാധനങ്ങളെ ക്രയവിക്രയം ചെയ്യുന്നതിനുള്ള സൌകര്യത്തിനുവേണ്ടിമാത്രം നമ്മൾ തന്നെ സാങ്കേതികമായ വിലയോടുകൂടി ഒരു ഉപക രണമായി നിർമ്മിച്ചിട്ടുള്ളതാകകൊണ്ടു ധനം സ്വാധീനമാക്കുന്നതിനുള്ള ശക്തി അതിനു സിദ്ധിച്ചിട്ടുണ്ടെന്നല്ലാതെ അതു തന്നെയാണ് ധനമെന്നു പറയുന്നതു സാധുവാകുന്നതല്ല. ഗ്രന്ഥങ്ങൾ അറിവു സമ്പാദിക്കുന്നതിനുള്ള ഒരു ഉപകരണമാണെന്നുവെച്ച് ആ ഗ്രന്ഥങ്ങൾ തന്നെയാണ് അറിവെന്നു പറയുന്നത് ശരിയായിട്ടുള്ളതാണൊ? നാണ്യങ്ങളാണ് ധന മെന്നു പറയുന്നത് ഇതുപോലെയാകുന്നു. അതുകൊണ്ടു് ഈ ശാസ്ത്രത്തിൽ ഉപയുക്തസാധ നങ്ങളെ മാത്രമേ ധനമെന്നു പറയുന്നുള്ളു. ലോഹനിർമ്മിതമായ ഈ ഉപകരണത്തിന് പണമെന്നാകുന്നു പേർ.

— ഗദ്യമാലിക (ഒന്നാം ഭാഗം)

## കഠിനത്തിന്:

### സദാചാരനിയമം

ജാതിനിയമത്തിന്റെ ആവശ്യത്തിൽ ഏറ്റവും പ്രധാനമായ മറ്റൊരു ഭാഗം സദാചാരസം രക്ഷണമാണ്. മനുഷ്യർക്കും, മറ്റു ജന്തുക്കൾക്കുമുള്ള മുഖ്യഭേദം മനുഷ്യരുടെ സദാചാര നിയമം തന്നെയാകുന്നു. യുക്തായുക്തബോധം കൂടാതെ അപ്പപ്പോൾ തോന്നുന്നവിധം പ്ര വർത്തിക്കാനാണ് മൃഗപ്രകൃതിയുടെ പ്രേരണ. എന്നാൽ മനുഷ്യൻ ആവക പ്രേരണകളെ നിയമനം ചെയ്തു യുക്താനുസരണം പ്രവർത്തിക്കുന്നു. മനുഷ്യസമുദായത്തെ വിട്ടു് ഇതുമാ റുമ്പോൾ, മൃഗനിർവ്വിശേഷന്മാരായി കലിയുഗാവസാനത്തു സംഭവിക്കുന്നതായി ഋഷികൾ വർണ്ണിക്കുന്നതും ലോകത്തിന്റെ ശൈശവാവസ്ഥയിൽ സംഭവിച്ചിരുന്നതായി നൂതനശാ സ്ത്രികൾ ഘോഷിക്കുന്നതുമായ 'മനുഷ്യമൃഗങ്ങൾ' ഉത്ഭവിക്കുന്നതാകുന്നു. അതുകൊണ്ടു

പരിഷ്കാരത്തിൽ മുൻപിട്ടു നിൽക്കേണ്ടതും നവീനപരിഷ്കാരം ഭാഗ്യദോഷത്താൽ വിസ്മരിച്ചു തുടങ്ങിയിരിക്കുന്നതുമായ സദാചാരനിർബ്ബന്ധമാകുന്നു സർവ്വോൽകൃഷ്ടമായിരിക്കുന്നത്. ജാതിഭേദം കൂടാതെ ഒരു സമുദായത്തിൽ സദാചാരത്തിനു വിരോധം പ്രവർത്തിച്ച് ഒരുവനേയോ ഒരു കൂട്ടരേയോ സ്വസമുദായത്തിൽനിന്നു ബഹിഷ്കരിക്കയല്ലാതെ മറ്റെന്തുപായമാണുള്ളത്? അവരുടെ വംശം കാലക്രമത്തിൽ വർദ്ധിച്ചുവരുമ്പോൾ അവരുമായി അന്യന്മാർ വിവാഹകാര്യാദികൾ ചെയ്തുതുടങ്ങിയാൽ മനുഷ്യർക്ക് ആ ബഹിഷ്കരണ ശിക്ഷയെക്കുറിച്ചു ഭയവും, സദാചാരത്തിൽ ഭക്തിയും ഉണ്ടാകുമോ? അതിനുവേണ്ടി അവരെ അകറ്റി നിർത്തുകയും അവരുമായി അടുത്തു സംസർഗ്ഗം ചെയ്യാതെ മറ്റുള്ളവർ കഴിച്ചുകൂട്ടുകയും ചെയ്യുമ്പോൾ അവർ ആദ്യം അവിഭക്തമായിരുന്ന ഒരു കുടുംബത്തിൽ ഒരു ഭിന്നശാഖയായിട്ടോ അഥവാ ഒരു ഭിന്നജാതിയായിട്ടോ തീരുന്നതും തീരേണ്ടതും അല്ലയോ? സദാചാരസംബന്ധങ്ങളായ കുറ്റങ്ങൾ പലതരത്തിലും ഗൌരവം കൂടിയും കുറഞ്ഞും ഇരിക്കാവുന്നതുകൊണ്ട് സ്വസമുദായത്തിൽ എല്ലാത്തരം സദാചാരകുറ്റങ്ങൾക്കും ബഹിഷ്കരണസമ്പ്രദായം ഒന്നായാൽ മതിയോ? ഗൌരവമേറിയ കുറ്റത്തിനു ബഹിഷ്കരണ ശിക്ഷയുടെ കാഠിന്യം കൂടുതലും ഗൌരവം കുറഞ്ഞതിനു ബഹിഷ്കരണത്തിന്റെ നിഷ്ഠുരത കുറവും ആയിരിക്കേണ്ടതല്ലയോ? ഇപ്രകാരം വിവേകപൂർവ്വം തരംതിരിച്ചുവെക്കുമ്പോൾ സദാചാരത്തിന്റെ പൂർണ്ണസത്ഭാവത്തോടുകൂടിയവർ സമുദായത്തിൽ ഏറ്റവും ഉയർന്ന സ്ഥാനത്തു സമുദായചട്ടങ്ങളുടെ പൂർണ്ണമായ സ്വാതന്ത്ര്യത്തെ അനുഭവിക്കുന്നവരായിട്ടും, മറ്റുള്ളവർ ഏറക്കുറെ ഭ്രഷ്ടരാകയാൽ സാമുദായികങ്ങളായ അവകാശങ്ങളിൽ ക്രമേണ കുറവുള്ളവരായും ഇരിക്കുന്നത് അനീതിതന്നെയോ? ഈ വിഷയത്തിൽ മറ്റുള്ളവരെ ഒന്നോടെ ബഹിഷ്കരിക്കയും, അവരുമായി യാതൊരു സംബന്ധവും സദാചാരനിരതന്മാർക്കുണ്ടായിരിക്കയും ചെയ്യരുത് എന്നുവെക്കുന്ന ചട്ടംകൊണ്ടു പതിതന്മാർ സമുദായത്തിന് ഒരു നഷ്ടമായിട്ടോ പക്ഷേ, ശത്രുക്കളായിട്ടോ തീർന്നേക്കാം. അതുകൂടാതെ കഴിപ്പാനായി അവർക്കു പ്രത്യേകസ്ഥാനങ്ങൾ കൽപ്പിക്കയും അവരുടെ നടപടികളാൽ സദാചാരത്തിൽ ഭംഗമില്ലാത്തവർക്കു വീണ്ടും സദാചാരനിഷ്ഠ വർദ്ധിക്കയും അസദാചാരത്തിൽ ഭയം തോന്നുകയും ചെയ്യത്തക്കവണ്ണമുള്ള ആചാരഭേദങ്ങളോടുകൂടി അവരേയും സ്വസമുദായത്തിൽക്കൂടി ചേർത്തുകൊള്ളുന്നത് എത്രമാത്രം വിവേകമുള്ള ഒരു പ്രവൃത്തിയാണെന്ന് ധരിച്ചുകൊള്ളേണ്ടതാകുന്നു. ഇതാകുന്നു ഇൻഡ്യയിലെ ജാതികൾക്കുള്ള മറ്റൊരു ഗുണം.

— ഭാഷാപോഷിണി

### കോമളത്തിന്:

#### ഒരു ഉദ്യാനത്തിലെ സന്ധ്യാകാലം

ആ പ്രാകാരത്തിന്റെ പുറവശത്തിലെ കാഴ്ച ഇതിൽനിന്നും വളരെ വ്യത്യാസപ്പെട്ടാണ്. തിങ്ങി ഞെരുങ്ങി വളർന്നിരുന്ന ചാമരങ്ങളുടെ ഇലച്ചിൽപ്പടർപ്പുകൊണ്ട് അവിടം സദാ ഇരുട്ടിനിരിപ്പിടമെന്നതുപോലെ തോന്നി. ആ മാന്തോപ്പിന്റെ നടുവിലായി ശുദ്ധജലം നിറഞ്ഞിരുന്ന ഒരു പൊയ്കയുണ്ടായിരുന്നു. അതിലെ സ്ഫടികതുല്യമായ വെള്ളത്തിൽ സമീപത്തിൽ നിൽക്കുന്ന മാഞ്ചുട്ടങ്ങളുടെ പ്രതിബിംബം പരിശോഭിച്ചു. അസ്തമനമായപ്പോൾ

തോട്ടത്തിൽ പകൽ മുഴവൻ നൃത്തം ചെയ്തുകൊണ്ടിരുന്ന മയിലും, ആ ഉദ്യാനം മുഴവൻ തന്റെ മധുരഗീതത്താൽ മുഴക്കിക്കൊണ്ടിരുന്ന കുയിലും, മരത്തിൽനിന്ന മരത്തിലേക്കു ചാടിപ്പറന്നുകൊണ്ടിരുന്ന മറ്റു പക്ഷിവൃന്ദങ്ങളും അതാതിന്റെ പാട്ടും കൂത്തും അവസാനിപ്പിച്ചു വൃക്ഷശാഖകളിലുള്ള കൂടുകളെ അവലംബിച്ചു. ഒരു ഭംഗിയുള്ള ദീപക്കാഴ്ചയെന്നപോലെ മിന്നാമിനുങ്ങുകൾ അവിടെയെല്ലാം കൂട്ടംകൂട്ടമായി പ്രകാശിച്ചു. തടാകതീരത്തിലുള്ള പൊത്തുകളിൽനിന്നും ചെറുകുരുവികൾ പുറപ്പെടുവിച്ച 'ഛീൽ' ശബ്ദം നിശാനാഥന്റെ വരവിനു സ്വാഗതം പറയുമ്പോലെ തോന്നി.

— ഭാഷാപോഷിണി

## കർക്കശത്തിന്:

### ചാരിതാർത്ഥ്യവും സന്തുഷ്ടിയും

ക്ഷമയോടും അവ്യഗ്രതയോടും ചെയ്യേണ്ട വേലയ്ക്കു സന്തുഷ്ടിയും ചാരിതാർത്ഥ്യവു ഉള്ള മനസ്സ് മുഖ്യാവശ്യമാകുന്നു. സന്തുഷ്ടിയില്ലാതെ പരിശ്രമശീലം ഉണ്ടായിരിക്കാൻപാടില്ല, എന്നുമാത്രവും അല്ല, ചരിതാർത്ഥനായ മനുഷ്യൻ സ്വയം സന്തോഷഭരിതനായിരുന്നും കൊണ്ടു ചുറ്റും ഉള്ളവരേയും സന്തുഷ്ടന്മാരാക്കിത്തീർക്കുന്നു. സന്തുഷ്ടിയാകുന്ന ഉൽകൃഷ്ടഗുണം പ്രായേണ ശരീരസുഖത്തേയും ആരോഗ്യത്തേയും അവലംബിച്ചിരിക്കുന്നു. എങ്കിലും അതിനെ ശീലിച്ചു വർദ്ധിപ്പിക്കാവുന്നതാണെന്നു നിശ്ചയം തന്നെ. സ്മൈയിൽസ് ഇപ്രകാരം പറഞ്ഞിരിക്കുന്നു: "നമുക്കു നമ്മുടെ ജീവിതത്തെ എത്രയും നന്നാക്കിക്കൊള്ളുകയോ എത്രയും ചീത്തയാക്കിക്കൊള്ളുകയോ ചെയ്യാം; ഏവഞ്ച, നമ്മുടെ ജീവിതത്തിൽനിന്നു നാം സുഖത്തേയോ ദുഃഖത്തേയോ അനുഭവിച്ചുകൊള്ളുന്നു എന്നുള്ളത് അധികവും നമ്മെത്തന്നെ അവലംബിച്ചിരിക്കുന്നു. ജീവിതത്തിൽ സദാ രണ്ടു ഭാഗങ്ങൾ ഉണ്ട്: ഒന്ന് പ്രകാശമായുള്ളതും മറ്റൊന്ന് അപ്രകാശമായുള്ളതും ആകുന്നു. നമുക്ക് ഇഷ്ടാനുരോധേന അവയിൽ ഏതെങ്കിലും നോക്കാം. അവയിൽ ഒന്നിനെ തിരഞ്ഞെടുക്കുന്നതിനു നമ്മുടെ ഇച്ഛാശക്തിയെ ഉപയോഗിക്കുന്നതിനാൽ സുഖിയായിട്ടോ ദുഃഖിയായിട്ടോ ഇരിക്കുന്ന ശീലത്തെ നമുക്കു വർദ്ധിപ്പിച്ചുകൊള്ളാം. വസ്തുക്കളുടെ എത്രയും ഇരുണ്ട ഭാഗത്തെ നോക്കുന്നതിനു പകരം അതിപ്രകാശമായുള്ള ഭാഗത്തെത്തന്നെ നോക്കുന്നതായ സ്വഭാവത്തെ നമുക്കു ബലപ്പെടുത്താൻ കഴിയും.' 'നാം കാർമേഘത്തെ നോക്കുമ്പോൾ അതിൽ ഇടകലർന്നിരിക്കുന്ന ധവളരേഖയെ നോക്കാതിരിക്കരുത്.' ചാണക്യൻ ഇപ്രകാരം പറഞ്ഞിരിക്കുന്നു: ഒരു ശ്വാവിൽനിന്നുതന്നെയും അനർഘങ്ങളായ ഗുണങ്ങളെ നമുക്ക് അഭ്യസിക്കാവുന്നതാണ്. അവ, അല്പകൊണ്ടു തൃപ്തിയും ഗാഢനിദ്രയും ജാഗരൂകതയും സ്വാമിഭക്തിയും ശൌര്യവുമാകുന്നു.' 'ഒരു അരഞാൺ കൊണ്ടു തൃപ്തനായിരുന്നാൽ ദാരിദ്ര്യം നമ്മെ ദുഃഖിപ്പിക്കയില്ല' എന്ന് തെലുങ്കിൽ ഒരു പഴഞ്ചൊല്ലുണ്ട്. "ആഹാരം ശരീരത്തെ പോഷിപ്പിക്കുന്നതുപോലെ ചാരിതാർത്ഥ്യം ആത്മാവിനെ പോഷിപ്പിക്കുന്നു' എന്ന് അറബികൾ പറയുന്നു. 'ചരിതാർത്ഥനായിരിക്കുന്ന നീ ഒരു രാജാവായിത്തീരും' എന്ന് ഒരു പാഴ്സി പഴഞ്ചൊല്ലുണ്ട്. 'ചാരിതാർത്ഥ്യത്തോടുകൂടിയ മനസ്സ് സ്വർണ്ണത്തെ ഉണ്ടാക്കുന്നു' എന്ന് ഒരു തമിഴ് പഴഞ്ചൊല്ലും ഉണ്ട്. സ്വപ്രയത്നം കൊണ്ടു നീക്കാവുന്ന ദോഷങ്ങളെ

സഹിച്ചുംകൊണ്ടിരിക്കുന്നതു വാസ്തവമായ ചാരിതാർത്ഥ്യത്തിൽ ഉൾപ്പെടുകയില്ല. വാസ്തവമായ ചാരിതാർത്ഥ്യം കഴിയുന്നവിധത്തിൽ നമുക്കും നമ്മുടെ സ്ഥിതിക്കും പരിഷ്കാരം വരുത്തിക്കൊള്ളുന്നതിലേക്ക് നമ്മെ വിരോധിക്കുന്നുമില്ല. എന്നാൽ അതു നമ്മളാൽ അനിവാര്യങ്ങളായ ദോഷങ്ങളെക്കുറിച്ചു ദുഃഖിക്കാതെ ഇരിക്കുന്നതിനും നാം അനുഭവിക്കുന്ന അനേകഗുണങ്ങൾക്കുവേണ്ടി ഈശ്വരനോടു കൃതജ്ഞന്മാരായിരിക്കുന്നതിനും നമ്മെ അഭ്യസിപ്പിക്കുന്നു. ഇതിൻവണ്ണം ചാരിതാർത്ഥ്യം നമ്മുടെ ഈശ്വരഭക്തിയെ പ്രകടിപ്പിക്കുന്നതിനുള്ള സിദ്ധമായ ഒരു മാർഗ്ഗമാകുന്നു. ജെരിമിബന്ഡം പറഞ്ഞിരിക്കുന്നതാവിതു്: ഇച്ഛാശക്തിയെ വിചാരങ്ങളുടെ മേൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന സംഗതികളിലൊക്കെയും, ആ വിചാരങ്ങളെ സുഖം വരുത്തുന്ന വഴിയിൽ പ്രവർത്തിപ്പിക്കേണ്ടതാകുന്നു. വസ്തുക്കളുടെ എത്രയും പ്രകാശമുള്ള ഭാഗത്തേക്കുതന്നെ നോക്കി സദാ അതിന് അഭിമുഖമായിട്ടിരിക്കണം. ജീവിതകാലത്തിൽ അധികഭാഗം അവശ്യം പ്രവൃത്തിയൊന്നും കൂടാതെ പൊയ്പ്പോകുന്നു. സദാ ഭവിക്കുന്ന സഹസ്രം സംഗതികളിൽ ഒന്നിനെ ഉദാഹരിക്കാം; പകൽ മറ്റുള്ളവരെ ആശ്രയിച്ചു കാത്തുനിന്നും രാത്രിയിൽ നിദ്ര വരാതിരിക്കുമ്പോഴും നേരം വെറുതെ പോകുന്നു. ആ സമയങ്ങളിൽ സന്തോഷകരമായ ഓരോ കാര്യം വിചാരിച്ചു സുഖിച്ചുകൊണ്ടിരിക്കേണ്ടതാകുന്നു. വെളിയിൽ സഞ്ചരിക്കുമ്പോഴോ ഗൃഹത്തിൽ സ്വസ്ഥമായിട്ടിരിക്കുമ്പോഴോ മനസ്സ് വിചാരശൂന്യമായിരിക്കുന്നതല്ല. അതിന്റെ വിചാരങ്ങൾ ഉപയോഗം ഉള്ളവയോ, ഇല്ലാത്തവയോ, സുഖത്തിന് അനുകൂലങ്ങളോ, വിരുദ്ധങ്ങളോ ആയിരിക്കാം. അവയെ നേരെ പ്രവർത്തിപ്പിക്കണം. സന്തോഷജനകങ്ങളായ വിചാരങ്ങളോടുകൂടിയിരിക്കുന്ന ശീലം മറ്റേതെങ്കിലും ശീലത്തെപ്പോലെ എളുപ്പത്തിൽ അങ്കുരിക്കും.

— സന്മാർഗ്ഗപ്രദീപം

## സരസത്തിനു്:

### സ്വയം പ്രകാശമുള്ള ചില ജന്തുക്കൾ

രാത്രികാലങ്ങളിൽ ചിലപ്പോൾ വൃക്ഷങ്ങളുടേയും മറ്റും നിഴൽ നിമിത്തം ഇരുട്ടുകെട്ടിയിരിക്കുന്ന ഇടവഴിയിൽക്കൂടി സഞ്ചരിക്കുമ്പോൾ ഓരോ ചെറിയ ദീപങ്ങൾ വഹിച്ച് നാലുപുറവും പറന്നുനടന്നുംകൊണ്ട് നമ്മൾക്കു വഴി കാണിച്ചുതരികയും, അവിടവിടെ തലപൊക്കി നിൽക്കുന്ന പുൽക്കൊടികളുടേയും മറ്റും അഗ്രഭാഗങ്ങളിൽ പറ്റിപ്പിടിച്ചു നിന്നുംകൊണ്ട് ചില മുസിപ്പാലിറ്റികളുടെ സ്തംഭദീപങ്ങൾ പോലെ ജ്വലിക്കുകയും വേലിയരുകിൽ നിൽക്കുന്ന ഇല്ലിപ്പട്ടിലുകളെ അനവധി നക്ഷത്രമാലകൾ കൊണ്ടലങ്കരിക്കുകയും ചെയ്യുന്ന മിന്നാമിനുങ്ങാണല്ലോ ഈ ലേഖനത്തിന്റെ തലവാചകം വായിച്ചാൽ മുമ്പിൽ നമ്മുടെ ഓർമ്മയിൽ വരുന്നതു്. വീടുകളുടെ ചുമരുകളിലും ഉത്തരങ്ങളിലും ചിലപ്പോൾ നനഞ്ഞ തീപ്പെട്ടിക്കോൽ ഉരച്ചപോലെ ഇരുട്ടത്തു് അരിച്ചുനടക്കുന്ന 'തൊട്ടാലൊട്ടി' എന്നു പറയുന്ന ചെവിപ്പാമ്പിനേയും സാമാന്യം വായനക്കാർ ഓർമ്മിക്കാതിരിക്കയില്ല. നമ്മുടെ മിന്നാമിനുങ്ങുകളുടെ വെളിച്ചം അവയുടെ അടിവയറ്റിൽ ഇടത്തും വലത്തുമുള്ള രണ്ടു പ്രത്യേക അവയവങ്ങളിൽനിന്നാണു ജനിക്കുന്നതു് എന്ന് അതിനെ പിടിച്ചുനോക്കീട്ടുള്ളവർ അറിഞ്ഞിരിക്കും. എന്നാൽ അമേരിക്കയിൽ മെക്സിക്കോ എന്ന ദിക്കിലെ ഒരുതരം

മിന്നാമിനുങ്ങുകൾക്ക് മേൽപ്രകാരം നാല് അവയവങ്ങൾ ഉണ്ടത്രേ. ആ മിന്നാമിനുങ്ങുകൾക്കും നമ്മുടെ മിന്നാമിനുങ്ങുകളേക്കാൾ ഇരട്ടി പ്രകാശവും ഉണ്ട്. അതുകൊണ്ട് അമേരിക്കയിൽ ചില പ്രദേശങ്ങളിലെ ദരിദ്രന്മാർ രാത്രി വെളിച്ചത്തിനു മിന്നാമിനുങ്ങുകളെ പിടിച്ചു കുപ്പികളിലിട്ടടച്ചു വിളക്കിനുപകരം ഉപയോഗിക്കുന്നുണ്ട്. കക്കുവാൻ വേണ്ടി വല്ല ഗൃഹത്തിന്റേയും മുറിക്കുള്ളിൽ കടന്നതിന്റെ ശേഷം ആ മുറിയുടെ സ്വഭാവവും അതിലുള്ള സാമാനങ്ങളുടെ വിവരവും അറിവാൻ വേണ്ടി ചില കള്ളന്മാർ മിന്നാമിനുങ്ങുകളെ പിടിച്ചു ശേഖരിച്ചുകൊണ്ടുപോയി പറക്കുവാൻ വിടാറുണ്ടെന്നും മറ്റും ചില കഥകൾ വളരെ ആളുകൾ കേട്ടിട്ടുണ്ടായിരിക്കണം. യൂറോപ്പിലുള്ള വേറൊരുതരം മിന്നാമിനുങ്ങിന് അതിന്റെ മുഖത്തിൽനിന്നും കീഴ്പ്പോട്ടു് ഒരു തുമ്പിക്കൈ പോലെ തൂങ്ങിനിൽക്കുന്ന ഒരു അവയവത്തിന്റെ അറ്റത്താണ് വെളിച്ചം. ആ പ്രാണി പറക്കുന്നതു കണ്ടാൽ ഒരു റാന്തൽവിളക്കു തൂക്കിപ്പിടിച്ചു പറക്കുകയാണെന്നു തോന്നും. അതുനിമിത്തം അതിന്നു 'റാന്തലീച്ച്' എന്ന് ആ പ്രദേശത്തുകാർ പേർ പറയുന്നു. ഈ ദിക്കിലുള്ള മിന്നാമിനുങ്ങുകളുടെ വെളിച്ചം ഒരു പച്ചവർണ്ണമാണല്ലോ. എന്നാൽ ഇറ്റലിരാജ്യത്തു കാണുന്ന ഒരുതരം മിന്നാമിനുങ്ങുകളുടെ വെളിച്ചം നീലവർണ്ണവും 'റാന്തലീച്ച്' യുടെ വെളിച്ചം ഊതാവുവർണ്ണവും ആണ്. ഈ ജന്തുക്കളുടെ വെളിച്ചത്തിനു ദേശവ്യത്യാസമനുസരിച്ച് അല്പമായ വർണ്ണവ്യത്യാസങ്ങൾ വേറെ പ്രകാരത്തിലും കണ്ടുവരുന്നുണ്ട്. ശരീരത്തിന്റെ ഉടൽനീളം അനേക ഖണ്ഡങ്ങളായി വേർതിരിഞ്ഞുകാണുന്നതു വർഗ്ഗസാമാന്യലക്ഷണങ്ങളായി പ്രാണിശാസ്ത്രപണ്ഡിതന്മാർ വിചാരിക്കുന്ന ഒരു ജന്തുവർഗ്ഗത്തിൽപ്പെട്ടതാണ് ചെവിപ്പാമ്പ്. ഈ ജന്തുവർഗ്ഗത്തിൽത്തന്നെ അവർ ചേർത്തു തരം തിരിച്ചിട്ടുള്ളവയാണ് പഴുതാര, തേരട്ട മുതലായ ചില ജന്തുക്കൾ. ചെവിപ്പാമ്പിനും അതിനെപ്പോലെതന്നെ അതിന്റെ വർഗ്ഗത്തിൽപ്പെട്ട മറ്റു സ്വയം പ്രകാശമുള്ള ജന്തുക്കൾക്കും അവയുടെ രണ്ടു പള്ളയിലും ശരീരവും കാലുകളും കൂടിച്ചേരുന്ന സന്ധികളിലായി ഓരോ അവയവങ്ങൾ ഉള്ളതിൽ നിന്നാണ് പ്രകാശം ജനിക്കുന്നത്. ഈ വർഗ്ഗത്തിൽ സാമാന്യം വലിപ്പമുള്ള ചില ജന്തുക്കൾ രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നതു കണ്ടാൽ എല്ലാ മുറികളിലും വിളക്കുകൾ കൊളുത്തിവെച്ചു രാത്രി ഓടുന്ന ഒരു തീവണ്ടിയുടെ സാമ്യം ആർക്കും തോന്നിപ്പോകും. കാക്കയുടെ വർഗ്ഗത്തിൽപ്പെട്ടതും രാത്രികാലങ്ങളിൽ നാക്കിലൂക്കകളെപ്പോലെ സമുദ്രത്തിന്റെ ഉപരിഭാഗങ്ങളിൽ കൂട്ടംകൂട്ടമായി അനേകചതുരശ്രനാഴിക സ്ഥലപ്പരപ്പിൽ ഇടതിങ്ങി സഞ്ചരിക്കുന്നതും ആയ ഒരുതരം ജന്തുക്കളെ ഉഷ്ണമേഖലയിൽപ്പെട്ട സമുദ്രഭാഗങ്ങളിൽ വളരെ പ്രാവശ്യം താൻ കണ്ടിട്ടുള്ളതായും ആ വക അവസരങ്ങളിൽ ഈ ജന്തുക്കളുടെ വെളിച്ചത്താൽ കപ്പലിന്റെ തട്ടിൽ ഇരുന്നുകൊണ്ടു പുസ്തകങ്ങളും വർത്തമാനക്കടലാസുകളും പ്രയാസം കൂടാതെ തനിക്കു വായിപ്പാൻ കഴിഞ്ഞിട്ടുള്ളതായും സർ വിവിലി താംസൺ എന്ന വിദ്വാൻ താൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 'സമുദ്രഗർഭപ്രദേശങ്ങൾ' എന്ന പുസ്തകത്തിൽ പ്രസ്താവിച്ചു കാണുന്നു. കടൽജന്തുക്കളിൽ വെച്ച് സമുദ്രത്തിൽ കാൽ നാഴികയിലധികം ആഴത്തിനടിയിൽ സ്ഥിരവാസമുള്ളവയായ ജന്തുക്കളിലാണ് സ്വയം പ്രകാശം നാനാപ്രകാരത്തിൽ കാണുന്നത്. സമുദ്രത്തിൽ കാൽ നാഴികയിലധികം ആഴമുള്ള പ്രദേശങ്ങളിൽ സൂര്യരശ്മി ഒട്ടുംതന്നെ പ്രവേശിക്കാത്തതുകൊണ്ട് ഏതുസമയത്തും കൂരിരുട്ടു

പിടിച്ചുകിടക്കുന്ന ആവക പ്രദേശങ്ങളിലാണല്ലോ ഈവക ദീപങ്ങളുടെ പ്രയോജനവും അധികമുള്ളതു്. ആവക പ്രദേശങ്ങളിലെ ജന്തുക്കളിൽ ദേഹമാസകലം പ്രകാശമുള്ളവയും, നിരന്തരമായി പ്രകാശം പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്നവയും, ആവശ്യമുള്ളപ്പോൾ മാത്രം പ്രകാശം കാണിക്കുന്നവയും, വർണ്ണം മാറിമാറി പ്രകാശിക്കുന്നവയും ആയി അനവധി ജന്തുക്കളെ കണ്ടുപിടിച്ചിട്ടുണ്ടു്. സമുദ്രത്തിന്റെ അടിയിൽ ചെന്നു് ഈവക ജന്തുക്കളുടെ കാഴ്ച കണ്ടാനന്ദിപ്പാൻ ആർക്കാണു മോഹം തോന്നാതിരിക്കുന്നതു്? പൌർണ്ണമിയിലെ ചന്ദ്രബിംബത്തെ ഉടച്ചെടുത്തു മത്സ്യാകൃതിയിൽ വാർത്തു വിട്ടിട്ടുള്ളവയും, ശരീരത്തിന്റെ ചില ഭാഗങ്ങളിൽ വ്യാഴശുക്രന്മാരെ പിടിച്ചുവെച്ചിട്ടുള്ളവയും രണ്ടു പള്ളകളിലും വരിവരിയായി നക്ഷത്രങ്ങൾ പതിച്ചിട്ടുള്ളവയും ചോപ്പ്, പച്ച, നീലം മുതലായി പല നിറത്തിലുള്ള മത്താപ്പുകൾ ഇടയ്ക്കിടയ്ക്കു കത്തിക്കുന്നവയും അങ്ങോട്ടുമിങ്ങോട്ടും വെളിച്ചം വീശിക്കിക്കൊണ്ടുപോകുന്ന ചവിട്ടുവണ്ടിയുടെ വട്ടക്കണ്ണൻവിളക്കു തലയിൽ വഹിക്കുന്നവയും ആയ അനവധി സൃഷ്ടിവിശേഷങ്ങൾ കൂട്ടംകൂട്ടമായും ഒറ്റഒറ്റയായും അവിടവിടെ സഞ്ചരിച്ചുകൊണ്ടു്, അപ്രകാരമല്ലെങ്കിൽ എന്നെന്നും ഗാഢാന്ധകാരത്തിൽ മുങ്ങിക്കിടപ്പാൻ സംഗതിയുള്ള ആ പ്രദേശങ്ങൾക്കു ലോകത്തിൽ മറ്റു യാതൊരു പ്രദേശത്തിനുമില്ലാത്തതായ ഒരു വിശേഷശോഭയെ ഉണ്ടാക്കത്തക്കവണ്ണം വ്യവസ്ഥകൾ ഏർപ്പെടുത്തീട്ടുള്ള ഈശ്വരന്റെ മാഹാത്മ്യം ഓർത്താൽ ആർക്കാണു് വിസ്മയം തോന്നാത്തതു്.

— ഗദ്യമാലിക രണ്ടാം ഭാഗം

## ശുഷ്കത്തിനു്:

### കുട്ടമ്മ

ധർമ്മസൂത്രങ്ങളിലും ധർമ്മശാസ്ത്രങ്ങളിലും ചൌളകർമ്മത്തിനു ക്രമാധികമായ പ്രാധാന്യം നൽകപ്പെട്ടുകാണുന്നു. ധർമ്മസൂത്രകാരന്മാരിൽ തുലോം പുരാതനനെന്നുതന്നെ പറയാവുന്ന ഗൌതമൻ കൂടി അതിനെ ഒരു സംസ്കാരത്തിന്റെ സ്ഥാനത്തിലാണു ഗണിച്ചിട്ടുള്ളതു്. ആപസ്തംബൻ ബ്രാഹ്മണർക്കും അവരവരുടെ ഋഷികളുടെ മതമനുസരിച്ചു് മൂന്നുവയസ്സിലോ മറ്റോ ചൌളകർമ്മം നടത്താവുന്നതാണെന്നു പറയുന്നു. വിഷ്ണുവും ഈ കർമ്മവിധാനത്തിനു മൂന്നാമത്തെ വയസ്സു് ഉത്തമമെന്നു പറയുന്നു. ഒരു പണ്ഡിതൻ ഇതിനെ വ്യാഖ്യാനിക്കുമ്പോൾ ഗർഭം മുതൽ കണക്കാക്കി മൂന്നുവയസ്സു കൊള്ളിക്കുന്നതിൽ വിരോധമില്ലെന്നഭിപ്രായപ്പെടുന്നു. സാംഖ്യായനൻ പ്രഥവയസ്സു കൊള്ളാമെന്നു വാദിക്കുന്നു. അഞ്ചാമത്തെ വയസ്സിൽ ഇവരാരും ഈ കർമ്മത്തെ വിധിക്കുന്നില്ല. മനു ചൌളം കൊണ്ടുള്ള ഉപയോഗത്തെ വളരെ ശ്ലാഘിക്കുന്നു. ഗർഭകാലത്തിൽ ചെയ്യപ്പെടുന്ന പുണ്യകർമ്മങ്ങൾകൊണ്ടും ശിശു ജാതമാകുമ്പോൾ നടത്തപ്പെടുന്ന കർമ്മങ്ങൾ കൊണ്ടും ചൌളോപനയനങ്ങൾകൊണ്ടും ജന്മപാപത്തെ ദൂരീകരിക്കാവുന്നതാണെന്നാണു് അദ്ദേഹത്തിന്റെ മതം. ആശ്വാലായനും ആപസ്തംബനും ചൌളകർമ്മത്തെപ്പറ്റി വളരെ വിസ്തരിക്കുന്നുണ്ടു്. അവയെ ഇവിടെ എടുത്തു പറയുന്നതു് വായനക്കാർക്കു രുചിക്കുമോ എന്നു സംശയിക്കുന്നു. ഓരോ ഋഷിയുടേയും നിയമനം ഈ വിഷയത്തിൽ ഭിന്നമായിരുന്നു എന്നു ധാരാളം പ്രത്യക്ഷമാകുന്നുണ്ടു്. ചൌളം കൂടാതെ 'കേശാന്ത' മെന്നൊരു കർമ്മത്തെപ്പറ്റിയും സൂത്രകാരന്മാർ പ്രതിപാദിക്കുന്നു. കേശാന്തം വേദാദ്ധ്യയനാനന്തരം ചെയ്യപ്പെടേണ്ടതാണെന്നാണു് വ്യാസന്റെ

മതം. വിവാഹഘട്ടത്തിൽ 'ഭ്രമികേ ശിര ആരോഹ ഭൂഷയന്തി മുഖം മമ' ഇത്യാദിയായ ഒരു ശ്ലോകം ചൊല്ലിക്കാണുന്നുണ്ട്. ഇതു പൂമാലയോടുള്ള സംബോധനമാണ്. പൂവ് മുഖത്തെ ഭൂഷണം ചെയ്യണമെങ്കിൽ കുടുമ്മ മുൻവശത്തു തന്നെ ആയിരിക്കണമെന്നും അതിനാൽ പുരാതന ആര്യന്മാർ മുൻകുടുമ്മക്കാരായിരുന്നുവെന്നും ചില പണ്ഡിതന്മാർ പറഞ്ഞു ഞാൻ കേട്ടിട്ടുണ്ട്. ഇതിൽ സ്വല്പം സത്യമില്ലെന്നും പറവാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ബ്രാഹ്മണരിൽ ഇദം പ്രഥമമായി ദ്രാവിഡരാജ്യത്തിലേക്കു കടന്ന നമ്പൂരിമാർ, മുക്കാണിയന്മാർ, ചോഴിയന്മാർ മുതലായവർ ഇന്നും കുടുമ്മ മുമ്പിൽത്തന്നെ വച്ചുകൊണ്ടിരിക്കുന്നു. കേരളോല്പത്തിയിലും മറ്റും കേരളബ്രാഹ്മണർ ആദ്യം പുറകിൽക്കുടുമ്മക്കാരായിരുന്നു എന്നും മുൻകുടുമ്മ പരശുരാമന്റെ പരിഷ്കാരമാണെന്നും കാണുന്നതു് അർത്ഥശൂന്യമായ ഒരു ഐതിഹ്യമാണെന്നു സ്റ്റ്യൂവെർട്ട് മുതലായ ഇദാനീന്തനപണ്ഡിതന്മാർ അഭിപ്രായപ്പെടുന്നതു കേവലം ധിക്കരിക്കത്തക്കതാണെന്നു തോന്നുന്നില്ല. വിഷ്ണുപുരാണത്തിൽ കുടുമയെപ്പറ്റി രസകരമായ ഒരു കഥ പറഞ്ഞുകാണുന്നുണ്ട്. സൂര്യവംശത്തിലെ പരമപ്രസിദ്ധമായ സഗരചക്രവർത്തിയെപ്പറ്റി കേട്ടിട്ടില്ലാത്തവർ വളരെപ്പേർ ഉണ്ടായിരിക്കയില്ലല്ലോ. അദ്ദേഹമാണ് വസിഷ്ഠന്റെ ഉപദേശപ്രകാരം ഓരോരു രാജ്യക്കാർക്ക് ഓരോ വിധം കുടുമ്മ വെപ്പിച്ചതെന്ന് ആ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. യവനന്മാർ തല മുഴുവൻ ക്ഷൌരം ചെയ്യുന്നതിനും ശാകന്മാർ തലയുടെ മുൻഭാഗം മാത്രം ക്ഷൌരം ചെയ്യുന്നതിനും പാരദന്മാർ തല ആകപ്പാടെ വളർത്തി കുടുമ്മ നീട്ടുന്നതിനും പാലവന്മാർ താടിവളർത്തുന്നതിനും അദ്ദേഹം ആജ്ഞാപിച്ചു എന്നും ആര്യന്മാരെപ്പോലെ കുടുമ്മ വെച്ചുകൊള്ളുവാൻ ഇവർക്കു നിവൃത്തിയില്ലാതെ തീർന്നതു് ഈ നിബന്ധനയാലാണെന്നും വിഷ്ണുപുരാണത്തിൽ പ്രകടമായി ഘോഷിക്കപ്പെട്ടിരിക്കുന്നു.

— രസികരഞ്ജിനി

## സരളത്തിനു്:

### ഒരു സായന്തന വിഹാരം

കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഗതികൾ നടന്നതിന്റെ രണ്ടാംദിവസം വൈകുന്നേരം സർവ്വാനന്ദജനകമായ സന്ധ്യാരാഗം പഞ്ചമിചന്ദ്രന്റെ അപൂർണ്ണരശ്മികളോടു കൂടിച്ചേർന്ന് കളിയാടിക്കൊണ്ടിരിക്കുമ്പോൾ ചേർപ്പറമ്പിന്റേയും പരിവട്ടത്തിന്റേയും മദ്ധ്യത്തിലുള്ള ശിവക്ഷേത്രത്തിൽനിന്ന് സുമാറു നാലുവിളിപ്പാടു വടക്ക് ഒരു കാട്ടിൽക്കൂടി നിരന്തരമായി ഒഴുകിക്കൊണ്ടിരിക്കുന്ന പെരുവല്ലാനദിയുടെ വക്കത്തു് ഏകദേശം പതിനഞ്ചു വയസ്സു പ്രായം ചെന്ന യുവതി കൈയുടെ മുട്ടുകൾ രണ്ടും തുടകളിൽ ഊന്നിയും കവിൾത്തടങ്ങളെ കൈത്തലങ്ങളെക്കൊണ്ടു താങ്ങിയും പ്രവാഹത്തെ നോക്കിക്കൊണ്ടു ചിന്താമഗ്നയായിട്ടിരുന്നിരുന്നു. ആരെയോ കാത്തിരിക്കുന്നതുപോലെ ഇടയ്ക്കിടെ തല പൊക്കി ഇരുഭാഗത്തേക്കും തിരിഞ്ഞു ജിതേന്ദ്രിയന്മാരായ യോഗികളെക്കൂടി വശീകരിക്കുവാൻ സാമർത്ഥ്യമുള്ള ദൃഷ്ടികളെ വൃക്ഷങ്ങളുടെ പഴുതുകളിൽക്കൂടി പായിക്കുന്നുമുണ്ടായിരുന്നു. ഇങ്ങനെ അല്പനേരം കഴിഞ്ഞപ്പോൾ സന്ധ്യാരാഗം തീരെ മങ്ങി, വൃക്ഷങ്ങളുടെ നിഴലുകൾ വർദ്ധിച്ചുതുടങ്ങി. യുവതിയുടെ ദൃഷ്ടികളോടുള്ള സ്പർദ്ധകൊണ്ടോ എന്നു തോന്നുമാറു്

ബാലചന്ദ്രന്റെ മന്ദരശ്മികളും അങ്ങുമിങ്ങും വൃക്ഷങ്ങളുടെ ഇടകളിൽക്കൂടി കടന്ന് കരയിലും വെള്ളത്തിലും വിളങ്ങിത്തുടങ്ങി. മനസ്സിന്റെ അസ്വാസ്ഥ്യത്തെ പ്രകാശിപ്പിക്കുന്ന ഒരു ദീർഘനിശ്വാസത്തോടുകൂടി യുവതീരത്നം പാറപ്പുറത്തെ ഉപേക്ഷിച്ച്, വാർദ്ധക്യാതിരേകത്താൽ ഏറെക്കുറെ നഗ്നങ്ങളായ കൊമ്പുകളുടേയും അതുകളിൽ അവിടവിടെയായി നിൽക്കുന്ന ഇലകളുടേയും നിഴലുകളും വെൺനിലാവും കൂടി അതിമനോഹരമാകുംവണ്ണം ഇടകലർന്നു യോജിച്ചിട്ടുള്ളതിനാൽ ചിത്രീകൃതമായിരിക്കുന്ന ഒരു പേരാൽച്ചുവടിനെ ആശ്രയിച്ചു യൌവനത്തിലുണ്ടായിരുന്ന പരാക്രമമെല്ലാം അസ്തമിച്ചു പരലോകപ്രാപ്തിക്കൊരുങ്ങിക്കൊണ്ടിരിക്കുന്ന വയോധികൻ നിജപ്രയത്നംകൊണ്ടു പോറ്റിവളർത്തപ്പെട്ടിട്ടുള്ള തന്റെ ഇഷ്ടസന്തതികളാൽ അവസാനകാലങ്ങളിൽ കാത്തുരക്ഷിക്കപ്പെടുന്നതുപോലെ ഈ വടവൃക്ഷം ഉറപ്പുള്ള അനേക വള്ളികളാൽ ചുറ്റപ്പെട്ടിരുന്നു. ശാഖകളിൽ ചുറ്റിപ്പിണഞ്ഞു തൂങ്ങിക്കിടക്കുന്ന വള്ളികളിൽ നിലത്തുനിന്നും കുറച്ചുപൊങ്ങി ഉഴിഞ്ഞാലിന്റെ ആകൃതിയിലുള്ള ഒന്നിന്മേൽ ഇരുന്നു നമ്മുടെ സുന്ദരിയായ കന്യക നിലത്തു ചവുട്ടിക്കുതിച്ചു സാവധാനത്തിൽ ആടുവാൻ തുടങ്ങി.

— ഭാസ്കരമേനവൻ

### വക്രത്തിനു്:

#### ഒരു രാത്രിചാരം

മഹാരാജാവിന്റെ പുത്രനായ ശ്രീപത്മനാഭൻ തമ്പിയുടെ പാദപദ്മപാംസുക്കൾ ചെമ്പകശ്ശേരി ഗൃഹത്തെ പൂതമാക്കിച്ചെയ്ത ശുഭരാത്രിയെപ്പോലുള്ള മറ്റൊരു രാത്രിയിലെ ചില സംഭവങ്ങളെ ആകുന്നു ഈ അദ്ധ്യായത്തിൽ വിവരിക്കുന്നതു്. അന്നത്തെപ്പോലെതന്നെ മാരുതദേവന്റെ പടുത്വത്തോടുകൂടിയുള്ള കലാശത്താൽ തങ്ങൾ ദുസ്ഥിതരാക്കപ്പെടുമെന്നുള്ള ഭീതികൊണ്ടെന്നപോലെ താരാതതികൾ കാർമേഘമണ്ഡലത്തിനിടയിലും, ഭൂമി അന്ധകാരത്തിനിടയ്ക്കുള്ളിലും മറഞ്ഞിരിക്കുന്നു. എന്നാൽ ഇടവപ്പാതിയാകുന്ന വൃഷ്ടിദേവതയുടെ പ്രതാപം വളരെ ക്ഷയിച്ചുകാണുന്നുണ്ടു്. നടനസൂത്രങ്ങളിൽ പരിജ്ഞാനവും തങ്ങളുടെ ബുദ്ധിയിൽ മനോധർമ്മമെന്നുള്ള ഒരംശവും തുലോം കുറഞ്ഞവരായ ചില പൈതങ്ങൾ കഥാനായികമാരായി രംഗങ്ങളിൽ പ്രവേശിച്ചാൽ, ക്ഷണനേരംകൊണ്ടു നിദ്രാധീനന്മാരാകയും ഇടയ്ക്കിടെ ചേങ്ങലദണ്ഡത്താൽ പ്രോത്സാഹിക്കപ്പെടുമ്പോൾ ശൃംഗാരാദിരസങ്ങളെയഭിനയിക്കയും ചെയ്യുമ്പോലെ, പെട്ടെന്നുണർന്ന് ഒട്ടു ചാറും; പിന്നെയും തന്ദ്രിവശയാകും; ഈ വിധത്തിലായിരിക്കുന്നു വൃഷ്ടിയുടെ സ്ഥിതി. മാരിയുടെ സഹായം കൂടാതെതന്നെ ആ രാത്രിയെ അതിഭയങ്കരരാത്രിയാക്കുന്നുണ്ടു്. അതിനാൽ തിരുവനന്തപുരം രാജധാനിയിലെ പ്രധാനവീഥികൾ പോലും മനുഷ്യമൃഗാദിയായ ജീവജാലങ്ങളാൽ ഉപേക്ഷിക്കപ്പെട്ടതുപോലെ കാണപ്പെടുന്നു. എന്നാൽ, ഇതു സർവസാധാരണമായി പറഞ്ഞുകൂടുന്നതല്ലാതെയും ഇരിക്കുന്നു. എന്തുകൊണ്ടെന്നാൽ, ആണ്ടിയിറക്കം ദേശത്തെ രണ്ടായി വിഭജിക്കുന്ന രാജപാതയുടെ വടക്കരുകിലായിട്ട് ഒരു വടവൃക്ഷം നിൽക്കുന്നതിന്റെ ചുവട്ടിൽ രണ്ടുപേർ മാരുതകോപത്തേയും രജനിയുടെ ഭയന്മരസ്വഭാവത്തേയും ഗണ്യമാക്കാതെ തണുത്ത ഭൂമിയിൽത്തന്നെ സ്ഥിതിചെയ്യുന്നു. വടവൃക്ഷം, ദ്വാപരയുഗാന്തത്തേയും അനന്തരം സംഖ്യയില്ലാതുള്ള പാന്ഥപരമ്പരകളേയും കണ്ടും 'കൊണ്ടൽതൻ നിറം പോലെ

നീലയാം പത്രാവലി' കൊണ്ടു തന്റെ അധോഭാഗത്തുള്ള ഭൂമിയെ സൂര്യകിരണങ്ങളുടെ പ്രവേശനത്തിൽ നിന്നു രക്ഷിച്ചും നിൽക്കുന്ന ഒരു മഹാമരമാണ്. വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കുന്ന രണ്ടുപേരും ആയുധപാണികളാണ്. അവരുടെ വേഷം ജ്ഞാനശക്തിയില്ലാതുള്ള ആ ആയുധങ്ങളേയും നാണിപ്പിക്കുന്നു. ധരിച്ചിരിക്കുന്ന വസ്ത്രങ്ങൾ കുചേലനോടൊ, തെക്കൻദിക്കുകളിലെ അടുക്കളക്കാരികളോടൊ തൽക്കാല ഉപയോഗത്തിനായി വാങ്ങിയതുകളായിരിക്കണം. പക്ഷേ, ഹരിശ്ചന്ദ്രമഹാരാജാവ് ചണ്ഡാളവേഷത്തെ ത്യജിച്ചപ്പോൾ ശ്മശാനത്തിൽ ഉപേക്ഷിച്ചതുകളായിരിക്കാം. വസ്ത്രങ്ങളുടെ സ്ഥിതി ഇപ്രകാരമാണെങ്കിലും, അതുകളെ ധരിച്ചിരിക്കുന്ന സമ്പ്രദായം എത്രയോ മാന്യന്മാരായ ജനങ്ങളാൽ മാതൃകയായി സ്വീകരിക്കപ്പെട്ടിട്ടുള്ളതാണ്. തിരുവനന്തപുരത്ത് ഉത്സവമഠം എന്നു പറയപ്പെടുന്ന അക്ഷയവിഭവശാലയുടെ മുമ്പിൽ അരനാഴികനേരം നിൽക്കുന്നവർക്ക് ഈ മാതൃകയുടെ ദർശനം സുലഭമാണ്. യദൃച്ഛയാ വല്ല ജനങ്ങളും തങ്ങളെ കാണുന്നതായാൽ വല്യതായ ആപത്തുണ്ടാകുമെന്നുള്ള ഭയം ഈയാളുകൾക്കുണ്ടെന്ന് അവരുടെ സാവധാനത്തിൽ മന്ത്രിക്കുന്നതുപോലുള്ള സംഭാഷണത്താൽ വെളിവാകുന്നുണ്ട്. കിഴക്കു കുറച്ചകലെനിന്ന് ഒരാൾ വരുന്നതുപോലെ തോന്നിയപ്പോൾ രണ്ടുപേരും പേടിയോടുകൂടി എഴുന്നേറ്റു വൃക്ഷത്തിന്റെ പുറകിൽ മറഞ്ഞു ശ്വാസത്തെ അടക്കിക്കൊണ്ടുനിന്നു. പാന്ഥൻ തന്റെ വഴിക്കുപോയതിന്റെ ശേഷം മേൽപ്പറഞ്ഞ രണ്ടാളുകളിൽ ഒരാൾ ഇങ്ങനെ പറഞ്ഞു: "നമുക്ക് ഏഴരശ്ശനിയാണ്. സംശയമില്ല. ഇതാ, ഈ പോയവനും അങ്ങനെതന്നെയാണ്."

— മാർത്താണ്ഡവർമ്മ

## പ്രസന്നത്തിന്:

### അമ്മായിപ്പഞ്ചതന്ത്രം

"അമ്മായിഅമ്മയെ അമ്മിമേൽ വച്ചിട്ടു
നല്ലോരു കല്ലോണ്ടു, നാരായണ."

എന്റെ തറവാട്ടിൽ കുട്ടിതൊട്ടു കുമ്പിട്ടുനടക്കുന്ന മുത്തശ്ശിവരെ നിരന്തരഗാനം ചെയ്തുവരുന്ന സാമവചനമാണ് മേൽ കൊടുത്തിട്ടുള്ളത്. വാക്കുകളുടെ വക്കും മുക്കും മാത്രം പറഞ്ഞു പ്രലപിക്കുന്ന പച്ചക്കുട്ടികളും കൂടി സ്വരപ്പിഴ വരാതെ പാടിക്കൊണ്ടു നടക്കത്തക്കവണ്ണം സർട്ടിഫിക്കറ്റ് സമ്പാദിച്ച അമ്മായിഅമ്മ ഏതാണെന്നിനിയും സംശയം തീരാത്തവരനവധിയുണ്ട്. എന്റെ തറവാട്ടു കുട്ടിച്ചോറായതു മരുമക്കത്തായത്തിന്നു സ്വതസിദ്ധമായ കേടുകൊണ്ടാണെന്ന് അച്ചിക്കൊതിയന്മാരായ ചിലരും അമ്മാവനും പറയുന്നുണ്ട്. "സഖ്യവും വിവാഹവും വ്യവഹാരവും തനിക്കൊക്കുമൊട്ടാഭിജാത്യമെന്നവരോടു വേണം" എന്നു പറഞ്ഞ് എന്റെ വീട്ടിലെ ചില കുട്ടികളുടെ നേരെ കടക്കണ്ണെറിയുന്നവരുമില്ലെന്നില്ല. അനന്തരവന്മാരെ ആശാരിക്കോൽക്ക് അഞ്ചുകോൽ ദൂരത്തു നിർത്തി കരിമുഖം മാത്രം കാണിക്കുന്നതുകൊണ്ടാണെന്ന് അനന്തരവന്മാർ മിക്കവരും പറയുന്നുണ്ട്. 'പള്ളയിലെ

കാര്യം അണ്ണാനറിയാം' എന്ന പറയുന്ന കൂട്ടത്തിൽ എന്റെ തറവാട്ടിൽ ഛിദ്രം വീഴാനുള്ള കാരണം അമ്മായിപ്പഞ്ചതന്ത്രത്തിന്റേയും തലയണമന്ത്രത്തിന്റേയും ഉള്ളിൽ വെച്ചിരിക്കുന്നതാണെന്ന് എനിക്കും അമ്മായിഅമ്മയ്ക്കും മാത്രമേ അറിയാവൂ. മേല്പറഞ്ഞ ശ്രുതിവാക്യം അധികം 'നെട്ടുരു' ചെയ്യാത്തവൻ ഞാൻ മാത്രമേയുള്ളു; ഇതിനുള്ള കാരണം അമ്മാവന്റെ പുത്രിയും സാക്ഷാൽ കാളിയുമായ 'മദ്ദള'ത്തിനെ അമ്മ എന്റെ കഴുത്തിൽ കെട്ടിത്തൂക്കിയതുകൊണ്ടാണെന്ന വീട്ടിലുള്ളവർ പറയുന്നുണ്ട്. അമ്മായിഅമ്മയുടെ മധുരവാക്കിലും പലഹാരത്തിലും പെട്ടു മയങ്ങീട്ടാണെന്നും കിംവദന്തി ഉണ്ട്. അവന്റെ കൃപായത്തിനും പാപ്പാസിനും കാശുതട്ടിക്കാൻ കുറുക്കന്റെ കൌശലമാണെന്ന കൃഷ്ണച്ചേട്ടനും പറയുന്നുണ്ട്. ഇങ്ങനെ ഓരോരുത്തർ പറയുന്നതിനെ ഞാൻ സമ്മതിക്കുന്നില്ല. എല്ലാവരുംകൂടി പറയുന്നതിനെ നിഷേധിക്കുന്നതുമില്ല. എന്നാൽ ഒന്നുമാത്രം പറയാം. എന്റെ മദ്ദളം 'ശുദ്ധമദ്ദള'മാണ്. പ്രധാനമായ മിക്ക സംഭവങ്ങൾക്കും ഹേതുവായി തിരശ്ശീലയ്ക്കപ്പുറമെങ്കിലുമൊരു പെണ്ണുണ്ടാകുമെന്നുള്ളതു വിശ്വസിച്ചു പ്രവർത്തിച്ചാൽ വളരെ പിഴയ്ക്കില്ല. എന്റെ തറവാട്ടിന്റെ ധൂസരാവസ്ഥയെ സംബന്ധിച്ച് ഞാൻ ചെയ്ത അന്വേഷണത്തിൽ എനിക്കു ശരിയായി വഴി കാണിച്ചുതന്നിട്ടുള്ളതും ഈ വിശ്വാസമാണെന്ന നിസ്സംശയം പറയാം. ഈ അന്വേഷണത്തിന്റെ ഫലപ്രാപ്തിയാണ് അമ്മായിഅമ്മയുടെ അഞ്ചുതന്ത്രങ്ങളും ഒരു തന്ത്രവും. 'ആറു കർണ്ണങ്ങൾ പുക്കാൽ മന്ത്രവും ഭേദിച്ചീടു'മെന്ന പ്രമാണമുള്ള വസ്ഥയ്ക്ക് നൂറു കണ്ണു കാണുന്ന രസികരഞ്ജിനിയിൽ ആ മന്ത്രത്തിനെ വെളിപ്പെടുത്താൻ വിചാരിക്കുന്നില്ല. അഞ്ചു തന്ത്രങ്ങളുടെയും പേരടങ്ങിയ ഒരു ശ്ലോകം താഴെ ചേർക്കുന്നു:

> "മയക്കം മറിമായഞ്ച മോഷണം നാരദക്രിയ അഞ്ചാം പുരയ്ക്കുസ്ത്രീവാര
> മഞ്ചുണ്ടിങ്ങനെ തന്ത്രവും."

— രസികരഞ്ജിനി

## കലുഷത്തിന്:

### ഹിന്ദുസ്ത്രീകളുടെ നില

സാധാരണയായി നോക്കുമ്പോൾ ഹിന്ദുസ്ത്രീകൾക്ക് ഇതിലും അധികം സ്വാതന്ത്ര്യമുണ്ട്. 'ഗോഷാ' സമ്പ്രദായം ഒരു നിയമമായിട്ടു നമ്പൂരിബ്രാഹ്മണരുടെ സ്ത്രീകൾ മാത്രമേ ആചരിച്ചുപോരുന്നുള്ളു. എന്നാൽ ഇവർ ഒരു വലിയ ഓലക്കുടകൊണ്ടു മൂടി ക്ഷേത്രത്തിലും മറ്റും പോകുന്നുണ്ട്. കൊച്ചി, തിരുവിതാംകൂർ രാജകുടുംബങ്ങളിൽ ഇപ്പോൾ ഈ സമ്പ്രദായം നടപ്പില്ല. ഈ രാജ്ഞിമാർ തുറന്ന വണ്ടികളിൽ സവാരി ചെയ്കയും ഗവർണ്ണർ, റസിഡണ്ട് മുതലായ യൂറോപ്യന്മാരോടു കൂടിക്കാഴ്ചകൾ ചെയ്കയും മറ്റും ചെയ്യുന്നതു സാധാരണയാണ്. തിരുവിതാംകൂർ രാജ്യം വാണിരുന്ന ബുദ്ധിശാലിനിയും വിദുഷിയുമായ ശ്രീലക്ഷ്മീഭായിറാണിയുടെ കാലംവരെ തിരുവിതാംകൂർ രാജകുടുംബത്തിൽ ഈ ഗോഷാസമ്പ്രദായം നടപ്പുണ്ടായിരുന്നു. ആ മഹാരാജ്ഞിക്കു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ ഈ നടപ്പിന്റെ അർത്ഥമില്ലായ്മയേയും അതിൽനിന്നു തജ്ജന്യമായുണ്ടാകാവുന്ന ദോഷത്തേയും നല്ലവണ്ണം ഗ്രഹിച്ചു. അവർ നിസ്സാരമായ ഈ മാമൂലിനെ ഗണിച്ചില്ല. അന്ന് ബ്രിട്ടീഷ്

റസിഡണ്ടായ കർണ്ണൽ മൺട്രോവിനെത്തന്നെ ദിവാനാക്കി രണ്ടുപേരും കൂടി ആലോചിച്ചു രാജ്യകാര്യങ്ങൾ നടത്തിയിരുന്നു. പബ്ലിക്ക് ഡർബാറുകളിലും മറ്റും മഹാരാജ്ഞി എഴുന്നള്ളിയിരുന്നു. അതിന്റെ ശേഷം നാടുവാണ ശ്രീപാർവ്വതീറാണിയും മാന്യയായ സഹോദരിയുടെ മാർഗ്ഗത്തെത്തന്നെ അനുവർത്തിച്ചു. തിരുവനന്തപുരത്തും അതിനടുത്ത ചില പ്രദേശങ്ങളിലും ഇപ്പോൾകൂടി ചില സ്ഥാനികളുടേയും വലിയ ഉദ്യോഗസ്ഥന്മാരുടേയും ഭവനങ്ങളിൽ മേല്പറഞ്ഞ സമ്പ്രദായം നടന്നുവരുന്നുണ്ട്. അയൽരാജ്യമായ കൊച്ചിയിൽ ശൂദ്രരുടെ ഇടയിൽ ഈ സമ്പ്രദായം തീരെ ഇല്ലാതിരിക്കുമ്പോൾ തിരുവിതാംകൂറിൽ അതു് എവിടുന്നു് ഉത്ഭവിച്ചിരിക്കാം? ഏകദേശം ഇരുന്നൂറ്റിൽ ചില്വാനം കൊല്ലത്തിനുമുമ്പു് ഒരു മുഹമ്മദീയസർദാർ തിരുവിതാംകൂർ രാജ്യത്തിന്റെ ഏതാനും ഭാഗങ്ങൾ ആക്രമിച്ചു കുറെക്കാലം താമസിച്ചു. അയാൾ ഏർപ്പെടുത്തിയ അനേകം മിഥ്യാവാദങ്ങൾ ഇപ്പോഴും നടന്നുവരുന്നുണ്ട്. ഈ ‘ഗോഷാ’ സമ്പ്രദായവും ആ ഗണത്തിൽ ഒന്നായിരിക്കാമെന്നു വിചാരിക്കുവാൻ മാർഗ്ഗമുണ്ട്.

— വിദ്യാവിനോദിനി

## മധുരത്തിനു്:

### ഒരു വിചാരം

തന്റെ മുറിയിൽ ജനലിന്റെ അടുക്കൽ തനിയെ ഇരുന്നു് ഈ ഓമനപ്പെൺകിടാവു് എന്താണു ചെയ്യുന്നതു്? സന്ധ്യാസമയത്തെ അന്തരീക്ഷത്തിന്റെ ആഡംബരത്തെ സംവീക്ഷണം ചെയ്കയാണോ? അതല്ല; അവളുടെ കാന്തിയേറിയ കണ്ണുകൾ താഴത്തേക്കാണല്ലോ പോയിരിക്കുന്നതു്? അവൾ നദീജലത്തെ ആലിംഗനം ചെയ്തണയുന്ന മന്ദവായുവിന്റെ പരിമളത്തെ അനുഭവിക്കയാണോ? അതുമല്ല; അവളുടെ നെറ്റിത്തടത്തിൽ വിയർപ്പുതുള്ളികൾ ധാരാളം പൊടിഞ്ഞുകാണുന്നുണ്ടല്ലോ. അവൾ വയലുകളിൽ മേഞ്ഞുനടക്കുന്ന കന്നുകാലികളുടെ ഗതിയെ സൂക്ഷിക്കയായിരിക്കാം. അതും ആണെന്നു തോന്നുന്നില്ല; അവ ശബ്ദിച്ചും കൊണ്ടു് തങ്ങളുടെ ഭവനങ്ങളിലേക്കു പൊയ്ക്കഴിഞ്ഞിരിക്കുന്നു. അവൾ മാവുകളിൽ ഇരുന്നു കളിക്കുന്ന കുയിലുകളുടെ മധുരഗാനത്തെ ആസ്വദിക്കയാണു്. അങ്ങനെയാണെങ്കിൽ അവളുടെ മുഖം ചിന്താക്രാന്തചിത്തതയെ സൂചിപ്പിക്കാനെന്താണു്? ഇതൊന്നുമല്ല; തിലോത്തമഇൗ പ്രകൃതിവിലാസത്തെ ഒന്നും കാണുന്നില്ല; ഒന്നും കേൾക്കുന്നുമില്ല; അവൾ മനസ്സിൽ അതിയായ നിർവൃതിയേയും വ്യഥയേയും ജനിപ്പിക്കുന്ന സങ്കൽപരാജ്യത്തിൽ യഥേഷ്ടം വിഹരിക്കയാണു ചെയ്യുന്നതു്.

— ഭാഷാപോഷിണി

## പരുഷത്തിനു്:

### മാക്ബത്തു് പ്രഭ്വി

‘ഡങ്കൻ’ , ‘സ്കാട്ലണ്ടി’ലെ രാജാവായിരുന്നപ്പോൾ അദ്ദേഹത്തിന്റെ അതിബന്ധുവായ ‘ഗ്ലമിസ്’ പ്രഭു എന്ന വിശേഷനാമമുള്ള ‘മാക്ബത്തു്’ ഒരു പ്രബലസേനാനായകനായിരുന്നു.

അയാൾക്കു സമാനനായ വേറൊരു സേനാനിയാണ്'ബാങ്കൊ'. ഇവർ 'നാർവെ'ദേശക്കാരാൽ സഹായിക്കപ്പെട്ടിരുന്ന ഒരു ജനക്ഷോഭത്തെ അടക്കി ശത്രുസൈന്യത്തെ ഛിന്നഭിന്നമാക്കിച്ചെയ്തു് ഉത്സാഹത്തോടെ നാട്ടിലേക്കു തിരിച്ചുപോന്ന മാർഗ്ഗത്തിൽ സ്ത്രീവേഷധാരിണികളായ മൂന്നു മായാസ്വരൂപങ്ങളെ കണ്ടു. ഈ സ്വരൂപങ്ങളിൽ ആദ്യത്തേതു് 'മാക്ബത്തി' നെ നോക്കി 'ഹേ! ഗ്ലമിസ് പ്രഭോ!' എന്നും, രണ്ടാമത്തേതു 'കാഡർപ്രഭോ' എന്നും വിളിച്ചു. മൂന്നാമത്തേതു് അയാൾ ആ നാട്ടിലെ നൃപനായി ശോഭിക്കുമെന്നു പറഞ്ഞു. 'ബാങ്കോവിനോട്ട്' അയാളുടെ പുത്രപൌത്രാദികൾ 'സ്കാട്ലണ്ടിലെ' രാജാക്കന്മാരാകുമെന്നു ദീർഘദർശനം പറഞ്ഞിട്ടു് ആകാശത്തിൽ ആ സ്വരൂപങ്ങൾ അന്തർദ്ധാനം ചെയ്തു. ഈ വാക്കുകളെ ശ്രവിച്ച സേനാനികൾ രണ്ടുപേരും ഈ വിനോദസംഭവത്തെപ്പറ്റി ആലോചിച്ചുകൊണ്ടിരുന്നപ്പോൾ തനിക്കു 'കാഡർപ്രഭു' എന്ന സ്ഥാനം മഹാരാജാവ് ദാനം ചെയ്തിരിക്കുന്ന എന്ന വർത്തമാനം ദൂതമുഖേന 'മാക്ബത്തു്' അറിഞ്ഞു. ഇതു് അദ്ദേഹത്തിന്റെ അത്യാഗ്രഹത്തെ വർദ്ധിപ്പിച്ചു. മൂന്നാംസ്വരൂപത്തിന്റെ ദീർഘദർശനവും സത്യമായി വരികയില്ലയോ എന്നുള്ള വിചാരം 'മാക്ബത്തി'നുണ്ടായി. ദ്വിതീയരൂപം എന്നെപ്പറ്റി പറഞ്ഞതു വാസ്തവമായിത്തീർന്നു; 'ബാങ്കോ' നിങ്ങളുടെ പുത്രന്മാരും രാജാക്കന്മാരാകാനിടയുണ്ടല്ലോ? എന്നു 'മാക്ബത്തു്' ബാങ്കോവിനോടു പറഞ്ഞു. ഈ സ്വരൂപങ്ങളെല്ലാം നിസ്സാരങ്ങളായ കാര്യങ്ങളിൽ വാസ്തവം പറഞ്ഞു് ഒടുവിൽ വൻകുഴിയിൽ ചാടിക്കും എന്നു് അയാൾ മറുപടി പറഞ്ഞു. എന്നാൽ 'മാക്ബത്തി'നു് അങ്ങനെ അല്ല തോന്നിയതു്. ഭവനത്തിലെത്തിയപ്പോൾ തന്റെ കുടുംബിനിയെ വർത്തമാനങ്ങളെല്ലാം അറിയിച്ചു് അവൾക്കു ദുരാശയെ വർദ്ധിപ്പിച്ചു. ഏതുപ്രകാരമെങ്കിലും സിംഹാസനാരോഹണത്തിനു മാർഗ്ഗാന്വേഷണം ചെയ്തു മായാസ്വരൂപങ്ങളുടെ വാക്കുകളെ സാധൂകരിക്കണമെന്നു ഭർത്താവിനെ അവൾ അഹോരാത്രം ഉപദ്രവിച്ചുകൊണ്ടിരുന്നു. പ്രകൃത്യാ അസ്ഥിരചിത്തനായ അയാൾ കർത്തവ്യബോധമില്ലാതെ ചിന്താഗ്രസ്തനായിത്തീർന്നു. അപ്പോൾ രാജാവു് 'മാൽക്കോം' , 'ഡോനാൽബി' എന്നു രണ്ടു പുത്രന്മാരോടും പ്രഭുക്കന്മാരോടും സേവകന്മാരോടും കൂടി 'മാക്ബത്തി'ന്റെ സൌധത്തിൽ വന്നുതാമസിക്കാൻ പോകുന്നു എന്ന വർത്തമാനം അറിഞ്ഞു് മാക്ബത്ത് പ്രഭ്വി തന്റെ ആഗ്രഹസിദ്ധിക്ക് അവസരം കിട്ടുമെന്നു വിചാരിച്ചു സന്തോഷിച്ചു. മഹാരാജാവ് അവിടെ എഴുന്നള്ളിയപ്പോൾ ശ്രദ്ധാപൂർവ്വം ആചാരോപചാരങ്ങൾ ചെയ്തു് അവൾ അദ്ദേഹത്തെ സന്തുഷ്ടനാക്കിത്തീർത്തു. യാത്രാശ്രമം തീർക്കാൻ രാജാവു നേരത്തെ ശയ്യാഗൃഹം പ്രാപിച്ചു.

— പന്ത്രണ്ടു സ്ത്രീരത്നങ്ങൾ

### ഗംഭീരത്തിനു്:

#### ഒരു പത്രപ്രസ്താവന

കാലത്തിന്റെ ഗതിവേഗത്തെക്കുറിച്ചു വ്യസനിക്കാത്തവർ നരലോകത്തിലുണ്ടെങ്കിൽ അതെത്രയോ ദുർലഭം. എന്നാൽ കാലദുർവ്യയം ചെയ്യാതെ കണ്ടു വല്ലവരും ഉണ്ടെങ്കിൽ അതും അത്രമാത്രം അപൂർവ്വമാകുന്നു. അതുപോലെതന്നെ പരിമിതമായ പുരുഷായുസ്സ് കാലചക്രംകൊണ്ടു കടഞ്ഞു കളയുമ്പോളുണ്ടാകാവുന്ന മനോവേദന ദിവസത്തിൽ ഒരു തവണ

യെങ്കിലും അനുഭവിക്കാത്തവരുണ്ടെങ്കിൽ അവർ മനുഷ്യവർഗ്ഗത്തിൽ ഉൾപ്പെട്ടവരായിരിക്കയില്ല. എന്നാൽ ഉദിച്ച സൂര്യൻ അസ്തമിക്കേണ്ടെന്നും അസ്തമിച്ച സൂര്യൻ ഉദിക്കേണ്ടെന്നും വിചാരിക്കുന്നവരുണ്ടോ? അതു കാണുന്നില്ല. ഇങ്ങനെ പരസ്പരവിരുദ്ധങ്ങളായ വികാരഭേദങ്ങൾ ജനസാമാന്യത്തിൽ പരക്കുവാൻ തക്കതായ കാരണവും ഇല്ലെന്നു പറഞ്ഞുകൂടാ. ത്രികാലമദ്ധ്യത്തിൽ ഇരുന്നുകൊണ്ട് ഇരുപുറവും തിരിഞ്ഞുനോക്കുന്ന ഒരുവൻ കഴിഞ്ഞ കാലം നന്നായിട്ടും ഉള്ള കാലം അതിനു വിപരീതമായിട്ടും വരുവാൻ പോകുന്നതു സംശയഗ്രസ്തമായിട്ടും കാണുമ്പോൾ അവനു ഭൂതകാലത്തിൽ പ്രേമവും വർത്തമാനകാലത്തിൽ വിരക്തിയും ഭാവിയിൽ ഉൽക്കണ്ഠയും ഒരേ സമയത്തിൽ തോന്നുന്നതിൽ അത്ഭുതമില്ല. ആശാഭംഗം കാലത്തിന്റെ ശീഘ്രഗതിയേയും ആശാബന്ധം അതിന്റെ മന്ദഗതിയേയുമാണ് ഓർമ്മപ്പെടുത്തുന്നത്. ഉദ്ദിഷ്ടകാലത്തിനിടയ്ക്കു വിചാരിച്ചതു മുഴുവൻ സാധിക്കുവാൻ കഴിയാഞ്ഞതുകൊണ്ടു കഴിഞ്ഞകാലം ദീർഘിക്കാമായിരുന്നു എന്നും, വിചാരിക്കുന്നതു മുഴുവനും സാധിച്ചുകാണുവാനുള്ള തിടുക്കം കൊണ്ടു ദൂരത്തിൽ മങ്ങിക്കിടക്കുന്ന കാലം വേഗത്തിൽ സമീപിച്ചാൽ കൊള്ളാമെന്നും തോന്നുന്നതു് ലോകസ്വഭാവമാണല്ലോ. ഈ വസ്തുത നല്ലവണ്ണം ഗ്രഹിച്ചിട്ടുള്ളവർക്ക് 'രഞ്ജിനീ' ഭാരവാഹികളുടെ താൽക്കാലികമായ ഉൾക്ഷോഭത്തെ മനസ്സിലാക്കുവാൻ വളരെ പ്രയാസമുള്ളതല്ല. രഞ്ജിനിയുടെ വളർച്ചയുടേയോ തളർച്ചയുടേയോ സാമാന്യസ്വരൂപത്തെ വർണ്ണിക്കുന്നതിനുമുമ്പ് രഞ്ജിനിയുടെ ഈ നാലാമത്തെ ജന്മമാസാവസരത്തിൽ അതിന്റെ ആവിർഭാവം മുതൽ സ്നേഹബുദ്ധിയോടുകൂടി ലേഖനപരമ്പരകൊണ്ടും മറ്റു പലവിധത്തിലും അതിനെ നിരന്തരമായി സഹായിച്ചിട്ടുള്ളവരോടു ഞങ്ങളുടെ സൌഹാർദ്ദബദ്ധയായ കൃതജ്ഞതയുടെ സ്വല്പസൂചകമായ വന്ദനം പറഞ്ഞുകൊള്ളുന്നു. അവരുടെ പേരു വിളിച്ചുപറഞ്ഞു പ്രത്യേകം അഭിനന്ദിക്കാനാണ് മനസ്സു വരുന്നത്; എങ്കിലും അതിപരിചയമുള്ള ദിക്കിൽ അല്പലൌകികം പോലും അലൌകികമായി കലാശിച്ചെങ്കിലോ എന്ന ഭയത്താൽ അതിനു ഞങ്ങൾ തുനിയുന്നില്ല. രഞ്ജിനിയുടെ ഇതേവരെയുള്ള സംഗതിവിവരപ്പട്ടിക പരിശോധിച്ച് ആ സഹൃദയന്മാരുടെ ഊരും പേരും പ്രയത്നവും അറിഞ്ഞ് സന്തോഷിക്കുന്നവർ ഞങ്ങൾക്ക് ഒരു പ്രത്യുപകാരം ചെയ്തവരായി നന്ദിപൂർവ്വം ഗണിക്കപ്പെടുന്നതാണ്. മറുഭാഷയിൽ പ്രതിപത്തിയുള്ളവർക്കു സ്വഭാഷയിൽ വിരക്തി വേണമെന്നില്ലെന്നൊരു നിയമം സർവ്വകലാശാലയിൽനിന്നു പുറപ്പെടുകയും പത്രപ്രവർത്തകന്മാർക്ക് അവരുടെ നിരന്തരോത്സാഹംകൊണ്ടും നിർവ്യാജപ്രവൃത്തികൊണ്ടും പത്രങ്ങളുടെ ആന്തരഗുണംകൊണ്ടും പത്രബന്ധുക്കളിൽ സ്ഥിരമായ വിശ്വാസം ജനിപ്പിക്കുവാൻ സാധിക്കുകയും ചെയ്യുന്നതുവരെ പത്രാധിപന്മാർക്കും മാനേജരന്മാർക്കും ചില, അഥവാ പല കഷ്ടനഷ്ടങ്ങളും സംഭവിച്ചേക്കാം. ഈ സർവ്വാണിസങ്കടത്തിൽ രഞ്ജിനിയുടെ ഓഹരി രഞ്ജിനിക്കു കിട്ടീട്ടുണ്ടെങ്കിൽ അതിനെക്കുറിച്ചു പ്രത്യേകിച്ചൊന്നും പറയുവാനില്ല. അതിനെ ഞങ്ങൾ വകവെയ്ക്കുന്നതുമില്ല. പത്രക്കളത്തിൽ കടന്നു കളിക്കുവാൻ കച്ചകെട്ടി പുറപ്പെടുന്നവർ തടുക്കേണ്ടവയായ വൈഷമ്യങ്ങൾ കാണാതെപോയാൽ അതുകൊണ്ടുവരുന്ന ദോഷങ്ങൾക്കു മറ്റുള്ളവരെ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. മർമ്മം കണ്ടു കൊട്ടുകുവാൻ ശ്രമിക്കുന്നവർ മർമ്മം നോക്കി തടുക്കുവാനും പഠിച്ചിരിക്കണം. അതു രൂപമില്ലാത്തച്ചുകൊണ്ടു വരുന്ന പരാജയം ഭാഗ്യക്കുറവല്ല, നോട്ടക്കുറവാണ്. എന്നാൽ 'ചാ

തിക്കാരം പിടിക്കേണ്ടവര്‍' പക്ഷം പിടിക്കുകയും ചേരിയില്‍ ചേര്‍ന്നവര്‍ക്ക് ചാഞ്ചല്യം തുടങ്ങുകയും ചെയ്യുമ്പോള്‍ ആലോചിക്കുവാനുള്ള കാലമായി. ഈ ഘട്ടം രഞ്ജിനിക്കു വന്നു കൂടുക കഴിഞ്ഞിട്ടില്ലെങ്കിലും മാന്യലേഖകന്മാരുടെ സംഖ്യ കറുത്തപക്ഷത്തിലെ ചന്ദ്രനെ അനുകരിച്ചുകാണുന്നത് ശോചനീയം തന്നെ. ഈ കാര്യത്തില്‍ രണ്ടാം കൊല്ലത്തിലെ പ്രായം മൂന്നാം കൊല്ലത്തില്‍ രഞ്ജിനിക്കു ചെന്നിട്ടില്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം. എങ്കിലും ലേഖനങ്ങളുടെ ശരാശരി ഗുണത്തെപ്പറ്റി അനുകൂലങ്ങളായ പത്രാഭിപ്രായങ്ങളും അനുമോദനക്കത്തുകളും ഇതിന്നൊരു സമാധാനമായിട്ടാണ് ഞങ്ങള്‍ കരുതുന്നത്.

— രസികരഞ്ജിനി

## വൃഥാസ്ഥൂലത്തിന്:

### ഒരു സായാഹ്നം

നേരം സായങ്കാലമാകാറായി. 'അസ്തപര്‍വ്വതനിതംബത്തെ അഭിമുഖീകരിച്ചു ലംബമാന മായ അംബുജബന്ധുബിംബത്തില്‍നിന്നും' അരുണവര്‍ണ്ണത്തോടുകൂടിയ കിരണസമൂഹ ങ്ങള്‍ തിരുവനന്തപുരം പട്ടണത്തിലുള്ള 'ശൃംഗാഗ്രംകൊണ്ടുപരി ഗഗനം ലേഖനം ചെയ്തു നില്‍ക്കും തുംഗാഗാരങ്ങളു' ടെ താഴികക്കുടങ്ങളിലും ചന്ദ്രശാലകളിലും പ്രതിബിംബിച്ചു പ്ര കാശിക്കുന്നു. പുരാതനവും കാലാനുസരണമായി ഏര്‍പ്പെടുത്തപ്പെട്ടുപോരുന്ന ഓരോ അഭി നവനവങ്ങളായ പരിഷ്കാരങ്ങളാല്‍ രമണീയവുമായ ഈ നഗരത്തില്‍ ജാലസൂത്രംപോലെ വ്യാപിച്ചിരിക്കുന്ന രാജമാര്‍ഗ്ഗങ്ങള്‍ മുഴുവന്‍ ഇന്ദ്രശ്രീയുള്ള രസികലോകത്താല്‍ അധിഷ്ഠി തമായ 'മന്ദ്രധ്വാനാനുകൃത ഘനനിര്‍ഘോഷമാം സ്യന്ദനൌഘത്താലും', 'സച്ചേലത്തെ സ്സരസമരയില്‍ ചേര്‍ത്തുടുത്തിട്ടുടുപ്പിട്ടച്ചേലൊത്തുള്ളൊരു വടിയുമായിത്തലക്കെട്ടു'മായി നടന്നുപോകുന്ന ജനസംഘത്താലും സമ്പൂര്‍ണ്ണങ്ങളായിരിക്കുന്നു. ഈ ചലനം എല്ലാം ഒരു കേന്ദ്രത്തെ ഉദ്ദേശിച്ചു ഗതിചെയ്യുന്നതായിട്ടാണ് കാണപ്പെടുന്നത്. അവിടേയ്ക്കുതന്നെ അന്ന് അവിടെ അസന്നിഹിതന്മാരായിരുന്ന വായനക്കാരുടെ ഭാവനാശക്തിയെ ക്ഷണി ച്ചുകൊള്ളുന്നു.

— ഭാഷാപോഷിണി

## ശാലീനത്തിന്:

### ഒരു ദുരാഗ്രഹിയുടെ നിരാശ

'കഷ്ടം - കഷ്ടം' വൈത്തിപ്പട്ടരു വിചാരിക്കുന്നു: 'ഞാന്‍ എന്തൊരു ഭാഗ്യഹീനനാണ്. എത്രതന്നെ ശ്രമിച്ചിട്ടും അദ്ധ്വാനിച്ചിട്ടും എന്റെ ദാരിദ്ര്യം നീങ്ങുന്നില്ലല്ലോ. പത്തുവയസ്സു മുതല്‍ അദ്ധ്വാനിച്ചുതുടങ്ങിയിരിക്കുന്നു. ഇപ്പോള്‍ എനിക്ക് അറുപത്തിരണ്ടു വയസ്സായി. അമ്പത്തിരണ്ടു കൊല്ലം അദ്ധ്വാനിച്ചിട്ടും സുഖമായി അഹോവൃത്തിക്കു സമ്പാദിച്ചിട്ടില്ല. എന്റെ തലയിലെഴുത്തുതന്നെ. മറ്റെന്താണ് പറവാനുളള്. പൂഞ്ഞോലക്കര എടത്തില്‍ തെക്കന്‍ചരക്കുകച്ചോടത്തില്‍ കുറെ സമ്പാദ്യമുണ്ടായിരുന്നു. ആ കച്ചോടം തന്നെ നി ജമായും, സ്ഥിരമായും ചെയ്തുവന്നിരുന്നുവെങ്കില്‍ നാലുകാശു കാണുമായിരുന്നു. അതി മോഹംകൊണ്ട് അതുവിട്ടു ആ പാപി കല്യാണിയുടെ കൂടെ ചാടിപ്പോയി മോഹങ്ങള്‍

ഒന്നും സാധിക്കാതെ പട്ടിയെപ്പോലെ മടങ്ങിപ്പോന്നു. കച്ചവടവും പോയി. കഞ്ഞിക്കും വകയില്ലാതായി. കല്യാണിയുടെ കൂടെപ്പോയസമയം ആലോചിച്ചിരുന്ന പ്രകാരം എല്ലാം ക്ഷണേന ധൈര്യത്തോടെ പ്രവർത്തിച്ചിരുന്നെങ്കിൽ ഇന്നു ഞാൻ നല്ല ഒരു ധനികനായിരിക്കുമെന്നുള്ളതിനു വാദമുണ്ടോ? എത്രയായാലും ഞാൻ പട്ടരല്ലോ. പട്ടർക്കു ധൈര്യമുണ്ടാവുമോ? കഷ്ടം അല്പം ധൈര്യവും നിശ്ചയിച്ചതു പ്രവർത്തിക്കുന്നതിൽ വ്യഗതയും ഉണ്ടായിരുന്നുവെങ്കിൽ ഞാൻ എത്രയെളുപ്പത്തിൽ പണം സമ്പാദിക്കുമായിരുന്നു. ഇപ്പോൾ ദൈവഗത്യാ നല്ല ഒരു തരംകിട്ടിയെന്നു ഞാൻ സന്തോഷത്തോടുകൂടി കരുതിയിരുന്നു. ഇതും ഇപ്പോൾ തരാറായിട്ടാണു വരാൻ പോകുന്നതു്. അസത്തു മനസ്സേ! നിനക്കു് എന്താണു് ഒരു ഭീരുത്വം! ആഗ്രഹമുണ്ടെങ്കിൽ പ്രവർത്തിക്കു്, പ്രവർത്തിക്കു് - ഭീരുത്വത്തിന്റെ ഫലം ദാരിദ്ര്യം. ദാരിദ്ര്യത്തിൽക്കിടന്നു നശിക്കു് - അല്ലെങ്കിൽ വല്ലതും തീർച്ചയായി പ്രവർത്തിക്കു് - ഈ കണ്ണുപൊട്ടന്റെ കയ്യിൽ അൻപതറുപതോളം റൊക്കമുണ്ടു്. അതിൽ ഒരു നാലിലൊന്നു കിട്ടിയാൽ ഞാൻ കുബേരനായല്ലോ. എങ്ങനെ കിട്ടാനാണു്? ഞാൻ രാമേശ്വരത്തുവച്ചാഗ്രഹിച്ചതു സകലം നിഷ്ഫലം തന്നെ. ഇങ്ങനെ കയ്യിൽ വന്നപോലെയുള്ള കാര്യം കിട്ടാതെ പോകുന്നുവല്ലോ. ഇയ്യാളുടെ വശം അസംഖ്യം ദ്രവ്യമുണ്ടല്ലോ. ഇയ്യാളുടെ വലിയ പെട്ടിയും നോക്കിക്കൊതിച്ചുംകൊണ്ടു വൃഥാ കാലം കളയുന്നുവല്ലോ. ഇയ്യാൾ ഇനി അധികം ഇവിടെ താമസിക്കുകയില്ല. ശങ്കരൻ ഇവിടെ താമസിപ്പാൻ ഒരിക്കലും അനുവദിക്കയുമില്ല. ഇപ്പോഴും ഭീരുത്വം കാണിച്ചുനിന്നാൽ ഈ ജന്മം നമുക്കു ദാരിദ്ര്യം തന്നെ ഫലം; സംശയമില്ല. ശങ്കരൻ ആൾ മഹാവികൃതിയാണു്; ബഹുസമർത്ഥനാണു്. അവൻ ജീവിച്ചിരിക്കുമ്പോൾ രാമൻമേനവന്റെ നേരെ എതിർപ്പാൻ കഴികയില്ല. നമ്മുടെ വിദ്യ യാതൊന്നും ഫലിക്കയില്ല. യാതൊരു കാര്യവും രാമൻമേനവൻ എന്റെ മുഖാന്തിരം ചെയ്യുകയില്ല. വല്ലതും സമ്പാദിക്കണമെന്നുണ്ടെങ്കിൽ അതിന്റെ വഴി ഇപ്പോൾത്തന്നെ എടുക്കണം. ഈ നിമിഷം എടുക്കണം, സംശയമില്ല, സംശയമില്ല. ഇവറ്റ എന്റെ ഗൃഹത്തിൽ വന്നു താമസിക്കുന്നതു് ഇതുവരെ ആരും അറിഞ്ഞിട്ടില്ല. എന്നാൽ ശങ്കരൻ ജീവനോടെ ഇരിക്കുമ്പോൾ ഞാൻ വല്ലതും പ്രവർത്തിച്ചാൽ എന്നെ അവൻ ജയിലിൽ ആക്കുമെന്നുള്ളതിനു സംശയമില്ല. ശങ്കരൻ ആൾ അല്പനല്ല. ശങ്കരൻ ഇല്ലായിരുന്നുവെങ്കിൽ ഈ കണ്ണുപൊട്ടനും കുട്ടിയും അവരുടെ പണവും നമ്മുടെ കയ്യിൽത്തന്നെ. പിന്നെ ഞാനേ ഗതി. വേറെ യാതൊരു പരിചയക്കാരുംകൂടി ഇവർക്കില്ല. നമ്മുടെ ഇഷ്ടപ്രകാരം അറുപതു് എഴുപതിനായിരം ഉറുപ്പികകൊണ്ടു കളിക്കാം.'

### ദീപ്രത്തിനു്:

### അമാത്യരാക്ഷസന്റെ വിചാരം

'അഹോ കഷ്ടം! പുരുഷന്മാരുടെ സമവിഷമദശാപരിണതികൾ അലക്ഷിതോപനിപാതങ്ങളായിരിക്കുന്നു. മുൻകാലങ്ങളിൽ ഞാൻ എന്റെ ഗൃഹത്തിൽനിന്നു വെളിയിൽ സവാരി പോകുമ്പോൾ നവേന്ദുദർശനം ചെയ്‌വാൻ കൂടുന്ന ആളുകളെപ്പോലെ പുരവാസികളെന്നെ ദൂരെനിന്നു കണ്ടിട്ടു്, എന്നെ 'അതാ, അതാണു് രാക്ഷസാമാത്യൻ' എന്നു ചൂണ്ടിക്കാണിച്ചു കൊണ്ടുപോകുമായിരുന്നു. ഞാനും അങ്ങനെ സവാരി പോകുമ്പോൾ പരസ്സഹസ്രം

രാജാക്കന്മാരാൽ പരിവൃതനായിരിക്കും. അങ്ങനെയിരുന്ന ഞാൻ ഇപ്പോൾ ഈ സ്ഥലത്തു തന്നെ ഭൂയോപി വന്ധ്യശ്രമൻ ആയിട്ടു തസ്കരനെപ്പോലെ ത്രാസത്തോടു വേഗത്തിൽ പ്രവേശിച്ചു. കഷ്ടം! എന്റെ രാജാക്കന്മാർ മരിച്ചുപോയല്ലോ. കഷ്ടം! ഈ ഉദ്യാനം ഈവിധം ജീർണ്ണമായോ? ജീർണ്ണമായതിനാലുണ്ടായ അരമണീയത വാഗ്ഗോചരമല്ല. ഈ നന്ദനവനത്തിൽ പണിയിക്കപ്പെട്ടിരുന്ന സൌധം അതിനെ കെട്ടിച്ചവരായ നന്ദന്മാർ എങ്ങനെ നശിച്ചുപോയോ അതുപോലെ ഇടിഞ്ഞുവീണുകിടക്കുന്നു. സുഹൃത്തുക്കളുടെ നാശത്താലുണ്ടാകുന്ന ദുഃഖത്താൽ സാധുക്കളുടെ ഹൃദയം ശുഷ്കമാകുന്നതുപോലെ ഈ സരസ്സുകളും ശുഷ്കങ്ങളായിപ്പോയി. ഈ വൃക്ഷങ്ങൾ, വിഗുണനൃപയോഗത്താൽ നയങ്ങൾ എന്നപോലെ ഫലവിഹീനങ്ങളായി നിൽക്കുന്നു. അവിദ്വാന്റെ മതി കപടോപദേശങ്ങളാൽ എന്നപോലെ ഈ ഭൂമിയും തൃണങ്ങളാൽ ഛന്നമായിരിക്കുന്നു. എതിരെ കാണപ്പെടുന്ന ചന്ദനവൃക്ഷങ്ങളിൽനിന്നു നന്ദന്മാരുടെ കാലത്തിൽ ഒരു ഇലപോലും പറിക്കാൻ സമ്മതിക്കയില്ല. ആ വൃക്ഷങ്ങൾ ഉദഗ്രപരശുക്കളാൽ ഖണ്ഡം ഖണ്ഡമായി വെട്ടി എറിയപ്പെട്ടിരിക്കുന്നു. വെട്ടപ്പെട്ട കുറ്റികളിൽ സർപ്പങ്ങൾ ചട്ടകളെ (തൊലികളെ) കഴറ്റിയിട്ടിരിക്കുന്നു. താഴെ കപോതങ്ങൾ കൂടുകളെ കെട്ടിക്കൊണ്ടു കറകറ എന്നു ശബ്ദിക്കുന്നു. ഇവയെ ആലോചിച്ചു നോക്കുമ്പോൾ അചേതനങ്ങളായിരിക്കുന്ന ഇവയ്ക്കും അൻപ്, പ്രിയം മുതലായ ഗുണങ്ങൾ ഉണ്ടെന്നു കാണപ്പെടുന്നില്ലേ? വൃക്ഷങ്ങൾ പരശുക്കളാൽ ഏൽപ്പിക്കപ്പെട്ടിട്ടുള്ള ക്ഷതങ്ങളെ സഹിക്കാതെ ആ വൃക്ഷങ്ങളിൽ കുടികൊണ്ടിരിക്കുന്ന കപോതങ്ങളാകുന്ന വാകളാൽ വെട്ടുകൾ പൊറുക്കാൻ പാടില്ലായെന്ന് ഉച്ചത്തിൽ നിലവിളിച്ചു കരയുന്നതുപോലെയും ആ കരച്ചിലിനെ സഹിക്കാതെകണ്ടു പരിചിതപരിക്ലേശകൃപയാ സർപ്പങ്ങൾ അവയുടെ ചട്ടകളാകുന്ന എണ്ണത്തുണികളെക്കൊണ്ടു മുറിവായെ കെട്ടുന്നതുപോലെയും ഇരിക്കുന്നു. ഛായാവിയോഗത്താൽ അപ്രസന്നങ്ങളായി വ്യസനത്തിൽ നിമഗ്നങ്ങളായിരിക്കുന്ന ആ തപസ്വികളായ വൃക്ഷങ്ങൾ ശ്മശാനത്തെ പ്രാപിക്കാറായതുപോലെ ആയിരിക്കുന്നു. അവയുടെ അകം ശുഷ്കമായിപ്പോയി. കടിക്ഷതത്തിൽക്കൂടി നീരൊഴുകുന്നതുകണ്ടാൽ അശ്രുജലം പൊഴിക്കയാണോ എന്നു തോന്നും. ഇങ്ങനെ വിചാരിച്ചുംകൊണ്ടിരുന്നാൽ ഫലം എന്ത്? ഭഗ്നമായ ഈ ശിലാതലത്തിൽ ഭഗ്നാശയനായ ഞാൻ ഇരുന്നു കുറെ വിശ്രമിക്കട്ടെ', എന്നുപറഞ്ഞുകൊണ്ട് ശിലാതലത്തിൽ രാക്ഷസാമാത്യൻ ഇരുന്നു. കുറെ കഴിഞ്ഞപ്പോൾ എന്തോ ശബ്ദം കേട്ടിട്ട് അമാത്യം 'ഇത് എന്താണ്! ആകസ്മികമായിട്ട് ശംഖപടഹമിശ്രമായ നാന്ദീനാദം കേൽക്കുന്നത്? പടഹശംഖധ്വനികളാൽ പ്രാപ്തമഹിമയോടുകൂടിയ നാന്ദീനാദം അതിഭാരത്താൽ ശ്രോതാക്കളുടെ ശ്രവണമാർഗ്ഗത്തെ അസാരമാക്കിച്ചെയ്തിട്ടു പ്രാസാദങ്ങളാൽ ആദ്യം പരിപീതവും ബാഹുത്വത്താൽ അപ്പോൾത്തന്നെ ഉജ്ഝിതവുമായപോലെയും അഷ്ടദിക്കുകളുടെ ദൈർഘ്യത്തെ അറിയുന്നതിന്നു കുതുഹലത്തോടുകൂടിയപോലെയും ഇരിക്കുന്നു. ഇതു മൌര്യന്റെ ജയത്തേയും മലയകേതുവിന്റെ തോൽവിയേയും സൂചിപ്പിക്കുന്നു. കഷ്ടം! ഞാൻ പോകുന്നേടത്തെല്ലാം ശത്രുവിന്റെ ജയത്തെക്കുറിച്ചു കേൾക്കുന്നേയുള്ളു. വിധി ശത്രുപക്ഷമായിരിക്കുന്നു. ശത്രുക്കളുടെ ജയം കണ്ടു ദുഃഖിക്കുമാറാക്കി ദൈവം'. ഇങ്ങനെ വിചാരിച്ചുംകൊണ്ടിരുന്നപ്പോൾ ചാണക്യനാൽ പ്രേഷിതനായ ഒരു പുരുഷൻ രാക്ഷസൻ കാണത്തക്ക ഒരു സ്ഥലത്തുനിന്നു തൂങ്ങിച്ചാകാൻ

ഭാവിക്കുന്നവനെപ്പോലെ ഒരു വൃക്ഷത്തിന്റെ ശാഖയിൽ കയറീട്ടു ചാകുന്നതിന് ആരംഭിച്ചു. അപ്പോൾ രാക്ഷസൻ ഓടിച്ചെന്ന് 'ഭദ്ര! ഭദ്ര! നീയെന്തുചെയ്യുന്നു' എന്നു ചോദിച്ചു.

— മുദ്രാരാക്ഷസം

## ഉജ്ജ്വലത്തിന്:

### കാകൻ

ഒരു രാജ്യത്തും ഒരാളും ഒരിക്കലും കാണാത്ത അരയന്നത്തെപ്പറ്റി ഒരു വാക്കെങ്കിലും ഇല്ലാത്ത കവിത മലയാളഭാഷയിൽ ഉണ്ടെന്നു തോന്നുന്നില്ല. ഇന്ത്യയിൽ വല്ല ഭാഷയിലും ഉണ്ടോ എന്ന് എനിക്കു സംശയമുണ്ട്. പക്ഷേ ആ കാര്യം ഖണ്ഡിച്ചു പറവാൻ എനിക്കു നിവൃത്തിയില്ലാത്തതിൽ ഞാൻ വ്യസനിക്കുന്നു. സംസ്കൃതകവികൾക്ക് അരയന്നം വലിയ കാര്യമാണെന്നു പറയേണ്ടതില്ലല്ലോ. ഇങ്ങനെ നാമമാത്രമായി ജീവിക്കുന്നതോ, അഥവാ ജീവിക്കുന്നുണ്ടെങ്കിൽത്തന്നെ ബ്രഹ്മാവിനേയും വഹിച്ചുകൊണ്ടു മനുഷ്യന്നു കാണ്മാൻ സാധിക്കാത്ത വല്ല ദിക്കിലും ജീവിക്കുന്ന ഹംസങ്ങളെപ്പറ്റി ഇത്രയൊക്കെ ഘോഷിക്കയും അവയെ സംബന്ധിച്ച കാര്യങ്ങൾ ഉപമേയങ്ങളാക്കി വർണ്ണിക്കുകയും ചെയ്കയും സർവ്വസാധാരണയായി സർവ്വദിക്കിലും കാണുന്ന കാകനെപ്പറ്റി അധികം പറയാതിരിക്കയും ചെയ്യുന്നതു നമ്മുടെ കവികുഞ്ജരന്മാർക്കു സ്വാഭാവികമായ വിവരണങ്ങളെക്കൊണ്ടും ഉദാഹരണങ്ങളെക്കൊണ്ടും കാവ്യത്തിനു തന്മയത്വവും ജീവനും നൽകാൻ അറിഞ്ഞുകൂടെന്നു ദൃഷ്ടാന്തീകരിക്കുന്നതല്ലാതെ അതു നമ്മുടെ വായസശ്രേഷ്ഠന്ന് ഒരുവിധത്തിലും അപമാനകരമായിത്തീരുന്നതല്ല. കാക്കയെപ്പറ്റി കവികളാരും ഒന്നും പറഞ്ഞിട്ടില്ലെന്നില്ല.

"കാകഃ കാകഃ പികഃ കൃഷ്ണഃ കോ ഭേദഃ പികകാകയോഃ
വസന്തകാലേ സംപ്രാപ്തേ കാകഃ കാകഃ പികഃ പികഃ"

(കാക്കയും കറുത്തതു്, കുയിലും(പികം) കറുത്തതു്. പികവും കാകനും തമ്മിലുള്ളവ്യത്യാസം? പക്ഷേ വസന്തകാലം വരുമ്പോൾ കാക്ക കാക്കയും (ക്രാ, ക്രാ, എന്നു കർണ്ണകഠോരമായി ശബ്ദിക്കും) പികം പികവുമാകും (മനോഹരമായി പാടും). അപ്പോൾ അവയെ തിരിച്ചറിയാം.)

എന്നുള്ളതു് കാകനെ അപമാനിക്കാൻവേണ്ടി ഉണ്ടാക്കിയതാണെന്നു പറയുന്നതിൽ ഞായമില്ല. ഈ ശ്ലോകാർത്ഥം ശരിയായി ധരിച്ചവർ കാകനേയോ, കുയിലിനേയോ, ആരെയാണ് കവി ചീത്തയാക്കിപ്പറഞ്ഞതെന്നു പറവാൻ ശക്തരാകുമോ? ഒരിക്കലുമില്ല, പക്ഷേ,

"മാകന്ദാഗ്രേ ചെന്നു വസിച്ചാൽ
കാകൻ നിയ്യൊരു കോകിലമാകും
കാണികൾ നിന്നെക്കുയിൽ കുയിലെന്നൊരു
നാണയമങ്ങു നടത്തിക്കോളും"

എന്നു പറഞ്ഞ കവി, കാക്കയെ നിശ്ചയമായും പരിഹസിച്ചതാണ്. ഇങ്ങനെ പറവാൻ ആ കവി ധൈര്യപ്പെട്ടതു്, കാക്ക ശിക്ഷാനിയമത്തിൽനിന്ന് ഒഴിവാക്കപ്പെട്ടതാണെന്നു നല്ലവണ്ണം മനസ്സിലാക്കീട്ടുതന്നെയാണ്. കാക്ക എന്തുതന്നെ കട്ടാലും പിടിച്ചുപറിച്ചാലും ആരും അന്യായപ്പെടാത്തതും, ആരും ഭയം കൂടാതെ കാക്കയെ ശകാരിക്കുന്നതും, പരസ്യമായി അതിനെ കൊലചെയ്‌വാനും, അതിന്റെ ശവം പോലീസുകാർ കാൺകെ കെട്ടിത്തൂക്കാനും മടിക്കാത്തതും ഇതുകൊണ്ടുതന്നെയാണ്. ഏതായാലും മറ്റു കവികളും വിദ്വാന്മാരും തത്വജ്ഞാനികളും എന്തുതന്നെ പറഞ്ഞാലും മനു കാക്കയെപ്പറ്റി ഗുണമായിട്ടേ പറഞ്ഞിട്ടുള്ളൂ. ഒരു ഗൃഹസ്ഥൻ കാക്കപ്പെണ്ണിനെപ്പോലെ ഇരിക്കണം എന്നുള്ളതു മനുസംഹിതയിൽ ഉള്ളതാണത്രെ. ഇതു നമ്മുടെ വായസിയമ്മയ്ക്കു് അനശ്വരമായ ഒരു കീർത്തിയാണ്, സംശയമില്ല.

> "സ്ത്രീകൾക്കശിക്ഷിതപടുത്വമമാനുഷീഷു-
> പ്യാകല്യതേ പറവതെന്തിഹ മാനുഷീഷു?
> ആകാശദേശഗമനത്തിനു മുമ്പപത്യം
> കാകാലയേ, പികവധൂടി വളർത്തിടുന്നു."

എന്നിങ്ങനെ കാളിദാസൻ പികത്തിന്റെ പടുത്വത്തെക്കുറിച്ചു പറഞ്ഞതിൽ, കാക്കയുടെ വിഡ്ഢിത്തം ധ്വനിപ്പിച്ചിട്ടുണ്ട്. എന്നാൽ കാളിദാസൻ ഈ കാര്യത്തിൽ രണ്ടുവലിയ തെറ്റു ചെയ്തിട്ടുണ്ട്. അതു മനപ്പൂർവ്വം ചെയ്തതാണെന്നതിനു തെളിവുമുണ്ട്. ഈ ഉപമ കാളിദാസൻ ദുഷ്ഷന്തനെക്കൊണ്ടാണു പറയിച്ചത്. ഭാരതത്തിൽ ശകുന്തളയാണു പറയുന്നതു്. സ്ത്രീകളുടെ ദുസ്സാമർത്ഥ്യത്തെയാണ് കാളിദാസൻ ഇതുകൊണ്ട് ഉദാഹരിക്കുന്നതു്. മറ്റുള്ളവരുടെ കുട്ടികളോടുകൂടി വാത്സല്യം കാണിക്കത്തക്കവണ്ണം കാക്കയുടെ കാരുണ്യബുദ്ധിയെയാണ് ഭാരതത്തിൽ പ്രതിപാദിക്കുന്നതു്. മൂലഗ്രന്ഥത്തിൽ ഉള്ളതിനെ ഭേദപ്പെടുത്തി അതുതന്നെ വായസിയമ്മയെ പ്രത്യക്ഷത്തിൽ അപമാനിക്കണമെന്നുള്ള അസൂയാബുദ്ധിയോടുകൂടി ഭേദപ്പെടുത്തി പറഞ്ഞതു് കവിശ്രേഷ്ഠനായ കാളിദാസന്ന് അശേഷം പറ്റിയതല്ല. കാളിദാസൻ മാത്രമല്ല ഈ കാര്യത്തിൽ തെറ്റുകാരൻ. ഇംഗ്ലീഷ് കവികളും കാക്കയെ അധിക്ഷേപിച്ചു പ്രസ്താവിച്ചിട്ടുണ്ട്. പാശ്ചാത്യകവികൾ കാക്കയെ കള്ളനെന്നും, ചതിയനെന്നും, വൃത്തിഹീനനെന്നും മറ്റു പലവിധത്തിലും അപഹസിച്ചിട്ടുണ്ട്. 'ഇതൊക്കെ നിന്നെപ്പറ്റി പറഞ്ഞതല്ലേ?' എന്നു നമ്മുടെ കാക്കയോടു ചോദിച്ചാൽ താൻ തലയൊരു ഭാഗത്തേക്കു ചരിച്ചു കണ്ണൊന്നു ചിമ്മി 'അതൊന്നും എന്നെപ്പറ്റി അല്ല' എന്നു പറയും. 'പിശാചുക്കളെ അന്യോന്യം ചേർക്കുന്ന ഒരു കണ്ണിയാണ് കാക്ക' എന്ന് റാബിൻസൺ എന്ന വിദ്വാൻ പറയുന്നു. മനുഷ്യർക്കും പ്രേതങ്ങൾക്കും ഒരു മദ്ധ്യസ്ഥനായിട്ടാണ് കാക്കയുടെ സ്ഥിതിയെന്നു ഹിന്ദുക്കളും വിശ്വസിക്കുന്നുണ്ടല്ലോ. 'ഈഹ' എന്ന പേരിൽ പ്രകൃതിശാസ്ത്രതത്വങ്ങളെ അതിരസകരമാംവണ്ണം പ്രതിപാദിക്കുന്ന വിദ്വാൻ കാക്കയെപ്പറ്റി എന്താണു പറയുന്നതെന്നു കേൾക്കേണ്ടതാണ്: "ഇന്ത്യയിലെ കാക്കകളിൽ ഒരുവിധത്തിലും സന്തോഷജനകമായ ഒരു അവസ്ഥ ഞാൻ കണ്ടിട്ടില്ല. പുറമെയുള്ള നാട്യം നേരെ മറിച്ചാണുതാനും. വലിയ മാന്യനാണ്, ലോകപശുക്കളുടെ അഭിപ്രായം പുല്ലുവിലയാക്കീട്ടാണ്,

എന്നൊക്കെ നടിച്ച്, വലിയ കുലീനന്റെ വസ്ത്രം ധരിച്ച് ഡംഭിച്ചിട്ടുള്ള ആ നടത്തവും സർവ്വസാധനങ്ങളേയും ഒറ്റക്കണ്ണുകൊണ്ട് അഗണ്യമായി പരിശോധിക്കുന്ന ആ ശീലവും കാണുമ്പോൾ ആർക്കും തനിയെ ദ്വേഷ്യം പിടിക്കും. മനുഷ്യർ സാധാരണയായി അധികമായി ഉപയോഗിക്കുന്ന അവയവത്തിനു വേഗത്തിൽ പുഷ്ടിയും ബലവും ഉണ്ടാകുമെന്നുള്ള തത്വം നേരാണെങ്കിൽ കാക്കയുടെ മറ്റേ കണ്ണിനു താമസിയാതെ കണ്ണട വെയ്ക്കേണ്ടിവരും. 'ഒരു കാക്കയെ കൊല്ലുന്നതിന് ഈഹയ്ക്ക് അല്പമെങ്കിലും മടിയോ ശങ്കയോ ഉണ്ടാകാറില്ലത്രേ. 'അവറ്റയുടെ കള്ളത്തരമോ, അവറ്റയുടെ മര്യാദക്കേടോ, അവറ്റയുടെ കർണ്ണകഠോരമായ കരച്ചിലോ ഇവയൊന്നുമല്ല; അതൊക്കെ എനിക്കു സഹിക്കാം. കാക്കകൾ നിസ്സഹായജീവികളെ നിഷ്കാരുണ്യം കൊന്നു ഭക്ഷിക്കുന്നതാണ് എനിക്കു സഹിച്ചുകൂടാത്തത്. ചെറിയ പക്ഷികളെ കാക്ക വളരെ സൂക്ഷിച്ചുനോക്കും. എവിട്യാണ് അതിന്റെ കൂടെന്നു മനസ്സിലാക്കും. കുട്ടി വിരിഞ്ഞു പറക്കാവുന്ന കാലം എണ്ണിക്കഴിക്കും. തരം നോക്കി ആ കുഞ്ഞുങ്ങളെ ഓരോന്നോരോന്നായി കൊത്തിക്കൊണ്ടുപോയി വല്ല മരത്തിന്റെ കൊമ്പിന്മേലും വെച്ച് കാലുകൾകൊണ്ടു ചവിട്ടിപ്പിടിച്ച് കൊത്തിപ്പറിച്ചു ഭക്ഷിക്കും. തള്ളപ്പക്ഷികളുടെ പരിഭ്രമവും സങ്കടവും നിലവിളിയും അശേഷം ഗണ്യമാക്കുകയില്ല. അതിനാണ് ഞാൻ കാക്കയെ ദയയില്ലാതെ വെടിവെച്ചുകൊല്ലുന്നത്.

— ഗദ്യമാലിക (രണ്ടാം ഭാഗം)

### അലസത്തിന്:

#### ഒരു ലേഖകന്റെ അരങ്ങേറ്റം

"കേടറ്റ നല്ല കവിതാനടികൾക്കു നൃത്ത-
മാടീടുവാൻ കവികളൊത്തു ചമച്ച ഭംഗി-
കൂടുന്ന തദ്രസികരഞ്ജിനിയായ രംഗ-
മീടാർന്നുയർന്നു വിലസീടണമിത്തമെന്നും.

ചൊല്ലേറിടും രസികരഞ്ജിനി! നിൻഗുണങ്ങൾ
ചൊല്ലേറുമിക്ഷിതിയിലുള്ള കവീന്ദ്രവർഗ്ഗം
ചൊല്ലി ഗ്രഹിച്ചിടുക കൊണ്ടു നമുക്കനിന്നി-
ലുല്ലാസവും ഭ്രമവുമുണ്ടു മനസ്സിലേറ്റം

അതുകൊണ്ടിനിമേലിലുള്ള കാലം
ശ്രുതികൊണ്ടീടിന നിൻ പ്രകീർത്തി വാഴ്ത്താൻ
കൊതിപൂണ്ടൊരു ഞാനുമിന്നു നിന്നിൽ
പതിയുന്നുണ്ടു കവീന്ദ്രസാരവാണി."

'അല്ലയോ ബഹുമാനപ്പെട്ട മാന്യ പ്രിയ പത്രാധിപരേ! വളരെ യോഗ്യതയുള്ള ഓരോ കവിതാനടികളുടെ പുറപ്പാടിന്റെ ഘോഷങ്ങളെ കണ്ട് ബാലയായ എന്റെ കവിതാനടിയും

ക്ഷമയില്ലാതെ ചാടിപ്പുറപ്പെട്ടിരിക്കുന്നു. എന്നാൽ അതിയോഗ്യതയും, പ്രാസഭംഗിയാകുന്ന സൌന്ദര്യവും, ചമൽക്കാരമാകുന്ന രസികത്വവും, അർത്ഥപുഷ്ടിയാകുന്ന യൌവനവും, സുവൃത്തമാകുന്ന അടക്കവും, കർണ്ണാനന്ദപ്രദമാകുന്ന സൌശീല്യവും ഉള്ള ശബ്ദാലംകൃത ങ്ങളായ കവിതാനടികളുടെ കൂട്ടത്തിലേക്കാണ് ആദ്യത്തെ പുറപ്പാട്. കൂട്ടത്തിൽ കൂടാറാ യില്ലാ, വരട്ടെ; ക്ഷമിക്കു; എന്നും മറ്റും പറഞ്ഞുനോക്കിയിട്ടു കൂട്ടാക്കാൻ ഭാവം കാണുന്നില്ല. 'തെളിച്ച വഴിക്കു നടന്നില്ലെങ്കിൽ നടന്ന വഴിക്കു തെളിക്ക' എന്നുണ്ടല്ലോ. അതിനാൽ ഇവൾ ബാലയായതുകൊണ്ട് ഒരുസമയം കഥയില്ലാതെ വല്ലതും പ്രവർത്തിച്ചാലും, അവ രൊക്കെയും താങ്കളുടെ അധീനത്തിലിരിക്കുന്നവരാകകൊണ്ട് തമ്മിൽത്തല്ലാതെ കഴി ച്ചുകൂട്ടുമല്ലൊ. വിശേഷിച്ച് കവിതക്കാരന്റെ വേഷം കെട്ടിക്കൊണ്ടു വെളിയിൽ പുറപ്പെ ട്ടാൽ എന്തോ ഏതോ എന്നുള്ള പരിഭ്രമംകൊണ്ട് അണിയറയിൽ ഇരുന്നു ബുദ്ധിമുട്ടി കാ ലംകഴിച്ചുകൊണ്ടിരിക്കുമ്പോൾ കെട്ടിയ വേഷത്തിന്റെ ഗുണദോഷമറിവാനുള്ള തിടുക്കം നടനത്തെ പരിഭ്രമത്തിനു ശത്രുവായി പരിണമിക്കയാൽ വരുന്നതുവരട്ടെ എന്നും വെച്ചു കവിജനവദന വിനിസ്സൃതകളായിരിക്കുന്ന കവിതാനടികളുടെ രംഗസ്ഥലമായ രസികര ഞ്ജിനീവനിതാരത്നത്തിന്റെ സ്വദേശത്തിൽ തിരനീക്കി പ്രവേശിപ്പാൻ തീർച്ചപ്പെടുത്തിയ ഒരു സാഹസകക്ഷിയുടെ തിരപ്പുറപ്പാടിന്റെ ഘോഷമാണിതു്. നിങ്ങളുടെ സമയം വളരെ വിലപിടിച്ചതാണെങ്കിലും കാൽക്ഷണമെങ്കിലും ഈ ഘോഷത്തിൽ ശ്രദ്ധവച്ച് ആ രസി കരഞ്ജിനീരംഗത്തിന്റെ ഒരു ഭാഗത്തു് ഈ നടിയെക്കൂടെ കുറ്റം തീർത്തു വേണ്ടതുപോലെ രംഗപ്രവേശനം ചെയ്യിച്ച് അയപ്പാൻ അപേക്ഷ. രഞ്ജിനിയുടെ ഒരു പ്രതി എനിക്കും അയ ച്ചുതരുന്നതു് വളരെ സന്തോഷമാണ്. ഈ ലേഖനം രഞ്ജിനിക്കു സ്വീകാര്യയോഗ്യമല്ലാത്ത പക്ഷം മടക്കി അയച്ചുതരുവാൻ അരയണയുടെ ഒരു സ്റ്റാമ്പ് ഇതോടുകൂടി അയച്ചിരിക്കുന്നു.

— രസികരഞ്ജിനി

## സൌമ്യതയ്ക്ക്:

### ഒരു കല്യാണം

കയ്പഞ്ചേരിയിൽ കല്യാണത്തിനുള്ള ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നു. മുഹൂർത്തം, ഉദിച്ചു പത്തുനാഴിക ചെല്ലുമ്പോൾ ആണ്. നേരം നാലു നാഴിക പുലർന്നപ്പോഴെയ്ക്കു തന്നെ ആളുകൾ വന്നുകൂടിത്തുടങ്ങിയിരിക്കുന്നു. പകൽസമയത്തു് സംബന്ധങ്ങൾ നടത്തുന്നതായി രുന്നു ആ കാലത്തു സാധാരണയായി പതിവ്. ഈ അടിയന്തിരം നമ്മുടെ പൂർവ്വന്മാരുടെ ഇടയിൽ വളരെ ഗൌരവമുള്ള ഒന്നായിരുന്നു. രണ്ടു കുടുംബങ്ങളെ തമ്മിൽ യോജിപ്പിക്കുന്ന ഒരു ബന്ധമായിട്ടാണ് ആ കാലങ്ങളിൽ ഇതിനെ വിചാരിച്ചുപോന്നതു്. അതുകൊണ്ട് കഴിയുന്നിടത്തോളം പരസ്യമായിട്ടാണ് ഈ അടിയന്തിരത്തെ ആഘോഷിച്ചുവന്നതു്. കല്യാണവീട്ടിന്റെ കിഴക്കുപുറത്തു് ഒരു നെടുമ്പുര കെട്ടീട്ടുണ്ട്. അതിനകം ഭംഗിയായി വിതാനിച്ചിരിക്കുന്നു. പുരയുടെ നടുക്കു് ഒരു കതിരുമണ്ഡപം ഉണ്ട്. നിലത്തു് പുല്ലുപാകളും, ചൌക്കാളങ്ങളും, രത്നക്കമ്പിളികളും വിരിച്ചിരിക്കുന്നു. കിഴക്കുവശത്തുള്ള വാതിലിന്റെ രണ്ടുവശത്തുമായിട്ട് ഈരണ്ടു കട്ടിലുകളും ഭംഗിയായി അലങ്കരിച്ചുവെച്ചിട്ടുണ്ട്. ഇവ നാടു

വാഴികളായ കുടുംബക്കാർക്ക് ഇരിക്കാനുള്ളവയായിരുന്നു. കതിരുമണ്ഡപത്തിന്റെ തെക്കു വശം സ്ത്രീകൾക്കിരിക്കുന്നതിനും വടക്കുവശം പുരുഷന്മാർക്കിരിക്കുന്നതിനുമായി നിശ്ച യിക്കപ്പെട്ടിരുന്നു. നാടുവാഴികളായ കുടുംബങ്ങൾ ഒണ്ണൂറാം വീട്ടുകാരും പാലാട്ടുവീട്ടുകാരും ആയിരുന്നു. രണ്ടു കുടുംബക്കാരും ഒന്നിച്ച് ഒരടിയന്തിരങ്ങൾക്കും കുറേനാളായി വരാ റില്ല. യദൃച്ഛയായി രണ്ടുകൂട്ടരും എത്തിയാൽ മംഗളസമയത്തെ അമംഗളമാക്കേണ്ടെന്നു വിചാരിച്ച് ഒരു കുടുംബക്കാരെങ്കിലും പൊയ്ക്കളയുക പതിവായിരുന്നു. ചിലപ്പോൾ രണ്ടു കുടുംബക്കാരും പൊയ്ക്കളയും. ഒരു കുടുംബത്തിൽ നിന്നു സ്ത്രീകൾ മാത്രമേ വന്നിട്ടുള്ളു എങ്കിൽ രണ്ടു കുടുംബക്കാരും ഇരുന്നുവെന്നും വന്നേക്കും. ആറുനാഴിക പുലർന്നപ്പോൾ കോ മൻനായരും ചാപ്പൻനായരും എത്തി. കോമൻനായരെ കല്യാണവീട്ടുകാർ ഒരു കട്ടി ലിലും, ചാപ്പൻനായരെ അടുക്കൽ താഴെയും കൊണ്ടിരുത്തി. നേരത്തേ വന്നിരുന്ന ആളുകളുടെ വിനോദത്തിനായി സദിരുണ്ടായിരുന്നു. കുറെ കഴിഞ്ഞപ്പോഴത്തേക്കു കതി രുമണ്ഡപത്തിന്റെ തെക്കുവശത്തായി സ്ത്രീകളും വന്നിരുന്നു തുടങ്ങി. ആ കാലത്തു സ്ത്രീ പുരുഷന്മാർ തമ്മിലുള്ള സംഭാഷണത്തിലും പെരുമാറ്റത്തിലും ഇപ്പോൾ നമ്മുടെ ഇടയി ലുള്ളതിലധികം സ്വാതന്ത്ര്യമുണ്ടായിരുന്നു. കുറെ പുരുഷന്മാരും സ്ത്രീകളും ഒന്നിച്ചിരുന്നു സംസാരിക്കുന്നതുകണ്ടാൽ ആരും അതിനെ ഒരു മര്യാദകേടായി വിചാരിച്ചുവന്നില്ല. ഒരു യുവാവും യുവതിയും തമ്മിൽ കുറച്ചു സംസാരിച്ചുപോയാൽ അവർ തമ്മിൽ വിഹിതമല്ലാത്ത വല്ല ഏർപ്പാടുകളും ഉണ്ടായിരിക്കുമെന്ന് ആരും ഊഹിക്കാറില്ലായിരുന്നു. ഇതൊക്കെ പിന്നെയുണ്ടായ പരിഷ്കാരങ്ങളാണ്. ഇപ്പോഴും പഴേപോലെ ആകണമെന്നാണ് എന്റെ അഭിപ്രായമെന്ന് ആരും വിചാരിച്ചുപോകരുത്. ധൈര്യവും ശുദ്ധിയുമുള്ള മനസ്സുള്ളവർക്കു മുൻവിവരിച്ച സഹവാസംകൊണ്ടു ഗുണമല്ലാതെ ദോഷമുണ്ടാകയില്ല. രണ്ടു ഗുണങ്ങളും കുറഞ്ഞതുകൊണ്ടായിരിക്കാം ഇപ്പോൾ ഈ സ്വാതന്ത്ര്യം ഇല്ലാതായിരിക്കുന്നത്. ആ ഗു ണങ്ങൾ കുറഞ്ഞിട്ടില്ലെങ്കിൽ പഴയ ഏർപ്പാടുപ്രകാരം നടക്കുന്നതിൽ യാതൊരു ദോഷവും ഉണ്ടെന്നു തോന്നുന്നില്ല.

— തച്ചൊള്ളിക്കഥകൾ

## ഉദ്ധതത്തിന്:

### വേഷധാരിയുടെ ചിന്ത

കുറവൻ തനിച്ചായപ്പോൾ അവൻ താഴെ പറയും പ്രകാരം വിചാരിച്ചുകൊണ്ട് രാക്ഷസന്റെ ഭവനത്തിലേക്കായി പോയി. ഭൂപാലതിലകനായ സർവ്വാർത്ഥസിദ്ധിയുടെ കാലത്തിൽ ആപാദചൂഡം ആഭരണങ്ങൾ അണിഞ്ഞു് സകലവിധപദവികളും അനുഭവിച്ചു കാലം കഴിച്ച ഞാൻ ഇപ്പോൾ കുറവന്റെ വേഷത്തിന്നുചിതങ്ങളായവയെ ധരിച്ച് പ്രാകൃതന്മാ രാൽപോലും 'എട', 'പോട' എന്നു വിളിക്കപ്പെട്ടിട്ട് ഇതാ അങ്ങുമിങ്ങും നടന്നു കഷ്ടപ്പെ ടുന്നു. എന്നാൽ ഇതു് ഒരു നവീനാവസ്ഥയല്ല. പണ്ട് ഹരിശ്ചന്ദ്രൻ, നളൻ, പാണ്ഡവർ മുതലായ പുണ്യശ്ലോകന്മാർക്കും വിധിവശാൽ ഓരോ വേഷം ധരിക്കേണ്ടിവന്നതില്ലയോ? ഈ വേഷം ഞാൻ ധരിച്ചതു് നഷ്ടമായ ഐശ്വര്യത്തെ വീണ്ടും എടുക്കുന്നതിനുതന്നെ ആണല്ലോ. ആശ്ചര്യം ചാണക്യബുദ്ധിസാഹചര്യത്തോടുകൂടിയ ചന്ദ്രഗുപ്തങ്കൽ നമ്മുടെ

രാക്ഷസാമാത്യന്റെ പ്രയത്നങ്ങൾ ഫലജനനാസമൃദ്ധങ്ങളായിപ്പോകുന്നു. അതിനാൽ അമാത്യന്റെ നീതികൾ വിഫലമായിപ്പോകുമെന്ന് എനിക്കു തോന്നുന്നു. എന്നാൽ മലയകേതു രാക്ഷസാമാത്യന്റെ ബുദ്ധി സാഹചര്യത്തോടുകൂടിയിരിക്കുന്നതിനാൽ ചന്ദ്രഗുപ്തങ്കൽനിന്ന് രാജ്യശ്രീയെ വേർപെടുത്തുമെന്നും തോന്നുന്നുണ്ട്. എന്തുകൊണ്ടെന്നാൽ ചന്ദ്രഗുപ്തന്റെ രാജ്യശ്രീ കൌടില്യധീരജ്ജുനിബദ്ധമൂർത്തിയായിട്ടു ചന്ദ്രഗുപ്തങ്കൽ സ്ഥിരയായിരിക്കുന്നു എന്നും എന്നാൽ രാക്ഷസാമാത്യന്റെ സാമാദികളായ ഉപായഹസ്തങ്ങളാൽ ആ രാജ്യലക്ഷ്മി നികൃഷ്യമാണയായി ഇരിക്കുന്നുവെന്നും എനിക്കു തോന്നുന്നതിനാലത്രേ. അതിനാൽ സുനയശാലികളായ ചാണക്യരാക്ഷസന്മാർ പരസ്പരവിരോധമായി ഇരിക്കുന്ന കാലം മുഴുവനും നന്ദകുലലക്ഷ്മിയും സംശയിതയായിത്തന്നെ കാണപ്പെടുന്നു. അന്യോന്യജയത്തിന്നായി വിരോധത്തെ ആചരിച്ചുകൊണ്ടിരിക്കുന്ന മന്ത്രിമുഖ്യന്മാരായ ചാണക്യരാക്ഷസന്മാരുടെ മദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നവളായിരിക്കുന്ന രാജ്യലക്ഷ്മി മഹാവനത്തിൽ വനഗജയുഗ്മങ്ങളുടെ ഇടയിൽ അകപ്പെട്ട ഹസ്തിനിയെപ്പോലെ ആരു ജയിക്കുമെന്നുള്ള സംശയത്താൽ ഉണ്ടായിട്ടുള്ള ഭീതിയോടുകൂടിയിട്ടു ഗതാഗതത്തിലുള്ള പ്രയാസബാഹുല്യത്താൽ ഖേദിക്കുന്നു എന്നുതന്നെ എനിക്കു തോന്നപ്പെടുന്നു. എന്തായാലുമാകട്ടെ കാലം സർവ്വത്തേയും നിശ്ചയിക്കും. അമാത്യരാക്ഷസനെച്ചെന്നുകണ്ട് പൌഷ്പപുരീവൃത്താന്തങ്ങളെ അദ്ദേഹത്തെ അറിയിച്ച് ഇനി ചെയ്യേണ്ട കാര്യത്തേയും അറിഞ്ഞു് അതിലേക്കു ദ്യുക്തനാകേണ്ടതു് എത്രയും ആവശ്യം.

— മുദ്രാരാക്ഷസം

## ഊർജ്ജസ്വലത്തിന്:

### സമസൃഷ്ടികൾ

ജനങ്ങളുടെ ബുദ്ധിയുടെ അപകടത്തം നോക്കു. ലോകത്തിൽ എത്രയോ ജാതി സൃഷ്ടികളുണ്ട്? പക്ഷി, മൃഗം, വൃക്ഷം, ലത, നദി, നീരദം, നാട്ട്, കാട്ട്, മല മരുഭൂമി, കായൽ, കടൽ എന്നുവേണ്ട "സൃഷ്ടിക്കൂട്ടങ്ങളിച്ചൊന്നതുമിതിലണയാതുള്ളതും' വേണ്ടുവോളം വാരി വിതറീട്ടുള്ളപ്പോൾ അസ്മദാദികളായ മനുഷ്യർക്കുമാത്രം എന്താണാവോ വിശേഷം? ബ്രഹ്മാവ് പടച്ചുവിടുന്നതൊക്കെ ആർക്കുവേണ്ടിയാണെന്നു മാനുഷകീടങ്ങൾ സംശയിച്ചിട്ടേയില്ല. മനുഷ്യർക്കുവേണ്ടി, അവരുടെ സുഖത്തിനുമാത്രം; എന്താണതിൽ സംശയിക്കാനുള്ളതു്? ദൂരകൃഷിക്കു മോഹമുള്ളവർ കാടു വെട്ടിത്തെളിച്ചോളൂ. പുഴ നികത്തിക്കോളൂ. പാൽ വേണോ? പശുവിനെക്കറക്കുവാൻ വിരോധമില്ല. പക്ഷേ, കുട്ടിയെ തോൽപ്പിച്ചിട്ടുവേണം. നടക്കാൻ വയ്യെങ്കിൽ കഴുത വേണോ കഴുത; കുതിര വേണോ കുതിര. കരി വലിക്കാൻ കഷ്ണിക്കേണ്ട കന്നാലിയുണ്ട്, തീറ്റി കൊടുക്കേണമെന്നില്ല. എല്ലു പുറത്തേക്കു പൊട്ടിപ്പുറപ്പെടാതെ തോലു സൂക്ഷിച്ചുകൊള്ളണം. പ്രാണനെ മാത്രം അടച്ചുപിടിച്ചാൽ മതി. വെറുതെയാണോ വായ് അടച്ചുകെട്ടുന്നതു്? ഏഴുനിലമാളികക്കു മരത്തിനുവേണ്ടി ബുദ്ധി മുട്ടരുതു്. കാടുവെട്ടിത്തെളിക്കാമല്ലോ. പക്ഷികളോ മൃഗങ്ങളോ വല്ലതുമുണ്ടെങ്കിൽ എവിടെയെങ്കിലും പോയിച്ചാവട്ടെ. ആരുമറിയാതെ കാട്ടിലൊളിച്ചിരിക്കാനെന്ത്? മാംസത്തിനു രുചിയുള്ളവരൊക്കെ കാട്ടിലേക്കു കടക്കാം. സകലതും അവിടെ തെയ്യാറുണ്ട്.

ചെന്ന വിവരം വെടിപൊട്ടിച്ചറിവു കൊടുത്താൽ വേണ്ടതൊക്കെ ചാടി ഓടിവന്ന കാക്കൽ വീണുകൊള്ളും. മാൻപേടയുണ്ടെങ്കിൽ വിട്ടയയ്ക്കരുതേ. കണ്ടാലും നന്ന്, തിന്നാനും കൊള്ളാം, ഉപദ്രവമൊട്ടില്ലതാനും. ആനയാണെങ്കിൽ ചേനയുടെ മാതിരിവേണം; കുഴികുത്തി മൂടണം. കൊള്ളരുതേ പണി! കാട്ട് മനുഷ്യരുടെ തോട്ടമോ കലവറയോ എന്ന മനസ്സിലാകുന്നില്ല; കാട്ടുകേറാൻ പേടിയുള്ളവരോ തോക്കെടുത്തു ശീലമില്ലാത്തവരോ ഉണ്ടെങ്കിൽ അത്യാവശ്യമൊക്കെ നാട്ടിലും ശേഖരിച്ചിട്ടുണ്ട്. പൂവൻകോഴിയുടെ പൂവ് പൂജയ്ക്കു കൊള്ളില്ലെങ്കിൽ തൊപ്പിക്കായിക്കോട്ടെ. വെളുപ്പിനെഴുന്നേറ്റ് 'കൊക്കരെക്കോൽ' എന്ന പ്രാർത്ഥിച്ചതുകൊണ്ടായില്ല. അരക്കോൽ നീളമെങ്കിലും കൊക്കിനുണ്ടെങ്കിൽ ഒന്ന പൊരുതിക്കളയാമെന്നായിരിക്കും. അതൊന്നും പറ്റില്ല. താറാവിന്റെ കൊക്കിനു നീളം പോരാഞ്ഞിട്ടാണോ? ചിറക് ഭംഗിക്കു മാത്രമായാൽ പോരാ, പറക്കാൻ ശീലം വേണം. ആട്ടുകൾ തൊണ്ട എടറിക്കൊണ്ട് 'ഇൻപേ' എന്ന നിലവിളിക്കുന്നതിന്റെ അർത്ഥം ആരെങ്കിലും ഓർക്കുന്നുണ്ടോ? സമസൃഷ്ടികളിൽ 'ഇഷ്ടം' വേണേ എന്ന പറയുകയാണ്. അത് 'ഇൻപേ എ ഏ' ഇളമ്പെ' എന്ന പേടിച്ചുവിറച്ചുകൊണ്ടു പഴേ ഭാഷ സംസാരിക്കാത്ത ധൈര്യത്തോടുകൂടി 'ഇഷ്ടേ' എന്ന പറഞ്ഞാൽ ഭേദമുണ്ടായിരുന്നു. പക്ഷേ, ഇഷ്ടം ഭക്ഷിക്കാനാകുമോ എന്നേ സംശയമുള്ളൂ. ചെമ്മരിയാടിനു പുറത്തു കമ്പിളിരോമംകൊണ്ടു പുതപ്പുണ്ടല്ലോ എന്നൊരു ധൈര്യമാണ്. ആ അഭിമാനം വേണ്ട. മേൽക്ഷൌരം കഴിച്ചല്ലാതെ കഴുത്തിൽ കത്തിവെയ്ക്കില്ല. പ്ലേഗുദീനത്തിനു പ്രത്യേകിച്ചൊരു പ്രത്യൌഷധം കണ്ടുപിടിച്ചിരിക്കുന്നു. എലിവധം പലവട്ടമായിട്ടു കഴിച്ചാൽ മതി. ഇതുകൊണ്ടായിരിക്കാം കൊളങ്കോരികൾക്ക് എലിച്ചാറിത്ര പഥ്യമായത്. 'അഹിംസാ പരമോ ധർമ്മഃ' എന്നതു മൂക്കറ്റം ചെലുത്തിക്കഴിഞ്ഞാൽ കൂടാതെ നിവൃത്തിയില്ലെങ്കിൽ കുറച്ചുനേരം ജപിക്കാം. അമ്പ! മനുഷ്യരുടെ സ്വാർത്ഥം! അവർക്കുള്ളൊരഹംഭാവം. അല്ലയോ മൊളഞ്ഞാസന കുസൃഷ്ടികളേ! ഈ വർത്തമാനമെങ്ങാനും ബ്രഹ്മാവു കേട്ടാൽ അന്ന കഴിഞ്ഞു നിങ്ങളുടെ കഥ. കുറെ കൂർത്ത മുഖവും വാലും ബ്രഹ്മലോകത്തിൽനിന്നു വരുന്നതു കാണാം. മുഖം മാറി വാലുംവെച്ചു നാലു കാലിന്മേൽ നടക്കയേ പിന്നെ തരമുള്ളൂ. കുരങ്ങന്മാരിൽനിന്നാണ് മനുഷ്യരുണ്ടായതെന്ന് പറയുന്നവർക്കു മനുഷ്യർ കുരങ്ങന്മാരാകുന്നതു കാണാറാകും. കുറ്റമാണോ മനുഷ്യർ ശ്വാസം വലിക്കുമ്പോൾ കൂടി കാലൻ കോഴി വന്നിരുന്ന് 'കുത്തിച്ചുട്ടു കുത്തിച്ചുട്ട്' എന്നരുവിടുന്നത്. എങ്ങനെയാണ് ഇങ്ങനെയുള്ളവരുടെ നേരെ വെറുക്കാതിരിക്കുക?'

— ഗദ്യമാലിക (രണ്ടാം ഭാഗം)

### ദുർബ്ബലത്തിന്:

#### പണം ഭാഗ്യമല്ല

യസ്യാസ്തി വിത്തം സ നരഃ കുലീന-
സ്സപണ്ഡിതസ്സശ്രുതവാൻ ഗുണജ്ഞഃ
സ ഏവ വക്താ സ ച ദർശനീയഃ
സർവ്വേ ഗുണാഃ കാഞ്ചനമാശ്രയന്തി."

ദ്രവ്യമുണ്ടായാൽ ഒരു മനുഷ്യനു സിദ്ധിക്കാവുന്ന സകല സംഗതികളും തികഞ്ഞുവെന്നാണ് മിക്കപേരുടെയും വിചാരം. ഇതിന്റെ സൂക്ഷ്മം ആലോചിച്ചറിയുംതോറും ദ്രവ്യം ആവശ്യങ്ങൾക്കു മാത്രം ഉണ്ടായിരുന്നാൽ മതിയെന്നു കാണാം. സാധാരണമായി ധനവാന്മാരെ ഭാഗ്യവാന്മാരെന്നു പറയാറുണ്ട്. എങ്കിലും ഭാഗ്യവാന്മാരെ ധനവാന്മാരെന്നു പറയാറില്ല. അതിന്നു കാരണമുണ്ട്. ഭാഗ്യവാന്മാരുടെ ഭാഗ്യാവസ്ഥ ഏതുവിധമാണെന്ന് ആരും അത്ര അന്വേഷിച്ചറിയാറില്ല. ധനവാന്റെ ദ്രവ്യപുഷ്ടി പ്രത്യക്ഷമായതുകൊണ്ട് ധനവാനെ ഭാഗ്യവാൻ എന്നു പറയാനും പ്രയാസമില്ല. പണ്ട് 'ലീഡിയാ' എന്ന രാജ്യം 'ക്രീസസ്സ്' എന്ന രാജാവു വാണിരുന്നു. അദ്ദേഹത്തിന്റെ ഭരണകാലം ക്രിസ്ത്വാബ്ദത്തിന് 557 കൊല്ലങ്ങൾക്കു മുമ്പായിരുന്നു. ഈ രാജാവിന്റെ ദ്രവ്യപുഷ്ടികൊണ്ട്, 'ക്രീസസ്സ്' എന്ന പേരു പഴഞ്ചൊല്ലായിത്തീർന്നിട്ടുണ്ട്. വലിയ ധനവാന്മാരെ 'കുബേരൻ' എന്നു നാം പറയാറില്ലേ? അതുപോലെ ആ ദിക്കുകളിലെ വലിയ സമ്പന്നന്മാർ 'ക്രീസസ്സ്' എന്നു വിളിക്കപ്പെട്ടു. ഏതൻസിലെ ലോകവിശ്രുതനായ 'സോളൻ' എന്ന ന്യായാധിപതി ഒരിക്കൽ ഈ രാജധാനിയിൽ ചെന്നിരുന്നു. അപ്പോൾ 'സോളന്റെ' അവസ്ഥയ്ക്കനുരൂപമായ ആചാരോപചാരങ്ങളോടുകൂടി അദ്ദേഹത്തെ എതിരേറ്റു. രാജാവ് മനോഹരമായ വസ്ത്രാദിഭൂഷണങ്ങളെക്കൊണ്ട് അലംകൃതനായി ആസ്ഥാനമണ്ഡപത്തിൽ ഇരുന്ന് സോളനു സ്വാഗതം ചെയ്തു. രാജാവിന്റെ ഈ ആഡംബരപ്രദർശനത്തിൽ സോളൻ അതിശയമോ ബഹുമാനമോ ലേശംപോലും കാണിച്ചില്ല. സോളന്റെ അലക്ഷ്യഭാവം രാജാവിന്നു നീരസത്തേയും അത്ഭുതത്തേയും ഉണ്ടാക്കി. അതുകൊണ്ട് തന്റെ ഐശ്വര്യത്തേയും സ്വർഗ്ഗസദൃശമായ മേടകളേയും വജ്രം, വൈഡൂര്യം മുതലായ രത്നങ്ങളേയും മനോഹരങ്ങളായ ചിത്രപ്പണികളേയും ആ തത്വജ്ഞാനിയെ കാണിക്കണമെന്നു രാജാവു കൽപ്പിച്ചു. ഈവിധമായ മനോഹരകാഴ്ചകളെല്ലാം കണ്ട് സോളൻ മടങ്ങിവന്നപ്പോൾ തന്നേപ്പോലെ ഇത്ര ഭാഗ്യവാനായ വേറെ ഒരുവനെ കണ്ടിട്ടുണ്ടോ എന്ന് രാജാവു ചോദിച്ചു. അപ്പോൾ സോളൻ ഇപ്രകാരം പറഞ്ഞു: 'ഏതൻസിൽ 'ടെല്ലസ്സ്' എന്നു പേരോടുകൂടി പൂജ്യനായ ഒരു നാട്ടുകാരൻ ഉണ്ടായിരുന്നു. അയാൾ ഒരിക്കലും ദാരിദ്ര്യം അനുഭവിച്ചിട്ടില്ല. അയാളുടെ സന്തോഷം സ്വന്തരാജ്യത്തിന്റെ ഔന്നത്യത്തിലായിരുന്നു. അയാളുടെ മക്കൾ വിശ്രുതന്മാരായ സ്വദേശാഭിമാനികളായിരുന്നു. അയാൾക്ക് പുത്രപൌത്രാദികളുടെ ഉൽക്കർഷം കൊണ്ടു സന്തോഷിക്കുവാൻ സംഗതിയായിട്ടുണ്ട്. അയാൾ സ്വരാജ്യത്തിനുവേണ്ടി യുദ്ധംചെയ്തു വീര്യസ്വർഗ്ഗം പ്രാപിക്കയാണുണ്ടായിട്ടുള്ളത്. യുദ്ധവിഷയത്തിൽ അയാൾക്കുണ്ടായിരുന്ന അഭിപ്രായം 'വീര്യസ്വർഗ്ഗം മരിച്ചെങ്കിൽ, കാര്യസൌഖ്യം ജയിക്കുകിൽ' എന്നായിരുന്നു. അയാൾ വളരെ ഭാഗ്യവാനായിരുന്നു. ഈ മറുപടിയിൽ ദ്രവ്യസംബന്ധമായ യാതൊന്നും പറയാതിരുന്നപ്പോൾ ഈവക വിഷയത്തിൽ സോളൻ ഒരു കിഞ്ചിജ്ഞൻ ആണെന്ന് രാജാവു തീർച്ചയാക്കി. എങ്കിലും ഭാഗ്യാവസ്ഥയിൽ താൻ രണ്ടാമനാണല്ലൊ എന്നുള്ള സമാധാനത്തോടുകൂടി 'ടെല്ലസ്സ്' കഴിഞ്ഞാൽ പിന്നെ അധികം ഭാഗ്യമുള്ള മറ്റാരെയെങ്കിലും കണ്ടിട്ടുണ്ടോ? എന്നു രാജാവു വീണ്ടും ചോദിച്ചു. സോളൻ 'ഉവ്വ്' എന്നു പറഞ്ഞു് ഈ കഥയെ ധരിപ്പിച്ചു. 'അറഗോസ്സ്' എന്ന പട്ടണത്തിൽ കിയോബിസ്സ് എന്നും ബൈറ്റൻ എന്നും പേരായ രണ്ടു സഹോദരന്മാർ ഉണ്ടായിരുന്നു.

അവർ അന്യോന്യം സഹോദരസ്നേഹത്തോടുകൂടിയാണ് വർത്തിച്ചിരുന്നത്. ഒരു വിശേഷദിവസം അവരുടെ മാതാവിനു് ദേവാലയത്തിൽ പോകേണ്ടിവന്നു. വണ്ടിക്കാളകൾ തയ്യാറില്ലാതിരുന്നതിനാൽ വയോധികയായ പ്രിയമാതാവിനെ അവർതന്നെ വണ്ടിയിൽ ഇരുത്തി വണ്ടി വലിച്ചുകൊണ്ടുപോയി. ഇതുകണ്ടു് പാന്ഥന്മാർ ഈ സഹോദരന്മാരെ വളരെ ശ്ലാഘിക്കയും മാതാവിനു വത്സന്മാരിൽ അപാരമായ സന്തോഷം ജനിക്കയും ചെയ്തു. പുത്രന്മാരിൽ തൽക്കാലം ജനിച്ച കൃതജ്ഞതയും വാത്സല്യവുംകൊണ്ടു് മാതാവു് അവരെ കാത്തുരക്ഷിക്കണമെന്നും അവരുടെ സത്സ്വഭാവത്തിനനുരൂപമായി അവരെ അനുഗ്രഹിക്കണമെന്നും ദൈവത്തോടു് പ്രാർത്ഥിച്ചു. ദൈവം ആ ഭക്തയുടെ പ്രാർത്ഥനയെ കൈക്കൊണ്ടു. ക്ഷേത്രത്തിലെ കർമ്മങ്ങളെല്ലാം കഴിഞ്ഞപ്പോൾ ആ സഹോദരന്മാർ അല്പം വിശ്രമിക്കുവാനായി ഒരു സ്ഥലത്തു പോയി കിടക്കുകയും യാതൊരു യാതനാദുഃഖവും അനുഭവിക്കാതെ ദീർഘനിദ്രയെ പ്രാപിക്കയും ചെയ്തു. ‘എന്തു്, നിങ്ങൾ എന്നെ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ ഗണിക്കുന്നില്ലേ?’ എന്നു രാജാവു ചോദിച്ചു. ‘മഹാരാജാവേ! മനുഷ്യന്റെ ജീവകാലത്തിനിടയിൽ അനേകവിധമായ മാറ്റങ്ങളും അപകടങ്ങളും സംഭവിപ്പാൻ ഇടയുള്ളതിനാൽ, ഓരോ സംഗതികളിൽ അഭിമാനം നടിക്കുന്നതിനോ, അന്യന്റെ നശ്വരങ്ങളായ സുഖാനുഭോഗങ്ങളിൽ അതിശയിക്കുന്നതിനോ, തത്വജ്ഞാനം നമ്മെ സമ്മതിക്കുന്നില്ല. അന്ത്യകാലം ഈശ്വരകാരുണ്യത്താൽ അനുഗ്രഹിക്കപ്പെടാത്ത യാതൊരുവനും ഭാഗ്യവാനല്ല. വിപത്തുകൾക്കു സദാ അടിമപ്പെട്ടിരിക്കുന്ന മനുഷ്യന്റെ ഭാഗ്യത്തെ നിർണ്ണയിക്കുന്നതു് യുദ്ധത്തിന്റെ അവസാനഫലമറിയുന്നതിനുമുമ്പായി യോധാവിനെ സമ്മാനിക്കാൻ വിചാരിക്കുന്നതുപോലെയുള്ള വ്യാമോഹമാകുന്നു’ എന്നു് സോളൻ പറഞ്ഞു.

— മലയാളം റീഡർ (പാർട്ട് ഒന്നു്)

## പ്രൌഢത്തിനു്:

### പടയോട്ടം

ജയശ്രീലാളിതനായ ടിപ്പുവിന്റെ ദൃഷ്ടി ഈ അവസരത്തിലാണു കേരളത്തിൽ പതിച്ചത്. മലയാളത്തിൽ പതിച്ചതു്. മലയാളത്തിലെ നായന്മാരെ മുസൽമാന്മാരാക്കണമെന്നുറച്ചു് അയാൾ ഒരു വലിയ സേനയോടുകൂടി പുറപ്പെട്ടു. ഇന്നും വൃദ്ധകേരളീയന്മാർ ഉള്ളിൽ കിടുകിടുപ്പുകൂടാതെ ടിപ്പുവിന്റെ പേർ ഉച്ചരിക്കുമോ എന്നു സംശയമാണ്. ഉദ്ധതനായ ടിപ്പുവിന്റെ യുദ്ധയാത്ര അത്രമാത്രം ഭയാവഹമായിരുന്നു. പ്രകൃത്യാ മുട്ടാളന്മാരും ഫ്രഞ്ചുകാരാൽ യഥാശാസ്ത്രം ശിക്ഷിതന്മാരുമായ തുലുക്കഭടന്മാരെ സാധുക്കളായ നാട്ടുയോധന്മാർ സാക്ഷാൽ യമഭടന്മാർ എന്നുതന്നെ നിശ്ചയിച്ചു. പട്ടാളക്കാരുടെ അഴിമതിക്കു് യാതൊരു അതിരും യുദ്ധമര്യാദകൾ യാതൊന്നും ഇല്ലായിരുന്നു. വലിയ മത്സ്യം ചെറിയ മത്സ്യത്തെ വിഴുങ്ങുന്നതുപോലെ പ്രബലൻ ദുർബ്ബലനെ ഹിംസിക്കതന്നെ ന്യായമായിരുന്നു. ഗ്രാമങ്ങളെ ചുട്ടുകരിച്ചും ദേവാലയങ്ങളെ തട്ടിനിരത്തിയും കടകമ്പോളങ്ങളെ മരുഭൂമിയാക്കിയും സൈന്യങ്ങൾ വിനോദസുഖം അനുഭവിച്ചു. എതിരാളിയായി ആരും പുറപ്പെടാനില്ലാതിരുന്നതിനാൽ ടിപ്പുവിന്റെ സൈന്യത്തിനു് യുദ്ധശ്രമമേ ഉണ്ടായിരുന്നില്ല. തുലുക്കരുടെ ആ

സൈന്യവ്യാപാരത്തിന് ആക്രമമെന്നല്ല അക്രമമെന്നാണ് ഉചിതമായ പേര്. ടിപ്പുവിന്റെ ഉദ്ദേശ്യത്തിലും ദിഗ്ജയത്തേക്കാൾ മതപ്രചാരമായിരുന്നു പ്രധാനം. എല്ലാ ഹിന്ദുവിന്റെ കണ്ഠവും ഒന്നുകിൽ ഗോമാംസത്തിന്റെ അല്ലെങ്കിൽ കൃപാണധാരയുടെ രസം ആസ്വദിക്കണമെന്ന് അയാൾ വരുതി കൊടുത്തു. അനേകസഹസ്രം ജനങ്ങൾ, തുലുക്കരായിട്ടു ജീവിച്ചിരിക്കുന്നതിൽ ഭേദം പ്രാണഹാനിതന്നെ എന്നു നിശ്ചയിച്ച് ആ നിഷ്ക്കണ്ടകന്റെ കൈയാൽ പരലോകത്തെ പ്രാപിച്ചു. അവിശ്വാസികളെക്കൊണ്ട് നരബലി കൊടുക്കുന്തോറും 'അള്ളാ' പ്രസാദിക്കുമെന്നു ടിപ്പു സന്തോഷിക്കയും ചെയ്തു. 'സർവ്വാൻ ബലകൃതാനർത്ഥാനകൃതാന്മനുരബ്രവീൽ* എന്ന പ്രമാണപ്രകാരം ചിലർ ഗോമാംസഗ്രാസം ചെയ്തു ജീവനെ രക്ഷിച്ചു. മറ്റു ചിലർ സർവ്വസ്വവും ഉപേക്ഷിച്ചു കാടുകളിൽ ഓടി ഒളിച്ചു. സാമൂതിരി മഹാരാജാവ്, കോലത്തിരിരാജാവ്, വേപ്പൂരുരാജാവ്, പരപ്പനാട്ടുരാജാവ് മുതലായ പ്രഭുക്കന്മാർ, അനേകം നമ്പൂരിമാർ, നായന്മാർ എന്നുവേണ്ട, തരം കിട്ടിയവർ എല്ലാം തിരുവിതാംകൂറിൽ ചെന്നു ശരണം പ്രാപിച്ചു. ശ്രീപദ്മനാഭദാസൻ അവരെയെല്ലാം യഥാർഹം ആദരിച്ച് അഭയപ്രദാനവും ചെയ്തു. തന്റെ വായിൽ വന്നു വീഴാൻ പോകുന്ന കബളങ്ങളെ മഹാരാജാവ് അപഹരിച്ചത് മൈസൂർവ്യാഘ്രം സഹിക്കില്ല. തിരുവിതാംകൂറിനെ ആക്രമിക്കതന്നെ എന്നു തീർച്ചപ്പെടുത്തി. സുൽത്താൻ കൊച്ചീരാജാവിനെ ഭേഷജപ്പെടുത്തിനോക്കി. അതു ഫലിച്ചില്ല. പിന്നീട് അന്നു തിരുവിതാംകോട്ടുനിന്നു ഡച്ചുകാരോടു വാങ്ങിച്ചിരുന്ന കൊടുങ്ങല്ലൂർ കോട്ട തന്റെ രാജ്യത്തിൽ ഉൾപ്പെട്ടതാണെന്ന് ഒരു കാരണം കെട്ടിച്ചമച്ചുകൊണ്ട് ടിപ്പു 964 ധനു 11-ആം തീയതി കോട്ടയ്ക്കു സമീപം വന്നു സേനാനിവേശം ചെയ്തു. 15-ആം തീയതി രാത്രിയിൽ കോട്ട പൊളിക്കാനുള്ള യത്നമാരംഭിച്ചു. പിറ്റേദിവസം പ്രഭാതത്തിൽ സുൽത്താന്റെ സൈന്യത്തിൽ ചിലർ കോട്ടയ്ക്കകത്തു കടന്നുവെങ്കിലും ശ്രീപദ്മനാഭകാരുണ്യത്താൽ കൊത്തളത്തിൽ ഇരുന്നിരുന്ന മഹാരാജഭടന്മാരുടെ വെടികൾ വിചാരിച്ചതിലധികം ഫലിക്കയാൽ ഒരു ആകസ്മികഭയം ശത്രുസൈന്യത്തെ ആസകലം വ്യാപിച്ചു ക്ഷോഭിപ്പിച്ചു. ഭയാക്രാന്തമായ തുലുക്കസൈന്യം പിന്തിരിഞ്ഞു പലായനം ചെയ്തു. തുലുക്കർക്ക് വലുതായ ആൾച്ചേതം വന്നതിനു പുറമെ സുൽത്താനു സ്ഥായിയായ അംഗഭംഗത്തിനും ഇടയായി. പലായനസംഭ്രമത്തിൽ പല്ലക്കിൽനിന്നും വീണു കാലൊടിഞ്ഞ ടിപ്പു സുൽത്താൻ ഉപേക്ഷിച്ച മുദ്രവാളും അനേകം ആഭരണങ്ങളും മറ്റും മഹാരാജാവിന് ജയചിഹ്നങ്ങളായി ലഭിച്ചു. ടിപ്പു തനിക്കുണ്ടായ അപമാനത്തിനും പരാജയത്തിനും പകരംവീട്ടണമെന്നു നിശ്ചയിച്ച്, അടുത്ത മീനത്തിൽ തക്കതായ സന്നാഹത്തോടുകൂടി വീണ്ടും ആയിക്കോട്ടയെ ഉപരോധിച്ചു. തിരുവിതാംകോട്ടു കടന്നു കൊള്ളചെയ്തുകൊണ്ട് ആലുവാവരെ തെക്കോട്ടു വരികയും അപ്പോഴേക്കു മഹാരാജാവിന്റെ ബന്ധുക്കളായ കമ്പനിക്കാർ മൈസൂറിലെ തലസ്ഥാനമായ ശ്രീരംഗപട്ടണത്തെ ആക്രമിച്ചിരിക്കുന്ന വർത്തമാനം കേട്ട് 'തെക്കോട്ടു പോവാനായിട്ടുതന്നെ' വടക്കോട്ടു തിരിക്കയും ചെയ്തു. ടിപ്പുസുൽത്താന്റെ ഈ അഭിഷേണത്തിന് 'പടയോട്ടം' എന്നും 'കലാപം' എന്നും പേരുകൾ സിദ്ധിച്ചിരിക്കുന്നു.

— നാലാം പാഠപുസ്തകം

ബാലിശത്തിന്:

## ടിപ്പുവിന്റെ ആക്രമണം

964-മാണ്ടു ടിപ്പുസുൽത്താൻ തിരുവിതാംകൂറിന്റെ വടക്കേ അതിർത്തിയിൽ എത്തി. കോട്ടയുടെ മുമ്പിൽ തന്റെ സൈന്യങ്ങളെ അണിയണിയായി നിറുത്തി യുദ്ധത്തിനാരംഭിക്കയും, അചിരേണ പ്രാകാരത്തെ തുറന്നു് ഒരു വഴിയുണ്ടാക്കയും, അകത്തേക്കു കടക്കാൻ ശ്രമിക്കയും ചെയ്തു. തിരുവിതാംകോട്ടു സൈന്യത്തിന്റെ സാമർത്ഥ്യംകൊണ്ടു് അവന്റെ യത്നം നിഷ്ഫലമായി. ടിപ്പു കഠിനമായി ശ്രമം ചെയ്തു മിക്ക കൊത്തളങ്ങളേയും സ്വാധീനപ്പെടുത്തി കോട്ടയുടെ പ്രധാനദ്വാരത്തിലേക്കു പുറപ്പെട്ടു. ആ സന്ദർഭത്തിൽ തിരുവിതാംകൂർ സൈന്യം ടിപ്പുവിന്റെ സൈന്യത്തിൽ ഒരു വശത്തെ ആക്രമിച്ചു് സേനാനായകനെ കൊന്നു. അപ്പോൾ മൈസൂർക്കാരായ ടിപ്പുവിന്റെ ഭടന്മാർ ആകപ്പാടെ പരിഭ്രമിച്ചു. ടിപ്പുവിന്റെ സഹായത്തിനു് കൂടുതലായി വന്ന സേനയെ കണ്ടു തിരുവിതാംകൂർകാർ പരിഭ്രമിച്ചു് ഓടുന്ന സമയം അസംഖ്യം ആളുകൾ കിടങ്ങിൽ വീണു മരിച്ചു. ഈ ലഹളയ്ക്കിടയിൽ ടിപ്പുവും മേനാവിൽ നിന്നും കിടങ്ങിൽ മറിഞ്ഞുവീണു. ജീവനാശം വന്നില്ലെങ്കിലും അയാളുടെ കാലുമുറിഞ്ഞു് അസ്വാധീനനായിത്തീർന്നു. ഈ യുദ്ധത്തിൽ തിരുവിതാംകൂറുകാർക്കുണ്ടായതിലും അധികം നഷ്ടം ടിപ്പുവിന്റെ സൈന്യത്തിനാണുണ്ടായതു്. അയാളുടെ ഉദ്യോഗസ്ഥന്മാരിൽ പലരും ഈ നാട്ടിൽ തടവുകാരായി പിടിക്കപ്പെട്ടു. അയാളുടെ മേനാവും മോതിരവും മറ്റും തിരുവിതാംകൂറിലേക്കു കിട്ടി. ബധുവായ കർണ്ണാട്ടിക്കിലെ നവാബിന്റെ അപേക്ഷപ്രകാരം മഹാരാജാവു് സുൽത്താന്റെ വാൾ മുതലായവയെ തിരികെക്കൊടുത്തു. ടിപ്പു ഈ പരാജയംകൊണ്ടു് അധൈര്യപ്പെട്ടില്ല. അവൻ വലുതായ ഒരു സൈന്യത്തെ ശേഖരിച്ചു് തിരുവിതാംകൂർ രാജ്യത്തെ രണ്ടാമതും ആക്രമിക്കുന്നതിനു നിശ്ചയിച്ചു. മഹാരാജാവു് ഇംഗ്ലീഷുകാരെ ഈ വിവരം ധരിപ്പിച്ചു. ടിപ്പു ആക്രമിക്കുന്നതായാൽ സഹായിക്കാമെന്നു് അവർ മഹാരാജാവിനു് ഉറപ്പുകൊടുത്തു. എങ്കിലും മഹാരാജാവു് സ്വസ്ഥനായിരുന്നില്ല. കൊത്തളങ്ങളേയും കോട്ടകളേയും നന്നാക്കുകയും സൈന്യത്തിൽ പുത്തനായി ആളുകളെച്ചേർത്തു യുദ്ധം അഭ്യസിപ്പിക്കയും ആയുധങ്ങളും മറ്റും ശേഖരിക്കയും ചെയ്തു. രണ്ടുമാസം കഴിഞ്ഞപ്പോൾ ടിപ്പു രണ്ടാമതും വടക്കേ അതിർത്തിയിൽ എത്തി. ഒന്നരമാസക്കാലംകൊണ്ടു ടിപ്പുവിന്റെ സൈന്യം കോട്ടയുടെ ഒരുഭാഗത്തെ ഇടിച്ചുപൊളിച്ചു് അകത്തേക്കു കടന്നു. മൈസൂർക്കാരുടെ പ്രവേശത്തെ തിരുവിതാംകൂർ സൈന്യം തടുത്തുനോക്കിയെങ്കിലും അവരെ ജയിക്കാൻ പ്രയാസമെന്നു കരുതി ഓടി. ടിപ്പു കൊടുങ്ങല്ലൂർകോട്ടയേയും കുരിയാപ്പള്ളിയേയും പിടിച്ചതിൽ അവനു വളരെ തോക്കുകളും യുദ്ധസാമാനങ്ങളും കിട്ടി. ടിപ്പുവിനോടു് നേരിടുന്നതിനു് അയച്ചിരുന്ന ഇംഗ്ലീഷ്‌സൈന്യം യുദ്ധത്തിനു മതിയാകയില്ലെന്നു വിചാരിച്ചു് ഉദാസീനന്മാരായിരുന്നു. ഈ അവസരത്തിൽ സുൽത്താന്റെ സൈന്യം കോട്ടകളെ നിരത്തുകയും ഗ്രാമങ്ങളെ തീവച്ചു ചുടുകയും ആളുകളെ കൊല്ലുകയും ക്ഷേത്രങ്ങളെ അശുദ്ധിയാക്കുകയും മറ്റും ചെയ്‌വാൻ തുടങ്ങി. ഈ അക്രമങ്ങൾ അധികമായി നടന്നതു് ആലങ്ങാട്ടും പറവൂരുമായിരുന്നു. അനന്തരം ടിപ്പുസുൽത്താൻ തെക്കോട്ടുകടന്നു് ആലുവായിൽ എത്തി. തിരുവിതാംകൂർ രാജ്യത്തിന്റെ ഭാഗ്യംകൊണ്ടു് അപ്പോൾ വർഷകാലമരംഭിച്ചതിനാൽ ആലുവാപ്പുഴ കരകവിഞ്ഞു് ഒഴുകിത്തുടങ്ങി. ആറും തോടും പാടവുമെല്ലാം മുങ്ങി. ആളുകൾക്കു് അങ്ങോട്ടുമിങ്ങോട്ടും

സഞ്ചരിക്കാൻ പാടില്ലാതായിത്തീർന്നു. പട്ടാളങ്ങൾക്കു കേറിക്കിടക്കാൻപോലും ഉണങ്ങിയ സ്ഥലമില്ലാതായി. വെടിമരുന്നും മറ്റും നനഞ്ഞു. ഭക്ഷണസാധനങ്ങളെ ഒഴുക്കു കൊണ്ടുപോയി. ഇതുകൊണ്ടൊന്നും പോരാഞ്ഞതുപോലെ നടപ്പുദീനങ്ങളും ആരംഭിച്ചു. ടിപ്പുവിന്റെ ഭടന്മാരിൽ പലരും മരിച്ചു. തിരുവിതാംകൂർ രാജ്യത്തെ ടിപ്പു ആദ്യം ആക്രമിച്ചപ്പോൾത്തന്നെ ഇംഗ്ലീഷുകാർ ടിപ്പുവിനോടു യുദ്ധം ആരംഭിച്ചുകഴിഞ്ഞിരുന്നു. എങ്കിലും അപ്പോഴത്തെ മദ്രാസ് ഗവർണ്ണരുടെ ഉദാസീനതകൊണ്ട് പ്രവൃത്തികളൊന്നും നടന്നില്ല. മിസ്റ്റർ മഡ്ഫോസ് ഗവർണ്ണരായി വന്നയുടനെ നേരിട്ടു യുദ്ധം തുടങ്ങി. അയാളുടെ വരുതിപ്രകാരം ഇംഗ്ലീഷ്സൈന്യം തൃച്ചിനാപ്പള്ളിയിൽ എത്തി ടിപ്പുവിന്റെ ഭൂമിയെ ആക്രമിച്ചു. ഈ അവസരത്തിൽ സുൽത്താൻ ആലുവായിൽ കഷ്ടപ്പെടുകയായിരുന്നു. അവൻ ഇംഗ്ലീഷ്കാരുടെ ആരംഭത്തെക്കേട്ടു തന്റെ സൈന്യത്തെ രണ്ടു ഭാഗമാക്കി അന്നമനടവഴിയായും കൊടുങ്ങല്ലൂർ വഴിയായും പാലക്കാട്ടുശേരിയിൽ എത്തുന്നതിനാജ്ഞാപിച്ചു. അപ്രകാരം പുറപ്പെട്ട് ടിപ്പുവിന്റെ സേന വഴിയിൽ വളരെ കഷ്ടനഷ്ടങ്ങളെ അനുഭവിക്കുകയും തിരുവിതാംകൂറിനെ ഉപേക്ഷിച്ചുപോവുകയും ചെയ്തു.

— സർക്കാർ ഒന്നാംപാഠം

## ധാരാവാഹിക്ക്:

### പുത്തൻ പരിഷ്കാരം

ഐഹികസ്വർഗ്ഗത്തിലേക്കു വെട്ടി വിസ്താരപ്പെടുത്തീട്ടുള്ള പാശ്ചാത്യവിദ്യാവീഥിയിൽ സഞ്ചരിക്കുന്ന പരിശ്രമശീലന്മാരായ പാന്ഥന്മാർ വഴിപിഴയ്ക്കാതെ ചെന്ന് ആ ദിവ്യപദവി അനുഭവിക്കുന്നുണ്ടെന്നുള്ളത് തർക്കമറ്റ സംഗതിയാണ്. ഇടയ്ക്കുവെച്ച് വഴിതെറ്റി പിൻതിരിച്ചവരും യോഗ്യതാഭാവത്തിങ്കൽ ദുരാഗ്രഹികളുമായ ചില ദുരഭിമാനികളെക്കുറിച്ചു മാത്രമേ ഞാൻ ആക്ഷേപിക്കുന്നുള്ളു. ഇവർ തങ്ങൾക്കുണ്ടെന്നു നടിക്കുന്ന നാട്യവിദ്യയ്ക്കായി മാതാപിതാക്കന്മാരാകട്ടെ എന്നെപ്പോലെയുള്ള കാരണവന്മാരാകട്ടെ ചെയ്തിട്ടുള്ള ധനവ്യയത്തെ തീരെ വിസ്മരിച്ചു തോന്നിയവാസികളായിത്തീരുന്നു. ആരംഭശൂരത്വം അഹംഭാവത്തിന്റെ ലക്ഷണമാണല്ലോ. വിദ്യാമാർഗ്ഗം വെടിഞ്ഞു പുറത്തുവന്നാൽ ഇവരുടെ ആദ്യത്തെ പുറപ്പാട് ലോകമാസകലം ഒന്നു പരിഷ്കരിക്കുന്നതിനായിരിക്കും. ആകൃതിയിൽ പ്രകൃതിഭേദം ചെയ്തു വികൃതവേഷന്മാരായതുപോലെ എളുപ്പത്തിൽ സാധിക്കുന്നതല്ല ലോകപരിഷ്കാരം എന്നറിഞ്ഞാൽ സ്വദേശങ്ങളിലെങ്കിലും ചില നവീകരണങ്ങൾ ഏർപ്പെടുത്തുവാൻ യത്നിക്കും. പരിഹാസപാത്രങ്ങളുടെ ആജ്ഞാവശന്മാരായി അന്യന്മാരാരും ഉണ്ടാവുന്നതല്ലല്ലോ. ഈ കൂട്ടരുടെ പിന്നത്തെ ചാട്ടം വീട്ടിലേക്കാണ്. കാരണവന്മാർ കായക്ലേശം ചെയ്തു സമ്പാദിച്ചിട്ടുള്ള നാലുകാശു നാനാവിധമാക്കിത്തീർക്കുന്നതാണ് ഇവർ പരിഷ്കാരമെന്നു പറയുന്നത്. 'ബെഡ്റൂം വെണ്ടിലേറ്റഡല്ല, കിച്ചൻ സ്പേഷ്യസ്സല്ല, ഡ്രെസ്സ്റൂം പ്രത്യേകം വേണം' എന്നെല്ലാം പറഞ്ഞു പ്ലാൻ വരച്ചു കുറിച്ച് അടങ്കൽ കാണുമ്പോഴാണ് കൂട്ടർ അന്ധാളിച്ചുപോകുന്നത്. ധാടിക്കൊത്ത മോടിയോടുകൂടി വീടു പണിയുന്നതായാൽ ഉറുപ്പിക ആയിരത്തിന്റെ തുകയിൽ എട്ടോ പത്തോ വേണ്ടിവരും. അതു തറവാട്ടിൽ നിന്നെടുപ്പാൻ ഇവർക്കു സ്വാതന്ത്ര്യമോ തറവാട്ടേക്ക്

അതിനുതക്ക സ്ഥിതിയോ ഉണ്ടായിരിക്കയില്ല. സ്വയാർജ്ജിതം ചെലവുചെയ്യരുതേ എന്നാണെങ്കിൽ ഇവരുടെ ആയവ്യയം ഗണിക്കുന്നതായാൽ ആയത്തിന്റെ ഏകസ്ഥാനം വ്യയത്തിന്റെ ദശസ്ഥാനമല്ലാതെ കാണുന്ന ഗണിതം തെറ്റായിരിക്കും. കലാശക്കൊട്ടു കാരണവരുടെ നേർക്കായി. ഇവർ കൊട്ടുന്ന കോലത്തിന് ഉള്ളാത്ത കാരണവരെ കോർട്ടുരംഗത്തിൽ പ്രവേശിപ്പിപ്പാനുള്ള തിരശ്ശീല പിടിച്ചുകഴിയും. ഇതു സബ്രഹ്മചാരികളായ ചില വക്കീലന്മാരുടെ കോർട്ടുപൂത്തരിയും കുംബനാശനാടകത്തിന്റെ നാന്ദിയുമായി പര്യവസാനിക്കും. അനുഭവത്തിന് അനുമാനം ആവശ്യമില്ലല്ലൊ. ത്രിവിക്രമന്റെ പുറപ്പാട് ഇതിനൊരു ദൃഷ്ടാന്തമല്ലേ. എന്റെ പണം ചെലവുചെയ്ത് അവനുണ്ടാക്കിക്കൊടുത്ത അറിവ് എനിക്കുതന്നെ ഒരു കോടാലിയായിത്തീർന്നു. ‘അമ്മായിക്കു കൌതുകം പോരാ, അമ്മാവനു മാനാപമാനമില്ലാ’ എന്ന് എല്ലാം അവൻ പറഞ്ഞുനടക്കുന്നുണ്ട്. എന്റെ പുറപ്പാട് തറവാടു മുടിപ്പാനാണെന്ന് ഈ കുരുത്തം കെട്ട ശപ്പൻ പറഞ്ഞതു് എന്റെ ചെവിയിൽ കേട്ടതുപോലെ തന്നെയാണ്. അധികപ്രസംഗി ഇവനാണോ ഞങ്ങളെ ശാസിപ്പാൻ? ഇവന്റെ ചൊല്പടിക്കു നടക്കേണ്ട കാലം വന്നിട്ടില്ല. ഇനി ഞാനിരിക്കുന്ന കാലംവരെ നക്കിത്തുപ്പാനൊരുപ്പിന്റെ തരിപോലും ഇവറ്റങ്ങൾക്കു കൊടുക്കില്ല.

— രസികരഞ്ജിനി

## ക്ലിഷ്ടത്തിന്:

### ഒരു പ്രദർശനപ്രസംഗം

എനിക്ക് ഇന്ന് ഒരു പ്രസംഗം ചെയ്‌വാൻ കഴിയുന്നില്ല. എന്റെ സ്വദേശികളായ ഇരുഭാഗക്കാരോടും, വർണ്ണക്കാരോടും ഉണ്ടായിട്ടുള്ള രാഗാധരാഭിമാനങ്ങളാൽ എന്റെ ഹൃദയം പൂരിതമായിരിക്കുന്നു. നിങ്ങളുടെ പ്രവൃത്തിയാൽ ജനിക്കപ്പെട്ട കൃതജ്ഞതയും വിസ്മയവും എന്നെ പരവശനാക്കിയിരിക്കുന്നു. നിങ്ങളുടെ അഭ്യുന്നതി രക്ഷിതമായിരിക്കുന്നുവെന്ന് എനിക്കു ബോദ്ധ്യമായിത്തീർന്നു. ഇന്നത്തെ പ്രദർശനം ഒരു ചിത്രരൂപമായി നാടൊട്ടുക്കു സർവ്വവ്യാപ്തമായിത്തീരേണ്ടതാണ്. ഈ ചിത്രം ഭാവികാലത്തേക്കും ഭാവിജനങ്ങൾക്കുമായി സമർപ്പണം ചെയ്യപ്പെടണം. ഈ ചിത്രത്തെ ഈ ദേശത്തെ സകല ജനാഭിപ്രായവാഹികളായ പത്രങ്ങൾ രാജ്യമൊട്ടുക്കു പരത്തണം. ചിത്രമായതും ഇതത്രെ. ഒരു മൂർത്തിത്രയത്തിന്റെ പ്രതിച്ഛായയാണ്. ഈ ത്രിമൂർത്തികൾ ആരെല്ലാമാണെന്ന് അറിയണമെന്നു നിങ്ങൾക്ക് ആശയുണ്ടാകാം. എന്നാൽ പറയാം: ഒന്ന്, ഈ സഭാതലത്തിൽ ഉഥിതനായിരിക്കുന്ന അമേരിക്ക കുടിയരശിന്റെ പ്രാതിനിധ്യത്തെ സർവ്വശ്ലാഘ്യമായ രീതിയിൽ പരിപാലിക്കുന്ന ഉത്തമപുരുഷനായ സാമ്രാജ്യാധിപതി; രണ്ട്, ഈ ദേശവിഭാഗത്തിലെ രാജ്യകാര്യനിയന്താവായ ആലബാമാ ഗവർണ്ണർ; മൂന്ന്, ഏതാനും കാലത്തിനു മുമ്പായി അടിമവേലയിൽനിന്നു വിമോചിതമാക്കപ്പെട്ട ജനസംഘത്തിന്റെ പ്രതിനിധിയും പ്രസ്തുത വിദ്യാലയത്തിലെ അദ്ധ്യക്ഷനുമായ കറുത്ത മനുഷ്യൻ; അമേരിക്കാദേശക്കാർക്ക് ഈവിധമായ കാഴ്ചയെ ശ്രദ്ധാവിഷയമാക്കിച്ചെയ്ത പ്രസിഡണ്ടിനെ ഈശ്വരൻ അനുഗ്രഹിക്കട്ടെ. നീഗ്രോ വംശസംബന്ധമായ വിഷയങ്ങൾക്ക് ഉത്തമരീതിയിൽ പരിണാമം ഉണ്ടാക്കുന്നതിനു ബദ്ധശ്രദ്ധമായ ആലബാമാദേശത്തിനെ സർവ്വജ്ഞൻ തുണയ്ക്കട്ടെ! വാ

ശ്മിപുംഗവനും സർവ്വജനഗുണകാംക്ഷിയും ക്രൈസ്തവഗുരുപാദരുടെ ശിഷ്യനുമായ ബുക്കർ ടി. വാഷിംഗ്ടനെ അഖിലേശ്വരൻ അഭിനന്ദിക്കട്ടെ.

— ബുക്കർ ടി. വാഷിംഗ്ടൺ

### അവഗാഹിക്കു്:

#### കയ്മളച്ഛന്റെ സവാരി

ചരൽ വന്നുവീഴുന്ന ശക്തിയോടുകൂടി തുലാവർഷം തകർത്തു പെയ്തുകൊണ്ടിരുന്ന ഒരു രാത്രിയിൽ പുഷ്പഗിരിഗ്രാമത്തിനു പടിഞ്ഞാറുവശത്തുള്ള വിശാലവയലിന്റെ നടുവിൽ കീഴ്മേലായി നെടുനീളത്തിൽ കിടക്കുന്ന നാട്ടുപാതയിൽക്കൂടി കാക്കപ്പൊന്നത്തു 'ചപ്രപ്പാണ്ടൻ' എന്ന സ്ഥാനപ്പേരുള്ള ഇട്ടിരിക്കുർമ്മൻ കയ്മളച്ഛൻ സവാരി നീങ്ങുകയായിരുന്നു. 'തൊക്കും തൊണ്ടും' എക്കിവലിഞ്ഞു്, അടികൊണ്ടു തുട തടിച്ച്, എല്ലു പൊന്തി, കാൽ മുടന്തി, പട്ടിണി പരിചയിച്ചിട്ടുള്ള യജമാനന്റെ ശ്രുതിപ്പെട്ട 'പോണി' നനഞ്ഞൊലിച്ച് ആളെ ഭേസിപ്പോകുന്നതുകണ്ടാൽ ഓജസ്സും പ്രതാപവും ക്ഷയിച്ച പ്രഭുത്വം നടിച്ചുനിൽക്കുന്ന എടപ്രഭുക്കന്മാരിൽ ചിലരുടെ പോക്കുവരവിനുള്ള 'നീങ്ങുക' എന്ന ആചാരവാക്കിനെ അർത്ഥവത്താക്കിത്തീർക്കുകയാണെന്നു തോന്നും. കിഴക്കൻകാറ്റിന്റെ ശക്തികൊണ്ടു പടിഞ്ഞാട്ടു നീങ്ങിപ്പോയിരുന്ന ആ ജന്തു ആറാട്ടുപുഴപ്പാലത്തിന്നടുത്തെത്തിയപ്പോൾ പാതയിൽ വിലങ്ങടിച്ച നിലയായി. കയ്മളുടെ മഴക്കോട്ടിനു കാറ്റുപിടിച്ചുതുടങ്ങിയപ്പോൾ പോണി കൈയും കാലും ഇടയ്ക്കിടെ പൊക്കി പടിഞ്ഞാട്ടു ചായുന്നുണ്ട്. വാറുവലിച്ചും കാലിട്ടടിച്ചും കയ്മൾ കുതിരയെ പടിഞ്ഞാട്ടു തിരിക്കുവാൻ പാടുപെടുന്നതിനിടയ്ക്കു് അതിന്റെ പള്ളയ്ക്കലാരോ വന്നു മുട്ടി. ഹൈ! ഹൈ! ഹയ്യാ! എന്നുള്ള സവാരിക്കാരുടെ വായ്ത്താരി കയ്മൾ അടിക്കടി പുറപ്പെടുവിച്ചു. കുടയും ചെരിപ്പും പിടിച്ച കുമ്പിട്ടു ബദ്ധപ്പെട്ടു വന്നുമുട്ടിയ പാന്ഥൻ പരിഭ്രമിച്ച് പിന്നാക്കം മാറി.

കയ്മൾ: ആരതു്? തിന്നുപുളച്ച ലകാനൊതുങ്ങാതെ വില്ലങ്കിച്ചുനിൽക്കുന്ന പോണിയുടെ മെക്കിട്ടു വന്നുകേറി ചാകാഞ്ഞതു ഭാഗ്യം!

പാന്ഥൻ: അല്ല, യജമാനനോ? എന്നെ അന്വേഷിച്ച നീങ്ങുകയാണെന്നുണ്ടോ? തിടുക്കം നേരിട്ടതുകൊണ്ടു വന്ന താമസം ക്ഷമിക്കണം.

കയ്മൾ: ആരു്, ശിവരാമനോ? നന്നായി! തന്റെ വരവു കാണാഞ്ഞിട്ടു് അന്വേഷിച്ച പുറപ്പെട്ടതാണു്.

ശിവരാമൻ: വലിയ മഴ; എന്റെ വീടു് സമീപമാണു്.

കയ്മൾ: രാത്രിയല്ലേ, നമ്മെ ആരും കാണില്ല. ശിവരാമന്റെ വീട്ടിലേക്കുതന്നെ പോകാം. പോണിയെ ഒന്നു തള്ളിത്തിരിക്കൂ. ശിവരാമമേനോൻ കുതിരയെ തള്ളിത്തിരിക്കുവാൻ ഭാവിച്ചപ്പോൾ അതു് അവിടെ കിടന്നു. പലതും പയറ്റിനോക്കി. അതു് എണീറ്റില്ല. അവസാനം ജീനി ശിവരാമമേനോൻ ചുമക്കേണ്ടതായി വന്നു.

കഴുക്കൾ തീൻപണ്ടം വീണിട്ടുണ്ടെന്നു് അറിയുന്നതു മൂക്കു വിയർത്തിട്ടാണെന്നു ചിലർ പറയാറുണ്ട്, ഉള്ളുകൊണ്ടു സ്വരച്ചേർച്ചയില്ലാതാകുമ്പോഴെയ്യും അവിടെ നാട്ടുകാര്യസ്ഥന്മാരെത്തുന്നതെങ്ങനെയാണെന്നാരും പറയുന്നില്ല. തമ്മിൽ രാജിയാക്കുകയാണെന്നു പുറമെ ഭാവിച്ചു കടിപിടി കൂട്ടി വൈരം വർദ്ധിപ്പിച്ചു് എടുത്തുകൊണ്ടു കാലക്ഷേപം ചെയ്യുന്ന നാട്ടുകാര്യസ്ഥന്മാരിൽ ഒട്ടും അപ്രധാനിഅല്ലാത്ത ഒരാളാണു് വ്യവഹാരി ശിവരാമമേനോൻ. ആളും തരവും അറിഞ്ഞുപ്രയോഗിച്ചു സ്വാർത്ഥം നേടാനതിസമർത്ഥനായ ആ വിദ്വാൻ വീട്ടിൽ ചെന്നു കയ്യൾക്കു കുത്തുകട്ടിലും ഉണ്ടുതലയിണയും കൊടുത്തു സൽക്കരിച്ചു് അനുവാദപ്പടി താനും ഇരുന്നു. മേശപ്പുറത്തു കിടന്നിരുന്ന 'രസവിലാസിനി' എന്ന മാസികയുടെ കടലാസുകൾ അശ്രദ്ധമായി മറിച്ചുകൊണ്ടു് 'നീങ്ങിയതു് എന്തിനാണെന്നു മനസ്സിലായില്ല' എന്നു പറഞ്ഞു.

— കഥാരത്നമാല (രണ്ടാം ഭാഗം)

### മസൃണത്തിനു്:

#### ഡൽഹിയിലെ ഘോഷയാത്ര

ആ ഘോഷയാത്രയ്ക്കുള്ള മാർഗ്ഗം ഏകദേശം ആറു മൈത്സു ദീർഘവും രണ്ടുവശത്തും ജനസംഘങ്ങളാൽ നിബിഡവുമായിരുന്നു. വിലയേറിയ വസ്ത്രാലങ്കാരങ്ങളോടും, സ്വർണ്ണത്തിലും വെള്ളിയിലും ഉള്ള അമ്പാരികളോടും കൂടിയ ഗജങ്ങളും, മരിച്ചുപോയ വീരന്മാരുടെ പ്രതിമകളേയും തങ്ങളുടെ പ്രത്യേക രാജചിഹ്നങ്ങളേയും വഹിച്ചിരുന്ന സകലവിധ ഉദ്യോഗസ്ഥന്മാരും, സേനകളും, ഏതദ്ദേശീയരാജാക്കന്മാരുടെ പരിവാരങ്ങളായിട്ടു് അവിടെ ഉണ്ടായിരുന്നു. ജലം നദിയുടെ തീരങ്ങളിൽ അലക്സാണ്ഡരുമായി യുദ്ധംചെയ്യുന്നതിനു് പോറസ്സ് എന്ന രാജാവു പുറപ്പെടുകയും പേഷ്വാറിലെ താഴ്വരസ്ഥലങ്ങളിൽ രജപുത്തുകൾ ഗസ്നിയിലെ മഹമ്മദുമായി യുദ്ധംചെയ്കയും ചെയ്ത പ്രാചീനകാലങ്ങളിലെ സ്മരണയെ ജനിപ്പിക്കുന്ന വിധത്തിൽ മഴു, കഠാരി മുതലായുള്ള സകലകാലങ്ങളിലേയും ആയുധങ്ങളെ ധരിച്ചവരും ഇരുമ്പുകൊണ്ടുള്ള കവചങ്ങളാൽ ആവൃതന്മാരുമായ ഹിന്ദുഭടന്മാർ അധിരോഹണം ചെയ്തിരുന്ന യുദ്ധഗജങ്ങൾ അന്നത്തെ കാഴ്ചകളിൽ എല്ലാറ്റിലുംവച്ചു് എത്രയും ശ്രേഷ്ഠങ്ങളായിരുന്നു. എന്നാൽ എത്രയും അപൂർവ്വമായിരുന്ന കാഴ്ച ബറോഡാവിൽ നിന്നും കൊണ്ടുവന്നിരുന്ന രണ്ടു പീരങ്കികൾ ആയിരുന്നു. അവയിൽ ഒന്നു് സ്വർണ്ണംകൊണ്ടുള്ള വണ്ടിയോടും ചക്രങ്ങളോടും കൂടി സ്വർണ്ണംകൊണ്ടുള്ളതും ആയിരുന്നു. ഇതു് അതിഭയങ്കരമായ ഒരു യുദ്ധസാധനത്തിൽ ഐശ്വര്യാഡംബരത്തിലുള്ള ആഗ്രഹത്തെ യോജിപ്പിക്കുന്നതായ ഏതദ്ദേശീയവാസനയുടെ ദൃഷ്ടാന്തമാകുന്നു.

—സർക്കാർ മൂന്നാംപാഠം

# 9

## ശൈലികൾ

മുമ്പു പദങ്ങളുടെ ഗുണദോഷവിചാരണയിൽ ശൈലിയെപ്പറ്റി പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവിടെ ശൈലിപ്രകാരം വാചകങ്ങൾക്ക് അർത്ഥം മാറിപ്പോകാറുണ്ടെന്നുള്ള ഭാഗം മാത്രമെ എടുത്തുള്ളു. ശൈലികൾ അർത്ഥത്തെ എന്നപോലെ വ്യാകരണവിധികളേയും പ്രയോഗഭംഗികളേയും കൂടി ബാധിക്കുന്നുണ്ടു്; ആ ഭാഗമാണിനി പ്രസ്താവിക്കാനുള്ളതു്. എല്ലാ ഭാഷകൾക്കും ചില തറവാട്ടുപാരമ്പര്യങ്ങളും, പതിവുകളും, മാമൂലുകളും ഉണ്ടു്. അവയെ സംരക്ഷിക്കാഞ്ഞാൽ ഭാഷയുടെ പ്രതിഷ്ഠയ്ക്കു കെടുതൽ സംഭവിക്കും; ഈവക പതിവുകളും മാമൂലുകളും പഴമക്കാർക്കേ അറിഞ്ഞുകൂടൂ; സംസ്കൃതം, ഇംഗ്ലീഷ് മുതലായ സ്വതന്ത്രഭാഷകളിൽ ഇതുകളെപ്പറ്റിയുള്ള ഗ്രന്ഥവരിയെല്ലാം വൈയാകരണന്മാരും ആലങ്കാരികന്മാരും സൂക്ഷിച്ചിട്ടുണ്ടു്. മലയാളത്തിലാവട്ടെ വ്യാകരണവും അലങ്കാരശാസ്ത്രവും ഈയിടെ ഉണ്ടായിട്ടുള്ളതേയുള്ളു. അതുകൾക്കു തക്കതായ പ്രതിഷ്ഠ ഇതുവരെ ലഭിച്ചുകഴിഞ്ഞിട്ടുമില്ല.

സ്വഭാഷാഭിമാനം എത്രതന്നെ ഇരുന്നാലും മലയാളം ഒരു സ്വതന്ത്രഭാഷയായിത്തീർന്നിട്ടുണ്ടെന്നു സമ്മതിപ്പാൻ ഈ ഗ്രന്ഥകാരനു ധൈര്യം വരുന്നില്ല. ആദികാലത്തിൽ ഈ ഭാഷ തമിഴിന്റെ അധീനത്തിൽ ആയിരുന്നു. അന്നത്തെ ചില സമ്പാദ്യങ്ങളാണു കൃഷ്ണഗാഥയിൽ കാണുന്ന അക്കി, ഇതം, കുഞ്ചൻ മുതലായ പദങ്ങൾ. എഴുത്തച്ഛൻ അതിനെ തമിഴിന്റെ പിടിയിൽ നിന്നും വിടുവിച്ചു; എന്നാൽ അങ്ങനെ ചെയ്തതു് സംസ്കൃതത്തിന്റെ ദാസിയാക്കാൻ വേണ്ടി മാത്രം ആയിരുന്നു. അന്നുമുതലാണ് മലയാളത്തിൽ കവിത മണിപ്രവാളമായിത്തീർന്നതു്. പ്രൌഢവിഷയങ്ങളെ പ്രതിപാദിക്കുന്നതിനു തനിമലയാളത്തിനു ശക്തിയില്ലാത്തതിനാൽ ആവശ്യംപോലെ സംസ്കൃതവിഭക്ത്യന്തപദങ്ങളെ ഇടയ്ക്കു ചേർക്കുന്നതിനു വിരോധമില്ലെന്നൊരേർപ്പാടുണ്ടായി. ആരംഭത്തിൽ മലയാളത്തെ സഹായിക്കുന്നതിന്നായിരുന്നു സംസ്കൃതവിഭക്ത്യന്തങ്ങളെ ചേർത്തിരുന്നതു്; എന്നാൽ ക്രമേണ സംസ്കൃതത്തിനു ഭജനം മൂത്തു് ഊരാഴ്മ എന്ന നിലയിലായി. ചമ്പൂപ്രബന്ധങ്ങളുടെ ഗതി നോക്കിയാൽ സംസ്കൃതത്തിൽ ശ്ലോകമുണ്ടാക്കി വല്ലെടത്തും ഒന്നോ രണ്ടോ മലയാളപദം ചേർത്താൽ മണിപ്രവാളം ആയിക്കൊള്ളും എന്നൊരു വിചാരമുണ്ടായി

രുന്നതായി തോന്നും. ഇത്രയുംകൊണ്ടു് ഇവർ തൃപ്തിപ്പെട്ടില്ല. സംസ്കൃതവ്യാകരണപ്രകാരം വിശേഷണങ്ങൾക്കു വിശേഷ്യാനുസാരേണ വചനവിഭക്തികളിൽ പൊരുത്തംകൂടി ഏർപ്പെടുത്തുന്നതിനു് ഇവർ ശ്രമിച്ചു. മലയാളികളുടെ ഭാഗ്യവശാൽ അതു ഫലിച്ചില്ലെന്നു മാത്രമേ ഉള്ളു. 'സരസയായ കഥ' 'മധുരയായ വാക്കു്' ഇത്യാദിപോലെ സംസ്കൃതപ്രകാരം കൃത്രിമമായ ലിംഗവ്യവസ്ഥ ചിലർ ഇന്നും അനുഷ്ഠിക്കുന്നതും സംസ്കൃതത്തിനു് ഒരു കാലത്തുണ്ടായിരുന്ന പ്രാബല്യത്തിന്റെ ലക്ഷ്യമാകുന്നു.

ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനു കേരളത്തിൽ പ്രചാരം ബലപ്പെടുകയും മലയാളികളുടെ ഇടയിൽ ബി.ഏ കാരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തതോടുകൂടി ഇംഗ്ലീഷ്ഭാഷയും മലയാളത്തിനു് ഒരു രക്ഷാകർത്തൃസ്ഥാനം വഹിച്ചുതുടങ്ങിയിട്ടുണ്ടു്. ഇംഗ്ലീഷിൽനിന്നു പല പദങ്ങളും എടുത്തു ചേർക്കാനുള്ളതിനു പുറമെ ഇവർ ആ ഭാഷയിലെ പല ശൈലികളുംകൂടി ബലാൽക്കരമായി മലയാളത്തിൽ പ്രചരിപ്പിക്കാൻ ശ്രമിക്കുന്നു. 'വിശ്രമമെടുക്കുക' മുതലായ പ്രയോഗങ്ങൾ ഇങ്ങനെ ഉത്ഭവിച്ചവയാണ്.

ഇംഗ്ലീഷ് പഠിത്തക്കാരിൽനിന്നും സംസ്കൃതാഭിജ്ഞരിൽനിന്നും ഭാഷയ്ക്കു സിദ്ധിച്ചിട്ടുള്ള ശ്രേയസ്സുകൾ അപരിച്ഛേദ്യങ്ങളാകുന്നു. ലോകപരിജ്ഞാനം, പ്രകൃതിതത്വങ്ങൾ, ചരിത്രം, രാജ്യനീതി, അർത്ഥശാസ്ത്രം മുതലായ വിഷയങ്ങളിൽ മലയാളത്തിലേതെങ്കിലും ഗ്രന്ഥങ്ങൾ ഉണ്ടെങ്കിൽ അതുകളെല്ലാം ഇംഗ്ലീഷിൽനിന്നു പകർത്തീട്ടുള്ളവയെ ഉള്ളു. സാങ്കേതികങ്ങളും ശാസ്ത്രീയങ്ങളുമായ പദങ്ങൾ ആവശ്യപ്പെടുമ്പോഴൊക്കെയും കടം തന്നു ഭാഷയെ പോഷിപ്പിക്കുന്നതു് സംസ്കൃതമാണ്. ഇതിലേക്കു മലയാളം ആ രണ്ടുത്തമഭാഷകൾക്ക് എന്നെന്നേക്കും കടപ്പെട്ടിരിക്കുമെന്നതിലേക്കു യാതൊരു സംശയവുമില്ല. എന്നാൽ ഇത്രത്തോളം ഉപകാരികളെങ്കിലും സംസ്കൃതാഭിജ്ഞന്മാരും ബി. ഏ. കാരുമായ മലയാളികൾ പണ്ടുപണ്ടേ ഏർപ്പെട്ടിട്ടുള്ള വാചകശൈലികളിൽ വേണ്ടുംവണ്ണം ശ്രദ്ധവയ്ക്കായ്കയാൽ, മനഃപൂർവ്വമായിട്ടല്ലെങ്കിലും, തങ്ങളുടെ മാതൃഭാഷയ്ക്കു ശുദ്ധിക്കുറവിനും ഇടവരുത്താറുണ്ടു്.

ഇതു് അവരുടെ തെറ്റെന്നും പറവാൻ പാടില്ല; തെറ്റുണ്ടെങ്കിൽ അതു വിദ്യാഭ്യാസനസമ്പ്രദായത്തിനാകുന്നു. ഉയർന്നതരം വിദ്യാഭ്യാസത്തിനു മലയാളം മതിയാകയില്ല; സംസ്കൃതമോ ഇംഗ്ലീഷോ വേണ്ടിയിരിക്കുന്നു. സംസ്കൃതം അഭ്യസിക്കാൻ പോകുന്നവർ നിലത്തെഴുത്തു വശമായിക്കഴിഞ്ഞാലുടൻ കൂട്ടിവായിക്കാൻ പഠിക്കുന്നതുപോലും അമരകോശം വായിച്ചിട്ടാണ്. നിലത്തെഴുത്തുകൂടിയും മന്ത്രശാസ്ത്രപ്രസിദ്ധമായ 51 അക്ഷരമാണ് പഠിപ്പിക്കുന്നതു്; മലയാള അക്ഷരങ്ങൾക്കു പ്രാധാന്യമില്ല. നിലത്തെഴുത്തു്, കണക്ക് (എൺചുവടി), വാക്യം, അമരകോശം, സിദ്ധരൂപം, ശ്രീരാമോദന്തം, രഘുവംശം എന്നാണ് പഴയ ആശാന്മാരുടെ കരിക്കുലം. മലയാളം മാതൃഭാഷ; അതു സംസാരിക്കാൻ വശമില്ലേ; അതിലധികം വല്ലതും വേണമെങ്കിൽ തനിയെ വായിച്ചുകൊള്ളണം ; സംസ്കൃതമല്ലേ പഠിക്കാൻ പോകുന്നതു്; പിന്നെ മലയാളം വേറെ പഠിക്കണോ – എന്നാണ് ആശാന്മാരുടെ നില.സംസ്കൃതവാചകരീതികളേയും ശൈലികളേയും ഭാഷപ്പെടുത്തുന്നതിനു ബാലപ്രബോധം എന്നൊരു പുസ്തകത്തിൽ പല ചിട്ടകളും കൊടുത്തിട്ടുണ്ടു്. ഇപ്പുസ്തകത്തിൽ സംസ്കൃതരീതിക്കു് യോജിക്കാൻ വേണ്ട ഭാഷയുടെ ശൈലികളെ പലേടത്തും ദുഷിപ്പിച്ചി

രിക്കുന്നു.

## സംസ്കൃതശൈലി

1. സൂര്യൻ കർക്കടകേ നിൽക്കും വിഷയത്തുങ്കൽ
2. ഭയംകൊണ്ടുള്ളുതുമതി
3. അവനായിക്കൊണ്ടു കൊടുത്തു
4. ഇതു സത്യമായി ഭവിക്കുന്നു
5. അതു ഹേതുവായിട്ട്

## മലയാളശൈലി

1. നിൽക്കുമ്പോൾ അല്ലെങ്കിൽ നിൽക്കവേ
2. ഭയം വേണ്ട
3. അവന്നു കൊടുത്തു
4. ഇതു സത്യമാകുന്നു
5. അതിനാൽ, അതുകൊണ്ട്.

ഈ വക കൃത്രിമശൈലികൾ നിത്യമുപയോഗിക്കയും, മലയാളകൃതികൾ വായിക്കാതിരിക്കയും ചെയ്യുമ്പോൾ ബാലന്മാർക്ക് ശരിയായ മലയാളവാചകരീതി കണ്ടുപഠിക്കുന്നതിനു സൌകര്യമില്ലാതെ പോകുന്നു. ബാല്യവയസ്സിൽത്തന്നെ പഠിച്ചു ശീലിച്ച സംസ്കൃതരീതികളുടെ നേരെ അവർക്ക് അനാശാസ്യമായ ഒരു പക്ഷപാതം ജനിക്കയും അതിൽനിന്നു വ്യത്യസ്തമായി സ്വഭാഷയിൽ കാണുന്ന മട്ടുകൾ തെറ്റുകളാണെന്ന് തോന്നിത്തുടങ്ങുകയും ചെയ്യുന്നു.ഇംഗ്ലീഷ് പഠിക്കാൻ പോകുന്ന കുട്ടികളുടെ സ്ഥിതി ഇതിലല്പം ഭേദമാണ്; എന്നാൽ അവരും മലയാളത്തിൽ വ്യുൽപത്തി ഉറയ്ക്കുംമുമ്പുതന്നെ ഇതരഭാഷാപരിശീലനം ആരംഭിക്കുന്നു. ഇംഗ്ലീഷ് വാക്യങ്ങൾക്ക് അന്വയാർത്ഥം ചൊല്ലുന്നതിനുള്ള ക്രമങ്ങളെപ്പറ്റി ബാലപ്രബോധനത്തിന്റെ സ്ഥാനത്തിൽ സർവ്വസമ്മതമായ ഒരു പുസ്തകം ഇല്ലാത്തതിനാൽ പലരും പലവിധത്തിലാണ് തർജ്ജമ പറഞ്ഞുകൊടുക്കുന്നത് എന്നേ ഉള്ളു വിശേഷം. താഴെ കാണിക്കുന്ന ഉദാഹരണങ്ങൾ നോക്കുക:

1. ഞാൻ അവനിൽ നിന്നു പുസ്തകം കടം വാങ്ങുകയില്ല. എന്തു കൊണ്ടെന്നാൽ അവനെ ഞാൻ പ്രിയപ്പെടുന്നില്ല.

   അവനോട്ട് എനിക്കു രസമില്ലാത്തതിനാൽ ഞാൻ അവനോടു (അവന്റെ അടുക്കൽ നിന്നു) പുസ്തകം കടം വാങ്ങുകയില്ല. അവനോട്ട് എനിക്കു രസമില്ല.

2. ഇതു ശാസ്ത്രീയമായിട്ടു ശരിയല്ല.
   ഇതു ശാസ്ത്രപ്രകാരം ശരിയല്ല.
3. അവന്റെ മേൽനോട്ടത്തിൻ കീഴിൽ.
   അവന്റെ മേൽനോട്ടത്തിൽ.
4. അവൻ അവന്റെ വിരൽ മുറിച്ചു.
   അവന്റെ വിരൽ മുറിഞ്ഞു.

ഇംഗ്ലീഷ് വിദേശഭാഷയാകയാൽ പരീക്ഷയ്ക്കു പഠിക്കുന്നവർ സ്വദേശഭാഷകൾകൂടി അഭ്യസിക്കണമെന്നു വിദ്യാമന്ദിരാധികാരികൾ ഏർപ്പടുചെയ്തിട്ടുള്ളതു് ഈവക ദോഷങ്ങളെക്കൂടി പരിഹരിപ്പാനാകുന്നു. എന്നാൽ അവരുടെ ഉദ്ദേശ്യം പഠിക്കുന്നവരുടേയും പഠിപ്പിക്കുന്നവരുടേയും ഉദാസീനതയാൽ വേണ്ടുംവണ്ണം ഫലിച്ചുകാണാത്തതിൽ വ്യസനിക്കയേ നിർവ്വാഹമുള്ളു. നേരേ മറിച്ചു് വിദ്യാർത്ഥികൾ മാതൃഭാഷകളുടെ ശൈലികളേയും വാചകഭംഗികളേയും സംസ്കൃതം, ഇംഗ്ലീഷ് മുതലായ ഇതരഭാഷകളിൽ പ്രയോഗിക്കുന്നതും ഒട്ടുമപൂർവ്വമല്ല. പരീക്ഷകളിൽ ഭാഷാന്തരാനുവാദത്തിലുള്ള ഉത്തരക്കടലാസ്സുകൾ നോക്കിയിട്ടുള്ളവർക്കല്ലാതെ പരീക്ഷ്യന്മാർ ഈ വിഷയത്തിൽ പ്രവർത്തിക്കുന്ന മനോധർമ്മങ്ങളുടെ വൈചിത്ര്യങ്ങൾ കണ്ടു രസിക്കാൻ സംഗതി വരുന്നുകാണുകയില്ല. എന്നാൽ പരീക്ഷ്യകരിൽ ഇങ്ങനെ ചില രസികന്മാരില്ലാതിരുന്നെങ്കിൽ പരീക്ഷകന്നു് ഉത്തരപത്രങ്ങളെടുത്തു ചർവ്വിതചർവ്വണം ചെയ്യുമ്പോൾ ഉണ്ടാകുന്ന ദുസ്സഹമായ മുഷിച്ചിൽ കളയുന്നതിനു് ഒരു നിർവ്വാഹവും ഇല്ലാതെ വരുമായിരുന്നു. പ്രകൃതോപയോഗമില്ലാത്തതിനാൽ ഈവക തെറ്റുകളെ ഉദാഹരിക്കുന്നില്ല. ഭാഷ ഏതായാലും അതുകൊണ്ടു കൈകാര്യം ചെയ്യാൻ പുറപ്പെടുന്നവർ അതിന്റെ ശൈലികളെ, പ്രസിദ്ധങ്ങളും, സർവ്വസമ്മതങ്ങളുമായ ഗ്രന്ഥങ്ങൾ വായിച്ചു മനസ്സിലാക്കണം. മലയാളം നമ്മുടെ മാതൃഭാഷയല്ലേ? അതിനു് എന്തിനു ഗുരുമുഖാഭ്യാസം? വ്യാകരണവും മറ്റും അതിൽ ഇന്നലെ ഉണ്ടായതല്ലേ? നമ്മുടെ പൂർവ്വികന്മാരെല്ലാം വ്യാകരണം പഠിച്ചിട്ടാണോ നല്ല മലയാളം എഴുതിക്കൊണ്ടിരുന്നതു്? സംസ്കൃതവാക്കുകളുടെ അർത്ഥം നോക്കാൻ ഒരു അകാരാദിനിഘണ്ടു ഉണ്ടായാൽ മലയാളം പഠിക്കാനെന്നല്ല, പഠിപ്പിക്കാൻ കൂടി ഒരു പ്രയാസവുമില്ല. ഇംഗ്ലീഷിൽ പരീക്ഷകൾ ജയിച്ചാൽ ലോകപരിജ്ഞാനവും ധാരാളമായി; പിന്നെ മലയാളത്തിൽ എന്താണു് അറിയാനുള്ളതു്? ഈ മാതിരി വിചാരിക്കയും യുക്തി പറകയും ചെയ്യുന്നവർ ധാരാളം കാണും. അവർക്കുവേണ്ടിയാണു് ഈ പ്രകൃതം ഇവിടെ സ്വല്പം വിസ്തരിച്ചതു്. അവർ ഒരു സംഗതി ആലോചിക്കേണ്ടതാകുന്നു. പണ്ടുള്ളവർ ഊണുകഴിഞ്ഞു സ്വസ്ഥമായിരിക്കുമ്പോൾ വായിച്ചു രസിക്കാനും, ഭക്തന്മാർക്കു പാരായണം ചെയ്യാനും ജ്യോതിഷം വൈദ്യം മുതലായ നിത്യോപയുക്തശാസ്ത്രങ്ങളുടെ ക്രിയാക്രമങ്ങളെ ഉരുവിട്ടു പഠിപ്പാനുംവേണ്ടി ചില പദ്യകൃതികളെ എഴുതീട്ടുള്ളതല്ലാതെ ഭാഷയ്ക്കു് എന്തു ഗുണമാണു ചെയ്തിട്ടുള്ളതു്? അന്നു് അത്രയ്ക്കേ ആവശ്യമുണ്ടായിരുന്നുള്ളു. ഇന്നു് ഇംഗ്ലീഷുകാർ അവരുടെ ഭാഷയ്ക്കുതന്നെയാണു് നാട്ടുകാരുടെ വിദ്യഭ്യസനത്തിൽ പ്രാധാന്യം കൊടുത്തതെങ്കിലും എല്ലാ പാഠശാലകളിലും നാട്ടുഭാഷകളെക്കൂടി ഉപഭാഷാസ്ഥാനത്തിലെടുത്തു് അതുകളെക്കൂടി പോഷിപ്പിക്കുന്നതിനു്

ഏർപ്പാടുചെയ്തിരിക്കുന്നു. ഇക്കാലത്തെ കലാശാലകളിൽ നാട്ടുഭാഷകൾക്ക് ഇംഗ്ലീഷിന്റെ സഖീസ്ഥാനമാണ് കൊടുത്തിരിക്കുന്നത്. ഈ ഉന്നതപദവി വഹിക്കുന്നിടത്തോളം കാലം അതിനെ അർഹിക്കുന്നതിനു വേണ്ടുന്ന വ്യാകരണാദി പരിവാരങ്ങളെ എങ്ങനെ ഉപേക്ഷിക്കാം? പണ്ട് കുലസ്ത്രീയെപ്പോലെ അന്തർഗ്ഗൃഹത്തിൽ അടച്ചിരുന്ന കേരളഭാഷയ്ക്ക് ഇന്നു വേശ്യയെപ്പോലെ അരങ്ങത്തിറങ്ങി മഹാജനസമക്ഷം നൃത്തം ചെയ്യേണ്ടിയിരിക്കുന്നു; വെളിയിലിറങ്ങുമ്പോൾ വേഷങ്ങളും വേണം. പൂർവ്വകാലങ്ങളിൽ മരുന്നിനുപോലും ഒന്നോ രണ്ടോ ഗദ്യകൃതികൾ ഉണ്ടായിട്ടുണ്ടോ എന്നു സംശയം; ഇക്കാലത്തു ദിവസംതോറും വർത്തമാനപ്പത്രങ്ങളായും മാസികകളായും ഗദ്യപ്രബന്ധങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. പ്രചാരം കൂടുമ്പോഴാണ് നിയന്ത്രണങ്ങൾക്കും ആവശ്യം. വ്യാകരണമെന്നാൽ എന്തൊക്കെയോ ചില ദുർഘടങ്ങളായ നിബന്ധനകൾ കെട്ടിച്ചമച്ചുവെച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ്; ആ ശല്യത്തിലുൾപ്പെടാതെ കഴിക്കണം എന്നു ചിലർ ഭ്രമിക്കാറുണ്ട്. ഇതിനുള്ള അടിസ്ഥാനം എന്തെന്നു മനസ്സിലാകുന്നില്ല. ഒരു ഭാഷയിലെ രൂപസിദ്ധിക്രമങ്ങളേയും, അന്വയനിയമങ്ങളേയും, ശബ്ദവ്യുൽപ്പത്തിയേയും ആ ഭാഷയിലെ പ്രാമാണികഗ്രന്ഥകാരന്മാരുടേയും അതു സംസാരിക്കുന്ന മഹാജങ്ങളുടേയും പ്രയോഗങ്ങൾകൊണ്ടു തിട്ടപ്പെടുത്തി അതുകളെ ലഘുവായി ഗ്രഹിക്കത്തക്കവിധം ക്രമപ്പെടുത്തിക്കൊടുക്കുക മാത്രമേ വ്യാകരണം ചെയ്യുന്നുള്ളൂ. കവിയെപ്പോലെ വൈയാകരണൻ സ്വകപോളകല്പിതമായി വല്ലതും സൃഷ്ടിച്ചാൽ ആരും വകവെയ്ക്കുകയില്ല. വ്യാകരണത്തിലെ പ്രതിപാദ്യവിഷയമായി മേല്പറഞ്ഞ മൂന്നെണ്ണങ്ങളിൽ രൂപസിദ്ധി എന്നതുമാത്രം മലയാളികൾക്ക് അധികം ഉപയോഗപ്പെടുകയില്ല. സംസ്കൃതാദിഭാഷകളിലെപ്പോലെ മലയാളത്തിൽ രൂപസിദ്ധിക്കു വലിയ കുഴപ്പങ്ങളില്ലാത്തതിനാലാണ് ഈ സൌകര്യം കിട്ടിയത്. എന്നാൽ, 'വക്കീൽ' എന്ന പദത്തിന്റെ ബഹുവചനം ഏതുവിധം വേണമെന്നറിയാതെ 'വക്കീൽമാർ' എന്നു ചില മലയാളികൾ തന്നെ പ്രയോഗിച്ചു കണ്ടിട്ടുള്ളതു നോക്കുമ്പോൾ രൂപസിദ്ധിനിയമങ്ങളിലും ചിലതു വ്യാകരണത്തിൽനിന്നുതന്നെ ഗ്രഹിക്കേണ്ടതുണ്ടെന്നു പറയേണ്ടിയിരിക്കുന്നു. പഴയകാലത്തെ ഗ്രന്ഥകാരന്മാർ വ്യാകരണാദിശാസ്ത്രങ്ങളുടെ സഹായം കൂടാതെ ഗ്രന്ഥങ്ങൾ ചമച്ചില്ലയോ എന്ന ചോദ്യത്തിനു പഴയകാലത്തെ സ്ത്രീകൾ സൂതികർമ്മിണികളുടെ സഹായം കൂടാതെ പ്രസവിച്ചുകൊണ്ടിരുന്നില്ലയോ എന്നു പ്രതിബന്ദ്യാ ഉത്തരം പറവാനേ വക കാണുന്നുള്ളൂ.

ഇനി മലയാളത്തിലെ ശൈലികൾ മറ്റു ഭാഷകൾ പ്രധാനമായി അഭ്യസിക്കുന്ന വിദ്യാർത്ഥികൾ പ്രത്യേകിച്ചും ദൃഷ്ടിവയ്ക്കേണ്ടുന്ന ചില എണ്ണങ്ങളെ എടുത്തു ചൂണ്ടിക്കാണിക്കാം.

1. ബഹുവചനം: അലിംഗബഹുവചനം, സലിംഗബഹുവചനം എന്നുള്ള വിഭാഗം മലയാളത്തിന് പ്രത്യേകിച്ചുള്ളതാണ്. പുരുഷന്മാർ മാത്രം ചേർന്നുള്ള ബഹുത്വത്തിന് 'നിപുണന്മാർ' എന്നും സ്ത്രീകൾ മാത്രമായാൽ 'നിപുണമാർ' എന്നും സലിംഗബഹുവചനം; രണ്ടും കലർന്നാൽ 'നിപുണർ' എന്ന് അലിംഗബഹുവചനം. ജാതി അടച്ചു പറയുന്ന ശബ്ദങ്ങളിൽ അലിംഗബഹുവചനമല്ലാതെ മറ്റതുപയോഗിക്കരുത്; 'മനുസ്യർ' 'ബ്രാഹ്മണർ' എന്നു പറയേണ്ടുന്നതിനുപകരം

'മനുഷ്യന്മാർ' 'ബ്രാഹ്മണന്മാർ' എന്നു പ്രയോഗിച്ചാൽ അതു തെറ്റു തന്നെ. അതിനാൽ "സോമവംശരാജാക്കന്മാരിൽ അനേകം പ്രബലന്മാരായ ക്ഷത്രിയന്മാർ തങ്ങളുടെ തലസ്ഥാനമായി വെച്ചുകൊണ്ടിരുന്ന ഇന്ദ്രപ്രസ്ഥം എന്നു പ്രസിദ്ധമായ രാജധാനിയാണ് ഇപ്പോഴത്തെ ഡൽഹി" എന്ന് "ഡൽഹി ഡർബാർ" എന്ന പുസ്തകത്തിലെ പ്രയോഗത്തിനു് അഭംഗി തോന്നുന്നു. ക്ഷത്രിയസ്ത്രീകൾ അവിടെ രാജ്യം വാണിട്ടില്ലെന്നു ചരിത്രംകൊണ്ടു തീർച്ചപ്പെടുന്നതായാലും 'പ്രബലരായ ക്ഷത്രിയർ' എന്നാക്കുന്നതാണ് ഭാഷയുടെ ഗതിക്ക് ഉചിതം. ജാതിവാചകപദങ്ങളെ വേർതിരിച്ചു പുല്ലിംഗബഹുവചനാന്തമാക്കിയാൽ അനാദരത്തിന്റെ പ്രതീതി ഉണ്ടാകും. കൂടുതൽ വിവരങ്ങൾക്കു വ്യാകരണം നോക്കുക. ഇതുപോലെതന്നെ മേലിലും വ്യാകരണത്തിൽ വിസ്തരിച്ചിട്ടുള്ള ഭാഗങ്ങളെ ഇവിടെ സംക്ഷേപിക്കുന്നതേ ഉള്ളു.

എ. സംഖ്യാവിശേഷണംകൊണ്ടു് എണ്ണമിത്ര എന്നു ക്ലിപ്തപ്പെടുത്തുന്നിടത്തു നപുംസകനാമങ്ങൾക്ക് ബഹുവചനം വേണ്ട. പത്തു രൂപ, നാലു കാശു്, എട്ടു കുതിര ഇത്യാദി.

ബി. നപുംസകനാമങ്ങളിൽ, വിശേഷിച്ചും ജീവനില്ലാത്ത വസ്തുക്കളെ കുറിക്കുന്നവയിൽ, 'എ' എന്ന കർമ്മവിഭക്തി (പ്രതിഗ്രാഹിക) പ്രയോഗിക്കേണ്ട. വെള്ളം കുടിച്ചു, പുസ്തകം വായിച്ചു, വാക്കുകൾ കേട്ടു എന്നാണ് മലയാളത്തിന്റെ ശൈലി. 'വെള്ളത്തെ കുടിച്ചു' എന്നു വ്യാകരണപ്രകാരം ശരിയായി വിഭക്തി ചേർത്തു പ്രയോഗിച്ചാൽ മലയാളിയുടെ കാതിനു രുചിക്കയില്ല. വ്യാകരണഭ്രമം സംസ്കൃതക്കാർക്കാകയാൽ അവരുടെ ഇടയിലാണ് ഈ വക പ്രയോഗങ്ങൾക്ക് നടപ്പധികം. എന്നാൽ അവർ ഒരു സംഗതി ആലോചിക്കേണ്ടതാകുന്നു: അവരുടെ സർവ്വോത്തമമായ സംസ്കൃതത്തിൽത്തന്നെയും ഇതല്ലേ നടപ്പു്? പ്രഥമയ്ക്കും ദ്വിതീയയ്ക്കും ഏതു നാമത്തിനാണ് രൂപഭേദമുള്ളതു്? നപുംസകപ്രഥമാദ്വിതീയകളിൽ ഏകവചനത്തിനു ലോപവും, ദ്വിബഹുവചനങ്ങൾക്ക് ഒരേ പ്രത്യയവും വിധിച്ച സ്ഥിതിക്ക് രൂപഭേദത്തിനു മാർഗ്ഗമേ ഇല്ല. അതുപോലെതന്നെ ഭാഷയിലും നപുംസകദ്വിതീയയ്ക്കു ലോപമുണ്ടെന്ന് അവർ ധരിച്ചാൽ മതി. ഭാഷയിൽ കർത്താവും കർമ്മവും നപുംസകമാകുന്നിടത്തും മറ്റും സന്ദേഹനിവാരണത്തിനുവേണ്ടി കർമ്മവിഭക്തി പ്രയോഗിക്കാം; സംസ്കൃതത്തിൽ അതിനുപോലും നിർവ്വാഹമില്ലാത്തതിനാൽ പ്രകൃതവിഷയത്തിൽ സംസ്കൃതശൈലിയേക്കാൾ ഭാഷാശൈലിക്കാണ് അധികം യുക്തിയും സൌകര്യവും. സംസ്കൃതത്തിൽ – 'കുത ആഗച്ഛസി' എന്നിടത്തോളംകൊണ്ടു് അർത്ഥം പൂർത്തിയായിയിരിക്കെ ത്വം എന്നു് അർത്ഥസിദ്ധകർത്താവിനെ എടുത്തുപറഞ്ഞു. 'ത്വം കുത ആഗച്ഛസി' എന്നു ചോദ്യം ചെയ്താൽ വക്താവിനു ബോദ്ധവ്യന്റെ നേരെ കോപമോ അനാദരമോ എന്തൊക്കെയോ ഒരു അസ്വരസം തോന്നുംപോലെ, ഭാഷയിലും നപുംസകത്തിൽ അർത്ഥസിദ്ധമായ കർമ്മവിഭക്തി ചേർത്തു പുസ്തകത്തെ വായിച്ചു എന്നുപറഞ്ഞാൽ പുസ്തകം വായനയ്ക്കു് അടിപെടാതെ എതിർത്തുനിന്നു എന്നോ മറ്റോ ഒരു വല്ലായ്മ

> തോന്നും. സ്പഷ്ടതയ്ക്കു കുറവു വരാം എന്നു ശങ്കയുള്ളിടത്തു കർമ്മവിഭക്തി പ്രയോഗിക്കുകതന്നെ വേണം.

ക്രിയാപദവും കർമ്മപദവും തനി മലയാളമായി വരുന്നിടത്തു കർമ്മവിഭക്തി ഒരിക്കലും പ്രയോഗിക്കരുതു്; അതുകളിലൊന്നെങ്കിലും സംസ്കൃതമായിരുന്നാൽ കർമ്മവിഭക്തി പ്രയോഗത്താലുള്ള അസ്വാരസ്യം അത്ര ശോഭിക്കയില്ല. താഴെ കാണിച്ചിട്ടുള്ള ഉദാഹരണങ്ങൾ നോക്കുക.

ബാലന്മാർ രാവിലെ എഴുന്നേറ്റ് കാലും മുഖവും കഴുകി പ്രാർത്ഥനകൾ ചെയ്തു പാഠങ്ങൾ വായിക്കണം. സമയമായാൽ കുളിയും ഊണും കഴിച്ചു പള്ളിക്കൂടത്തിൽ പോകണം. അവിടെ വാദ്ധ്യാർ പറഞ്ഞുകൊടുക്കുന്നതു ശ്രദ്ധിച്ചു കേട്ടിട്ട് ഓർമ്മിക്കണം. വെറുതെ നേരം കളയരുതു്, കള്ളം ഒരിക്കലും പറയരുതു്. കൃത്യങ്ങളിൽ ശ്രദ്ധ വയ്ക്കണം. ദുർവിചാരങ്ങൾ ഉള്ളിൽ കരുതരുതു്. പഠിച്ച പാഠം മറക്കരുതു്. തങ്ങളുടെ വേല ശരിയായി നടത്തണം.

ബാലന്മാർ രാവിലെ എഴുന്നേറ്റു പാദങ്ങളേയും മുഖത്തേയും പ്രക്ഷാളനം ചെയ്തു പാഠങ്ങളെ പഠിക്കണം. സമയമായാൽ സ്നാനത്തേയും ആഹാരത്തേയും നിവർത്തനം ചെയ്തു പള്ളിക്കൂടത്തിൽ പോകണം. അവിടെ വാദ്ധ്യാർ പറഞ്ഞുകൊടുക്കുന്ന ഉപദേശങ്ങളെ ശ്രദ്ധിച്ചു ശ്രവിച്ചു ധരിക്കണം. വൃഥാ കാലത്തെ നൈക്കരുതു്. വ്യാജത്തെ ഒരിക്കലും ഉച്ചരിക്കരുതു്. കൃത്യങ്ങളിൽ ശ്രദ്ധയെ സ്ഥിരീകരിക്കണം. ദുർവിചാരങ്ങളെ മനസ്സിൽ പ്രവേശിപ്പിക്കരുതു്. പഠിച്ച പാഠത്തെ വിസ്മരിക്കരുതു്. തങ്ങളുടെ കൃത്യങ്ങളെ ശരിയായി അനുഷ്ഠിക്കണം. കുറിച്ചു്, പറ്റി, കാൾ, പോലെ മുതലായ ചില ഗതികൾക്കു മുമ്പ് കർമ്മവിഭക്തി പ്രയോഗിക്കാതെ വിട്ടുകൂടാ എന്നും മറ്റും ഉള്ള നിയമങ്ങൾ പരിചയംകൊണ്ടറിയേണ്ടവയാകുന്നു.

2. കർമ്മണിപ്രയോഗം വൈചിത്ര്യത്തിനും സന്ദേഹനിവാരണത്തിനും വേണ്ടി മാത്രമേ ഉപയോഗിക്കാവൂ. 'ഈശ്വരൻ ചെയ്യുന്നതെല്ലാം സഹിക്കയേ ഉള്ളു' എന്നു പറയാതെ 'ഈശ്വരനാൽ ചെയ്യപ്പെടുന്നതെല്ലാം സഹിക്കപ്പെടുകയേ ഉള്ളു' എന്നു പ്രയോഗിച്ചാൽ അതു മലയാളമല്ലെന്നുതന്നെ പറയേണ്ടിവരും. സംസ്കൃതത്തിലായാൽ ഈ മാതിരി സ്ഥലങ്ങളിൽ 'ഈശ്വരേണ ക്രിയമാണം സർവ്വം സോഢവ്യമേവ' എന്നു കർമ്മണിപ്രയോഗമാണു നടപ്പു്. ഇതിനു കാരണമുണ്ട് – സംസ്കൃതത്തിലും ഇംഗ്ലീഷിലും ഇങ്ങനെയുള്ള ഉദാഹരണങ്ങളിൽ കർമ്മണിപ്രയോഗം സ്വീകരിക്കാത്തപക്ഷം 'ഈശ്വരോ യൽ കരോതി തൽ' What God does എന്ന മട്ടിൽ ഒരു വിശേഷണവാക്യം പ്രയോഗിക്കയേ നിർവ്വാഹമുള്ളു. ഈവിധം വിശേഷണവാക്യം ചേർക്കുന്നതു ശൈഥില്യകാരണവുമാണ്. ഭാഷയിലാകട്ടെ, പേരെച്ചരൂപത്തിനു കർത്തരിയും കർമ്മണിയും ഒന്നുപോലെ പ്രയോഗമാകാവുന്നതിനാൽ വളരെ സൌകര്യമുണ്ട്. സുഗമമായ നേർവഴി ഇരിക്കേ ഗതികെട്ടവരുടെ പിന്നാലേ പോയി നാമെന്തിനു്'കാളിദാസനാൽ ഉണ്ടാക്കപ്പെട്ടതു്' എന്നും മറ്റും വളച്ചുകെട്ടുന്നു? കർമ്മണിപ്രയോഗത്തിനു പ്രൌഢത കൂടുമെന്നു ഭ്രമിച്ചു് ചിലർ അതിന്റെ എണ്ണം

കഴിയുന്നതും വർദ്ധിപ്പിക്കാൻ ശ്രമിക്കാറുണ്ട്. ഈയിടെ ഒരു സഭായോഗത്തിൽ ഒരു പ്രസംഗകർത്താവു 'പെട്ടക' കൊണ്ട് തന്റെ പ്രസംഗത്തിനു പ്രൌഢി വരുത്താനുള്ള സംരംഭത്തിൽ 'ഇതിനാൽ ഉണ്ടാക്കപ്പെട്ട ദോഷങ്ങൾ' 'വൈദ്യശാസ്ത്രത്തെ സർവ്വോത്തമമായി വിചാരിക്കപ്പെട്ടിരിക്കുന്നു' എന്ന മട്ടിൽക്കൂടി ലക്ഷ്യമില്ലാതെ കോലാഹലം ചെയ്യുന്നതു് ഈ ഗ്രന്ഥകർത്താവിനു കേൾക്കാൻ ഇടയായിട്ടുണ്ട്.

കർമ്മവിഭക്തിപ്രയോഗത്തെപ്പറ്റി പറഞ്ഞതുപോലെ കർമ്മണിപ്രയോഗവും ശുദ്ധദ്രാവിഡങ്ങളായ ക്രിയാപദങ്ങളിൽ ആണ് അധികം വർജ്ജിക്കേണ്ടതു്. 'കാളിദാസൻ ഉണ്ടാക്കിയതും മല്ലിനാഥൻ വ്യാഖ്യാനിച്ചതും നിർണ്ണയസാഗരം അച്ചുക്കൂടത്തിൽ അച്ചടിച്ചതുമായ മേഘസന്ദേശം ഈയാണ്ടു ബി. എ. പരീക്ഷയ്ക്കു ടെക്സ്റ്റു വെച്ചിരിക്കുന്നു' എന്നതിനു പകരം 'കാളിദാസനാൽ നിർമ്മിക്കപ്പെട്ടതും മല്ലിനാഥനാൽ വ്യാഖ്യാനിക്കപ്പെട്ടതും നിർണ്ണയസാഗരമുദ്രാലയത്തിൽ മുദ്രണം ചെയ്യപ്പെട്ടതും ആയ മേഘസന്ദേശം ഈയാണ്ടു ബി. എ. പരീക്ഷയ്ക്കു ടെക്സ്റ്റായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു' എന്നു പ്രയോഗിക്കുന്നതുകൊണ്ട് വലിയ അഭംഗിയില്ല.

3. സംബന്ധനിർവ്വചനം: സ്വസ്വാമിഭാവം, പിതൃപുത്രഭാവം, ഗുരുശിഷ്യഭാവം മുതലായ സംബന്ധങ്ങൾ പ്രത്യേകിച്ചു ചൂണ്ടിക്കാണിക്കാത്തപക്ഷം, കർത്താവിനെ പരാമർശിച്ചുകൊള്ളും. 'രാമൻ എവിടെ' എന്നു ചോദിച്ചാൽ 'വീട്ടിലേക്കു പോയി' എന്നു മതി ഉത്തരം; വല്ലവന്റേയും വീട്ടിലേക്കു പോയതായി ഒരു മലയാളിയും സംശയിക്കയില്ല. 'മാതാപിതാക്കന്മാരേയും ഗുരുനാഥന്മാരേയും വണങ്ങിയിട്ടു കാവ്യം ചമയ്ക്കുന്നോൻ എന്നല്ലാതെ 'എന്റെ മാതാപിതാക്കന്മാർ' ഇത്യാദി ഏതു കവിയെങ്കിലും പരിച്ഛേദിച്ചു പറഞ്ഞിട്ടുണ്ടോ? ഇന്നാരുടെ എന്നു കുറിപ്പെടുത്താതിരുന്നാൽ കർത്താവിന്റെ എന്ന് അർത്ഥംകൊണ്ടു സിദ്ധിക്കുന്ന സ്ഥിതിക്ക് അവന്റെ എന്നോ അവളുടെ എന്നോ പ്രയോഗിക്കുന്നതു തെറ്റുതന്നെയെന്നു പറയേണ്ടിയിരിക്കുന്നു. പരിച്ഛേദിക്കണമെങ്കിലും 'തന്റെ' എന്ന് ആത്മവാചിയായ സർവ്വനാമത്തെ വേണം ഉപയോഗിപ്പാൻ. അർത്ഥവിശേഷം സ്ഫുരിക്കുന്നതിലേക്ക് 'അവന്റെ' 'അവളുടെ' ഇത്യാദി ചേർക്കുകയും ആകാം. 'രാമൻ അവന്റെ വീട്ടിലേക്കു പോയി' എന്നു പറഞ്ഞാൽ അവൻ മറ്റൊരിടത്തായിരുന്നു പോകേണ്ടതു് എന്നുകൂടി സ്ഫുരിക്കും. ഇതു് ഇംഗ്ലീഷ് വിദ്യാർത്ഥികൾ പലപ്പോഴും ചെയ്യുന്ന ഒരു ശൈലീഭംഗമാണ്. ഇംഗ്ലീഷ് ഭാഷയുടെ ശൈലിയിൽ സംബന്ധവാചകങ്ങളെ സർവ്വത്ര ആവർത്തിക്കണം എന്നുണ്ട്. ആവർത്തിക്കാഞ്ഞാൽ ഇംഗ്ലീഷിന് എത്ര അസ്വാരസ്യമുണ്ടോ അത്രയും, ഭാഷയിൽ ആവർത്തിച്ചാലും ഉണ്ടെന്ന് അവർ ധരിക്കണം.

4. ലിംഗവചനപ്പൊരുത്തം: മധുരകളായ വാക്കുകളെക്കൊണ്ടു സരസകളായ കഥകളെ ചമച്ചിരുന്നവരെല്ലാം മധുരങ്ങളായ വാക്കുകൾകൊണ്ടു സരസങ്ങളായ കഥകൾ ചമയ്ക്കുന്നതിനു വിരോധമില്ലെന്നു സമ്മതിച്ചിരിക്കുന്ന സ്ഥിതിക്ക് സംസ്കൃതത്തിലെ കൃത്രിമമായ ലിംഗവ്യവസ്ഥയ്ക്കു മേലാൽ ഭാഷയിൽ പ്രചാരമുണ്ടാകാൻ ഇടയില്ല. നാമത്തിനും വിശേഷണത്തിനും ഭേദകത്തിനും തമ്മിൽ വചനപ്പൊരുത്തവും അത്യാവശ്യമാണോ എന്നാണ് ഇനിയത്തെത്തർക്കം. 'മധുരമായ വാക്കുകൾ' എന്നായാലും

പോരയോ, 'മധുരങ്ങളായ' എന്ന ബഹുവചനം കൂടിയേ തീരുവോ? വചനപ്പൊരുത്തം ഉപേക്ഷിച്ചുകൂടെന്ന് വൈയാകരണൻ ശഠിക്കയാണെങ്കിൽ, 'പാകമാവുക' 'കാലമാവുക' മുതലായതുപോലെ 'മധുരമാവുക' എന്ന ക്രിയാസമാസമാണെന്നും, അതിന്റെ പേരെച്ചരൂപമാണ് 'മധുരമായ' എന്നതെന്നും സമാധാനം പറഞ്ഞു നിൽക്കാം. 'സരസവും മധുരവുമായ' എന്ന മട്ടിൽ അനേകവിശേഷണങ്ങളുള്ളിടത്തു സമാസം സാധിക്കുകയില്ലല്ലോ എന്ന് അതിനുമേൽ ആക്ഷേപം വരുന്നതായാൽ മറ്റാവശ്യങ്ങൾക്കുവേണ്ടി സ്വീകരിച്ചിട്ടുള്ള ശിഥിലസമാസമാണിവിടെയും എന്നു വാദിച്ചുനിൽക്കാം. പുംസ്ത്രീലിംഗങ്ങളിൽ വിശേഷണപ്പൊരുത്തം കൂടിയേ തീരൂ; നപുംസകലിംഗത്തിലാണ്, അത്യാവശ്യം തന്നെയോ എന്നുള്ള സംശയം. പ്രാചീനാര്യാവർത്തം മുതലായ ചില ഗ്രന്ഥങ്ങളിൽ നപുംസകവിശേഷണങ്ങൾക്കു വചനപ്പൊരുത്തം ചെയ്യാതെ പല പ്രയോഗങ്ങളും കണ്ടപ്പോഴാണ് ഈ സംഗതിയിൽ ഞാൻ വിചാരം ചെയ്വാൻ ആരംഭിച്ചത്. മറ്റുള്ള വിഷയങ്ങളിൽ മലയാളത്തിലെ ശൈലിയുടെ ഗതി നോക്കുമ്പോൾ ഇങ്ങനെ ഒരു വ്യത്യസ്തം കൂടി സ്വീകാര്യമല്ലെന്നു വിധിക്കാൻ എനിക്കു ധൈര്യം വരുന്നില്ല. രണ്ടുവിധവും പ്രയോഗിക്കാമെന്ന് വികല്പം അനുവദിക്കുന്നതു കൊള്ളാമെന്നു തോന്നുന്നു. വികല്പവും വിശേഷണവും മലയാളപദമാകയാൽ പൊരുത്തം വേണ്ട; സംസ്കൃതമായാൽ വേണം എന്നാക്കിയാൽ കുറേക്കൂടി നന്ന്. ഈ തീർച്ച തന്നെയാണ് നപുംസകവിശേഷണത്തിന് 'ബഹുവിലുമേകവചനം പോരും വ്യക്തിയിലശ്രദ്ധയാൽ' എന്ന കേരളപാണിനീയസൂത്രത്തിലും ചെയ്തിട്ടുള്ളത്.

ഇന്ദ്രജിത്തിനെ വധിച്ചതു ലക്ഷ്മണനാണ്.
രാമനു യുദ്ധത്തിൽ സഹായിച്ചത് വാനരന്മാരാണ്.
ഇതിൽ പല തെറ്റുകളും തിരുത്തേണ്ടതുണ്ട്.

ഇത്യാദി ശൈലികളിൽ ലിംഗവചനപ്പൊരുത്തം നോക്കേണ്ടതില്ല. ഇതുകൾക്കു വ്യാകരണപ്രകാരം ഉപപത്തിയുമുണ്ടാകും.

(i) 'ഇന്ദുലേഖയെ മാധവനു ഭാര്യയായി കിട്ടുമോ' – ഇന്ദുലേഖ, അ. 2.
(ii) 'അവനൊരു ശിഷ്യനെ വേണം'
(iii) 'ലേലത്തിൽ പിടിച്ചതു കുതിരയെ അല്ലേ'
(iv) 'എനിക്ക് അവനെ രസിച്ചിട്ടില്ല'
(v) 'നമ്പൂരിപ്പാട്ട് അകത്തു കടന്ന ഉടനേ അമ്മുവേ ആണ് കണ്ടത്'
(vi) 'എനിക്ക് ഒരു ശിഷ്യനെ കിട്ടീട്ടുണ്ട്.'

ഇത്യാദികളിൽ കർമ്മവിഭക്തിപ്രയോഗം വ്യാകരണവിരുദ്ധമായാലും ശൈലിപ്രകാരം സാധുവാകുന്നു.

സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും നാനാപ്രകാരങ്ങളായ അർത്ഥഭംഗികളും

വാചകഭംഗികളും മലയാളത്തിൽ നടപ്പാക്കാൻ പുറപ്പെടുന്നവരെ അധൈര്യപ്പെടുത്തണമെന്ന് ഈ ഗ്രന്ഥകർത്താവിന്നൊരിക്കലും ഒരു ദുർവ്വിചാരമില്ല. മറിച്ച് അങ്ങനെ ചെയ്താലേ നമ്മുടെ ഭാഷയ്ക്ക് എളുപ്പത്തിൽ പുഷ്ടി ഉണ്ടാകയുള്ളു എന്നുകൂടി അഭിപ്രായമുണ്ട്. ഓരോ ഭാഷയ്ക്കും വിലക്ഷണങ്ങളായ ചില ശൈലികൾ ഉള്ളതു ദുഷിച്ചുപോകാതെ സൂക്ഷിക്കേണ്ട ഭാരം ഭാഷാഭിമാനികളെച്ചേർന്നതാണെന്ന് ഓർമ്മിപ്പിക്കമാത്രമാണ് ഇവിടെ ചെയ്തിട്ടുള്ളത്.

## അഭ്യാസം

1. സംസ്കൃതമുറകൾ അനുസരിക്കയാലുള്ള ശൈലീഭംഗങ്ങൾ ചൂണ്ടിക്കാണിക്ക:

വിരഹവർണ്ണന ഞങ്ങളുടെ ഭർത്തൃദാരികയും, സ്വഗൃഹത്തിന് അടുത്തുള്ള രാജമാർഗ്ഗമുഖത്തിനു സ്വല്പനേരത്തേക്ക് അലങ്കാരഭൂതനായിരിക്കുന്ന അദ്ദേഹത്തെത്തന്നെ പലപ്പോഴും കണ്ടിട്ട് വെയിലുകൊണ്ട് വാടിയതും സുന്ദരവുമായിരിക്കുന്ന ഇളയ താമരവളയം പോലെ മനോഹരങ്ങളായിരിക്കുന്ന അവയവങ്ങളുടെ ശോഭകൊണ്ടു പ്രകാശിച്ചിരിക്കുന്ന കാമവേദനയുടെ ആധിക്യത്താൽ അത്യന്തം രമണീയമാണെങ്കിലും പരിജനങ്ങളെ ദുഃഖിപ്പിക്കുന്നു. കലാകേളികളിൽ ആഭിമുഖ്യം ഇല്ലാതെയും തീർന്നിരിക്കുന്നു. താമരപ്പൂവുപോലെ മനോഹരമായിരിക്കുന്ന കൈത്തലത്തിൽ കവിൾത്തടത്തെ വെച്ചുംകൊണ്ടുതന്നെ ദിവസങ്ങളെ കഴിച്ചുകൂട്ടുകയും ചെയ്യുന്നു. അത്രതന്നെയല്ല, വിടർന്നിരിക്കുന്ന താമരപ്പൂക്കളിലെ തേനിന്റെ ഒഴുക്കുകൊണ്ടു മനോഹരമായും കുറഞ്ഞൊന്നു വികസിച്ചിരിക്കുന്ന കുന്ദമാകന്ദാദി കുസുമങ്ങളിലെ മധുകണഗണങ്ങളോടു കൂടിയതായുമിരിക്കുന്ന മദനോദ്യാനത്തിലെ ഇളംകാറ്റുകൊണ്ടു ക്ഷീണിക്കയും ചെയ്യുന്നു. ഇതുമല്ല, ആ ദിവസം തന്റെ മഹോത്സവത്തിന്റെ ആഘോഷങ്ങളെ കാണുന്നതിനായിട്ട് ശരീരത്തോടുകൂടിയവനായി, മദനോദ്യാനത്തിലെ അലങ്കാരഭൂതനായിരിക്കുന്ന ഭഗവാൻ കാമദേവനോ എന്നു തോന്നുമാറിരിക്കുന്ന ആ മാധവന്റെ പല പ്രകാരത്തിലുള്ള വിലാസങ്ങളെക്കൊണ്ടും അനുരാഗപ്രകർഷത്തെക്കൊണ്ടും ശ്ലാഘനീയമായിരിക്കുന്ന യൌവനാരംഭത്തോടുകൂടിയതും പരസ്പരദർശനം ഇല്ലാതാകുന്ന സമയത്തിങ്കൽ ഖേദത്തോടുകൂടിയിരിക്കുന്ന ഹൃദയത്തിൽ പെട്ടെന്നുണ്ടായ കൌതുകത്താൽ പ്രകാശിപ്പിക്കപ്പെട്ടതായിരിക്കുന്ന ഭയംകൊണ്ടുള്ള സംഭ്രമം ഹേതുവായിട്ട് മന്ദങ്ങളായിരിക്കുന്ന അവയവങ്ങളിലെ വിയർപ്പ്, രോമാഞ്ചം, വിറയൽ എന്നിവകളാൽ ആനന്ദിക്കപ്പെട്ടവരായിരിക്കുന്ന സഖീജനങ്ങളോടുകൂടിയതുമായിരിക്കുന്ന അന്യോന്യദർശനസുഖത്തെ എപ്പോൾ പ്രാപിച്ചുവോ അപ്പോൾ മുതൽ ഏറ്റവും ദുസ്സഹമായിരിക്കുന്ന ആയാസത്തോടുകൂടിയതും വർദ്ധിച്ചിരിക്കുന്നതും വലിയതും ഭയങ്കരവുമായിരിക്കുന്ന അവസ്ഥാപരിണാമത്തെ അനുഭവിക്കുന്നവളായിട്ട്, ക്ഷണനേരം കൊണ്ടു പൂർണ്ണചന്ദ്രോദയത്തിൽ ഇളം താമരയെന്നപോലെ വാടുകയും ചെയ്യുന്നു. എങ്കിലും, ഇളകിക്കൊണ്ടിരുന്ന ചുണ്ടുകളെക്കൊണ്ടു ശോഭിക്കുന്നവയും മുത്തുമണികൾ പോലെ ഇരിക്കുന്നവയുമായി

രിക്കുന്ന പല്ലുകളുടെ ശോഭകൊണ്ട് ഏറ്റവും ശോഭിച്ചിരിക്കുന്നതും, നിബിഡമായി പ്രകാശിച്ചിരിക്കുന്ന രോമാഞ്ചത്തോടുകൂടിയിരിക്കുന്ന കവിൾത്തടങ്ങളിൽ ഇള കൊക്കൊണ്ടിരിക്കുന്ന ആനന്ദാശ്രുകണങ്ങളോടുകൂടിയതും കുറഞ്ഞൊന്നു ഭേദഗതി യോടുകൂടിയവയും ഊർദ്ധ്വഭാഗത്തേക്കായിരിക്കുന്നവയും മിനുങ്ങിയവയും അടഞ്ഞ തുപോലിരിക്കുന്നവയും കരിംകൂവളപ്പൂ പോലെ ഭംഗിയുള്ളവയുമായിരിക്കുന്ന കണ്ണുക ളോടു കൂടിയതും, ഇടവിടാതെ പൊടിച്ചുകൊണ്ടിരിക്കുന്ന വിയർപ്പുതുള്ളികളെക്കൊ ണ്ടു മനോഹരവും ബാലചന്ദ്രനെപ്പോലെ ഇരിക്കുന്നതുമായ നെറ്റിത്തടംകൊണ്ടു രമ ണീയവും സുന്ദരവുമായിരിക്കുന്ന മുഖപുണ്ഡരീകത്തെ വഹിക്കുന്നവളായും സമർത്ഥ ന്മാരായിരിക്കുന്ന സഖികളുടെ ഹൃദയത്താൽ സംശയിക്കപ്പെട്ട കൌമാരഭാവത്തോ ടുകൂടിയവളായും ഭവിക്കുന്നു എന്നുള്ളതുകൊണ്ടല്പനേരം മാത്രം ഹൃദയത്തിൽ ഉണ്ടാ ക്കിവെയ്ക്കപ്പെട്ടവനായിരിക്കുന്ന കാന്തന്റെ സമാഗമത്തോടു കൂടിയവളായിട്ട് അധിക മായിരിക്കുന്ന ജലധാരകൊണ്ട് നനയ്ക്കപ്പെട്ട ഭൂമിയെന്നപോലെ തണുപ്പോടുകൂടിയവ ളായും തീരുന്നു എന്നും ഞാൻ അറിയുന്നു. അത്രതന്നെയല്ല, പൂർണ്ണചന്ദ്രന്റെ രശ്മിസ മൂഹസ്പർശംകൊണ്ട് അലിഞ്ഞൊലിക്കുന്നവയായി ചന്ദ്രകാന്തരത്നങ്ങളെക്കൊണ് ടുള്ള മാലയെ ധരിക്കുന്നവളും കർപ്പൂരപ്പൊടി ധാരാളമായി ചേർത്തതുകൊണ്ട് ഏറ്റവും തണുപ്പോടുകൂടിയിരിക്കുന്ന ചന്ദനച്ചാറു കോരി ഒഴിച്ചിട്ടുള്ള ഇളയ വാഴ യിലയിൽ കിടക്കുന്നവളും കാലു തലോടുക മുതലായ പ്രവൃത്തികളിൽ ബദ്ധപ്പെട്ടു കൊണ്ടിരിക്കുന്ന സഖീജനങ്ങളാൽ ഉണ്ടാക്കിക്കൊണ്ടുവരപ്പെട്ടതും വെള്ളം തളിച്ചു നനയ്ക്കപ്പെട്ടതുമായ താമരയിലവിശറിയോടുകൂടിയവളുമായി ഉറക്കംകൂടാത്തവളുമാ യിട്ടുതന്നെ രാത്രികളെ കഴിച്ചുകൂട്ടുകയും ചെയ്യുന്നു. വളരെ പണിപ്പെട്ടു പ്രാപിക്കപ്പെട്ട നിദ്രാസുഖത്തോടും വിയർത്തിരിക്കുന്ന പാദങ്ങളിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്ന ചെമ്പഞ്ഞിച്ചാറിനോടും തടിച്ചിരിക്കുന്ന തുടകൾ കിടുകിട വിറയ്ക്കുന്നതുകൊണ്ട് അരയിൽനിന്നഴിഞ്ഞിരിക്കുന്ന വസ്ത്രബന്ധത്തോടും ഇളകിക്കൊണ്ടിരിക്കുന്ന ഹൃദ യത്തിൽ ഇടയ്ക്കിടെ തടയുന്നവയുമായ ദീർഘശ്വാസങ്ങാൾ ഹേതുവായിട്ടു പലവിധ ത്തിൽ ഇളകിക്കൊണ്ടും രോമാഞ്ചത്തോടുകൂടെയുമിരിക്കുന്ന സ്തനങ്ങളുടെ ഉപരിഭാ ഗത്തു വയ്ക്കപ്പെട്ടവയും വിറയലോടുകൂടിയവയുമായിരിക്കുന്ന ഭുജലതകളെക്കൊണ്ടുള്ള ആലിംഗനബന്ധത്തോടും പെട്ടെന്ന് ഉണരുന്നസമയത്തു കടാക്ഷവിക്ഷേപംകൊണ്ടു ശയ്യയിൽ ആരും ഇല്ലെന്നറിഞ്ഞിട്ടുണ്ടായ മോഹാലസ്യം ഹേതുവായിട്ട് അടയ്ക്കപ്പെട്ട കണ്ണുകളോടും, സംഭ്രമത്തോടുകൂടിയവരായ സഖീജനങ്ങളുടെ പ്രയത്നംകൊണ്ടു മോഹാലസ്യം തീരുന്നസമയത്തു പുറപ്പെടുന്ന ദീർഘശ്വാസത്താൽ ഉണ്ടാക്കപ്പെട്ട ജീവിതാശയോടുംകൂടിയവളായിട്ട് എന്താണു ചെയ്യേണ്ടതെന്ന് അറിയാൻ പാ ടില്ലാതെ അന്ധാളിച്ച് ആദ്യം തങ്ങളുടെ പ്രാണാവസാനം വന്നാൽ കൊള്ളാമെന്നു പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നവരായ സഖീജനങ്ങളെത്തടുക്കാൻ പാടില്ലാത്ത ദുർദ് ദൈവവിലാസത്തെ ശകാരിക്കയെന്നുള്ള പ്രവൃത്തി മാത്രമുള്ളവരാക്കിച്ചെയ്കയും ചെയ്യുന്നു.

— മാലതീമാധവം

2. ഇംഗ്ലീഷ് മുറകൾ അനുസരിക്കയാലുള്ള ശൈലീഭംഗങ്ങൾ ചൂണ്ടിക്കാണിക്ക:

ഉപസംഹാരവാക്യം ആദ്യം ഉഗ്രമായ കലഹത്തിന് അതിർവെച്ചും രാക്ഷസ പ്രവൃത്തികൾക്കു തക്ക കൂലി കൊടുത്തതും കടുവാനഖങ്ങളിൽനിന്ന് അനേകരെ വിടുവിച്ചുംകൊണ്ടതിനാൽ ഈ ആളുടെ ഓട്ടം ഹിന്ദുരാജ്യത്തിന് ഉപകാരം പെരുകിയതുതന്നെ. സ്വന്തനാട്ടുകാർ അവരെ വേണ്ടതിലധികം പുകഴ്ത്തി മാനിക്കുന്നത് കാണുംമുമ്പെ ദൈവം അവരെ എടുത്തതു നന്നായിരുന്നുതാനും. എന്നാൽ എന്ത്, ഹിന്ദുകലഹം അമർത്തിവെച്ചതു മനുഷ്യരല്ല. അനേകം പ്രാർത്ഥനകളെ കേട്ട് ഹാവലോക്കു മുതലായവരുടെ ഹീനബലങ്ങളോടുകൂടി ഉണ്ടായി ജയം നൽകി ശത്രുക്കളുടെ ബുദ്ധികളെ ഭ്രമിപ്പിച്ചതു ദൈവമത്രേ. ആകയാൽ മനുഷ്യർക്കുള്ള ദൈവത്തിനുമാത്രം മാനമഹത്വങ്ങളും വരേണ്ടതാകുന്നു. പലരുടെ ഉദ്ധാരണത്തിനും നാശത്തിനും അവൻ ഹാവലോക്ക് സായ്പിനെ ആയുധമാക്കി പ്രയോഗിച്ചത് ആ വീരൻ നല്ലവണ്ണം അറിഞ്ഞിട്ടില്ലല്ലൊ. ജയം കൊള്ളുന്തോറും തന്റെ പ്രാപ്തിയെ അല്ല അതിനെത്തന്നെ ദൈവത്തിൻ വൻ കരുണയെ മാത്രം സന്തോഷത്തോടുകൂടി വർണ്ണിച്ചുകൊണ്ടുപോകുന്നത്. — ഹാവലോക്കിന്റെ ജീവചരിത്രം

3. സർവ്വനാമങ്ങളുടെ പ്രയോഗം പരിശോധിക്ക:

(i) നായകന്റെ പ്രവൃത്തികൾ

ശില്പവിദ്യകളിൽ, രാമവർമ്മരാജകുമാരനാൽ പ്രോത്സാഹിപ്പിക്കപ്പെട്ടത് എണ്ണച്ചായത്തിലും തണ്ണിച്ചായത്തിലുമുള്ള ചിത്രമെഴുത്തും, ദന്തത്തിലും മരത്തിലുമുള്ള കൊത്തുപണിയും, ഉരുക്കുകൊണ്ടും മറ്റും ഉണ്ടാക്കപ്പെട്ടിട്ടുള്ള സാധനങ്ങളും, സ്വർണ്ണംകൊണ്ടും മറ്റുമുള്ള അലങ്കാരപ്പണിയും ആയിരുന്നു. ഈ വിദ്യകളിലെല്ലാം വിശേഷിച്ച് ആദ്യം പറയപ്പെട്ടതായ ചിത്രമെഴുത്തിൽ തന്നാൽ പ്രോത്സാഹിക്കപ്പെട്ട യുവാക്കന്മാർ പിൻകാലങ്ങളിൽ വളരെ പ്രസിദ്ധി സംബാദിച്ചിട്ടുണ്ട്. എന്നാൽ എഴുതുകയും വായിക്കുകയും ചെയ്യുന്നതിലേക്കായിരുന്നു, രാമവർമ്മരാജകുമാരൻ തന്റെ സമയത്തെ മുക്കാലേ അരയ്ക്കാലും ഉപയോഗിച്ചത്. തന്റെ വായന വളരെ വിശാലമായിട്ടുള്ളതായിരുന്നു. അത്യന്തം വിനോദകരങ്ങളായ ഗ്രന്ഥങ്ങളും ഏറ്റവും കാര്യഗൌരവമുള്ള ഗ്രന്ഥങ്ങളും തന്റെ വായനയ്ക്ക് വിഷയങ്ങളായിരുന്നു. തന്റെ സ്വകാര്യ സംഭാഷണങ്ങളിൽ ചിലപ്പോൾ ടെനിസന്റെ 'ഇൻ മെമ്മോറിയാ' എന്ന പുസ്തകത്തിൽനിന്നും മറ്റു ചിലപ്പോൾ ഹോംസിന്റെ 'ആട്ടോ ക്രാറ്റ് ആഫ് ദി ബ്രേക് ഫാസ്റ്റ് റ്റേബിൾ' എന്ന പുസ്തകത്തിൽനിന്നും, ആനന്ദിപ്പിക്കുന്നതിനും അറിവുണ്ടാക്കുന്നതിനും വേണ്ടി തന്നാൽ എടുത്തു പറയപ്പെട്ട ചില സമുചിതകാര്യങ്ങളെക്കുറിച്ച് ഇപ്പോഴും ഓർത്തു സന്തോഷിക്കുന്നവരായ ആളുകൾ അനേകം ഉണ്ട്. അധികം പുസ്തകങ്ങളെ വായിക്കയാൽ തന്റെ വാചകരീതി ദിവസംതോറും അധികം പരിഷ്കൃതയായും സ്വാഭാവികതയുള്ളതായും ഭവിച്ചു. ആദ്യകാലങ്ങളിൽ തനിക്കു ലാർഡ് മെക്കാളിയുടെ വാചകരീതിയിൽ വളരെ

ഭ്രമം ഉണ്ടായിരുന്നു. അതിനാൽ ആദ്യകാലങ്ങളിൽ തന്നാൽ എഴുതപ്പെട്ട പുസ്തകങ്ങളിൽ മെക്കാളിയുടെ വാചകരീതി ചുവയ്ക്കുന്നതായി കാണാം.

— ഇൻഡ്യയിലെ മഹാന്മാർ

(ii) നായകന്റെ ബാല്യചരിതം

രംഗനാഥനെ എന്തെല്ലാം പഠിപ്പിക്കാൻ കഴിയുമോ അതെല്ലാം പഠിക്കുന്നതിനു രംഗനാഥൻ യോഗ്യതയുള്ളവനാണെന്നു ഞാൻ വാസ്തവമായി വിശ്വസിക്കുന്നു. ഈ വിശ്വാസം ഹേതുവായിട്ട് രംഗനാഥന്റെ പഠിപ്പ് അല്പമെങ്കിലും വർദ്ധിക്കുന്നതിനിടയുണ്ടെന്നു നിങ്ങൾ വിചാരിക്കുന്ന കാലത്തോളം രംഗനാഥൻ നിങ്ങളുടെ അടുക്കൽത്തന്നെ പഠിക്കണമെന്നാണു ഞാൻ ആഗ്രഹിക്കുന്നത്. ഇത് എത്രകാലത്തോളമായിരിക്കണമെന്നു നിങ്ങളെപ്പോലെ അത്ര നല്ലവണ്ണം നിർണ്ണയിക്കുന്നതിനു വേറെ ആർക്കും കഴിവുണ്ടായിരിക്കുന്നതല്ല. രംഗനാഥനെ സംബന്ധിച്ച നിങ്ങൾക്കു ബോധിച്ചതുപോലെ ഒക്കെയും ചെയ്യുന്നതിനുള്ള പൂർണ്ണാധികാരം നിങ്ങൾക്കു തരുന്നതിനു ഞാൻ എല്ലായ്പ്പോഴും വിചാരിച്ചിട്ടുണ്ട്. രംഗനാഥന്റെ അഭിവൃദ്ധിക്ക് അത്യന്തം അനുകൂലയായിട്ടുള്ള സ്ഥിതിയിൽ വെയ്ക്കുന്നതിന് എത്രത്തോളം കഴിവുണ്ടോ അത്രത്തോളം ആ സ്ഥിതിയിൽ രംഗനാഥനെ വെച്ചിരിക്കുന്നു എന്നാണു ഞാൻ വിശ്വസിക്കുന്നത്. ആ സ്ഥിതിയിൽ ഇരുന്നുംകൊണ്ട് എത്രമാത്രം സ്വാഭിവൃദ്ധി വരുത്താൻ കഴിയുമോ അത്രമാത്രം സ്വാഭിവൃദ്ധി രംഗനാഥൻ വരുത്തിക്കൊള്ളണമെന്നു മാത്രമേ എനിക്കൊരു വിചാരമുള്ളൂ. രംഗനാഥന് ആവശ്യമുള്ള പുസ്തകങ്ങൾ കൊടുക്കണമെന്നുള്ള എന്റെ അപേക്ഷയെ അനുസരിച്ച നിങ്ങൾ എത്രത്തോളം പ്രവർത്തിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നില്ല. ആ അപേക്ഷയെ രംഗനാഥന് അനുകൂലമായിട്ടുള്ള വിധത്തിൽ നിങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. രംഗനാഥന് ഇപ്പോൾ അധികം പുസ്തകങ്ങൾ ആവശ്യമുണ്ടായിരിക്കാം. ആ കാര്യത്തിൽ നിങ്ങൾ അശേഷം ലോഭം കാണിക്കരുതെന്നു ഞാൻ അപേക്ഷികുന്നു. എങ്ങനെ എന്നാൽ ഒരു നിഘണ്ടുവും, നല്ലനല്ല അകാരാദികളും അവയെ ഗുണപ്രദമായി ഉപയോഗിക്കത്തക്ക കാലം വന്നു എന്നു വിചാരിക്കുന്നപക്ഷം നിങ്ങൾ രംഗനാഥനു വാങ്ങിക്കൊടുക്കുന്നതിൽ എനിക്ക് അശേഷം വിസമ്മതമില്ല. പുസ്തകങ്ങൾ കൊടുക്കുമ്പോൾ അവ സ്വന്തങ്ങളാക്കി വച്ചുകൊള്ളാമെന്നോ ആരാൽ നൽകപ്പെട്ടവയാണെന്നോ നിങ്ങൾ രംഗനാഥനോടു പറയണമെന്നില്ല. നിങ്ങൾ ഇതിനു മുൻപിൽ അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കയില്ലെന്നാണു ഞാൻ വിചാരിക്കുന്നത്. ഇങ്ങനെ ആയാൽ പുസ്തകങ്ങളൊക്കെയും നിങ്ങളുടെ വകയാണെന്നു രംഗനാഥൻ വിചാരിക്കയും അവയെ സൂക്ഷിക്കുകയും ചെയ്യും. പഠിപ്പുമതിയാക്കി പോകുമ്പോൾ രംഗനാഥന്റെ സ്വന്തം വകയായി ആ പുസ്തകങ്ങളെ നിങ്ങൾക്കു കൊടുക്കാവുന്നതാണ്.

— ഇൻഡ്യയിലെ മഹാന്മാർ

(iii) മേരി

അവളുടെ രാജ്യഭാരത്തിന്റെ ആരംഭത്തിൽ അവൾക്ക് അവളുടെ സംബന്ധിനിയായി മേരിയെന്ന സ്കാട്ലണ്ടിലെ രാജ്ഞിയോട്ട് ഈർഷ്യ വർദ്ധിച്ചു. എന്തെന്നാൽ ആ രാജ്ഞി എലിസബത്തിന്റെ ജ്യേഷ്ഠത്തിയായ മേരി മരിച്ചുകൂടുമ്പോൾ രാജ്യത്തിലെ നേരെ അവകാശിനി താനാണെന്നുവെച്ച് ഇംഗ്ലണ്ടിലെ രാജ്ഞി എന്നുള്ള പേർ എടുത്തിരുന്നു. അവൾ റോമാമതത്തിൽ പ്രതിപത്തിയുള്ളവളായിരുന്നതിനാൽ അവളുടെ സ്വന്തജനങ്ങളും അവൾക്കു വിരോധികളായിരുന്നു.

— ഇംഗ്ലണ്ടുചരിത്രം

4. കർമ്മണിപ്രയോഗം, കർമ്മവിഭക്തിപ്രയോഗം മുതലായ ശൈലീഭംഗങ്ങൾ എടുത്തു കാണിക്കുക:

(i) നായികാവർണ്ണന

ഇവിടെ സംസ്കൃതകവികളുടേയും ഇംഗ്ലീഷ് കവികളുടേയും സിദ്ധാന്തങ്ങൾ രണ്ടും ശരിയാണെന്നു പലപ്പോഴും എനിക്കുതന്നെ തോന്നിയിട്ടുണ്ട്. കറുത്ത നിറത്തിലുള്ള തലമുടി എങ്ങനെ നമ്മുടെ സ്ത്രീകൾക്കു ഭംഗി തോന്നിക്കുന്നുവോ അതുപ്രകാരം തന്നെ സ്വർണ്ണവർണ്ണമായ തലമുടി ചില യൂറോപ്യൻ സ്ത്രീകൾക്ക് ബഹു ചേർച്ചയായും യോജ്യതയായും എന്റെ കണ്ണിൽ കാണപ്പെട്ടിട്ടുണ്ട്. കൺമിഴികളും മേല്പറഞ്ഞ വർണ്ണത്തിൽ ഉള്ളത് ചില യൂറോപ്യൻസ്ത്രീപുരുഷന്മാരിൽ എനിക്കു ബഹുഭംഗിയും ജീവനുമുള്ളതായി തോന്നപ്പെട്ടിട്ടുണ്ട്. മേല്പറഞ്ഞവിധം തലമുടിയും കണ്മിഴികളും ഉള്ള ചില യൂറോപ്യൻസ്ത്രീകളെ എന്റെ മനസ്സിന് അതിസുന്ദരികളാണെന്നു ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

— ഇന്ദുലേഖ

(ii) നായകന്റെ സ്വഭാവം

ഇക്കാലത്തു ബുക്കറിനാൽ പ്രദർശിക്കപ്പെട്ട വാഗ്ധാടിയുടെ ആസ്വാദ്യതഹേതുവായിട്ടു ഗുണകാംക്ഷികളായ സജാതീയരാൽ ഇവൻ സർക്കാരുദ്യോഗം സ്വീകരിക്കണമെന്നു പ്രാർത്ഥിതനായി. എന്നാൽ ഇവൻ ഈ താല്പര്യത്തിൽ വശംവദനായില്ല. എന്തെന്നാൽ ഇവന്റെ സ്ഥിരമായ വിശ്വാസം സ്വവർഗ്ഗോന്നതിക്ക് അവശ്യം അപേക്ഷിതമായതു സർക്കാരുദ്യോഗലബ്ധിയല്ലെന്നും, വിദ്യാലാഭത്തിലും, വ്യവസായത്തിലും, വസ്തുസമ്പാദ്യത്തിലും പ്രബലമായ ഒരു സ്ഥിരത നിജവംശക്കാർക്കുണ്ടായിരിക്കുന്നതാണെന്നും ആയിരുന്നു. രാജകീയപ്രവൃത്തിയിൽ ഒരുവിധം വിജയത്തെ പ്രാപിക്കുന്നതു ദുസ്സാധമാണെന്ന് ഇവനു വിചാരമില്ലായിരുന്നുവെങ്കിലും സ്വസുഖലാഭങ്ങളെ ത്യജിച്ചും സ്വജനങ്ങൾക്കായി അഭ്യുദയപ്രവൃത്തിയെ പ്രദാനം ചെയ്യുന്നവയായ

മാർഗ്ഗങ്ങളെ മനസ്സുകൊണ്ടും വാക്യംകൊണ്ടും സൌഹാർദ്ദംകൊണ്ടും സമ്പാദിക്കുന്നതു പുരുഷശ്രേഷ്ഠലക്ഷണമാണെന്നാണ് ഇവന്റെ മനസ്സ് ഇവനെ ഉപദേശിച്ചതു്. മേല്പറഞ്ഞ ജോലി തീർന്ന ഉടനെ ആംസ്റ്റാങ്ങ് ഹാംറ്റൺ സാംവത്സരികസമ്മേളനത്തിലേക്കായി ഒരു ഉപന്യാസം ബുക്കറിനോടാവശ്യപ്പെട്ടു. ഈ സൽക്കാരം ഇവനാൽ സ്വപ്നേപി ആകാംക്ഷിതമായിരുന്നതല്ല. അതിൻവണ്ണം 'വിജയീകൃതമാകുന്ന ശക്തി' എന്ന വിഷയത്തെപ്പറ്റി ഒരു പ്രബന്ധം തെയ്യാറാക്കി.

## സംസ്കൃതശുദ്ധി

ഭാഷയിലേക്ക് എടുക്കുന്ന സംസ്കൃതപദങ്ങൾക്കു സംസ്കൃതവ്യാകരണപ്രകാരമുള്ള ശുദ്ധി എത്രത്തോളം വേണം എന്ന ചോദ്യം പലപ്പോഴും നേരിടാറുണ്ടു്. അതിനാൽ ആ സംഗതിയെപ്പറ്റിയും ഒരു വിചാരണ ആവശ്യമായിരിക്കുന്നു. നാമങ്ങളേയും ധാതുക്കളേയും ഭാഷപ്പെടുത്തുന്നതിനുള്ള സാമാന്യനിയമങ്ങൾ വ്യാകരണത്തിൽ തത്ഭവപ്രക്രിയ എന്ന ഭാഗത്തിൽ വിസ്തരിച്ചിട്ടുണ്ടു്. അതുകളെ ഇവിടെ ആവർത്തിക്കുന്നില്ല. സമാസം ചെയ്യുക തദ്ധിതരൂപങ്ങൾ ഉണ്ടാക്കുക മുതലായതിൽ ഉണ്ടാകാറുള്ള സന്ദേഹങ്ങളെയാണ് ഇവിടെ എടുക്കുന്നതു്. സംസ്കൃതവ്യാകരണത്തിൽ ഉത്സർഗ്ഗം, അപവാദം, പ്രതിപ്രസവം, അതിനും അപവാദം എന്ന് അവസാനിക്കാതെ നീണ്ടുപോകുന്ന വ്യത്യസ്തങ്ങളെ എല്ലാം ഗ്രന്ഥസഹായം കൂടാതെ പരിച്ഛേദിച്ചു പറവാൻ മഹാപണ്ഡിതന്മാർക്കുപോലും അസാദ്ധ്യമാണു്. പ്രക്രിയാസർവ്വസ്വം എന്ന ഒരു വ്യാകരണഗ്രന്ഥം ചമച്ച നാരായണഭട്ടതിരിക്കുതന്നെ സ്വന്തകൃതികളിൽ പല അശുദ്ധപ്രയോഗങ്ങളും വന്നുപോയിട്ടുണ്ടു്. ഇങ്ങനെയുള്ള ഒരു ഭാഷയിൽനിന്നു കടം വാങ്ങാൻ പോകുന്ന പാവപ്പെട്ട മലയാളപദങ്ങളെ ശുദ്ധി പരീക്ഷിച്ചുവേണം സ്വീകരിപ്പാൻ എന്നു ശഠിക്കുന്നതു കുറെ സാഹസമാകുന്നു. നല്ല വൈയാകരണന്മാർ മാത്രമേ സംസ്കൃതത്തിൽനിന്നു പദമെടുക്കാൻ പോകേണ്ടു എന്നു വെയ്ക്കുന്നതായാൽ അങ്ങനെയുള്ളവരുടെ സംഖ്യ വളരെ ചുരുങ്ങും. ആവശ്യം നടക്കുകയില്ലെന്നും വരും. അതിനാൽ ഭാഷയിൽ ഉപയോഗിക്കുന്ന സംസ്കൃതത്തിനു വലിയ ശുദ്ധിനിർബന്ധമൊന്നും വേണ്ടെന്നുവെയ്ക്കുന്നതു തന്നെ കൊള്ളാം. ഈവിധം ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചാലേ ഭാഷയ്ക്കു പുഷ്ടി വരാൻ എളുപ്പമുള്ളു. മൃതഭാഷകളിലുള്ള നിർബന്ധമൊന്നും ജീവൽഭാഷയിൽ ചെല്ലുകയില്ല. വൃദ്ധയായ ഗൈർവ്വാണിക്കു വളർച്ച നിലച്ചു; കേരളി ഇന്നും പ്രായപൂർത്തിവരാത്ത യുവതിയാണു്. സംസ്കൃതത്തിലും ഒരു കാലത്ത് അവ്യവസ്ഥകൾ ഉണ്ടായിരുന്നതായി ആർഷപ്രയോഗങ്ങളിലും മറ്റും നാം കാണുന്നില്ലയോ? അതിനാൽ സംസ്കൃതത്തിന് ആർഷപ്രയോഗങ്ങളിൽ കാണുന്നതുപോലുള്ള അശുദ്ധി ഭാഷയിൽ സഹ്യമാണു്. സംസ്കൃതക്കാരൻ ശരിവെച്ചില്ലെങ്കിലും ഒരു സംസ്കൃതപ്രയോഗം ഭാഷയുടെ ആവശ്യത്തിനും നിയമങ്ങൾക്കും യോജിച്ചാൽ അതു ഗ്രാഹ്യം തന്നെ. നമുക്കു സംസ്കൃതം എങ്ങനെയോ അങ്ങനെയാണ് യൂറോപ്യൻഭാഷകൾക്ക് ലാറ്റിനും ഗ്രീക്കും ഭാഷകൾ. ആ ഭാഷകളിലെ പ്രകൃതികളിൽനിന്നു വ്യുൽപ്പാദിപ്പിച്ച പല പദങ്ങളും ഇംഗ്ലീഷിൽ കാണുന്നുണ്ടു്. അതുകളെല്ലാം ലാറ്റിൻ ഗ്രീക്കു വ്യാകരണ

പ്രകാരം സാധുക്കളാണോ? ഇംഗ്ലീഷിൽ ലൊ ലാറ്റിൻ (Low Latin) എന്ന് ഒരു ഭാഷ പറയുംപോലെ നമുക്കും ഒരു നീചസംസ്കൃതം ഇരിക്കട്ടെ. ഇത്രയും പ്രസ്താവിച്ചതുകൊണ്ട് സർവ്വാബദ്ധങ്ങളായ സംസ്കൃതപ്രയോഗങ്ങൾകൊണ്ടു മലയാളഭാഷയെ ദൂഷിപ്പിക്കുന്നതിന് അനക്ഷരകുക്ഷികൾക്ക് അനുവാദം കൊടുക്കണമെന്നു ഞാൻ ഒരിക്കലും അഭിപ്രായപ്പെടുന്നില്ല. ക്ഷേമകരമായ സ്വാതന്ത്ര്യം ആശാസ്യമാണെന്നല്ലാതെ ദുസ്വാതന്ത്ര്യം ഒരിക്കലും സമ്മതിക്കാവുന്നതല്ല. ഭാഷകൊണ്ട് കാര്യം നിർവ്വഹിക്കാമെങ്കിൽ സംസ്കൃതത്തെ ആശ്രയിക്കാൻ പോകരുത്. മലയാളത്തിനു സംസ്കൃതാപേക്ഷ ഇരിക്കുന്നിടത്തോളം കാലം ആ ഭാഷയിൽ നൈപുണ്യം ഇച്ഛിക്കുന്നവർ കഴിയുന്നിടത്തോളം സംസ്കൃതത്തിൽ ഒരു സ്ഥൂലജ്ഞാനമെങ്കിലും സമ്പാദിക്കാൻ ശ്രമിക്കുന്നതു നന്നായിരിക്കും. പരിചയമില്ലാത്ത ദുർഘടസ്ഥലങ്ങളിൽ ചെന്നുകയറി തോന്നിയതുപോലെ സഞ്ചരിക്കുന്നത് കരുതിവേണം. ഒരു *സംസ്കൃതശബ്ദം നല്ലവണ്ണം അറിഞ്ഞ് വേണ്ടുംവണ്ണം പ്രയോഗിച്ചാൽ ഇഹലോകത്തും പരലോകത്തും അഭീഷ്ടസിദ്ധിയുണ്ടാകുമെന്നുള്ള അർത്ഥവാദം സംസ്കൃതപക്ഷപാതികളും, സംസ്കൃതത്തിലെ നിബന്ധനകൾക്കു മലയാളം എന്തിനുൾപ്പെടുന്നു എന്ന അഹംഭാവം ഭാഷാഭിമാനികളും ഉപേക്ഷിച്ചാൽ മലയാളഭാഷയ്ക്കു ശ്രേയസ്സായിരിക്കും.

> ഏകഃ ശബ്ദഃ സമ്യക്ജ്ഞാതഃ സുപ്രയുക്തഃ സ്വർഗ്ഗേ ലോകേ ചകാമ
> ഹുക് ഭവതി.

ഇനി തർക്കപ്പെട്ട ചില കേസുകൾ എടുത്തു വിചാരണ ചെയ്യാം. ചിലതിൽ തീരുമാനം ന്യായമല്ലെന്നു തർക്കിക്കുന്നവർ അപ്പീലിനു പൊയ്ക്കൊള്ളട്ടെ.

1. അഹോവൃത്തി: ഇതു സന്ധിയിൽ അഹർവൃത്തി എന്നു വേണ്ടതാണെങ്കിലും ഭാഷയിൽ സാധുശബ്ദം തന്നെ. അഹോരാത്രം ഇത്യാദികളെപ്പോലെ സംസ്കൃതത്തിൽത്തന്നെ ഇപ്പദത്തെ

   വ്യത്യസ്തങ്ങളുടെ കൂട്ടത്തിൽ ഗണിക്കാൻ മടി തോന്നുന്നില്ല.

2. മനോസാക്ഷിയും മനോസുഖവും: ഇതുകളെ സമ്മതിക്കാൻ മനസ്സാക്ഷി സമ്മതിക്കുന്നില്ല. മനസ്സുഖവും കുറയും. സംസ്കൃതപ്രകാരം അസാക്ഷി എന്നും അസുഖം എന്നും അർത്ഥം

   വിപരീതമായി വരുന്നതിനാൽ ഇതു രണ്ടും ഗ്രാഹ്യങ്ങളല്ല.

3. സൂതികർമ്മണി: എനിക്കു രസിച്ചു; കഴുത്തിൽ ഒരു വള്ളികൂടി കെട്ടിയാൽ (കർമ്മിണി – എന്നാക്കിയാൽ) സംസ്കൃതക്കാരും സ്വീകരിച്ചുകൊള്ളും.

4. പ്രാധാന്യത: ഇതിനു പൌനരുക്ത്യദോഷമേ ഉള്ളൂ. ഇതു പ്രധാനതയും പ്രധാന്യവും കൂടി ഉരുക്കി വാർത്തതായിരിക്കണമെന്നു തോന്നുന്നു. പ്രാധാന്യം കൊണ്ടു തൃപ്തിപ്പെടാത്തവരാണ് പ്രാധാന്യതയ്ക്കു പോകുന്നത്. സേനൈവസൈന്യം എന്ന മട്ടിൽ പ്രധാനമേവ പ്രാധാന്യം എന്നു കൽപിച്ച് സംസ്കൃതക്കാർക്ക് ഒരുവിധം സമാധാനപ്പെടാൻ മാർഗ്ഗമുണ്ട്. ഭാഷയിൽ ഗുരുക്കന്മാർ ഇത്യാദികളിൽ ഇരട്ടിച്ച

ബഹുവചനരൂപം കാണുന്നതുപോലെ ഇതു് ഇരട്ടിച്ച തന്മാത്രരൂപം എന്നും പറഞ്ഞുനിൽക്കാം. എങ്കിലും പ്രാധാന്യതയെ സ്വീകരിക്കുന്നപക്ഷം അക്കൂട്ടത്തിലുള്ള ദൌർബല്യത, വേഗത മുതലായ ഇരട്ടിപ്പുകളേയും സ്വീകരിക്കേണ്ടിവരും. അതിനാൽ പ്രസിദ്ധനായ ചന്തുമേനവൻ മുതലായ മഹത്തുക്കളുടെ കൃതികളിൽപ്പോലും ചാടിവീണിട്ടുള്ള ഈവകപ്രയോഗങ്ങൾ അനുകരണീയങ്ങളല്ലെന്നു തള്ളുകയേ നിർവ്വാഹമുള്ളു. പ്രാധാന്യം, ദൌർബല്യം, വേഗം എന്നു ശരിയായ രൂപങ്ങളാണ് മിക്ക ദിക്കിലും കാണുന്നതു്. വ്യത്യസ്തമാക്കി പ്രയോഗിച്ചതുകൊണ്ടു് ഒരു മെച്ചം നേടേണ്ടതും കാണുന്നില്ല. ആകപ്പാടെ നോക്കുമ്പോൾ വിദ്യാർത്ഥികൾ സംസ്കൃതത്തിലെ ആർഷപ്രയോഗങ്ങളെപ്പോലെ ഇതുകളെ സബഹുമാനം ഉപേക്ഷിക്കയാണ് വേണ്ടതു്. “എന്തും ചെയ്യാം മഹതാം” ചന്തുമേനവന്റെ ഝളഝളായമാനമായ വാഗ്ധാടിയിൽ ഇതെന്നല്ല ഇതിലധികം വ്യത്യസ്തപ്രയോഗങ്ങളും നിലാവിൽ കളങ്കമാലിന്യമെന്നപോലെ തെളിയുകയില്ല. മോശക്കാരുടെ വാഗ്വിഡംബനയിലാകട്ടെ, കൂരിരുട്ടത്തുവെച്ച വിളക്കുപോലെ വിളങ്ങിക്കൊണ്ടിരിക്കും.

5. ക്രമീകരിക്ക: കരിക്ക എന്നതിന് ഒന്നിനെ ഒരുവിധമാക്കിച്ചെയ്ക എന്നാണർത്ഥം. അതിനാൽ നാമവിശേഷണങ്ങളിൽ മാത്രമേ ‘കരിക്ക’ ചേർക്കാവൂ. ക്രമീകരിക്കയിൽ ‘ക്രമം’ നാമമാകയാൽ ഇതു യോജിക്കയില്ല. ‘ക്രമപ്പെടുത്തുക’ എന്നു മലയാളരൂപം കൊണ്ടു് ആവശ്യം സാധിക്കാമെന്നിരിക്കെ സംസ്കൃതമാവാൻവേണ്ടി കരിച്ചു ചീത്തയാക്കുന്നതെന്തിന്?

6. അധികരിക്കുക: അധികമാവുക എന്ന അർത്ഥത്തിലാണ് ഇങ്ങനെ ഒരു പദം സൃഷ്ടിച്ചുകാണുന്നതു്. എന്നാൽ ഇതിന് അധികശബ്ദത്തോടു് യാതൊരു സംബന്ധവുമില്ല. ‘അധികാരം’ എന്ന നാമത്തിനെ ക്രിയാരൂപമാണിതു്. ഒരേ ധാതുവിന് ക്രിയാരൂപത്തിൽ ഒരർത്ഥവും നാമരൂപത്തിൽ വേറെ ഒരർത്ഥവും കല്പിച്ചിട്ടാവശ്യമില്ല. അധികശബ്ദത്തോടു സംബന്ധമില്ലാത്തതിനാലും, ‘അധികപ്പെടുക’ എന്നു ശരിയായ രൂപംകൊണ്ടു തൃപ്തിപ്പെടാവുന്നതിനാലും അധികരിക്കുക സ്വീകാരയോഗ്യമല്ല.

7. ലൌകീകവും വൈദീകവും: ലൌകികത്തിലും വൈദികത്തിലും വിധായകത്വം വഹിക്കുന്നതിനു നമുക്കധികാരമില്ലെങ്കിലും ദീർഘം അനാവശ്യമാണെന്നു പറകയേ നിർവ്വാഹമുള്ളൂ. സംസ്കൃതത്തിലെ ദീർഘങ്ങളെ കുറുക്കുകയാണ് മലയാളത്തിൽ നടപ്പ്. തത്ഭവപ്രക്രിയയിലെ വിധികൾ നോക്കുക. മൂന്നക്ഷരമുള്ള ഒരു പദം മുഴുവൻ ദീർഘമായിരുന്നാൽ ഉള്ളതിലധികം ഉച്ചാരണസൌകര്യം; മദ്ധ്യസ്വരം ഹ്രസ്വമായിരുന്നാൽ ദീർഘം ചെയ്യുന്നതിന് ഒരു ന്യായവും കാണുന്നില്ല.

8. അതിശയനീയം: അതിശയിക്കുക എന്ന ക്രിയയ്ക്കു വിസ്മയിക്ക എന്നു സംസ്കൃതത്തിലർത്ഥമില്ല; ഭാഷയിൽ എങ്ങനെയോ വന്നുചേർന്നതാണ്. അർത്ഥം മാറിയ സ്ഥിതിക്കു് ‘അനീയം’ എന്ന സംസ്കൃതത്തിലെ കൃത്യപ്രത്യയം ചേർക്കാമോ എന്നാണു ശങ്ക. അതിനു വിരോധമില്ലെന്നുതന്നെ വിധിക്കേണ്ടിയിരിക്കുന്നു. ധാതുവിന്

അർത്ഥം മാറുമ്പോൾ അതിനനുസരിച്ചുള്ള അർത്ഥഭേദം അതിൽനിന്നുതഭവിക്കുന്ന പദങ്ങൾക്ക് വരുന്നതിനു വിരോധമെന്ത്? അതിശയം എന്ന ഭാവരൂപത്തിനു വിസ്മയം എന്നർത്ഥം വരുന്നല്ലോ? അതുപോലെ കൃത്യപ്രത്യത്തിനും എന്നേയുള്ളൂ. രൂപനിഷ്പത്തിക്രമമെല്ലാം സംസ്കൃതപ്രകാരംതന്നെ അനുഷ്ഠിക്കയും അർത്ഥം മാത്രം മാറ്റുകയും ചെയ്യുന്നതിനു ഭാഷയ്ക്കധികാരമുണ്ട്. ഇതുപോലെതന്നെ വ്യവഹരിക്കുക എന്ന ധാതുവിന് അർത്ഥം മാറ്റീട്ടു വ്യവഹാരം, വ്യവഹാരി ഇത്യാദി രൂപങ്ങളെ ഉപയോഗിക്കാറുണ്ട്.

9. നായികാനായകന്മാർ: സംസ്കൃതപ്രകാരം അസാധുവാണെങ്കിലും ഏകശേഷം എന്ന സമ്പ്രദായം ഭാഷയിലില്ലാത്തതിനാൽ ഈ പ്രയോഗത്തിനു യാതൊരാക്ഷേപവു മില്ല.

10. സ്വയംപരിഷ്കാരം: സ്വയം എന്ന ശബ്ദത്തിലെ അനുസ്വാരം ലോപിക്കാവുന്നതല്ല; സ്വയംഭൂ, സ്വയംപ്രകാശം ഇത്യാദി പദങ്ങൾ നോക്കുക. അതിനാൽ സ്വയം പരിഷ്കാരം തെറ്റാകുന്നു. സ്വയം ശബ്ദമെടുക്കാതെ സ്വശബ്ദമെടുത്താൽ ഈവക ശല്യമൊന്നുമില്ല. സ്വപരിഷ്കാരം, സ്വരക്ഷ, സ്വാഭിമാനം എന്നും മറ്റും ഉപയോഗി ച്ചേച്ചാൽ ആർക്കും ആവലാതിക്കു വകയില്ല.

11. പാകത: 'പാകം' പോരെയോ എന്നാണിവിടെ സംസ്കൃതക്കാരനു തർക്കം. എന്നാൽ പാകശബ്ദം ധർമ്മപരമായിട്ടു വൈദികസംസ്കൃതത്തിൽ കാണുന്നുള്ളതിനാൽ പാക തയ്ക്ക് ഒരു ദോഷവുമില്ല.

12. അനുഭാവം, പ്രതിഭാവം: ഈ പദങ്ങളെ Sympathy, Antipathy എന്ന ഇംഗ്ലീഷി നു തർജ്ജിമയായി ചിലർ പ്രചരിപ്പിക്കാൻ ആരംഭിച്ചുകാണുന്നു. അനുഭാവശബ്ദ ത്തിനു സംസ്കൃതത്തിൽ മാഹാത്മ്യദ്യോതകമായ തേജോവിശേഷമെന്നാണർത്ഥം. ഈ അർത്ഥം അവലംബിച്ചു മലയാളത്തിലും മഹാനുഭാവൻ എന്ന പദം ഉപയോ ഗിക്കാറുണ്ട്. ഉള്ളിലുദിക്കുന്ന കോപാദിവികാരങ്ങളുടെ ബാഹ്യചിഹ്നങ്ങൾ അല്ലെ ങ്കിൽ സ്തോഭങ്ങൾ എന്ന അർത്ഥത്തിലും ഇപ്പദം നടപ്പുണ്ട്. ഇതിൽ ഒന്നാമത്തെ അർത്ഥം കുറിക്കാൻ ഭാഷയിൽ വേറെ പദമില്ലാത്തതിനാലും Sympathy എന്ന ഇം ഗ്ലീഷിനു ശരിയായിട്ട് അനുകമ്പ എന്ന വേറെ പദമുള്ളതിനാലും അനുഭാവശബ്ദത്തി ന് അർത്ഥം മാറ്റാനുള്ള ആവശ്യം കാണുന്നില്ല. പ്രതിഭാവത്തിനാകട്ടെ വിവക്ഷി താർത്ഥത്തിന്റെ പ്രതീതിപോലുമില്ല. അനുകമ്പയോടെതിർക്കാൻ പ്രതികമ്പയോ മറ്റോ ഒന്നു വേണമെന്നു നിർബ്ബന്ധവുമില്ലല്ലോ.

13. ബന്ധിതൻ: ഇതിൽ സംസ്കൃതവൈയാകരണനും വളരെ ആക്ഷേപത്തിനൊന്നും വകയില്ല.

14. ജന്മേപി: ഇതൊരു വിചിത്രസൃഷ്ടിയാണെങ്കിലും വളരെ അർത്ഥശക്തിയുള്ള വാചക മാണ്. സംസ്കൃതശുദ്ധിവാദികൾ എന്തുതന്നെ ശിക്ഷ വിധിച്ചാലും ഇതിനെ ഞാൻ ജന്മേപി ഉപേക്ഷിക്കയില്ല. സംസ്കൃതത്തിൽ ജന്മൻ എന്നു നകാരാന്തമായാലും ആ ഭാഷയിൽത്തന്നെ പ്രഥമൈകവചനത്തിൽ 'ജന്മ' എന്നു നകാരാലോപമുള്ള

തിനാൽ 'പ്രഥമൈകവചനം പ്രകൃതി' എന്ന തത്ഭവപ്രക്രിയപ്രകാരം ഭാഷയിൽ ഇതു് അകാരാന്തമാണ്. പിന്നീട് സംസ്കൃതസപ്തമ്യേകവചനരൂപം കൊടുത്തതിനാലാണ് സ്വാതന്ത്ര്യം കാണിച്ചതു്. അതു ഭാഷാഭേദംകൊണ്ടു ബലം വരുത്താനാണെന്നു സമാധാനപ്പെടാം. 'ധാവതി' എന്ന വർത്തമാനരൂപത്തിനു് ഓടി എന്ന ഭൂതാർത്ഥം വിവക്ഷിക്കുന്നതും ഇതുപോലെതന്നെ ഗ്രാഹ്യമാണ്. 'മനസാ വാചാ', 'രൂപേണ', 'ഭാഗ്യവശാൽ', 'പ്രതിബന്ദ്യാ', 'ക്രമേണ',' ഏവഞ്ച', 'പുനശ്ച' 'പ്രത്യുത' ഇത്യാദി സംസ്കൃതവാചകങ്ങളും അവ്യയങ്ങളും ഭാഷയിൽ നടപ്പായിട്ടുണ്ട്. ഇതുപോലെ വേറെയും തനി സംസ്കൃതം ചേർക്കുന്നതു് ഭാഷയ്ക്കു് അലങ്കാരമായിരിക്കും. ഇംഗ്ലീഷിൽ ലാറ്റിൻ, ഫ്രഞ്ച്, എന്ന ഭാഷകളിൽനിന്നു വാചകങ്ങളെടുക്കാറുള്ളതുപോലെ നമുക്കു സംസ്കൃതത്തിൽനിന്നും എടുക്കാൻ ന്യായമുണ്ട്.

15. വയോധിക്യം: വയോധികൻ ശരിയാണെങ്കിലും വയോധിക്യം തെറ്റാണ്. പ്രായാധിക്യം എന്ന മലയാളം ഉപയോഗിക്കുന്നതു കൊള്ളാം.

16. ത്രാണനം: ത്രാണം എന്നു മതി. ത്രാണനം ഇരട്ടിപ്പാണ്. എന്നാൽ ഈ രൂപം എഴുത്തച്ഛൻ മുതലായവർ കൂടി ഉപയോഗിച്ചിട്ടുണ്ട്. പ്രാധാന്യതയിലും മറ്റും അർത്ഥത്തിനേ ഇരട്ടിപ്പുള്ളു. അതിലും കടന്ന കൈയാണിതു്. പൂർവ്വപ്രയോഗങ്ങളെ സ്വീകരിക്കയും മേലാൽ പ്രയോഗിക്കാതിരിക്കയും ചെയ്താൽ കൊള്ളാമെന്നു തോന്നുന്നു.

## സന്ധിനിർബന്ധം

പദങ്ങളെ തുടരെച്ചേർത്തു ധാരാരൂപേണ ഉച്ചരിക്കണമെന്നുള്ള സംഹിതാനിർബ്ബന്ധം പ്രബലമായി അനുഷ്ഠിക്കുന്ന സംസ്കൃതത്തിൽപ്പോലും ഗദ്യത്തിൽ പദങ്ങൾക്കു സന്ധി മനസ്സുപോലെ ചെയ്യാതിരിക്കാം എന്നു വിധിയുണ്ട്. ഭാഷയിലാകട്ടെ പദാന്തസന്ധി സ്വരങ്ങൾക്കു തമ്മിലേയുള്ളു. പദമദ്ധ്യസന്ധി സർവ്വഭാഷകളിലും നിത്യമാകയാൽ മലയാളത്തിലും അങ്ങനെ തന്നെ. വാസ്തവം നോക്കുമ്പോൾ പ്രകൃതിപ്രത്യയവിഭാഗംകൊണ്ടു പദങ്ങളെ വിവരിക്കുന്നതു് വൈയാകരണന്റെ കൃത്രിമമെന്നേ വിചാരിപ്പാനുള്ളു. മറ്റുള്ളവർ അതു ഗണിക്കയില്ല. സമാസത്തിൽ ഏകപദത്വപ്രതീതിക്കുവേണ്ടി സന്ധി ആവശ്യമാണ്; ശ്ലോകത്തിലും വൃത്തബന്ധദാർഢ്യത്തിനുവേണ്ടി സന്ധി ചെയ്യണം. ഗദ്യങ്ങളിൽ സന്ധി വിട്ടു് എഴുതുന്നതുതന്നെ കൊള്ളാം. സംസ്കൃതത്തിൽ 'പ്രകൃതിഭാവം' എന്നു പറയുന്ന സന്ധിത്യാഗം ഭാഷയിലുമുണ്ട്. ഈ അംശം കേരളപാണിനീയത്തിൽ എടുത്തു പ്രതിപാദിക്കാൻ വിട്ടുപോയതിനാൽ ഇവിടെ സംക്ഷേപിക്കാം:

1. നിപാതങ്ങളിലെ ദീർഘമായ അന്ത്യസ്വരം സന്ധിക്കു നിമിത്തമാകയില്ല.

ഉദാഹരണം:

എന്തോ ഏതോ ആരോ ഒക്കെ ഉത്സാഹിച്ചു – ഇവിടെ 'ഒ' എന്നു ചേർന്നു സന്ധിയില്ല.

ഉണ്ടോ ഇല്ലയോ എന്നു ചോദിച്ചു – ടി

നീ ചൊന്നാലേ അവൻ വരൂ – ടി ‘എ’ ടി

എടാ അസത്തേ!

എടീ അധികപ്രസംഗീ!

എടോ അമാന്തക്കാരാ!

2. പേരെച്ചപ്രത്യയമായ അകാരവും സമാസമില്ലെങ്കിൽ പരസ്വരത്തോടു സന്ധിക്കയില്ല.

ഉദാഹരണം: സത്യമായ ഒരു വാക്കു്; ദിവാൻ എന്ന ഉദ്യോഗം; ചത്തുപോയ ആൾ; വിദ്വാൻ എന്നുള്ള അഹംഭാവം.

പദ്യത്തിൽ സന്ധിനിർബ്ബന്ധമുള്ളതിനാൽ ഈമാതിരി പ്രയോഗങ്ങൾക്കു് അംഭംഗി തോന്നും. അതിനാൽ ‘സത്യമായൊരു വാക്കു്’ എന്നു് ‘ഒരു’ കൂട്ടിച്ചേർക്കയോ ‘വിദ്വാനെന്നുള്ളഹംഭാവം’ എന്നു് അകാരം ലോപിപ്പിക്കയോ വേണം. പദ്യങ്ങളിൽ പലേടത്തും ഇതുപോലെ സന്ധി ഭംഗിയാക്കേണ്ടിവരും.

3. ഏതു പദത്തെ ഉറപ്പോടുകൂടി ഉച്ചരിച്ചു വേർതിരിച്ചു കാണിക്കണമെന്നു വിവക്ഷിതമോ ആ പദത്തേയും സന്ധികൊണ്ടു ചേർക്കരുതു്.

ഉദാഹരണം: ശങ്കു എവിടെ; നാണു എങ്ങോട്ടു പോയി; നാണി എന്നവൾ.

4. വിശേഷണവിശേഷ്യഭാവംകൊണ്ടും മറ്റും അടുത്തു് അന്വയിക്കുന്ന പദങ്ങളെ മാത്രമേ ഗദ്യത്തിൽ സന്ധിചേർത്തെഴുതേണ്ടൂ.

ഉദാഹരണം:

നീ ഇനി ഇങ്ങനെ എത്ര അസത്യം പറയും?

ഇവിടെ സന്ധി ചേർത്തു് നീയിനിയിങ്ങനെയെത്രയസത്യം പറയും? എന്നാക്കീട്ടാവശ്യമില്ല.

# 10

## ഔചിത്യം

ഔചിത്യം എന്നതു സാഹിത്യത്തിൽ സർവ്വത്ര ദീക്ഷിക്കേണ്ടതാകുന്നു. ഗുണം, ദോഷം എന്ന വിവേചനത്തിന്റെതന്നെ അടിസ്ഥാനം ഔചിത്യമാണ്. സ്ഥാനത്തിലും അവസരത്തിലും പ്രയോഗിച്ചാൽ ദോഷം പോലും ഗുണമാകും; അസ്ഥാനത്തിലും അനവസരത്തിലും പ്രയോഗിച്ചാൽ ഗുണവും ദോഷമായിപ്പോകും. ഔചിത്യം സാഹിത്യവിദ്യയുടെ ജീവനാഡിയാകുന്നു. പ്രസ്താവിച്ചതു് ഒടുവിലായാലും ഔചിത്യം എന്നതു് എല്ലാത്തിലും ആദ്യമായി ആലോചിക്കേണ്ടുന്ന ഒരെണ്ണമാകുന്നു. ഉചിതം നോക്കി പ്രവർത്തിച്ചാലേ കാര്യസിദ്ധിയുണ്ടാകയുള്ളു എന്നതു് അനുഭവസിദ്ധമാകയാൽ ഈ പ്രകൃതത്തെ ഇതിലധികം വിസ്തരിച്ചിട്ടാവശ്യമില്ല.

സ്ഥലം, കാലം, അവസ്ഥ, അവസരം, വക്താവ്, ശ്രോതാവ്, കഥാപുരുഷർ, അവരുടെ വയസ്സ്, സാമുദായികസ്ഥിതി, പിതൃപുത്രാദി സംബന്ധം മുതലായ സകല എണ്ണങ്ങളിലും ഔചിത്യം വേണം. ഇതുകളിൽ സ്ഥലകാലാദികളായ ചില എണ്ണങ്ങളെപ്പറ്റി പൂർവ്വഭാഗത്തിൽ വർണ്ണനയുടെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ഗ്രാമ്യപദങ്ങളും മറ്റും നീചപാത്രങ്ങളുടെ വാക്കായിട്ടു പ്രയോഗിക്കുന്നതു ഗുണമാകും എന്നു പദവിചാരണയിലും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതുപോലെ ശേഷമുള്ളതിലും ഊഹിച്ചുകൊള്ളുക. സർവ്വവ്യാപിയായ ഔചിത്യത്തിനു വിഷയമിത്ര എന്നു ക്ലിപ്തപ്പെടുത്തുന്നതു് അസാദ്ധ്യമാകയാൽ ഓരോ അംശത്തേയും പ്രത്യേകിച്ചെടുത്തു വിചാരണചെയ്‌വാൻ വിചാരിക്കുന്നില്ല. ഒന്നോ രണ്ടോ ഉദാഹരണം മാത്രം കാണിക്കാം. ലങ്കാദഹനം കഴിച്ചുമടങ്ങിയ ഹനുമാൻ തന്റെ വരവു കാത്തുനിൽക്കുന്ന വാനരന്മാരോടും ശ്രീരാമനോടും സ്വവൃത്താന്തം പറയുന്നതു് 'കപിനിവഹവീരരേ! കണ്ടിതു സീതയെ!' എന്നും 'കനിവിനൊടു കണ്ടേനഹം ദേവിയെ' എന്നുമാണ്. രണ്ടിടത്തു 'കണ്ടേൻ' എന്ന പദം ക്രമം തെറ്റിച്ചു് ആദ്യം പ്രയോഗിച്ചതു് എത്രയോ ഉചിതമായി! സീതയെ കണ്ടോ ഇല്ലയോ എന്നാണു ശ്രോതാവിന് അറിവാൻ പരിഭ്രമം; വിവരങ്ങളെല്ലാം സാവധാനത്തിൽ അറിയേണ്ടതേയുള്ളു. ഇതുപോലെ ശാകുന്തളത്തിൽ ഒളിച്ചുനിന്നു വിസ്രംഭസല്ലാപം കേട്ടുകൊണ്ടിരുന്ന രാജാവു് ദുഷ്ടഭ്രമരബാധയിൽനിന്നു

ശകുന്തളയെ രക്ഷിപ്പാൻ പ്രത്യക്ഷനാകുമ്പോൾ ചോദിക്കുന്നതു്:

ആരിവൻ ഖലരെ നിഗ്രഹിക്കുമപ്പൌരവൻ
നൃപതി നാടു വാഴവേ
ഭീരുവാമൊരു തപസ്വികന്യയിൽ സ്വൈരവൃത്തി
തുടരുന്ന ധൃഷ്ടനായ്

എന്നാണ്. ഇവിടെ ദൂരാന്വയം സഹിച്ച് 'ആരിവൻ' എന്ന ചോദ്യം കൊണ്ടു വാക്യം ആരംഭിച്ചതിന്റെ ഔചിത്യം നോക്കുക. ഇതിന്നു വിപരീതമായിട്ടു മാലതീമാധവത്തിൽ കടുവാ വരുന്നു എന്നു വിളിച്ചുപറയുന്ന വാക്യം വളരെ അനുചിതമായിപ്പോയി. ആ വാക്യം വളരെ നീണ്ടുപോയതിനുപുറമേ അതിൽ വർണ്ണനയെല്ലാം കഴിഞ്ഞു് ഒടുവിലാണ് സംഗതി പറയുന്നതു്. കടുവായുടെ വിശേഷണമെല്ലാം വിസ്തരിച്ചുകഴിയും മുമ്പേ ആ ദുഷ്ടജന്തു ഓടിയെത്തി കഴുത്തിൽ പിടികൂടിക്കഴിയും. ഈവിധം ഔചിത്യഭംഗത്തിന് ഇടം കൊടുക്കാതെ സൂക്ഷിക്കണം.

## ഉപസംഹാരം

കൃതിപ്രണയനം എന്ന ഈ ഉത്തരഭാഗത്തിൽ അടങ്ങിയ വിവരമെല്ലാം ഒരു വാക്യം കൊണ്ടു സംഗ്രഹിക്കാം; പദം, വാക്യം, സന്ദർഭം ഇതുകൾക്കു് ശുദ്ധിക്കുറവു വരാതെ, ഔചിത്യം സർവ്വത്ര ദീക്ഷിച്ചുംകൊണ്ടു്, അറിയാവുന്ന സംഗതി, അതിശയോക്തിയും അത്യുക്തിയും കൂടാതെ പ്രസ്താവിച്ചു കൊള്ളുക.

'പെടുക'യ്ക്കും മറ്റും ഉദാഹരണം:

പവിഴം പവിഴം ഇന്നതാണെന്നു് ചെറിയ കുട്ടികൾക്കു കൂടി അറിയാമെന്നിരുന്നാലും അതിന്റെ ഉണ്ടോല്പത്തിവിഷയത്തിൽ വലിയ ആളുകൾ കൂടി മൂഢാഭിപ്രായന്മാരായി കാണപ്പെടുന്നു. ആ സ്ഥിതിക്കു് അതിനെപ്പറ്റി സ്വല്പമായി വിവരിക്കുന്നതു് അനുചിതമായിരിക്കയില്ലല്ലോ. ഇതു പ്രത്യേകശക്തിയുള്ള ഒരുവക ചെടിയാണെന്നും ഇതിനെയാണ് വെട്ടിയെടുത്തു കൊണ്ടുവരപ്പെടുന്നതു് എന്നും മറ്റും അനേകവിധത്തിൽ ജനങ്ങൾ വിശ്വസിച്ചുവന്നിരുന്നു. യൂറോപ്പുദേശക്കാരും സുമാർ നൂറു വർഷത്തിനുമുമ്പു് പവിഴം എന്നതു് ഒരു ചെറിയ ചെടിയാണെന്നും അതു് സമുദ്രത്തിനടിയിൽ മുളച്ചുവരുന്നു എന്നും നിർണ്ണയിച്ചിരുന്നു. ഇക്കാലത്തു ശാസ്ത്രസംബന്ധമായ അന്വേഷണത്താൽ ലോകത്തിലുള്ള വസ്തുക്കളുടെ വാസ്തവസ്ഥിതി, അതിന്റെ ഗുണം മുതലായതുകൾ ഗ്രഹിപ്പാൻ തക്ക സൌകര്യം ലഭിച്ചിരിക്കുന്നതിനാൽ എല്ലാവരും ഈ വസ്തുവിന്റെ വാസ്തവമായ സ്ഥിതിയെ ഗ്രഹിക്കേണ്ടതു് ആവശ്യമാകുന്നു. ഇതു് ഒരുമാതിരി സമുദ്രജന്തുക്കളിൽനിന്നും ഉത്ഭവിക്കുന്നതാകുന്നു. ഈ ജന്തുക്കൾ സമുദ്രത്തിൽ അധികം തണുപ്പില്ലാത്തതായ പ്രദേശങ്ങളിൽ 60 അടി മുതൽ 180 അടിയിൽ അധികപ്പെടാത്തതായ ആഴത്തിൽ സ്ഥിതിചെയ്യുന്നു. ആയതിനാൽ സാധാരണമായി പവിഴങ്ങൾ ഇതിൽ കൂടുതൽ ആഴമായ

സ്ഥലങ്ങളിലുണ്ടാകുന്നതല്ല. ചേറു്, മണ്ണ് മുതലായ വസ്തുക്കൾ ഇതിന്റെ വളർച്ചയ്ക്കു വിപരീതമാകയാൽ സമുദ്രത്തിനടിയിൽ പാറകളുള്ള സ്ഥലങ്ങളിൽ ഈ ജന്തുക്കൾ താമസിച്ച് അഭിവൃദ്ധിപ്പെടുകയും അതുകളുടെ ദേഹത്തിൽനിന്നും ഉത്ഭവിക്കുന്നതായ ഒരുവിധം കട്ടിയായ വസ്തുവിനെക്കൊണ്ടു പവിഴപ്പാറകളെ ഉണ്ടാക്കുകയും ചെയ്യുന്നു. വ്യാപാരത്തിനായി കൊണ്ടുവരുന്നതായ പവിഴങ്ങൾ ഈ പാറകളിൽനിന്നും ചെടികളെപ്പോലെ മുളച്ചു മേല്പോട്ടുയർന്നുനിൽക്കുന്നതായ പവിഴപ്പാറകളാണ്. ഇതിനെ വെട്ടിയെടുക്കുന്നതിനുമുമ്പായി ഒരുമാതിരി പായലുകളെക്കൊണ്ടു മൂടപ്പെട്ടു വഴുവഴുപ്പോടും മിനുമിനുപ്പോടും കൂടിയിരിക്കും. ഇങ്ങനെയുള്ള പവിഴപ്പാറകളുടെ ശാഖാഗ്രത്തിൽ ഒരുമാതിരി മുട്ടകൾ കാണപ്പെടുന്നു. ഈ മുട്ടകളുടെ അകത്ത് ഓരോ പവിഴപ്രാണികൾ വീതം കാണപ്പെടുന്നതാണ്. ഈ മനോഹരമായ ചെറിയ ജന്തുക്കളെയാണത്രെ പവിഴപുഷ്പമെന്നു പറഞ്ഞുവരുന്നത്. പവിഴങ്ങളുടെ വർണ്ണം ശുദ്ധവെള്ള, കോവൽപ്പഴത്തിനോടു് സാദൃശ്യമുള്ള ചുവപ്പു മുതലായ അനേകതരങ്ങളാണ്. അതുകളുടെ വില നിറത്തേയും വലിപ്പത്തേയും ആശ്രയിച്ചിരിക്കും. റോസ് വർണമുള്ള പവിഴത്തിനു മറ്റെല്ലാ പവിഴത്തേക്കാൾ വില അധികമായിരിക്കും. ശീതോഷ്ണം സമമായിരിക്കുന്ന സമുദ്രപ്രദേശങ്ങളിൽ മിക്കവാറും പവിഴങ്ങൾ ഉണ്ടെങ്കിലും വ്യാപാരത്തിനായി കൊണ്ടുവരപ്പെടുന്നത് ഏറിയകൂറും യൂറോപ്പിലുള്ള മദ്ധ്യോത്തരക്കടലുകളിൽനിന്നും എടുക്കപ്പെടുന്നവയാണ്. പവിഴം എടുക്കുന്നതിനായി ഒരുവക യന്ത്രങ്ങളുണ്ടു്. ഈ യന്ത്രത്തിന്റെ നീളേയും കുറുക്കെയും രണ്ടു് ഇരുമ്പുതുണ്ടുകളെ വെച്ചുറപ്പിച്ച് (ആയതു് ക്രിസ്തുദേവാലയങ്ങളിൽ കാണപ്പെടുന്ന കുരിശുപോലെയിരിക്കും) ഇതിന്റെ അഗ്രങ്ങളിൽ ഓരോ വലയും കെട്ടിത്താഴ്ത്തി ഈ യന്ത്രങ്ങളാൽ പവിഴപ്പാറകളെ പിടിച്ച് ആ കഷണങ്ങളെ വലയിൽ വാരി എടുക്കുന്നു. മുത്തുകളെടുക്കുന്നതുപോലെ സമുദ്രത്തിൽ മുങ്ങിയും പവിഴങ്ങൾ എടുക്കപ്പെടുന്നുണ്ടു്. അനേക നൂറ്റാണ്ടുകൾക്കു മുമ്പായി പവിഴം ആഭരണത്തിനായും അലങ്കാരത്തിനായും ഉപയോഗപ്പെടുത്തപ്പെട്ടുവന്നു.

2000 വർഷത്തിനുമുമ്പ് ജീവിച്ചിരുന്നവരായ റോമർ ജാതിക്കാർ, ഇതിനെ രക്ഷയ്ക്കായി കുട്ടികളുടെ കഴുത്തിൽ കെട്ടുന്നതിനും അനേകം ഔഷധങ്ങൾക്കുമായി ഉപയോഗിച്ചുവന്നിരുന്നു. ഇപ്പോഴും ഇറ്റലിദേശക്കാർ കൺദോഷത്തിനും സ്ത്രീകൾക്കു സന്താനപ്രാപ്തിക്കായും ഇതിനെ മാലകളായും കഴുത്തിൽ കെട്ടിവരുന്നു. നമ്മുടെ ദേശത്തുള്ള ചില സ്ത്രീകൾ ഇതിനെ ആഭരണമായി ഉപയോഗപ്പെടുത്തുന്നതായും കാണുന്നുണ്ടു്. വർഷം തോറും രണ്ടു കോടി രൂപയ്ക്കുമേൽ പവിഴവ്യാപാരം നടക്കുന്നതായി കാണുന്നു. ഏറ്റവും നല്ലതായ ഓരോ പവിഴത്തിന് 100 രൂപാ മുതൽ 300 രൂപാ വരെ വിലയുണ്ടായിരിക്കും.

# 11

## പരിശിഷ്ടം ഒന്ന്: ചിഹ്നനം

ചിഹ്നനം എന്നത് ഉപവാക്യങ്ങളുടേയും വാചകങ്ങളുടേയും അംഗാംഗിഭാവത്തെ വിശദപ്പെടുത്താൻ വേണ്ടി ചില ചിഹ്നങ്ങളെ ഉപയോഗിക്കുകയാകുന്നു. രണ്ടു പുരയിടങ്ങളുടെ അതിർത്തിയിൽ നിൽക്കുന്ന വൃക്ഷങ്ങൾ ആ വശത്തു ചേരുന്നുവെന്നും, ഈ വശത്തു ചേരുന്നുവെന്നും കുടിയാനവന്മാർക്കു വാദം വരുമ്പോൾ കണ്ടെഴുത്തുകാർ തീരുമാനപ്പെടുത്തുന്നതിനുവേണ്ടി ഡിമാർക്കേഷൻ ചെയ്യുമ്പോലെ വൈയാകരണന്മാർ അങ്ങോട്ടുമിങ്ങോട്ടുമന്വയിക്കാവുന്ന വാചകങ്ങളെ ഇന്നതിൽ ചേരേണ്ടതെന്നു വ്യവസ്ഥപ്പെടുത്താൻ വേണ്ടി ചിഹ്നനം ചെയ്യുന്നു. ഒറ്റപ്പദങ്ങളിൽ രൂപഭേദം കൊണ്ടുളവാകുന്ന പ്രയോജനം വാക്യങ്ങളിലും വാചകങ്ങളിലും ചിഹ്നംകൊണ്ടുളവാകുന്നു എന്നു പറയാം. ഇങ്ങനെ അടയാളങ്ങളെ ഉപയോഗിച്ച് അന്വയത്തിൽ സന്ദേഹത്തിന് ഇടകൊടുക്കാതെ സൂക്ഷിക്കുക എന്ന സമ്പ്രദായം ഇംഗ്ലീഷിൽനിന്നും നാം ഗ്രഹിച്ചിട്ടുള്ള ഒരുപായമാകുന്നു. ഭാഷയിൽ ഇതേവരെ ഇതു നടപ്പായിക്കഴിഞ്ഞിട്ടില്ല. സംഹിതയുടെ അന്യാദൃശമായ ദാർഢ്യം നിമിത്തം സംസ്കൃതത്തിൽ ചിഹ്നം ഏർപ്പെടുത്തുന്നതിനു വളരെ അസൌകര്യങ്ങളുണ്ട്; എങ്കിലും ബോംബെയിലും മറ്റും അച്ചിട്ട സംസ്കൃതപുസ്തകങ്ങളിൽ ഈയിടെ ചിഹ്നനസമ്പ്രദായം ഉപയോഗിച്ചുകാണുന്നുണ്ട്. ഭാഷയിൽ ഏറെ സൌകര്യക്കുറവുകൂടാതെ അടയാളങ്ങളെ ഉപയോഗിക്കാവുന്നതിനാൽ അച്ചുക്കൂടക്കാർ ഇനിയെങ്കിലും ഈ വിഷയത്തിൽ ദൃഷ്ടിവയ്ക്കേണ്ടതാണ്. ചിഹ്നങ്ങളാവിതു:

1. അംകുശം (,): ഇതു ഒരു അല്പമായ നിറുത്തലിനെ കുറിക്കുന്നു. വായിക്കുന്ന സമയം ഒരു തോട്ടിയിട്ട് ഒടക്കിയാലെന്നപോലെ നിരർഗ്ഗളമായി പായുന്ന സ്വരം ഒന്നു തടയണം എന്നു ഈ ചിഹ്നം കൊണ്ടു കാണിക്കുന്നു.
2. ബിന്ദു (.): നിശ്ശേഷമായി നിറുത്തേണ്ടുന്ന ദിക്കിലാണ് ഇതിനെ ഉപയോഗിക്കേണ്ടുന്നത്. എല്ലാ പ്രധാനവാക്യങ്ങളുടേയും അവസാനത്തിൽ ഈ അടയാളം ഇടണം.
3. രോധിനി (;): ഇതിനെ അർദ്ധവിരാമങ്ങളിൽ ഉപയോഗിക്കണം. മഹാവാക്യങ്ങ

ളിലുള്ള ഉപവാക്യങ്ങളെ വേർതിരിക്കയും മറ്റുമാണ് ഇതിന്റെ കൃത്യം.

4. ഭിത്തിക (:): ഇത് ഒരു ഇടഭിത്തിപോലെ സമനിലയിലുള്ള രണ്ടു ഭാഗങ്ങളെ വേർപെടുത്തുന്നു.
5. വലയം ( ): ഇത് ഒരു വാക്യത്തേയോ വാചകത്തേയോ പദത്തേയോ മറ്റൊന്നിന്റെ മദ്ധ്യേ അതിനോടു വ്യാകരണസമ്മതമായ സംബന്ധം കൂടാതെ ചേർക്കുന്നു. ഇതിനകത്തുവരുന്ന ഭാഗത്തിനു ഗർഭവാക്യം എന്നു പേർ ചെയ്യാം.
6. കോഷ്ഠം [ ]: ഇത് വലയം പോലെ തന്നെ. ഗർഭവാക്യത്തിനകത്തു വേറെ ഗ്രഭവാക്യം വരുന്ന ദിക്കിലും മറ്റും ഉപയോഗം.
7. ഉദ്ധരണി (“ ”): ഇത് ഗ്രന്ഥകർത്താവിന്റെ വാക്കുകളിൽനിന്നു വേറെയുള്ളവരുടെ വാക്കുകളെ തിരിച്ചുകാണിക്കുന്നു. ഇതിനെ ഒറ്റയായിട്ടും ‘ ’ ഉപയോഗിക്കാം.
8. കാകു (?): ഇത് ചോദ്യത്തെ കാണിക്കുന്നു.
9. വിക്ഷേപണി (!) ഇതു് വിസ്മയം മുതലായ ചിത്തവിക്ഷേപങ്ങളെ സൂചിപ്പിക്കുന്നു. വ്യാക്ഷേപങ്ങളുടേയും സംബോധനയുടേയും പിന്നിൽ ഇതു ശോഭിക്കും.
10. ശൃംഖല (-): ഇതു് ഒരു പദത്തെ രണ്ടുവരികളായി മുറിച്ച് എഴുതേണ്ടിവന്നാൽ ഒന്നാംവരിയുടെ ഒടുവിൽ ചെയ്യേണ്ടത്. ഒരു ചങ്ങലയിട്ടു പൂട്ടിയപോലെ പദത്തിന്റെ രണ്ടു ഭാഗങ്ങളേയും ഇതു തുടർക്കുന്നു. സമാസമധ്യത്തിലും മറ്റും ഇതിനെ ഉപയോഗിക്കാം.
11. രേഖ (—): സംക്ഷേപിച്ചുപറഞ്ഞതിനെ വിവരിക്കുന്നു എന്നും മറ്റും ഇതു കുറിക്കുന്നു.
12. വിശ്ലേഷം (`): ഇതു് ഒരംകുശം തന്നെ. വരിയുടെ മുകളിൽ ചേർക്കേണ്ടത്. ഇതു് നിൽക്കുന്നതിന്റെ മുൻപും പിൻപും ചില അക്ഷരങ്ങൾ ലോപിച്ചുപോയിട്ടുണ്ട്. അതിനാൽ വാസ്തവത്തിൽ ഇവയ്ക്കു ചേരുവ ഇല്ലെന്നു വേർപാടിനെ സൂചിപ്പിക്കുന്നു.

    ഉദാ: നല്ലോ`ണം = നല്ലവണ്ണം. കേട്ടോ`ളൂ = കേട്ടുകൊള്ളൂ – ഇത്യാദി.
13. പ്രശ്ലേഷം. ഇതു് സംസ്കൃതത്തിലെ ചിഹ്നമാകുന്നു. എ, ഒ, ഇത്യാദികളെ അധികം നീട്ടണമെന്നു കാണിക്കുന്നു.

# 12

## പരിശിഷ്ടം രണ്ട്: A Glossary of Equivalents

അങ്കുശം Comma
അന്വാഖ്യാനം Indirect Speech
അലസം Dull
ആഖ്യാനം Narrative
ആഭ്യന്തരം Native word
ആസൂത്രണം Plan or outline
ഇതിവൃത്തം Plot
ഉജ്ജ്വലം Brilliant
ഉദ്ധതം Pedantic
ഉദ്ധരണി Quotation
ഉപന്യാസം Essay
ഉപപാദനം Argument
ഉപാഖ്യാനം Legend
ഊർജ്ജസ്സ് Force
ഊർജ്ജസ്വലം Energetic
ഏകാഗ്രത Unity
ഔദ്ധത്യപരിഹാരം Avoiding self assertion
കഠിനം Difficult

കർക്കശം Harsh

കലുഷം Cloudy

കാകു Interrogation Point

കോമളം Euphonic

കോഷ്ഠം Square Bracket

ക്ലിഷ്ടം Rugged

ഖണ്ഡനം Adverse criticism

ഖണ്ഡിക Paragraph

ഗംഭീരം Sublime

ഗാഢം Periodic

ചിഹ്നനം Punctuation

ചൂർണ്ണിക Simple sentence

തദ്ഭവം A mutilated foreign word

തത്സമം An unmutilated foreign word

ദീപ്രം Florid

ദുർബലം Weak

ദേശ്യം Provincialism

ധാത്രീകഥകൾ Nursery tales

ധാരാവാഹി Flowing

നിരൂപണം Criticism

നീതികഥകൾ Moral tales

പരകീയം Borrowed

പരാവർത്തനം Paraphrase

പരിണാമഗുപ്തി Suspension

പരിവാഹി Diffuse

പരുഷം Harsh

പുരുഷദ്വേഷം Personal hatred

പൌനരുക്ത്യം Redundancy

പ്രചാരലുപ്തം Obsolete

പ്രതിപക്ഷബഹുമാനം Respect to the opponent
പ്രസന്നം Lucid
പ്രൌഢം Dignified
ബന്ധം Structure
ബലം Force
ബാലിശം Childish
ബാഹ്യം A naturalised foriegn word
ബിന്ദു Full stop
ഭിത്തിക colon
മണ്ഡനം Favourable Criticism
മധുരം Chaste and sweet
മർമ്മം Point of a story
മഹാവാക്യം Componud sentence
മിതം Brief
യക്ഷികഥകൾ Fables
യുക്തിപ്രദർശനം Framing a hypothesis
രീതി Style
രേഖ Dash
രോധിനി Semi - colon
ലക്ഷണം (നിർവ്വചനം) Defenition
ലളിതം Easy
വകുപ്പ് Section
വക്രം Crooked or artificial
വക്രത Circumlocution
വർണ്ണനം Description
വലയം Bracket
വസ്തുവിവരണം Argument of fact
വാദം Theory
വിക്ഷേപിണി Exclamation point

വിവരണം Explanation
വിശ്ലേഷം Apostrophe
വിഷയവിശകലനം Arrangement of topics
വൃഥാസ്ഥൂലം Bombastic
വ്യവഹാരചര്യാ Argument of policy
ശാലീനം Simple
ശിഥിലം Loose
ശുഷ്കം Dry
ശൃഖല Hyphen
ശൈലി Idiom
സംരംഭത്യാഗം Self - control
സങ്കീർണ്ണകം Complex sentence
സന്ധാനം Coherence
സരസം Interesting
സരളം Straight forward or direct
സാക്ഷാത്സംഭാഷണം Direct speech
സാജാത്യം Balance
സാരം, സദുപദേശം Moral
സാഹിത്യം Composition
സിദ്ധാന്തകരണം Theorisation
സൂത്രവാക്യം Key – sentence
സൌമ്യം Elegent
സ്ഥാപനം Argument of a theory or principle
സ്വപ്രത്യയസ്ഥൈര്യം Courage of conviction

# 13

## പരിശിഷ്ടം മൂന്ന്: ഉപന്യാസവിഷയങ്ങൾ

### 1. വിവരണത്തിന്:

1. കാക്ക
2. ആട്ടിൻകൂട്ടം
3. എറുമ്പുകൾ
4. തേനീച്ചകൾ
5. കൊതുക്
6. പശു
7. സംസാരിക്കുന്ന പക്ഷികൾ
8. പാടുന്ന പക്ഷികൾ
9. മത്സ്യങ്ങൾ
10. ചിലന്നി (ന്തി)
11. വിഷമുള്ള ജന്തുക്കൾ
12. കടുവാ
13. തെങ്ങ്
14. മാവ്
15. ഏത്തവാഴ
16. പന
17. കാപ്പിച്ചെടി

18. നാരകം
19. പിച്ചകം
20. ചമ്പകം
21. റോസ
22. കരിമ്പ്
23. നെല്ല്
24. കർപ്പൂരം
25. കുമ്മായം
26. ചെളി
27. ചെമ്പ്
28. വജ്രം
29. ഇരുമ്പ്
30. ചെങ്കല്ല്
31. പുസ്തകം ബയണ്ടുചെയ്ക
32. ഇഷ്ടിക ഉണ്ടാക്കുന്നത്
33. മെഴുകുതിരി
34. പാ നെയ്ത്ത്
35. ഗവ്യങ്ങൾ (പാൽ, വെണ്ണ, തൈര് തുടങ്ങിയവ)
36. ചട്ടിയും കലങ്ങളും മറ്റുമുണ്ടാക്കുന്നത്
37. കയറുണ്ടാക്കൽ
38. മധുരപലഹാരങ്ങൾ
39. വള്ളംകളി
40. പന്തുകളി
41. ഗുസ്തി
42. ചീട്ടുകളി
43. വല്ല ചരിത്രങ്ങളും സംബന്ധിച്ച നഷ്ടശിഷ്ടങ്ങൾ
44. മലയരയന്മാർ
45. ഇൻഡ്യ – ഒരു ചെറിയ വിവരണം
46. ഇൻഡ്യാരാജ്യഭരണം

47. മണികൾ
48. മഷി
49. അറേബിയൻ കടൽക്കര
50. കഴിഞ്ഞ രജതജ്ജൂബിലി
51. കേരളബ്രാഹ്മണർ
52. തിരുവിതാംകോട്ടേ പണ്ടത്തെ തലസ്ഥാനം
53. തിരുവനന്തപുരം ആറാട്ട്
54. തൃശ്ശിവപേരൂർ പൂരം
55. ആലുവാപ്പുഴ
56. വർഷകാലം
57. തീപ്പെട്ടി
58. ഇൻഡ്യയിലെ പ്രധാന ജാതികൾ
59. അഗ്നിപർവ്വതങ്ങൾ
60. ദേവാലയങ്ങൾ
61. വർക്കലത്തുരപ്പ്
62. കുറ്റാലത്തരുവി
63. മഹാസമുദ്രങ്ങൾ
64. ഭാഷാപോഷിണിസഭ
65. വള്ളങ്ങൾ
66. നാണയങ്ങൾ
67. നാട്ടുകാരുടെ വസ്ത്രധാരണം
68. അഞ്ചലോട്ടക്കാരൻ
69. നാഴികമണി
70. വേമ്പനാട്ടുകായൽ
71. കോതയാറണ
72. പുനലൂർപാലം
73. കടലാസ്

## 2. ആഖ്യാനത്തിന്:

1. തുഞ്ചത്തെഴുത്തച്ഛൻ
2. കുഞ്ചൻ നമ്പ്യാർ
3. കണ്ണശ്ശപ്പണിക്കർ
4. ചെറുശ്ശേരി
5. കാളിദാസൻ
6. ചന്തുമേനോൻ
7. ചാത്തുക്കുട്ടിമന്നാടിയാർ
8. കുട്ടിക്കുഞ്ഞുതങ്കച്ചി
9. ആയില്യം തിരുനാൾ മഹാരാജാവ് – സംഗീതവിദ്വാൻ
10. മാവേലിക്കര കുഞ്ഞാലിരാജാവ് – സംഗീതവിദ്വാൻ
11. ചിത്രമെഴുത്തു രവിവർമ്മ കോയിത്തമ്പുരാൻ
12. ജി. പരമേശ്വരൻ പിള്ള
13. അക്ബർ
14. സർ. വിശാഖരാമവർമ്മ മഹാരാജാവ്
15. അലക്സാണ്ഡർ മഹാൻ
16. രാമയ്യൻ ദളവ
17. ആദിശങ്കരാചാര്യർ
18. ശിവാജി
19. ടിപ്പു
20. രാജാകേശവദാസൻ
21. കൊച്ചി ശക്തൻ തമ്പുരാൻ
22. എട്ടുവീട്ടിൽ പിള്ളമാർ
23. ടിപ്പുവിന്റെ പടയോട്ടം
24. വേലുത്തമ്പിദളവയുടെ മരണം
25. കൽക്കട്ടായിലെ ഇരുട്ടറവധം
26. കൊച്ചിയും തിരുവിതാംകൂറും തമ്മിലുള്ള ഇരിപ്പ്
27. നായർപട്ടാളം

## 3. വിവരണത്തിന് :

1. പ്രജാസഭ
2. മലയാളഭാഷയിലെ പ്രാചീനഗദ്യം
3. കേരളത്തിന്റെ ഉൽപ്പത്തി
4. മൃഗസംരക്ഷണം
5. മഴ
6. മഞ്ഞു്
7. വെളിച്ചം
8. ഗ്രഹണം
9. ധൂമകേതുക്കൾ
10. വർത്തമാനപ്പത്രങ്ങൾ
11. തോടുകളും തുരങ്കങ്ങളും
12. ധ്രുവപ്രദേശങ്ങൾ
13. അഞ്ചൽ ഏർപ്പാട്
14. തീവണ്ടി
15. കാലാൾസൈന്യം
16. ഈ രാജ്യവിദ്യാഭ്യാസരീതി
17. പെൺപള്ളിക്കൂടങ്ങൾ
18. പുഷ്പങ്ങൾകൊണ്ടുള്ള ഉപയോഗങ്ങൾ
19. ആരോഗ്യം
20. ശുദ്ധവായു
21. മധ്യരേഖയിലെ ശീതോഷ്ണങ്ങൾ

## 4. നിരൂപണത്തിനും മറ്റും:

1. പ്രാണിസിംഹാസനം
2. മാതാപിതാക്കന്മാരോടുള്ള അനുസരണം
3. പ്രദർശനങ്ങൾ
4. വ്യവസായമത്സരം
5. ‘ഐകമത്യം മഹാബലം’

6. ‘മടിയൻ മല ചുമക്കും‘
7. ‘പണമില്ലാത്തവൻ പിണം’
8. ‘മിന്നുന്നതെല്ലാം പൊന്നല്ല’
9. പള്ളിക്കൂടത്തിലെ കായികാഭ്യാസങ്ങൾ കൊണ്ടുള്ള ഗുണങ്ങൾ
10. നഗരവാസവും ഗ്രാമവാസവും
11. ദേശസഞ്ചാരം
12. കരം അഥവാ നികുതി
13. ചരിത്രം എന്തിനായി നാം പഠിക്കുന്നു?
14. ധൈര്യം
15. വിദ്യാഭ്യാസം
16. മര്യാദ
17. പുസ്തകങ്ങൾ
18. അച്ചടി
19. നാടകശാല
20. പഴങ്കഥകൾ
21. ഔദാര്യം
22. സ്വദേശസ്നേഹം
23. ഓർമ്മ
24. മനോധർമ്മം
25. കവിത
26. പുരാണങ്ങൾ
27. സംഗീതം
28. കൊത്തുപണി
29. ആശുപത്രികൾ
30. ഭാഗ്യച്ചിട്ടികൾക്കുള്ള ദോഷങ്ങൾ
31. നല്ല സ്നേഹിതന്മാർ
32. നാഗരികത്വംകൊണ്ടുള്ള ദോഷങ്ങൾ
33. പൂർവ്വികഭക്തി
34. അഹങ്കാരം

35. ഉൽക്കർഷേച്ഛ
36. ഒഴിവുദിവസങ്ങൾ
37. അദ്ധ്യാപകന്റെ ജീവിതം
38. ആദായം പലവഴിയുള്ളത്
39. എനിക്കു ധനം എന്തുചെയ്യാനാണ്?

## 5. ഉപപാദനത്തിനു്:

1. വിദ്യാഭ്യാസം വെറുതെ കൊടുക്കാമോ?
2. സ്ത്രീകൾക്കു പുരുഷന്മാരോളം സ്വാതന്ത്ര്യം കൊടുക്കാമോ?
3. ജാതിവ്യത്യാസം ഇൻഡ്യയ്ക്കു ഗുണമോ ദോഷമോ?
4. നോവൽ വായിക്കുന്നതു നന്നോ?
5. തീവണ്ടികൊണ്ടു നമുക്കുണ്ടായിട്ടുള്ള മാറ്റങ്ങൾ
6. ധനമോ വിദ്യയോ ശ്ലാഘ്യതരം?
7. ആര്യന്മാരുടെ പ്രവേശം കേരളത്തിനു ഗുണകരമോ?
8. എഴുത്തോ അച്ചടിയോ വലിയ കണ്ടുപിടിത്തം?
9. വ്യാജം പറയുന്നതു് എപ്പോഴെങ്കിലും ന്യായമാണോ?
10. ഛായാഗ്രാഹിയന്ത്രമോ സ്വനഗ്രാഹിയന്ത്രമോ അധികം പ്രയോജനകരം?
11. യുദ്ധങ്ങൾ നടക്കുന്നതിനു് ലോകർ സമ്മതിക്കുമോ?
12. വധശിക്ഷ നിറുത്തുന്നതിൽ ദോഷമുണ്ടോ?
13. അച്ചുകുത്തുന്ന സമ്പ്രദായം ചിലർക്കു വേണ്ടെന്നു വെക്കാമോ?
14. ആവിയന്ത്രങ്ങൾകൊണ്ടു പട്ടണങ്ങൾക്കുള്ള ഗുണദോഷങ്ങൾ
15. പള്ളിക്കൂടങ്ങളിൽ വിദ്യാർത്ഥികളെ ഉപദേശിച്ചു നന്നാക്കുന്നതോടുകൂടി അടിക്കാൻ പാടുണ്ടോ?
16. ഒരു വിദ്യാർത്ഥിക്കു നാടകം കാണാമോ?
17. അടുത്തൂൺ കൊടുക്കുന്നതു് ആവശ്യമല്ലേ?
18. ഹിന്ദുക്കളുടെ ഇടയിൽ പരക്കെ വിധവാവിവാഹം ഏർപ്പെടുത്തിയാലെന്ത്?
19. പാവപ്പെട്ടവരുടെ കുട്ടികളെ സർക്കാരിൽനിന്നും പഠിപ്പിക്കണോ?
20. ആൺകുട്ടികളേയും പെൺകുട്ടികളേയും ഒന്നിച്ചിരുത്തി പഠിപ്പിക്ക നന്നോ?
21. ജന്മികൾക്കു കുടിയാന്മാരുടെ മേൽ ഇപ്പോഴുള്ള അധികാരം യുക്തമാണോ?

22. ജനപ്രതിനിധിരാജ്യഭാരമോ രാജകീയഭരണമോ നന്ന്?
23. പണ്ടത്തേയോ ഇപ്പോഴത്തേയോ വിദ്യാഭ്യാസരീതി നല്ലതു്?
24. പരദേശികൾ നമ്മുടെ നാട്ടിൽ താമസിക്കുന്നതിന് സർക്കാർ സഹായിക്കണോ?
25. തീവണ്ടിയോ തീക്കപ്പലോ അപകടം കുറഞ്ഞത്?
26. യഥാർത്ഥസുഖം അനുഭവിക്കുന്നതു ദരിദ്രനോ ധനവാനോ?
27. നാസ്തികനോ ആസ്തികനോ ലോകജീവിതം സുകരമായിട്ടുള്ളത്?
28. കടലോ നദിയോ നമുക്കധികം പ്രയോജനകരം?
29. ഓലയിൽ എഴുതുന്നതോ കടലാസിൽ എഴുതുന്നതോ ഗുണകരം?

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA